# എന്റെ കേരളം

## ചരിത്രപാതകൾ
## പുതുവഴികൾ



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



# ആമുഖം

അറിവിന്റെ ഉത്സവത്തിനാണ് കേരളം ഒരുങ്ങുന്നത്. അറിവുകളുടെ മാറ്ററയ്ക്കലും കൈമാറ്റവുമാണ് വിദ്യാർഥികൾക്കായുള്ള "എന്റെ കേരളം-ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി മെഗാ ക്വിസ്" കൊണ്ടുദ്ദേശിക്കുന്നത്. ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കുവേണ്ടി വിവിധ തലങ്ങളിൽ നടത്തുന്ന ക്വിസ് മത്സരത്തിന് തയ്യാറെടുക്കുന്നതിനായാണ് ഈ പുസ്തകം. ഇത് കേരളം കടന്നുവന്ന വഴികളെയും വികസനപാതയിൽ സ്വീകരിച്ച നല്ല മാതൃകകളെയും പരിചയപ്പെടുത്തും. നവകേരളം എന്ന ആശയത്തിന് കരുത്തുപകർന്ന നടപടികളെയും പദ്ധതികളെയും കുറിച്ച് അറിവ് പകരും. വിദ്യാർഥികൾക്കു മാത്രമല്ല, കേരളത്തെക്കുറിച്ച് അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്നതാവും ഈ പുസ്തകം.

കേരളം പിന്നിട്ട വഴികൾ, സ്വീകരിച്ച ചരിത്രപരമായ നടപടികൾ, പ്രതിസന്ധികൾ തരണംചെയ്ത രീതികൾ, നവകേരളത്തിലേക്കുള്ള കുതിപ്പ്, ലഭിച്ച അംഗീകാരങ്ങൾ/നേട്ടങ്ങൾ എന്നിവയെക്കുറിച്ചെല്ലാമുള്ള അറിവുകൾ ഈ പേജുകളിൽ ഒതുക്കുക അസാധ്യമാണെങ്കിലും പ്രധാനവിവരങ്ങളിലേക്ക് സൂചന ലഭിക്കാൻ ഈ പുസ്തകം ഉപകരിക്കും. കൂടുതൽ വായനയ്ക്കും അന്വേഷണങ്ങൾക്കും ഇത് പ്രോത്സാഹനമാകുമെന്ന് പ്രതീക്ഷിക്കുന്നു. അറിവിന്റെ പാതയിൽ മുന്നേറുന്ന പുതുതലമുറയ്ക്ക് ഈ പുസ്തകം സമർപ്പിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

**ടി. വി. സുഭാഷ് ഐ. എ. എസ്**
എഡിറ്റർ


**എഡിറ്റർ:** ടി. വി. സുഭാഷ് ഐ. എ. എസ്
**അഡീഷണൽ എഡിറ്റർ:** കെ. ജി. സന്തോഷ്
**ഡെപ്യൂട്ടി എഡിറ്റർ:** നാഫിഹ് എം
**എഡിറ്റർ-ഇൻ-ചാർജ്:** കെ. എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ:** ഡെസ്നി സുൽഫ്
**സർക്കുലേഷൻ ഓഫീസർ:** മെർലിൻ ജെ. എൻ
**കവർ പെയിന്റിങ്ങ്: മുരളി നാഗപ്പുഴ**
**കവർ & ലേഔട്ട്:** രതീഷ് കുമാർ (ഡിജിക്രോ)
**ടൈപ്പ് സെറ്റിങ്ങ്:** വിനിത വി. എസ്
സൗജന്യ വിതരണത്തിന്
ജനുവരി 2026

# ഉള്ളടക്കം


നവകേരളസൃഷ്ടിയും
ഭാവിപൗരരും
**പിണറായി വിജയൻ** .................. 6

രണ്ടാം
ഭൂപരിഷ്കരണത്തിലേക്ക്
**കെ.രാജൻ** ..........................10

ജലബജറ്റിങ്ങിന്റെ
കേരളമാതൃക
**റോഷി അഗസ്റ്റിൻ** ....................12

ഇരുളകന്ന കേരളം
**കെ.കൃഷ്ണൻകുട്ടി** ....................14

ജാഗ്രതയോടെ
കാവലാളുകൾ
**എ. കെ. ശശീന്ദ്രൻ** ....................18

കാലത്തിനൊപ്പം മുന്നേറ്റം
**രാമചന്ദ്രൻ കടന്നപ്പള്ളി** ................22

പുരോഗതിയുടെ പാത
**കെ.ബി ഗണേഷ്കുമാർ** ................ 24

കൃഷിഭൂമി കർഷകനു
നൽകിയ ഭൂപരിഷ്കരണം
**ഡോ. ടി.എം. തോമസ് ഐസക്** ........ 26

ചരിത്രനേട്ടത്തിലേക്ക്
ഒരു ചുവട്
**എം. ബി രാജേഷ്** ......................32

മലയാളസിനിമയും
നവകേരള രൂപവൽക്കരണവും
**മോഹൻലാൽ** ........................ 36

സാഹിത്യകേരളം
**എം. മുകുന്ദൻ** ........................ 40

ഇന്ത്യൻ ഭരണഘടനയും
ഫെഡറലിസവും
**പി ഡി ടി ആചാരി** .................... 42

ശാസ്ത്രസാങ്കേതികരംഗം
നേട്ടങ്ങളും സാധ്യതകളും
**ഡോ. സോമനാഥ് എസ്.** ................ 48

ജനപക്ഷ
സിവിൽ സർവീസ്
**കെ. ജയകുമാർ** ...................... 52

നവകേരളത്തിനായി
ജനകീയാസൂത്രണം
**ഡോ. ജോയ് ഇളമൺ** .................. 55

കുടുംബശ്രീ
സമാനതകളില്ലാത്ത മാതൃക
**ശാരദ മുരളീധരൻ** .................. 58

ജനമൈത്രിയിലൂടെ
ജനസുരക്ഷ
**ജേക്കബ് പുന്നൂസ് ഐ. പി. എസ് (റിട്ട.)**.. 62

ഹരിതകേരളം മിഷൻ
സുസ്ഥിര പ്രകൃതിസൗഹൃദ വികസനം
**ഡോ. ടി. എൻ സീമ** .................. 65

കേരളത്തിന്റെ
പൊതുജനാരോഗ്യരംഗം
നവമാതൃകകൾ
**ഡോ. ടി. എസ് അനീഷ്** ................74

പബ്ലിക് സർവീസ് കമ്മിഷൻ
ഒരു കേരള മാതൃക
**ഡോ.എം. ആർ ബൈജു** .............. 80

മാറുന്ന പരിസ്ഥിതി
**മുരളി തുമ്മാരുകുടി** .................. 84


കേരളത്തിന്റെ
സൗഹൃദഭൂമിക
**ഡോ. കെ. ടി.ജലീൽ** .................. 88

പട്ടികജാതി പട്ടികവർഗ
വിഭാഗങ്ങളുടെ വികസനം
**ജെ. ജോസ്ഫൈൻ** .................. 90

സഹകരണപ്രസ്ഥാനവും
ബഹുജനമുന്നേറ്റവും
**ഗോപി കോട്ടമുറിക്കൽ** ................ 96

വിദ്യാഭ്യാസവും കേരളത്തിന്റെ
ആധുനികവൽക്കരണവും
**പ്രൊഫ. വി. കാർത്തികേയൻ നായർ**... 98





എന്താണ് പുതിയ
ഉന്നതവിദ്യാഭ്യാസനയം ?
**രാജൻ ഗുരുക്കൾ** ....................104

കേരളത്തിന്റെ
ആഗോളകുടുംബം
**ഡോ. ആസാദ് മൂപ്പൻ** ....................108

പ്രവാസത്തിന്
കരുതൽ
**സി. എസ്. അഖിൽ**....................111

സ്ത്രീപക്ഷനവകേരളം
**ആർ. പാർവതി ദേവി** .................... 113

കേരളത്തിലെ
സാക്ഷരതയുടെ ചരിത്രം
**ഡോ.എ. ജി. ഒലീന**.................... 116

വ്യവസായ
സൗഹൃദകേരളം
**എസ്. ഹരികിഷോർ ഐ. എ. എസ്** .....120

നവകേരളത്തിന്റെ
പുതുവഴികൾ
**ഡോ.കെ. രവിരാമൻ** ....................124

പൊതുവിതരണസമ്പ്രദായം
നാൾവഴികൾ
**ഡോ. ജിനു സഖറിയ ഉമ്മൻ** ..............128

സുരക്ഷിതജീവിതത്തിന്റെ
കേരളമാതൃക
**യു. വി. ജോസ് ഐ.എ.എസ് (റിട്ട.)**.......132

ജനഹൃദയങ്ങളിലേക്ക്
ഒരു യാത്ര
**ഡോ. പ്രമോജ് ശങ്കർ** ....................136

കൈറ്റ്
പൊതുവിദ്യാഭ്യാസത്തിന്റെ
ഡിജിറ്റൽ ചിറക്
**കെ. അൻവർ സാദത്ത്**....................140

വികസനമുന്നേറ്റത്തിന്റെ
അനുപമ കേരളപാഠങ്ങൾ
**സന്തോഷ് ടി വർഗീസ്**....................143

സ്റ്റുഡന്റ് പോലീസ് കേഡറ്റ്
ഭാവിയെ രൂപപ്പെടുത്തുന്ന
പദ്ധതികൾ
**അജീതബീഗം ഐപിഎസ്**....................148

ദുരന്തങ്ങൾ,
അതിജീവനം
**ഡോ. ശേഖർ എൽ. കുര്യാക്കോസ്**...... 151

കേരളത്തെ
കോർത്തിണക്കാൻ
**ഡോ. സന്തോഷ് ബാബു**
**ഐ. എ. എസ് (റിട്ട.)**....................160

ഗ്രാമവീഥിയിലെ
വഴിവിളക്കുകൾ
**വി. കെ മധു**....................162

സാമൂഹിക-സാമ്പത്തിക
വികസന സൂചികകൾ
**ഡോ. ജിജു പി. അലക്സ്**....................166

സമഗ്രവികസനത്തിന്റെ
തീരദേശം
**ചെൽസാ സിനി വി. ഐ. എ. എസ്**..... 171

മാലിന്യമുക്ത
നവകേരളം
**ടി. വി. അനുപമ ഐ.എ.എസ്** ..........174

സ്ഥിതിവിവര
കണക്കുകളുടെ
കഥ പറയുമ്പോൾ
**ജി. എസ് രജത്ത്** ....................178

വിജ്ഞാനകേരളം
**ജി. എസ്. പ്രദീപ്**....................182

മുന്നേനടക്കുന്ന
സിനിമാലോകം
**കമൽ** ....................184

കായികകേരളം
കുതിപ്പിന്റെ ട്രാക്കിൽ
**ഐ. എം വിജയൻ** ....................187

പുരസ്കാരത്തിളക്കം....................190




# നവകേരളസൃഷ്ടിയും ഭാവിപൗരരും

പിണറായി വിജയൻ
മുഖ്യമന്ത്രി

നവകേരളം എന്ന പുതിയ ലക്ഷ്യത്തോടുകൂടിയാണ് നമ്മുടെ വികസന-ക്ഷേമപദ്ധതികൾ സർക്കാർ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇതിനകം വിവിധ മേഖലകളിൽ നാം നേടിയിട്ടുള്ള മുന്നേറ്റങ്ങൾ കേരളത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുന്നതിനു സഹായകമായിട്ടുണ്ട്. രാഷ്ട്രീയ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിന്റെ ഫലമായാണ് ഭരണസംവിധാനം തങ്ങളിലേക്ക് ഇത് എത്തിച്ചതെന്ന ബോധ്യത്തിലേക്ക് നമ്മുടെ പുതുതലമുറയെ ഉണർത്തേണ്ടതുണ്ട്. മറ്റൊരു സംസ്ഥാനത്തിനും ലഭിക്കാത്ത ആനുകൂല്യങ്ങളാണ് ഇവയെന്നും, ഇത് സാധ്യമായത്



**കേരളസമൂഹത്തെ വിജ്ഞാനസമൂഹമായും നമ്മുടെ സമ്പദ്ഘടനയെ വിജ്ഞാന സമ്പദ്ഘടനയായും സമസ്തരംഗങ്ങളിലും വികസിതമായ നാടായും പരിവർത്തിപ്പിക്കുന്നതിനുള്ള കേരളസർക്കാരിന്റെ ശ്രമങ്ങൾ ലക്ഷ്യത്തിലേക്ക് എത്തുകയാണ്**



സവിശേഷമായ പുരോഗമന രാഷ്ട്രീയത്തിന്റെ മുൻകൈ കൊണ്ടാണ് എന്നും മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. അങ്ങനെ മാത്രമേ ക്ഷേമ - വികസനകാര്യങ്ങൾ തുടരാൻ എന്താണ് ചെയ്യേണ്ടത് എന്ന കാര്യത്തെ സംബന്ധിച്ച വ്യക്തമായ ഒരു ചിത്രം അവർക്കു ലഭിക്കൂ. അതിലൂടെയേ നവകേരളസൃഷ്ടിക്ക്, ഭാവിപൗരർ എന്ന നിലയിൽ അവർക്ക് കാര്യക്ഷമമായ സംഭാവന നൽകാൻ കഴിയൂ.

1956 ലാണ് ഭാഷാ സംസ്ഥാന രൂപവൽക്കരണത്തിന്റെ ഭാഗമായി ഐക്യകേരളം രൂപംകൊണ്ടത്. ജാതി - ജന്മി - നാടുവാഴിവ്യവസ്ഥയുടെ പിടിയിൽ ദുരിതപൂർണ്ണമായ ജീവിതം നയിച്ചവരായിരുന്നു അന്ന് മഹാഭൂരിപക്ഷം കേരളീയരും. അതിൽനിന്നും രാജ്യത്തെ ഉയർന്ന ജീവിതനിലവാരമുള്ള, മതനിരപേക്ഷതയുള്ള, വിദ്യാസമ്പന്നതയുള്ള ജനതയുടെ നാടാക്കി മാറ്റിയെടുത്ത മുന്നേറ്റമാണ് 'കേരള മോഡൽ' എന്ന പേരിൽ അറിയപ്പെട്ടത്. അതാകട്ടെ ഇന്നും ലോകത്തിന്റെ പഠനവിഷയമാണ്. കേരളത്തിന്റെ മാതൃക പക്ഷെ അവിടെ അവസാനിക്കുന്നില്ല. പുതിയ കാലത്തിന്റെ, പുതിയ ലോകത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായ വിധത്തിൽ നാം നമ്മളെത്തന്നെ നവീകരിച്ചുകൊണ്ട് പുതിയ പുതിയ മാതൃകകളുണ്ടാക്കുകയാണ്. ആ ശൃംഖലയിലെ അടുത്ത കണ്ണിയാണ് നവകേരളനിർമ്മിതി.

ഇവിടെയുണ്ടായ മാറ്റങ്ങൾക്ക് അടിത്തറപാകിയത് കേരളത്തിലെ ഒന്നാമത്തെ സർക്കാരാണ്. ഇ. എം. എസ്. നേതൃത്വം കൊടുത്ത സർക്കാർ കേരളത്തിലെ ഭൂബന്ധങ്ങൾക്കും ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾക്കും





ജനകീയ വിദ്യാഭ്യാസപദ്ധതികൾക്കും വഴിതുറക്കുന്ന നടപടികൾ ആരംഭിച്ചു. അവിടെനിന്നും തുടങ്ങി ഇന്നൊരു നൂതന വൈജ്ഞാനിക സമൂഹമായി പരിണമിക്കാൻ ഒരുങ്ങുകയാണ് നമ്മൾ. ആ മാറ്റത്തിന്റെ ആണിക്കല്ലുകളാണ് നമ്മുടെ വിദ്യാർഥികൾ. അതുകൊണ്ടുതന്നെ അടിസ്ഥാന വിദ്യാഭ്യാസതലം മുതൽ ഗവേഷണതലം വരെയുള്ള വിവിധ മേഖലകളിൽ വിജ്ഞാനസൃഷ്ടിയും വിജ്ഞാനവ്യാപനവും ലക്ഷ്യംവെച്ചുള്ള ഇടപെടലുകളാണ് സംസ്ഥാനസർക്കാർ നടത്തുന്നത്. ഇപ്പോൾ പൊതുവിദ്യാഭ്യാസമേഖലയിലെ അക്കാദമിക രംഗത്തും അടിസ്ഥാനസൗകര്യരംഗത്തും സമാനതകളില്ലാത്ത മുന്നേറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 5,000 കോടിയോളം രൂപയുടെ അടിസ്ഥാനസൗകര്യ വികസനപദ്ധതികൾ നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് മുറികളും റോബോട്ടിക് ലാബുകളും ഉള്ള പൊതുവിദ്യാലയങ്ങൾ ഇന്ന് അതിശയോക്തിയല്ല. ഇനി അക്കാദമികരംഗമെടുത്താലോ, സമഗ്രവും കാലാനുസൃതവുമായ പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പാക്കുകയാണ്. ജനകീയചർച്ചകൾക്ക ശേഷമാണ് ഇത് നടപ്പാക്കുന്നത്. നിലവിൽ 600 ഓളം പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുകയുണ്ടായി. ഇത്തരത്തിൽ അടിസ്ഥാന സൗകര്യമേഖലയിലും അക്കാദമിക് മേഖലയിലും നടത്തിയ കാര്യക്ഷമമായ ഇടപെടലുകളുടെ ഭാഗമായാണ് പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർഥികൾ ഒഴുകിയെത്തിയത്.

ഇന്ന് കേരളത്തിലെ 75 ശതമാനത്തോളം സ്കൂൾ വിദ്യാർഥികൾ പഠിക്കുന്നത് സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിലാണ്. അതിൽനിന്നുതന്നെ മനസ്സിലാക്കാം പൊതുവിദ്യാഭ്യാസരംഗത്തിന് പൊതുസമൂഹത്തിൽ വന്ന സ്വീകാര്യത. ഇത്തരത്തിൽ ലോകത്തിനുതന്നെ മാതൃകയായ നമ്മുടെ പൊതുവിദ്യാഭ്യാസരംഗത്തെ, ലോക വൈജ്ഞാനിക ഘടനയുമായി വിളക്കിച്ചേർക്കേണ്ടതുണ്ട്. ആഗോള വിജ്ഞാനഘടനയിലുണ്ടാവുന്ന നൂതനമായ ഏതറിവും നമ്മുടെ കുഞ്ഞുങ്ങളിലേക്ക് എത്തിച്ചുകൊടുക്കാൻ വേണ്ട ക്രമീകരണങ്ങളാണ് ഇപ്പോൾ ഒരുക്കുന്നത്. ഇനി വരാൻ പോകുന്നത് ഒരു ലോക തൊഴിൽ കമ്പോളത്തിന്റെ ഉദയമാണ്. അവിടെ ചെന്ന് വികസിതരാജ്യങ്ങളിലെ കുട്ടികളോട് മത്സരിച്ച് ജയിച്ചു വേണ്ടിവരും നമ്മുടെ കുട്ടികൾക്ക് തൊഴിൽ കണ്ടെത്താൻ. അതിന് അവരെ പ്രാപ്തരാക്കുന്ന സംവിധാനമുണ്ടാവണം. അതു ലക്ഷ്യമാക്കിയാണ് നാം നീങ്ങുന്നത്.

അതോടൊപ്പം കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നാം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. സിലബസ് പരിഷ്ക്കരണം കൊണ്ടുവന്നും നാലുവർഷ ബിരുദപ്രോഗ്രാം നടപ്പാക്കിയും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെ വ്യവസായമേഖലയുമായി ബന്ധിപ്പിച്ചും ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകിയും ഉന്നതവിദ്യാഭ്യാസമേഖലയെ നവീകരിക്കുകയാണ്. അതിന്റെയെല്ലാം ഫലമായി എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ ഇന്ത്യയിലെ ആദ്യ പത്തിൽ, കേരളത്തിലെ രണ്ട് സർവകലാശാലകൾ ഇടം നേടി. കേരള സർവകലാശാലയുടെ സ്ഥാനം കഴിഞ്ഞ വർഷത്തെ ഒൻപതിൽ നിന്ന് അഞ്ചാംസ്ഥാനത്തേക്കുയർന്നു. കുസാറ്റ് (6), എം. ജി (17), കാലിക്കറ്റ് (38) സർവകലാശാലകളും നേട്ടം കൈവരിച്ചു. ഇന്ത്യയിലെ കോളേജുകളുടെ പട്ടികയിൽ ആദ്യനൂറിൽ 18 ഉം ആദ്യ ഇരുന്നൂറിൽ 42 ഉം കോളേജുകൾ കേരളത്തിൽ നിന്ന് ഇടം നേടി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അന്താരാഷ്ട്രനിലവാരം രേഖപ്പെടുത്തുന്ന ക്യൂ. എസ്. റാങ്കിങ്, ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിങ്, ഇവയിൽ കേരളത്തിലെ സർവകലാശാലകളൊക്കെയും മികച്ച മുന്നേറ്റം കാഴ്ചവെച്ചു. നാക് അക്രഡിറ്റേഷനിൽ കേരള, എം ജി സർവകലാശാലകൾക്ക് എ ഡബിൾ



പ്ലസും, സംസ്കൃത സർവകലാശാല, കുസാറ്റ്, കാലിക്കറ്റ് സർവകലാശാല എന്നിവയ്ക്ക് എ പ്ലസും കണ്ണൂർ സർവകലാശാല ബി പ്ലസും കരസ്ഥമാക്കി. ടൈംസ് ഹയർ എഡ്യൂക്കേഷൻ ഇംപാക്റ്റ് റാങ്കിങ് പ്രകാരം ലോകത്തുതന്നെ 401-600 ബാൻഡ് ലെവലിലുള്ള സർവകലാശാലയാണ് കുസാറ്റ്. കേരളത്തിലെ കോളേജുകളിൽ 173 ക്യാമ്പസുകളാണ് നാക് അക്രഡിറ്റേഷൻ പ്രകാരം എ ഗ്രേഡും അതിനുമുകളിലും യോഗ്യത നേടിയത്.

**ഇന്ന് കേരളത്തിലെ 75 ശതമാനത്തോളം സ്കൂൾ വിദ്യാർഥികൾ പഠിക്കുന്നത് സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിലാണ്. അതിൽനിന്നുതന്നെ മനസ്സിലാക്കാം പൊതുവിദ്യാഭ്യാസരംഗത്തിനു പൊതുസമൂഹത്തിൽ വന്ന സ്വീകാര്യത**

സർവകലാശാലയിലെ ഗവേഷണഫലങ്ങൾ സാമൂഹികാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനായി ട്രാൻസ്ലേഷൻ ലാബുകൾ ആരംഭിച്ചു. നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, കൈരളി റിസർച്ച് അവാർഡുകൾ തുടങ്ങിയവ ഏർപ്പെടുത്തി നാടിനു ഗുണകരമാകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും ശ്രമങ്ങൾ നടക്കുന്നു. അതിനെല്ലാമുപരിയായി ഉന്നത വിദ്യാഭ്യാസ കമ്മിഷൻ രൂപവൽക്കരിക്കുകയും, അതിന്റെ ശുപാർശകൾ നടപ്പാക്കുകയും ചെയ്തുവരികയാണ്. ഭാവിയിൽ കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏറ്റവും പ്രധാനമാണ് ഉന്നതവിദ്യാഭ്യാസമേഖലയുടെ വികസനം.

കേരളസമൂഹത്തെ വിജ്ഞാനസമൂഹമായും നമ്മുടെ സമ്പദ്ഘടനയെ വിജ്ഞാന സമ്പദ്ഘടനയായും സമസ്തരംഗങ്ങളിലും വികസിതമായ നാടായും പരിവർത്തിപ്പിക്കുന്നതിനുള്ള കേരളസർക്കാരിന്റെ ശ്രമങ്ങൾ ലക്ഷ്യത്തിലേക്ക് എത്തുകയാണ്. അതിന് സർക്കാർതലത്തിലെ ഇടപെടൽ മാത്രം മതിയാകില്ല; നാം ഒരുമിച്ച് ഒരേ മനസ്സോടെ നീങ്ങണം. അങ്ങനെ ഒറ്റക്കെട്ടായി നിന്നാൽ അസാധ്യമായി ഒന്നുമുണ്ടാവില്ല. ഏതു പ്രതികൂല സാഹചര്യത്തെയും അതിജീവിച്ചുകൊണ്ട് അസാധ്യമായതിനെപ്പോലും സാധ്യമാക്കാനാവും. അതിനുള്ള അസാധാരണമായ വിഭവശേഷിയാണ് നമ്മുടെ നാടിനുള്ളത്. ആ കൂട്ടായ്മ ഊട്ടിയുറപ്പിച്ചുകൊണ്ടു നമ്മൾ കേരളത്തെ പുതിയ സഹസ്രാബ്ദത്തിലൂടെ, പുതിയ നൂറ്റാണ്ടിലൂടെ കാലത്തിനുചേരുന്ന വിധത്തിൽ ആധുനികവൽക്കരിക്കും. വികസിപ്പിക്കും. അങ്ങനെ ഒരു ക്ഷേമസമൂഹവും വികസിത നാടും യാഥാർഥ്യമാകും. അതിനുതകുന്ന വിധം ഇവിടെ വന്നിട്ടുള്ള മാറ്റങ്ങൾ, ഭാവി ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ പുതുതലമുറയ്ക്ക് ഉണ്ടാകണം. ഇതിന് സഹായകമാകുന്ന ഒന്നാകും 'എന്റെ കേരളം-ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ്' എന്നു പ്രതീക്ഷിക്കുന്നു. ഇതിൽ പങ്കാളികളാകുന്ന ഏവർക്കും ആശംസകൾ നേരുന്നു. ■

# രണ്ടാം ഭൂപരിഷ്കരണത്തിലേക്ക്

കെ.രാജൻ
റവന്യു വകുപ്പ് മന്ത്രി

## ഡിജിറ്റൽ റീ സർവെ

അക്ഷരാർഥത്തിൽ ഒരു രണ്ടാം ഭൂപരിഷ്ക രണമാണ് ഡിജിറ്റൽ റീ സർവെയിലൂടെ നട പ്പിലാവുന്നത്. ഐക്യകേരളത്തിൽ 1966-ൽ റീസർവെ നടപടികൾ ആരംഭിച്ചെങ്കിലും 57 വർഷം പിന്നിട്ടും 911 വില്ലേജുകളിൽ മാത്രമാണ് റീസർവെ പൂർത്തീകരിക്കാനായത്. ഈ സർ ക്കാർ അധികാരത്തിൽ വന്നശേഷം, എല്ലാ ഭൂരേഖകളും ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റീസർവെ ചെയ്യുന്നതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 858.42 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി തയ്യാറാക്കി. സി. ഒ. ആർ. എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് ആർടികെ, റോവർ, ഇ. ടി. എ.സ്. ഡ്രോൺ, ലിഡാർ എന്നിവ ഉപ യോഗിച്ച് 2026 നുള്ളിൽ പദ്ധതി പൂർത്തിയാ ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ആദ്യഘട്ടത്തിലെ 200 വില്ലേജുകളുടെയും, രണ്ടാംഘട്ടത്തിലെ 232 വില്ലേജുകളുടെയും മൂന്നാം ഘട്ടത്തിലെ 107 വില്ലേജുകളിലെയും (ആകെ 539) ഫീൽഡ് സർവെ പൂർത്തിയാ ക്കി. മൂന്ന് ഘട്ടത്തിലുമായി സർവെ നടപടിക്ര മങ്ങൾ പൂർത്തിയാക്കിക്കൊണ്ട് 295 വില്ലേജു കളിൽ 9(2) വിജ്ഞാപനം പുറപ്പെടുവിച്ചു. മൂന്ന് ഘട്ടങ്ങളിലെയും കൂട്ടി ഇതുവരെ 62,23,926 ലാൻഡ് പാഴ്സലുകളിലായി 8,48,691.9 ലക്ഷം ഹെക്ടർ ഭൂമിയിലാണ് റീസർവെ നടന്നത്.

## അധികഭൂമി സെറ്റിൽമെന്റ് നിയമം

സംസ്ഥാനത്തെ ഡിജിറ്റൽ സർവെയിലൂടെ ഭൂരേഖകൾ അന്തിമമാക്കുമ്പോൾ അധി കംവരുന്ന കൈവശഭൂമിയുടെ ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനുള്ള 2025ലെ കേരള സ്വകാര്യകൈവശത്തിലുള്ള അധികഭൂമി (നിശ്ചയിക്കലും ക്രമവത്കരണവും) ബിൽ സെപ്റ്റംബർ-ഒക്ടോബർ മാസത്തിൽ നടന്ന നിയമസഭാസമ്മേളനത്തിൽ പാസാക്കി. ഈ നിയമത്തിലൂടെ ഒരുകോടി കൈവശക്കാർക്ക് പ്രയോജനം ലഭിക്കും. ഭൂഭരണത്തിൽ കേരളം ലോകത്തിനുതന്നെ മാതൃക സൃഷ്ടിക്കുന്ന നിയ മമാണിത്.

2023 ലാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപടികൾ ആരംഭിക്കുന്നത്. രണ്ടു വർഷംകൊണ്ട് കേരളത്തിലെ ആകെയുള്ള കൈവശഭൂമിയുടെ നാലിലൊന്നിലധികം സർവെ പൂർത്തിയാക്കി. രണ്ട് വർഷത്തിനു ള്ളിൽ മുഴുവൻ ഭൂമിയുടേയും സർവെ പൂർത്തീക രിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവരെ സർവെ ചെയ്ത 62 ലക്ഷം ലാൻഡ് പാഴ്സലുകളിൽ 25 ലക്ഷത്തിലധികം കൈവ ശങ്ങളിലും അധികഭൂമി കണ്ടെത്തിയെന്നാണ് കണക്കുകൾ കാണിക്കുന്നത്. കേരളത്തിലാ





> ഐക്യകേരളത്തിൽ ആദ്യമായുണ്ടാകുന്ന സെറ്റിൽമെന്റ് നടപടികളായിരിക്കും ഡിജിറ്റൽ സർവെയിലൂടേയും സെറ്റിൽമെന്റ് ആക്ടിലൂടേയും ഉണ്ടാകുന്നത്. ഭൂമി സംബന്ധ മായ അവകാശതർക്കങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതാണ് നിയമത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്




കെ മൂന്ന് കോടിയിലധികം ലാൻഡ് പാഴ്സലുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ പകുതിയോളം കൈവശങ്ങളിൽ അധികഭൂമി ഉണ്ടായിരിക്കുമെന്നാണ് മനസിലാക്കുന്നത്.

പരമ്പരാഗത സർവെ ഉപകരണങ്ങളിൽ നിന്നുമാറി ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവെ നടത്തുമ്പോൾ ഉണ്ടാകുന്ന കൃത്യത മൂലമാണ് ഇത്തരത്തിലുള്ള വിസ്തീർണ്ണ വർധനവ് കൂടുതലും കണ്ടുവരുന്നത്. കൈവശ ഭൂമിയുടെ വ്യക്തമായ അതിരുകൾക്കുള്ളിലുള്ള തർക്കമറ്റ കൈവശങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. സമീപത്തുള്ള സർക്കാർ ഭൂമിയിലും കുറവുവരാൻ പാടില്ല. നിലവിലുള്ള സർവെ നിയമങ്ങൾ പ്രകാരം ഓരോ വില്ലേജിലേയും സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തിയ ശേഷമായിരിക്കും സ്വകാര്യഭൂമി അളക്കുന്നത്. ഇതുമൂലം സർക്കാർ ഭൂമി പൂർണ്ണമായും സംരക്ഷിക്കപ്പെടും. അതുപോലെത്തന്നെ അനധികൃത കൈയേറ്റങ്ങൾ കണ്ടെത്താനുമാകും. സർക്കാർ ഭൂമിയിൽ കുടിയേറിയ ഭൂരഹിതർ അർഹരാണെങ്കിൽ അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും. അധികഭൂമി കൈവശത്തിന് ഉടമസ്ഥതാരേഖ നൽകുന്നതിനുള്ള നടപടികൾ ചട്ടം വഴി നിശ്ചയിക്കാൻ സർക്കാരിന് നിയമം അധികാരം നൽകുന്നുണ്ട്.

ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെയായിരിക്കും ഉടമസ്ഥതാരേഖ നൽകുക. ഒരു നൂറ്റാണ്ട് മുൻപ് തിരുവിതാംകൂർ-കൊച്ചി-മലബാർ മേഖലകളിൽ നടന്ന സർവെയുടെ അടിസ്ഥാനത്തിലുള്ള സെറ്റിൽമെന്റ് രേഖകളാണ് ഭൂമിയുടെ ഉടമസ്ഥതയും കൈവശവും സംബന്ധിച്ച അടിസ്ഥാനരേഖകൾ. ഐക്യകേരളത്തിൽ ആദ്യമായുണ്ടാകുന്ന സെറ്റിൽമെന്റ് നടപടികളായിരിക്കും ഡിജിറ്റൽ സർവെയിലൂടേയും സെറ്റിൽമെന്റ് ആക്ടിലൂടേയും ഉണ്ടാകുന്നത്. ഭൂമി സംബന്ധമായ അവകാശതർക്കങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതാണ് നിയമത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്ന മുറയ്ക്കാണ് വില്ലേജുകളിൽ നിയമം നടപ്പിലാവുക.■

# ജലബജറ്റിങ്ങിന്റെ കേരള മാതൃക

**റോഷി അഗസ്റ്റിൻ**
ജലവിഭവ വകുപ്പ് മന്ത്രി

ഒരു നദീതടത്തിലോ/നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ജലവും ലഭ്യമായ ജലവും തമ്മിലുള്ള അന്തരം കണക്കാക്കുന്ന ജലബജറ്റ് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും തയ്യാറാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ജലവിഭവ മാനേജ്മെന്റ് ജനപങ്കാളിത്തത്തോടെ 1013 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി കഴിഞ്ഞു. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും 94 ഗ്രാമ പഞ്ചായത്തുകളുടെയും ജലബജറ്റിങ് നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി. ജല ബജറ്റിങ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജലകമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ മാസ്റ്റർ പ്ലാനിലെ പദ്ധതികൾ പഠിച്ച് ജലസേചന വകുപ്പിലെ സാങ്കേതികസമിതി കൺവീനർമാർ, സാങ്കേതികപരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച-വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിനും കൃഷി-ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എറണാകുളത്ത് എസ്.ആർ.ഐ സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും ഉൾപ്പടെ ആകെ 86 ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിസിക്കൽ & കെമിക്കൽ പാരാമീറ്റേഴ്സിന്റെ പരിശോധനയ്ക്കായുള്ള 14 ജില്ലാലാബുകൾക്കും എസ്.ആർ.ഐ.ക്കും എൻ.എ.ബി.എൽ അക്രഡിറ്റേഷനും 70 സബ് ജില്ലാലാബുകൾക്ക് എൻ.എ.ബി.എൽ റെക്കഗ്നിഷനും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര പരിശോധനകൾക്കായുള്ള സംവിധാനങ്ങൾക്ക് വേണ്ടി 87 സ്കൂളുകളിലായി 510.22 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി



എം.എൽ.എം/എം.പി ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

നവകേരളം കർമ്മ പദ്ധതി - 2 ൽ ഉൾപ്പെടുത്തി 5.19 കോടി രൂപയുടെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ഫണ്ട് ഉപയോഗിച്ച് 313 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി ജില്ലകളിലെ 294 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കും. കെ.ഐ.ഐ.ഡി.സി. 130 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിക്കുകയും 157 സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിലെ കർഷകരുടെ ദീർഘകാല കാത്തിരിപ്പിന് വിരാമമിട്ട് മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ചു. കോരയാർ മുതൽ വരട്ടയാർ വരെ നിലവിലുള്ള കനാലാണ് ഒന്നാംഘട്ട



**സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങി അഞ്ചുവർഷത്തേക്കടുക്കുമ്പോൾ സംസ്ഥാനത്ത് പകുതിയിലധികം ഗ്രാമീണ വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകാനായി**

പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പദ്ധതിയിലൂടെ പാലക്കാട് ജില്ലയിലെ 20,440 ഹെക്ടർ മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകും. ഇ.പി.സി. (എഞ്ചിനീയറിങ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ) കോൺട്രാക്ട് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങി അഞ്ചുവർഷത്തോടടുക്കുമ്പോൾ സംസ്ഥാനത്ത് പകുതിയിലധികം ഗ്രാമീണ വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകാനായി. 55.46 ശതമാനം കണക്ഷൻ നൽകിക്കഴിഞ്ഞു. ഏഴ് ജില്ലകളിൽ 50 ശതമാനത്തിനു മുകളിൽ കണക്ഷൻ നൽകി. ആകെ കണക്ഷൻ നൽകേണ്ട ഗ്രാമീണ വീടുകൾ 69.82 ലക്ഷമാണ്. ഇതിൽ 38.72 ലക്ഷം വീടുകളിൽ (2025 ഒക്ടോബർ വരെ) കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കികഴിഞ്ഞു. നാലുവർഷംകൊണ്ട് 21 ലക്ഷത്തിനു മുകളിൽ കണക്ഷനുകൾ നൽകി. സംസ്ഥാനത്തെ ജലവിതരണ മേഖലയിലെ പഴയകാല ചരിത്രം പരിശോധിക്കുമ്പോൾ ഇതൊരു വലിയ നേട്ടം തന്നെയാണ്. 2020 ഏപ്രിൽ ഒന്നിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെയുള്ള 69.92 ലക്ഷം ഗ്രാമീണവീടുകളിലെ 17.49 ലക്ഷം വീടുകളിൽ മാത്രമാണ് കുടിവെള്ള കണക്ഷനുകൾ ഉണ്ടായിരുന്നത്.

2025 ഒക്ടോബറിലെ കണക്കനുസരിച്ച് 38.72 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി. കേരളത്തിൽ നദികൾ പോലെ സുസ്ഥിര സ്രോതസ്സുകൾ ആശ്രയിച്ചുള്ള പദ്ധതികളിൽനിന്നാണ് കുടിവെള്ളം ലഭ്യമാക്കുന്നത്. ഇപ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കുറഞ്ഞത് 24 മുതൽ 30 മാസത്തോളം വേണ്ടിവരും. ഭൂഗർഭ ജലത്തിന്റെ അമിതചൂഷണം ഒഴിവാക്കുന്നതും ലക്ഷ്യമിടുന്നു. ജലജീവൻ മിഷൻ പദ്ധതിയിലൂടെ പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിലാണ് കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും സംസ്ഥാനത്ത് പ്രതിദിന ആളോഹരി ജലലഭ്യത 100 ലിറ്റർ എന്ന കണക്കിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. ഗ്രാമീണ മേഖലയിൽ നദികൾ പോലെ സുസ്ഥിരമായ കുടിവെള്ള സ്രോതസ്സാണ് കേരളം ആശ്രയിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ കുഴൽ കിണർ പോലുള്ള സ്രോതസ്സുകളാണ് പദ്ധതിക്കായി ആശ്രയിക്കുന്നത്.

2025 ഒക്ടോബറിലെ കണക്ക് പ്രകാരം കേരളത്തിലെ 117 പഞ്ചായത്തുകളും ഇതിനോടകം 100 ശതമാനം കുടിവെള്ള ലഭ്യത കൈവരിച്ചു. 9 നിയമസഭാമണ്ഡലങ്ങളും 100 ശതമാനം കുടിവെള്ള ലഭ്യത കൈവരിച്ചു.■



# ഇരുളകന്ന കേരളം

**കെ.കൃഷ്ണൻകുട്ടി**
വൈദ്യുതി വകുപ്പ് മന്ത്രി

സർക്കാർ അധികാരമേറ്റയുടൻ ലോഡ് ഷെഡ്ഡിങ്ങും പവർകട്ടും ഒഴിവാക്കാനായി. യുദ്ധകാലാടിസ്ഥാനത്തിൽ ഇടമൺ -കൊച്ചി 400 കെ.വി. ലൈനും പുകലൂർ-മാടക്കത്തറ ലൈനും പൂർത്തിയാക്കി വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിച്ചു. ഇത് 2550 മെഗാവാട്ടിന്റെ വർധനവിന് കാരണമായി. ഒൻപത് വർഷത്തിനിടെ ആഭ്യന്തര ഉൽപ്പാദനം 2092.16 മെഗാവാട്ട് വർധിപ്പിച്ചു. വൈദ്യുതി നിയന്ത്രണം ഒഴിവാക്കുന്നതിനായി കെ.എ-സ്.ഇ.ബി.എൽ. ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതി വാങ്ങുകയും ആഭ്യന്തര ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള ഉൽപ്പാദനം കാര്യക്ഷമമാക്കുകയും മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിങ് കരാറുകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

## ജല വൈദ്യുതി പദ്ധതികളിലെ പുരോഗതി

മുടങ്ങിക്കിടന്ന 40 മെഗാവാട്ട് തോട്ടിയാർ, 60 മെഗാവാട്ട് പള്ളിവാസൽ വിപുലീകരണ പദ്ധതി എന്നിവയുൾപ്പെടെ 179.65 മെഗാവാട്ട് അധിക ജലവൈദ്യുത ഉൽപ്പാദനശേഷി നേടി. ഇതിൽ 150.6 മെഗാവാട്ട് കെ.എസ്.ഇ.ബി. എൽ നേരിട്ടും 29.05 മെഗാവാട്ട് സ്വകാര്യസംരംഭകർ വഴിയും പൂർത്തിയാക്കി. മാങ്കുളം (40 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്) ഉൾപ്പെടെ 111 മെഗാവാട്ട് ശേഷിയുള്ള 7 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇടുക്കി സുവർണ്ണ ജൂബിലി (800 മെഗാവാട്ട്), ലക്ഷ്മി (240 മെഗാവാട്ട്), ശബരിഗിരി വിപുലീകരണ പദ്ധതി (450 മെഗാവാട്ട്) എന്നിവ വരുംവർഷങ്ങളിൽ നടപ്പാക്കുന്ന വൻകിട പദ്ധതികളാണ്. 2016-17 മുതൽ 2024 ഡിസംബർ വരെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ഉൽപ്പാദനത്തിനായി 2941.67 കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്.

## സൗരോർജവൈദ്യുതി ഉൽപ്പാദനത്തിൽ രാജ്യത്തിന് മാതൃക

പുനരുപയോഗ ഊർജസ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ ഉൽപ്പാദനത്തിൽ കേരളം രാജ്യത്തിന് മാതൃകയായി മാറിയിട്ടുണ്ട്. 2016-ൽ 16.49 മെഗാവാട്ട് സൗരോർജശേഷി ഉണ്ടായിരുന്നത് 9 വർഷത്തിനിടെ 1912.51 മെഗാവാട്ട് കൂടി വർധിപ്പിച്ചതോടെ ആകെ 1929 മെഗാ





> **പുനരുപയോഗ ഊർജസ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ ഉൽപ്പാദനത്തിൽ കേരളം രാജ്യത്തിന് മാതൃകയായി മാറിയിട്ടുണ്ട്. 2016-ൽ 16.49 മെഗാവാട്ട് സൗരോർജശേഷി ഉണ്ടായിരുന്നത് 9 വർഷത്തിനിടെ 1912.51 മെഗാവാട്ട് കൂടി വർധിപ്പിച്ച് ആകെ 1929 മെഗാവാട്ടായി**

വാട്ടായി. പി.എം. സൂര്യഘർ പദ്ധതിയിലൂടെ 1,52,000 പുരപ്പുറങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിച്ചതിലൂടെ ഉപഭോക്താക്കൾക്ക് 1090കോടി രൂപയുടെ കേന്ദ്ര സബ്സിഡി ലഭിച്ചു.

## പി എം കുസും - കാർഷിക പമ്പുകളുടെ സൗരോർജവൽക്കരണം

ഒരു ലക്ഷം പമ്പുകളുടെ സൗരോർജവൽക്കരണമാണ് ലക്ഷ്യം. സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള 60% ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കും. ബാക്കി 40% നബാർഡ് വായ്പയായി കണ്ടെത്തും. വായ്പ അടച്ചുതീർത്തശേഷം കർഷകർക്ക് അധിക വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിന് വിൽക്കാം.

## ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

സംസ്ഥാനത്ത് നടപ്പാക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികൾ പ്രധാനമായും ലക്ഷ്യമിടുന്നത് പകൽ സമയത്ത് കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ വൈദ്യുതി സംഭരിച്ച്, വൈദ്യുതി ഉപയോഗം ഏറ്റവും കൂടുന്ന വൈകുന്നേരത്തെ 'പീക്ക്' സമയങ്ങളിൽ വിതരണം ചെയ്യുക എന്നതാണ്. 2030-ഓടെ 3,500 മെഗാവാട്ട് അവർ (MWh) സംഭരണ ശേഷി കൈവരിക്കാനാണ് ലക്ഷ്യം.

കെ.എസ്.ഇ.ബി കേന്ദ്ര ഏജൻസിയായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി (SECI) സഹകരിച്ച് കാസർകോട് മൈലാട്ടിയിൽ നടപ്പാക്കുന്ന പദ്ധതിക്ക് 125 MW ശേഷിയും 500 MWh സംഭരണ ശേഷിയുമുണ്ട്. 4 മണിക്കൂർ തുടർച്ചയായോ അല്ലാതെയോ വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്ന രാജ്യത്തെ ആദ്യ പദ്ധതിയാണിത്. നാഷണൽ ഹൈഡ്രോപവർ കോർപ്പറേഷന്



(NHPC) കേന്ദ്ര സർക്കാർ ലഭ്യമാക്കിയ വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) സഹായത്തോടെ മറ്റ് നാല് BESS പദ്ധതികൾകൂടി നടപ്പാക്കുന്നുണ്ട്. 2025 ജൂലൈ 14-ന് NHPCയും KSEBLഉം തമ്മിൽ കരാർ ഒപ്പിട്ട ഈ പദ്ധതികൾ 2026-ൽ പ്രവർത്തനക്ഷമമാകും. ഇതിൽ കണ്ണൂർ ശ്രീകണ്ഠാപുരം (40 MW/160 MWh), തിരുവനന്തപുരം പോത്തൻകോട് (40 MW/160 MWh) എന്നീ പദ്ധതികൾ NTPC ഗ്രീൻ എനർജി ലിമിറ്റഡാണ് നടപ്പാക്കുന്നത്. മലപ്പുറം അരീക്കോട് (30 MW/120 MWh) പദ്ധതി ടാറ്റാ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡിനാണ് കരാർ നൽകിയിരിക്കുന്നത്. കാസർഗോഡ് മുള്ളേരിയയിലെ15 MW/60 MWh ശേഷിയുള്ള ഒരു പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു.

മറ്റൊരു പ്രധാനപദ്ധതിയായ പവർ സിസ്റ്റം



ഡെവലപ്മെന്റ് ഫണ്ട് (PSDF) പദ്ധതിപ്രകാരം എറണാകുളം ബ്രഹ്മപുരത്ത് 250 MW/500 MWh ശേഷിയുള്ള ഒരു BESS സ്ഥാപിക്കുന്നതിന് 90 കോടി രൂപയുടെ ഫണ്ട് ലഭിച്ചിട്ടുണ്ട്. കായംകുളത്ത് എൻ.ടി.പി.സി.യുടെ ഭൂമിയിൽ 2,000 MWh സംഭരണ ശേഷിയുള്ള ഒരു വലിയ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളും പുരോഗമിക്കുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയാകുന്നതോടെ 500 മെഗാവാട്ട്/1500 മെഗാവാട്ട്-അവർ ശേഷിയുള്ള അഞ്ച് പദ്ധതികൾ 2026-ൽ പ്രവർത്തനസജ്ജമാകും.

## ഉന്നതങ്ങളിലെ വൈദ്യുതീകരണം

സംസ്ഥാനത്തെ വനാന്തരങ്ങളിൽ താമസിക്കുന്ന എല്ലാ ആദിവാസി ഗോത്രമേഖലകളിലും ഈ വർഷം തന്നെ വൈദ്യുതി എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. വൈദ്യുതി ലഭ്യമല്ലാത്ത 102 ആദിവാസി ഗോത്ര ഉന്നതികളിൽ 43 എണ്ണം ഗ്രിഡ് വഴിയും, 40 എണ്ണം ഓഫ് ഗ്രിഡ് സോളാർ വിൻഡ് ഹൈബ്രിഡ് വഴിയും വൈദ്യുതീകരിക്കുന്നു. പാലക്കാട് ജില്ലയിലെ നടുപ്പതിയെ സമ്പൂർണ്ണ ഗ്രിഡ് ബന്ധിത സൗരോർജ്ജവത്കരണം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യത്തെ ആദിവാസി ഗോത്ര പ്രദേശമായി പ്രഖ്യാപിച്ചു.

## ഹരിതഊർജ വരുമാനപദ്ധതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം പേരുടെ വീടുകളിൽ സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിവർഷം പതിനായിരം രൂപയുടെ സ്ഥിരവരുമാനം ലഭിക്കും. ലൈഫ് മിഷനിലെയും പുനർഗേഹം പദ്ധതിയിലെയും വീടുകളിലും, പാലക്കാട് നടുപ്പതി, കണ്ണൂർ ആറളം തുടങ്ങിയ പട്ടികവർഗ നഗറുകളിലുമായി 1697 വീടുകളിലും 2 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ 305 വീടുകളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു.

## വൈദ്യുതി പ്രസരണ വിതരണ മേഖലകളുടെ പുരോഗതി

വൈദ്യുതി പ്രസരണ വിതരണ മേഖലകൾ ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കി. സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ നഷ്ടത്തിൽ 107 മെഗാവാട്ടിന്റെ കുറവും പ്രതിവർഷം ഏകദേശം 250 കോടി രൂപയുടെ വരുമാനനേട്ടവും പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 101 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കി. 2016-17 മുതൽ 2024-25 വരെ പ്രസരണ മേഖലയിൽ 8056.30 കോടി രൂപയുടെ നിക്ഷേപം നടത്തി.

## അംഗൻജ്യോതി പദ്ധതി

2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനുള്ള സർക്കാരിന്റെ പദ്ധതിയുടെ ഭാഗമാണ് 'അംഗൻജ്യോതി'. സംയോജിത ശിശു വികസന പദ്ധതിക്ക് കീഴിലുള്ള അങ്കണവാടികളെ ഊർജ്ജ കാര്യക്ഷമതയുള്ളതാക്കിമാറ്റുകയാണ് ലക്ഷ്യം. പൈലറ്റ് അടിസ്ഥാനത്തിൽ കഴക്കൂട്ടം, ചിറ്റൂർ

നിയോജകമണ്ഡലങ്ങളിലെ അങ്കണവാടികളിൽ വൈദ്യുതി പാചകത്തിനുള്ള ഉപകരണങ്ങൾ നൽകി. 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാലക്കാട് ചിറ്റൂർ നിയോജകമണ്ഡലത്തിലെ സ്വന്തമായി കെട്ടിടങ്ങളുള്ള അങ്കണവാടികളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്. 50 അങ്കണവാടികളുടെ സോളാർവത്കരണം ഇതിനോടകം പൂർത്തിയാക്കി.

## ഊർജകാര്യക്ഷമതയിൽ രാജ്യത്ത് മുമ്പന്തിയിൽ

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രസിദ്ധീകരിക്കുന്ന സംസ്ഥാനതല ഊർജകാര്യക്ഷമതാസൂചികയിൽ 2018, 2022, 2023 വർഷങ്ങളിൽ കേരളം മുന്നിലെത്തി. നീതി ആയോഗിന്റെ 2022-ലെ സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് റിപ്പോർട്ട് പ്രകാരം വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനത്തെത്തി.




## ഹരിത ഹൈഡ്രജൻ പദ്ധതി

കേരളത്തിൽ ഹൈഡ്രജൻ വാലി പദ്ധതി നടപ്പാക്കുന്നതിനായി അനെർട്ടിന്റെ നേതൃത്വത്തിൽ 'ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ - കേരള' (HVIC- tlcf) എന്ന പ്രത്യേക ഉദ്ദേശ്യകമ്പനി രൂപീകരിക്കാൻ സർക്കാർ അനുമതി നൽകി. ഗതാഗത, ഊർജ, വ്യാവസായിക മേഖലകളെ ലക്ഷ്യമിട്ടാണ് ഈ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നത്. പുനരുപയോഗ ഊർജസ്രോതസ്സുകളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന ഹരിത ഹൈഡ്രജൻ വൈദ്യുതി ഉൽപ്പാദനത്തിനും വാഹനങ്ങൾക്കുള്ള ഇന്ധനമായും ഉപയോഗിക്കും. 2040-ഓടെ 100% പുനരുപയോഗ ഊർജത്തെ ആശ്രയിക്കുന്ന സംസ്ഥാനമായി മാറാനുള്ള ലക്ഷ്യത്തിന്റെ ഭാഗമാണിത്.

## പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ

ജലവൈദ്യുത പദ്ധതികളിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച ശേഷം താഴേക്ക് ഒഴുകുന്ന വെള്ളം സൗരോർജം ഉപയോഗിച്ച് തിരിച്ച് മുകളിലേക്ക് പമ്പ് ചെയ്ത് വീണ്ടും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പമ്പ്ഡ് സ്റ്റോറേജ്പദ്ധതികൾ കേരളം നടപ്പാക്കുന്നു.

## തുടർച്ചയായി ലാഭത്തിൽ

കെ.എസ്.ഇ.ബി. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 736.27 കോടി രൂപയുടെ പ്രവർത്തനലാഭം നേടി. 2022-23ൽ 1,023.62 കോടി രൂപയുടെ നഷ്ടം രേഖപ്പെടുത്തിയെങ്കിലും, സർക്കാർ 75% നഷ്ടം ഏറ്റെടുത്ത് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി. കൂട്ടായ പരിശ്രമങ്ങളുടെ ഫലമായി 2023-24 സാമ്പത്തിക വർഷത്തിൽ 218.51 കോടി രൂപയുടെ ലാഭവും, 2024-25-ൽ 571.22 കോടി രൂപയുടെ ലാഭവും നേടി.

കെ.എസ്.ഇ.ബി. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 736.27 കോടി രൂപയുടെ പ്രവർത്തനലാഭം നേടി

## കേരള ഹൈഡൽ ടൂറിസത്തിലെ നേട്ടങ്ങൾ

25 വർഷം പൂർത്തിയാക്കിയ കേരള ഹൈഡൽ ടൂറിസം സെന്റർ കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ പ്രധാനസ്ഥാനം നേടിക്കഴിഞ്ഞു. കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 13 കോടി രൂപയുടെ നിയമപരമായ ബാധ്യതകൾ അടച്ചുതീർക്കുകയും വരുമാനം ഇരട്ടിയാക്കുകയും ചെയ്തു. നിലവിൽ പ്രതിവർഷം 22 മുതൽ 25 കോടി രൂപ വരെ വരുമാനം ഉണ്ടാക്കുന്നു. പൊതുജനങ്ങളുടെ സൗകര്യാർഥം ഓൺലൈൻ ടിക്കറ്റിങ് സംവിധാനം ഏർപ്പെടുത്തുകയും കൂടുതൽ ബോട്ടുകളും മറ്റ് ജലവിനോദങ്ങളും ആരംഭിക്കുകയും ചെയ്തു. അന്താരാഷ്ട്ര നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി 5 കോടി രൂപയുടെ കരാർ നൽകി. ഇടുക്കി ആർച്ച് ഡാമിൽ ലേസർ ലൈറ്റ് ഷോ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എല്ലാ ഹൈഡൽ ടൂറിസം യൂണിറ്റുകൾക്കും 'ഹരിത വിനോദകേന്ദ്രം' പദവി ലഭിച്ചു. കഴിഞ്ഞ മൂന്ന് വർഷമായി കേന്ദ്ര ധനകാര്യമന്ത്രാലയത്തിൽ നിന്ന് ടൂറിസം സെന്ററിന് സർട്ടിഫിക്കറ്റ് ലഭിക്കുന്നുണ്ട്. ■

# ജാഗ്രതയോടെ കാവലാളുകൾ

എ കെ ശശീന്ദ്രൻ
വനം-വന്യജീവി വകുപ്പ് മന്ത്രി

വനപരിപാലനം, വന്യജീവി സുരക്ഷ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടുന്ന പദ്ധതികൾ തുടങ്ങി വിവിധ മേഖലകളിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ചും മറ്റ് വകുപ്പുകളുമായി സഹകരിച്ചും പൊതുജന പങ്കാളിത്തത്തോടും അർഥപൂർണ്ണമായ നടപടികൾ സ്വീകരിച്ചു. മനുഷ്യ വന്യജീവി സംഘർഷം നേരിടാൻ ബഹുമുഖമായ നടപടികളാണ് വകുപ്പ് കൈക്കൊണ്ട് വരുന്നത്. വന്യജീവി സംഘർഷ ലഘൂകരണത്തിനായി കൂടുതൽ കർശന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്.

ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി പ്രതിരോധത്തിനായി 1051.53 കി.മീ സോളാർ വേലി, 120.37 കി.മീ സോളാർ ഹാംഗിങ് ഫെൻസിങ്ങും, 10 കി.മീ റെയിൽ ഫെൻസിങ്ങും വിവിധ ഇടങ്ങളിൽ നിർമ്മിച്ചു. കൂടാതെ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽ ഭിത്തി, 2.09 കി.മീ. കയ്യാല എന്നിവയും നിർമ്മിച്ചു.

## വന്യജീവി ആക്രമണ പ്രതിരോധത്തിന് 10 മിഷനുകൾ

1. വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി അറിയുന്നതിനായി മിഷൻ റിയൽ ടൈം മോണിറ്ററിങ്
2. വന്യജീവി ആക്രമണ പ്രദേശത്ത് സമയ





> ഇന്ത്യാ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിന്റെ കണക്ക് പ്രകാരം കഴിഞ്ഞ ദശകത്തിൽ വനപ്രദേശത്തിന്റെ പുറത്തെ വനാവരണ വളർച്ച ഏറ്റവും കൂടുതൽ കേരളത്തിലാണ്

ബന്ധിത ഇടപെടൽ ഉറപ്പുവരുത്തുന്നതിനായി മിഷൻ പ്രൈമറി റെസ്പോൺസ് ടീം

3. ഗോത്രസമൂഹങ്ങൾ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സ്വീകരിച്ചു പോന്ന പരമ്പരാഗത അറിവുകൾ ശേഖരിക്കുന്നതിന് മിഷൻ ട്രൈബൽ നോളജ്
4. വന്യജീവികൾക്ക് വനത്തിനുള്ളിൽ ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് മിഷൻ ഫുഡ്-ഫോഡർ-വാട്ടർ
5. നാടൻ കുരങ്ങുകളുടെ ശല്യം നിയന്ത്രിക്കുന്നതിന് Mission Bonnet Macaque
6. കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കുന്നതിന് Mission Wild Pig
7. പാമ്പ് കടിയേറ്റുള്ള മരണനിരക്ക് പൂർണ്ണമായി ഇല്ലാതാക്കാൻ മിഷൻ സർപ്പ
8. വന്യജീവി സംഘർഷത്തിന്റെ കാരണം സംബന്ധിച്ച പഠന-ഗവേഷണങ്ങൾക്കായുള്ള മിഷൻ നോളജ്
9. സൗരോർജ്ജ വേലികൾ പരമാവധി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ്ങ്. പദ്ധതിയിലൂടെ 1945 കി.മീ. സോളാർ ഫെൻസിങ് പ്രവർത്തനയോഗ്യമാക്കി.
10. മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വരുത്തുന്നതിനായി കാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് Mission Sensitization to Public

**അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി:** അയൽ സംസ്ഥാനങ്ങളുടെ സഹകരണത്തോടെ വന്യജീവി സംഘർഷം ലഘൂകരിക്കുക ലക്ഷ്യം. ഇതിന്റെ ഭാഗമായി കർണാടകയിലെ ബന്ദിപ്പൂരിൽ കേരളവും കർണാടകയും തമിഴ്നാടും അന്തർ സംസ്ഥാന ധാരണാ



പത്രം ഒപ്പിട്ടു. വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണലഭ്യത വനത്തിനുള്ളിൽ ഉറപ്പുവരുത്തുന്നതിനായി കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തുകയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്തു ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽതന്നെ നിലനിർത്തുക എന്ന ഉദ്ദേശ്യത്തിൽ മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ പദ്ധതി ആരംഭിച്ചു. പുതുതായി രൂപവൽക്കരിച്ച ഒൻപത് ആർ.ആർ.ടികൾ അടക്കം സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടികളെ വിന്യസിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു സ്റ്റേറ്റ് എമർജൻസി ഓപ്പറേറ്റിങ്ങ് സെന്ററും ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ എമർജൻസി ഓപ്പറേറ്റിങ് സെന്ററുകളും പ്രവർത്തനം ആരംഭിച്ചു. ഇത്



24 മണിക്കൂറും പ്രവർത്തിക്കുന്നു. കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവ് നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകി അവരെ ഹോണററി വൈൽഡ് ലൈഫ് വാർഡന്മാരായി ചുമതലപ്പെടുത്തി.

## 'സർപ്പ' മൊബൈൽ ആപ്ലിക്കേഷൻ

പാമ്പുകളുടെ സംരക്ഷണത്തിനും വിഷപ്പാമ്പുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും ആവിഷ്കരിച്ചു. ആന്റിവെനം ഉൽപാദന-വിതരണത്തോടൊപ്പം ജനങ്ങളിൽ ബോധവത്ക്കരണം നടത്തിയും പാമ്പ് വിഷബാധ ജീവഹാനിരഹിത കേരളം എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിനു 280 ജനജാഗ്രതാസമിതികൾ രൂപീകരിച്ചു. എഐ ക്യാമറകൾ, പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം, ഏർളി വാർണിങ് സിസ്റ്റം, ഡിജിറ്റൽ (സെൻസെർ) വാളുകൾ എന്നീ സാങ്കേതികവിദ്യകൾ സംയോജിപ്പിച്ചുകൊണ്ട് സ്മാർട്ട് ഫെൻസുകൾ അതിപ്രധാന സംഘർഷ മേഖലകളിൽ നിർമ്മിച്ചുവരുന്നു. വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് Animal Intrusion Detection and Repellent System (ANIDERS) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി.

## വന്യജീവി നിരീക്ഷണത്തിന് ഡ്രോൺ ക്യാമറകൾ

ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെവിടുന്നതിന് ആധുനിക അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു M-Stri-PES മൊബൈൽ ആപ്പിലൂടെ ജീവനക്കാരുടെ പട്രോളിങ്, ഫീൽഡ് പരിശോധന, വന്യജീവികളുടെ കണക്കെടുപ്പ് സഞ്ചാരങ്ങൾ റിയൽ ടൈമായി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. HAWK എന്ന മോഡ്യൂൾ മുഖേന വന്യജീവി മരണങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനും വിശകലനം ചെയ്യാനും ഡാഷ്ബോർഡ് തയ്യാറാക്കി ഡാറ്റ എൻട്രി നടത്തിവരുന്നു. വയനാട് ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 70 മീറ്റർ സ്മാർട്ട് ഫെൻസിങ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. വിവിധ സർക്കിളുകളിലായി 891 താൽകാലിക വാച്ചർമാരെ നിയോഗിച്ചു. സെറ്റിൽമെന്റുകളിൽ 1000 സോളാർ ലൈറ്റുകളും 60 ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കാനും പദ്ധതി ആരംഭിച്ചു. വനാശ്രിതരായ ആദിവാസി വിഭാഗത്തിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പി.എസ്.സി മുഖാന്തിരം നിയമിച്ചു.

അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുന്നതിനു നടപടി സ്വീകരിച്ചു. കാർഷിക വനവൽക്കരണം നടപ്പിലാക്കുന്നതിന് നല്ലയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വനേതര പ്രദേശങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനും പരിപാലനത്തിനുമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 'വൃക്ഷ സമൃദ്ധി' നടപ്പിലാക്കി. 21.31 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണംചെയ്തു.

മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ വനവിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനായി 'വനശ്രീ'പദ്ധതി.

വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി 9,441 ജണ്ടകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കഴിഞ്ഞ പത്ത് വർഷത്തിൽ 79747 ജണ്ടകൾ നിർമ്മിച്ചു.

സർവേയും ഭൂരേഖയും വകുപ്പ് നടത്തിവരുന്ന 'എന്റെ ഭൂമി' പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വനാതിർത്തി ഡിജിറ്റലൈസേഷനും പൂർത്തിയാകും. സ്വാഭാവിക വനപുനഃസ്ഥാപനത്തി

ന്റെ ഭാഗമായി 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ ഏകവിള തോട്ടങ്ങൾ നീക്കംചെയ്ത് വനങ്ങളാക്കി. സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതി പ്രകാരം വനത്തിനകത്ത് വന്യജീവി ആക്രമണം നേരിട്ടുകൊണ്ടിരിക്കുന്ന 818 കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി 160.5904 ഹെക്ടർ ഭൂമിയിൽനിന്നും ആളുകളെ മാറ്റി താമസിപ്പിച്ചു. കേരള വനം ഇക്കോടൂറിസം വികസന അതോറിറ്റിയുടെ രൂപവൽക്കരണം അന്തിമഘട്ടത്തിലാണ്.

പാരിസ്ഥിതികസംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) സംബന്ധിച്ച പ്രശ്നങ്ങൾ ജനോപകാരപ്രദമായ രീതിയിൽ പരിഗണിക്കുന്നതിന് വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ തുടങ്ങിയവയ്ക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ നിശ്ചയിക്കുമ്പോൾ ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കണമെന്ന നിലപാടിൽ സുപ്രീംകോടതിയിൽനിന്നും അനുകൂല വിധി നേടി.

വന്യമൃഗ ആക്രമണം, പരിക്ക്, കൃഷിനാശം തുടങ്ങിയ വകയിൽ അപേക്ഷകർക്ക് നഷ്ടപരിഹാരമായി 2.26 കോടി നൽകി.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഉൾപ്പെടെ ആകെ 2021-22ൽ 22 കോടിയും, 2022-23ൽ 25 കോടിയും, 2023-24ൽ 30.85 കോടിയും, 2024-25ൽ 48.85 കോടിയും അനുവദിച്ചിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രത്യേക ഫണ്ടെന്നുള്ള നിലയിൽ 110 കോടി രൂപ അനുവദിച്ചു. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിന് വേണ്ടി 3.72കോടി രൂപയും വയനാട് ജില്ലയ്ക്ക് മാത്രമായി 50 ലക്ഷം രൂപയും അനുവദിച്ചു. വനത്തിന് പുറത്ത് പാമ്പ് കടിയേറ്റും തേനീച്ച/കടന്നൽ കുത്തേറ്റും മരണമടയുന്നവരുടെ അവകാശികൾക്ക് 4ലക്ഷം രൂപ വീതം സംസ്ഥാന ദുരന്തനിവാരണഫണ്ടിൽ നിന്നും നൽകാൻ തീരുമാനിച്ചു. വന്യജീവി അല്ലാതിരുന്നിട്ടും തേനീച്ച/കടന്നൽ കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 മുതൽ 10 ലക്ഷം വരെ നഷ്ടപരിഹാരത്തിനു അനുമതി നൽകി.

## വയനാട് സമഗ്ര വികസന പാക്കേജ്

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി നോർത്ത് വയനാട് ഡിവിഷനു കീഴിൽ 98.7 ലക്ഷം രൂപയും, സൗത്ത് വയനാട് ഡിവിഷനു കീഴിൽ 115.7 ലക്ഷം രൂപയും, വയനാട് വന്യജീവി സങ്കേതത്തിൽ 200 ലക്ഷം രൂപയും ചെലവഴിച്ച് സൗരോർജ തൂക്കുവേലി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വനൗഷധസമൃദ്ധി, വിദ്യാവനം പദ്ധതി, നഗരവനം പദ്ധതി, തീരവനം പദ്ധതി, ഇൻസ്റ്റിറ്റ്യൂഷൻ പ്ലാൻ, ഫോറസ്ട്രി ക്ലബ്ബുകൾ നടപ്പിലാക്കി.

സംസ്ഥാനത്തെ ആന-മനുഷ്യ സംഘർഷം എന്ന പ്രശ്നം പരിഹരിക്കുക, നാട്ടാനകളുടെ ക്ഷേമം എന്നിവ ലക്ഷ്യമിട്ട് 105 കോടി രൂപ മുതൽമുടക്കിൽ തിരുവനന്തപുരം കോട്ടൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആന പുനരധിവാസ കേന്ദ്രം സ്ഥാപിച്ചു.

**വനം കൈയേറ്റം പൂർണ്ണമായി തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി 9,441 ജണ്ടകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കഴിഞ്ഞ പത്ത് വർഷത്തിൽ 79747 ജണ്ടകൾ നിർമ്മിച്ചു**

## പുത്തൂർ മൃഗശാല

രാജ്യത്തെ ആദ്യത്തെ സമകാലീന രൂപകൽപനയിൽ നിർമ്മിച്ച പുത്തൂർ മൃഗശാല ഒക്ടോബർ 28ന് മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു. പുത്തൂരിലെ 336 ഏക്കർ സ്ഥലത്ത് 360 കോടി രൂപ ചെലവിലാണ് സുവോളജിക്കൽ പാർക്ക് നിർമ്മിച്ചത്.

കൊല്ലം കുളത്തൂപ്പുഴയിൽ നാച്വറൽ ഹിസ്റ്ററി ഫോറസ്റ്റ് മ്യൂസിയം നിർമ്മാണം പൂർത്തിയാക്കി.

കോഴിക്കോട് ടൈഗർ സഫാരി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു.

2022-ൽ ഇന്ത്യയിലെ ടൈഗർ റിസർവുകളുടെ പട്ടികയിൽ പെരിയാർ ടൈഗർ റിസർവ് ഒന്നാം സ്ഥാനം നേടി. 2023-ൽ പെരിയാർ ടൈഗർ റിസർവിന് ഗ്ലോബൽ ടൈഗർ ഫോറത്തിന്റെ CA-TS (Conservation Assured - Tiger Standards) അക്രഡിറ്റേഷൻ ലഭിച്ചു.

ഇന്ത്യാ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിന്റെ കണക്ക് പ്രകാരം കഴിഞ്ഞ ദശകത്തിൽ വനപ്രദേശത്തിന്റെ പുറത്തെ വനാവരണവളർച്ച ഏറ്റവും കൂടുതൽ കേരളത്തിലാണ്. കാമ്പ് വനമേഖലയിൽ (core area) യാതൊരുവിധ ബാഹ്യ ഇടപെടലുകളും നടത്താതെ സ്വാഭാവിക അസ്പർശത ഉൾവനങ്ങളായി നിലനിർത്തുന്നതിന്റെ ഭാഗമായി 1,583.85 ഹെക്ടർ വനപ്രദേശം പുനസ്ഥാപിച്ചു.■

# കാലത്തിനൊപ്പം മുന്നേറ്റം

രാമചന്ദ്രൻ കടന്നപ്പള്ളി
രജിസ്ട്രേഷൻ, പുരാവസ്തു . പുരാരേഖാ . മ്യൂസിയം വകുപ്പ് മന്ത്രി


കേരള സംസ്ഥാനം രൂപപ്പെടുന്നതിന് മുമ്പുതന്നെ നിലവിൽ വന്ന രജിസ്ട്രേഷൻ വകുപ്പിന് ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ചരിത്രമാണുള്ളത്. സംസ്ഥാനത്തെ ജനങ്ങളുടെ ധാരാളം വിഷയങ്ങൾ സംബന്ധിച്ച സേവനം നൽകി വരുന്ന രജിസ്ട്രേഷൻ വകുപ്പ് സർക്കാരിന്റെ വരുമാന സ്രോതസ്സിൽ മുൻപന്തിയിലാണ്. ഇന്ത്യയിലെതന്നെ ആദ്യത്തെ രജിസ്ട്രേഷൻ ഓഫീസ് നിലവിൽ വന്നത് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാണ്. മർഡോക്ക് ബ്രൗൺ എന്ന ബ്രിട്ടീഷ് പ്രഭു തലശ്ശേരിക്കടുത്ത് അഞ്ചരക്കണ്ടിയിൽ രജിസ്ട്രേഷൻ ഓഫീസ് സ്ഥാപിച്ച് നാട്ടുകാരുടെ ഭൂസ്വത്തുക്കളുടെ അതിരുകൾ നിർണ്ണയിച്ച് ചരിത്രം സൃഷ്ടിക്കുകയായിരുന്നു. ഈ അതിർത്തി നിർണ്ണയം കേരളത്തിലോ ഇന്ത്യയിലോ മാത്രമല്ല ഏഷ്യയിലെ തന്നെ ഇത്തരത്തിലുള്ള ഒരു പുതിയ ഭരണ മാതൃകയുടെയോ വകുപ്പിന്റെയോ തുടക്കമായിരുന്നു.



സംസ്ഥാനത്ത് വിഭവസമാഹരണത്തിൽ രണ്ടാം സ്ഥാനത്തുള്ള രജിസ്ട്രേഷൻ വകുപ്പ്, സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീ എന്നിവ വഴിയാണ് പ്രധാനമായും വരുമാനം സ്വരൂപിക്കുന്നത്. ആധാരങ്ങളുടെ ആധികാരിതയ്ക്ക് തെളിവുകളുണ്ടാക്കുക, ഇടപാടുകൾക്ക് നിയമസാധുത ഉറപ്പു വരുത്തുക, വഞ്ചന(കൃത്രിമം) തടയുക, ഒരു വസ്തു കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സൗകര്യം നൽകുക, അവകാശ പത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക, അസ്സൽ ആധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം നൽകുക എന്നിവയാണ് വകുപ്പിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഇന്ത്യയിലെ ഏറ്റവും ആദ്യം രൂപവൽക്കൃതമായ വകുപ്പുകളിലൊന്നായ രജിസ്ട്രേഷൻ വകുപ്പ് ഇന്ന് ആധുനികീകരണത്തിന്റെ പാതയിലാണ്. ആധാരങ്ങൾ ഇപ്പോൾ ഓൺലൈനായി ചെയ്യുവാനുള്ള സൗകര്യം നടപ്പിലാക്കി. ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന പേൾ (PEARL-Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ നൽകിവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി രൂപംകൊടുത്ത പ്രധാനപ്പെട്ട പദ്ധതികൾ താഴെപ്പറയുന്നു.

1. ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ
2. പൊടിഞ്ഞുപോയ രജിസ്ട്രേഷൻ വാല്യങ്ങൾ പൂർവസ്ഥിതിയിലാക്കുന്നത്
3. രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ലഘൂകരണം
4. ഇ-സ്റ്റാമ്പിങ് സമ്പൂർണ്ണമായും നടപ്പാക്കൽ
5. ആധാര രജിസ്ട്രേഷനായി തീയതിയും സമയവും മുൻകൂർ നിശ്ചയിച്ചുകൊണ്ട്



ഇന്ത്യയിലെ ഏറ്റവും ആദ്യം രൂപവൽക്കൃതമായ വകുപ്പുകളിലൊന്നായ രജിസ്ട്രേഷൻ വകുപ്പ് ഇന്ന് ആധുനികീകരണത്തിന്റെ പാതയിലാണ്

ടോക്കൺ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം

6. ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള 'എനിവേർ രജിസ്ട്രേഷൻ' സൗകര്യം
7. ബാധ്യതസർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനിലൂടെ നൽകൽ
8. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം
9. വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം
10. ഗഹാനുകൾക്ക് പൂർണ്ണമായും ഓൺലൈൻ ഫയലിങ് സംവിധാനം
11. സ്റ്റാമ്പ് പേപ്പറുകൾ വാങ്ങിക്കുന്നതിന് ഇ-സ്റ്റാമ്പിങ് സൗകര്യം
12. എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ്, ഇ-പോസ് സൗകര്യം
13. വിദേശ ഇന്ത്യക്കാർക്ക് വളരെയേറെ പ്രയോജനകരമാകുന്ന എൻആർഐ ചിട്ടി രജിസ്ട്രേഷന് ഓൺലൈൻ സൗകര്യം
14. പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, സൊസൈറ്റി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്കായി പ്രത്യേക ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം

എന്നിങ്ങനെ ആധുനികീകരണംകൊണ്ട് രജിസ്ട്രേഷൻ വകുപ്പ് അടിമുടി മാറുകയാണ്.

ഇതോടൊപ്പം രജിസ്ട്രാർ ഓഫീസുകളും ആധുനിക സൗകര്യങ്ങളോടെയുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. 28 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടംപണി



കിഫ്ബി, പൊതുമരാമത്ത് ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ച് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കി.എല്ലാ രജിസ്ട്രാർ ഓഫീസിലും കോംപാക്ടർ സൗകര്യം എന്ന ലക്ഷ്യത്തോടടുക്കുന്നു.

തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിലെ 1968 മുതലുള്ള ആധാരങ്ങളും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലെ 1988 മുതലുള്ള ആധാരങ്ങളും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ 1998 മുതലുള്ള ആധാരങ്ങളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. 1998ന് മുൻപുള്ള റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്തുവരുന്നു.

രജിസ്ട്രേഷൻ വകുപ്പിലെ മുഴുവൻ പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റി ക്യാഷ്ലെസ് ഓഫീസാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ■

# പുരോഗതിയുടെ പാത

**കെ.ബി.ഗണേഷ്കുമാർ**
ഗതാഗതവകുപ്പ് മന്ത്രി

ഗതാഗതം ഒരു സംസ്ഥാനത്തിന്റെ ജീവൻരേഖയാണ്. നാം സ്കൂളിലേക്കും ജോലിസ്ഥലത്തേക്കും യാത്ര ചെയ്യുമ്പോഴും കർഷകർ ഉൽപ്പന്നങ്ങൾ മാർക്കറ്റിലേക്കെത്തിക്കുമ്പോഴും രോഗികൾ ആശുപത്രിയിലേക്കു പോകുമ്പോഴും അതിനുപിന്നിൽ ഗതാഗത സംവിധാനത്തിന്റെ കരുത്താണ്. കേരളം ഇന്ന് ഗതാഗത രംഗത്ത് വലിയൊരു മാറ്റത്തിന്റെ പാതയിലാണ്: സാങ്കേതികവിദ്യ, സുരക്ഷ, സേവനമനോഭാവം, പരിസ്ഥിതി ബോധം എന്നിവ ചേർന്നുയർന്ന പാതയിൽ.




കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി) 1938ലാണ് ആരംഭിച്ചത്. ഇന്ന് 5,200-ത്തിലധികം ബസുകൾ ഉപയോഗിച്ച് ദിവസേന 22 ലക്ഷത്തിലധികം യാത്രക്കാരെ കെഎസ്ആർടിസി സേവിക്കുന്നു. കെഎസ്ആർടിസിക്ക് കീഴിൽ ആകെ 93 ഡിപ്പോകൾ ഉണ്ട് ഇതിൽ 28 പ്രധാന ഡിപ്പോകളും 65 സബ്ഡിപ്പോകളുമാണ്. പ്രധാന ഡിപ്പോകൾ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, കൊല്ലം, ആലപ്പുഴ, മലപ്പുറം എന്നിവയാണ്.

കെഎസ്ആർടിസിയുടെ പ്രവർത്തനം ഇന്ന് ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയിരിക്കുകയാണ്. എല്ലാ ബസുകളിലും സ്ഥാപിച്ച Android Ticketing Machines (ATM) മുഖേന ടിക്കറ്റുകൾ നൽകുന്നു. Chalo App മുഖേന യാത്രക്കാർക്ക് ബസ് ട്രാക്ക് ചെയ്യാനും ടിക്കറ്റുകൾ ഓൺലൈനായി ബുക്ക് ചെയ്യാനും കഴിയും.

ഡിപ്പോകളിൽ സ്ഥാപിച്ച Passenger Information System (PIS) മുഖേന ബസുകളുടെ പുറപ്പെടൽ, എത്തിച്ചേരൽ സമയങ്ങൾ, റൂട്ടുകൾ തുടങ്ങിയ വിവരങ്ങൾ ഇലക്ട്രോണിക് സ്ക്രീനുകളിൽ തത്സമയം പ്രദർശിപ്പിക്കുന്നു. ഈ സംവിധാനം KSRTC Command & Control Centre (ICCC)-നൊപ്പം ബന്ധിപ്പിച്ചിരിക്കുന്നതിനാൽ യാത്രക്കാർക്ക് തത്സമയ വിവരങ്ങൾ ലഭിക്കുന്നു.

കെഎസ്ആർടിസിയുടെ ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ (ICCC) തിരുവനന്തപുരം ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്നു. ഇവിടെനിന്ന് എല്ലാ ബസുകളുടെയും സ്ഥാനം, സർവീസ് സമയങ്ങൾ, വരുമാനം, യാത്രാവിവരങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നു. ഇപ്പോൾ ഈ സെന്ററിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അതിലൂടെ എല്ലാ ഡിപ്പോകളെയും യഥാർഥ സമയത്തിൽ ബന്ധിപ്പിക്കുന്ന സ്മാർട്ട് മോണിറ്ററിങ് നെറ്റ്വർക്ക് രൂപപ്പെടുന്നു.

ഡിപ്പോകളിലെ വണ്ടി പരിപാലനത്തിനും സ്പെയർ പാർട്സ് മാനേജ്മെന്റിനുമായി കെഎസ്ആർടിസി വികസിപ്പിച്ച 'E sutharyam-Inventory Management System' പ്രവർത്തനത്തിലുണ്ട്. ഇതിലൂടെ എല്ലാ ഡിപ്പോകളിലെ സ്റ്റോർ വിഭാഗങ്ങൾ ഓൺലൈനായി ബന്ധിപ്പിച്ചിരിക്കുന്നു. സ്പെയർ പാർട്സുകളുടെ ലഭ്യത, സ്റ്റോക്ക് നില, ആവശ്യങ്ങൾ, വിതരണങ്ങൾ എന്നിവ തത്സമയം നിരീക്ഷിക്കപ്പെടുന്നു. ഇതുവഴി പാഴ്ച്ചെലവ് കുറയുകയും വണ്ടികളുടെ സർവീസ്



> ഡിപ്പോകളിൽ സ്ഥാപിച്ച Passenger Information System (PIS) മുഖേന ബസുകളുടെ പുറപ്പെടൽ, എത്തിച്ചേരൽ സമയങ്ങൾ, റൂട്ടുകൾ തുടങ്ങിയ വിവരങ്ങൾ ഇലക്ട്രോണിക് സ്ക്രീനുകളിൽ തത്സമയം പ്രദർശിപ്പിക്കുന്നു. ഈ സംവിധാനം KSRTC Command & Control Centre (ICCC)-നൊപ്പം ബന്ധിപ്പിച്ചിരിക്കുന്നതിനാൽ യാത്രക്കാർക്ക് തത്സമയ വിവരങ്ങൾ ലഭിക്കുന്നു




സമയങ്ങൾ മെച്ചപ്പെടുകയും ചെയ്യുന്നു.

വിദ്യാർഥികൾക്കായി കെഎസ്ആർടിസി നടപ്പിലാക്കിയ Online Concession Card Portal വഴി 1,20,030 വിദ്യാർഥികൾക്ക് കൺസെഷൻ അംഗീകരിച്ചു. അതിൽ 38,863 വിദ്യാർഥികൾക്ക് RFID കാർഡുകൾ വിതരണം ചെയ്തു. അതുപോലെ കാൻസർ ചികിത്സയ്ക്കായി യാത്ര ചെയ്യുന്ന രോഗികൾക്കായി Happy Long Life Card പദ്ധതി നടപ്പിലാക്കി, ആറുമാസത്തേക്ക് സൗജന്യ യാത്രാസൗകര്യം നൽകുന്നു.

പരിസ്ഥിതി സൗഹൃദപരമായി കെഎസ്ആർടിസി 165 ഇലക്ട്രിക് ബസുകൾ സർവീസിൽ ഇറക്കിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ (ICCC) വഴി നിരീക്ഷിക്കുന്നു. ഇതിലൂടെ കാർബൺ ഉൽപാദനം കുറയ്ക്കുകയും ശുദ്ധമായ യാത്രാ അന്തരീക്ഷം ഉറപ്പാക്കുകയും ചെയ്യുന്നു.

മോട്ടോർ വാഹന വകുപ്പ് (MVD) സംസ്ഥാനത്തിന്റെ റോഡ് സുരക്ഷ ഉറപ്പാക്കാൻ നിരവധി നവീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ലൈസൻസ്, രജിസ്ട്രേഷൻ, നികുതി അടിക്കൽ തുടങ്ങിയ സേവനങ്ങൾ ഇപ്പോൾ പൂർണ്ണമായും ഓൺലൈനായി ലഭ്യമാണ്. സംസ്ഥാനത്തെ 1,200-ത്തിലധികം സ്ഥലങ്ങളിൽ എ.ഐ അടിസ്ഥാനത്തിലുള്ള ക്യാമറകൾ പ്രവർത്തിക്കുന്നു. Safe Kerala Project മുഖേന വിദ്യാർഥികളിലും പൊതുജനങ്ങളിലും ട്രാഫിക് ബോധവൽകരണം ശക്തമാക്കുന്നു.


ഇങ്ങനെ കെഎസ്ആർടിസിയുടെ ഡിജിറ്റൽ സംവിധാനങ്ങളും, Passenger Information System (PIS), Esutharyam - Inventory Management System, ICCC വിപുലീകരണം, കൂടാതെ MVD യുടെ എ.ഐ ക്യാമറകളും ചേർന്ന് കേരളത്തെ ഗതാഗത നവീകരണത്തിന്റെ മാതൃകാസംസ്ഥാനമാക്കി മാറ്റുന്നു.

കുട്ടികളായ നിങ്ങളാണ് ഈ യാത്രയുടെ ഭാവി. ട്രാഫിക് നിയമങ്ങൾ പാലിക്കുക, പൊതുയാത്ര പ്രോത്സാഹിപ്പിക്കുക, പ്രകൃതിയെ സംരക്ഷിക്കുക - അതാണ് ഉത്തരവാദിത്വമുള്ള യാത്രികന്റെ ലക്ഷണം. ഗതാഗതം വെറും യാത്രയല്ല; അത് പുരോഗതിയുടെ പാതയാണ്. ■

# കൃഷിഭൂമി കർഷകനു നൽകിയ ഭൂപരിഷ്കരണം

**ഡോ. ടി.എം. തോമസ് ഐസക്**
മുൻ ധനകാര്യ വകുപ്പ് മന്ത്രി

സ്വാതന്ത്ര്യത്തിനുശേഷം കേരളം കണ്ട ഏറ്റവും വലിയ മാറ്റം ഭൂപരിഷ്കരണത്തിന്റേതാണ്. കേരളത്തിലുടനീളം ഭൂവുടമ ബന്ധങ്ങൾ ഏകമാന സ്വഭാവത്തിൽ ഉള്ളവയായിരുന്നില്ല. എങ്കിലും പൊതുവേ പറഞ്ഞാൽ മൂന്ന് വിഭാഗങ്ങളാണ് കാർഷികമേഖലയിൽ ഉണ്ടായിരുന്നത്. ഭൂമിയുടെ ഉടമസ്ഥരും എന്നാൽ ഭൂമിയിൽ പണിയെടുക്കാത്തവരുമായ ജന്മിമാർ. അവരിൽ നിന്ന് ഭൂമി പാട്ടത്തിന് എടുത്തുകൊണ്ടോ അല്ലെങ്കിൽ സ്വന്തം ഭൂമിയിലോ കൃഷി ചെയ്യുന്ന കൃഷിക്കാർ. കൃഷി ഭൂമിയിൽ പണിയെടുക്കുന്ന ഭൂരഹിതരായ കർഷകത്തൊഴിലാളികൾ.





> സമഗ്ര കാർഷിക പരിഷ്കാരമാണ് നമ്മുടെ ലക്ഷ്യം. കോർപ്പറേറ്റുകളുടെ മേധാവിത്വത്തിലുള്ള കൃഷിയെ നിയോലിബറൽ സമീപനത്തിനു പകരം കൃഷിക്കാരുടെ കൂട്ടായ്മയെ അടിസ്ഥാനമാക്കിയുള്ള കാർഷിക അഭിവൃദ്ധി എന്നതാണ് നമ്മുടെ കാഴ്ചപ്പാട്

## ഭൂവുടമ ബന്ധങ്ങൾ - മലബാറും തിരു-കൊച്ചിയും

പഴയ മലബാർ പ്രദേശത്ത് സ്വന്തമായി ഭൂമിയുള്ള കൃഷിക്കാരുടെ എണ്ണം വളരെ ചെറുതായിരുന്നു. അവിടെ ജന്മിത്തമാണ് കൊടികുത്തിവാണിരുന്നത്. പാട്ടവും മറ്റു നിർബന്ധിത പിരിവും കഴിഞ്ഞാൽ കൃഷിക്കാരനു മിച്ചമൊന്നും ഉണ്ടാവാറില്ല. കർഷകത്തൊഴിലാളിക്കാണെങ്കിൽ പട്ടിണിക്കൂലിയും. ഈ ജന്മിവ്യവസ്ഥയ്ക്ക് എതിരായിട്ടാണ് മലബാറിൽ കർഷകപ്രസ്ഥാനം വളർന്നുവന്നത്. സ്വാതന്ത്ര്യത്തിനുശേഷം മര്യാദപ്പാട്ടം മദിരാശി സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞു. പക്ഷെ കുടിയൊഴിപ്പിക്കൽ ബാധ തീർന്നില്ല. തിരു-കൊച്ചി പ്രദേശത്ത് സ്വന്തം ഭൂമിയുള്ള കൃഷിക്കാരുടെ എണ്ണം താരതമ്യേന കൂടുതലായിരുന്നു. അതുകൊണ്ട് വാണിജ്യകൃഷി ശക്തിപ്പെട്ടത് ഇവിടെയായിരുന്നു. കർഷകത്തൊഴിലാളികളുടെ എണ്ണം താരതമ്യേന മലബാറിനെ അപേക്ഷിച്ച് കുറവായിരുന്നു. സമ്പന്ന വാണിജ്യകൃഷിക്കാരും നാണ്യവിളകളുടെ വിപണനത്തിലും സംസ്കരണത്തിലും ഏർപ്പെട്ടിരുന്ന കച്ചവടക്കാരും വ്യവസായികളും ആയിരുന്നു തിരുവിതാംകൂറിൽ സാമൂഹിക പരിഷ്കരണത്തിനും മറ്റും പിന്നിൽ പ്രവർത്തിച്ച സാമൂഹികശക്തികൾ.

## 1957-ലെ ആദ്യ സർക്കാർ

1957-ൽ ആദ്യത്തെ ഇഎംഎസ് സർക്കാർ അധികാരമേറ്റ ഉടനെ ഒഴിപ്പിക്കൽ നിരോധിച്ചുകൊണ്ട് നിയമം പാസാക്കി. ഇതിനെത്തുടർന്ന് കടാശ്വാസം, അക്രമപ്പിരിവുകൾ അവസാനിപ്പിക്കൽ, ചമയങ്ങൾക്കുള്ള നഷ്ടപരിഹാരം കൊടുക്കൽ തുടങ്ങിയ ഉത്തരവുകൾ ഇറങ്ങി. ഇതിനെ തുടർന്നാണ് സമഗ്രമായ കാർഷിക നിയമം അവതരിപ്പിച്ചത്. മര്യാദപ്പാട്ടം താഴ്ത്തി നിശ്ചയിച്ചു. അതിന്റെ നിശ്ചിതമടങ്ങ് വില നൽകിയാൽ കൃഷിക്കാരനു ഭൂമി ഉടമസ്ഥനാകാം. അതോടൊപ്പം വ്യക്തിക്ക് 7.5 ഏക്കറും കുടുംബത്തിന് 15 ഏക്കറും ഭൂപരിധിയും നിശ്ചയിച്ചു. 7.5 ലക്ഷം ഏക്കർ മിച്ചഭൂമി ഉണ്ടാകുമായിരുന്നു. ഇത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കു കൃഷിഭൂമിയായി നൽകും. ഇതായിരുന്നു



1957-ലെ ആദ്യ മന്ത്രിസഭയിലെ അംഗങ്ങൾ



കാർഷിക നിയമത്തിന്റെ ഉള്ളടക്കം. പ്ലാനിങ്ങ് കമ്മീഷന്റെ നിർദേശപ്രകാരം തോട്ടവിളകളെ ഭൂപരിഷ്കരണത്തിൽ നിന്നും ഒഴിവാക്കേണ്ടിവന്നു. എന്നിട്ടും നിയമസഭ പാസ്സാക്കിയ ബില്ലിന് അംഗീകാരം നൽകാതെ രാഷ്ട്രപതി തടഞ്ഞുവച്ചു. വിമോചനസമരത്തെത്തുടർന്ന് സർക്കാരിനെ പിരിച്ചുവിടുകയും ചെയ്തു.

1957 ഡിസംബർ 18-നും 1960 ജൂലൈ 27-നും ഇടയിൽ 10 ലക്ഷം ഭൂമി കൈമാറ്റ ഇടപാടുകൾ നടന്നു. ഭൂപരിധി വ്യവസ്ഥയെ അട്ടിമറിക്കാൻ വൻതോതിൽ കൈമാറ്റങ്ങൾ നടന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കാർഷിക പരിഷ്കരണ നിയമത്തിൽ 1957-നുശേഷം നടന്നിട്ടുള്ള വസ്തു കൈമാറ്റങ്ങൾ അസാധുവാക്കുന്നതിനുള്ള വകുപ്പ് കേന്ദ്രതലത്തിൽ അട്ടിമറിക്കപ്പെട്ടു. 1963 ൽ ഭൂപരിഷ്കരണ വ്യവസ്ഥകളെ വീണ്ടും ദുർബലപ്പെടുത്തി പുതിയ നിയമം പാസ്സാക്കി. ഈ നിയമത്തിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ വി. ആർ. കൃഷ്ണയ്യർ എഴുതിയ വിയോജനക്കുറിപ്പിൽ ഇവയൊക്കെ തുറന്ന് കാണിച്ചിരുന്നു. 1967-ലെ ഇഎംഎസ് സർക്കാർ വീണ്ടും സമഗ്രമായ ഭൂപരിഷ്കരണ നിയമത്തിനു രൂപം നൽകാൻ നടപടി സ്വീകരിച്ചു. അപ്പോഴേക്കും 7.5 ലക്ഷം ഏക്കർ മിച്ചഭൂമിയിൽ നല്ലൊരുപങ്കും തിരിമറി ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. അവസാനം 1970-ലാണ് ഭൂപരിഷ്കരണ നിയമം

## കർഷകത്തൊഴിലാളികൾ

5.3 ലക്ഷം കുടികിടപ്പുകാർക്ക് കുടികിടപ്പ് അവകാശം ലഭിച്ചു. ഇത് അവരുടെ വിലപേശൽ കഴിവ് ഉയർത്തി. കർഷകത്തൊഴിലാളികളുടെ കൂലി അനുക്രമമായി ഉയരാൻ തുടങ്ങിയത് ഭൂപരിഷ്കരണത്തോടെയാണ്. പക്ഷെ കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി ലഭിച്ചില്ല. മിച്ചഭൂമി തിരിമറി ചെയ്യപ്പെട്ടു. ഒരുലക്ഷം ഏക്കർ മിച്ചഭൂമി മാത്രമേ ഏറ്റെടുക്കാൻ കഴിഞ്ഞുള്ളൂ. നാം മുമ്പ് കണ്ടതുപോലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട മിച്ചഭൂമി അട്ടിമറിക്കപ്പെട്ടു. ഇതിനുപുറമെ പല കാലഘട്ടങ്ങളിലായി കൊണ്ടുവന്ന ഇഷ്ടദാനവ്യവസ്ഥകൾ പോലുള്ള ഭേദഗതികളും മിച്ചഭൂമി തട്ടിയെടുക്കുന്നതിന് ഭൂപ്രഭുക്കന്മാരെ സഹായിച്ചു.

പാസായത്. എന്തൊക്കെ പരിമിതികളുണ്ടെങ്കിലും ഭൂപരിഷ്കരണം കേരളത്തിലെ ഭൂവുടമബന്ധങ്ങളിലും ജാതിശ്രേണി ബലാബലത്തിലും കർഷകത്തൊഴിലാളികളുടെ വിലപേശൽ കഴിവിലും സാമൂഹിക വിദ്യാഭ്യാസ-ആരോഗ്യ പുരോഗതിയിലും നിർണായകമായ മാറ്റങ്ങൾ വരുത്തി.

## ഭൂമിയുടെ പുനർവിതരണം

1966-67-ൽ ഭൂപരിഷ്കരണത്തിനുമുമ്പ് കേരളത്തിലെ കൃഷി ഭൂമിയിൽ 30 ശതമാനവും പതിനായിരത്തോളം വരുന്ന വൻകിട ഭൂവുടമകളുടെ ഉടമസ്ഥതയിലായിരുന്നു. യഥാർഥത്തിൽ ഭൂമിയുടെ കേന്ദ്രീകരണത്തിന്റെ ഈ കണക്ക് പൂർണ്ണമല്ല. 1966-67-ലെ സർവേയിൽ അമ്പലഭൂമികൾ, രാജകുടുംബങ്ങളുടെയും നാട്ടുവാഴികളുടെയും ഭൂമികൾ തുടങ്ങിയവ ഒഴിവാക്കിയിരുന്നു. ഇവരുടെ കൈവശം 10 ലക്ഷം ഏക്കർ ഭൂമി ഉണ്ടായിരുന്നതായിട്ടാണു കണക്കാക്കപ്പെടുന്നത്. എന്നുവച്ചാൽ ഏറ്റവും യാഥാസ്ഥിതികമായി കണക്കാക്കിയാൽപ്പോലും കൃഷിഭൂമിയുടെ 40 ശതമാനത്തോളം ഭൂമി 0.7 ശതമാനം മാത്രം വരുന്ന വൻകിട ഭൂവുടമകളുടെ ഉടമസ്ഥതയിലായിരുന്നു. ഭൂപരിഷ്കരണത്തിനുശേഷം ഈ വൻകിട ഭൂവുടമസ്ഥർ ഇല്ലായ്മ ചെയ്യപ്പെട്ടു. കൃഷി ഭൂമി ജന്മിമാരുടെ കൈയിൽ നിന്ന് കൃഷിക്കാരുടെ കൈയിലേക്ക മാറി. ഈ കൃഷിക്കാർ വൻകിടക്കാർ ആയിരുന്നോ അല്ലയോ എന്നതാണ് അടുത്ത പ്രശ്നം.

> ഭൂപരിഷ്കരണം കേരളത്തിലെ ജാതി മേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. പരമ്പരാഗത ജന്മിസമൂഹത്തിൽ ഉയർന്ന ജാതിക്കാരായിരുന്നു ജന്മിമാരും വലിയ കാണക്കുടിയാന്മാരും



ഭൂപരിഷ്കരണത്തിനുമുമ്പ് 1966-67-ൽ കേരളത്തിൽ 12.7 ലക്ഷം കുടിയാന്മാർ ഉണ്ടായിരുന്നു. അവരിൽ 11.6 ലക്ഷം കുടിയാന്മാർക്ക് അഞ്ച് ഏക്കറിൽ താഴെയേ കൈവശഭൂമി ഉണ്ടായിരുന്നുള്ളൂ. അവരുടെ കൈവശഭൂമിയിൽ 83 ശതമാനവും, അതായത് 10.7 ലക്ഷം ഏക്കർ ഭൂമിയും പാട്ടത്തിന് എടുത്തിട്ടുള്ളതായിരുന്നു. എന്നുവച്ചാൽ ഭൂപരിഷ്കരണത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ അഞ്ച് ഏക്കറിൽ താഴെയുള്ള കൃഷിക്കാരായിരുന്നു. അതേസമയം, 15 ഏക്കറിൽ താഴെ കൈവശഭൂമി ഉണ്ടായിരുന്ന വൻകിട കുടിയാന്മാർക്ക് മൊത്തം പാട്ടഭൂമിയുടെ 16.6 ശതമാനമേ കൈവശമുണ്ടായിരുന്നുള്ളൂ. അങ്ങനെ 28 ലക്ഷം കുടിയാന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു.

## സാമൂഹികനീതിയും ഭൂപരിഷ്കരണവും

ഭൂപരിഷ്കരണം കേരളത്തിലെ ജാതി മേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. പരമ്പരാഗത ജന്മിസമൂഹത്തിൽ ഉയർന്ന ജാതിക്കാരായിരുന്നു ജന്മിമാരും വലിയ കാണക്കുടിയാന്മാരും. വെറും പാട്ടക്കാർ താഴ്ന്ന ജാതിയിൽപ്പെട്ടവർ ആയിരുന്നു. ജാതി അടിസ്ഥാനത്തിൽ ഭൂമി ഉടമസ്ഥത എടുത്താൽ 70 ശതമാനത്തിലേറെ ഉടമസ്ഥത മുന്നോക്കവിഭാഗങ്ങളുടെ കൈവശമായിരുന്നു. ഇതിൽ വലിയൊരു പൊളിച്ചെഴുത്ത് നടന്നു. പട്ടകജാതി-പട്ടികവർഗങ്ങൾക്കും മറ്റും കൃഷി ഭൂമി ലഭിച്ചില്ലെങ്കിലും പിന്നാക്ക ജാതികൾക്കും സമുദായങ്ങൾക്കും വലിയ തോതിൽ ഭൂമി ലഭിച്ചു. ഇതു സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ ആരംഭിച്ച ജാതി ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള പരിശ്രമങ്ങളെ യുക്തിസഹമായ പര്യവസാനത്തിലേക്ക നയിച്ചു.

## വിദ്യാഭ്യാസ, ആരോഗ്യ പുരോഗതി

ഭൂപരിഷ്കരണത്തെത്തുടർന്ന് ഉണ്ടായ മറ്റൊരു വലിയ മാറ്റം വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് ഓരോ കാനേഷുമാരി കണക്ക് കഴിയുമ്പോഴും മലബാറും തിരു-കൊച്ചിയും തമ്മിൽ സാക്ഷരതയിലുള്ള അന്തരം വർധിച്ചുവരുന്നതായിട്ടാണു കാണാൻ കഴിയുന്നത്. തിരു-കൊച്ചി

യെ അപേക്ഷിച്ച് മലബാർ പിന്നോക്കം പൊയ്ക്കൊണ്ടിരുന്നു. ഇതുതന്നെയാണ് ജീവിതായുസ്സ്, ശിശുമരണ നിരക്ക് തുടങ്ങിയ ആരോഗ്യ സൂചികകൾ എടുത്താലും കാണാൻ കഴിയുക. മലബാറിൽ നിലനിന്നിരു കടുത്ത ജന്മിസമ്പ്രദായത്തിന്റെ പരിണിത ഫലമായി രുന്നു ഇത്. ഈ സ്ഥിതിവിശേഷം ഭൂപരിഷ്കര ണത്തോടെ മാറി. മലബാറും തിരു-കൊച്ചിയും തമ്മിലുള്ള അന്തരം കുറഞ്ഞുവന്നു. 1957-ലെ ഭൂപരിഷ്കരണങ്ങൾക്കു ശേഷം പ്രകടമായ ഈ പ്രവണത ഭൂപരിഷ്കരണത്തോടെ അതി ശക്തമായി. അങ്ങനെ കേരളത്തിന്റെ സർവ തോന്മുഖമായ പുരോഗതിക്ക് ഭൂപരിഷ്കരണം അസ്ഥിവാരമിട്ടു. എന്നാൽ ഭൂപരിഷ്കരണ ത്തിനുശേഷവും പ്രതീക്ഷിച്ചതുപോലെ കാർഷി കോത്പാദനം മുരടിച്ചുതന്നെ തുടർന്നു. ഇതു വലിയൊരു പ്രഹേളികയായിട്ടാണു പലരും കാണുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്?

## എന്തുകൊണ്ട് കാർഷിക മുരടിപ്പ്?

കേരളത്തിലെ ഭൂപരിഷ്കരണം ബംഗാളിലെ പോലെ കാർഷിക വളർച്ചയിൽ കുതിച്ചുചാട്ടം സൃഷ്ടിച്ചില്ല എന്നതു യാഥാർഥ്യമാണ്. ബംഗാളും കേരളവുമായിട്ടുള്ള ഒന്നാമത്തെ വ്യത്യാസം നമ്മുടെ വാണിജ്യവിളകളുടെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതു വിദേശ കമ്പോളത്തിലെ പ്രവണതകളാണെന്നതാണ്. ആഗോളവൽക്കരണ ഇറക്കുമതി നിയമം നാണ്യവിളകളുടെ വില കുത്തനെ ഇടിച്ചു. കൃഷി അനാദായകര മായി. 80-കളുടെ അവസാനം കേരളത്തിലെ കാർഷിക മേഖലയിൽ പ്രത്യക്ഷപ്പെടാൻ തുട ങ്ങിയ കുതിപ്പ് 90-കളുടെ അവസാനത്തോടെ അപ്രത്യക്ഷമായി. ദേശീയതലത്തിൽ കാർഷി കവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം തീർത്തുകൊണ്ടേ ഈ പ്രശ്നത്തി നു പരിഹാരം കാണാനാവൂ.

നാം താരതമ്യേന ഫലപ്രദമായി നടപ്പാക്കിയത് ഭൂപരിഷ്കരണമാണ്. ഇതോടൊപ്പം നടപ്പിലാ ക്കേണ്ട മറ്റുപല കാർഷിക പരിഷ്കരണ നടപ ടികളും കേരളത്തിൽ നടപ്പാക്കിയില്ല. ബംഗാളി ലാവട്ടെ വികേന്ദ്രീകൃത ആസൂത്രണമടക്കമുള്ള നടപടികൾ ഭൂപരിഷ്കരണത്തിന്റെ തുടർച്ച യായി നടപ്പാക്കപ്പെട്ടു. കൃഷിക്കാരനു കൃഷിഭൂമി കിട്ടിയതുകൊണ്ട് മാത്രമായില്ല. കൃഷി അഭിവൃ ദ്ധിപ്പെടണമെങ്കിൽ ആവശ്യമായ വെള്ളവും വളവും വിത്തും വായ്പയും വിപണന സൗക ര്യങ്ങളുമെല്ലാം നല്ല രീതിയിൽ ലഭ്യമാക്കണം. ഇക്കാര്യത്തിൽ നാം വേണ്ടത്ര ശ്രദ്ധചെലുത്തി യിട്ടില്ല.

## സമഗ്ര കാർഷിക പരിഷ്കാര അജണ്ട

സമഗ്ര കാർഷിക പരിഷ്കാരമാണ് നമ്മുടെ ലക്ഷ്യം. കോർപ്പറേറ്റുകളുടെ മേധാവിത്വത്തില്ല



ള്ള കൃഷിയെ നിയോലിബറൽ സമീപനത്തിനു പകരം കൃഷിക്കാരുടെ കൂട്ടായ്മയെ അടിസ്ഥാനമാക്കിയുള്ള കാർഷിക അഭിവൃദ്ധി എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. ഇതിനായി താഴെപ്പറയുന്ന കാർഷിക പരിഷ്കാരങ്ങൾ അനിവാര്യമാണ്.

> ഭൂപരിഷ്കരണം തുടങ്ങിവച്ച കാർഷികപരിഷ്കാരം കേരളത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. അതാവട്ടെ കാർഷിക മേഖലയിൽ ഇന്ത്യയിൽ നടപ്പാക്കാൻ ശ്രമിക്കുന്ന കോർപ്പറേറ്റ് അജണ്ടകൾക്കു ബദലായ ഒരു സമീപനവുമായിരിക്കണം

1) നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണത്തിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മാസ്റ്റർപ്ലാനുകൾ ഉണ്ടാവണം. ചെറുനീർത്തടാടിസ്ഥാനത്തിൽ മാത്രമല്ല, നദീതടം വരെ ഇത്തരത്തിൽ മാസ്റ്റർപ്ലാനുകൾക്കു രൂപം നൽകണം.

2) ലഭ്യമായ വെള്ളത്തിന്റെ അളവും മണ്ണിന്റെ സ്വഭാവവും കണക്കിലെടുത്ത് ഏലാകൾക്കും പുരയിടങ്ങൾക്കും ശാസ്ത്രീയ വിളക്രമം സ്വീകരിക്കണം. പുരയിടങ്ങളിൽ ഫലവൃക്ഷവിളകൾ പ്രോത്സാഹിപ്പിക്കണം. ശാസ്ത്രീയ നെൽകൃഷി രീതികൾ അവലംബിക്കണം. അനുയോജ്യമായ സംഘകൃഷി രീതികൾ ഉപയോഗപ്പെടുത്തണം.

3) കാർഷികോൽപ്പങ്ങളുടെ മൂല്യവർധനവിന് കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ പോലുള്ളവ ഉപയോഗപ്പെടുത്തി കാർഷിക സംസ്കരണ വ്യവസായങ്ങൾക്കു രൂപം നൽകണം. ഇതുമായി സംഭരണത്തെ ബന്ധപ്പെടുത്താം.

4) കാർഷിക കർമ്മസേന, ലേബർ ബാങ്കുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ കർഷകത്തൊഴിലാളികൾക്കു മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥ ഉറപ്പുവരുത്തണം. കുടുംബശ്രീ സംഘകൃഷി നല്ലൊരു അനുഭവമാണ്. വായ്പ നൽകുക മാത്രമല്ല, നാനാവിധ സേവനങ്ങൾ നൽകുന്നതിനും കാർഷിക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾക്കു വലിയ പങ്കുവഹിക്കാനാവും.

5) അധികാരവികേന്ദ്രീകരണത്തെ കാർഷിക പരിഷ്കരണത്തിന്റെ ഭാഗമായിട്ടാണു കാണേണ്ടത്. കൃഷിഭൂമി കിട്ടിയ കൃഷിക്കാരൻ തങ്ങളുടെ കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിന് ഓരോ പ്രദേശത്തും എന്തുചെയ്യണമെന്നു കൂട്ടായി തീരുമാനിക്കാനുള്ള അവകാശമാണ് അധികാരവികേന്ദ്രീകരണം സൃഷ്ടിക്കുന്നത്. ജനകീയാസൂത്രണം ഇത്തരമൊരു സമഗ്രസമീപനത്തിനുള്ള വികസന കേരളത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വിപുലമായ ജനകീയ ഇടപെടലിലൂടെ മാത്രമേ കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ഐക്യം ഉറപ്പുവരുത്തുന്നതിനും കഴിയൂ.

തോട്ടഭൂമി തോട്ടങ്ങളായിത്തന്നെ സംരക്ഷിക്കണം. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതോടൊപ്പം പരമാവധി മൂല്യവർധിത ഉൽപ്പന്നങ്ങളായി മാറ്റേണ്ടതും പ്രധാനമാണ്. തോട്ടം തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് ചെറിയൊരു ശതമാനം ഭൂമി തിരഞ്ഞെടുത്ത ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നതിനും ഫാം ടൂറിസത്തിനുമായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. അതോടൊപ്പം മിച്ചഭൂമി വിതരണം പൂർത്തീകരിക്കണം.

അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടഭൂമി ഏറ്റെടുക്കണം. പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തതയിലേക്കു നാം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനായി വീട്ടുവളപ്പുകളിലെ മൃഗപരിപാലനത്തോടൊപ്പം ഫാമുകളെയും പ്രോത്സാഹിപ്പിക്കണം. മത്സ്യകൃഷി സാധ്യതകളെ നാം പ്രയോജനപ്പെടുത്തിയിട്ടില്ല. ബ്ലൂ ഇക്കണോമി നയത്തിനെ എതിർത്തുകൊണ്ട് സമുദ്രപരിഷ്കാരം നിയമം പാസാക്കുന്നതിന്റെ സാധ്യതകൾ ആരായണം. മത്സ്യമൂല്യവർധിത ഉൽപ്പന്നങ്ങൾ, തീരദേശത്തെ തൊഴിൽ വൈവിധ്യവൽക്കരണം, പുനർഗേഹം പദ്ധതി, തീരസംരക്ഷണം എന്നിവ മുൻഗണന നൽകി സർക്കാർ ഏറ്റെടുത്തിട്ടുള്ളവയാണ്.

ചുരുക്കത്തിൽ ഭൂപരിഷ്കരണം തുടങ്ങിവച്ച കാർഷികപരിഷ്കാരം കേരളത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. അതാവട്ടെ കാർഷിക മേഖലയിൽ ഇന്ത്യയിൽ നടപ്പാക്കാൻ ശ്രമിക്കുന്ന കോർപ്പറേറ്റ് അജണ്ടകൾക്കു ബദലായ ഒരു സമീപനവുമായിരിക്കണം. ■

# ചരിത്രനേട്ടത്തിലേക്ക് ഒരു ചുവട്

**എം. ബി. രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി



അതിദാരിദ്ര്യം സമ്പൂർണ്ണമായി നിർമ്മാർജനം ചെയ്യപ്പെടുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുകയാണ്. 2025 നവംബർ ഒന്നിന്റെ കേരളപ്പിറവി ദിനത്തിൽ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതോടെ ചൈനക്കു ശേഷം ഇത്തരമൊരു നേട്ടം കൈവരിക്കുന്ന ലോകത്തിലെ രണ്ടാമത്തെ ഭൂപ്രദേശമായി കേരളം മാറും. ജനാധിപത്യ-മതനിരപേക്ഷ കേരളത്തിന്റെ മറ്റൊരു നേട്ടം. ലോകശ്രദ്ധ നേടിയ കേരള വികസന മാതൃകയിലൂടെ കൈവരിച്ച ബഹുമുഖമായ പുരോഗതിയുടെ ഭാഗമായി അനിവാര്യമായും കൈവരിക്കേണ്ട ഒരു നേട്ടം നേടിയെന്ന ചാരിതാർഥ്യമാണ് ഇത് സംബന്ധിച്ചുള്ളത്. മുഖ്യമന്ത്രിയുടെ മാർഗനിർദേശത്തിനു കീഴിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൂട്ടായതും ഏകോപിതവുമായ പ്രവർത്തനത്തിലൂടെയാണ് ഈ നേട്ടത്തിലേക്ക് നാം എത്തുന്നത്.

രണ്ടാം പിണറായി സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത ആദ്യ ദിവസമായ 2021 മെയ് 20ന് ചേർന്ന മന്ത്രി



> കേരളത്തിലെ പുരോഗമന സർക്കാരുകൾ തുടർച്ചയായി സ്വീകരിച്ച നടപടികൾ, നിയമനിർമ്മാണങ്ങൾ എന്നിവ പരിശോധിച്ചാൽ, പാവപ്പെട്ടവരോടും പണിയെടുക്കുന്നവരോടുമുള്ള അചഞ്ചലമായ പ്രതിബദ്ധത കാണാവുന്നതാണ്.

സഭാ യോഗമാണ് അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുമെന്ന ചരിത്രപരമായ തീരുമാനമെടുത്തത്. ഈ സർക്കാരിന്റെ മുൻഗണന വ്യക്തമാക്കുന്ന പദ്ധതിയാണിത്. നിസ്വവർഗ പക്ഷപാതിത്വത്തിന്റെ ഉദാഹരണവും. ദാരിദ്ര്യം ഏറെക്കുറെ തുടച്ചുനീക്കിയ സംസ്ഥാനമാണ് കേരളം. ബഹുമുഖ ദാരിദ്ര്യ സൂചികയിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനമായി നീതി ആയോഗ് കണ്ടെത്തിയത് കേരളത്തെയാണ്. 2023 ൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച ബഹുമുഖ ദാരിദ്ര്യ സൂചികയിൽ കേരളത്തിലെ ദരിദ്രർ സംസ്ഥാന ജനസംഖ്യയുടെ 0.55 ശതമാനം മാത്രമാണ്. 1973-74 ൽ കേരളത്തിലെ ദരിദ്രർ സംസ്ഥാന ജനസംഖ്യയുടെ 59.74 ശതമാനമായിരുന്നു. 2011-12 ആയപ്പോൾ അത് 11.3 ശതമാനമായി കുറഞ്ഞു. 2023 ൽ 0.55 ശതമാനമായി. തീരെ ചെറിയ ഒരു വിഭാഗമായിരുന്നു അതിദരിദ്രർ. പക്ഷെ അത്രയും ചെറിയൊരു വിഭാഗത്തെ ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുന്നതിനാണ് ഈ സർക്കാർ പ്രഥമ പരിഗണന നൽകിയത്. അതുകൊണ്ടാണ് അവർക്കായി പ്രത്യേക പദ്ധതി രൂപീകരിച്ച് കേരളത്തെ അതിദാരിദ്ര്യ മുക്തമാക്കാൻ 2021ൽ അധികാരമേറ്റ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആദ്യ മന്ത്രിസഭാ യോഗത്തിൽ തന്നെ തീരുമാനിച്ചത്.

കേരളത്തിലെ പുരോഗമന സർക്കാരുകൾ തുടർച്ചയായി സ്വീകരിച്ച നടപടികൾ, നിയമനിർമ്മാണങ്ങൾ എന്നിവ പരിശോധിച്ചാൽ, പാവപ്പെട്ടവരോടും പണിയെടുക്കുന്നവരോടുമുള്ള അചഞ്ചലമായ പ്രതിബദ്ധത കാണാവുന്നതാണ്. കൃഷിഭൂമി കർഷകരിലെത്തിക്കുന്നതിനും സാധാരണ ജനങ്ങളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ജനങ്ങൾക്ക് വിവിധ ക്ഷേമസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ആരോഗ്യരക്ഷാ സംവിധാനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതുമടക്കമുള്ള വിവിധങ്ങളായ വികസന, ക്ഷേമപദ്ധതികൾ പരിശോധിച്ചാൽ ജനങ്ങളുടെ ക്ഷേമവും നാടിന്റെ വികസനവുമെന്ന അടിയുറച്ച ലക്ഷ്യം കാണാൻ കഴിയും. പല ഘട്ടങ്ങളിൽ നടപ്പാക്കിയ വ്യത്യസ്തങ്ങളായ പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിതം മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞെങ്കിലും വളരെ ചെറിയൊരു ന്യൂനപക്ഷം പ്രാന്തവൽക്കരിക്കപ്പെട്ട് അതിദരിദ്രരായി തുടരുന്നുവെന്ന് കണ്ടെത്തി. അവരുടെ കഷ്ടപ്പാടുകൾ തീർക്കുകയെന്നതിന് ഒന്നാമത്തെ പരിഗണന നൽകുകയാണ് ചെയ്തത്. അതുകൊണ്ടാണ് സർക്കാരിന്റെ അഭിമാന പദ്ധതിയായി അതി



കേരളീയം പരിപാടിയിൽ 47.89% കുടുംബങ്ങളെ അതിദാരിദ്ര്യമുക്തമാക്കിയതായി മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നു

ദാരിദ്ര്യമുക്തകേരളം ആവിഷ്കരിച്ചത്.

## ആദ്യഘട്ടം

വിശദമായ സർവെയാണ് ആദ്യം ആരംഭിച്ചത്. ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി 2021 ജൂലൈയിൽ ആരംഭിച്ച് 2022 ജനുവരിയിൽ പൂർത്തിയാക്കിയ സർവെയിലൂടെ ലഭിച്ച വിവരങ്ങൾ സൂക്ഷ്മവിശകലനം ചെയ്തും നേരിൽ പോയി പരിശോധിച്ചും 64,006 അതിദരിദ്ര കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തി. അവർക്കുള്ള വെവ്വേറെ മൈക്രോപ്ലാനുകൾ തയാറാക്കുകയും അടിയന്തിരമായി നൽകേണ്ട സഹായങ്ങളും രേഖകളും സേവ



നങ്ങളും നൽകുകയും ചെയ്തു. ദീർഘകാല പദ്ധതികളിലൂടെ മൂന്ന് വർഷത്തിനുള്ളിൽ മുഴുവൻ അതിദരിദ്രരെയും ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുകയും അന്തസ്സായ ജീവിതം ഉറപ്പുവരുത്തുകയും ചെയ്യുമെന്ന പ്രഖ്യാപന മനുസരിച്ച് ചിട്ടയായ, സമയബന്ധിതമായ പ്രവർത്തനമാണ് പൂർത്തീകരണത്തിലേക്കെത്തുന്നത്. കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ ഇതിനകം (2025 ആഗസ്റ്റിലെ കണക്ക്) 53027 കുടുംബങ്ങളെ പദ്ധതി പ്രകാരം ദാരിദ്ര്യമുക്തമാക്കി. ഇത് 83 ശതമാനമാണ്. പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ ഒന്നിന് പൂർത്തിയായിരുന്നു. അന്ന് 'കേരളീയം' പരിപാടിയിൽ വച്ച് 30658 (47.89%) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

പദ്ധതിയിലെ സർവെ പ്രകാരം കണ്ടെത്തിയ 64,006 കുടുംബങ്ങളിലെ അംഗങ്ങളിൽ 4405 പേർ കഴിഞ്ഞ നാല് വർഷത്തിനിടയിൽ മരണപ്പെട്ടു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന 313 പേർക്ക് സേവനം നൽകാൻ കഴിയുന്നില്ല. 745 പേർ മറ്റ് സംസ്ഥാനങ്ങളിലേക്കും മറ്റ് ജില്ലകളിലേക്കും കുടിയേറി. 2645 പേർക്ക് മൈക്രോപ്ലാൻ ആവശ്യമില്ലെന്ന് പദ്ധതി നിർവഹണ വേളയിൽ കണ്ടെത്തി. 46 പേരുടെ പേര് ഇരട്ടിച്ചുവന്നു. ഇങ്ങനെ ആകെ 8154 പേർ അതിദരിദ്രരുടെ കണക്കിൽ കുറഞ്ഞു. ഇങ്ങനെ കുറഞ്ഞ ശേഷമുള്ള ആകെ അതിദരിദ്ര കുടുംബങ്ങൾ 55852 ആണ്. ഇതിൽ 53,027 കുടുംബങ്ങൾ ഇതിനകം ദാരിദ്ര്യമുക്തരാക്കപ്പെട്ടു. അങ്ങനെ നോക്കുമ്പോൾ യഥാർഥത്തിൽ 94.94 ശതമാനം പേർ ഇതുവരെ ദാരിദ്ര്യമുക്തരാക്കപ്പെട്ടുകഴിഞ്ഞു.

സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ ഏജൻസികളുടെ സഹകരണത്തോടെ നടത്തിയ കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും പദ്ധതി വഴി ഉറപ്പാക്കാൻ കഴിഞ്ഞു. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുവാനുള്ളത് 2812 കുടുംബങ്ങൾ മാത്രമാണ്. ഇതിൽ ഏറിയ പങ്കം സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) ആവശ്യമുള്ളവരുമാണ്. വരുമാനം ക്ലേശഘടകമായുള്ള 5350 കുടുംബങ്ങളിൽ ജീവനോപാധിക്കുള്ള പ്രവർത്തനങ്ങൾ നടത്താൻ ശേഷിയുള്ള 4395 കുടുംബങ്ങൾക്ക് കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഉജ്ജീവനം' പദ്ധതി വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും മറ്റ് വകുപ്പുകൾ മുഖേനയും വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായം നൽകിയിട്ടുണ്ട്.

## വീടും ഭൂമിയും

വീട് മാത്രം ആവശ്യമുള്ള 3773 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി. അവരുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള 1253 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുബങ്ങൾക്ക് വർധിപ്പിച്ച ആനുകൂല്യം നൽകുകയും 5144 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ലഭിയ്ക്കുവാൻ അർഹതയുള്ള കുടുംബങ്ങളിൽ വാടക വീടുകളിൽ താമസിക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ച 610 കുടുംബങ്ങളെ വാടകവീടുക

ളിൽ മാറ്റി പാർപ്പിച്ചു.

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ രണ്ടാം ഘട്ടം എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപനങ്ങളിലും നടന്നുവരുന്നു. പദ്ധതി വഴി ഇതുവരെ 205.7 സെന്റ് ഭൂമിയും റവന്യൂ വകുപ്പ് മുഖേന 2863.508 സെന്റ് റവന്യൂ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപന പരിധിയിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമിയും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ആവശ്യമുള്ളവർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭൂമി കണ്ടെത്തി അതിദരിദ്രർക്ക് ലഭ്യമാക്കുക, വ്യക്തിഗത ഗുണഭോക്താക്കൾ നേരിട്ട് ഭൂമി വാങ്ങുക എന്നീ സാധ്യതകളും പരിശോധിച്ച് വരുന്നു.

ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയ 20,654 കുടുംബങ്ങളിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 18,421 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2233 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിക്കുന്നു. ആരോഗ്യം ക്ലേശഘടകമായ കുടുംബങ്ങളിൽ 29,478 ഗുണഭോക്താക്കൾക്ക് മരുന്ന് ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നു. സാന്ത്വന ചികിത്സ ആവശ്യമുള്ള 4870 ഗുണഭോക്താക്കൾക്ക് അത് കൃത്യമായി നൽകുന്നു. ആരോഗ്യസുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 425 ഗുണഭോക്താക്കൾക്ക് അത് നൽകി. അവയവ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞു.

## ഉപജീവനമാർഗം


ഉപജീവനമാർഗം ആവശ്യമായ ഗുണഭോക്താക്കൾക്കായി 'ഉജ്ജീവനം' എന്ന പേരിൽ കാമ്പയിൻ ആരംഭിച്ചു. 4005 പേർക്ക് നിലവിൽ ഉപജീവന മാർഗങ്ങൾ ലഭ്യമാക്കി. ആധാർ കാർഡ്, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷുറൻസ്, സാമൂഹികക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി തൊഴിൽ കാർഡ്, ഭിന്നശേഷി തിരിച്ചറിയൽ കാർഡ് എന്നിവയടക്കമുള്ള അവകാശരേഖകൾ ഇല്ലാതിരുന്ന 21263 പേർക്ക് അവ നൽകി. ആവശ്യമായവർക്ക് പാചകവാതക കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കി. 1747 വിദ്യാർഥികൾക്ക് സൗജന്യ യാത്രാ പാസ് ലഭ്യമാക്കി.

ആധുനിക സമൂഹമായി മാറിയ നമുക്ക് അതിദാരിദ്ര്യം അനുഭവിക്കുന്ന ഒരു ജനതയെ കരകയറ്റാൻ കഴിയുന്നില്ലെങ്കിൽ അതിനെ വലിയൊരു പരാജയമായി കണക്കാക്കേണ്ടി വരും. വളരെ വികസിത രാഷ്ട്രങ്ങളായി മാറിയ നിരവധി രാഷ്ട്രങ്ങളിൽ ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും മറ്റ് ദുരിതങ്ങളും നിലനിൽക്കുന്നുവെന്നത് യാഥാർഥ്യമാണ്. അത്തരം ജീവിതദുരിതങ്ങൾ ഇല്ലാതാക്കി ജനങ്ങളെ കൈപിടിച്ചുയർത്താൻ പ്രത്യേക പദ്ധതികളെക്കുറിച്ച് ആലോചിക്കുകപോലും ചെയ്യാത്ത വികസിതരാഷ്ട്രങ്ങളുമുണ്ട്. എന്നാൽ വലിയ തോതിൽ സാമ്പത്തികവളർച്ച കൈവരിക്കാൻ കഴിഞ്ഞ ചൈന നിർണ്ണായകമായ ഒരു ഘട്ടത്തിൽ രാജ്യത്തുനിന്ന് ദാരിദ്ര്യം തുടച്ചുനീക്കുമെന്ന് പ്രഖ്യാപിച്ച് പദ്ധതി ആവിഷ്കരിക്കുകയും സമയബന്ധിതമായി പ്രവർത്തിച്ച് ആ നേട്ടം കൈവരിക്കുകയും ചെയ്തു. അതാണ് നമുക്ക് പ്രചോദനമായത്. രാജ്യത്തിന്റെ ഭരണഘടനയുടെയും ഫെഡറൽ സംവിധാനത്തിന്റെയും പരിമിതികൾക്കുള്ളിൽനിന്ന് പ്രവർത്തിച്ചാണ് ഈ ചരിത്രപരമായ നേട്ടം നാം കൈവരിക്കുന്നത്. നിശ്ചയദാർഢ്യമുണ്ടെങ്കിൽ ഏത് പ്രതിസന്ധികളെയും അതിജീവിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം നൽകാൻ കഴിയുമെന്ന് അനുദിനം തെളിയിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം.

കേരളം ഇതിനകം കൈവരിച്ച സാമൂഹിക, സാമ്പത്തിക, സാംസ്കാരിക നേട്ടങ്ങൾ തകർക്കപ്പെടാതിരുന്നാൽ ഇനി കേരളത്തിൽ അതിദരിദ്രർ ഉണ്ടാവുകയില്ല. ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കപ്പെട്ട ഒരു ജനതയെ കൂടുതൽ മെച്ചപ്പെട്ട ജീവിതത്തിലേക്ക് ഉയർത്താനുള്ള പദ്ധതികൾ കേരളം കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കി വിജയിപ്പിച്ചതാണ് ചരിത്രം. അത് ആധുനിക ജനാധിപത്യ കേരളത്തിന്റെ ചരിത്രമാണ്. നവോത്ഥാനം, സാമൂഹിക മാറ്റങ്ങൾ, പുരോഗമന നിയമനിർമ്മാണങ്ങൾ, സർക്കാരുകളുടെ പുരോഗമനപരമായ നടപടികൾ എന്നിവയിലൂടെ കേരളം കൈവരിച്ച ഉയർന്ന ജീവിതനിലവാരത്തെയും പ്രബുദ്ധതയെയും അട്ടിമറിക്കാൻ ആർക്കും കഴിയില്ല എന്നു തന്നെ കരുതുന്നു. ഇവയെല്ലാം കാത്തുസൂക്ഷിക്കാനുള്ള കണ്ണിമ ചിമ്മാതെയുള്ള ജാഗ്രത നമുക്ക് ഉണ്ടാകും എന്ന ഉറപ്പാണ് അതിദാരിദ്ര്യം ഇനി കേരളത്തിൽ ഉണ്ടാകില്ല എന്ന് പറയാൻ കരുത്ത് നൽകുന്നത്. ഇപ്പോൾ ലഭ്യമാകുന്ന സേവനങ്ങളും സഹായങ്ങളും ആവശ്യമുള്ള കാലത്തോളം അവർക്ക് നൽകാനുള്ള പ്രാദേശികമായ ശ്രദ്ധയുണ്ടാകും. സമ്പൂർണ്ണ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു കഴിഞ്ഞാലും ഇക്കാര്യത്തിൽ സുസ്ഥിരത ഉറപ്പാക്കാൻ സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തികഞ്ഞ ശ്രദ്ധയും ജാഗ്രതയും പുലർത്തും.■

# മലയാള സിനിമയും നവകേരള രൂപവൽക്കരണവും

■ മോഹൻലാൽ



ആദ്യമേ തന്നെ വ്യക്തമാക്കട്ടെ, തീർത്തും അക്കാദമിക്കും ചരിത്രപരവുമായൊരു വിഷയമാണ് എന്നോട് എഴുതാൻ ആവശ്യപ്പെട്ടിരിക്കുന്നത്. കേരള രൂപവൽക്കരണത്തിൽ സിനിമയുടെ പങ്ക്. അത്തരത്തിൽ ആധികാരികമായൊരു കുറിപ്പെഴുതാൻ വേണ്ട അക്കാദമിക യോഗ്യതയോ ഗ്രാഹ്യമോ എനിക്കില്ല. മറിച്ച്, നമ്മുടെ കേരളത്തെ വികസിത കേരളമാക്കാൻ, മറ്റു സംസ്ഥാനങ്ങൾക്കും ലോകത്തിനുതന്നെയും മാതൃകാസംസ്ഥാനമാക്കാൻ, സാംസ്കാരികമായി സിനിമ എന്ന മാധ്യമം നൽകിയ സംഭാവനകളെ, 48 വർഷമായി ഈ രംഗത്തു പ്രവർത്തിക്കുന്ന ഒരു കലാകാരൻ എന്ന നിലയ്ക്ക് തിരിഞ്ഞുനോക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. അതുകൊണ്ടുതന്നെ അതിന് സമഗ്രതയുടെ അവകാശവാദമില്ല. സിനിമയെ സ്നേഹിക്കുന്ന ഏതൊരു കേരളീയനെയും പോലെ വായിച്ചും പഠിച്ചുമുള്ള അറിവുകളുടെ ആവനാഴിമാത്രം സ്രോതസ്സാക്കിയാണ് ഇതിലെ കാര്യങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുന്നത്. സിനിമാവ്യവസായത്തിൽ നിന്ന് കണ്ടും കൊണ്ടുമറിഞ്ഞ നേരനുഭവങ്ങളുടെ ബലമാണ് എനിക്ക് അധികമായിട്ടുള്ളത്.

സ്വതന്ത്ര കേരളസംസ്ഥാനം രൂപവൽക്കരിക്കുന്നതിനുമുമ്പാണ് മലയാളത്തിലെ ആദ്യ



**നമ്മുടെ കേരളത്തെ വികസിത കേരളമാക്കാൻ, മറ്റു സംസ്ഥാനങ്ങൾക്കും ലോകത്തിനുതന്നെയും മാതൃകാസംസ്ഥാനമാക്കാൻ, സാംസ്കാരികമായി സിനിമ എന്ന മാധ്യമം നൽകിയ സംഭാവനകളെ, 48 വർഷമായി ഈ രംഗത്തു പ്രവർത്തിക്കുന്ന ഒരു കലാകാരൻ എന്ന നിലയ്ക്ക് തിരിഞ്ഞുനോക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്**

നിശ്ശബ്ദ ചലച്ചിത്രം പിറവിയെടുക്കുന്നത് എന്ന് നമുക്കെല്ലാമറിയാം. മലയാള സിനിമയുടെ പിതാവ് സ്വർഗീയനായ ജെ.സി.ഡാനിയൽ വിഗതകുമാരൻ നിർമ്മിക്കുന്നത് 1928 ൽ ആണല്ലോ. അങ്ങനെ നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തേക്കാൾ പ്രായമുണ്ട് നമ്മുടെ സിനിമയ്ക്ക്. അതിലും സവിശേഷമായി തോന്നിയത്, ഇന്ത്യയിലാദ്യമായി സിനിമയുണ്ടായ മറാഠിയിലും മറ്റും പുരാണ ഇതിഹാസ കഥകളാണ് ചലച്ചിത്രങ്ങൾക്കു വിഷയമായത് എന്നതാണ്. സാങ്കൽപികവും അത്ഭുതകരവും അമാനുഷികവുമായ കഥകൾ. എന്നാൽ മലയാളത്തിലാദ്യമായി ഒരു സിനിമ സങ്കൽപിച്ച ഡാനിയൽ ചുറ്റുവട്ടത്തുനിന്നാണ് കഥ കണ്ടെത്തിയത്.

അക്കാലത്തെ സാമൂഹികപ്രശ്നങ്ങളിൽ ചിലതെങ്കിലും, തൊഴിൽ തേടിയുള്ള മലയാളിയുടെ പരദേശയാത്രയടക്കം, വിഗതകുമാരനിൽ പ്രതിപാദിക്കപ്പെടുകയും ചെയ്തു. ഈയൊരു സവിശേഷത, മണ്ണിലൂന്നി നിന്നുകൊണ്ട് മനുഷ്യരുടെ നേർകഥകൾ പറയുക എന്നത്, മലയാളസിനിമ എക്കാലത്തും, ഇന്നും തുടർന്നുപോരുന്നുണ്ട്. അതുകൊണ്ടാണ് വൻകിട പാൻ ഇന്ത്യൻ അതിമാനുഷ സിനിമകൾക്കിടയിലും നമ്മുടെ സിനിമകൾ യാഥാർഥ്യങ്ങളുടെ നേർചിത്രീകരണത്തിന്റെ ലാളിത്യത്തിന്റെ പേരിൽ പരക്കെ സ്വീകരിക്കപ്പെടുന്നതും പ്രശംസിക്കപ്പെടുന്നതും.

കോവിഡ് ലോക്ക്ഡൗണിനു ശേഷം, ഞങ്ങൾ മലയാളസിനിമാക്കാർക്കറിയാവുന്നൊരു വസ്തുതയുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ചെല്ലുമ്പോൾ ഇതുവരെയില്ലാതിരുന്ന ഒരു സ്വീകാര്യത, ഒരാദരം നമ്മുടെ ചലച്ചിത്രപ്രവർത്തകർക്കും ലഭിക്കുന്നുണ്ട്. പ്രത്യേകിച്ച്, ഹിന്ദി സിനിമാവേദിയിൽ. ഉള്ളടക്കത്തിൽ, വേറിട്ട ചിന്തയിൽ, നവീനമായ ആവിഷ്കാരശൈലിയിൽ, ചുരുങ്ങിയ ചെലവിലും ലഭ്യമാക്കുന്ന ഉന്നതസാങ്കേതികതയിൽ ഒക്കെ മലയാള സിനിമയും സിനിമാപ്രവർത്തകരും വച്ചുപുലർത്തുന്ന ഉയർന്ന നിലവാരത്തെപ്പറ്റി അവർക്കെല്ലാം ഒരേ ശബ്ദമാണ്, ഉള്ള് നിറഞ്ഞ ആരാധനയും. സാക്ഷരതയുടെയും ആരോഗ്യമേഖലയിലെ ഉന്നത നിലവാരത്തിന്റെയും പേരിൽ കേരളത്തിനുള്ള മേൽക്കോയ്മയ്ക്കൊപ്പം സിനിമയും ഇപ്പോൾ ഇടംപിടിച്ചിട്ടുണ്ട് എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

## ചലച്ചിത്രരംഗത്തും രാജ്യത്താദ്യം

പല മേഖലകളിലും ആദ്യം, ഒന്നാമത് തുടങ്ങിയ സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള കേരളം, സിനിമയുടെ കാര്യത്തിലും അത്തരത്തിൽ ചില നേട്ടങ്ങൾ 90 വർഷത്തിനിടെ സ്വന്തമാക്കിയിട്ടുണ്ട്. രാജ്യത്ത് ആദ്യമായി സർക്കാർ ഉടമസ്ഥതയിൽ ഒരു ഫിലിം സ്റ്റുഡിയോ പിറവിയെടുക്കുന്നത് കേരളത്തിലാണ്. തിരുവല്ലം കുന്നുകളിൽ കേരള ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലി. ഇനി നമ്മുടെ ചലച്ചിത്ര വികസന കോർപറേഷന്റെ കാര്യം തന്നെയെടുക്കൂ. കേന്ദ്രതലത്തിൽ ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷൻ അഥവാ എൻ എഫ് ഡി സി നേരത്തേയുണ്ട്. മികച്ച ഭാഷാ സിനിമകൾക്ക് ധനസഹായം നൽകുകയാണ് പ്രധാന ലക്ഷ്യം. എന്നാൽ ഇതേ മാതൃകയിൽ മലയാള സിനിമയെ പ്രോത്സാഹിപ്പിക്കാനും മികച്ച മലയാള സിനിമകൾ നിർമ്മിക്കാനും സിനിമാ നിർമ്മാണത്തിനാവശ്യമായ അടിസ്ഥാന സൗകര്യവികസനമൊരുക്കാനും ലക്ഷ്യമിട്ട് കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ സ്ഥാപിക്കുന്നത്, ഇത്തരത്തിലുള്ള സംസ്ഥാന ഉദ്യമങ്ങളിൽ ആദ്യത്തേതാണ്. മറ്റൊരു സംസ്ഥാനത്തും സാധാരണ സിനിമകളുടെ റിലീസിങ് നടക്കുന്ന സർക്കാർ



ഉടമസ്ഥതയിലുള്ള തീയറ്ററുകൾ നിങ്ങൾക്കു കാണാൻ സാധിക്കുകയില്ല. എന്നാൽ കെ എസ് എഫ് ഡി സിക്കു കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കൈരളി-ശ്രീ-നിള സമുച്ചയങ്ങളിലായി പതിനാലിലധികം പ്രദർശനശാലകളുടെ ശൃംഖലയാണ് നിലവിലുള്ളത്. ഇത്രയും വ്യവസായം എന്ന നിലയ്ക്കുള്ള മലയാള സിനിമയുടെ കാര്യം.

ഇനി അക്കാദമികമായ മലയാള സിനിമയുടെ മുന്നേറ്റത്തിന്റെ കാര്യമെടുത്താലോ? ഇന്ത്യൻ സിനിമയുടെ നിലവാരം ഉയർത്തുന്നത് ലക്ഷ്യമിട്ട് മികച്ച സിനിമകളെയും സിനിമാപ്രവർത്തകരെയും പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ വാർഷിക ചലച്ചിത്ര പുരസ്കാരങ്ങൾ-ദേശീയ അവാർഡ്-ഏർപ്പെടുത്തിയിട്ട് 72 വർഷമായി. ഇതേ മാതൃകയിൽ മലയാള സിനിമയുടെ സമഗ്ര വളർച്ചയും പ്രോത്സാഹനവും ലക്ഷ്യമിട്ട് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. 1968 മുതൽ മുടങ്ങാതെ വാർഷിക ചലച്ചിത്ര പുരസ്കാരങ്ങൾ നൽകിപ്പോരുന്നുമുണ്ട്. ഈ മാതൃക പിന്നീട് പല സംസ്ഥാനങ്ങൾക്കും മാതൃകയായെന്നത് പരസ്യമായ രഹസ്യവുമാണ്.

ദേശീയതലത്തിൽ പോലും കേന്ദ്രസർക്കാർ ചിന്തിക്കാത്തൊരു സ്ഥാപനത്തിനു കൂടി കേരളം ചലച്ചിത്രരംഗത്ത് മാതൃകയായിത്തീർന്നിട്ടുണ്ട്. അതാണ് നമ്മുടെ കേരള ചലച്ചിത്ര അക്കാദമി. സാഹിത്യ, സംഗീതനാടക അക്കാദമികളുടെ മാതൃകയിൽ ചലച്ചിത്രമേഖലയുടെ അക്കാദമിക വികാസം ലക്ഷ്യമാക്കിയും വിദ്യാഭ്യാസ-ഗവേഷണ പദ്ധതികൾ വിഭാവനം ചെയ്തും സ്ഥാപിതമായ ചലച്ചിത്ര അക്കാദമിയും പിന്നീട് പല സംസ്ഥാനങ്ങൾക്കും അവരുടെ നാട്ടിൽ പകർത്താൻ പ്രേരണയായ സ്ഥാപനമാണ്. ഇപ്പോഴിതാ സംസ്ഥാന ചലച്ചിത്ര നയം രൂപവൽക്കരിക്കാനുള്ള പരിശ്രമത്തിലാണ് സാംസ്കാരിക വകുപ്പ്.

## ആദ്യ 70 എംഎം മുതൽ ഡിജിറ്റൽ സിനിമ വരെ

ഇതുവരെ പറഞ്ഞത് മാറിമാറി വന്ന ഭരണകൂടങ്ങൾ നമ്മുടെ സിനിമയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങളാണ്. ഇനി സ്വകാര്യമേഖലയുടെ സംഭാവന കൂടി ഒന്നു നോക്കിക്കാണേണ്ടതുണ്ട്. ഇന്ത്യൻ സിനിമയുടെ സാങ്കേതികക്കുതിപ്പിന് ഊർജം പകർന്ന പല ആദ്യത്തേതും മലയാള സിനിമയിലാണ് സംഭവിച്ചത് എന്നു ചൂണ്ടിക്കാണിക്കുന്നതിൽ എനിക്കഭിമാനമുണ്ട്.

ഇന്ത്യയിലെ ആദ്യത്തെ 70 എംഎം സിനിമ ജി. പി സിപ്പിയുടെ ഷോലെ ആണെന്നു നമുക്കെല്ലാമറിയാം. എന്നാൽ അതിന്റെ പോസ്റ്റ് പ്രൊഡക്ഷൻ സാങ്കേതികത പൂർത്തീകരിച്ചത് വിദേശസഹായത്തോടെയായിരുന്നു. ഇവിടെയാണ് മലയാള സിനിമയും മലയാള സിനിമാനിർമ്മാതാക്കളും വലിയ മുന്നേറ്റം സാധ്യമാക്കിയത്. എന്നെ മലയാള മുഖ്യധാരാ സിനിമയിൽ ആദ്യമവതരിപ്പിക്കുന്ന, എന്റെ തറവാട് എന്നു തന്നെ ഞാനിന്നും കണക്കാക്കുന്ന, എം.സി പുന്നൂസ് എന്ന അപ്പച്ചൻ സാറിന്റെ ഉടമസ്ഥതയിലുള്ള നവോദയ പ്രൊഡക്ഷൻസും നവോദയ സ്റ്റുഡിയോയുമാണ് ഇക്കാര്യത്തിൽ വൻ കുതിച്ചുചാട്ടം നടത്തിയത് എന്നതിൽ എനിക്കു ചാരിതാർഥ്യമുണ്ട്.

മലയാളത്തിലാദ്യമായി 1982ൽ സിക്സ് ട്രാക്ക് സ്റ്റീരിയോ ഫോണിക് ശബ്ദസംവിധാനത്തോടെ ഒരു 70 എംഎം സിനിമ പരിപൂർണ്ണമായി ഇന്ത്യയിൽ നിർമ്മിച്ചവതരിപ്പിച്ചത് നവോദയയാണ്-എന്റെ ജ്യേഷ്ഠതുല്യനായ ജിജോ പുന്നൂസ് സംവിധാനം ചെയ്ത പടയോട്ടത്തിലൂടെ. നവോദയ തന്നെയാണ് പൂർണ്ണമായി ഇന്ത്യൻ സാങ്കേതികസൗകര്യങ്ങളുപയോഗിച്ച് മലയാളത്തിലെ ആദ്യത്തെ സിനിമാസ്കോപ്പ്

ചിത്രവും-തച്ചോളി അമ്പു-1978ൽ അവതരിപ്പിച്ചത്. തീർന്നില്ല, ഇന്ത്യ ത്രീഡി അഥവാ ത്രീ ഡയമെൻഷൻ സിനിമ എന്നു കേൾക്കുകപോലും ചെയ്യുന്നതിനു മുമ്പ് ആ സാങ്കേതികവിദ്യ വിനിയോഗിച്ച് ഒരു സിനിമ, അതും മലയാളത്തിൽ നിർമ്മിക്കാനുള്ള സാഹസികദൗത്യം ഏറ്റെടുക്കുന്നതും നവോദയ ആണ്. 1984ലാണ് ജിജോ പുന്നൂസിന്റെ സംവിധാനത്തിൽ മൈഡിയർ കുട്ടിച്ചാത്തൻ എന്ന ഇന്ത്യയിലെ ആദ്യത്തെ ത്രിമാനചിത്രം പുറത്തിറങ്ങുന്നത്. ഡിജിറ്റൽ സാങ്കേതികതയുടെ കാലത്ത് ഇതൊന്നും അത്ര വലിയ കാര്യമായി പുതുതലമുറയ്ക്കു തോന്നണമെന്നില്ല. പക്ഷേ പൂർണ്ണമായി ലെൻസുകളെയും ഒപ്ടിക്സിനെയും മാത്രം കൂട്ടുപിടിച്ചുള്ള നിർമ്മാണശൈലിയിൽ അക്കാലത്ത് അതീവ സാഹസികമായ ഉദ്യമങ്ങളായിരുന്നു അവയൊക്കെയും. കുട്ടിച്ചാത്തൻ തന്നെയാണ് ദക്ഷിണേന്ത്യയിൽ നിർമ്മിക്കപ്പെട്ട് ഇന്ത്യയൊട്ടാകെ ഒരുപോലെ വിജയം കരസ്ഥമാക്കിയ ആദ്യത്തെ പാൻ-ഇന്ത്യൻ ചിത്രവും.

ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സിനിമയും മലയാളത്തിലാണ് ഉണ്ടായത്. വി.കെ.പ്രകാശിന്റെ മൂന്നാമതൊരാൾ. അങ്ങനെ ഒരുപാട് റെക്കോർഡുകൾ സ്വന്തമായിട്ടുള്ളതാണ് നമ്മുടെ ചലച്ചിത്രവേദി.

കേരളത്തിന്റെ രൂപവൽക്കരണത്തിന് സിനിമയ്ക്ക് എന്തു പങ്കാണ് എന്നാലോചിച്ചാൽ, സംസ്കാരത്തിന് എന്തു പങ്കാണ് എന്നു ചിന്തിക്കേണ്ടിവരുമെന്നാണ് എന്റെ ഉത്തരം. കാരണം, സംസ്കാരത്തിലൂടെയാണു മാനവികതയുടെ വികസനം. ആധുനിക സംസ്കാരത്തിൽ സിനിമയ്ക്കു തീർച്ചയായും വലിയൊരു പങ്കുണ്ടെന്നത് പകൽ പോലെ സത്യവും. പലപ്പോഴും സമൂഹത്തിലെ ദുഃസ്വാധീനത്തിന്റെ പേരിൽ സിനിമകൾക്കു പഴികേൾക്കേണ്ടിവരാറുണ്ട്. അപ്പോഴൊക്കെ ഉടലെടുക്കുന്ന ചർച്ചകളിൽ സിനിമ സമൂഹത്തെയാണോ സമൂഹം സിനിമയെയാണോ സ്വാധീനിക്കാറ് എന്ന ചോദ്യവും ഉയരാറുണ്ട്. എന്റെ അഭിപ്രായത്തിൽ ഇതു രണ്ടും വാസ്തവമാണ്. സമൂഹത്തിലുള്ളതാണ് സിനിമയിൽ ആവിഷ്കരിക്കപ്പെടുക. സിനിമയിൽ കാണുന്നത് തലമുറകളെയും സ്വാധീനിക്കുക സ്വാഭാവികമാണ്. എങ്കിലും മലയാള സിനിമയുടെ കാര്യത്തിൽ ഒന്നെനിക്ക് ഉറപ്പുപറയാൻ സാധിക്കും. നാടിന്റെ പൊതുവികസനത്തിനും പുരോഗതിക്കും ഒപ്പമേ എന്നും നമ്മുടെ സിനിമ മുന്നോട്ടുപോയിട്ടുള്ളൂ.

## മഹാപ്രതിഭകൾ

കേരളത്തിന്റെ പേര് ലോക സിനിമയുടെ ഭൂപടത്തിൽ പ്രതിഷ്ഠിച്ച അടൂർ ഗോപാലകൃഷ്ണനെയും ജി അരവിന്ദനെയും ജോൺ എബ്രഹാമിനെയും കെ ജി ജോർജിനെയും പോലുള്ള പ്രതിഭകൾക്കൊപ്പം കെ എസ് സേതുമാധവനും ശശികുമാറും ഐ വി ശശിയും പ്രിയദർശനും സത്യൻ അന്തിക്കാടും മുതൽ ഇങ്ങേയറ്റത്ത് ഏറ്റവും പുതിയ തലമുറയിലെ ചലച്ചിത്ര സംവിധായകർക്കുവരെ അത്തരത്തിലൊരു സാമൂഹികപ്രതിബദ്ധതയുടെ ഉൾക്കാഴ്ചയുണ്ട്. എന്റെ നേരനുഭവത്തിൽ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയി 2003-ൽ കേരളത്തിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ച സത്യൻ അന്തിക്കാടിന്റെ വരവേൽപ്പ് എന്ന സിനിമയുടെ ഭാഗമാകാനായി എന്നത് അഭിമാനിക്കാനുള്ള വകയാണ്. ശബരിമല പോലൊരു തീർഥാടന കേന്ദ്രത്തിൽ സർക്കാർ ചെലവിലല്ലാതെ ആദ്യമായൊരു ടാക്ടർ പാത നിർമ്മിക്കപ്പെടുന്നത് മലയാളത്തിലെ ആദ്യകാല ഫിലിം സ്റ്റുഡിയോകളിലൊന്നായ തിരുവനന്തപുരം മെറിലാൻഡിന്റെ ഉടമ സുബ്രഹ്മണ്യം നിർമ്മിച്ച സ്വാമി അയ്യപ്പൻ റോഡാണ്. സ്വാമി അയ്യപ്പൻ എന്ന സിനിമയിലൂടെ നേടിയ കളക്ഷനിൽ നിന്നൊരു ഭാഗം നീക്കിവച്ചുകൊണ്ടാണ് അത്തരത്തിലൊരു വികസനം സാധ്യമാക്കിയത് എന്നറിയുമ്പോൾ ഓർക്കുക, ഇത്തരമൊരു മാതൃക ലോകത്ത് ഒരുപക്ഷേ കേരളത്തിൽ മാത്രം കാണാനാവുന്നതാവാം!

മാധ്യമങ്ങളെ തിരുത്തൽ ശക്തിയായിട്ടാണല്ലോ ജനാധിപത്യം വിഭാവനം ചെയ്തിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ സിനിമയും പരോക്ഷമായിട്ടാണെങ്കിലും ചെയ്യുന്നത് അതുതന്നെയാണ്. ഞാനഭിനയിച്ച വെള്ളാനകളുടെ നാട്ടും സന്മനസ്സുള്ളവർക്കു സമാധാനവും മിഥുനവും ഒക്കെ ഉന്നയിച്ച പ്രശ്നങ്ങൾ കേരളത്തിലെ മാറി മാറി വന്ന സർക്കാരുകളെ പല തരത്തിലും നേർവഴിക്കു നയിക്കാൻ പ്രചോദനമായിട്ടുണ്ട്. മലയാളികളുടെ സാക്ഷരതയിൽ വൻ മുന്നേറ്റമുണ്ടാക്കാൻ കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ എത്രത്തോളം പങ്കുവഹിച്ചിട്ടുണ്ടോ അത്രത്തോളംതന്നെ, ദൃശ്യസാക്ഷരത വഴി രാഷ്ട്രീയബോധം സൃഷ്ടിക്കുന്നതിൽ അടിസ്ഥാനതലത്തിൽ വേരോട്ടമുള്ള കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിനും നിർണ്ണായകമായ പങ്കുണ്ട്.

മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനാവാത്ത ഇത്രയും കാര്യങ്ങൾ കൊണ്ടുതന്നെ സാംസ്കാരിക കേരളത്തിന്റെ വളർച്ചയിൽ സിനിമയെന്ന മാധ്യമത്തിനുള്ള നിർണ്ണായകവും അനിഷേധ്യവുമായ പങ്ക് സുവ്യക്തമാണ്. അതിന് ക്രാന്തദർശികളും ദീർഘവീക്ഷണമുള്ളവരുമായ മലയാളത്തിന്റെ ആദ്യകാല ചലച്ചിത്രപ്രവർത്തകർ തുടങ്ങി, ആ പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരായ Gen Z സിനിമാക്കാരോടു വരെ നമുക്കുള്ള കടപ്പാടും രേഖപ്പെടുത്തേണ്ടതുണ്ട് എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.■

# സാഹിത്യകേരളം


എം. മുകുന്ദൻ

ഭാഷയും സാഹിത്യവും ഒരു കണ്ണാടിയാണ്. അതിൽ നോക്കിയാൽ നമുക്ക് നമ്മുടെ സ്വന്തം സാംസ്കാരിക പൈതൃകം തെളിഞ്ഞു കാണാൻ കഴിയും. നമ്മൾ ഇപ്പോൾ ജീവിക്കുന്ന പരിസരങ്ങളെ മനസിലാക്കുവാനും ഈ കണ്ണാടിയിൽ നോക്കിയാൽ മതി. കഥകളും നോവലുകളും കവിതകളുമെല്ലാം വായിക്കുമ്പോൾ നമുക്ക് നമ്മളെയും നമ്മൾ ജീവിക്കുന്ന ലോകത്തെയും കുറച്ചു കൂടി വ്യക്തമായി മനസിലാക്കുവാൻ കഴിയും. വായിച്ചില്ലെങ്കിലോ? നമ്മൾ ജീവിക്കുന്നത് അജ്ഞതയുടെ ഇരുട്ടിലായിരിക്കും.

ഗുരുദേവന്മാരുടെയും ശ്രേഷ്ഠകവികളുടെയും മഹദ്വചനങ്ങൾ നമ്മെ പ്രചോദിപ്പിക്കാറുണ്ട്. ഇവയിലേറെയും രേഖപ്പെടുത്തിയിരിക്കുന്നത് കാവ്യങ്ങളിലാണ്. ശ്രീനാരായണ ഗുരുദേവന്റെ കാവ്യവചനങ്ങൾ ആത്മപ്രകാശം പരത്തുന്നവയാണ്. രബീന്ദ്രനാഥ ടാഗോറിന്റെ മനോഹരമായ ഒരു ഈരടിയുണ്ട്. 'ഒരു പച്ചിലയുടെ തുമ്പിൽ മഞ്ഞിൻകണമെന്ന പോൽ നിന്റെ ജീവിതം കാലത്തിന്റെ അതിരുകളിൽ മൃദുനടനമാടട്ടെ' എന്നാണത്. സാഹിത്യ രചനകളുടെ വായനയിൽ നിന്നാണ് നമുക്ക് ഇതുപോലുള്ള സൗന്ദര്യാനുഭൂതികളും ഉൾക്കാഴ്ചകളും ലഭിക്കുന്നത്. സാഹിത്യം വായിക്കാത്തവർക്ക് അങ്ങനെ അതെല്ലാം നഷ്ടമാകുന്നു...

## സാഹിത്യപൈതൃകം

ഏതൊരു ജനതയുടെയും സാമൂഹികവും ആന്തരികവുമായ ബലം ആ ജനതയുടെ



ശ്രീനാരായണ ഗുരു, കുമാരനാശാൻ, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, എം ടി വാസുദേവൻ നായർ

സാഹിത്യപൈതൃകമാണ്. വളരെ സമ്പന്നമാണ് നമ്മൾ മലയാളികളുടെ സാഹിത്യ പാരമ്പര്യം. ഭാരതീയ ഇതിഹാസങ്ങളുടെ വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും. ഐതിഹ്യങ്ങളും ചൊൽക്കഥകളും.തെയ്യം-തോറ്റങ്ങൾ...ഓരോ കൊച്ചു പ്രദേശങ്ങൾക്കു പോലും പാടാൻ വീരകഥകളുണ്ട്. നീതി നിഷേധിക്കപ്പെട്ടവരുടെ പോരാട്ടങ്ങളുടെയും ആത്മാഹുതികളുടെയും വിലാപകാവ്യങ്ങളാണ് അവയെല്ലാം. അവ നമ്മുടെ സാഹിത്യത്തെയും അതിലൂടെ നമ്മുടെ ജീവിതത്തെയും സമ്പന്നമാക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്നു.

പുതിയ കാലത്തിലേയ്ക്കു വരുമ്പോൾ, ശ്രീനാരായണ ഗുരുദേവന്റെ 'ദൈവദശകം' നമ്മളിൽ ആത്മപ്രഭ ചൊരിയുന്നു. പ്രകാശമാനമായ ഒരു സാഹിത്യചരിത്രമാണ് മലയാളികൾക്കുള്ളത്. നൈതികതയാണ് അതിന്റെ കരുത്ത്. എന്നാൽ ജാതിചിന്തകൾ അതിൽ ഇരുൾ വീഴ്ത്തി. പോത്തേരി കുഞ്ഞമ്പു വക്കീൽ രചിച്ച 'സരസ്വതീ വിജയം' എന്ന നോവൽ വായിച്ചാൽ എന്താണ് ജാതിപീഡനങ്ങൾ എന്ന് മനസിലാകും. കീഴ്ജാതിക്കാർക്ക് ഉച്ചത്തിൽ ഒരു പാട്ടു പാടാനുള്ള സ്വാതന്ത്ര്യം പോലും അന്നുണ്ടായിരുന്നില്ല.

ഇന്നും നമ്മുടെയിടയിൽ നിന്ന് ജാതിവിഷം പാടെ ഇല്ലാതായിട്ടില്ല. എങ്കിലും ഇപ്പോൾ നമ്മുടെ നാട്ടിൽ എല്ലാ ജാതിക്കാർക്കും ഒന്നിച്ചിരുന്ന് ബസ്സിൽ യാത്ര ചെയ്യാനും ഒരേ പന്തിയിലിരുന്ന് ചോറുണ്ണാനും കഴിയും. ശ്രീനാരായണ ഗുരുവിന്റെയും അയ്യങ്കാളിയുടെയും



> **ഒരു പരിഷ്കൃത സമൂഹത്തിന്റെ നിർമ്മാണത്തിൽ വായനയ്ക്ക് വലിയ സ്ഥാനമുണ്ട്. സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ സാഹിത്യരചനകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്**

വാഗ്ഭടാനന്ദ ഗുരുവിന്റെയും മറ്റും മാനവികമായ ഉത്കൃഷ്ടചിന്തകളുടെയും പ്രവർത്തനങ്ങളുടെയും ഫലമായാണ് നമുക്ക് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. സാഹിത്യകൃതികൾ ഈ മാറ്റങ്ങളെ ത്വരപ്പെടുത്തി. ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഇപ്പോഴും കൊടിയ ജാതിപീഡനങ്ങൾ നടക്കുന്നുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് നമ്മുടെ നേട്ടങ്ങളുടെ മൂല്യം നമ്മൾ മനസിലാക്കുന്നത്. നവോത്ഥാന സാഹിത്യപ്രസ്ഥാനങ്ങളാണ് ഇന്ന് നമ്മൾ ജീവിക്കുന്ന ആധുനിക കേരളത്തെ രൂപപ്പെടുത്തിയത്.

## മലയാള ഭാഷ

സാഹിത്യത്തിന്റെ പ്രഭവം ഭാഷയിൽ നിന്നാണല്ലോ. നമ്മുടെ മലയാള ഭാഷ ഇപ്പോൾ രാജ്യത്തെ ശ്രേഷ്ഠഭാഷകളിൽ ഒന്നാണ്. മാതൃഭാഷയിൽ ചിന്തിക്കുന്നതും പഠിക്കുന്നതുമാണ് ഏറ്റവും ഫലവത്തായ രീതിയെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. സൈദ്ധാന്തിക വിഷയങ്ങൾ മാത്രമല്ല, ശാസ്ത്രീയ വിഷയങ്ങൾ പോലും പഠിപ്പിക്കുവാനും പഠിക്കുവാനുമുള്ള കഴിവ് മലയാള ഭാഷയ്ക്കുണ്ട്. മലയാളത്തെ ഭരണഭാഷയായി നിശ്ചയിച്ച് കൊണ്ട് സർക്കാർ നിയമനിർമ്മാണം കൊണ്ടുവന്നിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ഈ കാലത്ത് മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും തനിമ നിലനിർത്തുവാൻ നമ്മൾ പ്രയത്നിക്കേണ്ടതുണ്ട്. വിദ്യാർഥികൾ മാതൃഭാഷയിൽ ചിന്തിക്കുവാനും സ്വപ്നം കാണുവാനും ശീലിക്കേണ്ടതുണ്ട്. കാരണം മലയാളഭാഷയിലാണ് നമ്മുടെ സാംസ്കാരിക പൈതൃകങ്ങൾ മുഴുവനും സൂക്ഷിച്ചിരിക്കുന്നത്. മലയാളഭാഷയില്ലെങ്കിൽ ഭാഷാപിതാവായ എഴുത്തച്ഛൻ ഉണ്ടാകില്ല. കുമാരനാശാനും തകഴി ശിവശങ്കരപ്പിള്ളയും വൈക്കം മുഹമ്മദ് ബഷീറും എം ടി വാസുദേവൻ നായരും ആരുമുണ്ടാകില്ല. മലയാളത്തിൽ കഥകൾ പറഞ്ഞും കേട്ടുമാണ് നമ്മളെല്ലാവരും ജീവിക്കുന്നത്. അതുകൊണ്ട് മലയാളത്തെ അമ്മയെപ്പോലെ നെഞ്ചോട് ചേർത്തു പിടിക്കണം.

## വായന

ഒരു പരിഷ്കൃതസമൂഹത്തിന്റെ നിർമ്മാണത്തിൽ വായനയ്ക്ക് വലിയ സ്ഥാനമുണ്ട്. സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ സാഹിത്യരചനകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. വലിയ സാഹിത്യരചനകളാണ് മനുഷ്യന്റെ വേദനകൾ സമൂഹശ്രദ്ധയിൽ പെടുത്തുന്നത്. തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവൽ വായിച്ചിട്ടാണ്, മാലിന്യം ചുമന്ന് ജീവിക്കുന്ന ആലപ്പുഴയിലെ തോട്ടികളെക്കുറിച്ച് നമ്മൾ അറിയുന്നത്. തകഴിയുടെ നോവൽ തോട്ടിവേല എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുകയുണ്ടായി.


സാഹിത്യരചനകൾ സാമൂഹിക മാറ്റങ്ങൾ കൊണ്ടുവരുക മാത്രമല്ല ചെയ്യുന്നത്. കുട്ടികൾ കഥയും നോവലും കവിതയുമൊക്കെ വായിച്ചാൽ അതവരുടെ മാനസിക വികാസത്തെ സഹായിക്കും. മത്സരബുദ്ധിയോടെയാണ് ഇന്ന് നമ്മൾ ജീവിക്കുന്നത്. ജീവിതത്തിന്റെ വേഗതയോടൊപ്പം നമുക്ക് ഓടിയെത്തുവാൻ കഴിയുന്നില്ല. അങ്ങനെ നമ്മൾ ഒറ്റപ്പെടുന്നു. ഈ ഏകാന്തതയിൽ നിന്ന് രക്ഷപ്പെടുവാൻ നല്ല സാഹിത്യരചനകളുടെ വായന നമ്മെ സഹായിക്കും. എങ്ങനെയെങ്കിലും സമയം കണ്ടെത്തി തകഴിയെയും എം.ടി.യെയും പോലുള്ള നമ്മുടെ വലിയ എഴുത്തുകാരുടെ കഥകളും നോവലുകളും വായിക്കുക. കുമാരനാശാനെയും കെ.സച്ചിദാനന്ദനെയും പോലുള്ളവരുടെ കവിതകൾ വായിക്കുക. അതു കുട്ടികളെ പ്രചോദിപ്പിക്കും. മുന്നോട്ടുള്ള യാത്രകൾക്ക് പുതിയ വാതിലുകൾ തുറന്നു തരും.

നമുക്ക് വായിച്ച് വളരുവാൻ വേണ്ടി എഴുത്തുകാർ ധാരാളം പുസ്തകങ്ങൾ എഴുതി വച്ചിട്ടുണ്ട്. ഇപ്പോഴും എഴുതുന്നുമുണ്ട്. നമുക്ക് അവരെ ഒന്ന് നമസ്കരിച്ചുകൂടേ ? ■

# ഇന്ത്യൻ ഭരണഘടനയും ഫെഡറലിസവും


**പി ഡി ടി ആചാരി**
**മുൻ ലോക്സഭ സെക്രട്ടറി ജനറൽ**




**ഈ ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണഘടന സൃഷ്ടിക്കുന്ന ഒരു പ്രത്യേകതരം ഭരണവ്യവസ്ഥ ആണ് ഫെഡറലിസം. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവം ഒരു രാജ്യത്ത് രണ്ടു തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റുകൾ ഉണ്ടായിരിക്കുമെന്നതാണ്**

ഒരു രാജ്യത്തിന്റെ ഭരണഘടന ഫെഡറൽ സംവിധാനം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്നതാണോ എന്ന് തീരുമാനിക്കുന്നതിന് ചില അടിസ്ഥാനപരമായ മാനദണ്ഡങ്ങൾ ഉണ്ട്. അവയെക്കുറിച്ച് പരാമർശിക്കുന്നതിന് മുമ്പ് എന്താണ് ഫെഡറലിസം എന്ന് വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഫെഡറലിസം ഒരു പ്രത്യേക തരത്തിലുള്ള ഭരണ വ്യവസ്ഥയാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു രാജ്യത്തിന്റെ പരമാധികാരം അവിടത്തെ ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ആധുനിക സമൂഹത്തിൽ ജനങ്ങൾക്ക് നേരിട്ട് ഭരണം നടത്താൻ സാധ്യമല്ലാത്തത് കൊണ്ട് തങ്ങൾ തിരഞ്ഞെടുത്തു വിടുന്ന പ്രതിനിധികൾ രൂപീകരിക്കുന്ന ഗവൺമെന്റുകളാണ് ഭരണം നടത്തുന്നത്. അതിന്റെ അർഥം ജനങ്ങൾ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം തങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ അവർ രൂപവൽക്കരിക്കുന്ന ഗവൺമെന്റുകൾക്ക് പകർന്നുകൊടുക്കുന്നു. അപ്പോൾ ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം അവരുടെ സമ്മതത്തോടുകൂടി അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളാൽ രൂപീകൃതമായ ഗവൺമെന്റിന് വിനിയോഗിക്കുന്നു. ഇതാണ് ജനാധിപത്യ വ്യവസ്ഥിതി.

ഈ ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണഘടന സൃഷ്ടിക്കുന്ന ഒരു പ്രത്യേകതരം ഭരണവ്യവസ്ഥയാണ് ഫെഡറലിസം. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവം ഒരു രാജ്യത്ത് രണ്ടു തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റുകൾ ഉണ്ടായിരിക്കുമെന്നതാണ്. എന്താണ് രണ്ടു തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റുകൾ? ഉദാഹരണത്തിന് ഇന്ത്യയെത്തന്നെ എടുക്കുക. ഇവിടെ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റുകളും സംസ്ഥാനങ്ങൾ ഭരിക്കുന്ന ഗവൺമെന്റുകളും ഉണ്ട്. ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളുമുണ്ട്. 28 സംസ്ഥാനങ്ങൾ ഭരിക്കുന്നത് ആ സംസ്ഥാനങ്ങളിലെ ജനങ്ങൾ ആ സംസ്ഥാനങ്ങളുടെ ഭരണത്തിനുവേണ്ടി മാത്രം തിരഞ്ഞെടുക്കുന്ന ഗവൺമെന്റുകളാണ്. കേന്ദ്രം ഭരിക്കുന്നത് രാജ്യത്തിലെ ജനങ്ങൾ എല്ലാവരും കൂടി വോട്ട് ചെയ്ത് തിരഞ്ഞെടുക്കുന്ന ഗവൺമെന്റാണ്. ഇങ്ങനെ രണ്ടു തലങ്ങളിലാണ് ഫെഡറൽ സംവിധാനത്തിൽ ഗവൺമെന്റുകൾ പ്രവർത്തിക്കുന്നത്. ഈ രണ്ട് തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റുകളുടെ അധികാരങ്ങളും പ്രവർത്തനമേഖലകളും പരസ്പരബന്ധങ്ങളുമാണ് ഒരു ഫെഡറൽ സംവിധാനത്തിന് കാതൽ.

## അധികാര വിഭജനം

ഫെഡറലിസത്തിന്റെ അടിസ്ഥാനപരമായ മറ്റൊരു സവിശേഷത കേന്ദ്രവും സംസ്ഥാ




നങ്ങളും തമ്മിലുള്ള അധികാര വിഭജനമാണ്. അതായത് നിയമനിർമ്മാണത്തിനുള്ള അധികാരം കേന്ദ്ര നിയമനിർമ്മാണ സഭയ്ക്ക്, അതായത് പാർലമെന്റിന്, നിയമങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങൾ എന്തൊക്കെയെന്ന് ഭരണഘടന വ്യക്തമാക്കുന്നു. അതുപോലെ സംസ്ഥാന നിയമസഭകൾ ഏതെല്ലാം വിഷയങ്ങളിൽ



നിയമങ്ങൾ ഉണ്ടാക്കാം എന്നും ഭരണഘടന നിജപ്പെടുത്തുന്നു. അങ്ങനെ നിയമനിർമ്മാണ കാര്യത്തിൽ സംസ്ഥാനങ്ങൾക്കുള്ള പരമാധികാരം ഒരു ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനഘടകമാകുന്നു.

മറ്റൊരു പ്രധാന ഘടകം സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥയാണ്. സ്വാതന്ത്ര്യം എന്ന് പറഞ്ഞാൽ ഗവൺമെന്റിന്റെയോ നിയമനിർമ്മാണസഭകളുടെയോ നിയന്ത്രണത്തിന് അതീതമായി പ്രവർത്തിക്കുന്ന സ്ഥാപനം എന്നർഥം. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതും സ്വതന്ത്രമായി പ്രവർത്തിക്കുന്ന നീതിന്യായ സ്ഥാപനമാണ്. ഒരു ഫെഡറൽ സംവിധാനത്തിൽ നീതിന്യായ കോടതികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഭരണഘടന അനുസരിച്ച് ഗവൺമെന്റുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന ചുമതല കോടതികൾക്കാണ്.

ഫെഡറൽ സംവിധാനത്തിന്റെ മർമ്മപ്രധാനമായ മറ്റൊരു ഘടകം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങളാണ്. ഭരണപരമായ ബന്ധം, നിയമനിർമ്മാണ കാര്യങ്ങളിലുള്ള ബന്ധം, സാമ്പത്തികമായ ബന്ധം ഈ മൂന്നു മേഖലകളാണ് ഏറ്റവും പ്രധാനം. ഈ ബന്ധങ്ങൾ ഒരു ഫെഡറൽ സംവിധാനത്തെ സുഗമമായി പ്രവർത്തിപ്പിക്കാൻ സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളാണ്.

## ഇന്ത്യ-സംസ്ഥാനങ്ങളുടെ യൂണിയൻ

ഇനി നമുക്ക് ഇന്ത്യയുടെ ഭരണഘടനയിലേക്ക് ഒന്നു നോക്കാം. മേൽപ്പറഞ്ഞ ഘടകങ്ങൾ എല്ലാം ശരിയായ അളവിൽ നമ്മുടെ ഭരണഘടന സമാവേശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചാൽ മാത്രമേ നമ്മുടെ ഫെഡറൽ സംവിധാനം ശക്തമാണോ എന്ന് തീരുമാനിക്കാൻ സാധിക്കൂ. ഇന്ത്യയിൽ രണ്ടു തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റുകളാണുള്ളത് എന്ന് നേരത്തെ പറഞ്ഞു കഴിഞ്ഞു. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും. ഭരണഘടനയുടെ ഒന്നാമത്തെ അനുച്ഛേദം പറയുന്നത് ഇന്ത്യ എന്നാൽ സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആണെന്നാണ്. അപ്പോൾ ഇന്ത്യ എന്ന രാജ്യം നിലനിൽക്കുന്നത് സംസ്ഥാനങ്ങളിലൂടെയാണ് എന്നർഥം. നമ്മുടെ ഭരണഘടനയിൽ ഫെഡറേഷൻ എന്ന വാക്ക് ഒരിടത്തും കാണുകയില്ല. അതിനുപകരം യൂണിയൻ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഫെഡറൽ സംവിധാനത്തിന്റെ ഏറ്റവും ഉന്നതമായ ദൃഷ്ടാന്തമായി എല്ലാക്കാലത്തും ചൂണ്ടിക്കാണിക്കപ്പെ

**ഭരണഘടനയുടെ ഒന്നാമത്തെ അനുച്ഛേദം പറയുന്നത് ഇന്ത്യ എന്നാൽ സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആണെന്നാണ്.**

ടുന്നത് അമേരിക്കയെയാണ്. അവിടെ 50 സംസ്ഥാനങ്ങളാണുള്ളത്. അമേരിക്കയിലെ ഫെഡറൽ സംവിധാനം നിലവിൽ വന്നത് ഈ സംസ്ഥാനങ്ങൾ ഒരുമിച്ചുകൂടി ഉണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ്. സ്വതന്ത്രമായ ഈ സംസ്ഥാനങ്ങൾ തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ ഫെഡറൽ സംവിധാനവും ഫെഡറൽ ഗവൺമെന്റും ഫെഡറലിസത്തിന്റെ ഉത്തമമായ മാതൃകയാണെന്ന് ഭരണഘടനാപണ്ഡിതർ അഭിപ്രായപ്പെടുന്നു. പക്ഷേ അങ്ങനെയല്ല ഇന്ത്യയിലെ ഫെഡറൽ സംവിധാനം നിലവിൽ വന്നത്. 200 വർഷങ്ങൾക്കു മുമ്പ് ബ്രിട്ടീഷുകാർ ഇന്ത്യ എന്ന ഭൂവിഭാഗത്തെ കയ്യടക്കി ഭരണം നടത്തിയത് ശക്തമായ ഒരു കേന്ദ്രീകൃത ഭരണസംവിധാനത്തിലൂടെയാണ്. പ്രോവിൻസുകൾ എന്നറിയപ്പെടുന്ന സംസ്ഥാനങ്ങൾക്ക് ഒന്നിനും അധികാരങ്ങൾ ഉണ്ടായിരുന്നില്ല. 1835 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് എന്ന നിയമസംഹിതയിലൂടെ ആദ്യമായി ഒരു ഫെഡറൽ സംവിധാനം അവർ ഇവിടെ ഏർപ്പെടുത്തുകയുണ്ടായി. പക്ഷേ ആ സംവിധാനത്തിലെ സംസ്ഥാനങ്ങൾ ഒന്നും തന്നെ സ്വതന്ത്രരായിരുന്നില്ല. അപ്പോൾ സ്വതന്ത്രരായ സംസ്ഥാനങ്ങൾ സ്വന്തം ഇഷ്ടപ്രകാരം കരാർ ഉണ്ടാക്കി രൂപപ്പെടുത്തുന്ന ഫെഡറൽ സംവിധാനം ഇവിടെ സാധ്യമല്ലായിരുന്നു. ഇന്ത്യൻ ഭരണഘടന രൂപം നൽകിയ ഭരണസംവിധാനം അമേരിക്കയുടെ ഫെഡറൽ മാതൃകയല്ല സ്വീകരിച്ചത്. കേന്ദ്രവും സംസ്ഥാനങ്ങളുമെല്ലാം സൃഷ്ടിച്ചത് ഭരണഘടനയാണ്. അല്ലാതെ സംസ്ഥാനങ്ങളുടെ കരാറിന്റെ അടിസ്ഥാനത്തിലല്ല. ലോകത്തിൽ മറ്റു പല ഫെഡറേഷനുകളും ഉദാഹരണത്തിന് കാനഡ ഈ രീതിയിലാണ് രൂപവൽക്കരിക്കപ്പെട്ടത്. അല്ലാതെ അമേരിക്കൻ മാതൃകയല്ല എന്നോർക്കുക. ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ജനങ്ങളുടെ മേൽ നികുതി ചുമത്താനും നിയമങ്ങൾ ഉണ്ടാക്കാനുമുള്ള അധികാരങ്ങൾ ഉണ്ട്. നിയമവ്യവസ്ഥ, പോലീസ് തുടങ്ങി അടിസ്ഥാനപരമായ ഭരണകാര്യങ്ങളെല്ലാം നടത്താൻ ഭരണഘടന സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്നു. പക്ഷേ അമേരിക്കൻ ഭരണഘടനയിലെ പോലെ രാജ്യത്തുനിന്ന് വേറിട്ടു പോകാനുള്ള സ്വാതന്ത്ര്യം ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കില്ല.

അടുത്തതായി കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാര വിഭജനം എങ്ങനെ എത്രത്തോളം എന്നെല്ലാമുള്ള കാര്യങ്ങൾ നമുക്ക് പരിശോധിക്കാം. സംസ്ഥാനങ്ങളിലും നിയമസഭകളും കേന്ദ്രത്തിലെ പാർലമെന്റും രാജ്യത്തിന്റെ നിയമനിർമ്മാണ സഭകളാണ്. സംസ്ഥാന നിയമസഭകൾ അതതു സംസ്ഥാനങ്ങൾക്ക് വേണ്ടി നിയമങ്ങൾ ഉണ്ടാക്കുമ്പോൾ പാർലമെന്റ് രാജ്യത്തിന് മുഴുവനായി നിയമങ്ങൾ ഉണ്ടാക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ പാർലമെന്റിന് ഏതെല്ലാം വിഷയങ്ങളിൽ നിയമം ഉണ്ടാക്കാം എന്നും നിയമസഭയ്ക്ക് അകത്ത് നിയമങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങളും വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ച് പാർലമെന്റിന് ഒൻപത് വിഷയങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്. സംസ്ഥാനങ്ങൾക്കാകട്ടെ 66 വിഷയങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കാനുള്ള അധികാരവും സ്വാതന്ത്ര്യവും ഉണ്ട്. ഈ വിഷയങ്ങൾ കൂടാതെ പാർലമെന്റിനും സംസ്ഥാനങ്ങൾക്കും ഒരേ വിഷയത്തിൽ നിയമങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങളും ഉണ്ട്. അങ്ങനെയുള്ള 47 വിഷയങ്ങൾ ഏഴാം പട്ടികയിൽ ഉണ്ട്.



## നിയമനിർമ്മാണ അധികാരം

ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനപരമായ ഒരു ഘടകം ഈ അധികാര വിഭജനമാണ്. അതായത് സംസ്ഥാനങ്ങളുടെ വിഷയങ്ങളിൽ പാർലമെന്റിന് നിയമമുണ്ടാക്കാൻ അധികാരമില്ല. അതുപോലെ പാർലമെന്റിനു വേണ്ടി നിശ്ചയിച്ചിരിക്കുന്ന വിഷയങ്ങൾ സംസ്ഥാനങ്ങൾക്കും നിയമമുണ്ടാക്കാൻ അധികാരമില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ പാർലമെന്റിന് സംസ്ഥാനങ്ങൾക്കും വേണ്ടി മാറ്റി വച്ചിരിക്കുന്ന വിഷയങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഒന്നാമത്തെ സാഹചര്യം അടിയന്തരാവസ്ഥ നിലനിൽക്കുമ്പോൾ പാർലമെന്റിന് സംസ്ഥാനങ്ങളുടെ ഏത് വിഷയത്തിലും നിയമമുണ്ടാക്കാനുള്ള അധികാരങ്ങളുണ്ട് എന്നുള്ളതാണ്. രണ്ടാമതായി,

രാജ്യസഭ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി ദേശീയ താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം പാസാക്കിയാൽ പാർലമെന്റിന് സംസ്ഥാനങ്ങളുടെ വിഷയങ്ങളിൽ നിയമങ്ങൾ ഉണ്ടാക്കാൻ കഴിയും. മൂന്നാമതായി, സംസ്ഥാനങ്ങൾക്ക് ആവശ്യം വന്നാലും പാർലമെന്റിന് സംസ്ഥാന വിഷയങ്ങളിൽ നിയമങ്ങളുണ്ടാക്കാൻ കഴിയും. ഈ അധികാരങ്ങൾ ഒന്നും ഒരു മാതൃക ഫെഡറൽ സംവിധാനത്തിൽ പാർലമെന്റുകൾക്ക് ലഭിക്കാത്തവയാണ്. ഒരുവിധത്തിൽ പറഞ്ഞാൽ ഈ വ്യവസ്ഥകൾ ഫെഡറലിസത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന് കരുതേണ്ടിവരും.



അതുപോലെതന്നെ പാർലമെന്റിനും നിയമസഭകൾക്കും ഒരുപോലെ നിയമം ഉണ്ടാക്കാൻ കഴിയുന്ന വിഷയങ്ങളിലാണെങ്കിലും പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങൾക്കാണ് പ്രാമുഖ്യം. അങ്ങനെ രണ്ട് സഭകളും ഉണ്ടാക്കുന്ന നിയമങ്ങളെ സംബന്ധിച്ച് ഒരു പ്രധാന കാര്യം ഓർമിക്കേണ്ടതുണ്ട്. സംസ്ഥാന നിയമസഭ ഉണ്ടാക്കുന്ന ഒരു നിയമത്തിലെ ഏതെങ്കിലും ഒരു വ്യവസ്ഥ അതേ വിഷയത്തിൽ പാർലമെന്റ് ഉണ്ടാക്കുന്ന നിയമവുമായി ചേരാതെ വരുന്നുണ്ടെങ്കിൽ പാർലമെന്റ് ഉണ്ടാക്കുന്ന നിയമം മാത്രമേ നിലവിൽ വരികയുള്ളൂ. സംസ്ഥാനത്തിന്റെ നിയമം അസാധുവായി പോകും. അതുപോലെ തന്നെ ഏത് സമയത്തും സംസ്ഥാനം ഇപ്രകാരം ഉണ്ടാക്കുന്ന ഏത് നിയമങ്ങളും റദ്ദാക്കാനും പാർലമെന്റിന് അധികാരമുണ്ട്.

ഇനിയും ഭരണപരമായ ബന്ധങ്ങൾ പരിശോധിക്കുക. പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങൾ സംസ്ഥാനങ്ങൾ നടപ്പിലാക്കിയിരിക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നു. അതിനുവേണ്ടി ആവശ്യമുള്ള നിർദേശങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകുവാനുള്ള അധികാരം കേന്ദ്രഗവൺമെന്റിനുണ്ട്. അതുപോലെതന്നെ കേന്ദ്രത്തിന്റെ അധികാരങ്ങൾ നടപ്പിലാക്കുന്നതിന് വിഘാതമായി സംസ്ഥാന സർക്കാരുകൾ തങ്ങളുടെ അധികാരങ്ങൾ വിനിയോഗിക്കാൻ പാടുള്ളതല്ല എന്നും ഭരണഘടന അനുശാസിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാനുള്ള അധികാരവും കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നു. ഇനി ഏതെങ്കിലും ഒരു സംസ്ഥാന ഗവൺമെന്റ് കേന്ദ്രനിർദേശത്തെ തള്ളിക്കളഞ്ഞാൽ നിലവിലുള്ള ഗവൺമെന്റിനെ പിരിച്ചുവിട്ട് രാഷ്ട്രപതി ഭരണം ഏർപ്പെടുത്താനുമുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനുണ്ട്.

മേൽപ്പറഞ്ഞ വിശേഷണത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ ഇന്ത്യൻ ഭരണഘടന പൂർണ്ണമായ ഒരു ഫെഡറൽ ഭരണഘടന അല്ല എന്ന് പറയേണ്ടിവരും. സംസ്ഥാനങ്ങളുടെ അധികാരങ്ങളിൽ അനായാസം കടന്നു കയറുന്ന ഒരു കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. അതുപോലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഭരണത്തകർച്ച ഉണ്ടാകുന്നു അല്ലെങ്കിൽ ഉണ്ടായി എന്ന് തോന്നിയാൽ പ്രസിഡന്റിന് നിലവിലുള്ള മന്ത്രിസഭയെ പിരിച്ചുവിടാനും രാഷ്ട്രപതിഭരണം ഏർപ്പെടുത്താനും അധികാരമുണ്ട്. രാഷ്ട്രപതിഭരണം എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണം എന്നാണ് അർഥം. ഈ അധികാരം ഒന്നും തന്നെ യഥാർഥ ഫെഡറേഷനിൽ കേന്ദ്രത്തിനു ഉണ്ടാവുകയില്ല. ഇതെല്ലാം ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുതാണ്.

ചില സംസ്ഥാന ഗവർണർമാരും സംസ്ഥാന ഗവൺമെന്റുകളും തമ്മിലുള്ള അഭിപ്രായവ്യത്യാസവും ബില്ലുകൾ പാസാക്കി അയച്ചാൽ അവയിൽ ഗവർണർ തീരുമാനമെടുക്കാത്തതും വർഷങ്ങളോളം നീട്ടിക്കൊണ്ട് പോവുകയും മുതലായ കാര്യങ്ങൾ സാധാരണ ഉണ്ടാകുന്നു. ഭരണഘടനയനുസരിച്ച് ഗവർണർക്ക് ഭരണപരമായ ഒരു അധികാരവും ഇല്ല. യഥാർഥ അധികാരം തിരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റുകൾക്കാണ്. പക്ഷേ ഗവർണർമാരുടെ ഈ നടപടി കാരണം ഗവൺമെന്റുകൾക്ക് നിയമങ്ങൾ ഉണ്ടാക്കി നടപ്പിലാക്കാൻ കഴിയുന്നില്ല. അങ്ങനെ സംസ്ഥാനങ്ങളിൽ ഭരണസ്തംഭനം വരെ ഉണ്ടാവുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നു. ഗവർണർമാരുടെ ഈ നടപടികളും ഫെഡറലിസത്തിന് എതിരാണെന്ന് പറയേണ്ടതില്ലല്ലോ.

## സാമ്പത്തികബന്ധങ്ങൾ

ഫെഡറൽ വ്യവസ്ഥയിലെ മറ്റൊരു മുഖ്യഘടകം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളാണ്. ഗവൺമെന്റുകൾ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത് പ്രധാനമായും ജനങ്ങളുടെ മേൽ ചുമത്തുന്ന നികുതികൾക്ക് അനുസരിച്ചുള്ള വരുമാനം കൊണ്ടാണ്. മതിയായ വരുമാന സ്രോതസ്സുകൾ ഇല്ലാത്ത അനേകം സംസ്ഥാനങ്ങളുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ നിതാന്തമായ പരാതി മെച്ചമായ വരുമാനസ്രോതസ്സുകൾ എല്ലാം കേന്ദ്ര ഗവൺമെന്റുകൾ കയ്യടക്കി വച്ചിരിക്കുകയാണ് എന്നുള്ളതാണ്. രാഷ്ട്രപതി നിയമിക്കുന്ന ധനകാര്യകമ്മിഷൻ ആണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് എത്ര ധനം നികുതിയുടെ വിഹിതമായി നൽകണമെന്ന് തീരുമാനിക്കുന്നത്. കാലാകാലങ്ങളിൽ കമ്മിഷൻ രൂപവൽക്കരിക്കുന്ന ഫോർമുല അനുസരിച്ചാണ് ഈ ധനം എത്രയെന്ന് തീരുമാനിക്കുന്നത്. സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ എല്ലാം തന്നെ പരാതികളുണ്ട്. എന്നാൽ അവയൊന്നും രമ്യതയിൽ തീർക്കാനുള്ള സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ട് സംസ്ഥാനങ്ങളുടെ പരാതികൾ അവശേഷിക്കുന്നു. അങ്ങനെ ഇന്ത്യൻ ഫെഡറേഷൻ അതിശക്തമായ കേന്ദ്രവും ദുർബലമായ സംസ്ഥാനങ്ങളും അടങ്ങുന്നതാണെന്ന് പറയേണ്ടിവരും. അതുപോലെ തന്നെ കടം വാങ്ങാനുള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കുന്നു. സംസ്ഥാനങ്ങൾക്ക് വെളിയിൽ നിന്നും കടം വാങ്ങാനുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നില്ല. അത് കേന്ദ്രത്തിന് മാത്രമുള്ള അധികാരമാണ്.

ഗവൺമെന്റുകൾ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത് പ്രധാനമായും ജനങ്ങളുടെ മേൽ ചുമത്തുന്ന നികുതികൾക്ക് അനുസരിച്ചുള്ള വരുമാനം കൊണ്ടാണ്. മതിയായ വരുമാനസ്രോതസ്സുകൾ ഇല്ലാത്ത അനേകം സംസ്ഥാനങ്ങൾ ഉണ്ട്




2017ൽ കേന്ദ്രം എടുത്ത തീരുമാനം അനുസരിച്ച് സാമ്പത്തികമായി ഭദ്രമായ സംസ്ഥാനങ്ങൾക്ക് വെളിയിൽ നിന്നും 5000 കോടി രൂപയിൽ അധികം ചെലവ് വരുന്ന അടിസ്ഥാനസൗകര്യവികസന പദ്ധതികൾക്ക് വെളിയിൽ നിന്നും കടമെടുക്കാം. പക്ഷേ അത് ധനിക സംസ്ഥാനങ്ങൾക്ക് മാത്രമേ സാധിക്കൂ. സാമ്പത്തികമായി പ്രതിസന്ധി അനുഭവിക്കുന്ന സംസ്ഥാനങ്ങൾക്ക് ഈ സൗകര്യം ലഭിക്കുന്നില്ല. അങ്ങനെ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ സമാനമായ ഒരു സമീപനം കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടാകുന്നില്ല എന്ന പരാതി സംസ്ഥാനങ്ങൾക്കുണ്ട്. ഇന്ത്യൻ ഫെഡറലിസം ദുർബലമാകുന്ന ഒരു കാഴ്ചയാണ് ഇവിടെയെല്ലാം നാം കാണുന്നത്.

ഇന്ത്യൻ ഫെഡറലിസത്തെ പലരും പല രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ഡോക്ടർ അംബേദ്കർ പറയുന്നത് ഇന്ത്യൻ ഭരണഘടന സമാധാനകാലത്ത് ഫെഡറലും ആപത്ഘട്ടങ്ങളിൽ യൂണിറ്ററിയുമാണെന്നതാണ്. കെ. സി വിയർ എന്ന പണ്ഡിതൻ പറയുന്നത് ഇന്ത്യൻ ഫെഡറലിസം നാമമാത്രമായ ഫെഡറലിസം ആണെന്നാണ്. ഗ്രാൻവിൽ ഓസ്റ്റിൻ എന്ന ഭരണഘടന പണ്ഡിതൻ പറയുന്നത് ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയിരിക്കുന്നത് കോ-ഓപ്പറേറ്റീവ് ഫെഡറലിസം (സഹകരണാത്മക ഫെഡറലിസം) ആണെന്നാണ്. അങ്ങനെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പല പണ്ഡിതരും പറഞ്ഞിട്ടുണ്ട്. ഒരു കാര്യം വ്യക്തമാണ്. ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ കേന്ദ്രം വളരെ ശക്തമായ അധികാരകേന്ദ്രമാണ്. ഭരണഘടന രൂപവൽക്കരണകാലത്ത് ഉണ്ടായിരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ, വിഭജനത്തെത്തുടർന്നുള്ള വ്യാപകമായ ആക്രമണങ്ങൾ, അങ്ങനെ രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് നേരെ ഉണ്ടായിരുന്ന വെല്ലുവിളികൾ ഇതെല്ലാം പരിഗണിച്ചാണ് ഭരണഘടനാനിർമ്മാതാക്കൾ ശക്തമായ ഒരു കേന്ദ്രഗവൺമെന്റ് നിലനിൽക്കണമെന്ന് തീരുമാനിച്ചത്. സ്വാഭാവികമായും ശക്തമായ കേന്ദ്രമാണ് നമുക്ക് ഉണ്ടായിരുന്നത്. വർഷങ്ങൾ കഴിയുംതോറും കൂടുതൽ ശക്തമായിക്കൊണ്ടിരിക്കുന്ന കേന്ദ്രവും ദുർബലമാകുന്ന സംസ്ഥാനങ്ങളുമുള്ള ഒരു ഫെഡറേഷനാണ് നമുക്കുള്ളത് എന്നതാണ് സത്യം. ■

# ശാസ്ത്രസാങ്കേതികരംഗം നേട്ടങ്ങളും സാധ്യതകളും

**ഡോ. സോമനാഥ് എസ്.**
മുൻ ചെയർമാൻ, ഇസ്രോ

ഇന്ത്യയുടെ ബഹിരാകാശപദ്ധതിയുടെ കഥ ഒരു തരത്തിൽ കേരളത്തിന്റെ കഥ തന്നെയാണ്. വിശാലമായ ലബോറട്ടറികളിലോ വൻതോതിൽ ധനസഹായം ലഭിച്ച ഗവേഷണകേന്ദ്രങ്ങളിലോ അല്ല അത് ആരംഭിച്ചത്, മറിച്ച് തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിലെ എളിയ കടൽത്തീരത്താണ്. അവിടെ ചെറിയ റോക്കറ്റുകൾ ഒരിക്കൽ ആകാശത്തേക്ക് അവയുടെ അനിശ്ചിതമായ പാതകൾ കണ്ടെത്തി. തുടർന്ന് നടന്നത് അസാധാരണമായ ഒരു യാത്രയായിരുന്നു - ഇന്ത്യയെ ഒരു ശക്തമായ ബഹിരാകാശ ശക്തിയാക്കി മാറ്റുകയും കേരളത്തെ ഈ പരിവർത്തനത്തിന്റെ കളിത്തൊട്ടിലാക്കി മാറ്റുകയും ചെയ്ത ഒന്ന്. 1960 കളിലെ ആദ്യകാല വിക്ഷേപണങ്ങൾ മുതൽ ഇന്നത്തെ സങ്കീർണ്ണമായ ബഹിരാകാശദൗത്യങ്ങൾ വരെ, ആഗോള സാങ്കേതിക രംഗത്ത് ഇന്ത്യയുടെ ഉയർച്ചയ്ക്ക് ശക്തി പകരുന്ന സ്ഥാപനങ്ങളെയും വ്യവസായങ്ങളെയും പ്രതിഭകളെയും സംസ്ഥാനം വളർത്തിയെടുത്തിട്ടുണ്ട്.

ദേശീയ മുൻഗണനകൾക്കനുസരിച്ച് കാലാവസ്ഥ, ആശയവിനിമയ ഉപഗ്രഹങ്ങൾ മുതൽ ഇന്ത്യയുടെ ലോക വരവ് പ്രഖ്യാപിച്ച ശാസ്ത്രഗ്രഹദൗത്യങ്ങൾ വരെ, ശ്രദ്ധേയമായ മിതവ്യയവും ചാതുര്യവും ഉപയോഗിച്ച് ഇസ്രോ ലോകോത്തര ഫലങ്ങൾ സ്ഥിരമായി നൽകിയിട്ടുണ്ട്. എന്നാൽ ഈ കഥയുമായി കേരളം എത്രത്തോളം ചേർന്നിരിക്കുന്നു എന്നത് പലപ്പോഴും ശ്രദ്ധിക്കപ്പെടാത്ത ഒന്നാണ്. ഡോ. വിക്രം സാരാഭായിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിൽ സ്ഥാപിതമായ സ്പേസ് സയൻസ് ആൻഡ് ടെക്നോളജി സെന്റർ (എസ് എസ് ടി സി) ഇന്നത്തെ വിക്രം സാരാഭായി സ്പേസ് സെന്റർ (വി എസ് എസ് സി) ആയി പരിണമിച്ചു. ഇന്ന് ഏകദേശം 5,000 ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, ടെക്നീഷ്യന്മാർ എന്നിവർ അവിടെ ജോലി ചെയ്യുന്നു. ഈ കേന്ദ്രത്തിന്റെ തണലിൽ, മറ്റ് പല പ്രധാന സ്ഥാപനങ്ങളും പല കാലങ്ങളായി ഉയർന്നുവന്നു: വലിയമലയിലെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ (എൽ പി എസ് സി), വട്ടിയൂർക്കാവിലെ ഐ എസ് ആർ ഒ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റ് (ഐ ഐ എസ് യു), ആലുവയിലെ അമോണിയം പെർക്ലോറേറ്റ് പ്ലാന്റ്, ബഹിരാകാശ ശാസ്ത്രജ്ഞരുടെയും എഞ്ചിനീയർമാരുടെയും അടുത്ത തലമുറയെ പരിശീലിപ്പിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി (ഐ ഐ എസ് ടി). നിർണ്ണായകവസ്തുക്കളിൽ





**കേരളം ഇന്ന് ഒരു നിർണായക ഘട്ടത്തിലാണ്. തുമ്പയുടെയും ഇസ്രോയുടെയും പൈതൃകം, അവിടുത്തെ ജനങ്ങളുടെ കഴിവുകൾ, സ്ഥാപനങ്ങളുടെ കാഴ്ചപ്പാട്, പ്രവാസികളുടെ ആഗോള ശൃംഖലകൾ എന്നിവയെല്ലാം ഇവിടെയുണ്ട്.**

ഇന്ത്യയുടെ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി, കൊല്ലത്തെ കെഎംഎംഎല്ലിലെ ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് പോലുള്ള വ്യവസായങ്ങൾ പോലും ഐഎസ്ആർഒയുടെ പിന്തുണയോടെ വികസിപ്പിച്ചെടുത്തു.

കാലക്രമേണ, കെൽട്രോൺ, എസ് ഐ എഫ് എൽ മുതൽ ഐ ടി ഐ പാലക്കാട്, കെ എ എൽ വരെയുള്ള സംസ്ഥാനത്തുടനീളമുള്ള പൊതുമേഖലാസംരംഭങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയും ഒരു ശൃംഖല സുപ്രധാന ഘടകങ്ങൾ, ഇലക്ട്രോണിക് ഉപസിസ്റ്റങ്ങൾ, കൃത്യതയുള്ള ഭാഗങ്ങൾ എന്നിവയുടെ വിതരണക്കാരായി മാറി. ഇന്ന് പുതുതായി ആരംഭിച്ച കേരള സ്പേസ് പാർക്ക്, ഐഎസ്ആർഒയുമായും ഇൻ-സ്പെയ്സുമായും സഹകരിച്ച് ആഗോള ബഹിരാകാശ സമ്പദ്വ്യവസ്ഥയെ സേവിക്കാൻ കഴിയുന്ന സ്റ്റാർട്ടപ്പുകളെയും സ്വകാര്യസംരംഭങ്ങളെയും പരിപോഷിപ്പിച്ചുകൊണ്ട് ഈ പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നു. ഇത് ചരിത്രത്തിന്റെ ഒരു വിപുലീകരണം മാത്രമല്ല, കേരളത്തിന്റെ സാങ്കേതികഭാവി രൂപപ്പെടുത്താനുള്ള അവസരവുമാണ്.

## കേരളത്തിന്റെ നേട്ടങ്ങളും വെല്ലുവിളികളും

ഈ ഉദ്യമത്തിൽ കേരളത്തിന്റെ നേട്ടങ്ങൾ വളരെ പ്രധാനമാണ്. ഇന്ത്യയിലെ ഏറ്റവും സാക്ഷരരും സാങ്കേതിക വൈദഗ്ധ്യമുള്ളവരുമാണ് ഇവിടുത്തെ വിദ്യാസമ്പന്നരായ തൊഴിൽശക്തി. പഠനത്തെ വിലമതിക്കുകയും ശാസ്ത്രീയ ജിജ്ഞാസ വളർത്തുകയും ചെയ്യുന്ന ഒരു സാമൂഹികഘടനയാണ് ഇതിന്റെ പിന്തുണ. ജീവിതനിലവാരം, താരതമ്യേന സമാധാനപരമായ സാമൂഹിക സാഹചര്യങ്ങൾ, കോസ്മോപൊളിറ്റൻ സംസ്കാരം എന്നിവ വിജ്ഞാന പ്രൊഫഷണലുകളെ ഇവിടേക്ക് ആകർഷിക്കുന്നു. കെൽട്രോൺ പോലുള്ള സംരംഭങ്ങൾ ഇലക്ട്രോണിക്സ് മേഖലയിലെ ആദ്യവിപ്ലവത്തിന് നേതൃത്വം നൽകുകയും ടെക്നോപാർക്ക് ഇന്ത്യയിലെ ആദ്യത്തെ ഐടി ഹബ്ബുകളിൽ ഒന്നായി പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ, സാങ്കേതികവിദ്യയിൽ സംസ്ഥാനം ഇതിനകം തന്നെ മുൻനിര മനോഭാവം പ്രകടിപ്പിച്ചിട്ടുണ്ട്.

എന്നിരുന്നാലും, കേരളവും വെല്ലുവിളികൾ നേരിടുന്നു. പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിലുള്ള ഇടുങ്ങിയ ഭൂമിശാസ്ത്രം വിശാലമായ വ്യാവസായിക മേഖലകൾക്ക് ഇടം നൽകുന്നില്ല. അതിന്റെ ആവാസവ്യവസ്ഥ ദുർബലമാണ്. നഗരവൽക്കരണം, തീരദേശ മണ്ണൊലിപ്പ്, പരിസ്ഥിതി നശീകരണം എന്നിവയുടെ സമ്മർദങ്ങൾ ശ്രദ്ധാപൂർവ്വമായ മാനേജ്മെന്റ് ആവശ്യപ്പെടുന്നു. മാത്രമല്ല, തൊഴിൽ ശക്തി ഉയർന്ന വിദ്യാഭ്യാസമുള്ളവരാണെങ്കിലും, സംസ്ഥാനത്തിനുള്ളിൽ ആവശ്യത്തിന് ഉയർന്ന സാങ്കേതിക വ്യവസായങ്ങളുടെ അഭാവം യുവാക്കളുടെ വലിയ തോതിലുള്ള വിദേശ കുടിയേറ്റത്തിന് കാരണമായി. അവരിൽ പലരും ഇപ്പോൾ ഇന്ത്യയിലും വിദേശത്തും സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകുന്നു. അതിനാൽ, നമ്മുടെ കടമ വ്യവസായങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, ശരിയായ തരത്തിലുള്ള വ്യവസായങ്ങൾ ആവിഷ്ക്കരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് - അറിവ് അടിസ്ഥാനമാക്കിയുള്ളതും ഉയർന്ന

മൂല്യമുള്ളതും പാരിസ്ഥിതികമായി സംവേദന ക്ഷമതയുള്ളതും കാലാവസ്ഥയുടെയും ആഗോ ളവിപണികളുടെയും അനിശ്ചിതത്വങ്ങളെ പ്രതിരോധിക്കുന്നതുമായിരിക്കണം അവ.

ബഹിരാകാശവുമായി ബന്ധപ്പെട്ട വ്യവസാ യങ്ങൾ ഈ ദർശനത്തിന് സ്വാഭാവികമായും അനുയോജ്യമാണ്. ഉദാഹരണത്തിന് റോക്ക റ്റുകൾ, ഉപഗ്രഹങ്ങൾ, ഗ്രൗണ്ട് സിസ്റ്റങ്ങൾ എന്നിവയ്ക്ക് കൃത്യതയുള്ള നിർമ്മാണം അത്യാ വശ്യമാണ്. ചെറിയ മെഷീൻ നിർമ്മാണ ഘട കങ്ങൾ, റബ്ബർ മോൾഡഡ് ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക് അസംബ്ലികൾ, കമ്പോസി റ്റുകൾ, വയർ ഹാർനെസ്സുകൾ, സെൻസർ യൂണിറ്റുകൾ എന്നിവ നിർമ്മിക്കുന്നതിൽ കേര ള ത്തിലെ വൈദഗ്ധ്യമുള്ള തൊഴിലാളികൾ ക്ക് മികവ് പുലർത്താൻ കഴിയും. നിലവിൽ മറ്റ് സംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ആപ്ലിക്കേഷനുകൾക്കപ്പുറം, ബഹിരാകാശ ദൗത്യ രൂപകൽപ്പന, റോക്കറ്റ് പാത ആസൂ ത്രണം, ഉപഗ്രഹ ഭ്രമണപഥ മാനേജ്മെന്റ്, സോഫ്റ്റ്‌വെയർ സിമുലേഷനുകൾ - ആഗോള ബഹിരാകാശ വ്യവസായത്തിലെ വളർന്നു വരുന്ന സ്വകാര്യകമ്പനികൾ കൂടുതലായി ആവശ്യപ്പെടുന്ന സേവനങ്ങൾ - എന്നിവയിൽ സംഭാവന ചെയ്യാൻ കേരളത്തിന് ബൗദ്ധിക വിഭവങ്ങളുണ്ട്. ചെറിയ ഉപഗ്രഹ സെൻസറു കൾ വികസിപ്പിക്കുന്നത് മുതൽ ഗ്രൗണ്ട് സ്റ്റേ ഷൻ ഹാർഡ്‌വെയർ രൂപകൽപ്പന ചെയ്യുന്ന ത് വരെ ഇലക്ട്രോണിക്സ് മേഖലയ്ക്കും വലിയ സാധ്യതകളുണ്ട്. അടിസ്ഥാനസൗകര്യവിക സനവും ആഗോള ഉപഗ്രഹ ഓപ്പറേറ്റർമാർ ക്കുള്ള സേവനവിതരണവും സംയോജിപ്പിച്ച് ഗ്രൗണ്ട് സ്റ്റേഷൻ പ്രവർത്തനങ്ങൾ തന്നെ ഒരു പുതിയ ബിസിനസ് മാതൃകയായി മാറാം.




കോമ്പോസിറ്റ് നിർമ്മാണം, വിരമിച്ച ഐഎ സ്ആർഒ വിദഗ്ധരുടെ സഹായത്തോടെ പ്രാദേശികമായി വികസിപ്പിക്കാൻ കഴിയും. ബഹിരാകാശത്തെ സേവിക്കാൻ മാത്രമല്ല, വ്യോമയാനത്തിലേക്കും പ്രതിരോധത്തിലേ ക്കും വൈവിധ്യവത്കരിക്കാനും കഴിയും. സംസ്ഥാനത്തെ സർവകലാശാലകൾ ക്കും സ്റ്റാർട്ടപ്പുകൾക്കും ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ, നിർമ്മാണ സേവന ങ്ങൾ, റിമോട്ട് സെൻസിങ്, ജിഐഎസ്, പൊസിഷനിങ് ഡാറ്റ എന്നിവയുമായി ബന്ധ പ്പെട്ട ആപ്ലിക്കേഷനുകൾ എന്നിവയിൽ നേതൃത്വത്തിൽ എത്താൻ കഴിയും. വെള്ളപ്പൊ ക്കവും മണ്ണിടിച്ചിലും നിരീക്ഷിക്കൽ, കൃഷിയും മത്സ്യബന്ധനവും ടെക്നോളജിയുടെ സഹാ യത്താൽ ഒപ്റ്റിമൈസ് ചെയ്യൽ, നഗരങ്ങൾ ആസൂത്രണം ചെയ്യൽ, അല്ലെങ്കിൽ തീരദേശ വിഭവങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങിയ കേരളത്തിന്റെ സവിശേഷ ഭൂമിശാസ്ത്രത്തിന് അത്തരം സേവനങ്ങൾ പ്രത്യേകിച്ചും പ്രസ ക്തമാണ്.

## കേരളത്തിന്റെ സാധ്യതകൾ

സാങ്കേതികവിദ്യകൾ ആഗോള സമ്പദ്‌വ്യവ സ്ഥയുടെ എല്ലാ മേഖലകളുടെയും അതിർത്തി പുനർനിർവചിക്കുന്നു. അതിനാൽ കേരളത്തി ന് അവയിൽ പലതിലും നേതൃത്വം നേടാനും കഴിയും. സെമികണ്ടക്ടർ ഡിസൈൻ, പ്രത്യേകിച്ച് ചിപ്പ് ഡിസൈൻ, സംസ്ഥാന ത്തിന് അതിന്റെ പ്രവാസിപ്രതിഭകളെയും സാങ്കേതികസർവകലാശാലകളെയും പ്രയോ ജനപ്പെടുത്താൻ കഴിയുന്ന വളർന്നുവരുന്ന മേഖലയാണ്. ആരോഗ്യസംരക്ഷണത്തി ലും പൊതുജനാരോഗ്യ അവബോധത്തിലും കേരളം ദീർഘകാലമായി നൽകുന്ന ഊന്നൽ കണക്കിലെടുക്കുമ്പോൾ, ബയോടെക്നോ ളജിയും ഡിജിറ്റൽ ആരോഗ്യവും വളർച്ചയ്ക്ക് പാകമായിരിക്കുന്നു. ഹോം ഡയഗ്നോസ്റ്റിക് കിറ്റുകൾ, ടെലിമെഡിസിൻ പ്ലാറ്റ്ഫോമുകൾ, വ്യക്തിഗതമാക്കിയ ജീനോമിക്സ്, ബയോ-ഫാർ മസ്യൂട്ടിക്കൽ ഹബ്ബുകൾ എന്നിവയെ ചുറ്റിപ്പ റ്റി പുതിയ വ്യവസായങ്ങൾ കെട്ടിപ്പടുക്കാൻ കഴിയും. കേരളത്തിന്റെ പൈതൃകശക്തിയായ

പരമ്പരാഗത വൈദ്യശാസ്ത്രത്തെ, ഔഷധ സസ്യങ്ങളുടെ കൃഷി, ആധുനിക ഗവേഷണ വികസനം, ഗുണനിലവാര നിയന്ത്രിത കയറ്റുമതി എന്നിവയുമായി സംയോജിപ്പിച്ച പരമ്പരാഗത വൈദ്യശാസ്ത്ര ഇന്നൊവേഷൻ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ആഗോളവൽക്കരിക്കാൻ കഴിയും.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ മറ്റൊരു നെടുംതൂണായ ടൂറിസത്തെ, ഓഗ്മെന്റഡ്, വെർച്വൽ റിയാലിറ്റി അനുഭവങ്ങൾ, എഐ അധിഷ്ഠിത യാത്രാസേവനങ്ങൾ, ഡിജിറ്റൽ ആരോഗ്യ പ്ലാറ്റ്ഫോമുകളുമായുള്ള വെൽനസ്-ടൂറിസം സംയോജനം എന്നിവയിലൂടെ സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുജ്ജീവിപ്പിക്കാൻ കഴിയും. IoT പ്രാപ്തമാക്കിയ കൃഷി, ഡ്രോൺ അധിഷ്ഠിത നിരീക്ഷണം, സ്മാർട്ട് സംരക്ഷണം, ലോജിസ്റ്റിക്സ് പ്ലാറ്റ്ഫോമുകൾ എന്നിവ ഉപയോഗിച്ച് കൃഷിയും ഭക്ഷ്യസംസ്കരണവും പരിവർത്തനം ചെയ്യാൻ കഴിയും. പരമ്പരാഗത ശക്തിയായ മത്സ്യബന്ധനത്തിന്, അക്വാകൾച്ചർ നിരീക്ഷണ സംവിധാനങ്ങൾ, രോഗപ്രവചന ഉപകരണങ്ങൾ, ബ്ലോക്ക്ചെയിൻ പ്രാപ്തമാക്കിയ വിതരണശൃംഖലകൾ, സാങ്കേതികവിദ്യാധിഷ്ഠിത ഉൾനാടൻ മത്സ്യബന്ധനം എന്നിവ സ്വീകരിക്കാൻ കഴിയും.

വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, തീരദേശ മണ്ണൊലിപ്പ് എന്നിവയ്ക്ക് കേരളം ഇരയാകുന്നതിനാൽ, കാലാവസ്ഥാപ്രതിരോധ സാങ്കേതികവിദ്യകൾക്ക് പ്രത്യേക ഊന്നൽ നൽകണം. വിതരണം ചെയ്ത സെൻസർ നെറ്റ്‌വർക്കുകൾ, പ്രവചന മോഡലിങ് പ്ലാറ്റ്ഫോമുകൾ, സംയോജിത ദുരന്ത-പ്രവചന സംവിധാനങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ ഒരു പ്രധാന ശക്തിയായി മാറും. ഇത് പ്രാദേശിക ആവശ്യങ്ങൾക്ക് മാത്രമല്ല, കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട മേഖലയിൽ ആഗോള വൈദഗ്ധ്യവും നൽകും.

ഇതെല്ലാം സംഭവിക്കണമെങ്കിൽ, സർക്കാർ നയം ഒരു പ്രധാന പങ്ക് വഹിക്കണം. പൊതുഭരണത്തിൽ സാങ്കേതികവിദ്യ സ്വീകരിക്കുന്നത് ഈ മാറ്റത്തിനു ഒരു വലിയ ഉത്തേജകമായി പ്രവർത്തിക്കും - കാർഷിക ആസൂത്രണം, ജലമാനേജ്മെന്റ്, അടിസ്ഥാനസൗകര്യവികസനം, ഭൂമിരേഖകളുടെ ഡിജിറ്റൈസേഷൻ, തീരദേശസംരക്ഷണം, ദുരന്ത തയ്യാറെടുപ്പ് എന്നിവയിൽ ബഹിരാകാശ അധിഷ്ഠിത ഡേറ്റ മുഖ്യധാരയിലേക്ക് മാറണം. ഭൂഗർഭജല ഉപയോഗം, ലവണാംശനിയന്ത്രണം, പരിസ്ഥിതിനിയന്ത്രണം എന്നിവയെല്ലാം ജിഐഎസും എഐ-പ്രാപ്തമാക്കിയ നിരീക്ഷണവും ഉപയോഗിച്ച് ശക്തിപ്പെടുത്താം. വനങ്ങൾ, തോട്ടങ്ങൾ, തീരദേശ മേഖലകൾ എന്നിവയ്ക്കായുള്ള വലിയ തോതിലുള്ള മാപ്പിങ് സംരംഭങ്ങൾക്ക് സുസ്ഥിര വിഭവമാനേജ്മെന്റ് ഉറപ്പാക്കാൻ കഴിയും. വ്യാവസായിക തലത്തിലുള്ള ലൈസൻസിങ്ങിലൂടെ ഉൾനാടൻ മത്സ്യബന്ധനം വർധിപ്പിക്കാൻ കഴിയും, അതേസമയം നഗര ഇടങ്ങളുടെ ഡ്രോൺ അധിഷ്ഠിത 3D മാപ്പിങ് സ്മാർട്ട്-സിറ്റി വികസനത്തെ പിന്തുണയ്ക്കും.

സ്റ്റാർട്ടപ്പുകൾ, ഇൻകുബേറ്ററുകൾ, പിപിപികൾ എന്നിവയ്ക്ക് സർക്കാർ പിന്തുണ അത്യന്താപേക്ഷിതമായിരിക്കും. ഐഎസ്ആർഒയിലെ മുൻനിര ജീവനക്കാർ, സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾ, അക്കാദമിക് സ്ഥാപനങ്ങൾ, സ്വകാര്യസംരംഭങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം ശക്തമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ സഹായിക്കും. അതേസമയം, പരിസ്ഥിതി ദുർബലതയോട് കേരളം സംവേദനക്ഷമതയുള്ളവരായിരിക്കണം. വളർച്ച എന്നത് പരിസ്ഥിതിയെ അപകടത്തിലാക്കുന്നതല്ല, മറിച്ച് സുസ്ഥിരതയുമായി പൊരുത്തപ്പെടുന്ന വ്യവസായങ്ങളിലൂടെയാണെന്ന് ഉറപ്പാക്കണം.

കേരളം ഇന്ന് ഒരു നിർണായക ഘട്ടത്തിലാണ്. തുമ്പയുടെയും ഇസ്രോയുടെയും പൈതൃകം, അവിടുത്തെ ജനങ്ങളുടെ കഴിവുകൾ, സ്ഥാപനങ്ങളുടെ കാഴ്ചപ്പാട്, പ്രവാസികളുടെ ആഗോള ശൃംഖലകൾ എന്നിവയെല്ലാം ഇവിടെയുണ്ട്. ഇപ്പോൾ അതിന് ആവശ്യമായിരിക്കുന്നത് ഭാവിയിലെ വ്യവസായങ്ങളെ - സ്പേസ് ടെക്, എഐ, ക്വാണ്ടം ടെക്നോളജികൾ, സെമികണ്ടക്ടറുകൾ, ബയോടെക്നോളജി, ഡിജിറ്റൽ ഹെൽത്ത്, ക്ലൈമറ്റ്-ടെക് - സ്വീകരിക്കാനും ആഗോളതലത്തിൽ മത്സരാധിഷ്ഠിതവും പ്രാദേശികമായി വേരൂന്നിയതുമായ ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാനുമുള്ള ധൈര്യമാണ്. ഇത് കേവലം സാമ്പത്തിക വളർച്ചയെക്കുറിച്ചല്ല. സംസ്ഥാനത്തെ യുവാക്കളെ നിലനിർത്തുന്ന അർഥവത്തായ, ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചും, കാലാവസ്ഥാ വെല്ലുവിളികൾക്കെതിരെ പ്രതിരോധശേഷി വളർത്തുന്നതിനെക്കുറിച്ചും, ആഗോള നവീകരണ സമ്പദ്‌വ്യവസ്ഥയിലേക്ക് കാലെടുത്തുവയ്ക്കുമ്പോഴും കേരളത്തിന്റെ സാംസ്കാരികവും പാരിസ്ഥിതികവുമായ സമ്പത്ത് സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനെക്കുറിച്ചുമാണ്.

കേരളം വിജയിച്ചാൽ, തുമ്പയുടെ എളിയ തീരത്ത് ആരംഭിച്ച കഥ പൂർണ്ണവൃത്തത്തിലെത്തും: ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയുടെ ജന്മസ്ഥലമായി കേരളം ഓർമ്മിക്കപ്പെടുക മാത്രമല്ല, അത്തരം സാങ്കേതികവിദ്യകളുടെ പുതിയ യുഗത്തിലേക്ക് അതിന്റെ ശാസ്ത്രീയപാരമ്പര്യത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു ആഗോള നവീകരണകേന്ദ്രമായി അംഗീകരിക്കപ്പെടുകയും ചെയ്യും.■

# ജനപക്ഷ സിവിൽ സർവീസ്

■ **കെ. ജയകുമാർ**
**മുൻ ചീഫ് സെക്രട്ടറി**



ഏതൊരു ഭരണകൂടത്തിനും കാര്യനിർവഹണത്തിനുവേണ്ട ഒരു സംവിധാനമുണ്ടാകും. രാജഭരണമായാലും ഏകാധിപത്യമായാലും പട്ടാളഭരണമായാലും കൊളോണിയൽ ഭരണമായാലും ജനാധിപത്യമായാലും അവരുടെ മുൻഗണനകളും താൽപര്യങ്ങളും സംരക്ഷിക്കാനുള്ള ഒരു ഔദ്യോഗികമായ ഭരണയന്ത്രം ഉണ്ടായിരിക്കും. ഭരണകൂടത്തിന്റെ സ്വഭാവമനുസരിച്ച് ഔദ്യോഗിക സംവിധാനത്തിന്റെ ഘടനയിലും ശൈലിയിലും ചുമതലകളിലും വലിയ വ്യതിയാനങ്ങളുണ്ടാകും. രാജഭരണത്തിൽ പ്രജകളുടെ ക്ഷേമത്തിനേക്കാൾ രാജാവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കായിരിക്കും മുൻതൂക്കം. പട്ടാളഭരണത്തിൽ അവരുടെ താൽപര്യം പരിരക്ഷിക്കാനുള്ള ഒരു ക്രമീകരണം മാത്രമായി ഔദ്യോഗിക സംവിധാനം രൂപാന്തരപ്പെടും. കൊളോണിയൽ ഭരണത്തിൽ ഉദ്യോഗസ്ഥരും ജീവനക്കാരും ഭരണം നിലനിർത്താൻവേണ്ടി ചൂഷണവും അടിച്ചമർത്തലും ക്രമസമാധാനപാലനവും നികുതിപിരിവും നടത്തുന്നതിന് വേണ്ടി വിനിയോഗിക്കപ്പെട്ടു. ഇന്ത്യയുടെ ചരിത്രത്തിൽ നിന്ന് തന്നെ ഇക്കാര്യം നമുക്കറിയാവുന്നതാണ്. എന്നാൽ ജനാധിപത്യ ഭരണക്രമത്തിൽ സിവിൽ സർവീസിന് ആത്യന്തികമായ ഉത്തരവാദിത്വം ജനങ്ങളോടാകുന്നു. ജനങ്ങളോടുള്ള പ്രതിബദ്ധത തന്നെയാണ് ഭരണഘടനയോടുള്ള പ്രതിബദ്ധതയും ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിന്റെ നിയന്ത്രണവും, പൊതുവായ അച്ചടക്കവുമായി ആവിഷ്കരിക്കപ്പെടുന്നത്. ജനാധിപത്യത്തിൽ ജനപക്ഷ സിവിൽ സർവീസ് എന്നത് ഒരു ഐച്ഛികമല്ല, അത് മാത്രമാണ് സിവിൽ സർവീസിന്റെ യുക്തിയും സാധുതയും.

തത്ത്വം അങ്ങനെയാണെങ്കിലും പ്രയോഗത്തിൽ എപ്പോഴും അങ്ങനെ അനുഭവപ്പെടുന്നില്ല. അത് പക്ഷേ



> **ജനങ്ങൾക്ക് സർക്കാരിന്റെ ആനുകൂല്യങ്ങളും അവകാശപ്പെട്ട സേവനങ്ങളും മറ്റു പരിരക്ഷകളും കൃത്യമായി കിട്ടാൻ അർഹതയും അവകാശവുമുണ്ട് എന്ന തിരിച്ചറിവ് സിവിൽ സർവീസിന്റെ ജീവശ്വാസമാകണം.**

സിവിൽ സർവീസിന്റെ ആവശ്യകതയെ നിരാകരിക്കുന്നതിനോ ഇത്തരം വൈകല്യങ്ങൾ ഒരിക്കലും വിട്ടൊഴിയുകയില്ല എന്ന് നിരൂപിക്കുന്നതിനോ, ഉദ്യോഗസ്ഥ ദുഷ് പ്രഭുത്വം എന്ന് സാമാന്യവത്കരിക്കുന്നതിനോ പ്രേരിപ്പിക്കേണ്ടതില്ല. പൊതുജനങ്ങളോട് ബഹുമാനത്തോടെയും അനുതാപത്തോടെയും പെരുമാറുകയെന്നത് സിവിൽ സർവീസിന്റെ അടിസ്ഥാനപ്രമാണമാണ്. അത് ജനങ്ങളുടെ അവകാശമാണ്. നല്ല പെരുമാറ്റം മാത്രമല്ല, കാര്യക്ഷമമായ ഓഫീസ് പ്രവർത്തനം, സമയബന്ധിതമായ തീർപ്പുകൽപ്പിക്കൽ, സുതാര്യമായ നടപടിക്രമങ്ങൾ എന്നിവയെല്ലാം കൂടിച്ചേരുമ്പോഴേ സിവിൽ സർവീസ് അതിന്റെ നിലനിൽപ്പിനെ സാധൂകരിക്കുന്നുള്ളൂ. നിർഭാഗ്യവശാൽ പഴയശീലങ്ങൾ മാറാനുള്ള മടിയും ലക്ഷ്യങ്ങൾ മറന്നുകൊണ്ടുള്ള നടപടിക്രമങ്ങളും ഔദ്യോഗിക സംവിധാനത്തിന്റെ സ്വഭാവമായി പലയിടത്തും മാറിപ്പോയി. ഇതെന്തുകൊണ്ടാണ്?

## സേവനം ഔദാര്യമല്ല

ജനങ്ങൾക്ക് സർക്കാരിന്റെ ആനുകൂല്യങ്ങളും അവകാശപ്പെട്ട സേവനങ്ങളും മറ്റു പരിരക്ഷകളും കൃത്യമായി കിട്ടാൻ അർഹതയും അവകാശവുമുണ്ട് എന്ന തിരിച്ചറിവ് സിവിൽ സർവീസിന്റെ ജീവശ്വാസമാകണം. കൃത്യമായി ശമ്പളവും മറ്റാനുകൂല്യങ്ങളും പറ്റുന്ന സർക്കാർ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ജനപക്ഷത്തുനിന്ന് ഏതു പ്രവൃത്തിയെയും സമീപിക്കാൻ ബാധ്യതയുണ്ട്. ജനങ്ങൾക്കു കൊടുക്കുന്ന സേവനം ഔദാര്യമാണെന്ന തലതിരിഞ്ഞ ചിന്ത ഒഴിയാബാധപോലെ ഇപ്പോഴും ചിലയിടങ്ങളിലെങ്കിലും കാണാം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ -ഗവേണൻസ് സംവിധാനവും മറ്റു പലതരത്തിലുള്ള മാറ്റങ്ങളും പ്രാവർത്തികമായിട്ടും, ജനങ്ങളോടുള്ള ബന്ധത്തിലും മനോഭാവത്തിലും പ്രയോഗത്തിലും ഇനിയും വലിയ മാറ്റങ്ങൾ വരേണ്ടതുണ്ട്. ഏതൊരാധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമ്പോഴും, ഓഫീസുമായി ബന്ധപ്പെടുമ്പോഴുള്ള സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ ഏതെങ്കിലും വിധത്തിൽ അവകൊണ്ട് സാധിക്കുമോ എന്ന് ആത്മപരിശോധന നടത്തണം.

സർക്കാർ പ്രഖ്യാപിക്കുന്ന സേവനങ്ങളും ആനുകൂല്യങ്ങളും അവയ്ക്ക് അർഹതപ്പെട്ട ജനങ്ങളെ മറന്നുകൊണ്ടുള്ള പെരുമാറ്റം ഉദ്യോഗസ്ഥ സംവിധാനത്തിൽ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്? ജനങ്ങളുടെ അവകാശങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം തങ്ങളുടെ ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കുമാണ് എന്ന വിചാരമാണ് ഈ മനോഭാവവൈകല്യത്തിന്റെ മുഖ്യകാരണം. വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥവൃന്ദവും അത്രതന്നെ വിദ്യാഭ്യാസമില്ലാത്ത ജനങ്ങളും എന്ന വിചാരം ഔദ്ധത്യം കലർന്ന സ്വഭാവരീതികൾ ക്ഷണിച്ചുവരുത്താം. ജനങ്ങൾക്ക് അർഹതപ്പെട്ടതൊക്കെ ഒരു പൊല്ലാപ്പുമില്ലാതെ ചെയ്തുകൊടുത്താൽ പിന്നെ ഔദ്യോഗിക സംവിധാനത്തിന് എന്ത് പ്രാധാന്യം എന്ന് ചിന്തിക്കുന്ന രീതിയും ചിലരിൽ കാണാം. അധികാര വിനിയോഗം അവിഹിത നേട്ടങ്ങൾക്കുള്ള കുറുക്കുവഴിയാവുന്നതും വികലമായ പെരുമാറ്റരീതികൾ ക്ഷണിച്ചുവരുത്തും. സാധാരണ ജനങ്ങളോടുള്ള പെരുമാറ്റത്തിൽ മാത്രമല്ല, സ്വകാര്യസംരംഭകരോടും സമ്പന്നരോടും നിക്ഷേപകരോടും ചൂഷണമനോഭാവത്തോടെ ഇടപെടുന്ന ശൈലിയും സിവിൽ സർവീസിനെ ദുർബലപ്പെടുത്തുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യും.

കാലതാമസം എന്നത് നീതീകരിക്കാനാവാത്തതും അധാർമ്മികവുമാണെന്ന വിചാരവും അതിനെതിരെയുള്ള നിതാന്ത ജാഗ്രതയും സിവിൽ സർവീസിൽ വ്യാപകമായി പ്രതിഫലിക്കണം. പിന്തുടരുന്ന കാലഹരണപ്പെട്ട രീതികളോട് കലഹിക്കാൻ കൂടി സിവിൽ സർവീസിന് കഴിയണം. ആ കലഹമായിരിക്കണം



ഭരണനിർവഹണം മെച്ചപ്പെടുത്താനുള്ള നൂതനസമീപനങ്ങൾ കണ്ടെത്താനുള്ള പ്രേരണ. നിരന്തരമായ പരിശീലനമാണ് മറ്റൊരു രാസത്വരകം. മനോഭാവങ്ങൾ മാറ്റാൻ പരിശീലനം കൊണ്ടല്ലാതെ സാധിക്കുകയില്ല.

**ഭരണനിർവഹണം സുഗമവും സുതാര്യവുമാക്കാനുള്ള പരിഷ്ക്കരണശ്രമങ്ങൾ സ്വയം ഏറ്റെടുക്കാൻ സിവിൽ സർവീസിലെ എല്ലാ അംഗങ്ങൾക്കും ഉത്തരവാദിത്തമുണ്ട്**

## മാറേണ്ട ശീലങ്ങൾ

ജനങ്ങളോടുള്ള ആശയവിനിമയ ശൈലിയാണ് മാറ്റങ്ങൾ വരേണ്ട മറ്റൊരു പ്രധാന മേഖല. സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് കിട്ടുന്ന കത്തുകളും അറിയിപ്പുകളും എഴുതുമ്പോൾ ശീലിച്ചുപോയ അധികാരസ്വരത്തിനാണ് മുൻതൂക്കം. ആ ഭാഷയിൽ ഇപ്പോഴും കൊളോണിയൽ യജമാനന്മാരുടെ പ്രേതം ഒളിച്ചുനിൽക്കുന്നത് അറിയാനാവും. അതെങ്ങനെ ജനാധിപത്യത്തിൽ നീതീകരിക്കാനാവും? സൗമ്യവും ബഹുമാനമുള്ളതുമായ ഭാഷ പൗരസമൂഹം അർഹിക്കുന്നുവെന്നു മാത്രമല്ല അവർക്കതു അവകാശപ്പെട്ടതുമാണല്ലോ.

ആധുനിക സാങ്കേതികവിദ്യയുടെ ഭാവനാപൂർണ്ണമായ പ്രയോഗത്തിലൂടെ സ്വാർഥതയാൽ നയിക്കപ്പെടുന്ന അധാർമ്മികരീതികൾക്ക് വലിയൊരളവിൽ ശമനമുണ്ടാകും. കേരളത്തിൽ അനേകം വകുപ്പുകൾ സാങ്കേതികവിദ്യയുടെ സമർത്ഥമായ വിന്യാസത്തിലൂടെ വലിയ മാറ്റങ്ങൾ കൈവരിച്ചുകഴിഞ്ഞു. വരുംകാലങ്ങളിൽ നിർമ്മിതബുദ്ധിയുടെ പ്രയോഗവും കൂടിച്ചേരുമ്പോൾ ഭരണനിർവഹണം ഇനിയുമേറെ സുതാര്യവും പ്രവർത്തനക്ഷമവുമായിത്തീരും എന്ന കാര്യത്തിൽ സംശയമില്ല.

ഭരണനിർവഹണം സുഗമവും സുതാര്യവുമാക്കാനുള്ള പരിഷ്ക്കരണശ്രമങ്ങൾ സ്വയം ഏറ്റെടുക്കാൻ സിവിൽ സർവീസിലെ എല്ലാ അംഗങ്ങൾക്കും ഉത്തരവാദിത്തമുണ്ട്. ഭരണപരിഷ്കരണം എന്നത് മുകളിൽനിന്നുള്ള ഉത്തരവുകൾ കൊണ്ട് മാത്രം വരുത്തേണ്ട മാറ്റങ്ങളല്ല. ജനങ്ങളുടെ ആവശ്യങ്ങളും ബുദ്ധിമുട്ടുകളും ദൂരീകരിക്കുന്നതിനുള്ള ജാഗ്രതയിൽനിന്ന് ആവിർഭവിക്കേണ്ട നിരന്തരമായ ചലനാത്മകതയാണ് യഥാർഥ ഭരണനിർവഹണ പരിഷ്കാരം. നികുതിപ്പണംകൊണ്ട് ശമ്പളം വാങ്ങുകയും പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നവർക്ക്, ആ നികുതിദായകരായ ജനങ്ങളോട് മാന്യമായി പെരുമാറാനും കാലവിളംബമില്ലാതെ തീരുമാനങ്ങൾ കൈക്കൊള്ളാനും പരാതികൾ പരിഹരിക്കാനും ധാർമ്മികബാധ്യതയുണ്ടല്ലോ. ജനപക്ഷ മനോഭാവങ്ങളും സേവനത്തിന്റെ മനഃശാസ്ത്രവും സിവിൽ സർവീസിന്റെ ആത്മാവിൽ പ്രതിഷ്ഠിക്കാൻ ജനാധിപത്യമൂല്യങ്ങളും ഭരണഘടനയും നിർബന്ധിക്കുന്നുണ്ട്. അങ്ങനെയല്ലാത്ത സിവിൽ സർവീസ് ഒരു ആന്തരിക വൈരുധ്യമാണ്.■



**നവകേരളസൃഷ്ടിയിൽ ഏറെ സംഭാവന ചെയ്ത സംവിധാനമാണ് തദ്ദേശസ്വയംഭരണസംവിധാനവും ജനകീയാസൂത്രണവും. കേരളത്തിന്റെ ഓരോ പ്രദേശങ്ങളിലും വികസനത്തിന്റെ പൊൻവെളിച്ചം എത്തിച്ച എന്നത് തന്നെയാണ് ഏറ്റവും പ്രധാനമായ നേട്ടം**

# നവകേരളത്തിനായി ജനകീയാസൂത്രണം

**ഡോ. ജോയ് ഇളമൺ**
**മുൻ ഡയറക്ടർ ജനറൽ, കില**
**സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗം**

17 ഓഗസ്റ്റ് 1996. മുൻ മുഖ്യമന്ത്രിമാരുടെയും അന്നത്തെ മുഖ്യമന്ത്രി ഇ.കെ.നായനാരുടെയും തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെയും സാന്നിധ്യത്തിൽ കേരള സംസ്ഥാനത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനകീയാസൂത്രണത്തിനു ദീപം കൊളുത്തി. കേരളത്തിന്റെഭരണപ്രക്രിയയിലുംസംവിധാനത്തിലും വികസനയാത്രയിലും പുതിയ ഒരു ഏട് രചിച്ചുകൊണ്ടാണ് ജനകീയാസൂത്രണം ഉദ്ഘാടനം ചെയ്യപ്പെട്ടത്. അധികാരം ജനങ്ങളിലേക്ക്! പിന്നീട് 2016 ൽ അധികാരമേറ്റ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ 'നവകേരളത്തിനായി ജനകീയാസൂത്രണം' എന്ന രീതിയിൽ ജനകീയാസൂത്രണത്തിനു പുതിയ രൂപവും ഭാവവും നൽകി പുനഃക്രമീകരിച്ചു. ഇന്ന് ജനകീയാസൂത്രണം മുപ്പതാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്.



നവകേരളസൃഷ്ടിയിൽ ഏറെ സംഭാവന ചെയ്ത സംവിധാനമാണ് തദ്ദേശസ്വയംഭരണസംവിധാനവും ജനകീയാസൂത്രണവും. കേരളത്തിന്റെ ഓരോ പ്രദേശങ്ങളിലും വികസനത്തിന്റെ പൊൻവെളിച്ചം എത്തിച്ചു എന്നത് തന്നെയാണ് ഏറ്റവും പ്രധാനമായ നേട്ടം. സാധാരണഗതിയിൽ, മുപ്പതു വർഷം മുൻപ് നിലനിന്നിരുന്ന രീതിയിൽ ആയിരുന്നുവെങ്കിൽ ഇതായിരുന്നില്ല സ്ഥിതി. തലസ്ഥാനത്തും ജില്ലാ കേന്ദ്രങ്ങളിലും ചില ശക്തരായ ജനപ്രതിനിധികളുടെ പ്രദേശങ്ങളിലും മാത്രമായി വികസനം ഒതുങ്ങിനിന്ന കാലത്ത് നിന്നാണ് ഈ മാറ്റം.

കേരളപ്പിറവി മുതൽ അധികാര വികേന്ദ്രീകരണത്തിലേക്കുള്ള തയ്യാറെടുപ്പിലായിരുന്നു കേരളം. പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ്.നമ്പൂതിരിപ്പാട് തന്നെയായിരുന്നു അധികാരവികേന്ദ്രീകരണ ആശയത്തിന് തുടക്കം കുറിച്ചത്. പിൽക്കാലത്ത് ഇതിനായി പല നടപടികൾക്കും ശ്രമമുണ്ടായെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല. 1987ലെ ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ ആവിഷ്കരിച്ച ജില്ലാ കൗൺസിലും അതിന്റെ ഭാഗമായുള്ള പഞ്ചായത്ത് സംവിധാനവുമാണ് ശക്തമായ



വികേന്ദ്രീകരണം ശക്തിപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. സ്വയംഭരണാവകാശം, ചുമതലകൾ, വിഭവങ്ങൾ, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവയ്ക്കൊപ്പം ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി. ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ തയ്യാറാക്കുന്നതിന് ജനകീയാസൂത്രണം ആരംഭിച്ചു. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ ധന വികേന്ദ്രീകരണവും ഭാരിച്ച ചുമതലകൾ നിറവേറ്റാനുള്ള പശ്ചാത്തലമൊരുക്കാൻ ഭരണപരമായ വികേന്ദ്രീകരണവും ഉറപ്പാക്കി. വിവിധ ജനകീയസംവിധാനങ്ങൾക്ക് രൂപം നൽകുക വഴി ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കി.

വളരെ ലളിതമായ ഒരു പ്രക്രിയയിലൂടെയാണ് ജനകീയാസൂത്രണം താഴേത്തട്ടിൽ നടന്നു വരുന്നത്. വികസന പ്രശ്നങ്ങൾ, ആവശ്യങ്ങൾ, ആശയങ്ങൾ എന്നിവ ഗ്രാമ/വാർഡ് സഭകളിൽ ചർച്ച ചെയ്യുന്നു. ലഭ്യമായ വിവരങ്ങൾ സമാഹരിക്കുന്നു. വിവിധ വിഷയങ്ങൾക്കായുള്ള വർക്കിങ് ഗ്രൂപ്പുകൾ ഇവയെല്ലാം ചർച്ച ചെയ്തു പദ്ധതി നിർദേശങ്ങൾ ക്രോഡീകരിക്കുന്നു. തുടർന്ന് അവ ഗ്രാമ / വാർഡ് സഭയിൽ ചർച്ചചെയ്തു അംഗീകരിക്കുന്നതിനുശേഷം മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതി രൂപീകരിക്കുന്ന ചുമതല ഭരണ സമിതികൾക്കാണ്. തുടർന്ന് ജില്ലാ ആസൂത്രണ സമിതി ചേർന്ന് ഇവയ്ക്ക് അംഗീകാരം നൽകുന്നു. ഈ പദ്ധതിയിൽ അടങ്ങുന്ന പ്രോജക്ടുകളാണ് ഓരോ പ്രദേശത്തും നടപ്പാക്കിവരുന്നത്. അങ്ങനെ നാട്ടിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗങ്ങൾ തീരുമാനിച്ച് താഴേത്തട്ടിൽ തന്നെ നടപ്പാക്കുന്നതാണ് ഈ പ്രക്രിയ. അതതു തലങ്ങളിൽ ചെയ്യാൻ കഴിയാത്തവ മേൽത്തട്ട് സർക്കാരുകളിലേക്ക് കൈമാറുകയും അവർ അത് ഏറ്റെടുക്കുകയും വേണം. ഇതിനൊക്കെ ആവശ്യമായ തുക വിവിധ സ്രോതസ്സുകളിലായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഫോർമുല അടിസ്ഥാനത്തിൽ ലഭ്യമാകുന്നു എന്നതാണ് കേരളത്തിന്റെ പ്രത്യേകതകളിൽ പ്രധാനം. സുസ്ഥിരവികസനലക്ഷ്യങ്ങളെ പ്രാദേശികവത്കരിച്ചുകൊണ്ടുള്ള ഒരു സമീപനവും കിലയുടെ നേതൃത്വത്തിൽ കേരളം

**കേവലം ഒരു സ്ഥാപനം എന്നതിലുമപ്പുറം പ്രാദേശിക സർക്കാർ എന്ന നിലയിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വളർത്തിക്കൊണ്ടുവരികയാണ് ജനകീയാസൂത്രണത്തിലൂടെ ശ്രമിച്ചത്.**

തദ്ദേശഭരണ സംവിധാനത്തിന് തുടക്കം കുറിച്ചത്. 1990 ൽ അതുപ്രകാരമുള്ള ആദ്യത്തെ തിരഞ്ഞെടുപ്പും നടന്നു. എന്നാൽ പിൽക്കാലത്ത് അതും അട്ടിമറിക്കപ്പെട്ടു.

പിന്നീട് 1992 ൽ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ രാജ്യത്ത് ത്രിതല തദ്ദേശഭരണ സംവിധാനത്തിന് രൂപം നൽകുകയുണ്ടായി. 1993 ഏപ്രിൽ 24നു അവ പ്രാബല്യത്തിൽ വന്നു. സംസ്ഥാനങ്ങൾ ഈ ഭേദഗതികളുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തി അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക എന്നാണ് അതിൽ വിവക്ഷിച്ചിട്ടുള്ളത്. അത്തരമൊരു നിയമനിർമ്മാണം നടത്തുവാൻ കേരളം വൈകിയെങ്കിലും പിൽക്കാലത്ത് ജനകീയാസൂത്രണത്തിലൂടെ രാജ്യത്തിന് മാതൃകയാകുന്ന തലത്തിലേക്കാണ് സംസ്ഥാനം ഉയർന്നത്. ഇന്ന് ജനകീയാസൂത്രണം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

## പ്രവർത്തനമാതൃക

കേവലം ഒരു സ്ഥാപനം എന്നതിലുമപ്പുറം പ്രാദേശിക സർക്കാർ എന്ന നിലയിലേക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ വളർത്തിക്കൊണ്ടുവരികയാണ് ജനകീയാസൂത്രണത്തിലൂടെ ശ്രമിച്ചത്. ഭരണഘടനാഭേദഗതികളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അധികാര

വികസിപ്പിച്ചെടുത്തു. അതിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് ഇന്നത് ദേശീയതലത്തിൽ തന്നെ നടപ്പിലാക്കി വരുന്നു എന്നതും നമുക്ക് അഭിമാനമാണ്. ഈ വർഷം സംസ്ഥാന വികസന ഫണ്ടിന്റെ 28 ശതമാനം തുക ഇങ്ങനെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഒരു വിവേചനവുമില്ലാതെ കൈമാറുന്നു. അതോടൊപ്പം താഴേത്തട്ടിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രങ്ങൾ, സ്കൂൾ, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ രീതിയിൽ കൈമാറിയ ഏക സംസ്ഥാനം കേരളമാണ്.

## കാലത്തിനൊത്ത്, ആവശ്യങ്ങൾക്കൊത്ത്

ആഗോളവത്കരണവും ഉദാരവത്കരണവും നടപ്പിലാക്കിയതിന്റെ ആഘാതം പല മേഖലകളെയും ബാധിച്ചുതുടങ്ങിയ കാലമായിരുന്നു 90 കളുടെ ആദ്യപാദം. അത് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവനമേഖലകളെ തകർത്തു തുടങ്ങിയിരുന്നു. സ്കൂളുകൾ അടയ്ക്കുന്നതിനെക്കുറിച്ച് പോലും ചർച്ച ആരംഭിച്ചിരുന്നു. പുതിയ സ്കൂളുകൾ ഇല്ല, ഉള്ളവ മെച്ചപ്പെടുത്തുന്നുമില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും സ്ഥിതിയും ഇതു തന്നെ. കൃഷിയും അനുബന്ധ ഉൽപാദനമേഖലകളും ഇതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. അതിൽ നിന്നാണ് ഇന്ന് നാം ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരോഗ്യസംവിധാനങ്ങളുടെയും നിലയിൽ എത്തിയിരിക്കുന്നത്. ഇവിടെയായിരുന്നു ജനകീയാസൂത്രണത്തിന്റെ പ്രസക്തി. ഓരോ മേഖലയിലും ഈ മാറ്റമിന്നു പ്രകടമാണ്.

ആദ്യഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, പാർപ്പിടം തുടങ്ങിയ മേഖലകളിലായിരുന്നു ഊന്നൽ. തുടർന്ന് സമസ്തമേഖലകളിലെയും വികസനത്തിനുള്ള ഇടപെടലുകൾ സംഘടിപ്പിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്കൂളുകളുമെല്ലാം മാറ്റങ്ങൾക്ക് വിധേയമായി. മെച്ചപ്പെട്ട ആരോഗ്യകേന്ദ്രങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും അനുബന്ധ സൗകര്യങ്ങളുമുണ്ടായി. ദാരിദ്ര്യ നിർമ്മാർജനത്തിലും വയോജനസൗഹൃദ, ബാലസൗഹൃദ, ഭിന്നശേഷി സൗഹൃദപ്രവർത്തനങ്ങളിലും മാതൃകാപ്രവർത്തനങ്ങളാണ് അവർ നടത്തിയത്. സാന്ത്വനചികിത്സ നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ് കേരളം. അതിദാരിദ്ര്യം തുടച്ചുനീക്കിയ ഏക സംസ്ഥാനമായി കേരളം മാറുന്നതിൽ ജനകീയാസൂത്രണം വലിയ പങ്കാണ് വഹിച്ചത്. സേവനങ്ങൾ ഓൺലൈൻ പോർട്ടൽ വഴി ലഭ്യമാക്കുന്ന കെ-സ്മാർട്ട്, ഡിജിറ്റൽ സാക്ഷരത എന്നിവ കേരളത്തിന്റെ തന്നെ മുഖച്ഛായ മാറ്റി. മണ്ണും ജലവും വീണ്ടെടുക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ. തോടുകളും കുളങ്ങളും വൃത്തിയാക്കി പുനരുജ്ജീവിപ്പിച്ച എത്രയെത്ര കഥകൾ. മാലിന്യനിർമ്മാർജനത്തിന്റെ പ്രാദേശിക മാതൃകകൾ ഏറെ. അതോടൊപ്പം സംസ്ഥാനത്തുടനീളം എല്ലാ പ്രദേശത്തും തുല്യമായ രീതിയിൽ മറ്റു വികസന പ്രവർത്തനങ്ങളും നടന്നുവരുന്നു. നവകേരള കർമ്മപരിപാടിയുമായി ബന്ധപ്പെട്ട വിവിധ മിഷൻ പ്രവർത്തനങ്ങളിലൂടെ താഴേത്തട്ടിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തുന്നതിൽ ജനകീയാസൂത്രണം നിർണ്ണായക പങ്കുവഹിച്ചു.

2018 ലെ പ്രളയം നേരിടുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ച് കേരളത്തെ രക്ഷിച്ചതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളിൽ ആരോഗ്യ സംവിധാനങ്ങൾക്കൊപ്പം നിർണ്ണായകമായ



പങ്കുവഹിക്കുവാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി.

ആദ്യ വർഷങ്ങളിലെ (96 മുതൽ) വിജയകരമായ മുന്നേറ്റത്തിനുശേഷം സുപ്രധാനവും നിർണ്ണായകവുമായ ഏറ്റവുമധികം പ്രവർത്തനങ്ങൾ നടന്ന വർഷങ്ങളായിരുന്നു കഴിഞ്ഞ ഒൻപത് വർഷങ്ങൾ. ജനകീയാസൂത്രണ സംവിധാനം തന്നെ പുതിയ കേരളത്തിനു അനുസൃതമായി ഉടച്ചുവാർക്കപ്പെട്ട വർഷങ്ങളായിരുന്നു 'നവകേരളത്തിനായി ജനകീയാസൂത്രണ' വർഷങ്ങൾ. ■



# കുടുംബശ്രീ സമാനതകളില്ലാത്ത മാതൃക

■ ശാരദ മുരളീധരൻ
മുൻ ചീഫ് സെക്രട്ടറി

1998ൽ ആരംഭിച്ച കുടുംബശ്രീ എന്ന പ്രസ്ഥാനം 27 വർഷമായി ജൈത്രയാത്ര തുടരുകയാണ്. സമാന സ്വഭാവമുള്ള പ്രസ്ഥാനങ്ങളിൽ ഇതൊരു ദേശീയ റെക്കോർഡാണ്. ദേശീയതലത്തിൽ സ്വർണജയന്തി സ്വരോസ്ഗർ യോജന (എസ്. ജി. എസ്. വൈ.) ആരംഭിച്ച അതേസമയത്താണ് കേരളത്തിൽ കുടുംബശ്രീയും പ്രവർത്തനമാരംഭിക്കുന്നത്. സ്വയംസഹായ സംഘങ്ങളുടെയും സൂക്ഷ്മ സംരംഭങ്ങളുടെയും സഹായത്തോടെയുള്ള ദാരിദ്ര്യനിർമ്മാർജനമാണ് ഇരു പ്രസ്ഥാനങ്ങളുടെയും അടിസ്ഥാനലക്ഷ്യം. യഥാർഥത്തിൽ, കുടുംബശ്രീ അയൽപക്ക ഗ്രൂപ്പുകളിൽ പലതും എസ്. ജി. എസ്. വൈ. യുടെ സ്വയംസഹായ ഗ്രൂപ്പുകളായി ക്യാൻവാസ് ചെയ്യപ്പെടുകയും ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള സബ്സിഡി പിന്തുണ നേടിയെടുക്കുകയും ചെയ്തിരുന്നു. ആ അർഥത്തിൽ, ദേശീയതലത്തിൽ കുടുംബശ്രീയെ എസ്. ജി. എസ്. വൈ. യുമായി സംയോജിപ്പിച്ചിരുന്നതായി പറയാം. കുടുംബശ്രീയുടെ തനതുപ്രവർത്ത



ദാരിദ്ര്യ നിർമ്മാർജനം
അടിസ്ഥാനലക്ഷ്യമായ കുടുംബശ്രീയുടെ
ജൈത്രയാത്ര

നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്. 2009-ൽ എസ്. ജി. എസ് വൈയുടെ കീഴിലുള്ള വായ്പാവിതരണം, പ്രവർത്തന രീതി എന്നിവയെക്കുറിച്ചു പഠിച്ച രാധാകൃഷ്ണ കമ്മിറ്റി ആന്ധ്രാപ്രദേശ് സൊസൈറ്റി ഫോർ എലിമിനേഷൻ ഓഫ് റൂറൽ പോവർട്ടി (എസ്ഇആർപി), കേരള കുടുംബശ്രീ എന്നീ മാതൃകകളാണ് രാജ്യത്ത് ഏറ്റവും സുസ്ഥിരമായത് എന്നു കണ്ടെത്തി.

## കുടുംബശ്രീയുടെ മൂന്ന് പ്രത്യേകതകളാണ് അംഗീകരിക്കപ്പെട്ടത്

1. കുടുംബശ്രീ ഒരു സ്വയംസഹായ കൂട്ടായ്മ (എസ്. എച്ച്. ജി. എൻ. എച്ച്. ജി) എന്ന തലത്തിൽ മാത്രമല്ല പ്രവർത്തിച്ചത്. അതിന് ഒരു ത്രിതല ഘടന ഉണ്ടായിരുന്നു. എൻ. എച്ച്. ജി, എഡി. എസ്, സി. ഡി. എസ് എന്നീ മൂന്ന് നിലകളിലായുള്ള പ്രവർത്തനം കുടുംബശ്രീയെ കൂടുതൽ കരുത്തുറ്റതാക്കി. ഈ ഘടന ആശയവിനിമയം എളുപ്പമാക്കി. അംഗങ്ങൾക്കിടയിലെ ഐക്യം ഊട്ടിയുറപ്പിക്കാനും സംരംഭങ്ങളുടെ വളർച്ച ഉറപ്പാക്കാനുമായി. സർക്കാർ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ നേതൃത്വം, മറ്റ് പ്രധാന പങ്കാളികൾ എന്നിവരിലേക്ക് ആവശ്യങ്ങളെത്തിക്കാനും സഹായകമായി.

2. മറ്റ് സംസ്ഥാനങ്ങളിലെ പ്രസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, കൂട്ടായ പരിശ്രമത്തിലുള്ള ഒരു ദൗത്യനിർവഹണം (mission) എന്ന രീതിയിലാണ് കുടുംബശ്രീ പ്രവർത്തിച്ചത്. എണ്ണത്തിന്റെ കണക്കിലല്ല, ലക്ഷ്യപൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിലാണ് നേട്ടങ്ങൾ തിട്ടപ്പെടുത്തിയത്. അയൽക്കൂട്ടങ്ങളുടെ സുസ്ഥിരത, പ്രവർത്തനങ്ങളുടെ പൂർത്തീകരണം, പുത്തൻ സാധ്യതകൾ, ബാങ്കിടപാടിലെ ബുദ്ധിമുട്ടുകൾ തരണംചെയ്യൽ, സൂക്ഷ്മസംരംഭങ്ങളുടെ പ്രായോഗികത, വരുമാനവർധനവിനുള്ള മാർഗങ്ങൾ വിപുലപ്പെടുത്തൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റുമുള്ള സുതാര്യ ഇടപാടുകൾ എന്നിവയിൽ വലിയ ശ്രദ്ധ നൽകാനായി.

3. കുടുംബശ്രീയിലെ സ്ത്രീകളെ നന്നായി മനസ്സിലാക്കി അവരിലൊരാളായി സംസാരിക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെയാണ് പരിശീലനത്തിനും ശേഷിവർധിപ്പിക്കലിനും ആശ്രയിച്ചിരുന്നത്. വിശ്വാസവും ആശ്വാസവും സൃഷ്ടിക്കുന്നതിൽ ഇത് പ്രധാനമായിരുന്നു. വ്യാപകമായി പരിശീലനങ്ങൾ സംഘടിപ്പിച്ചും പുതിയ പരിപാടികളും ആശയങ്ങളും പ്രചരിപ്പിച്ചും കൂട്ടായ ഇടപെടലുകൾ ഉണ്ടാക്കിയും അവർ മുന്നേറി. തരിശുഭൂമിയിലെ കൃഷിയും ക്ഷീരസാഗരവും പോലുള്ള പദ്ധതികളിലും സാമൂഹികവും രാഷ്ട്രീയവുമായ ശാക്തീകരണ പ്രവർത്തനങ്ങളിലും ഒരുപോലെ കരുത്തായി നിലകൊണ്ടു. സ്ത്രീകൾക്ക് ദീർ



ഘദൂരം യാത്രചെയ്യാനും വീടുകളിൽനിന്നു മാറിനിൽക്കാനുമുള്ള അവസരവും ഈ പരിശീലനങ്ങൾ നൽകി.

ഇക്കാര്യങ്ങളിൽ ആന്ധ്രാ മോഡൽ എസ് എച്ച്. ജി ഫെഡറേഷനുകളിലും സമാനതകളുണ്ടായിരുന്നു. എസ്. ജി. എസ്. വൈ. പ്രോഗ്രാമിന്റെ പുനഃസംഘടനയിൽ പരിഗണിക്കേണ്ട വിഷയമായി രാധാകൃഷ്ണ കമ്മിറ്റി ഇവയെ ചൂണ്ടിക്കാട്ടി. ഈ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് എൻ. ആർ. എൽ. എം രൂപീകരിച്ചതും.

## ദൃശ്യതയേറുന്ന കുടുംബശ്രീ

എന്നാൽ, കുടുംബശ്രീയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജിച്ച് പ്രവർത്തിക്കുന്ന മാതൃക എൻ. ആർ. എൽ.




എം. സ്വീകരിച്ചില്ല. ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശേഷിക്കുറവും സ്ത്രീകൾ സ്വന്തംനിലയിൽ ഉയർന്നുവരുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന പ്രാദേശിക അധികാര ഘടനയിലുള്ള അവിശ്വാസവുമാണ് ഇതിന് പ്രധാന കാരണം. 14-ാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നതോടെ രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വലിയ വിഭവക്കൈമാറ്റത്തിന് സാധ്യത ഒരുങ്ങി. സി. എഫ്. സി. ഗ്രാന്റുകൾ ഉപയോഗിച്ച് തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സ്ത്രീകളെ പ്രാദേശികവികസനമാതൃകയിൽ സജീവമാക്കാനുമുള്ള സാധ്യതയിലേക്ക് നയിച്ചു. ഇത് കുടുംബശ്രീക്ക് കൂടുതൽ ദൃശ്യത നൽകി.

## കുടുംബശ്രീയുടെ പ്രവർത്തനം

- തദ്ദേശഭരണ പ്രക്രിയകളിലെ സമൂഹപങ്കാളിത്തം
- സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ വൻതോതിലുള്ള ശാക്തീകരണം
- കാർഷിക മേഖലയിലെ സ്ത്രീപങ്കാളിത്തവും സുസ്ഥിര കൃഷിമാതൃകകളുടെ പ്രയോഗവത്കരണവും
- പ്രാദേശിക സാമ്പത്തിക വികസനം, വൻതോതിലുള്ള ഉപജീവനമാർഗ സാധ്യതകൾ കണ്ടെത്തൽ
- കഴിവുകളുടെ പരിപോഷണം, അക്കൗണ്ടിങ്, ബിസിനസ് വികസനം, ലിംഗസമത്വം എന്നിവയ്ക്കായുള്ള സംഘടിത ശ്രമങ്ങൾ
- ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, മാലിന്യ സംസ്കരണം, ഉപജീവനമാർഗങ്ങൾ, സാമൂഹിക അവകാശങ്ങൾ, ആശയവിനിമയം തുടങ്ങി ഒന്നിലധികം മേഖലകളുടെ സംയോജനം
- ദുരന്തനിവാരണത്തിലും പ്രകൃതിസംരക്ഷണത്തിലും പ്രതിരോധ പ്രവർത്തനങ്ങളിലുമുള്ള പങ്കാളിത്തം
- ഭിന്നശേഷിക്കാരും കുടിയേറ്റസമൂഹങ്ങളും ഉൾപ്പെടെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസവും സംരക്ഷണവും
- കുട്ടികളുടെ അവകാശങ്ങൾക്കും ശാക്തീകരണത്തിനുമുള്ള പ്രവർത്തനങ്ങൾ, വയോജന പരിചരണം എന്നിവയിലെ സാമൂഹിക ഇടപെടൽ

NRLM ന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴേക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ എന്ന പേരിൽ ഒരു പ്രത്യേക സംവിധാനം രൂപീകരിച്ചു. പ്രത്യേക കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ -മെന്റർമാർ വഴിയാണ് ഇത് നടപ്പിലാക്കിയത്. പഞ്ചായത്തീരാജ് സംയോജനത്തിനും മൈക്രോ ബിസിനസുകൾ (കാർഷികേതര ഉപജീവനമാർഗങ്ങൾ) കൈകാര്യം ചെയ്യുന്നതിനും കുടുംബശ്രീയെ NRO ആയി നിയോഗിച്ചു. അതേസമയം ആന്ധ്രാപ്രദേശ്/തെലങ്കാനയിലെ SERP ആയിരുന്നു പുതിയ മേഖലകളിൽ സ്വയംസഹായ ഗ്രൂപ്പുകളെ കൈകാര്യം ചെയ്യുന്നതിനുള്ള പ്രധാന NRO. പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സ്വയംസഹായ ഗ്രൂപ്പുകളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു



ചട്ടക്കൂട് വികസിപ്പിക്കുന്നതിൽ കുടുംബശ്രീയുടെ പ്രവർത്തനപരിചയം നിർണായകമായി.

നഗര സ്വയംസഹായ സംഘ രൂപീകരണം, സംയോജനം, സംരംഭ വികസനം എന്നിവയിൽ കുടുംബശ്രീയായിരുന്നു മുൻഗാമി. അക്കാലത്ത് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഒരുപോലെ പ്രവർത്തിച്ചിരുന്ന സംസ്ഥാനതല മിഷൻ കുടുംബശ്രീ മാത്രം

അക്കാലത്ത് തദ്ദേശീയ ബിസിനസുകളും സൂക്ഷ്മസംരംഭങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പരിഹാരംകണ്ടെത്തുന്നതിനായി തന്ത്രപരമായ പരീക്ഷണങ്ങൾ നടത്തിയ ഏക സംസ്ഥാനം കേരളമായിരുന്നു. ചെറുകിട സംരംഭകരെ വികസിപ്പിക്കാൻ, പ്രത്യേകിച്ച് വനിതാ സ്വയംസഹായ സംഘങ്ങളിൽ നിന്നുള്ളവരെ സഹായിക്കുന്നതിന് കമ്മ്യൂണിറ്റി മെന്റർമാരായ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരെ (MEC) ഉപയോഗിക്കാമെന്ന ആശയവും കുടുംബശ്രീ NRLMന് നൽകിയ സംഭാവനയാണ്. NRLMന്റെ NRO ആയി അംഗീകരിക്കപ്പെട്ടശേഷം 25 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കുടുംബശ്രീ പിന്തുണ നൽകി.

നഗര സ്വയംസഹായ സംഘ രൂപീകരണം, സംയോജനം, സംരംഭ വികസനം എന്നിവയിൽ കുടുംബശ്രീയായിരുന്നു മുൻഗാമി. അക്കാലത്ത് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഒരുപോലെ പ്രവർത്തിച്ചിരുന്ന സംസ്ഥാനതല മിഷൻ കുടുംബശ്രീ മാത്രം. അതിനാൽ, NULM (ദേശീയ നഗര ഉപജീവന മിഷൻ) പ്രകാരം നഗര ദാരിദ്ര്യനിർമ്മാർജനത്തിനായുള്ള മാർഗനിർദേശങ്ങളിൽ NRLM മാതൃകയ്ക്ക് പുറമെ, കുടുംബശ്രീയുടെ നഗരാനുഭവം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, തെരുവോര കച്ചവടം പോലെ കുടുംബശ്രീ ഇടപെടാത്ത പുതിയ മേഖലകൾ കൂടി NULM ഉൾപ്പെടുത്തി.

ലോകബാങ്ക്, ഐക്യരാഷ്ട്രസഭ തുടങ്ങിയവ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ താത്പര്യം കാണിച്ചതോടെ അന്താരാഷ്ട്ര ശ്രദ്ധ നേടിയെടുക്കാനായി. അക്കാദമിക് സ്ഥാപനങ്ങൾ ഉൾപ്പെടെ താത്പര്യം പ്രകടിപ്പിച്ചതുവഴി വിദേശ രാജ്യങ്ങളിലെ അന്താരാഷ്ട്ര വികസന കോഴ്സുകളുടെ സിലബസിൽ കുടുംബശ്രീ ഇടംനേടി. സാമൂഹികമായും സാമ്പത്തികമായും താഴേത്തട്ടിലുള്ള ആളുകളുടെ ശാക്തീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കുടുംബശ്രീക്ക് സർക്കാർ തലത്തിൽ തുടർച്ചയായി ലഭിക്കുന്ന പിന്തുണയും പ്രധാനമാണ്. വികസനത്തിലും തുല്യതയിലും വേരൂന്നി വളരുന്നൊരു സമൂഹത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്കം തുല്യപ്രാധാന്യമർഹിക്കുന്നു. ■

# ജനമൈത്രിയിലൂടെ ജനസുരക്ഷ

**ജേക്കബ് പുന്നൂസ്** ഐ.പി.എസ് (റിട്ട.)
മുൻ സംസ്ഥാന പൊലീസ് മേധാവി



ആപത്തിൽ ആരാണോ സഹായി, അയാളാണ് യഥാർഥ സുഹൃത്ത് എന്നല്ലേ പഴഞ്ചൊല്ല്? നമ്മൾ എപ്പോഴെങ്കിലും ഏതെങ്കിലും ആപത്തിൽപ്പെട്ടാൽ നമ്മളെ സഹായിക്കാൻ വേണ്ടി സർക്കാർ ഒരുകൂട്ടം ആളുകളെ പ്രത്യേകമായി നിയമിച്ചിട്ടുണ്ട്. അവരാണ് പൊലീസുകാർ. നമ്മളെ ആരെങ്കിലും ആക്രമിച്ചാലോ , നമ്മളുടെ വീട്ടിൽ കള്ളൻ കയറിയാലോ, നമ്മുടെ കയ്യിൽ നിന്ന് ആരെങ്കിലും എന്തെങ്കിലും തട്ടിപ്പറിച്ച് ഓടിപ്പോയാലോ, നാം ഏതെങ്കിലും ഗതാഗതക്കുരുക്കിൽ അകപ്പെട്ടാലോ, ആരെങ്കിലും നമ്മളെ അപമാനിച്ചാലോ ഒക്കെ നമ്മളെ സഹായിക്കാൻ ബാധ്യസ്ഥരായ ആളുകളാണ് അവർ. പല



> **ജനാധിപത്യത്തിൽ നിയമത്തിന്റെ ഉടമകൾ ജനങ്ങളാണ്. ജനങ്ങളുടെ പരമാധികാരമാണ് നിയമത്തിന്റെ സ്രോതസ്സ്. ജനങ്ങൾ സൃഷ്ടിക്കുന്ന നിയമം നടപ്പാക്കുന്നവരാണ് പൊലീസുകാർ**

പ്പോഴും ആരും വിളിച്ചില്ലെങ്കിലും അവർ കാര്യം അറിഞ്ഞാൽ ഓടിയെത്തുന്നു; നമ്മളെ ദ്രോഹിച്ചവരെ കണ്ടുപിടിച്ച് അവർക്കെതിരായി നടപടികൾ എടുക്കുന്നു. നമ്മൾ ഉറങ്ങുമ്പോഴും നാം സ്വയം ശ്രദ്ധിക്കാത്തപ്പോഴും ഒക്കെ നമ്മുടെ സുരക്ഷയ്ക്കായി തുടർച്ചയായി അവർ ജോലി ചെയ്യുന്നു. നമ്മുടെ വീടുകളിൽ മോഷണം നടക്കാതിരിക്കാൻ അവർ രാത്രികളിൽ ഉറക്കമിളച്ച് പട്രോളിങ് നടത്തുന്നു. നമ്മുടെ യാത്രകൾ സുഗമവും സുഖപ്രദവും സുരക്ഷിതവുമാക്കാൻ അവർ മഴയത്തും വെയിലത്തും നിന്ന് ജോലി ചെയ്യുന്നു. മാത്രമല്ല നാമെല്ലാവരും അപകടഘട്ടങ്ങളിൽ പരസ്പരം സഹായിക്കേണ്ടവരാണ്. എന്നാൽ പലപ്പോഴും നമുക്ക് അതിനുള്ള സമയമോ സൗകര്യമോ സാവകാശമോ ലഭിക്കുകയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിലും നാം പോലീസിനെ വിളിച്ചുവരുത്തുമ്പോൾ നാം നിർവഹിക്കേണ്ട ചുമതലയും അവരുടെ കർത്തവ്യമായി മാറ്റി അതും അവർ ഏറ്റെടുക്കുന്നു. അതുകൊണ്ട് തീർച്ചയായും, എല്ലാ അർഥത്തിലും, നമ്മെ സഹായിക്കുന്ന പൊലീസുകാർ നമ്മുടെ സുഹൃത്തുക്കളാണ്.

നമ്മെ സഹായിക്കുന്നവരെ തിരിച്ചും സഹായിക്കാൻ നമുക്ക് ബാധ്യതയുണ്ട്. കുറ്റകൃത്യങ്ങൾ തടയുവാൻ പൊലീസിനെ സഹായിക്കുന്നതുവഴി നാം യഥാർഥത്തിൽ സഹായിക്കുന്നത് നമ്മുടെ അയൽക്കാരെയും സുഹൃത്തുക്കളെയും പൊതുസമൂഹത്തെയും ആണ്. നടക്കാൻ പോകുന്ന കുറ്റകൃത്യങ്ങളെക്കുറിച്ചോ കുറ്റകൃത്യം നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളെക്കുറിച്ചോ സമയോചിതമായ വിവരം ലഭിച്ചാലേ പൊലീസിന് അവ തടയുവാൻ സാധിക്കൂ. പലപ്പോഴും അവയെപ്പറ്റിയുള്ള സംശയങ്ങളും സാഹചര്യങ്ങളും ശ്രദ്ധയിൽപ്പെടുന്നത് പൊതുജനങ്ങൾക്കാണ്. അവർ ഈ കാര്യങ്ങളെല്ലാം അപ്പോഴപ്പോൾ പൊലീസിനെ അറിയിച്ചാൽ നാട്ടിലെ ജീവിതം സമാധാനപരവും സുരക്ഷിതവും ആക്കാൻ പൊലീസിനു കഴിയും. പൊലീസിന്റെ പരിശീലനവും അച്ചടക്കവും നാട്ടുകാരുടെ സഹകരണവും ഒത്തുചേർന്നാൽ നമ്മുടെ നാട്ടിൽ സ്വൈര്യജീവിതം വളരെ എളുപ്പമാകും. അത്തരം സഹകരണം സാധ്യമാക്കാൻ കേരള പൊലീസ് 2008 ൽ തുടങ്ങിയതാണ് ജനമൈത്രി പൊലീസ് പദ്ധതി.

## ജനമൈത്രി പൊലീസ്

പണ്ടുണ്ടായിരുന്ന പൊലീസിന്റെ പ്രവർത്തനശൈലി മൂലം നിയമം അനുസരിച്ച് ജീവിക്കുന്നവർക്ക് പോലും പൊലീസ് സ്റ്റേഷനിൽ പോയി ഒരു സംശയമോ പരാതിയോ പറയുവാൻ പലപ്പോഴും മടിയോ ചിലപ്പോൾ ഭയമോ ആണ്. ജനങ്ങൾ അവരുടെ പരാതികളുമായി പൊലീസ് സ്റ്റേഷനുകളിലേക്ക് വന്നാലേ ഞങ്ങൾ നടപടി എടുക്കുകയുള്ളൂ എന്ന നിർബന്ധം ഇല്ലാതെ, പൊലീസുകാർ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരെ അവരുടെ വീടുകളിലും ജോ



ലിസ്ഥലങ്ങളിലും ഒക്കെ പോയി കണ്ട്, അവരെ ഓരോരുത്തരെയും പരിചയപ്പെട്ട്, അവരുടെ സുരക്ഷാ കാര്യങ്ങൾ അന്വേഷിച്ചറിയുന്ന ഒരു രീതിയാണ് ജനമൈത്രി പൊലീസ് സമ്പ്രദായം അവലംബിക്കുന്നത്. പൊതുജനങ്ങളുമായി പൊലീസ് തുടർച്ചയായി ഇടപെടുന്നതും അവരുമായി ആശയവിനിമയം നടത്തുന്നതും അവരെയെല്ലാം പരിചയപ്പെടുന്നതും ഒക്കെ പൊലീസുമായി ഇടപെടുന്നതിനുള്ള മടിയും ഭയവും വളരെ കുറച്ചു കൊണ്ടുവരും. സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും ഒക്കെ താമസിക്കുന്ന വീടുകളിലും സ്ഥലങ്ങളിലും പൊലീസ് എത്തിച്ചേർന്ന് അവരുടെ സുരക്ഷാ പ്രശ്നങ്ങൾ എന്താണെന്ന് തിരക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ, വ്യാജവാറ്റ്, മയക്കുമരുന്ന് വിതരണം, പ്രകൃതി നശീകരണം, വായു ജല പരിസരമലിനീകരണം മുതലായ പ്രശ്നങ്ങൾ യഥാസമയം പൊലീസിനെ അറിയിച്ചാൽ അത് പൊതുജീവിതം മെച്ചപ്പെടുത്താൻ പൊലീസിനെ വളരെ സഹായിക്കും. അങ്ങനെ പൊലീസിന് പ്രയോജനപ്രദമായ വിവരങ്ങൾ പെട്ടെന്ന് കിട്ടാനും ജനമൈത്രി പൊലീസ് സമ്പ്രദായം സഹായിക്കും.




ജനങ്ങളിൽനിന്ന് ധാരാളമായി വിവരം പൊലീസിന് കിട്ടണം എന്നുണ്ടെങ്കിൽ ജനങ്ങളോട് പൊതുവേ സൗഹൃദ മനോഭാവം പൊലീസുകാർ പുലർത്തണം. അതുകൊണ്ടുതന്നെയാണ് ജോലിസ്ഥലങ്ങളിലും വീട്ടുകളിലും സ്കൂളുകളിലും ഒക്കെ പോയി ജനങ്ങളെ കണ്ട് അവരുടെ ക്ഷേമവും സുരക്ഷാപ്രശ്നങ്ങളും പൊലീസുകാർ അന്വേഷിച്ച് അവരുടെ വിശ്വാസം ആർജിക്കേണ്ടത്. പൊലീസും ജനങ്ങളും തമ്മിലുള്ള പരസ്പര സഹകരണവും പരസ്പര വിശ്വാസവുമാണ് യഥാർത്ഥത്തിൽ ഒരു ജനാധിപത്യത്തിൽ നിയമസമാധാനത്തിന്റെ അടിത്തറ. നമുക്കൊരു പ്രശ്നമുണ്ടായാൽ പൊലീസിനെ വിളിക്കാനും പൊലീസ് സ്റ്റേഷനിലേക്ക് ഭയമില്ലാതെ കടന്നുചെല്ലാനും നമുക്ക് സാധിക്കണം. അതുപോലെ എവിടെയെങ്കിലും ഒരു പ്രശ്നമുണ്ടായാൽ ആ സ്ഥലത്തെപ്പറ്റിയും അവിടുത്തെ താമസക്കാരെപ്പറ്റിയും ഉള്ള അറിവുകളും നല്ല ബന്ധങ്ങളും ആ പ്രശ്നം പരിഹരിക്കാൻ പൊലീസിനെ സഹായിക്കും. അവരിൽ ആരാണ് നല്ലവർ? ആരാണ് നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവർ? ആരാണ് സാമൂഹ്യവിരുദ്ധർ? എന്നൊക്കെ മുൻകൂട്ടി തിരിച്ചറിഞ്ഞാൽ മാത്രമേ പൊലീസിന് കാര്യക്ഷമമായി പ്രശ്നങ്ങളിൽ ഇടപെടാൻ പറ്റുകയുള്ളൂ. നാടിനെക്കുറിച്ചും നാട്ടുകാരെക്കുറിച്ചും അറിവ് ഉള്ള പൊലീസുകാരാണ് നാട്ടിൽ സമാധാനം ഉണ്ടാക്കാൻ പ്രാപ്തരാകുന്നത്. സ്ഥിരമായി ജനങ്ങളുമായി ഇടപെടുന്നവർക്ക് മാത്രമേ നാട്ടിൽ നിന്ന് നല്ല രീതിയിലുള്ള വിവരം ലഭിക്കുകയുള്ളൂ. ആ അർഥത്തിലും ജനമൈത്രി എന്നത് പൊലീസിന്റെയും ജനങ്ങളുടെയും പൊതു ആവശ്യമാണ്.


**ജനങ്ങളിൽനിന്ന് ധാരാളമായി വിവരം പൊലീസിന് കിട്ടണം എന്നുണ്ടെങ്കിൽ ജനങ്ങളോട് പൊതുവേ സൗഹൃദ മനോഭാവം പൊലീസുകാർ പുലർത്തണം. അതുകൊണ്ടുതന്നെയാണ് ജോലിസ്ഥലങ്ങളിലും വീടുകളിലും സ്കൂളുകളിലും ഒക്കെ പോയി ജനങ്ങളെ കണ്ട് അവരുടെ ക്ഷേമവും സുരക്ഷാപ്രശ്നങ്ങളും പൊലീസുകാർ അന്വേഷിച്ച് അവരുടെ വിശ്വാസം ആർജിക്കേണ്ടത്.**


ജനാധിപത്യത്തിൽ നിയമത്തിന്റെ ഉടമകൾ ജനങ്ങളാണ്. ജനങ്ങളുടെ പരമാധികാരമാണ് നിയമത്തിന്റെ സ്രോതസ്സ്. ജനങ്ങൾ സൃഷ്ടിക്കുന്ന നിയമം നടപ്പാക്കുന്നവരാണ് പൊലീസുകാർ. അങ്ങനെ ജനങ്ങൾ സൃഷ്ടിച്ച നിയമം ജനങ്ങൾക്കുവേണ്ടി പൊലീസുകാർ നടപ്പാക്കുന്നത് കഴിയുന്നിടത്തോളം ജനങ്ങളുമായി സഹകരിച്ചായിരിക്കണം.

അതാണ് ജനമൈത്രി പൊലീസ് സമ്പ്രദായത്തിന്റെ അടിസ്ഥാന തത്വം! സുരക്ഷയ്ക്കായി ജനങ്ങൾക്കൊപ്പം ഒരുമിച്ച് മുന്നോട്ട്! ■



> പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണിനിരത്തിയുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്



# ഹരിതകേരളം മിഷൻ സുസ്ഥിര പ്രകൃതിസൗഹൃദ വികസനം

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

സുസ്ഥിര പ്രകൃതിസൗഹൃദവികസനമാണ് സംസ്ഥാനത്തിന്റെ നയം. ഭൂമിയും മണ്ണും വായുവും ജലവും മലിനമാക്കാതെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കകയാണ് ലക്ഷ്യം. കേരളത്തിന്റെ പാരിസ്ഥിതിക സമനില വീണ്ടെടുക്കുന്നതിൽ സുപ്രധാനമാണ് സുസ്ഥിര വികസനപരിപ്രേക്ഷ്യം. 2016 ൽ ഹരിതകേരളം മിഷൻ രൂപം നൽകിയത് പാരിസ്ഥിതികരംഗത്തെ സുസ്ഥിര ഇടപെടൽ ലക്ഷ്യമിട്ടാണ്. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷൻ പോലൊരു മിഷൻ സംവിധാനം പ്രവർത്തിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ജലസ്രോതസ്സുകളുടെ സംരക്ഷണം,

ശാസ്ത്രീയ മാലിന്യ സംസ്കരണം, ജൈവ വൈവിധ്യ സംരക്ഷണം തുടങ്ങിയ സുപ്രധാന പാരിസ്ഥിതിക ഉത്തരവാദിത്വങ്ങൾ ഈ മിഷൻ നിർവഹിച്ചുവരികയാണ്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പുതിയ വെല്ലുവിളികളെ പ്രതിരോധിക്കുന്നതിന് പ്രാദേശിക തലം മുതലുള്ള വിപുലമായ ഇടപെടലുകളായാണ് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണിനിരത്തിയുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്. പരിസ്ഥിതിയുമായുള്ള സന്തുലന സമ്പർക്കം ഒരു വ്യക്തിയുടെ മാത്രം ആവശ്യമല്ല, സമൂഹത്തി



ന്റെ കടമയാണെന്ന ബോധ്യമാണ് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ മിഷനെ പ്രേരിപ്പിക്കുന്നത്. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന്റെ സംസ്കാരം വളർത്തിയെടുക്കാനുതകുന്ന ഒട്ടേറെ ജനകീയ പരിപാടികൾ ഹരിതകേരളം മിഷൻ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്.

സുസ്ഥിരവികസനം നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമാണ് പരിസ്ഥിതി പുനഃസ്ഥാപനവും പ്രകൃതിസംരക്ഷണവും. മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവബന്ധം പോലെതന്നെ അഭേദ്യമാണ് സമ്പദ് വ്യവസ്ഥയും പ്രകൃതിവിഭവങ്ങളും തമ്മിലുള്ള ബന്ധവും. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്ന, പരിസ്ഥിതിയും വികസനവും സന്തുലിതമാകുന്ന വികസനസമീപനമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഈ രീതിശാസ്ത്രമാണ് ഹരിതകേരളം മിഷനും അനുവർത്തിക്കുന്നത്.

ഹരിതഗൃഹവാതകങ്ങളുടെ സ്വാധീനവും കാലാവസ്ഥവ്യതിയാനവും അന്തരീക്ഷ ഊഷ്മാവ് ഉയരുന്നതും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാവുകയാണ്. ഭൂമിയിലെ ചെറിയ ഒരു ആവാസവ്യവസ്ഥ തകർന്നാൽ പോലും അത് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. പരിസ്ഥിതിയുടെ സ്വാഭാവിക ആവാസവ്യവസ്ഥ തകരുമ്പോൾ നമ്മുടെ തനത്‌വിഭവങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. അതിനാൽ ഇത്തരം സൂക്ഷ്മാംശങ്ങൾപോലും ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. കാരണം പരിസ്ഥിതി പുനഃസ്ഥാപനം കേരളത്തിന്റെ മുൻഗണനാമേഖലയാണ്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ, പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള പച്ചത്തുരുത്തുകൾ, ഇനി ഞാൻ ഒഴുകട്ടെ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യപരിപാലനരംഗത്തെ നൂതന പ്രവർത്തനങ്ങൾ തുടങ്ങി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെയും നേരിട്ടും നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ പ്രകടമാണ്.

പരിസ്ഥിതി പുനഃസ്ഥാപനത്തിൽ ജലമേഖലയുടെ പങ്ക് നിർണായകമാണ്. ടൂറിസം, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, തീർഥാടനം, വ്യാവസായം തുടങ്ങിയ മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്കൊപ്പം ജലത്തിന്റെ ആവശ്യവും കേരളത്തിൽ വർധിക്കുകയാണ്. സംസ്ഥാനത്ത് 2031 ൽ 47,800 ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ജലലഭ്യത കുറയുന്നത് പരിസ്ഥിതി മേഖലയെയും ദുർബലജനവിഭാഗങ്ങളെയുമാണ് ബാധിക്കുന്നത്. ഈ സ്ഥിതി മുന്നിൽക്കണ്ട് കേരളത്തിന്റെ വികസനമുന്നേറ്റത്തിന് ജലമേഖലയുടെ പിന്തുണ ഉറപ്പാക്കുന്ന സമീപനരേഖ ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുകയാണ്. ജലസംരക്ഷണം, ജലവിഭവ പരിപാലനം, ജലസ്രോതസ്സുകളുടെ വീണ്ടെടുക്കൽ, ഭാവിയിലേക്ക് ആവശ്യമായി വരുന്ന നയപരമായ തീരുമാനങ്ങൾ തുടങ്ങിയവ ഈ സമീപനരേഖയിലെ സുപ്രധാന വിഷയങ്ങളാണ്. ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള ജലവിഭവ പരിപാലനം പ്രതിപാദിക്കുന്ന ഈ രേഖ നവകേരള സൃഷ്ടിയിലെ സുപ്രധാന ഘടകമായി വർത്തിക്കും.

കേരളത്തിന്റെ കാർഷികസംസ്കാരവും പച്ചപ്പും തിരിച്ചുപിടിക്കാൻ പ്രകൃതിസംരക്ഷണത്തിൽ ഊന്നിയുള്ള വികസനപ്രവർത്തനങ്ങളാണ് സംസ്ഥാനസർക്കാരിന്റെയും ഹരിത കേരളം മിഷന്റെയും നേതൃത്വത്തിൽ കഴിഞ്ഞ ഒൻപതുവർഷങ്ങളിലായി നടന്നുവരുന്നത്. രാജ്യമൊട്ടാകെ അനുകരിക്കേണ്ട രീതിശാസ്ത്രമാണ് ഇതിനായി അനുവർത്തിച്ചുവരുന്നത്. കാരണം ആഗോള സുസ്ഥിരവികസനലക്ഷ്യങ്ങളിലേക്കുള്ള പ്രയാണത്തിൽ സുപ്രധാനമാണ് പരിസ്ഥിതി. ജലസംരക്ഷണം, ശുചിത്വ-മാലിന്യസംസ്കരണം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ഉപമിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ നടക്കുന്നത്. വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന ഏകോപന സഹായ സംവിധാനമായാണ് പ്രധാനമായും ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്.

> ഹരിതഗൃഹ വാതകങ്ങളുടെ സ്വാധീനവും കാലാവസ്ഥ വ്യതിയാനവും അന്തരീക്ഷ ഊഷ്മാവ് ഉയരുന്നതും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാവുകയാണ്

## ശുചിത്വം-മാലിന്യ സംസ്കരണം

വൈവിധ്യവും നൂതനവുമായ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ക്യാമ്പയിനുകളിലൂടെയും സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞു. ഹരിതനിയമ ബോധവൽക്കരണ ക്യാമ്പയിൻ പോലുള്ള പ്രവർത്തനങ്ങൾ ശക്തമായ ജനകീയവിദ്യാഭ്യാസപരിപാടിയായി മാറി. ശുചിത്വ-മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടന്ന ക്യാമ്പയിനുകളായ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, ഹരിതോത്സവം, വൃത്തിയുള്ള നാടൊരുക്കാൻ വൃത്തിയുള്ള വീട് എന്നിവ ഇത്തരത്തിൽ ശ്രദ്ധേയമായി. സംസ്ഥാനം നേരിട്ട പ്രളയത്തിനും മഴക്കെടുതികൾക്കും ശേഷം പ്രസ്തുത മേഖലകളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളിലും കോവിഡ് കാലത്തെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും സാമൂഹിക പ്രതിബദ്ധതയോടെ പങ്കുവഹിക്കാൻ ഹരിത കേരളം മിഷന് കഴിഞ്ഞിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത ടൂറിസം പദ്ധതിക്ക് തുടക്കമിട്ടു. ഇതിന്റെ തുടക്കം കുറിച്ചുകൊണ്ട് 'വഴികാട്ടാൻ വാഗമൺ' എന്ന പേരിൽ കോട്ടയം, ഇടുക്കി ജില്ലകളിൽ മാതൃകാ പ്രവർത്തനമായി ഹരിത പ്രോട്ടോക്കോൾ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുകയുണ്ടായി. ഗ്രീൻ പ്രോട്ടോക്കോൾ സാമൂഹിക ജീവിതത്തിന്റെ ഭാഗമാക്കാൻ മിഷൻ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിയത്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ശുചിത്വപദവിയിലേക്കെത്തിയതും സർക്കാർ ഓഫീസുകൾ ഹരിതചട്ടത്തിലേക്ക് മാറിയതും ഇവിടെ പ്രസക്തമാണ്.

എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും അജൈവ പാഴ്വസ്തുശേഖരണത്തിനും അവയുടെ വേർതിരിക്കലിനും, കൈമാറ്റത്തിനുമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്) സ്ഥാപിച്ചു. ശേഖരിച്ച മാലിന്യങ്ങൾ സംസ്കരണത്തിനായി അയക്കുന്നതിനും പ്ളാസ്റ്റിക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനായിപൊടിക്കുന്നതിനും റിസോർസ് റിക്കവറി ഫെസിലിറ്റി (ആർ.സി.എഫ്) സ്ഥാപിച്ചു. ഇത്തരത്തിൽ 1350 എം.സി.എഫുകളും, 192 ആർ.ആർ.എഫുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ 20,051 മിനി എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഖരമാലിന്യ സമാഹരണവും സംസ്കരണവും 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തിയായി വരുന്നു. മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിങ് സംവിധാനമായ 'ഹരിതമിത്രം ആപ്' തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കി. ഹരിതകർമ്മസേന മാലിന്യശേഖരണത്തിനും മാലിന്യ സംസ്കരണത്തിനായുള്ള യൂസർഫീ സ്വീകരിക്കുന്നതിനുമായി ഈ മൊബൈൽ ആപ്ലിക്കേഷനാണ് ഉപയോഗിച്ചുവരുന്നത്. അജൈവമാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്നതിന് പരിശീലനം ലഭിച്ച 37,360 ഹരിതകർമ്മസേനാംഗങ്ങൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സമഗ്രമായൊരു മാറ്റത്തിനാണ് കളമൊരുക്കിയത്. ശുചിത്വം, മാലിന്യസംസ്കരണം, ഹരിതചട്ടപാലനം തുടങ്ങിയ വിഷയങ്ങളിൽ വർധിച്ചുവരുന്ന പൊതുബോധം ഈ മാറ്റത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഗ്രാമങ്ങളിലും

നഗരങ്ങളിലും ജനങ്ങൾ മുന്നിട്ടിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി നിരവധി ടൗണുകൾ ഹരിത പദവിയിലെത്തി.

സംസ്ഥാനത്ത് ഇതിനോടകം 3053 ടൗണുകൾ ഹരിതസുന്ദര ടൗണുകളായി മാറിക്കഴിഞ്ഞു. ചെറുതും വലുതുമായ കവലകൾ ഉൾപ്പെടുന്ന ഈ ടൗണുകളിൽ നടന്ന സൗന്ദര്യവൽക്കരണവും ശുചിത്വ- മാലിന്യസംസ്കരണപ്രവർത്തനങ്ങളും അതതു പ്രദേശങ്ങളിൽ കാതലായ മാറ്റമാണ് സൃഷ്ടിച്ചത്.

പരിസരത്തിന്റെ വൃത്തി മുഖ്യമായി ലക്ഷ്യമിട്ടും പാഴ്‌വസ്തുക്കളുടെ പുനഃരുപയോഗസാധ്യത പരമാവധി പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സംരക്ഷിച്ചും ചെടികൾ വച്ച് മോടിപിടിപ്പിച്ചും നടത്തുന്ന ഹരിതടൗൺ പ്രവർത്തനങ്ങൾ കൂട്ടായ്മയുടെ ശ്രമഫലമാണ്. മാലിന്യങ്ങളും പാഴ്‌വസ്തുക്കളും വലിച്ചെറിയാതെ നിർദ്ദിഷ്ട ഇടങ്ങളിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാൻ നൽകിയും ആവുന്നത്ര പച്ചപ്പ് സൃഷ്ടിച്ചും ജലസുരക്ഷ ഉറപ്പാക്കിയും പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്ന മാർഗങ്ങളിലൂടെയുമാണ് ഹരിതടൗൺ യാഥാർത്ഥ്യമാക്കുന്നത്. നാടിന്റെയും നഗരത്തിന്റെയും വികസനത്തിനൊപ്പം പ്രകൃതിയെ നശിപ്പിക്കാതെയുള്ള ജീവിതശൈലി അനുവർത്തിക്കുക എന്ന ആശയവും ഹരിതടൗണുകൾ മുന്നോട്ടുവയ്ക്കുകയാണ്. ഹരിതടൗണുകളായ പ്രദേശങ്ങളെ സ്ഥിരമായി ഹരിതപദവിയിൽതന്നെ നിലനിർത്താൻ ജനകീയ സമിതികൾ സജീവമാണ്.

സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സമയബന്ധിതമായി നടപ്പാക്കി വരുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നിർവഹിച്ചത് ഹരിതകേരളം മിഷനാണ്. കേരളം സമ്പൂർണ്ണ ഖരമാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടതിനു പിന്നിൽ ശ്രദ്ധേയമായതും നൂതനവുമായ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ നടന്നു. ഹരിത സ്ഥാപനങ്ങൾ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിതവിദ്യാലയങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത ടൗണുകൾ, ഹരിത അയൽക്കൂട്ടം, ഹരിത ഓഫീസുകൾ, ഹരിത ഗ്രന്ഥശാലകൾ തുടങ്ങിയവ ഇതിൽ പ്രധാനമാണ്.

> **സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സമയബന്ധിതമായി നടപ്പാക്കി വരുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നിർവഹിച്ചത് ഹരിതകേരളം മിഷനാണ്**

2023 ഒക്ടോബർ 2ന് ഗാന്ധിജയന്തിദിനം മുതൽ അന്തർദേശീയ സീറോ വേസ്റ്റ് ദിനമായ മാർച്ച് 30 വരെ നീണ്ടുനിന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ശുചിത്വ - മാലിന്യ സംസ്കരണ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇതിന്റെ ഭാഗമായി 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1029 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത പദവി ലഭിച്ചു. 19,489 വാർഡുകളിൽ 19,356 വാർഡുകൾ ഹരിത വാർഡുകളായി മാറി. ഇത് കൂടാതെ ഹരിത സ്ഥാപനങ്ങൾ (59,942), ഹരിത അയൽക്കൂട്ടങ്ങൾ (2,97,483), ഹരിത വിദ്യാലയങ്ങൾ (14,483), ഹരിത കലാലയങ്ങൾ (1434), ഹരിത സുന്ദര ടൗണുകൾ (3095), ഹരിത മാർക്കറ്റ്/പൊതു സ്ഥലങ്ങൾ (3271), ഹരിത ടൂറിസം കേന്ദ്രങ്ങൾ (351), ഹരിത ഗ്രന്ഥശാലകൾ (3125) എന്നിവയും ഈ ക്യാമ്പയിന്റെ ഭാഗമായ നേട്ടങ്ങളാണ്.

## ഹരിത പെരുമാറ്റച്ചട്ടം ജീവിത ശൈലിയിൽ

കേരളീയരുടെ ജീവിതശൈലിയിൽ ഹരിത പെരുമാറ്റച്ചട്ടം സുപ്രധാന ഘടകമായി മാറുന്നു. വ്യക്തിഗതമായി മാത്രമല്ല കൂട്ടംചേരുന്നിടത്തും ഓഫീസുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധ ഇപ്പോൾ പ്രകടമാണ്. ആഘോഷങ്ങൾ, ഉത്സവങ്ങൾ, പൊതുചടങ്ങുകൾ തുടങ്ങിയവയിലും ഹരിത പെരുമാറ്റചട്ട പാലനം നടപ്പാക്കിവരുന്നുണ്ട്. മാലിന്യം കുറയ്ക്കുന്നതിലും പ്രകൃതി സൗഹൃദ ജീവിതം പിന്തുടരുന്നതിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ഹരിതകേരളം മിഷൻ ഉൾപ്പെടെ നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഫലം ദൃശ്യമായി തുടങ്ങിയതായാണ് വിലയിരുത്തൽ.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

ശ്രദ്ധേയമായ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് കേരളം കഴിഞ്ഞ വർഷങ്ങളിൽ സാക്ഷ്യം വഹിച്ചത്. പുഴകൾക്ക് പുതുജീവൻ കിട്ടുംവിധം നദീപുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നു. വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി. കാനാമ്പുഴ, കുട്ടമ്പേരൂർപുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട് തോട്, മുട്ടം പറപ്പ തോട്, കടമ്പ്രയാർ, പെരുംതോട്, പൂന്തുർ പുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട് തുടങ്ങി മലിനമായി കിടന്ന ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനഃസംയോജനം സാധ്യമാക്കി. തിരുവനന്തപുരം ജില്ലയിലെ 'പുഴയൊഴുകം മാണിക്കൽ' പദ്ധതി മറ്റു ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാവുകയാണ്. മാമം പുഴയും കൈത്തോടുകളും ജനകീയമായി പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധിയും കൃഷിയും വർധിപ്പിച്ച പദ്ധതിയാണിത്. വയനാട് ജില്ലയിലെ 'കബനിക്കായ് വയനാട്' പദ്ധതിയും പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയിലെ കാനമ്പുഴ ശുചീകരണത്തിലൂടെ പുനരുജ്ജീവിപ്പിക്കുകയും ഈ പ്രദേശം ടൂറിസം കേന്ദ്രമായും, കാർഷിക സമൃദ്ധമാക്കി മാറ്റിയതും ശ്രദ്ധേയമാണ്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

എല്ലാവരും ജലാശയങ്ങളിലേക്ക് എന്ന പരിപാടിയെ തുടർന്ന് നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിനായി സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ' പരിപാടി ജലസംരക്ഷണ രംഗത്ത് സൃഷ്ടിച്ച മാറ്റം അത്ഭുതാവഹമാണ്. കിണറുകളുടെയും കുളങ്ങളുടെയും നവീകരണവും റീചാർജിങ്ങും ഏറെ ഫലം നൽകി. ജലസമൃദ്ധി ലക്ഷ്യമിട്ട് സംഘടിപ്പിച്ച മറ്റു വിവിധ പരിപാടികൾ കാർഷികമേഖലയിൽ നവോന്മേഷമുണ്ടാക്കി. ജലസ്രോതസ്സുകളിൽ സ്കെയിലുകൾ സ്ഥാപിച്ച് ജലസമ്പത്ത് തിട്ടപ്പെടുത്താനുള്ള നടപടികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം, ജലസ്രോതസ്സുകൾ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന 'മാപത്തോൺ ' പ്രവർത്തനം, കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള ജലഗുണതാ പരിശോധനാ ലാബുകൾ തുടങ്ങിയവ സംസ്ഥാനത്തു നടന്ന വേറിട്ട ജലസംരക്ഷണ പ്രവർത്തനങ്ങളാണ്.

## ഇനി ഞാനൊഴുകട്ടെ

ജലസംരക്ഷണ മേഖലയിലെ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ക്യാമ്പയിനാണ് ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ'. ഈ ക്യാമ്പയിൻ ഇതിനകം രണ്ട് ഘട്ടങ്ങൾ പൂർത്തീകരിച്ചു. ഇതിലൂടെ 92,429 കി.മീ. ദൂരം നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ ഒഴുക്ക് സാധ്യമാക്കി. 412 കി.മീ. പുഴകൾ ശുചീകരിച്ചു. 29,254 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 24,645 കുളങ്ങൾ നിർമ്മിച്ചു. തോടുകളിലെ ജലം സംരക്ഷിക്കുന്നതിനായി 916 സ്ഥിരം തടയണകൾ, 81,225 താൽക്കാലിക തടയണകൾ ഇവ നിർമ്മിക്കുകയും ചെയ്തു.

'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാം ഘട്ടം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരങ്ങളുടെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞത്തിൽ അതിപ്രധാനമാണ് 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിൻ.



## നീർച്ചാൽ അടയാളപ്പെടുത്തി മാപത്തോൺ

'ഇനി ഞാനൊഴുകട്ടെ' മൂന്നാം ഘട്ടം ക്യാമ്പയിനിൽ ഉൾപ്പെടുത്തി പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനം ആരംഭിച്ചു. പശ്ചിമഘട്ട പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 230 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തി മാപത്തോണിലൂടെ അടയാളപ്പെടുത്തി. ഈ നീർച്ചാലുകളെ ജനപങ്കാളിത്തത്തോടെ ശുചിയാക്കിയും നീരൊഴുക്ക് പുനസ്ഥാപിച്ചും വീണ്ടെടുക്കാൻ ലക്ഷ്യമിട്ടുള്ള 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' ക്യാമ്പയിൻ പ്രവർത്തനം നടന്നുവരികയാണ്. മണ്ണിടിച്ചിലും ഉരുൾപൊട്ടലും പരമാവധി ലഘൂകരിക്കാൻ ഈ പദ്ധതി പ്രയോജനപ്പെടും. മാപത്തോൺ നടത്തിയ നീർച്ചാലുകളിൽ 4407 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിലെ ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കാൻ ലക്ഷ്യമിട്ടുള്ള പാറ ക്വാറി റീചാർജ് പദ്ധതി കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി. ഈ ഗ്രാമപഞ്ചായത്തിലെ ഉളവുകോട് ക്വാറിയിലെ ജലം

കൃഷിയിടങ്ങളിലേക്ക് എത്തിക്കുന്ന പദ്ധതി വൻവിജയമായി. പാറ ക്വാറി പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പാക്കുകയാണ്. കരീപ്ര മാതൃകയിൽ 14 പദ്ധതികൾക്ക് സംസ്ഥാനത്ത് വൈകാതെ തുടക്കമാകും.

## ജലബഡ്ജറ്റ്

ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജലബഡ്ജറ്റ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളേയും അടിസ്ഥാനമാക്കി ജലബഡ്ജറ്റ് തയ്യാറാക്കുന്ന പദ്ധതി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഇന്ത്യയിൽ ആദ്യമായി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കുന്ന സംസ്ഥാനം കേരളമാണ്. പ്രാദേശിക തലത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്നതിന് ജലലഭ്യതയും ജല ആവശ്യവും കൃത്യമായി കണക്കാക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ഇതുവരെ 404



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബഡ്ജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഈ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## ജലഗുണ പരിശോധനാ ലാബ്

കിണറുകളിലെ ജലനിലവാരം പരിശോധിക്കുന്നതിനായി ഹയർസെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ജലപരിശോധനാ ലാബുകൾ 335 എണ്ണം പൂർത്തിയായി. ഇതുവരെയായി ഈ ലാബുകളിൽ 40,498 ടെസ്റ്റുകൾ പൂർത്തിയായി. മറ്റ് ഹയർസെക്കൻഡറി സ്കൂളുകളിൽ ലാബ് സ്ഥാപിക്കുന്ന പ്രവർത്തനവും ജലപരിശോധനയും പുരോഗമിക്കുന്നു.

## കൃഷിവ്യാപന പ്രവർത്തനങ്ങൾ

തരിശുനിലങ്ങളിലെ കൃഷി വ്യാപനം, ഹരിത സമൃദ്ധി വാർഡ്, കരനെൽക്കൃഷിയുൾപ്പെടെ അധിക നെൽക്കൃഷി, ജൈവപച്ചക്കറിക്കൃഷി വ്യാപനം, സ്കൂൾ വളപ്പുകളിലും വിവിധ സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറിക്കൃഷി, സംയോജിത കൃഷി പ്രോത്സാഹനം എന്നിങ്ങനെ കാർഷിക മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. വിവിധ തോടുകളുടെ പുനരുജ്ജീവനം സാധ്യമായതോടെ 10,000 ലധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു.

വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ കൃഷി നടപ്പാക്കുന്ന പ്രവർത്തനവും ഫലം കണ്ടു. ഇതിന്റെ ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ തിരുവനന്തപുരം ജില്ലയിലെ ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ് കമ്പനിയിലെ 15 ഏക്കർ സ്ഥലത്ത് നടത്തിയ പച്ചക്കറിക്കൃഷി, ഡ്രാഗൺഫ്രൂട്ട് കൃഷി, വിവിധ പഴവർഗങ്ങളുടെ കൃഷി, പൂക്കൃഷി, മത്സ്യകൃഷി എന്നിവയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും മലബാർ ദേവസ്വം ബോർഡിന്റേയും കീഴിലുള്ള ക്ഷേത്രവളപ്പിലെ തരിശിടങ്ങളിൽ കൃഷി നടത്തുന്ന ദേവഹരിതം പദ്ധതിയും ഏറെ ശ്രദ്ധനേടി.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറച്ച് നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിൻ പുരോഗമിക്കുകയാണ്. 2070ൽ ഈ ലക്ഷ്യം കൈവരിക്കാൻ രാജ്യം ശ്രമിക്കുമ്പോൾ ഒരുപടി മുന്നിലായി 2050 ൽ ഈ ലക്ഷ്യം നേടിയെടുക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവ് കണക്കാക്കി ഇതു രണ്ടിന്റെയും തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ശാസ്ത്രീയമായ രീതിശാസ്ത്രം അവലംബിക്കുന്നു. ദീർഘകാല പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രീയ മാർഗങ്ങളിലൂടെയും മാത്രമേ നെറ്റ് സീറോ കാർബൺ കേരളം എന്നതിലെത്തിച്ചേരാൻ കഴിയൂ. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 92 തദ്ദേശസ്ഥാപനങ്ങൾക്കുപുറമേ 25 തദ്ദേശസ്ഥാപനങ്ങളിൽ കൂടി നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പുരോഗമിക്കുന്നു.

## ഒരു തൈ നടാം: ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപി

## ഗ്രന്ഥശാലകൾ ഹരിത പദവിയിലേക്ക്

**ഹരിതപെരുമാറ്റച്ചട്ടം പാലിച്ചും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിതഗ്രന്ഥശാലകളായി മാറുന്നു. ഇതുവരെയായി 3125 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥാലയങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്**

ടിപ്പിക്കുന്നതാണ് ഒരു തൈ നടാം ജനകീയവൃക്ഷവൽക്കരണ ക്യാമ്പയിൻ. ലോകപരിസ്ഥിതിദിനമായ ജൂൺ 5 ന് മുഖ്യമന്ത്രി പിണറായി വിജയൻ ക്ലിഫ് ഹൗസ് അങ്കണത്തിൽ കുളമാവ് തൈ നട്ട് ഉദ്ഘാടനം ചെയ്തു. അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ ക്യാമ്പയിൻ പ്രത്യേകം ശ്രദ്ധനൽകുന്നുണ്ട്. 60 ലക്ഷത്തോളം തൈകൾ ഇതിനകം ശേഖരിച്ച് നടുകയുണ്ടായി. ക്യാമ്പയിന്റെ ഭാഗമായി നടുന്ന തൈകളുടെ സ്ഥാനം, വളർച്ച എന്നിവ നിരീക്ഷിക്കുന്നതിനായി ഇവ ബയോടാഗ് ചെയ്യുന്ന സംവിധാനം കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ നടപ്പാക്കുന്നുണ്ട്.

### ഹരിതകലാലയം

പരിസ്ഥിതിസംരക്ഷണവും മാലിന്യസംസ്കരണവും ലക്ഷ്യമാക്കി കോളേജുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത കലാലയം. അധ്യാപകരുടെയും വിദ്യാർഥികളുടെയും മറ്റ ജീവനക്കാരുടെയും നേതൃത്വത്തിൽ ക്യാമ്പസിൽ ശാസ്ത്രീയ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ, ഗ്രീൻപ്രോട്ടോക്കോൾ, കൃഷി, ജൈവവൈവിധ്യസംരക്ഷണം, ജലസംഭരണവും ജലസംരക്ഷണവും, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ , എന്നിവ നടപ്പിലാക്കുന്നതിലൂടെ ക്യാമ്പസുകളെ ഹരിതകലാലയമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ 1421 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1063 എണ്ണം ഹരിതകലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തി. നിലവിൽ 75% കലാലയങ്ങൾ ഹരിതകലാലയങ്ങളായിട്ടുണ്ട്.

### ഹരിതവിദ്യാലയം

ഹരിതവിദ്യാലയമെന്നത് ഒരു സമീപനമാണ്. വിദ്യാർഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് ഹരിതമായ, വൃത്തിയുള്ള അന്തരീക്ഷം അനിവാര്യമാണ്. കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി ഒരുക്കുന്ന പഠനാന്തരീക്ഷത്തിലൂടെയും പഠനാനുഭവങ്ങളിലൂടെയും പാരിസ്ഥിതികാവബോധവും പ്രകൃതിയെ അറിയാനും സംരക്ഷിക്കാനുമുള്ള മനോഭാവവും വികസിപ്പിക്കുക എന്നതാണ് ഹരിതവിദ്യാലയം ക്യാമ്പയിനിലൂടെ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്.

ഹരിതവിദ്യാലയത്തിന്റെ ഭാഗമായി വിദ്യാലയത്തിലും പരിസരത്തിലും മാലിന്യങ്ങൾ വലിച്ചെറിയാത്ത അവസ്ഥ സംജാതമാക്കുക, ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള കൃത്യമായ സംവിധാനം ഉണ്ടാക്കുക, അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുക, ഇ- മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുക തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നടന്നുവരുന്നു. വിദ്യാലയവും പരിസരവും ഹരിതാഭമാക്കുക എന്നതും ഈ പ്രവർത്തനങ്ങളുടെ ഭാഗമായി. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഭക്ഷണമാലിന്യം ഉൾപ്പെടെ കുറച്ചുകൊണ്ടുവരുന്നതിനുള്ള നല്ല ശ്രമങ്ങളും നടന്നുവരുന്നു.

### ഹരിത സമൃദ്ധി വാർഡ്

പച്ചക്കറിക്കൃഷിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായരീതിയിൽ പച്ചക്കറികൾ നട്ടുവളർത്തുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം. പൂർണ്ണ ജനപങ്കാളിത്തത്തോടെയും സന്നദ്ധസേവകരുടെയും കാർഷിക കർമ്മസേന, കുടുംബശ്രീ, ഹരിതകർമ്മസേന, നാഷണൽ സർവീസ് സ്കീം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ എന്നിവരുടെയും സഹായത്തോടെയാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ജനപങ്കാളിത്തത്തോടെ ഓരോ വീട്ടിലും തൈകളുടെ വിതരണവും നടീൽ ഉത്സവവും സംഘടിപ്പിക്കുന്നു.

### പച്ചത്തുരുത്തുകൾ

തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിതകേരളം മിഷന്റെ നൂതനാശയമാണ് 'പച്ചത്തു



രുത്ത്' പദ്ധതി. പൊതുസ്ഥലങ്ങളുൾപ്പെടെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവവൈവിധ്യതുരുത്തുകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്നതിനുമുള്ള പ്രായോഗിക ഇടപെടലാണ് പച്ചത്തുരുത്ത്.

2019 ജൂൺ മുതൽ 2025 ജനുവരി വരെയുള്ള അഞ്ചുവർഷ കാലയളവിൽ സംസ്ഥാനത്ത് 1272.89 ഏക്കർ ആകെ വിസ്തൃതിയിൽ 4030 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (ആകെ 326.67 ഏക്കർ വിസ്തൃതിയിൽ 260 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ്. 854 പച്ചത്തുരുത്തുകൾ.

## തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ

മഴവെള്ളവും മണ്ണും തമ്മിൽ നേരിട്ടുള്ള സമ്പർക്കം വരുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതു മുന്നിൽകണ്ടും വിള പരിപാലനത്തിനോടൊപ്പം മഴവെള്ളം മണ്ണിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിന് തുടക്കംകുറിച്ചത്. തെങ്ങിന് തടം തുറന്ന് കുമ്മായം, പച്ചില, ചാണകം, ചാരം, കല്ലുപ്പ്, മറ്റ് ജൈവവളങ്ങൾ തുടങ്ങിയവ ഇട്ടുമൂടുന്ന കാർഷിക പാരമ്പര്യത്തെ ഭൂമിക്കായി വീണ്ടെടുക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

## ഹരിതകർമസേന: മാലിന്യശേഖരണത്തിലെ ഹരിതവിപ്ലവം

മലയാളിയുടെ വലിച്ചെറിയൽ സംസ്കാരത്തിനെതിരെ നടത്തുന്ന നിശ്ശബ്ദവിപ്ലവത്തിന്റെ പ്രതീകമാണ് ഹരിതകർമസേന. 2017 ൽ രൂപീകരിച്ച ഹരിതകർമസേന ഇന്ന് കേരളത്തിന്റെ സുസ്ഥിര മാലിന്യനിർമാർജന പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമായി വളർന്നിരിക്കുന്നു. നിലവിൽ സംസ്ഥാനത്ത് 37,134ലധികം ഹരിതകർമസേനാംഗങ്ങളാണുള്ളത്. ഇന്ന് സംസ്ഥാനത്തെ 95% വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമസേനാംഗങ്ങളുടെ സേവനം ലഭ്യമാണ്. മാസത്തിൽ ഒന്നോ രണ്ടോ തവണ ഒരോ വീട്ടിലും എത്തി ഇവർ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. ചിലയിടങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിലും കൃത്യമായ ഇടപെടലുകൾ നടത്തുന്നു

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എംസിഎഫുകളിലും ശേഷം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സംവിധാനത്തിലും എത്തിച്ച് വീണ്ടും തരംതിരിക്കുന്നു. ഒരുമാസം 12,000 ടണ്ണിലേറെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് ഇവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കൈമാറുന്നു. ഇന്നിപ്പോൾ കേരളത്തിലെ പാതയോരങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യക്കൂനകൾ ഇല്ലാതായിരിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നതും ഗണ്യമായി കുറഞ്ഞു. അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളും അന്തരീക്ഷമലിനീകരണവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും കുറഞ്ഞുവരുന്നു.



പ്ലാസ്റ്റിക് മാലിന്യം അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ പുറന്തള്ളപ്പെട്ടിരുന്ന കാർബൺ ഡൈ ഓക്സൈഡിനെ ഒഴിവാക്കി കാലാവസ്ഥ മെച്ചപ്പെടുത്താൻ വലിയൊരു പങ്കാണ് ഈ മാലിന്യശേഖരണത്തിലൂടെ സാധ്യമാകുന്നത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും മുഴുവനായി ഇങ്ങനെ ഒരു വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനമില്ല എന്നതും ശ്രദ്ധേയം.

## നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം

മൂന്നാറിനെ ആസ്വദിക്കാൻ എത്തുന്ന സഞ്ചാരികൾക്ക് ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യ സവിശേഷതകളെക്കുറിച്ച് അറിവ് പകരാനും അതുവഴി മൂന്നാർ സന്ദർശനം കൂടുതൽ ആസ്വാദ്യകരമാക്കാനും ലക്ഷ്യമിട്ടു 2023 ൽ ഹരിതകേരളം മിഷൻ ആരംഭിച്ച ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം സഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്നു. മൂന്നാർ മലനിരകളിലേക്കുള്ള പ്രവേശനകവാടമായ അടിമാലിയിലാണ് ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം പ്രവർത്തിക്കുന്നത്. വിദ്യാർ

ധികൾക്കും വിനോദസഞ്ചാരികൾക്കും തദ്ദേശീയർക്കും ഈ പ്രദേശത്തെ പശ്ചിമഘട്ട മേഖലയിലെ തനത് ജൈവവൈവിധ്യത്തെക്കുറിച്ച് അവബോധം പകരുന്നതിന് വിപുലമായ സജ്ജീകരണങ്ങളാണ് കേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്നത്.

## കാനാമ്പുഴ : വീണ്ടെടുപ്പിന്റെ മികച്ച മാതൃക

ഒഴുക്ക് നഷ്ടപ്പെട്ട് മാലിന്യവാഹിയായിരുന്ന കണ്ണൂരിലെ കാനാമ്പുഴ. വെള്ളക്കെട്ടും പ്രളയവും പതിവായിരുന്നു. പുഴയൊഴുകിയിരുന്നതിനു സമീപത്തെ കിണറുകളിൽപ്പോലും മലിനജലം നിറയുന്ന അവസ്ഥ. കണ്ണൂർ നഗരത്തിന്റെ സമീപപ്രദേശമായ അയ്യപ്പൻമലയിൽനിന്നും ഉത്ഭവിച്ച്, നഗരത്തിലൂടെയും സമീപത്തെ കാർഷികമേഖലയിലൂടെയും 10 കിലോമീറ്ററോളം ഒഴുകി, നഗരത്തിനു സമീപത്തുതന്നെയുള്ള ആദികടലായിയിൽവച്ച് കടലിൽ ചേരുന്ന ചെറിയപുഴയാണ് കാനാമ്പുഴ. ഈ മാലിന്യപ്പുഴ നാടിന്റെതന്നെ നാശത്തിന് കാരണമാകും എന്നു തിരിച്ചറിഞ്ഞ നാട്ടുകാരും, അവരെ നയിക്കുന്നവരും നിലനിൽപ്പിനുവേണ്ടിയുള്ള ജനകീയ പോരാട്ടത്തിനു തയ്യാറായി. 2017 ലാണ് കാനാമ്പുഴയെ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള കാനാമ്പുഴ അതിജീവനം എന്ന പ്രവർത്തനം ആരംഭിക്കുന്നത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കാനാമ്പുഴ അതിജീവന സമിതിയുടെ ജനകീയ നേതൃത്വത്തിൽ കണ്ണൂർ കോർപ്പറേഷനും മുണ്ടേരി ഗ്രാമപഞ്ചായത്തും ജലസേചനം, കൃഷി, മണ്ണ്-ജലസംരക്ഷണം, മൃഗസംരക്ഷണം തുടങ്ങി വിവിധ വകുപ്പുകൾ കാനാമ്പുഴക്കു വേണ്ടി കൈകോർത്തു.

നാടിന്റെ നട്ടെല്ലായ പുഴയെ വീണ്ടെടുക്കുമെന്ന് ഉറച്ച തീരുമാനത്തോടെ സർവസന്നാഹങ്ങളുമായി അയ്യായിരത്തിലേറെ പേർ മാലിന്യം നിറഞ്ഞ പുഴയിലേക്കിറങ്ങി. ജനകീയ ശുചീകരണത്തിലൂടെ മാലിന്യങ്ങൾ പൂർണമായും നീക്കി പുഴയിലെ നീരൊഴുക്ക് പുനസ്ഥാപിച്ചു. കാനാമ്പുഴയുടെ ഉത്ഭവസ്ഥാനമായ അയ്യപ്പൻമലയുടെ സംരക്ഷണം, നദീതടത്തിലെ കാർഷികമേഖലയുടെ വീണ്ടെടുപ്പ്, നഗരപരിധിക്കുള്ളിലെ ഡ്രഡ്ജിങ്ങിലൂടെ കാനാമ്പുഴയെ മാലിന്യമുക്തമാക്കൽ, ടൂറിസം പ്രവർത്തനങ്ങൾ എന്നിങ്ങനെ നിരവധി തുടർപ്രവർത്തനങ്ങൾക്കും സാക്ഷ്യംവഹിച്ചു.

ഇന്ന് കണ്ണൂർ നഗരത്തിനോടു ചേർന്നുകിടക്കുന്ന കാപ്പാട്-പെരിങ്ങളായി പാടശേഖരത്തിലൂടെ ഒഴുകുന്ന കാനാമ്പുഴയുടെ കാഴ്ച മനോഹരമാണ്. ഈ പാടശേഖരത്തിലൂടെ ഏകദേശം നാല് കിലോമീറ്ററോളം ദൂരം പുഴയൊഴുകുന്നുണ്ട്. ഇന്ന് ജില്ലയിലെതന്നെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി മാറിക്കഴിഞ്ഞു ഈ പ്രദേശം. ഒപ്പം കാർഷിക പ്രവർത്തനങ്ങളും ശക്തമായി മുന്നേറുന്നു.

## ജലമാണ് ജീവൻ

സുരക്ഷിത ജലലഭ്യതയും ജലജന്യരോഗ പ്രതിരോധവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി ജലമാണ് ജീവൻ എന്ന പേരിൽ ജനകീയ തീവ്രകർമ്മപരിപാടി സംഘടിപ്പിക്കുകയാണ്. ഘട്ടം ഘട്ടമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ ആദ്യമായി ആഗസ്റ്റ് 30, 31 തീയതികളിൽ സംസ്ഥാനത്തെ 80 ശതമാനത്തിലധികം കിണറുകളിലും ക്ലോറിനേഷൻ നടത്തി. സെപ്റ്റംബർ 8 മുതൽ 30 വരെ സ്കൂളുകൾ വഴിയുള്ള ബോധവൽക്കരണവും ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്ര ലാബിനോട് ചേർന്ന് ഹരിതകേരളം മിഷൻ സജ്ജമാക്കിയ ജലഗുണനിലവാര പരിശോധനാ സംവിധാനം കേന്ദ്രീകരിച്ച് വിപുലമായ ജലപരിശോധനയും അതിന്റെ ഫലത്തെ അടിസ്ഥാനമാക്കിയുള്ള പരിഹാര പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.



അമീബിക് മസ്തിഷ്കജ്വരം പോലെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുന്ന സൂക്ഷ്മജീവികളെ പ്രതിരോധിക്കാനാണ് ആദ്യഘട്ടത്തിൽ കിണറുകളിൽ ക്ലോറിനേഷൻ നടത്തുന്നത്. പൈപ്പ് വെള്ളം ഉപയോഗിക്കുന്നവർ അത് സംഭരിക്കാൻ ഉപയോഗിക്കുന്ന ടാങ്കുകൾ ക്ലോറിനേറ്റ് ചെയ്യണം. പൊതുകിണറുകളും ഇതിന്റെ ഭാഗമായി ക്ലോറിനേറ്റ് ചെയ്യും. കിണറുകളിൽ നിലവിലുള്ള ജലത്തിന്റെ അളവ് അനുസരിച്ച് ശാസ്ത്രീയമായ ക്ലോറിനേഷൻ പ്രവർത്തനമാണ് നടത്തിയത്. ■

# കേരളത്തിന്റെ പൊതുജനാരോഗ്യരംഗം നവമാതൃകകൾ

**ഡോ. ടി.എസ്. അനീഷ്**
നോഡൽ ഓഫീസർ, കേരള വൺ ഹെൽത്ത് സെന്റർ ഫോർ
നിപ റിസർച്ച് ആൻഡ് റെസലിയൻസ്

ആഗോളതലത്തിൽ കേരളം പൊതുജനാരോഗ്യരംഗത്ത് വ്യക്തമായ മുദ്ര പതിപ്പിച്ച സംസ്ഥാനമാണ്. സംസ്ഥാനരൂപവൽക്കരണത്തിന് മുമ്പുതന്നെ തിരുവിതാംകൂർ പ്രദേശത്തെ പൊതുജനാരോഗ്യ സൂചികകൾ ഇന്ത്യയിലെ മറ്റ ഭാഗങ്ങളെ അപേക്ഷിച്ച് മുന്നിലായിരുന്നുവെങ്കിലും, ഐക്യകേരളം രൂപം കൊണ്ടതിന് ശേഷമാണ് നമ്മുടെ പൊതുജനാരോഗ്യനേട്ടങ്ങളിൽ വലിയൊരു ചുവടുമാറ്റം ഉണ്ടായത്. കേരളത്തിലെ ആദ്യ ജനാധിപത്യ സർക്കാർ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമത്തിന്റെയും സാർവജന്യ - സൗജന്യവിദ്യാഭ്യാസത്തിന്റെയും ഇടപെടലുകൾ അത്യന്തം പ്രാധാന്യമുള്ളവയായി. കേരളത്തിലെ പൊതുജനാരോഗ്യത്തിന്റെ പ്രാരംഭനേട്ടങ്ങൾ നമ്മുടെ സമൂഹത്തിൽ രൂപപ്പെട്ട സാമൂഹിക -രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി അവിഭാജ്യമായി ബന്ധപ്പെട്ടുനിന്നിരുന്നു. പൊതുജനാരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങളിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ പകർച്ചവ്യാധികളുടെയും അണുബാധകളുടെയും സാധ്യതയെ കാര്യമായി കുറച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും മാതൃ-ശിശുക്ഷേമത്തിന് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്തതോടെ പൊതുജനാരോഗ്യത്തിൽ വലിയ പുരോഗതി കൈവന്നു. കേരളം രൂപവൽകൃതമായതിന് ശേഷം വെറും 25 വർഷത്തിനുള്ളിൽ നേടിയ നേട്ടങ്ങൾ ശ്രദ്ധേയമായിരുന്നു. ഈ കാലഘട്ടത്തിൽ ആരോഗ്യത്തിന്റെ സാമൂഹിക നിർണ്ണായക ഘടകങ്ങളിലുണ്ടായ ഇടപെടലുകളാണ് പൊതുജനാരോഗ്യനേട്ടങ്ങളായി പരിണമിച്ചത്. കേരളമാതൃകയുടെ മറ്റൊരു പ്രത്യേകത, സർക്കാർ ആശുപത്രികളോടൊപ്പം സേവന സംഘടനകൾ, സഹകരണസംഘടനകൾ, ചെറുകിട സ്വകാര്യ ആശുപത്രികൾ തുടങ്ങിയവയും ചേർന്ന് ചെലവുകുറഞ്ഞ ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കിയതുതന്നെയാണ്.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടടുത്ത്, ജീവിതശൈലിരോഗങ്ങളുടെ വർധന, പ്രായാധിക്യം ഉള്ളവരുടെ എണ്ണത്തിലുംശതമാനത്തിലുംഉണ്ടായവർധനവ്,പുത്തൻ പകർച്ചവ്യാധികളുടെ കടന്നുവരവ് തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഉയർന്നുവന്നു. ആരോഗ്യരംഗത്ത് വന്ന ചില നയപരമായ മാറ്റങ്ങളും ആഗോളവൽക്കരണവും കാര്യങ്ങൾ കൂടുതൽ വഷളാക്കി. പുത്തൻ ആരോഗ്യപ്രശ്നങ്ങളെ നേരിടാൻ എന്നവിധം കടന്നുവന്ന കോർപ്പറേറ്റ് ആശുപത്രികൾ ചികിത്സ ലഭിക്കുന്നവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർധിപ്പി





**പ്രതിരോധസേവനങ്ങൾക്കൊപ്പം ചികിത്സയ്ക്കും ഭൂരിഭാഗം ജനങ്ങളും സർക്കാർ മേഖലയെ ആശ്രയിക്കുന്നു എന്നത് കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ സംഭവിച്ച ഗുണപരമായ മാറ്റമാണ്.**

ക്കുകയും രോഗചികിത്സ വലിയ സാമ്പത്തിക ബാധ്യതയുള്ള ഒന്നാക്കി മാറ്റുകയും ചെയ്തു. ഇടതുസർക്കാരുകൾ ആരംഭിച്ച 'ജനകീയാസൂത്രണം', ദേശീയാരോഗ്യമിഷൻ പോലുള്ള പദ്ധതികളുടെ ഫലപ്രദമായ നടപ്പാക്കൽ, ആരോഗ്യകേന്ദ്രിതമായ 'ആർദ്രം' മിഷൻ (അതിന്റെ രണ്ടാംഘട്ടം ഉൾപ്പെടെ) എന്നിവ ആരോഗ്യ രംഗത്ത് പുതുജീവൻ സൃഷ്ടിക്കുന്നതാണ് പിന്നീട് നാം കണ്ടത്. എങ്കിലും ഉയർന്ന രോഗാതുരത, വർധിച്ച ചികിത്സാച്ചെലവ്, ആഗോളതാപനവും കാലാവസ്ഥാമാറ്റവും സൃഷ്ടിക്കുന്ന പുതിയ വെല്ലുവിളികൾ, ആരോഗ്യരംഗത്തെ കോർപ്പറേറ്റ്വൽക്കരണം തുടങ്ങിയ പ്രശ്നങ്ങളെ മറികടന്ന് പൊതുജനാരോഗ്യരംഗത്തെ മുന്നോട്ടുകൊണ്ടുപോകുക എന്നത് വെല്ലുവിളി തന്നെയാണ്.

പ്രതിരോധസേവനങ്ങൾക്കൊപ്പം ചികിത്സയ്ക്കും ഭൂരിഭാഗം ജനങ്ങളും സർക്കാർ മേഖലയെ ആശ്രയിക്കുന്നു എന്നത് കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ സംഭവിച്ച ഗുണപരമായ മാറ്റമാണ്. ചെലവേറിയ ചികിത്സകൾപോലും സർക്കാർ ആശുപത്രികളിൽ സൗജന്യമായോ സൗജന്യനിരക്കിലോ ലഭ്യമാക്കുന്നു. കാലാവസ്ഥാമാറ്റം സൃഷ്ടിക്കുന്ന പുതിയ വെല്ലുവിളികൾ പൊതുജനാരോഗ്യരംഗത്തെ പ്രതിസന്ധികളാകാതിരിക്കാനും മഹാമാരികളെ വേഗത്തിൽ തിരിച്ചറിയാനും, വേണ്ട നടപടികൾ സ്വീകരിക്കാനുമുള്ള ശേഷി നമ്മുടെ ആരോഗ്യ സംവിധാനങ്ങൾക്കുണ്ട്.

## കോവിഡും തുടർന്നുണ്ടായ വെല്ലുവിളികളും

കോവിഡ് മഹാമാരി കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന് ഒരു ലിറ്റ്മസ് പരീക്ഷയായിരുന്നു. മഹാമാരിക്കാലത്ത് രാജ്യത്തിനകത്തും പുറത്തും ആരോഗ്യസംവിധാനങ്ങൾ കനത്ത സമ്മർദത്തിലായപ്പോൾ, കേരളം വികേന്ദ്രീകൃത ആസൂത്രണം, സന്നദ്ധസേവനം, ഉത്തരവാദിത്വമുള്ള രാഷ്ട്രീയ നേതൃത്വം, കരുത്തുറ്റ ആരോഗ്യസംവിധാനം തുടങ്ങിയ തനത് ശക്തികൾ ഉപയോഗിച്ച് പ്രതിസന്ധി ഭേദിച്ച് മുന്നേറി. കോവിഡിനോടൊപ്പം, ആവർത്തിച്ചുണ്ടായ പ്രളയങ്ങളും മണ്ണിടിച്ചിലുകളും, നിപ്പ, മങ്കിപോക്സ്, സിക്ക തുടങ്ങിയ മഹാമാരികളും, ഇപ്പോൾ കാണുന്ന അമീബിക് മെനിഞ്ചൈറ്റിസും, കാൻസർ ഉൾപ്പെടെ ഉയർന്നുവരുന്ന രോഗങ്ങളും ചേർന്നപ്പോൾ, പൊതുജനാരോഗ്യമേഖല ഇതുവരെ കാണാത്ത വെല്ലുവിളികൾ നേരിട്ടു. നമ്മുടെ ആരോഗ്യസംവിധാനത്തിന് അവയെ ഫലപ്രദമായി നേരിടാനും പുതിയ നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞു. ഈ മികച്ച പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ആരോഗ്യവകുപ്പിനും വനിതാ-ശിശു വികസന വകുപ്പിനും രണ്ട് ഡസനിലേറെ ദേശീയ അവാർഡുകളും ബഹുമതികളും കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ ലഭിച്ചിട്ടുണ്ട്. ഈ വർഷങ്ങളിലെല്ലാം തന്നെ സൗജന്യചികിത്സ ഏറ്റവും കൂടുതൽ നൽകിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം, ആരോഗ്യമന്ഥൻ, കേരളം നേടി. ദേശീയ സെൻസസ് ഏജൻസി തന്നെ നടത്തുന്ന സാമ്പിൾ രജിസ്ട്രേഷൻ സർവെയുടെ കണക്കനുസരിച്ച് (SRS), നമ്മുടെ ശിശുമരണനിരക്ക് (IMR) 1000 ജീവനുള്ള പ്രസവങ്ങളിൽ അഞ്ചിനോട് അടുക്കുന്ന നിലയിലാണ്. അത് അമേരിക്കയേക്കാൾ മെച്ചപ്പെട്ടതാണ്.

## മഹാമാരികൾ തടയാനുള്ള ശ്രമങ്ങൾ

പൊതുജനങ്ങളുടെ പങ്കാളിത്തവും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണവുംകൊണ്ട് മഹാമാരികളെ തടയാൻ കേരളം വലിയ ശ്രമങ്ങൾ നടത്തുന്നു. ഉദാഹരണത്തിന് ഡെങ്കിപ്പനി. ദേശീയതലത്തിൽ ICMR നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജി നടത്തിയ പഠനവും, സംസ്ഥാനതലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം നടത്തിയ പഠനവും കേരളത്തിൽ ഡെങ്കിപ്പനി

യുടെ യഥാർഥ വ്യാപനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്ന് വ്യക്തമാക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയിലെ ഏറ്റവും ഉയർന്ന ഡെങ്കി അപകടസാധ്യതയുള്ള രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തേക്കാൾ കുറഞ്ഞ ഡെങ്കിപ്പനിബാധ ഉള്ളത് സിംഗപ്പൂരിൽ മാത്രമാണ്. പകർച്ചവ്യാധികൾ വ്യാപകമായി റിപ്പോർട്ട് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നു എന്നതുകൊണ്ട് സർക്കാർ കണക്കുകളിൽ നമ്മുടെ നാട്ടിൽ കൂടുതൽ പകർച്ചവ്യാധികൾ ഉണ്ട് എന്ന് കാണാം. അതുകൊണ്ടുതന്നെ വൈറസ്ബാധയുണ്ടായതിന്റെ സിറോളജിക്കൽ തെളിവുകൾ ആളുകളുടെ രക്തത്തിൽനിന്നും ശേഖരിച്ചിട്ടാണ് മേൽപ്പറഞ്ഞ പഠനങ്ങൾ നടത്തിയിട്ടുള്ളത്.

അതായത്, കോവിഡ് 19ൽ കണ്ടതുപോലെ തന്നെ, കേരളം കൂടുതൽ കേസുകൾ കണ്ടെത്തുന്ന ഇടമായിരിക്കുമ്പോഴും രോഗത്തിന്റെ യഥാർഥ വ്യാപനം കുറവാണ്. എങ്കിലും



പുത്തൻ പകർച്ചവ്യാധികളെ നാം എപ്പോഴും കരുതിയിരിക്കേണ്ടതുണ്ട്. ഇപ്പോൾ നാം വ്യാപകമായി കണ്ടെത്തുന്ന അമീബിക് മസ്തിഷ്കജ്വരം കേസുകൾ നമ്മുടെ ആരോഗ്യവ്യവസ്ഥ മഹാമാരി അപകടങ്ങളെ എത്ര വേഗത്തിൽ തിരിച്ചറിയുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ്. വെള്ളത്തിന്റെ ഉപരിതല താപനിലയോട് നേരിട്ട് ബന്ധപ്പെട്ട അമീബോയിഡ് രോഗാണുക്കൾ നമ്മുടെ ജലാശയങ്ങളിൽ കൂടുതലായി കാണപ്പെടുന്നത്, കാലാവസ്ഥാമാറ്റം സൂക്ഷ്മാണുക്കളുടെ ബാധ്യത വർധിപ്പിക്കുന്നതിന്റെ വ്യക്തമായ തെളിവാണ്. ആദ്യഘട്ടത്തിൽ തന്നെ രോഗം കണ്ടെത്തിയതിനാൽ, ഇന്ന് അമീബിക് മസ്തിഷ്കജ്വരം പോലെയുള്ള മരണസാധ്യത ഏറിയ രോഗങ്ങൾ ബാധിച്ചവരെയും മരണവക്രത്തിൽനിന്നും രക്ഷപ്പെടുത്താൻ നമുക്ക് സാധിക്കുന്നു. പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനും മഹാമാരികളെ പ്രതിരോധിക്കുന്നതിനും ഏകാരോഗ്യ സമീപനത്തിൽ ഊന്നിയ ആരോഗ്യരക്ഷാസംവിധാനങ്ങളാണ് കേരളം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. പക്ഷി-മൃഗാരോഗ്യം, പ്രകൃതിയുമായി ആരോഗ്യകരമായ സഹവാസം, കാലാവസ്ഥാമാറ്റം സൃഷ്ടിക്കുന്ന വെല്ലുവിളികൾ ഇവയെല്ലാം രോഗനിയന്ത്രണവുമായി ബന്ധിപ്പിക്കുകയാണ് ഏകാരോഗ്യ സമീപനത്തിൽ ചെയ്യുന്നത്. മഹാമാരികളുടെ ഉറവിടം കണ്ടെത്തൽ, നിയന്ത്രണം, അതുമായി ബന്ധപ്പെട്ട നിയമനടപടികൾ തുടങ്ങിയവ എല്ലാംതന്നെ ഏകാരോഗ്യ സമീപനത്തിന്റെ കുടക്കീഴിൽ വരും.

## 'ആർദ്രം' മിഷനും ജീവിതശൈലീരോഗങ്ങളും

'ആർദ്രം' മിഷന്റെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളുടെയും പുതു ആശുപത്രികളുടെയും അടിസ്ഥാനസൗകര്യവികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, രണ്ടാംഘട്ടത്തിൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ ആയി രൂപാന്തരപ്പെടുത്തിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി സമൂഹത്തിലെ രോഗബാധ കുറയ്ക്കുക എന്നതിനാണ് മുൻഗണന നൽകിയത്. ജീവിതശൈലിരോഗങ്ങളുടെ കാര്യത്തിൽ, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ 'ശൈലി' എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം രോഗികളെ പ്രാദേശികതലത്തിൽ ആരോഗ്യസംവിധാനവുമായി ബന്ധിപ്പിക്കുകയും, അവരുടെ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ ഉയർന്നുവരുന്ന ജീവിതശൈലിരോഗങ്ങളെ തടയുന്നതിനും, സമയോചിതമായി കണ്ടെത്തി ചികിത്സിക്കുന്നതിനുമാണ് ആരോഗ്യവകുപ്പ് ഇന്ന് ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത്. കാൻസർ കേസുകളുടെ എണ്ണത്തിലുള്ള വർധന മറ്റൊരു വലിയ വെല്ലുവിളിയാണ്. രാജ്യത്തെ കാൻസർ റിപ്പോർട്ട് നിരക്കിൽ ഏറ്റവും ഉയർന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അർബുദരോഗങ്ങളുടെ നിയന്ത്രണത്തിനായി സർക്കാർ "ആനന്ദം ആരോഗ്യം, അകറ്റാം അർബുദം" എന്ന പ്രത്യേക പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സ്ത്രീകളുടെ കാൻസറുകൾ, പ്രത്യേകിച്ച് സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങളുടെ വർധിച്ചുവരുന്ന ജനസംഖ്യയും രോഗാതുരതാ സാധ്യത വർധിപ്പിക്കുന്നു. അത് കാൻസറുകൾ ഉൾപ്പെടെയുള്ള നീണ്ടുനിൽക്കുന്ന രോഗങ്ങളുടെഎണ്ണവുംകൂട്ടും.'മിഡിൽ-ലെവൽ

ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ്' അഥവാ പരിശീലനം നേടിയ നഴ്സുമാർ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ സേവനം ആരംഭിച്ചു എന്നത് വലിയ സാധ്യതയാണ്. ജനങ്ങളോട് ഏറ്റവും അടുത്ത തലത്തിൽതന്നെ ആരോഗ്യസേവനങ്ങൾ എത്തിക്കുന്നതിന് ഇവരുടെ വിന്യാസം സഹായിക്കും.

## നവീന സാങ്കേതിക വിദ്യകളും ആരോഗ്യരംഗത്തെ നവീകരണങ്ങളും

ഈ കാലഘട്ടത്തിൽ, കേരളത്തിന്റെ രോഗപ്രതിരോധം, രോഗനിർണ്ണയം, ചികിത്സാമേഖലകൾ എന്നിവ നിർമ്മിതബുദ്ധി, മെഷീൻ ലേർണിങ് പോലുള്ള ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ കൂടുതൽ ജനസൗഹൃദവും കാര്യക്ഷമവുമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. സർക്കാർ സംവിധാനത്തിൽ തന്നെ ആരംഭിച്ചിട്ടുള്ള റോബോട്ടിക് സർജറി, 'G-gaiter' (പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടവർക്കും വീണ്ടും നടക്കാൻ സഹായിക്കുന്ന സംവിധാനം) എന്നിവ ഇതിനുള്ള ഉദാഹരണങ്ങളാണ്. വളരെ ചെലവ് വരുന്നതും എന്നാൽ അപൂർവം ആളുകൾക്കുമാത്രം ഉപകാരപ്പെടുന്നതും അവരുടെതന്നെ ജീവന്റെ വിലയുള്ളതുമായ ഒന്നാണ് അപൂർവരോഗങ്ങൾക്ക് വേണ്ടിയുള്ള ചെലവേറിയ മരുന്നുകളുടെ സൗജന്യവിതരണം. ഇതും ഇന്ന് യാഥാർഥ്യമായിട്ടുണ്ട്. ഏകാരോഗ്യ പ്രവർത്തനങ്ങൾ ഒരുമിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് ഏകാരോഗ്യ കേന്ദ്രം (State One Health Centre), രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി അമേരിക്കൻ ഐക്യനാടുകളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ എന്ന സ്ഥാപനത്തിന്റെ മാതൃകയിൽ കേരള CDC, നിപ/മഹാമാരി പ്രതിരോധത്തിനും ഗവേഷണത്തിനായി കോഴിക്കോട് കേന്ദ്രമായി പ്രവർത്തനമാരംഭിച്ച ഏകാരോഗ്യ ഗവേഷണ കേന്ദ്രം തുടങ്ങിയവ ഏതാനും വർഷങ്ങൾക്കുള്ളിൽ യാഥാർഥ്യമായവയാണ്. ഇന്ന് ലോകം മുഴുവൻ നേരിടുന്ന ഒരു ഭീഷണിയാണ്, രോഗാണുക്കൾ മരുന്നുകളെ അതിജീവിക്കുന്ന ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്ന പ്രതിഭാസം. ഇതിനു തടയിടാൻ സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്ന Kerala Antimicrobial Resistance Strategic Action Plan (KARSAP) രാജ്യത്തിന് മാതൃകയാണ്. ഇതിലൂടെ ഏകദേശം 1000 കോടിരൂപ വിലവരുന്ന ആന്റിബയോട്ടിക് മരുന്നുകളുടെ തെറ്റായ ഉപയോഗം തടഞ്ഞു എന്നാണ് കണക്ക്.

## ചികിത്സാച്ചെലവ് കുറയ്ക്കാനുള്ള ഇടപെടലുകൾ

**വർഷംതോറും ഏകദേശം 2000 കോടി രൂപ മതിക്കുന്ന ചികിത്സാസഹായം ഏതാണ്ട് ആറ് ലക്ഷം പേരിലേക്ക് എത്തിക്കപ്പെടുന്നു. 75 കാരുണ്യ ഫാർമസികളിലൂടെയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ KMSCL നേരിട്ടും, ഉയർന്ന നിലവാരത്തിലുള്ള ജനറിക് മരുന്നുകൾ വളരെ കുറഞ്ഞ വിലയ്ക്ക് വിതരണംചെയ്യുന്നു. കാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ചെലവ് കൂടുതലായതിനാൽ, അതിന് അനുവദിക്കുന്ന തുക മൂന്നു മടങ്ങ് വർധിപ്പിച്ചിട്ടുണ്ട്.**

## ജനകീയാരോഗ്യകേന്ദ്രങ്ങൾ

പ്രാദേശികതലത്തിൽ ഗുണമേന്മയുള്ള ആരോഗ്യസേവനം ഉറപ്പാക്കാൻ, 5415 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ സേവനനില മെച്ചപ്പെടുത്തി, അവയെ 'ജനകീയാരോഗ്യകേന്ദ്രങ്ങളായി' ഉയർത്തി. കൂടാതെ, നൂറോളം നഗരപ്രദേശങ്ങളിലായി 400 ഓളം നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. രോഗനിർണ്ണയത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ലബോറട്ടറികളുടെ ലഭ്യതയിലാണ് മറ്റൊരു ഇടപെടൽ. എല്ലാ ചെറിയ ആശുപത്രികളിലും എല്ലാ ടെസ്റ്റുകളും ചെയ്യുന്ന ലാബുകൾ സ്ഥാപിക്കാൻ കഴിയില്ല എന്നതിനാൽ 'Hub-and-Spoke' മോഡൽ ലബോറട്ടറി നെറ്റ്‌വർക്ക് ചെറിയ കേന്ദ്രങ്ങളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് സമീപത്തെ വലിയ ആശുപത്രികളിൽ പരിശോധന നടത്തുകയും സമയബന്ധിതമായി ഫലം നൽകുകയും ചെയ്യുന്നു. രാജ്യത്ത്, നാഷണൽ ക്വാളിറ്റി അക്രിഡിറ്റേഷൻ സ്റ്റാൻഡേർഡ് (NQAS) സർട്ടിഫിക്കറ്റ് നേടിയതും, നാഷണൽ ലക്ഷ്യ അംഗീകാരം നേടിയതും കൂടുതലായി കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളാണ്.

> പൊതുജനങ്ങളുടെ പങ്കാളിത്തവും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണവുംകൊണ്ട് മഹാമാരികളെ തടയാൻ കേരളം വലിയ ശ്രമങ്ങൾ നടത്തുന്നു



> മെഡിക്കൽ കോളേജിലെ എസ്. എ. റ്റി. ആശുപത്രിയെ ഇത്തരം രോഗങ്ങളുടെ ചികിത്സയിൽ മികവിന്റെ കേന്ദ്രമാക്കി ഉയർത്തി, അപൂർവരോഗങ്ങൾക്കുള്ള പ്രത്യേക ചികിത്സാസൗകര്യം ഒരുക്കിയിട്ടുണ്ട്

## അപൂർവരോഗ ചികിത്സാപദ്ധതി

നേരത്തെ സൂചിപ്പിച്ചതുപോലെ കേരള യുണൈറ്റഡ് എഗൈൻസ്റ്റ് റെയർ ഡിസീസസ്' -(KUARD) അഥവാ CARE അപൂർവരോഗങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ മാതൃകാ പദ്ധതിയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്. എ. റ്റി. ആശുപത്രിയെ ഇത്തരം രോഗങ്ങളുടെ ചികിത്സയിൽ മികവിന്റെ കേന്ദ്രമാക്കി ഉയർത്തി, അപൂർവരോഗങ്ങൾക്കുള്ള പ്രത്യേക ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ബാല്യകാലത്ത് കാണപ്പെടുന്ന സ്പൈനൽ മസ്കുലാർ അട്രോഫി എന്ന ഗുരുതരമായ ശാരീരികവൈകല്യത്തിന് ചികിത്സ നൽകുന്ന പ്രത്യേക ക്ലിനിക്ക് ആദ്യമായി എസ്. എ. റ്റി. ആശുപത്രിയിൽ ആരംഭിച്ചു. ഈ രോഗികൾക്ക് സ്പൈൻ ശസ്ത്രക്രിയയും ചെലവേറിയ മരുന്നുകളും സൗജന്യമായി ലഭ്യമാക്കുന്ന ഇന്ത്യയിലെ ആദ്യ പദ്ധതി ഇതാണ്. ശ്രുതിതരംഗം പദ്ധതിയാണ് മറ്റൊന്ന്. ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കേൾവി ഉറപ്പാക്കാൻ, കോക്ലിയർ ഇംപ്ലാന്റ് ഉൾപ്പെടെയുള്ള ഇടപെടലുകൾ നടത്തുന്ന പരിപാടിയാണിത്. അനീമിയ അല്ലെങ്കിൽ വിളർച്ചയെ നേരിടാൻ, വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക് 'Viva Kerala' എന്ന പേരിൽ അനീമിയരഹിത കേരളത്തിനുള്ള ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

## ഏകാരോഗ്യ പ്രവർത്തനങ്ങൾ

ആമുഖത്തിൽ പറഞ്ഞതുപോലെ, പകർച്ചവ്യാധികളുടെ പ്രത്യേകിച്ചും ജന്തുജന്യ രോഗങ്ങളുടെ പ്രതിരോധത്തിനായി ഏകാരോഗ്യം പദ്ധതി നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണ്. ഈ പദ്ധതിയുടെ ഭാഗമായി, പമ്പാനദി ഒഴുകുന്ന നാലു ജില്ലകളിലെ ഏകദേശം 2.5 ലക്ഷം സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി, അവർ പ്രാദേശികതലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു. ഏകാരോഗ്യത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങളുടെ പ്രധാനഘടകങ്ങളിൽ ഒന്ന് 'ആന്റിബയോട്ടിക് റെസിസ്റ്റൻസ്' തടയലാണ്. സംസ്ഥാനത്തെ ആശുപത്രികളിൽ സംക്രമണങ്ങളുമായി പ്രവേശിക്കുന്ന രോഗികളിൽനിന്നും രോഗാണുക്കളുടെ ആന്റിബയോട്ടിക് റെസിസ്റ്റൻസ് നിരീക്ഷിച്ച് ക്രോഡീകരിച്ച് എല്ലാവർഷവും ആന്റിബയോഗ്രം ഡോക്യുമെന്റ് പുറത്തിറക്കുന്നു. സംസ്ഥാനതലത്തിൽ ഇത്തരം നിരീക്ഷണം നടത്തുന്നത് കേരളം മാത്രമാണ്. ഇതിലൂടെ ഭാവിയിൽ ഉയർന്നേക്കാവുന്ന വലിയ ആരോഗ്യപ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയാനും മുൻകരുതൽ എടുക്കാനും സാധിക്കും.

2023 സെപ്റ്റംബറിലെ നിപ വ്യാപനം സർക്കാർ പൊതുജനാരോഗ്യ സംവിധാനമാണ്

ആദ്യമായി തിരിച്ചറിഞ്ഞത്. പകരാൻ തുടങ്ങിയ ആദ്യഘട്ടത്തിൽ തന്നെ രോഗനിർണ്ണയവും ചികിത്സാസംവിധാനവും ഉറപ്പാക്കിയതിനാൽ, മരണനിരക്ക് 33% ആയി കുറയ്ക്കാൻ സാധിച്ചു. സംസ്ഥാനത്ത് കണ്ടുവരുന്ന നിപ വകഭേദത്തെ ലക്ഷ്യമാക്കി വൈറസിനെ നേരിട്ട് നിർവീര്യമാക്കാൻ ശേഷിയുള്ള മോണോക്ലോണൽ ആന്റിബോഡി മരുന്ന് വികസിപ്പിക്കാൻ പൊതുമേഖലയിൽതന്നെ ശ്രമങ്ങൾ നടക്കുന്നു. നിപ ഉൾപ്പെടെയുള്ള മഹാമാരി സാധ്യതകളെ പ്രതിരോധിക്കാൻ ആവശ്യമായ അക്കാദമിക് പിന്തുണയ്ക്കായി, കോഴിക്കോട് മെഡിക്കൽ കോളേജിൽ 'One Health Centre for Nipah Research and Resilience' ആരംഭിച്ചിട്ടുണ്ട്. 2024-25 വർഷങ്ങളിൽ മലപ്പുറം, പാലക്കാട് ജില്ലകളിൽ



ഉണ്ടായ നിപബാധയും ഫലപ്രദമായി തടഞ്ഞു. വീടുകൾതോറുമുള്ള സർവേകളും വവ്വാലുകൾ പാർക്കുന്ന മരങ്ങളുടെ സർവേകളും സംസ്ഥാനത്തിന് മാതൃകയായി.

## കാൻസർ പ്രതിരോധ നടപടികൾ/ സാന്ത്വനപരിചരണം

കേരളം ഡബ്ല്യൂ. എച്ച്. ഒ. യുടെ Framework Convention on Tobacco Control (FCTC) അനുസരിച്ചുള്ള ഇടപെടലുകൾ മാതൃകാപരമായി നടപ്പിലാക്കി. ഈ പ്രവർത്തനങ്ങൾ പുകയില ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സഹായിച്ചു. ഇരുപത് വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കായി ഗർഭാശയമുഖ കാൻസർ (Cervical cancer), സ്തനാർബുദം (Breast cancer) എന്നിവയ്ക്കായുള്ള സ്ക്രീനിങ്ങും 30 വയസ്സിന് മുകളിലുള്ള പുരുഷന്മാർക്കായി വായ് (Oral cancer) സ്ക്രീനിങ്ങും സംസ്ഥാനത്ത് വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ദേശീയതലത്തിൽ ആദ്യമായി സംസ്ഥാനതല കാൻസർ രജിസ്ട്രി (State Cancer Registry) രൂപീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയറിന് കേരളം ദേശീയതലത്തിൽ "പാലിയേറ്റീവ് കെയർ ക്യാപിറ്റൽ" എന്നറിയപ്പെടുന്നു. ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള വീടുകളിലെ സർവേകളിലൂടെ, പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ തിരിച്ചറിഞ്ഞ്, സമീപത്തെ ആരോഗ്യസ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ജീവിതാന്ത്യത്തിന് വിവിധ സമൂഹങ്ങളിൽ ഉള്ള മൂല്യത്തെപ്പറ്റി ലാൻസെറ്റ് കമ്മീഷൻ നടത്തിയ പഠനപ്രവർത്തനത്തിൽ കേരളത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനത്തെ പ്രശംസിക്കുന്നുണ്ട്.

## ഉപസംഹാരം

രോഗങ്ങളും രോഗസങ്കീർണതകളും രോഗ ചികിത്സയ്ക്കുള്ള ചെലവും വർധിച്ചുവരുന്ന കാലത്ത് പൊതുജനാരോഗ്യ സംവിധാനങ്ങളെ ശാക്തീകരിക്കുന്നതിലൂടെ മാത്രമേ ആളുകളുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിയൂ. അതേസമയം തന്നെ രോഗാതുരത മുതലെടുത്ത് അതിൽനിന്നും പണംകണ്ടെത്താനുള്ള ശ്രമങ്ങളും വ്യാപകമായി നടക്കുന്നുണ്ട്. ലോകമെമ്പാടും അമിതമായ കോർപ്പറേറ്റ്വൽക്കരണത്താൽ ചികിത്സാച്ചെലവ് സാധാരണക്കാർക്ക് താങ്ങാനാകാത്തവിധം വർധിച്ചുവരികയാണ്. പൊതു ആശുപത്രികളെ ശാക്തീകരിച്ചു മാത്രമേ നമ്മുടെ സംസ്ഥാനത്തിന് ഒരു തുരുത്തായി ഈ മേഖലയിൽ നിലനിൽക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടു തന്നെ സർക്കാർ ആരോഗ്യസംവിധാനങ്ങൾക്ക് ഊർജം പകരുക എന്നത് നമ്മുടെ പൊതുജനാരോഗ്യ മികവിനെ നിലനിർത്തുന്നതിന് അത്യന്തം ആവശ്യമായ ഘടകമാണ്. ■

# പബ്ലിക് സർവീസ് കമ്മിഷൻ ഒരു കേരള മാതൃക

**ഡോ.എം.ആർ.ബൈജു**
ചെയർമാൻ, കേരള പബ്ലിക് സർവീസ് കമ്മിഷൻ

ജനാധിപത്യ ഭരണക്രമത്തിൽ നീതിയുക്തമായ ഭരണനിർവഹണത്തിന്റെ അടിസ്ഥാനശിലയാണ് സിവിൽ സർവീസ്. നീതിയുടെ തുല്യവിതരണം സാധ്യമാക്കിക്കൊണ്ട് മികവുറ്റ സിവിൽ സർവീസ് കെട്ടിപ്പടുക്കാൻ ഇന്ത്യൻ ഭരണഘടന മുന്നോട്ടു വയ്ക്കുന്ന സംവിധാനമാണ് പബ്ലിക് സർവീസ് കമ്മിഷനുകൾ. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 315 രാജ്യത്ത് ഒരു യൂണിയൻ പബ്ലിക് സർവീസ് കമ്മിഷനും ഓരോ സംസ്ഥാനത്തും വെവ്വേറെ സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനുകളും വിഭാവനം ചെയ്യുന്നു. സർക്കാർ സർവീസിലെ വിവിധ തസ്തികകളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുക, സർക്കാർ സർവീസുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിലും സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വേളയിലും സർക്കാർ കമ്മിഷനുമായി പര്യാലോചിക്കുമ്പോൾ അതിൽ സർക്കാരിന് ഉപദേശം നൽകുക, ഉദ്യോഗക്കയറ്റങ്ങൾക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുക തുടങ്ങിവയാണ് പബ്ലിക് സർവീസ് കമ്മിഷനുകളിൽ നിക്ഷിപ്തമായിട്ടുള്ള പ്രധാന കർത്തവ്യങ്ങൾ.




## കേരള പബ്ലിക് സർവീസ് കമ്മിഷനും നിയമന രീതിയും

ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ സർക്കാർ സർവീസിലെ മുഴുവൻ തസ്തികകളിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്ന രാജ്യത്തെ ഏക പബ്ലിക് സർവീസ് കമ്മിഷനാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ. മറ്റു സംസ്ഥാനങ്ങളിൽ ഉയർന്ന തസ്തികകളിൽ മാത്രമാണ് പബ്ലിക് സർവീസ് കമ്മിഷൻ മുഖേന തിരഞ്ഞെടുപ്പ് നടത്തുന്നത്. അവിടങ്ങളിൽ ബഹുഭൂരിപക്ഷം തസ്തികകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളും നിർവഹിക്കപ്പെടുന്നത് പോലീസ് സർവീസ് റിക്രൂട്ട്മെന്റ് ബോർഡ്, മെഡിക്കൽ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ്, ടീച്ചേഴ്സ് റിക്രൂട്ട്മെന്റ് ബോർഡ്, സബോർഡിനേറ്റ് സർവീസസ് സെലക്ഷൻ ബോർഡ് തുടങ്ങിയ വ്യത്യസ്തങ്ങളായ സംവിധാനങ്ങളിലൂടെയാണ്. കേരളത്തിലാകട്ടെ, സർക്കാർ സർവീസിലെ തസ്തികകൾക്ക് പുറമേ വിവിധ പൊതുമേഖലാ കമ്പനി/ബോർഡുകൾ/കോർപ്പറേഷനുകൾ, സർവകലാശാലകൾ, സഹകരണ സ്ഥാപനങ്ങൾ ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പുകളും കേരള പബ്ലിക് സർവീസ് കമ്മിഷനിൽ നിക്ഷിപ്തമായിരിക്കുന്നു. ഇങ്ങനെ ഏകദേശം 100 ൽ പരം സർക്കാർ വകുപ്പുകൾ, നൂറിലധികം കമ്പനികൾ/ബോർഡുകൾ/കോർപ്പറേഷനുകൾ, സർവകലാശാലകൾ തുടങ്ങിയയിടങ്ങളിലായി 1763 തസ്തികകളിൽ കമ്മിഷൻ തിരഞ്ഞെടുപ്പ് നടത്തി വരുന്നു. ആകെ നിയമന



> ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ സർക്കാർ സർവീസിലെ മുഴുവൻ തസ്തികകളിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്ന രാജ്യത്തെ ഏക പബ്ലിക് സർവീസ് കമ്മിഷനാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ

ശിപാർശകൾ, തിരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളുടെ എണ്ണം, തിരഞ്ഞെടുപ്പിന് അവലംബിക്കുന്ന വ്യത്യസ്ത രീതികൾ, ആകെ നടത്തുന്ന പരീക്ഷകൾ, ഓരോ വർഷവും അപേക്ഷിക്കുന്ന ഉദ്യോഗാർഥികളുടെ എണ്ണം എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ രാജ്യത്തെ ഏറ്റവും വലിയ പബ്ലിക് സർവീസ് കമ്മിഷനാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ. മികവും സാമൂഹ്യ നീതിയും, അവസരതുല്യതയും അടിസ്ഥാനമാക്കി വിശ്വാസ്യതയും സുതാര്യതയും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനം രാജ്യത്തിന് തന്നെ മാതൃകയാണ്.

വിജ്ഞാപനം ചെയ്യുന്ന ഒഴിവുകൾക്ക് റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കി നിയമനാധികാരിക്ക് നൽകുകയും, നിയമനാധികാരി ആ ഒഴിവുകൾ സംവരണതത്വം പാലിച്ചുകൊണ്ട് നിയമനം നൽകുകയും ചെയ്യുന്ന രീതിയാണ് മറ്റ സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനുകളിൽ നിലവിലുള്ളത്. പ്രസിദ്ധീകരിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകൾക്കും ഒരു നിശ്ചിത കാലാവധി ഉണ്ടായിരിക്കുകയും ആ കാലാവധിയ്ക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളും ആ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകി വരികയും ചെയ്യുന്ന രീതിയാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ അവലംബിക്കുന്നത്.

## സമയബന്ധിതമായ തിരഞ്ഞെടുപ്പ് പ്രക്രിയ

ലക്ഷക്കണക്കിന് ഉദ്യോഗാർഥികൾ പങ്കെടുക്കുന്ന വിവിധ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നത് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെയാണ്. തുടർന്ന് എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ, പ്രമാണ പരിശോധന, അഭിമുഖം തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ കരട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ബൃഹത്തും സങ്കീർണ്ണവുമായ പ്രവർത്തനമാണ്. ഈ സങ്കീർണ്ണമായ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുക എന്നത് വലിയ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ കമ്മിഷൻ മറികടക്കുന്നത് മനുഷ്യവിഭവശേഷിയും നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയും നടപടിക്രമങ്ങൾ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടുമാണ്. നിലവിൽ പ്രധാന തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമന ശിപാർശ ചെയ്യാൻ എടുക്കുന്ന സമയദൈർഘ്യം ഒന്നര വർഷമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമായി കമ്മിഷൻ കാണുന്നു.

## തുടർച്ചയായ റാങ്ക് ലിസ്റ്റുകൾ

യൂണിഫോംഡ് ഫോഴ്സിലേക്കുള്ള റാങ്ക് പട്ടികകൾ, വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്, സർവകലാശാലകളിലെ അസിസ്റ്റന്റ്, സെക്രട്ടറിയേറ്റ്/പി.എസ്.സി/നിയമസഭ തുടങ്ങിയവയിലെ അസിസ്റ്റന്റ്, വിദ്യാഭ്യാസ വകുപ്പിലെ എൽ.പി. സ്കൂൾ ടീച്ചർ, യു.പി. സ്കൂൾ ടീച്ചർ, ഹൈസ്കൂൾ ടീച്ചർ, ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നേഴ്സ് മുതലായ പ്രധാനപ്പെട്ട റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നുണ്ട്. ഇങ്ങനെ റാങ്ക് ലിസ്റ്റുകളുടെ തുടർച്ച ഉറപ്പാക്കുന്നതിനാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതോടെ തന്നെ നിയമന ശിപാർശ തുടർച്ചയായി നൽകുവാൻ കഴിയുന്നു.

## യൂണിഫോംഡ് ഫോഴ്സുകളിൽ വാർഷിക തിരഞ്ഞെടുപ്പ്

യൂണിഫോംഡ് ഫോഴ്സുകളിലെ ട്രെയിനിങ്

നിർബന്ധമാക്കിയിട്ടുള്ള പോലീസ് കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, എക്സൈസ് ഇൻസ്പെക്ടർ, സിവിൽ എക്സൈസ് ഓഫീസർ, ഫയർ & റെസ്ക്യൂ ഓഫീസർ തുടങ്ങിയ തസ്തികകളുടെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. അതിനാൽ ഓരോ വർഷവും പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തരത്തിൽ ഈ തസ്തികകളിൽ വാർഷിക തിരഞ്ഞെടുപ്പ് നടത്തുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. എല്ലാ വർഷവും വിജ്ഞാപനം പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാൽ ഉദ്യോഗാർഥികൾക്ക് കൂടുതൽ തവണ അപേക്ഷിക്കുന്നതിന് അവസരം ലഭിക്കുകയും യുവാക്കളെ കുറഞ്ഞ പ്രായത്തിൽ സേനയുടെ ഭാഗമാക്കുവാൻ സാധിക്കുകയും ചെയ്യുന്നു. ഇത് സേനയുടെ കാര്യക്ഷമത വർധിപ്പിക്കും എന്ന് കമ്മിഷൻ പ്രതീക്ഷിക്കുന്നു.

## വാർഷിക പരീക്ഷാ കലണ്ടർ

തിരഞ്ഞെടുപ്പ് നടപടികൾ സമയബന്ധിതമാക്കുന്നതിനും ഉദ്യോഗാർഥികൾക്ക് പരീക്ഷയ്ക്ക് തയ്യാറെടുപ്പിനുള്ള സൗകര്യത്തിനായും ജനുവരി ഒന്നിന് തന്നെ വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നു. ഡിസംബർ 31 വരെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതും പരീക്ഷകൾ പൂർത്തിയാക്കാത്തതുമായ എല്ലാ തസ്തികകളും വാർഷിക പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തും. കൂടാതെ, അതാത് വർഷം ജനുവരി ഒന്നിന് ശേഷം പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ സാധ്യമാകുന്നവയുടെ പരീക്ഷകളും പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തും. പരീക്ഷയ്ക്ക് ശേഷം കായികക്ഷമതാ പരീക്ഷ കൂടി നടത്തേണ്ടുന്ന തസ്തികകളുടെ കാര്യത്തിൽ കായികക്ഷമതാ പരീക്ഷയുടെ തീയതിയും ഇതോടൊപ്പം മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നു. നേരത്തെ സൂചിപ്പിച്ചതു പോലെ പ്രധാന തസ്തികകളുടെ കാര്യത്തിൽ വിജ്ഞാപനം മുതൽ ഒന്നര വർഷം കൊണ്ട് തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വാർഷിക പരീക്ഷാ കലണ്ടർ നിർണ്ണായക പങ്ക് വഹിക്കുന്നു.

## വിജ്ഞാപനങ്ങൾ, പരീക്ഷകൾ, അഭിമുഖങ്ങൾ, നിയമന ശിപാർശകൾ

കേരള പബ്ലിക് സർവീസ് കമ്മിഷൻ വിവിധ തസ്തികകളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു വർഷം ശരാശരി 800 ഓളം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു വരുന്നു. വിവിധ തസ്തികകളിലായി ഓരോ വർഷവും ഒരു കോടിയിൽപ്പരം അപേക്ഷകൾ ലഭിക്കുമ്പോൾ ഏകദേശം 60 ലക്ഷത്തോളം ഉദ്യോഗാർഥികൾ പരീക്ഷകളിൽ പങ്കെടുക്കുന്നു. ഓരോ വർഷവും 50000 ൽ പരം ഉദ്യോഗാർഥികൾക്കായി അഭിമുഖ പരീക്ഷയും വിവിധ തസ്തികകളിലായി 30000 പേർക്ക് കായികക്ഷമതാ പരീക്ഷയും നടത്തിവരുന്നു. ഇത്രയും വിപുലവും വൈവിധ്യവുമായ തിരഞ്ഞെടുപ്പ് നടത്തുന്ന മറ്റൊരു റിക്രൂട്ടിങ് സംവിധാനവും രാജ്യത്ത് നിലവിലില്ല. ഈ പ്രവർത്തനങ്ങളുടെ എല്ലാം ഫലമായി വർഷം തോറും മുപ്പതിനായിരത്തിലധികം നിയമന ശിപാർശകൾ നൽകിവരുന്നു. ഇത് രാജ്യത്ത് യൂണിയൻ പബ്ലിക് സർവീസ് കമ്മിഷനും മുഴുവൻ സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനുകളും നൽകുന്ന നിയമന ശിപാർശകളുടെ ആകെ എണ്ണത്തിന്റെ അറുപത് ശതമാനം വരും.

## സാങ്കേതികവിദ്യയുടെ ഉപയോഗം

സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ രാജ്യത്ത് മുൻപന്തിയിലാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ. രാജ്യത്ത് കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കിയ ആദ്യ പബ്ലിക് സർവീസ് കമ്മിഷനുകളിൽ ഒന്നാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ. 1997 ൽ തന്നെ ഈ ദിശയിലുള്ള നടപടികൾ ആരംഭിച്ചു. കമ്മിഷനിലെ മുഴുവൻ ഉദ്യോഗസ്ഥരെയും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് ആദ്യകാലം മുതൽ തന്നെ കമ്മിഷൻ ശ്രദ്ധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി അപേക്ഷ സ്വീകരിക്കുന്നതു മുതൽ നിയമന ശിപാർശ നൽകുന്നതു വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ഇപ്പോൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടപ്പിലാക്കാൻ സാധിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി വിവിധ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും അതിന്റെ പരിപാലനത്തിനുമായി സുശക്തമായ ഒരു സാങ്കേതിക വിഭാഗം കമ്മിഷനിൽ പ്രവർത്തിച്ചുവരുന്നു. സ്വന്തമായി ഒരു സാങ്കേതിക വിഭാഗം ഉള്ളതിനാൽ മാറുന്ന കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യ സ്വായത്തമാക്കുവാനും അത് കമ്മിഷന്റെ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുവാനും കേരള പബ്ലിക് സർവീസ് കമ്മിഷന് സാധിക്കുന്നു. കമ്മിഷനിൽ ഉപയോഗിച്ചു വരുന്ന സോഫ്റ്റ്‌വെയറുകൾ കമ്മിഷന്റെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥരാണ് വികസിപ്പിച്ച് പരിപാലിച്ചുവരുന്നത്.സാങ്കേതികസഹായങ്ങളോ ഉപദേശങ്ങളോ ആവശ്യമായി വരുന്ന പക്ഷം സർക്കാർ ഏജൻസികളായ സി-ഡിറ്റ്, ഡിജിറ്റൽ സർവകലാശാല എന്നിവരെയാണ് സമീപിച്ചുവരുന്നത്. ഇക്കാര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാറില്ല. ഇത് രാജ്യത്ത് തന്നെ ഒരു അപൂർവ മാതൃകയാണ്.

സാധ്യമായ എല്ലാ ഘട്ടങ്ങളിലും സാങ്കേതിക

വിദ്യയുടെ വിന്യാസം ഉറപ്പാക്കുക എന്നതാണ് കമ്മിഷന്റെ നയം. ഉദ്യോഗാർഥികളിൽ നിന്നുള്ള വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ, ഒ.എം.ആർ ഉത്തരക്കടലാസുകളുടെ പുനഃപരിശോധന, അവയുടെ പകർപ്പ് ലഭ്യമാക്കൽ, പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച പരാതി, മറ്റു പരാതികൾ എന്നിവ പൂർണ്ണമായി ഓൺലൈനായി അവരുടെ പ്രൊഫൈൽ മുഖേനയാണ് സ്വീകരിക്കുന്നത്. യോഗ്യതാ പ്രമാണങ്ങൾ ഡിജിലോക്കർ സംവിധാനം മുഖേന സമർപ്പിക്കുന്നതിനും അതുവഴി പ്രമാണ പരിശോധന പൂർത്തിയാക്കുന്നതിനുമുള്ള സംവിധാനം ഒരുക്കിയ രാജ്യത്തെ ആദ്യത്തെ പബ്ലിക് സർവീസ് കമ്മിഷനാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ. ഒഴിവ് റിപ്പോർട്ട് ചെയ്യൽ, നിയമന ശിപാർശ തയ്യാറാക്കൽ, ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകൽ തുടങ്ങിയവയും ഓൺലൈനായി മാറ്റിയിട്ടുണ്ട്. ഇതുമൂലം ഒഴിവ് നിലവിൽ വന്നാലുടൻ തന്നെ അവ റിപ്പോർട്ട് ചെയ്യുവാൻ നിയമനാധികാരിക്ക് സാധിക്കുന്നു. സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് നിയമന ശിപാർശ തയ്യാറാക്കുന്നതും സോഫ്റ്റ്‌വെയർ മുഖാന്തിരമാക്കിയിട്ടുണ്ട്.

## ബ്ലോക്ക് ചെയിൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആധുനിക സാങ്കേതിക വിദ്യകളായ ബ്ലോക്ക് ചെയിൻ, നിർമിത ബുദ്ധി എന്നിവയുടെ സൃഷ്ടിപരമായ സാധ്യതകൾ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ കേരള ഡിജിറ്റൽ സർവകലാശാലയുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. നവംബർ മാസത്തോടെ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതോടുകൂടി ഈ നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന രാജ്യത്തെ ആദ്യത്തെ പബ്ലിക് സർവീസ് കമ്മിഷനായി കേരള പബ്ലിക് സർവീസ് കമ്മിഷൻ മാറും.

## ചരിത്ര മ്യൂസിയം

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ തുടക്ക കാലം മുതലുള്ള പ്രവർത്തനങ്ങളെ കുറിച്ച് മനസിലാക്കുന്നതിനായി ചരിത്രാന്വേഷണത്തിൽ തത്പരരായ ഉദ്യോഗാർഥികൾക്കും പൊതുജനങ്ങൾക്കുമായി ഒരു ചരിത്ര മ്യൂസിയം സജ്ജീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ പബ്ലിക് സർവീസ് കമ്മിഷൻ, കൊച്ചിൻ പബ്ലിക് സർവീസ് കമ്മിഷൻ, തിരു-കൊച്ചി പബ്ലിക് സർവീസ് കമ്മിഷൻ, മദ്രാസ് പബ്ലിക് സർവീസ് കമ്മിഷൻ, കേരള പബ്ലിക് സർവീസ് കമ്മിഷൻ എിവയുമായി ബന്ധപ്പെട്ട 1900 മുതലുള്ള രേഖകളുടെ ഈ അപൂർവ ശേഖരത്തിലൂടെ വ്യക്തമാകുന്നത് ഇക്കാലത്തെ സിവിൽ സർവീസിന്റെ ചരിത്രത്തോടൊപ്പം നാടിന്റെ രാഷ്ട്രീയ-സാമൂഹിക ചരിത്രം കൂടിയാണ്. യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ മ്യൂസിയത്തിന്റെ മാതൃകയിൽ സജ്ജീകരിച്ചിരിക്കുന്ന ഈ ചരിത്ര മ്യൂസിയം സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനുകളിൽ ആദ്യത്തേതാണ്.

## പശ്ചാത്തല സൗകര്യം

സംസ്ഥാന സർവീസിലെ നിരവധി തസ്തികകളുടെ തിരഞ്ഞെടുപ്പ് ജില്ലാതലത്തിൽ കൂടിയായതിനാൽ ജില്ലകളിലും കമ്മിഷന്റെ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന തലത്തിൽ നിയമനം നടത്തിവരുന്ന തസ്തികകളുടെ തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആസ്ഥാന ഓഫീസിലും മൂന്ന് മേഖലാ ഓഫീസുകളിലുമായി നടത്തിവരുന്നു. ഇത്തരത്തിൽ തിരഞ്ഞെടുപ്പ് നടപടികൾ ആസ്ഥാന, മേഖലാ, ജില്ലാ ഓഫീസുകളിൽ വികേന്ദ്രീകരിച്ച് നടപ്പാക്കി വരുന്ന രാജ്യത്തെ ഏക പബ്ലിക് സർവീസ് കമ്മിഷനാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ.



ബൃഹത്തായ അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം മനുഷ്യവിഭവ ശേഷിയുടെ കാര്യത്തിലും കേരള പബ്ലിക് സർവീസ് കമ്മിഷൻ രാജ്യത്ത് ഒന്നാമത് തന്നെയാണ്. കമ്മിഷന്റെ കോട്ടയം, പാലക്കാട് എന്നീ ജില്ലാ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമാണം പുരോഗമിക്കുന്നു. ഇങ്ങനെ അടിസ്ഥാനസൗകര്യവികസനത്തിലുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സംസ്ഥാന സർക്കാരിന്റെ നിർലോഭമായ സഹായ സഹകരണങ്ങൾ കമ്മിഷന് നിരന്തരം ലഭിച്ചുവരുന്നു. സർക്കാരിന്റെയും സമൂഹത്തിന്റെയും സൃഷ്ടിപരമായ പിന്തുണയാണ് കേരള പബ്ലിക് സർവീസ് കമ്മിഷനെ അതിന്റെ ഭരണഘടനാദത്തമായ പരിശുദ്ധിയിലും ശക്തിയിലും നിലനിർത്തുന്നത്. ■

# മാറുന്ന പരിസ്ഥിതി

**മുരളി തുമ്മാരുകുടി**
**കൺവെൻഷൻ ടു കോമ്പാറ്റ് ഡെസെർടിഫിക്കേഷൻ**
**ഐക്യരാഷ്ട്ര സഭ**


മാധ്യമങ്ങളിലും പൊതുചർച്ചകളിലും പലപ്പോഴും വരച്ചുകാണിക്കുന്നത് കേരളത്തിന്റെ പരിസ്ഥിതിയുടെ ചിത്രം സ്ഥിരമായ തകർച്ചയുടെ ഒരു ചിത്രമാണ്. ചുരുങ്ങുന്ന നെൽവയലുകൾ, ഖരമാലിന്യ നിർമ്മാർജനത്തിലെ പ്രശ്നങ്ങൾ, മനുഷ്യ-മൃഗ സംഘർഷം തുടങ്ങിയ പ്രശ്നങ്ങൾ തികച്ചും യഥാർഥമാണെങ്കിലും, അവ വളരെ സങ്കീർണ്ണമായ ഒരു കഥയുടെ ഒരു വശം മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ. ആഴമേറിയതും ഡാറ്റയിൽ അധിഷ്ഠിതവുമായ ഒരു വീക്ഷണം ആശ്ചര്യകരമായ മറ്റൊരു യാഥാർത്ഥ്യം കൂടി വെളിപ്പെടുത്തുന്നു. നിരവധി പ്രധാന ഘടകങ്ങൾ പറയുന്നത്, കേരളത്തിന്റെ പ്രകൃതിയും പരിസ്ഥിതിയും ഒരു പുനരുദ്ധാനത്തിന്റെ പാതയിലാണെന്നാണ്. ഇത് ബോധപൂർവമായ സംരക്ഷണത്തിന്റെ മാത്രം കഥയല്ല, മറിച്ച് സാമൂഹിക-സാമ്പത്തിക പുരോഗതി, സാങ്കേതിക മാറ്റങ്ങൾ, കർശനമായ നിയമങ്ങൾ എന്നിവയിലൂടെ പ്രകൃതിക്ക് ലഭിച്ച സംരക്ഷണത്തിന്റെ അനുകൂലവും ആകർഷകവുമായ ഒരു വിരോധാഭാസമാണ്.

കേരളത്തിൽ നിശ്ശബ്ദമായ ഒരു പാരിസ്ഥിതിക വീണ്ടെടുക്കൽ സംഭവിക്കുകയാണ്. രണ്ട് സമാന്തരവും പരസ്പരബന്ധിതവുമായ കാരണങ്ങളാൽ അത് നയിക്കപ്പെടുന്നു, ഒന്ന് അതിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലും മറ്റൊന്ന് അതിന്റെ ആഭ്യന്തര സാങ്കേതികവിദ്യയിലും. ഈ വീണ്ടെടുക്കൽ ഒരു അന്തിമ വിജയമല്ല. ദ്രുതഗതിയിലുള്ള നഗരവൽക്കരണം, ആഗോളവൽക്കരിക്കപ്പെട്ട വ്യാപാരം, കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലങ്ങൾ എന്നിവയിൽ നിന്ന് ഉയർന്നുവരുന്ന പുതിയൊരു കൂട്ടം ഭീഷണികൾ അതിനെ വെല്ലുവിളിക്കുന്നുണ്ട്. അങ്ങനെ കേരളത്തിന്റെ പരിസ്ഥിതിയുടെ കഥ രണ്ട് സമാന്തര ലോകങ്ങളുടെ കഥയാണ് - ഒന്ന് പുരോഗതി, മറ്റൊന്ന് പരിസ്ഥിതി നേരിടുന്ന അഭൂതപൂർവമായ സമ്മർദ്ദം.

## ആസൂത്രിതമല്ലാത്ത 'ഹരിത വിപ്ലവം'

### സാമൂഹിക-സാമ്പത്തിക മാറ്റങ്ങളും പാരിസ്ഥിതിക നേട്ടങ്ങളും

കേരളത്തിലെ പരിസ്ഥിതി വീണ്ടെടുക്കലിന്റെ ഏറ്റവും പ്രധാനപ്പെട്ട ചാലകശക്തി അതിന്റെ സാമ്പത്തിക അടിത്തറയിലെ അടിസ്ഥാനപരമായ മാറ്റമാണ്. സംസ്ഥാനത്തിന്റെ പ്രശസ്തമായ ഉയർന്ന സാക്ഷരതാനിരക്കും ചരിത്രപരമായ ബന്ധങ്ങളും വിദേശങ്ങളിലേക്ക്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലേക്ക് വൻതോതിലുള്ള കുടിയേറ്റത്തിന് കാരണമായി.





**കേരളത്തിന്റെ പരിസ്ഥിതി ഒരു വഴിത്തിരിവിലാണ്. പുനരുജ്ജീവനവും പുത്തൻ വെല്ലുവിളികളും ഒരേ സമയം പരിസ്ഥിതിയെ ബാധിക്കുകയാണ്. പോസിറ്റീവായ മാറ്റങ്ങളെ കൂടുതൽ പരിപോഷിപ്പിക്കുന്നതോടൊപ്പം പുതിയ വെല്ലുവിളികളെ കൈകാര്യം ചെയ്യാനും നമുക്ക് സാധിക്കണം**

**കാർഷിക സമ്മർദ്ദത്തിലെ ഇടിവ്:** 1970 -1971 ൽ കേരളത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൽ (Net State Domestic Product NSDP) കൃഷി 50% ത്തിലധികം സംഭാവന ചെയ്തു. എന്നാൽ 2022-2023 ആയപ്പോഴേക്കും ഇത് 10% ൽ താഴെയായി കുറഞ്ഞു. സംസ്ഥാനത്തിന്റെ NSDP യുടെ 30% ത്തിലധികം വരുന്ന പണമയയ്ക്കലുകളാണ് ഈ വലിയ മാറ്റത്തിന് കാരണമായത്. ദശലക്ഷക്കണക്കിന് കുടുംബങ്ങൾ വിദേശത്തുനിന്നുള്ള വരുമാനത്തെ ആശ്രയിക്കാൻ തുടങ്ങിയതോടെ, സുസ്ഥിരമല്ലാത്ത കൃഷിയിൽ ഏർപ്പെടാനുള്ള സാമ്പത്തിക നിർബന്ധിതാവസ്ഥ കുറഞ്ഞുവന്നു.

**തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനം:** 1975-76 ൽ ഏകദേശം 8.76 ലക്ഷം ഹെക്ടറിൽ നിന്ന് 2000 ത്തിന്റെ തുടക്കത്തിൽ കേരളത്തിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഏകദേശം 2.05 ലക്ഷം ഹെക്ടറായി കുറഞ്ഞു. ഇത് പലപ്പോഴും സാംസ്കാരിക നഷ്ടമായി വിലപിക്കപ്പെട്ടെങ്കിലും ഈ ഉപേക്ഷിക്കലിന് അപ്രതീക്ഷിതമായ ഒരു പാരിസ്ഥിതിക നേട്ടമുണ്ടായിരുന്നു. കൃഷി ചെയ്യാതെ വെള്ളം കെട്ടിക്കിടക്കുന്ന ഈ വയലുകൾ നിർണായകമായ ഭൂഗർഭജല റീചാർജ് മേഖലകളായി പ്രവർത്തിച്ചു. അവ തരിശായി കിടന്നതിനാൽ ജലസേചനത്തിനായി ഭൂഗർഭജലം ഉപയോഗിക്കുന്നത് നിലച്ചു. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം ഗണ്യമായി കുറഞ്ഞു. ഒരു കാലത്ത് നദികളിലേക്കും തടാകങ്ങളിലേക്കും ഒഴുകിയിരുന്ന കീടനാശിനികളുടെ അവശിഷ്ടങ്ങൾ ഇപ്പോൾ ഒരു വിഷയമല്ലാതായി.

**വീട്ടിലെ ഊർജപരിവർത്തനം:** അതേസമയം ഒരു സാങ്കേതിക വിപ്ലവം കേരളത്തിലെ വീടുകളെ മാറ്റിമറിച്ചു. 1980 കളിലും 1990 കളിലും പാചകത്തിനായി ഉപയോഗിച്ചിരുന്ന വിറകിൽ നിന്ന് ദ്രവീകൃത പെട്രോളിയം ഗ്യാസിലേക്ക് (എൽപിജി) വീടുകൾ ഏതാണ്ട് പൂർണ്ണമായും മാറി. ദേശീയ സാമ്പിൾ സർവേ ഓഫീസ് (എൻഎസ്എസ്ഒ) ഡാറ്റ കാണിക്കുന്നത് കേരളത്തിലെ 95% ത്തിലധികം വീടുകളും ഇപ്പോൾ പ്രാഥമിക പാചക ഇന്ധനമായി എൽപിജി ഉപയോഗിക്കുന്നുണ്ടെന്നാണ്. വിറകിനായി മരങ്ങളെ ഉപയോഗിക്കൽ ഈ ഒരൊറ്റ മാറ്റം ഗണ്യമായി കുറച്ചു. അതുപോലെതന്നെ കെട്ടിട നിർമ്മാണ വ്യവസായം തടിയിൽ നിന്ന് ഉരുക്കിലേക്കും കോൺക്രീറ്റിലേക്കും അലുമിനിയത്തിലേക്കും മാറിയതോടെ നിർമാണപ്രവർത്തനത്തിലും തടിയുടെ ആവശ്യകത ഗണ്യമായി കുറഞ്ഞു.

## നിയമ കവചവും അതിന്റെ അനന്തരഫലങ്ങളും

സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള സമ്മർദ്ദം കുറച്ചതിനൊപ്പം നിയമ നടപടികളും വനപ്രദേശത്തെ സംരക്ഷിച്ചു.

**വനസംരക്ഷണം:** 1980-ലെ വന (സംരക്ഷണ) നിയമത്തിന്റെ നിർവ്വഹണവും വനം വകുപ്പിന്റെ ഇടപെടലുംകൊണ്ട് അനധികൃത മരംമുറിക്കലിൽ ഗണ്യമായ കുറവുണ്ടാക്കാനായി. അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി വനനശീകരണം ഒരു ആശങ്കയായി തുടരുമ്പോൾ തടികൾക്കായി വനങ്ങൾ ആസൂത്രിതമായി കൊള്ളയടിക്കുന്നത് വലിയതോതിൽ വെട്ടിക്കുറച്ചു. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (FSI) ഡാറ്റ ഇതിനെ പിന്തുണയ്ക്കുന്നു. 2021-ലെ FSI റിപ്പോർട്ട് സൂചിപ്പിക്കുന്നത് കേരളത്തിലെ വന-വൃക്ഷ വിസ്തൃതി മിതമായതും എന്നാൽ സ്ഥിരവുമായ വർദ്ധനവ് കാണിക്കുന്നു എന്നാണ്. മൊത്തം വന-വൃക്ഷ വിസ്തൃതി ഇപ്പോൾ സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ 54.33% ആണ്. 2019-ൽ 52.30% ആയിരുന്നു. വളരെ ഇടതൂർന്ന വന വിഭാഗത്തിലെയും മിതമായ ഇടതൂർന്ന വന വിഭാഗത്തിലെയും വർദ്ധന ഇതിൽ ഉൾപ്പെടുന്നു.

**വന്യജീവി വ്യാപനവും മനുഷ്യ-മൃഗ സംഘർഷവും:** ഈ വീണ്ടെടുപ്പിന്റെ ഏറ്റവും ദൃശ്യമായതും പലപ്പോഴും അസ്വസ്ഥതയുളവാക്കുന്നതുമായ



പ്രകടനമാണ് വന്യജീവികളുടെ വ്യാപനം. ആനകൾ, കടുവകൾ, കാട്ടുപോത്ത് (ഇന്ത്യൻ കാട്ടുപോത്ത്) തുടങ്ങിയ പ്രധാന ജീവിവർഗങ്ങളുടെ എണ്ണം സ്ഥിരത കൈവരിക്കുകയോ വർദ്ധിക്കുകയോ ചെയ്തിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവും മറ്റ് സംരക്ഷിത പ്രദേശങ്ങളും മൃഗങ്ങളുടെ ആരോഗ്യകരമായ പ്രജനന ജനസംഖ്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, വനങ്ങൾ അവയുടെ പരമാവധി ശേഷിയിലെത്തുകയും മൃഗങ്ങൾക്ക് മനുഷ്യന്റെ പ്രദേശങ്ങളോടുള്ള ഭയം നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അവ പുറത്തേക്ക് ഇറങ്ങാൻ തുടങ്ങുന്നു. ഇതിന്റെ ഫലമായി മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ വലിയ വർധനവ് സംഭവിക്കുന്നു. പ്രത്യേകിച്ച് ആനകൾ, കാട്ടുപന്നികൾ, കടുവകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സംഘർഷം ദാരുണമാണെങ്കിലും, വിരോധാഭാസമെന്നു പറയട്ടെ, വിജയകരമായ വനസംരക്ഷണത്തിന്റെ തെളിവാണ്. കേരള സർക്കാരിന്റെ സ്വന്തം ഡാറ്റ പ്രതിവർഷം ആയിരക്കണക്കിന് സംഘർഷ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്, കാട്ടുപന്നികൾ മൂലമുള്ള വിളനാശമാണ് ഏറ്റവും അധികം വരുന്ന പരാതി.

**മലിനീകരണം ഉണ്ടാക്കുന്ന ഗ്രാമീണ വ്യവസായങ്ങളുടെ തകർച്ച:** ഒരുകാലത്ത് ഗ്രാമീണ കേരളത്തിലെ പ്രധാന കേന്ദ്രങ്ങളായിരുന്ന കയർ സംസ്കരണം, കശുവണ്ടി സംസ്കരണം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ മലിനീകരണത്തിന് കുപ്രസിദ്ധമായിരുന്നു. കായലുകളിൽ കയർ നിക്ഷേപിക്കുന്നത് ജൈവ മലിനീകരണത്തിനും ഓക്സിജൻ കുറവിനും കാരണമായി. അതേസമയം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ദോഷകരമായ പുക പുറപ്പെടുവിച്ചു. സാമ്പത്തികമായി ലാഭകരമല്ലാത്തതിനാലും മത്സരക്ഷമത മൂലവും ഈ മേഖലകളുടെ തകർച്ച, ആലപ്പുഴയിലെ കായൽ പോലുള്ള അവയുടെ പഴയ കേന്ദ്രങ്ങളിൽ പ്രാദേശിക വായുവിന്റെയും ജലത്തിന്റെയും ഗുണനിലവാരത്തിൽ ഗണ്യമായ പുരോഗതിക്ക് കാരണമായി.

പ്രത്യക്ഷത്തിൽ കാണുന്ന പുരോഗതിയുടെ മാത്രം കണ്ണിലൂടെ കേരളത്തിന്റെ പരിസ്ഥിതിയെ കാണുന്നത് ഹ്രസ്വദൃഷ്ടിയുള്ളതായിരിക്കും. സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ദ്രുതഗതിയിലുള്ളതായതു കൊണ്ടും പലപ്പോഴും ആസൂത്രണം ചെയ്യാത്തതായ ഉപഭോഗ രീതികൾ നഗരവൽക്കരണത്തിൽ ഉയർന്നുവരുന്നതും പുതിയ ഭീഷണികളായി നിലനിൽക്കുന്നു.

## 1. നഗര മാലിന്യ പ്രതിസന്ധി

ഇന്ത്യയിലെ ഏറ്റവും നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം, ജനസംഖ്യയുടെ ഏകദേശം 48% നഗരപ്രദേശങ്ങളിലാണ് താമസിക്കുന്നത് (സെൻസസ് 2011). ഇന്ന് ഈ കണക്കിൽ വലിയ മാറ്റങ്ങളുണ്ടാകാം. ഉപഭോക്തൃത്വത്തിലെ കുതിച്ചുചാട്ടത്തോടൊപ്പം, പ്രതിദിനം 10,000 മെട്രിക് ടണ്ണിലധികം ഖരമാലിന്യം ഉത്പാദിപ്പിക്കുന്നുണ്ട് ഈ നഗര കേന്ദ്രീകരണം. എന്നാൽ നഗരത്തിലെ മാലിന്യസംസ്കാര സംവിധാനങ്ങൾ വേണ്ട തരത്തിൽ കൈകാര്യം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുന്നതിൽ നമ്മൾ ഇനിയും വിജയിച്ചിട്ടില്ല. ഖരമാലിന്യരംഗത്ത് കഴിഞ്ഞ രണ്ടുവർഷമായി പുരോഗതി ഉണ്ടാകുമ്പോഴും മലിനജല മാനേജ്മെന്റിലാണ് ഏറ്റവും പ്രകടമായ പോരായ്മയുള്ളത്. മിക്ക നഗര വീടുകളും മാലിന്യനിർമ്മാർജനത്തിനായി സെപ്റ്റിക് ടാങ്കുകളെയും സോക്ക് പിറ്റുകളെയും ആശ്രയിക്കുന്നു. കേരളത്തിലെ ഒരു നഗരത്തിലും സമഗ്രമായ ഭൂഗർഭ മലിനജല സംസ്കരണ ശൃംഖല ഇല്ല. ഇതിന്റെ ഫലമായി കുടിവെള്ളത്തിന്റെ പ്രാഥമിക സ്രോതസ്സായ ഭൂഗർഭജലം രോഗകാരികളും നൈട്രേറ്റുകളും കൊണ്ട് വ്യാപകമായി മലിനമാകുന്നു. നദികളെയും കനാലുകളെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ മൂടിക്കെട്ടുന്നത് ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരാജയത്തിന്റെ തെളിവാണ്. ഇത് പൊതുജനാരോഗ്യ പ്രതിസന്ധികൾക്കും പരിസ്ഥിതിനാശത്തിനും കാരണമാകുന്നു.

## 2. സമുദ്ര വികസനവും മലിനീകരണവും

കേരളത്തിന്റെ തീരപ്രദേശം സാമ്പത്തിക പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണ്. കൊച്ചി തുറമുഖം ഗണ്യമായ അളവിൽ ചരക്ക് കൈകാര്യം ചെയ്യുകയും മത്സ്യബന്ധന കപ്പലുകളുടെയും ടൂറിസ്റ്റ് ബോട്ടുകളുടെയും വർധിച്ചുവരുന്ന ഗതാഗതവും കൈകാര്യം ചെയ്യുന്നു. ഇത് സമുദ്ര മലിനീകരണ സാധ്യത വർദ്ധിപ്പിച്ചു.

വിഴിഞ്ഞം തുറമുഖം സാമ്പത്തികമായ വലിയ സാധ്യതകളെ തുറന്നിട്ടതോടൊപ്പം നമ്മുടെ തീരത്ത് അടുത്തടുത്തായി കപ്പൽ അപകടങ്ങളിലേക്ക് നയിച്ചതും നമ്മൾ ശ്രദ്ധിക്കണം. ഇത് ഈ മേഖലയിലെ ദുർബലതയുടെ വ്യക്തമായ ഓർമ്മപ്പെടുത്തലാണ്. കപ്പൽ അപകടങ്ങൾ കൂടാതെ കപ്പലുകളുടെ ട്രാഫിക് കൂടുമ്പോൾ പ്രതീക്ഷിക്കേണ്ട ബാലസ്റ്റ് വെള്ളത്തിൽ നിന്നും ബിൽജ് ഡംപിങ്ങിൽ നിന്നുമുള്ള രാസവസ്തുക്കളുടെ ചോർച്ചയും വിട്ടുമാറാത്ത മലിനീകരണവും സംസ്ഥാനത്തെ സമ്പന്നമായ സമുദ്ര ജൈവവൈവിധ്യത്തിനും മത്സ്യബന്ധന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗത്തിനും ഗണ്യമായതും അനിയന്ത്രിതമായതുമായ ഭീഷണിയായി തുടരുന്നു.

## നിശ്ശബ്ദ അധിനിവേശം: വിദേശ സസ്യജാലങ്ങൾ

വിദേശ സസ്യജാലങ്ങളുടെ അധിനിവേശം അത്ര ദൃശ്യമല്ലെങ്കിലും വിനാശകരമായ ഒരു ഭീഷണി തന്നെയാണ്. നഴ്സറി വ്യാപാരത്തിലൂടെ പരിചയപ്പെടുത്തിയ അലങ്കാര സസ്യങ്ങളായ സെന്ന സ്പെക്റ്റാബിലിസ് (തെക്കേ അമേരിക്കയിൽ നിന്നുള്ള ഒരു വൃക്ഷം), മിക്കാനിയ മൈക്രോന്ത ('ഒരു മിനിറ്റിൽ ഒരു മൈൽ' വലിപ്പമുള്ള മുന്തിരിവള്ളി) എന്നിവ കൃഷിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. എന്നാൽ വയനാട് വന്യജീവി സങ്കേതം, നീലഗിരി ബയോസ്ഫിയർ റിസർവ് പോലുള്ള സംരക്ഷിത പ്രദേശങ്ങൾ ഉൾപ്പെടെ കേരളത്തിലെ വനങ്ങളിൽ ഇവ ആക്രമണാത്മകമായി പടരുന്നു. ഈ അധിനിവേശ ജീവിവർഗങ്ങൾ ഏകവിളകൾ രൂപപ്പെടുത്തുന്നതോടൊപ്പം തദ്ദേശീയ സസ്യങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. ഇത് സസ്യഭുക്കുകൾ മുതൽ മുഴുവൻ ഭക്ഷ്യ ശൃംഖലയെയും തടസ്സപ്പെടുത്തുന്നു. ഇനിയും പൂർണ്ണമായി മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്തില്ലെങ്കിൽ കേരളത്തിന്റെ അതുല്യമായ ജൈവവൈവിധ്യത്തിൽ ഇതുകൊണ്ടുള്ള ദീർഘകാല ആഘാതം വിനാശകരമായിരിക്കും.

## കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രശ്നങ്ങൾ

ഈ പ്രാദേശിക പ്രശ്നങ്ങളെല്ലാം മറികടന്ന് കാലാവസ്ഥാ വ്യതിയാനം എന്ന പ്രധാന ആഗോളപ്രതിസന്ധി ഉയർന്നുവരുന്നു. സംസ്ഥാനത്തിന്റെ കാലാവസ്ഥാ രീതികൾ കൂടുതൽ ദുർബലവും ക്രമരഹിതവും തീവ്രവുമായി മാറിക്കൊണ്ടിരിക്കുന്നു.

തീവ്രമായ മഴയും വെള്ളപ്പൊക്കവും: 2018, 2019 വർഷങ്ങളിലെ വെള്ളപ്പൊക്കങ്ങൾ ഈ പുതിയ യാഥാർഥ്യത്തിന്റെ ദുരന്ത ഓർമ്മപ്പെടുത്തലുകളായിരുന്നു. പഠനങ്ങൾ കാണിക്കുന്നത് ഹ്രസ്വകാല ഉയർന്ന തീവ്രതയുള്ള മഴയിലേക്കുള്ള പ്രവണതയാണ്. ഇത് സംസ്ഥാനത്തെ കാലാനുസൃതമായി പുതുക്കാത്ത ഡ്രെയിനേജ് കൊണ്ടോ നദീതട സംവിധാനങ്ങൾ കൊണ്ടോ കൈകാര്യം ചെയ്യാൻ കഴിയില്ല. ഇത് നഗരങ്ങളിൽ വെള്ളപ്പൊക്കത്തിനും പശ്ചിമഘട്ടത്തിൽ വിനാശകരമായ മണ്ണിടിച്ചിലിനും കാരണമാകുന്നു.

വരൾച്ചയും കാട്ടുതീയും: വിരോധാഭാസമെന്നു പറയട്ടെ മഴക്കാല ദിനങ്ങൾക്കിടയിലുള്ള ഇടവേളകൾ നീളുന്നത് വേനൽക്കാല വരൾച്ചയ്ക്ക് കാരണമാകുന്നു. ഇത് ജലസംഭരണികളെ വറ്റിക്കുകയും ജലക്ഷാമം സൃഷ്ടിക്കുകയും വേനൽക്കാലത്ത് കാട്ടുതീ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് ഓരോ തവണയും വീണ്ടെടുക്കുന്ന ആവാസവ്യവസ്ഥയെ പിന്നെയും നശിപ്പിക്കുന്നു.

## ചുഴലിക്കാറ്റുകളും കൊടുങ്കാറ്റുകളും

ഒരുകാലത്ത് ചുഴലിക്കാറ്റ് ബെൽറ്റിൽ നിന്നും



അകലെയായിരുന്ന കേരളം ഇപ്പോൾ ചുഴലിക്കാറ്റുകൾ അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു. ഇവ ഓഖി പോലെ ജീവഹാനി വരുത്തുകയും തീരദേശ അടിസ്ഥാന സൗകര്യങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും തീരപ്രദേശങ്ങളിൽ മണ്ണൊലിപ്പും ഉപ്പുവെള്ളവും നിറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

കേരളത്തിന്റെ പരിസ്ഥിതി ഒരു വഴിത്തിരിവിലാണ്. പുനരുജ്ജീവനവും പുത്തൻ വെല്ലുവിളികളും ഒരേ സമയം പരിസ്ഥിതിയെ ബാധിക്കുകയാണ്. പോസിറ്റീവായ മാറ്റങ്ങളെ കൂടുതൽ പരിപോഷിപ്പിക്കുന്നതോടൊപ്പം പുതിയ വെല്ലുവിളികളെ കൈകാര്യം ചെയ്യാനും നമുക്ക് സാധിക്കണം. ■

# കേരളത്തിന്റെ സൗഹൃദഭൂമിക

■ ഡോ. കെ. ടി.ജലീൽ
എംഎൽഎ

ഇന്ത്യ ഒരു ബഹുസ്വര രാജ്യമായാണ് പണ്ടേക്കുപണ്ടേ അറിയപ്പെടുന്നത്. നാനാത്വത്തിൽ ഏകത്വമെന്ന് ജവഹർലാൽ നെഹ്റു വിശേഷിപ്പിച്ച ഇന്ത്യൻ ദേശീയതയുടെ അടിത്തറ പാകിയത് മഹാനായ അശോക ചക്രവർത്തിയാണ്. അദ്ദേഹത്തിന്റെ ശിലാഫലകങ്ങളിലെ സർവമത സാഹോദര്യവും സഹിഷ്ണുതയുമാണ് ഇന്ത്യൻ മതേതരത്വത്തിന്റെ ജീവവായുവായി പിൽക്കാലത്ത് മാറിയത്. പ്രാചീന ഇന്ത്യയിൽ ജാതീയത നിലനിന്നിരുന്നെങ്കിലും മതവർഗീയത ഉണ്ടായിരുന്നില്ല. ഒരു മതത്തോടും ഭാരതം



അകൽച്ച കാണിച്ചില്ല. എല്ലാ മതങ്ങളെയും ഇരുകൈകളും നീട്ടി ഗാന്ധിജിയുടെ നാട് സ്വീകരിച്ചു. ഒന്നിനെയും പുറംതള്ളിയില്ല. എല്ലാ വിശ്വാസധാരകളെയും നെഞ്ചോട് ചേർത്തുവച്ചു. മഹാഭൂരിപക്ഷം ഹിന്ദുമത വിശ്വാസികളുള്ള ഇന്ത്യ, നാലു മതങ്ങളെ (ഹിന്ദു-ബുദ്ധ-ജൈന-സിക്ക്) നൊന്തു പ്രസവിച്ചു. വൈദേശിക മതങ്ങളായി കരുതപ്പെടുന്ന ക്രിസ്ത്യാനിറ്റി, ഇസ്ലാം, ജൂതായിസം എന്നീ ദർശനങ്ങളെ പാലൂട്ടി വളർത്തി. എല്ലാവരും എല്ലാവരെയും ആദരിച്ചു. ചേരിതിരിഞ്ഞുള്ള സംഘടിത മതകലാപങ്ങൾ മധ്യകാലഘട്ടത്തിൽ ഭാരതത്തിൽ ഉണ്ടായതായി ചൂണ്ടിക്കാണിക്കപ്പെട്ടില്ല. വിവിധ ജനവിഭാഗങ്ങൾ ഐക്യത്തിലും സ്നേഹത്തിലുമാണ് ഇന്ത്യയിൽ ജീവിച്ചത്.

ബ്രിട്ടീഷുകാരുടെ വരവോടെയാണ് മതമൈത്രിയുടെ പൈതൃകം കീഴ്മേൽ അട്ടിമറിക്കപ്പെട്ടത്. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നത് ശീലമാക്കിയ വെള്ളക്കാർ ഹിന്ദുക്കളെയും മുസ്ലിങ്ങളെയും പിളർത്താനുള്ള നീക്കങ്ങളാണ് നിരന്തരം നടത്തിയത്. ആ ഭിന്നിപ്പിന്റെ രാഷ്ട്രീയം ഹിന്ദു-മുസ്ലിം വിഭാഗങ്ങളിലെ തീവ്രചിന്താഗതിക്കാർ ഏറ്റെടുത്തു. ബ്രിട്ടീഷുകാർ അവരെക്കൊണ്ട് ഏറ്റെടുപ്പിച്ചു എന്നു പറയുന്നതാകും ശരി. അവസാനം സാമ്രാജ്യത്വ ശക്തികൾ ആഗ്രഹിച്ച പോലെ മതാടിസ്ഥാനത്തിൽ നാട് വിഭജിതമായി. പിളർപ്പിന്റെ മുറിവുകൾ കാലം ഉണക്കി. ഒറ്റപ്പെട്ട കലാപങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചെങ്കിലും അതൊരു തുറന്ന അകൽച്ചയിലേക്ക് നയിച്ചില്ല. എന്നാൽ 1992 ഡിസംബർ ആറിന് ബാബരി മസ്ജിദ് തകർക്കപ്പെട്ടത് കാര്യങ്ങളെ പാടെ മാറ്റിമറിച്ചു. രാജ്യത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തിന് സാരമായ പോറലേറ്റു.

അതോടെ തീവ്രവാദ പ്രവണതകൾ വിവിധ മതധാരകളിൽ തഴച്ചുവളർന്നു. ന്യൂനപക്ഷ സമുദായങ്ങളും പിന്നാക്കവിഭാഗങ്ങളും തീർത്തും അരക്ഷിതാവസ്ഥയിലായി.

## സാമുദായിക സംഘർഷമില്ലാത്ത നാട്

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ചിത്രമാണ് കേരളത്തിൽ എല്ലാ കാലത്തും നിലനിന്നത്. കഴിഞ്ഞ പത്തു വർഷമായി ഒരു സാമുദായിക സംഘർഷം പോലും കേരളത്തിൽ ഉണ്ടായില്ല. മതത്തിന്റെ പേരിൽ ഒരാളും വധിക്കപ്പെട്ടില്ല. പശുവിന്റെ പേരിൽ ഒരാൾ പോലും ആൾക്കൂട്ട ആക്രമണത്തിന് വിധേയമായില്ല. മതത്തിന്റെ



**ഹൈന്ദവ-മുസ്ലിം-ക്രൈസ്തവ ഐക്യത്തിന്റെ കാര്യത്തിൽ കേരളം ഒന്നാമതാണ്. ഓരോ സമുദായത്തിനും അർഹതപ്പെട്ടത് ലഭിച്ചപ്പോൾ ആരും അതിൽ അസഹിഷ്ണത പ്രകടിപ്പിച്ചില്ല**

പേരിൽ ഒരു രംഗത്തും കേരളത്തിൽ ഒരാളും അവഗണിക്കപ്പെട്ടില്ല. കേന്ദ്രസർക്കാർ ന്യൂന പക്ഷ സ്കോളർഷിപ്പുകൾ, നിർത്തലാക്കിയ പ്പോൾ സംസ്ഥാന സർക്കാർ സ്കോളർഷിപ്പു കൾ ബഡ്ജറ്റിൽ പണം കണ്ടെത്തി തുടർന്നു. കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് കർ മ്മനിരതമായി നിലകൊണ്ടു. പൗരത്വ ഭേദഗതി നിയമത്തിന്റെ മറവിൽ ന്യൂനപക്ഷങ്ങളെ അപരവൽക്കരിക്കാനുള്ള നീക്കത്തിന് സംസ്ഥാന സർക്കാർ തടയിട്ടു. മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ട് ജനങ്ങളിലേക്കി റങ്ങി ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാ തെ എല്ലാ വിഭാഗം ആളുകളെയും നെഞ്ചോടു ചേർത്തു പിടിച്ചു. മതരാഷ്ട്രവാദികളെ പക്ഷം നോക്കാതെ എതിർത്തു. അത്തരക്കാരെ തുറ ന്നുകാട്ടി ലവലേശം അവർക്ക കീഴടങ്ങാതെ സധൈര്യം കേരളം മുന്നോട്ടു കുതിച്ചു. മതത്തെ പുറംതോടാക്കി രാഷ്ട്രീയ ലാഭം കൊയ്യുവരെ മലയാളികൾ നിലയ്ക്കു നിർത്തി. നിയമത്തി ന് ആരും അതീതരല്ലെന്ന് പ്രവൃത്തിയിലൂടെ കേരള സർക്കാർ തെളിയിച്ചു. എന്തിനെയും ഏതിനെയും മതവുമായി ബന്ധപ്പെടുത്തി വ്യാ ഖ്യാനിക്കുന്ന പ്രവണതകളെ ശക്തിയുക്തം എതിർത്തു. മതേതര മൂല്യങ്ങൾ എന്തു വില കൊടുത്തും സംരക്ഷിക്കുമെന്ന് സംസ്ഥാനം അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.

മതമൈത്രിയും സാമുദായിക സൗഹാർദവു മാണ് കേരളത്തിന്റെ കരുത്ത്. അതിന് പോ റലേൽപ്പിക്കാൻ ആരെയും സമ്മതിച്ചുകൂട. സാമൂഹിക മാധ്യമങ്ങൾ വഴി അവരവരുടെ മതവിഭാഗങ്ങൾക്കിടയിൽ വർഗീയതയും വംശീയതയും വെറുപ്പും പ്രചരിപ്പിക്കാനുള്ള നീ ക്കങ്ങൾ എന്തു വില കൊടുത്തും ചെറുക്കണം. എല്ലാ മതക്കാരിലെയും വിദ്യാസമ്പന്നരും വിവേകികളും ചെറുപ്പക്കാരും മതേതര മൂല്യ ങ്ങൾ സംരക്ഷിക്കാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങണം. ഇടകലർന്ന ജീവിതം പ്രോത്സാഹിപ്പിക്കപ്പെടണം. അവനവന്റെ വിശ്വാസത്തെ ബഹുമാനിക്കുന്നതോടൊപ്പം അപരന്റെ വിശ്വാസത്തെയും ആദരിക്ക ണം. വർഗീയ കലാപങ്ങളും സാമുദായിക അകൽച്ചയും വംശീയ അധിക്ഷേപങ്ങളും നിർബന്ധമായും ഒഴിവാക്കണം. എല്ലാവരും തു ല്യരായി പരിഗണിക്കപ്പെടുന്ന, ആരോടും അന്യാ യമോ അനീതിയോ കാണിക്കാത്ത നവകേരള സൃഷ്ടിക്കായി മുഴുവൻ മലയാളികളും ഒറ്റശരീര മാകണം. ആ കേരളീയ ശരീരത്തിലെ ഓരോ അവയവത്തിന്റെ വേദനയും സന്തോഷവും തന്റേതാണെന്ന് തിരിച്ചറിയുന്ന പുതിയ കേരളം സൃഷ്ടിച്ചെടുക്കാൻ മുഴുവൻ ജനങ്ങളും മുന്നിട്ടിറ ങ്ങണം. സർവരും സോദരരെപ്പോലെ വാഴുന്ന സ്ഥാനമാകണം നവകേരളം. അതിലേക്കുള്ള ചുവടുവയ്പാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പി ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിവിധ പരിപാടികൾ. ന്യൂനപക്ഷക്ഷേമ മേഖലയിൽ നേടിയ നേട്ടങ്ങൾ വിശകലനം ചെയ്യുന്നതോ ടൊപ്പം കാലാനുസൃതമായ പുതിയ പദ്ധതിക ളെ സംബന്ധിച്ച് ആലോചിക്കുകയും അവ ഭാവി പ്രവർത്തനത്തിന്റെ അജണ്ടകളാക്കി രൂപപ്പെടുത്തലുമാകണം ഭൂരിപക്ഷ-ന്യൂനപക്ഷ സംവാദങ്ങളുടെ ആത്യന്തിക ലക്ഷ്യം.

ഹൈന്ദവ-മുസ്ലിം-ക്രൈസ്തവ ഐക്യത്തിന്റെ കാര്യത്തിൽ കേരളം ഒന്നാമതാണ്. ഓരോ സമുദായത്തിനും അർഹതപ്പെട്ടത് ലഭിച്ച പ്പോൾ ആരും അതിൽ അസഹിഷ്ണത പ്രക ടിപ്പിച്ചില്ല. എൻ.എസ്.എസും എസ്.എൻ.ഡി. പിയും അധഃസ്ഥിത പിന്നാക്ക സംഘടനകളും, മുസ്ലിം സമുദായ പ്രസ്ഥാനങ്ങളും സാഹോദര്യ ത്തിൽ വർത്തിച്ചു. അല്ലറചില്ലറ അസ്വാരസ്യ ങ്ങൾ ഇല്ലെന്നല്ല പറയുന്നത്. കൊച്ചുകൊച്ചു പിണക്കങ്ങൾ മനുഷ്യസഹജമാണ്. പരിധി വിട്ട് അവ വളരാതെ സൂക്ഷിക്കണം. സുരക്ഷി തമായ സാമൂഹിക ജീവിതമാണ് ഓരോ വ്യ ക്തിയും ആഗ്രഹിക്കുന്നത്. ആ സ്പിരിറ്റ് ചോർന്നു പോകാതെ സൂക്ഷിക്കണം. കേരളത്തിന്റെ സൗഹൃദജീവിതത്തിന് പോറലേൽക്കാതെ നോക്കണം. അതിനായി മലയാളികൾ മുഴുവൻ ഒന്നായി അണിചേരണം. ■



# പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വികസനം

**ജെ. ജോസഫൈൻ**
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗ ഡിവിഷൻ
സംസ്ഥാന ആസൂത്രണ ബോർഡ്

സ്വാതന്ത്ര്യാനന്തരം, പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് അനുയോജ്യമായ ഒരു പദ്ധതി ആവിഷ്കരിക്കുകയെന്ന ലക്ഷ്യത്തിൽനിന്നാണ് സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ എന്നീ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടത്. സ്പെഷ്യൽ കംപോണന്റ് പ്ലാൻ (SCP) എന്ന ആശയം ട്രൈബൽ സബ് പ്ലാനിൽ നിന്നാണ് ഉത്ഭവിച്ചത്. അഞ്ചാം പദ്ധതി (1974-1978) മുതലാണ് ടി.എസ്.പി ആരംഭിച്ചത്. ഒരു നാമമാത്ര രൂപത്തിലാണെങ്കിലും, SCP അവതരിപ്പിക്കാനുള്ള ആദ്യ ശ്രമം 1978-79 വാർഷിക പദ്ധതി കാലയളവിൽ ആരംഭിച്ചു. പിന്നീട്, ആറാം പഞ്ചവത്സര പദ്ധതിയിൽ (1980-85) പ്രത്യേക ഘടക പദ്ധതി നിലവിൽ വന്നു.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ ജനസംഖ്യയുടെ യഥാക്രമം 9.10 ശതമാനവും 1.45 ശതമാനവുമാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗക്കാരുടെ ക്ഷേമത്തിനായും വകയിരുത്തിയിട്ടുണ്ട്. വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാർ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾക്കും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം വകയിരുത്തുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരും ഫണ്ട് അനുവദിക്കുന്നുണ്ട്. ആകെ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി ഉപപദ്ധതിക്കായി വകയിരുത്തുന്ന ഫണ്ടിന്റെ ഏകദേശം 45 ശതമാനവും പട്ടികവർഗ ഉപപദ്ധതിയിൽ വകയിരുത്തുന്ന ഫണ്ടിന്റെ 23 ശതമാനവും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ബാക്കി തുക പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായും നീക്കി വയ്ക്കുകയും ചെയ്യുന്നു.

## പട്ടികജാതി വിഭാഗക്കാരുടെ വികസനം

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ 30.39 ലക്ഷം ആണ്.



> **കേരളത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ ജനസംഖ്യയുടെ യഥാക്രമം 9.10 ശതമാനവും 1.45 ശതമാനവുമാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്**

ഇവർ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 9.10 ശതമാനത്തോളം വരുന്നു. 26,342 പട്ടികജാതി നഗറുകളും പട്ടികജാതി വിഭാഗത്തിൽ 53 സമുദായങ്ങളുമാണുള്ളത്. ഇതിൽ വേടർ, നായാടി കള്ളാടി അരുന്ധതിയാർ / ചക്കിലിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളായി കണക്കാക്കുന്നു. മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരും ഈ ദുർബല വിഭാഗങ്ങളിലെ ജനങ്ങൾ.

## ഭൂമിയും പാർപ്പിടവും

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി, 'ഭൂരഹിത കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭൂമി' എന്ന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു. ഭവന നിർമ്മാണ പദ്ധതിയിൽ 2007-08 മുതൽ 2016-17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്തതിൽ പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണവും പുതിയ വീടുകളുടെ നിർമ്മാണവും ലൈഫ് മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2017-18 മുതൽ ലൈഫ് മിഷൻ വഴി മൂന്ന് ഘട്ടങ്ങളിലായാണ് പുതിയ ഭവന നിർമ്മാണം നടപ്പിലാക്കുന്നത്.

പട്ടികജാതി-പട്ടികവർഗ സമുദായങ്ങളിലെ ജനങ്ങളുടെ താമസ പ്രദേശങ്ങളെ സൂചിപ്പിക്കാൻ 'കോളനി', 'സെറ്റിൽമെന്റ്', 'ഊര്' എന്നിവയ്ക്കു പകരം 'നഗർ', 'ഉന്നതി', 'പ്രകൃതി' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാൻ കേരള സർക്കാർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 87 നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 86 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, 7 സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ, നാല് പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിങ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, കോഴിക്കോടുള്ള സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി. ആർ. ഇ. എസ്.റ്റി.), പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പ്രതിവർഷം ഏകദേശം 70 പട്ടികജാതി വിദ്യാർഥികൾക്ക് എം. ബി. ബി. എസ്. കോഴ്സിന് പഠിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജ്, പട്ടികജാതി വികസന വകുപ്പിന്റെ ഒരു മുൻനിര സംരംഭമാണ്. കേരളത്തിലെ വിവിധ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏകദേശം 6 ലക്ഷം പട്ടികജാതി വിദ്യാർഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ ആരംഭിച്ച ഒന്നാണ് 'പഠനമുറികളുടെ നിർമ്മാണം' എന്ന പദ്ധതി.

പ്രശസ്തമായ വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദതല (അല്ലെങ്കിൽ അതിനു മുകളിലുള്ള) കോഴ്സുകളിൽ പഠിക്കാൻ ആഗ്രഹിക്കുന്ന കഴിവും യോഗ്യതയുമുള്ള



വരായ പട്ടികജാതി വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസ അഭിലാഷങ്ങൾ നിറവേറ്റുന്ന മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പാണ് പട്ടികജാതി വികസന വകുപ്പിന്റെ 'ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർഥികൾക്ക് 25 ലക്ഷം രൂപവരെ സ്കോളർഷിപ്പായി നൽകും.

## നൈപുണ്യ പരിശീലനവും തൊഴിലും

പട്ടികജാതി-പട്ടികവർഗ യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിൽ സ്കോളർഷിപ്പ് അവസരങ്ങൾ വിപുലീകരിക്കുന്നതിനും അതിലൂടെ അവർക്ക് ആ മേഖലയിൽ ജോലി ഉറപ്പാക്കുന്നതിനുമായാണ് 'വിംഗ്സ്' എന്ന പദ്ധതി നടപ്പിലാക്കിയത്. പട്ടികജാതി യുവാക്കൾക്ക് ഇന്ത്യയിലുടനീളമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സിവിൽ സർവീസ് പരീക്ഷ കോച്ചിങ് നേടുന്നതിനായി സ്കോളർഷിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ലക്ഷ്യ' എന്ന പദ്ധതി ആരംഭിച്ചത്.

പട്ടികജാതി യുവതി-യുവാക്കൾക്ക് ഇന്റേൺഷിപ്പുകൾ/ അപ്രന്റിസ്ഷിപ്പുകൾ/ പ്ലെയ്സ്മെന്റ് പരിശീലനം എന്നിവ നൽകുന്നതിനും, അതുവഴി അവർക്ക് മതിയായ പ്രൊഫഷണൽ പരിചയം നേടുന്നതിന് സഹായിക്കുന്നതിനുമായി 'ട്രേസ്' (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്) എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ



നിന്നുള്ള യോഗ്യതയുള്ള യുവതീയുവാക്കൾക്ക് സർക്കാർ സംവിധാനത്തിലും സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയിലും നൽകുന്ന രണ്ട് വർഷത്തെ അപ്രന്റീസ്ഷിപ്പ്/തൊഴിൽ പരിശീലനത്തിലൂടെ നൈപുണ്യ വികസനവും തൊഴിൽ പരിചയം നേടാനുള്ള അവസരവും 'ട്രേസ്' പദ്ധതി വാഗ്ദാനം ചെയ്യുന്നു.

## പട്ടികജാതി നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം

പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി ഇരുപത്തിയഞ്ചിൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം, കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ നിർമാർജനം, റോഡ് കണക്ടിവിറ്റി, വൈദ്യുതീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, നവീകരണം, വരുമാനദായക നഗറുകൾക്കുള്ളിൽ/നഗറുകളോട് ചേർന്നുള്ള ശ്മശാനങ്ങളുടെ നഗറിനും, ഒരു കോടി രൂപ വീതം നൽകുന്നുണ്ട്. പ്രവർത്തനങ്ങൾക്ക് ധനസഹായം, നവീകരണം എന്നിവക്കെല്ലാമായി ഓരോ നഗറിനും ഒരു കോടി രൂപ വീതം നൽകുന്നു.

## ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്

**വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ എന്നീ സമുദായങ്ങൾ പട്ടികജാതിക്കാർക്കിടയിലെ ദുർബല സമുദായങ്ങളായി കണക്കാക്കപ്പെടുന്നു. ഈ സമുദായങ്ങളിലെ ജനങ്ങൾ, സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരുന്നു.**

## നിയമപരമായ സേവനങ്ങൾ

പട്ടികജാതി വിഭാഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാർ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നു. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ കർശനമായി നടപ്പിലാക്കുന്നതിലും അതിനായി ആവശ്യമായ വിഭവങ്ങൾ വകയിരുത്തുന്നതിലും സർക്കാർ അതീവ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

## ഭൂമി

ഭൂരഹിതരായ പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതും പുനരധിവാസ മേഖലകളുടെ സമഗ്ര വികസനവും ലക്ഷ്യം വെച്ച് 2001-ൽ പട്ടികവർഗ പുനരധിവാസ വികസന മിഷൻ (ട്രൈബൽ റീസെറ്റിൽമെന്റ് & ഡെവലപ്മെന്റ് മിഷൻ) രൂപീകരിക്കുകയുണ്ടായി. ഭൂബാങ്ക് പദ്ധതിയിലൂടെയുള്ള ഭൂമി വിതരണം, നിക്ഷിപ്ത വനഭൂമി അനുവദിക്കൽ, വനാവകാശ നിയമം നടപ്പാക്കൽ എന്നിവയാണ് ടി.ആർ.ഡി.എം. -ന്റെ പ്രധാന പ്രവർത്തനങ്ങൾ. സർക്കാരിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ ഫലമായി തിരുവനന്തപുരം ഭൂരഹിത പട്ടികവർഗക്കാരില്ലാത്ത സംസ്ഥാനത്തെ ആദ്യ ജില്ലയായി.

# പട്ടികവർഗ വിഭാഗക്കാരുടെ വികസനം

പട്ടികവർഗ ഉപപദ്ധതി (ടി.എസ്.പി) പോലുള്ള ലക്ഷ്യാധിഷ്ഠിത ഇടപെടലുകളിലൂടെയും പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കുള്ള (PVTGs) പ്രത്യേക പരിഗണനയിലൂടെയും സർക്കാർ പട്ടികവർഗ വിഭാഗങ്ങളെ ശാക്തീകരിക്കുകയും അവരുടെ സവിശേഷ സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾക്ക് പരിഹാരം കാണുകയും സാമ്പത്തിക വികസന പ്രക്രിയയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു.

## ഭവനം

പട്ടികവർഗക്കാർക്കിടയിൽ ഭവനരാഹിത്യം ഇല്ലാതാക്കുന്നത് ലക്ഷ്യമിട്ട് കേരള സർക്കാർ പട്ടികവർഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിന് മുന്തിയ പരിഗണന നൽകിവരുന്നു. 2017-18 മുതൽ ഈ മേഖലയിലെ ഭവന പദ്ധതി നടപ്പിലാക്കുന്നതിൽ ലൈഫ് മിഷൻ പ്രധാന പങ്കുവഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ ഉപപദ്ധതി ഫണ്ട്, പ്രധാനമന്ത്രി ആവാസ് യോജന എന്നിവയിൽ നിന്നുമുള്ള വിഹിതവും ഈ വിഭാഗക്കാരുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നുണ്ട്. സേഫ് (സെക്യൂർ അക്കോമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം) പദ്ധതിപ്രകാരം പട്ടികവർഗ മേഖലകളിലെ ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ നവീകരണവും പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണവും വകുപ്പ് ലക്ഷ്യമിടുന്നു.

## വിദ്യാഭ്യാസ പരിപാടികൾ

**സാമൂഹ്യ പഠനമുറി:** പട്ടികവർഗ്ഗ കുട്ടികളുടെ പഠന മികവിന് ട്യൂഷനും ഇ-ലേണിങ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും സ്കൂൾ റിറ്റൻഷൻ മെച്ചപ്പെടുത്തുന്നതിനും പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും 343 സാമൂഹിക പഠനമുറികൾ വിവിധ ഉന്നതികളിൽ സ്ഥാപിച്ചിട്ടുണ്ട്.

**ഉന്നതി ഓവർസീസ് എജ്യുക്കേഷൻ സ്കോളർഷിപ്പ്:** മെറിറ്റ് അടിസ്ഥാനമാക്കി വിദേശത്ത് ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പാണിത്. ഈ പദ്ധതിയിലൂടെ ഒഡെപെക്കുമായി (ODEPC) സഹകരിച്ച് പട്ടികവർഗ വിദ്യാർഥികൾക്ക് സാമ്പത്തികവും ലോജിസ്റ്റിക്കൽ പിന്തുണയും നൽകി വരുന്നു. ഇതുപ്രകാരം പട്ടികവർഗ വിദ്യാർഥികൾക്ക് വിദേശത്ത് ബിരുദാനന്തര ബിരുദ പഠനത്തിന് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നു.

## ആരോഗ്യ പരിപാടികൾ

പട്ടികവർഗ വിഭാഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. സമഗ്ര പട്ടികവർഗ ആരോഗ്യ പരിരക്ഷാ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ധനസഹായം, ഗർഭിണികളുടേയും കൗമാരക്കാരുടേയും പോഷകാഹാര പ്രശ്നം പരിഹരിക്കുന്നതിന് ജനനി-ജന്മ രക്ഷ, പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്കുള്ള ധനസഹായം, വിദൂര പ്രദേശങ്ങളിൽ ആരോഗ്യ സംരക്ഷണം നൽകുന്നതിന് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ് എന്നിവ ഇത്തരത്തിലുള്ള ചില പ്രധാന പരിപാടികളാണ്. അനാഥ പട്ടികവർഗ കുട്ടികൾക്ക് സഹായകരമായി 'കൈത്താങ്ങ്' പദ്ധതിയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി വീൽ ചെയറുകൾ, ശ്രവണസഹായികൾ പോലുള്ള ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് 'കാറ്റാടി' (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് & ഇൻക്ലൂഷൻ ഇനിഷ്യേറ്റീവ്) പദ്ധതിയും നടപ്പാക്കി വരുന്നു.

## നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടി

**ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്** (TRACE): തൊഴിൽ പരിശീലനം, നൈപുണ്യ വികസനം, വിവിധ സർക്കാർ വകുപ്പുകളിലെ രണ്ട് വർഷം വരെയുള്ള പ്രവൃത്തി പരിചയം എന്നിവയിലൂടെ പട്ടികവർഗക്കാർക്ക് തങ്ങളുടെ തൊഴിലവസരം വർധിപ്പിക്കുന്നതിനുള്ള അവസരം ട്രേസ് പരിപാടിയിലൂടെ വകുപ്പ് ഒരുക്കിനല്കുന്നു.

'വിങ്സ്' പദ്ധതിയുടെ ഭാഗമായി പൈലറ്റ് പരിശീലനത്തിനുള്ള സ്കോളർഷിപ്പുകൾ നൽകിവരുകയും, ഇതുപ്രകാരം സംസ്ഥാനത്തിലെ പട്ടികവർഗ വിദ്യാർഥികൾക്ക് രാജ്യത്തുടനീളമുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും അനുബന്ധ മേഖലകളിലും ജോലി ലഭ്യമാക്കുവാനും കഴിയുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പട്ടികവർഗ വിഭാഗത്തിൽ നിന്നും ആദ്യമായി ഒരാൾക്ക് ക്യാബിൻ ക്രൂ പരിശീലനം നൽകുവാനും കഴിഞ്ഞു.

ജ്വാല (ജസ്റ്റിസ്, വെൽഫെയർ, ലീഗൽ അസിസ്റ്റൻസ്) പദ്ധതി പട്ടികവർഗ്ഗ നിയമ ബിരുദധാരികൾക്ക് പ്രായോഗിക നിയമ പരിശീലനം നൽകുന്നതിനായുള്ള ഒരു നിർണായകമായ സംരംഭമാണ്. ഇത് പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ നിയമ വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.




സഹ്യകിരൺ പട്ടികവർഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) ആരംഭിച്ച സഹ്യകിരൺ സംരംഭം കേരളത്തിലെ പരമ്പരാഗത പട്ടികവർഗ്ഗ തൊഴിലുകളെ പുനരുജ്ജീവിപ്പിക്കാൻ ലക്ഷ്യമിടുന്നു.

മറയൂർ മധുരം! പരമ്പരാഗത മറയൂർ ശർക്കര പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി, ജി.ഐ ടാഗ് ലഭിച്ച ഉൽപന്നമായ മറയൂർ ശർക്കരയുടെ ഉൽപാദന പ്ലാന്റ് മറയൂരിലെ ദുണ്ടികൊമ്പിൽ സ്ഥാപിച്ചു. 150 ഗുണഭോക്താക്കളെ സംഘടിപ്പിച്ച് ഒരു സ്വയം സഹായ സംഘമായി ആരംഭിച്ച ഈ പദ്ധതി പിന്നീട് മറയൂർ കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ രൂപീകരണത്തിലേക്ക് നയിച്ചു. 2024 ഓഗസ്റ്റ് 30 മുതൽ 'മറയൂർ മധുരം' എന്ന ബ്രാൻഡിന് കീഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

## നിയമ പരിരക്ഷ പരിപാടികൾ പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമവും

**സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും അവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും, ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 ഉം നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നു.**

## ഭക്ഷ്യ സുരക്ഷയും പോഷകാഹാര വികസന പരിപാടികളും

ഹരിത രശ്മി പട്ടികവർഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റുമായി ചേർന്ന് ആരംഭിച്ച ഹരിതരശ്മി പദ്ധതി, ഇടുക്കിയിലും വയനാട്ടിലുമുള്ള പട്ടികവർഗക്കാരുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കപ്പെടാത്ത ഭൂമിയിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. 376 പട്ടികവർഗ ഉന്നതികളിലെ 163 കർഷക ഗ്രൂപ്പുകളിലായുള്ള 4,113 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയിലൂടെ ബോധവൽക്കരണം, പരിശീലനം, വിത്ത് വിതരണവും വിപണി ബന്ധവും ഉൾപ്പെടെയുള്ള തുടർച്ചയായ പിന്തുണയും നൽകിവരുന്നു.

നമ്മ് വെള്ളാമെ ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി ഇൻ അട്ടപ്പാടി: അട്ടപ്പാടിയിലെ 41 ഉന്നതികളിലായുള്ള 1,887.3 ഏക്കറിൽ കൃഷി ചെയ്യുന്ന 1,315 കർഷകർക്കാണ് 'നമ്മ് വെള്ളാമെ' പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയത്. ഈ പരിപാടി പ്രകാരം തരിശായി കിടന്നിരുന്ന ഭൂമിയിൽ സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചതിലൂടെ ഭക്ഷ്യ സുരക്ഷ വർധിപ്പിക്കുക മാത്രമല്ല സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുവാനും സാധിച്ചു.

കേരള ട്രൈബൽ പ്ലസ് പട്ടികവർഗ കുടുംബങ്ങൾക്ക് അധിക തൊഴിലവസരങ്ങൾ നൽകുന്നതിനായി സംസ്ഥാന സർക്കാർ കേരള ട്രൈബൽ പ്ലസ് പദ്ധതി ആരംഭിച്ചു. മഹാത്മാ

ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്ന 100 തൊഴിൽ ദിനങ്ങൾക്ക് പുറമേ 100 അധിക തൊഴിൽ ദിനങ്ങൾ ഈ പദ്ധതി വാഗ്ദാനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് 2017-18 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

## പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പ്രധാന ഫാമുകൾ

**ആറളം ഫാം:** കണ്ണൂർ ജില്ലയിൽ 1970-ൽ 7,000 ഏക്കറിൽ സെൻട്രൽ സ്റ്റേറ്റ് ഫാം ആയി സ്ഥാപിതമായ ആറളം ഫാം, പട്ടികവർഗ ക്ഷേമത്തിനും കൃഷിക്കും ദീർഘകാലമായി പിന്തുണ നൽകിവരുന്നു. ഭൂരഹിതരായ 3500 പട്ടികവർഗ കുടുംബങ്ങൾക്ക് ആറളം ഫാമിന്റെ പകുതി ഭൂമി അനുവദിച്ചു നൽകുകയും, ബാക്കി ഭൂമി കാർഷിക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു.

അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി 2020-ൽ കേരള കാർഷിക സർവകലാശാല പട്ടികവർഗ വികസന വകുപ്പിന് കീഴിലെ അട്ടപ്പാടി ഫാമിനായി 10 വർഷത്തെ നവീകരണ പദ്ധതി വികസിപ്പിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗക്കാരുടെ വരുമാന വർധന ലക്ഷ്യമിട്ട് അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിക്ക് തൈകൾ നടൽ, വിളകളുടെ പരിപാലനം, വേലി നിർമ്മാണം, ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചു നൽകുകയും ചെയ്തു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി

**കിർത്താഡ്സ്:** 1972 ൽ സ്ഥാപിതമായ ഗവേഷണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിങ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ട്രൈബ്സ്. പട്ടികജാതി-പട്ടികവർഗക്കാർക്കായുള്ള ഗവേഷണം, പരിശീലനം, വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് കിർത്താഡ്സ് നടത്തിവരുന്നത്. പട്ടികവർഗ സമൂഹങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം പ്രദർശിപ്പിക്കുന്ന ഒരു എത്നോളജിക്കൽ മ്യൂസിയവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സുപ്രധാന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വാർഷിക സ്കൂൾ കലോത്സവത്തിൽ അഞ്ച് പട്ടികവർഗ കലാരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.



സംസ്ഥാനത്തുടനീളമുള്ള അഭ്യർഥനകളുടേയും, കിർത്താഡ്സ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലാണ് പട്ടികവർഗക്കാരുടെ അഞ്ച് നൃത്തരൂപങ്ങൾ സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്തിയത്.

**മംഗലംകളി:** കാസറഗോഡിലേയും കണ്ണൂരിലേയും മാവില, മലവേട്ടുവർ ഗോത്രങ്ങളുടെ ആചാരപരമായ നൃത്തമാണ് മംഗലംകളി. വിവാഹം പോലുള്ള അവസരങ്ങളിലാണ് ഇത് അവതരിപ്പിക്കുന്നത്. ദ്രാവിഡ സാംസ്കാരിക സ്വാധീനം ഉൾക്കൊണ്ട് തുടി ഡ്രമ്മുകളുടേയും നാടൻ പാട്ടുകളുടേയും താളത്തിനൊത്ത് നൃത്തം ചെയ്തുകൊണ്ട് സ്ത്രീകളും പുരുഷന്മാരും ഇതിൽ പങ്കെടുക്കുന്നു.

**പണിയ നൃത്തം:** സമൂഹ കൂട്ടായ്മകളിലും ഉത്സവങ്ങളിലും വടക്കൻ കേരളത്തിലെ പണിയ ഗോത്രക്കാർ അവതരിപ്പിക്കുന്ന പണിയ നൃത്തം, ചടുലമായ നൃത്തച്ചുവടുകളും ഊർജ്ജസ്വലമായ സംഗീതവും ഉൾച്ചേർന്ന കലാരൂപമാണ്.

**മലപ്പുലയാട്ടം:** ഇടുക്കി ജില്ലയിലെ മലപ്പുലയൻ ഗോത്രക്കാരാണ് ചിക്ക് ആട്ടം എന്നും വിളിക്കപ്പെടുന്ന മലപ്പുലയാട്ടം അവതരിപ്പിക്കുന്നത്. തനതായ സാംസ്കാരിക ആവിഷ്കാരങ്ങൾ ഇതിൽ കൂട്ടിച്ചേർക്കുന്നുണ്ട്.

**ഇരുള നൃത്തം:** പാലക്കാട്, അട്ടപ്പാടിയിലെ ഇരുള സമൂഹം നടത്തുന്ന ഇരുള നൃത്തം ഒരു ആഘോഷവും, പവിത്രമായ ഒന്നായി കണക്കാക്കുന്നതുമാണ്. മല്ലീശ്വര ദേവതയ്ക്കും, ചില ശവസംസ്കാര ചടങ്ങുകൾക്കും സമർപ്പിച്ചിരിക്കുന്ന ചടങ്ങുകളെ ഈ നൃത്തത്തിൽ അടയാളപ്പെടുത്തുന്നുണ്ട്.

**പാലിയ നൃത്തം:** ഇടുക്കിയിലെ കുമളി പ്രദേശത്ത് വേരൂന്നിയതും മുത്താരമ്മൻ ദേവനുമായി ബന്ധപ്പെട്ടതും, ചലനാത്മക താളത്തിൽ കേന്ദ്രീകൃതമായതുമായ പാലിയ നൃത്തം, ഇവരുടെ പ്രാദേശിക ഉത്സവങ്ങളിലും അവതരിപ്പിക്കുന്നു.■




# സഹകരണ പ്രസ്ഥാനവും ബഹുജന മുന്നേറ്റവും

**ഗോപി കോട്ടമുറിക്കൽ**
പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ ബാങ്ക്


നാമമാത്ര പരിമിത വരുമാനക്കാരായ സാധാരണ ജനവിഭാഗത്തിന് എല്ലാവിധ സാമ്പത്തിക ചൂഷണങ്ങളിൽനിന്നും മോചനമേകാൻ ജന്മം കൊണ്ട സഹകരണമേഖല ജീവിതത്തിന്റെ നാനാമേഖലകളിലും ഇന്ന് സജീവസാന്നിധ്യമായി മാറി കഴിഞ്ഞു. വികസിത, വികസ്വര, അവികസിതരാജ്യങ്ങളിൽ എല്ലാം സഹകരണ പ്രസ്ഥാനത്തിന്റെ സാന്നിധ്യവും പ്രഭാവവും ദൃശ്യമാണ്. കക്ഷിരാഷ്ട്രീയത്തിന് അതീതമായും സാമൂഹിക ഉച്ചനീചത്വങ്ങൾ പരിഗണിക്കാതെയും സഹകരണ മൂല്യങ്ങൾക്കും തത്വങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്നതു കൊണ്ടാണ് സഹകരണ പ്രസ്ഥാനത്തിന് മറ്റു സംഘടനാ രൂപങ്ങളിൽ നിന്നും സ്വന്തമായ വ്യക്തിത്വവും ഉൽക്കർഷവും നിലനിർത്താൻ കഴിയുന്നത്.

## സഹകരണപ്രസ്ഥാനത്തിന്റെ ആരംഭം

കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ ആരംഭം കുറിക്കുന്നത് 1913 ലെ കൊച്ചി സഹകരണ സംഘം നിയമത്തിലൂടെയാണ്. തുടർന്ന് 1914 ൽ തിരുവിതാംകൂർ സഹകരണ നിയമവും മലബാർ പ്രദേശത്തെ സംഘങ്ങൾക്ക് 1932 ലെ മദ്രാസ് സഹകരണസംഘ നിയമവും പ്രാബല്യത്തിൽ വരികയും ഐക്യകേരളത്തിന് 1969 ൽ കേരള സഹകരണസംഘനിയമം പാസാക്കുകയുമുണ്ടായി. ഇന്ന് കേരളത്തിൽ 1630 പ്രാഥമിക കാർഷിക വായ്പസംഘങ്ങളും 58 അർബൻ സഹകരണ ബാങ്കുകളും കേരള സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും 77 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും ജീവനക്കാരുടെ വായ്പസംഘങ്ങളും വനിതാ സഹകരണ സംഘങ്ങളും അർബൻ സഹകരണസംഘങ്ങളും പ്രാഥമിക വായ്പസംഘങ്ങളും ഉൾപ്പെടെ 4146 സംഘങ്ങൾ വായ്പാമേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

## കേരളത്തിന്റെ നട്ടെല്ല്

കേരളത്തിലെ വിവിധതരം സഹകരണസംഘങ്ങളിലായി 272 ലക്ഷം ജനങ്ങൾ അംഗങ്ങ



> **കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ന് വളർച്ചയുടെ പ്രത്യേക ഘട്ടത്തിലാണ്. വികസനത്തിന്റെയും പുരോഗതിയുടെയും ജനകീയ ബദൽ എന്ന് പരക്കെ അംഗീകരിക്കപ്പെട്ട കഴിഞ്ഞതാണ് നമ്മുടെ സഹകരണ പ്രസ്ഥാനം.**

ളായിട്ടുണ്ട്. വായ്പസംഘങ്ങൾക്ക് 2.65 ലക്ഷം കോടി രൂപ നിക്ഷേപവും 1.86 ലക്ഷം കോടി രൂപ വായ്പയും ഉണ്ട്. സർക്കാർ കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ ദാതാക്കൾ സഹകരണമേഖലയാണ്. ഒരു ലക്ഷത്തിന്മേൽ ജീവനക്കാർ സഹകരണസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. ഇന്ത്യയിലെ 1,04,266 പ്രാഥമിക കാർഷിക വായ്പസംഘങ്ങളുടെ 1.55 ശതമാനമായ 1630 സംഘങ്ങളെ കേരളത്തിലുള്ളൂ. എന്നാൽ രാജ്യത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ മൊത്തം നിക്ഷേപം 197.23 ലക്ഷം കോടി രൂപയുടെ 68.6 ശതമാനം വരുന്ന 135.23 ലക്ഷം കോടിയും കേരളത്തിലെ സംഘങ്ങളുടെ നിക്ഷേപമാണ്. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിലെ പ്രാഥമിക കാർഷിക വായ്പസംഘങ്ങൾക്ക് 60.41 ലക്ഷം രൂപ മാത്രം ശരാശരി നിക്ഷേപം ഉള്ളപ്പോൾ കേരളത്തിലെ ഒരു സംഘത്തിന്റെ ശരാശരി നിക്ഷേപം 83 കോടി രൂപയാണ്.

ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ ബാങ്കാണ് കേരള സംസ്ഥാന സഹകരണ ബാങ്ക്. രാജ്യത്തെ 34 സംസ്ഥാന സഹകരണ ബാങ്കുകൾക്ക് 2,56,819 കോടി രൂപ ആകെ നിക്ഷേപവും 7,554 കോടി രൂപ ശരാശരി നിക്ഷേപവുമുള്ളപ്പോൾ കേരള ബാങ്കിന്റെ ആകെ നിക്ഷേപം 66,680 രൂപയാണ്. ഇത് സംസ്ഥാന സഹകരണ ബാങ്കുകളുടെ മൊത്തം നിക്ഷേപത്തിന്റെ 26 ശതമാനമാണ്. രാജ്യത്തെ സംസ്ഥാന സഹകരണ ബാങ്കുകളുടെ ശരാശരി നിൽപ്പ് വായ്പ 8664 കോടി രൂപയാണെങ്കിൽ കേരള ബാങ്കിന് അത് 47,262 കോടിയായിരുന്നു. വാണിജ്യബാങ്കുകളുമായി താരതമ്യം നടത്തുമ്പോൾ സംസ്ഥാന സഹകരണ ബാങ്കും പ്രാഥമിക കാർഷിക വായ്പസംഘങ്ങളും അവയുടെ നിക്ഷേപത്തിൽ വായ്പവിതരണത്തിനുള്ള ഭാഗം പ്രവർത്തന മേഖലയ്ക്കുള്ളിൽ തന്നെ വായ്പ നൽകുവാനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന ബാങ്കിന്റെ നിക്ഷേപ-വായ്പ അനുപാതം 71 ശതമാനവും പ്രാഥമിക കാർഷിക വായ്പസംഘങ്ങൾക്ക് അത് 77 ശതമാനവുമാണ്.

## വളർച്ചയുടെ പടവിൽ

കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ന് വളർച്ചയുടെ പ്രത്യേക ഘട്ടത്തിലാണ്. വികസനത്തിന്റെയും പുരോഗതിയുടെയും ജനകീയ ബദൽ എന്ന് പരക്കെ അംഗീകരിക്കപ്പെട്ട കഴിഞ്ഞതാണ് നമ്മുടെ സഹകരണ പ്രസ്ഥാനം. ജനജീവിതവുമായി ഇഴുകിച്ചേർന്നുകൊണ്ട് വളർന്ന ഈ ജനകീയ സംഘശക്തി കേരളത്തിലെ സാധാരണക്കാരുടെ ആശയും അത്താണിയും പ്രതീക്ഷയുമാണ്. സഹകരണ വികസന ക്ഷേമനിധി, നിക്ഷേപ ഗ്യാരണ്ടി സ്കീം, സഹകരണ റിസ്ക് ഫണ്ട് സ്കീം, സഹകരണ പുനരുദ്ധാരണ നിധി, സഹകരണ ഓംബുഡ്സ്മാൻ തുടങ്ങിയ സംവിധാനങ്ങൾ സഹകാരികളുടെയും സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാരുടെയും സഹകരണസംഘങ്ങളുടെയും ക്ഷേമത്തിനും താൽപര്യങ്ങൾക്കും വേണ്ടിയുള്ള കേരളത്തിന്റെ തനതായ സംവിധാനങ്ങളാണ്. സഹകരണ വായ്പസംഘങ്ങളിലെ വായ്പ എടുത്തിട്ടുള്ള അംഗങ്ങൾ വായ്പകാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ സംഘത്തിൽ അവരുടെ വായ്പ അക്കൗണ്ടിൽ അടച്ചു തീർക്കുവാൻ ബാക്കിനിൽക്കുന്ന മുതലോ അല്ലെങ്കിൽ മൂന്ന് ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക റിസ്ക് ഫണ്ടിൽ നിന്നും സംഘത്തിന് നൽകിക്കൊണ്ട് മരിച്ച വായ്പക്കാരന്റെ ആശ്രിതർക്ക് ആശ്വാസം നൽകുന്നു. സംഘാംഗങ്ങൾക്ക് മാരകരോഗങ്ങൾ ബാധിച്ചാൽ ചികിത്സാ സഹായമായി ഒന്നര ലക്ഷം രൂപ വരെ നൽകുന്നു. ഈ വിധത്തിലുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾ വാണിജ്യബാങ്കുകളോ ഇതര സംസ്ഥാനങ്ങളിലെ സഹകരണസംഘങ്ങളോ നൽകുന്നില്ല എന്നതാണ് നമ്മുടെ സഹകരണമേഖലയുടെ അഭിമാനകരമായ സവിശേഷത.■

# വിദ്യാഭ്യാസവും കേരളത്തിന്റെ ആധുനികവൽക്കരണവും

പ്രൊഫ. വി. കാർത്തികേയൻ നായർ
ചരിത്രകാരൻ

ആധുനിക കേരളത്തിന്റെ സൃഷ്ടിക്ക് ഇടയാക്കിയ രണ്ടു പ്രക്രിയകളായിരുന്നു സ്വദേശിയും വിദേശിയുമായ മൂലധനത്തിന്റെ കടന്നുവരവും പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസവും. ആധുനികപൂർവ കേരളമെന്നു വിവക്ഷിക്കുന്നത് ജാതി-ജന്മി നാടുവാഴി ഭരണം നിലനിന്ന കാലഘട്ടത്തെയാണ്. അതിൽ ആദ്യത്തെ വിള്ളലുണ്ടാകുന്നത് ടിപ്പുസുൽത്താൻ മലബാർ കീഴടക്കി ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയതോടുകൂടിയാണ്. വൻകിട ജന്മിമാർ താൽക്കാലികമായി തിരോഭവിക്കുകയും പാട്ടക്കുടിയാന്മാർക്ക് കൃഷിഭൂമിയിൽ ഉടമസ്ഥാവകാശം ലഭിക്കുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാർ ടിപ്പുവിനെ പരാജയപ്പെടുത്തുകയും മലബാർ അവരുടെ നിയന്ത്രണത്തിലാവുകയും ചെയ്തതോടുകൂടി ജന്മിത്തം തിരികെയെത്തി. അതുകാരണം ജാതിവ്യവസ്ഥയും ഊനംതട്ടാതെ തുടർന്നു.





> ജാതി-ജന്മി-നാടുവാഴിത്ത വ്യവസ്ഥയിൽനിന്നും പാർലമെന്ററി ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തെയാണ് ആധുനികവൽക്കരണം എന്നു പറയുന്നത്. ഈ പരിവർത്തനത്തിന് പ്രേരകമായ ഘടകങ്ങളായിരുന്നു മൂലധനനിക്ഷേപവും പാശ്ചാത്യവിദ്യാഭ്യാസവും.

എന്നാൽ നാടുവാഴിത്തം ഇല്ലാതാവുകയും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി ഗവർണർമാരിലൂടെയും കളക്ടർമാരിലൂടെയും ഭരണം നടത്തുകയും ചെയ്തുപോന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഇംഗ്ലീഷ് റസിഡന്റുമാരുടെ നിയന്ത്രണത്തിലൂടെ നാടുവാഴിത്തഭരണം തുടരുകയും ചെയ്തു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുകയും തിരുവിതാംകൂറും കൊച്ചിയും ഇന്ത്യൻ യൂണിയനിൽ ലയിക്കുകയും ചെയ്തതോടുകൂടി നാടുവാഴിത്തം അപ്രത്യക്ഷമായി. കേരള സംസ്ഥാന രൂപവൽക്കരണത്തിനുശേഷം 1957-ൽ അധികാരത്തിലെത്തിയ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ കാർഷികബന്ധനിയമം പാസ്സാക്കിയതോടുകൂടി ജന്മിത്തവും ഇല്ലാതായി. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ജാതിവ്യവസ്ഥ ദുർബലമാവുകയും 1950-ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതോടുകൂടി ജാതിവിവേചനം അവസാനിക്കുകയും ചെയ്തു. അതായത് ജാതി-ജന്മി-നാടുവാഴിത്ത വ്യവസ്ഥയിൽനിന്നും പാർലമെന്ററി ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തെയാണ് ആധുനികവൽക്കരണം എന്നു പറയുന്നത്. ഈ പരിവർത്തനത്തിന് പ്രേരകമായ ഘടകങ്ങളായിരുന്നു മൂലധനനിക്ഷേപവും പാശ്ചാത്യവിദ്യാഭ്യാസവും.

ഈ പരിവർത്തനത്തിൽ മുൻനിരയിൽ നിന്നത് തിരുവിതാംകൂറും കൊച്ചിയുമായിരുന്നു. മൂലധനനിക്ഷേപത്തിന്റെ ഫലമായി ഭൂവുടമാ ബന്ധങ്ങളിൽ മാറ്റം വരുത്താൻ രാജാക്കന്മാർ നിർബന്ധിതരായി. അതിന്റെ ഫലമായിട്ടാണ് സർക്കാർ വക ഭൂമി പാട്ടത്തിനെടുത്തിരുന്ന കുടിയാന്മാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം കിട്ടുന്ന പണ്ടാരപ്പാട്ട വിളംബരവും ദേവസ്വം-ബ്രഹ്മസ്വം ഭൂമിയിലെ പാട്ടക്കുടിയാന്മാരെ ഒഴിപ്പിക്കാൻ പാടില്ലെന്ന ജന്മി-കുടിയാൻ വിളംബരവും പ്രസിദ്ധീകരിക്കപ്പെട്ടത്. തൽഫലമായി കാർഷികമേഖലയിൽ സമ്പന്നരായ ഒരു കർഷകവർഗം വളർന്നുവന്നു. ഭൂമിയുടെ വിൽപ്പന അനുവദിക്കപ്പെട്ടതോടുകൂടി മൂലധനം കൈവശമുള്ളവർക്ക് ഭൂമി വിലയ്ക്കുവാങ്ങാൻ അവസരമൊത്തുവന്നു. അങ്ങനെ തേയില, കാപ്പി, റബ്ബർ തുടങ്ങിയ തോട്ടവിളകൾ കൃഷിചെയ്യാൻ തുടങ്ങി. തോട്ടമുടമകളും തോട്ടം തൊഴിലാളികളും എന്ന രണ്ടു വർഗങ്ങൾ മലയോര മേഖലയിലും കർഷകരും കർഷകത്തൊഴിലാളികളുമെന്ന രണ്ടു വർഗങ്ങൾ ഭക്ഷ്യോൽപ്പാദന മേഖലയിലും വളർന്നുവന്നു. മൂലധന നിക്ഷേപത്തിന്റെ ഫലമായി കയർ, കൊപ്ര, ജലഗതാഗതം, മരവ്യവസായം, ഓടുനിർമാണം, അച്ചടി, പത്രവ്യവസായം എന്നീ മേഖലകളിൽ യന്ത്രവൽക്കരണം നിലവിൽ വന്നു. അത്തരം മേഖലകളിൽ മുതലാളി-തൊഴിലാളിവർഗങ്ങളും പ്രത്യക്ഷപ്പെട്ടു. അതായത് കാർഷിക-വ്യാവസായിക മേഖലകളിൽ സമ്പന്നവർഗം വളർന്നുവന്നതോടുകൂടി തിരു-കൊച്ചി പ്രദേശത്തിന്റെ സാമ്പത്തിക രംഗത്ത് മാറ്റം വരികയും അതിന്റെ പ്രതിഫലനം സാമൂഹികരംഗത്തുണ്ടാവുകയും ചെയ്തു. അതുകൊണ്ടാണ് സാമൂഹിക പരിഷ്കരണ രംഗത്തെ മുഖ്യധാരാ പ്രസ്ഥാനങ്ങളെല്ലാം തിരുക്കൊച്ചി പ്രദേശത്താകാൻ കാരണം.

## വിദ്യാഭ്യാസ വ്യാപനം

സാമ്പത്തികരംഗത്തെ ഈ വളർച്ചയ്ക്ക് പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസത്തിന്റെ വ്യാപനം അനിവാര്യമായിരുന്നു. ക്രിസ്ത്യൻ മിഷണറിമാരാണ് ഇതിനു തുടക്കം കുറിച്ചതെങ്കിലും തിരുക്കൊച്ചി പ്രദേശങ്ങളിലെ നാടുവാഴിത്ത ഭരണകൂടങ്ങൾ വിദ്യാഭ്യാസവ്യാപനത്തിന് ഭരണപരവും സാമ്പത്തികവുമായ സഹായം നൽകുകയും ചെയ്തു. റാണി ഗൗരിലക്ഷ്മിബായി 1817-ൽ ഖജനാവിൽ നിന്ന് ശമ്പളം കൊടുത്തുകൊണ്ട് നാല് പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിച്ചു. സ്വാതിതിരുനാൾ മഹാരാജാവ് 1834-ൽ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ ഉത്രംതിരുനാളിന്റെ കാലത്ത് ജില്ലാ ആസ്ഥാനങ്ങളിൽ സർക്കാർ വിദ്യാലയങ്ങൾ സ്ഥാപിച്ചു. സർ ടി. മാധവറാവു



ദിവാനായിരുന്നപ്പോൾ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാന്റ്-ഇൻ-എയിഡ് സമ്പ്രദായം തുടങ്ങി. ശ്രീമൂലം തിരുനാൾ രാജാവായിരുന്നപ്പോൾ 1894-ൽ ആദ്യത്തെ വിദ്യാഭ്യാസ നിയമം കൊണ്ടുവരികയും പുലയർ, പറയർ, തുടങ്ങിയ ഒൻപതു പിന്നോക്ക ജാതികൾക്ക് 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുകയും ചെയ്തു. ഈ നിയമം 1905-ൽ പരിഷ്കരിച്ചപ്പോൾ എല്ലാ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും നാലാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി. ഇതിനു സമാനമായ രീതിയിൽ കൊച്ചിയിലും ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയുണ്ടായി.

തൊഴിൽ ലഭിക്കുന്നതിന് ആധുനിക വിദ്യാഭ്യാസം ഒരു പ്രധാന യോഗ്യതയായതിനാൽ സർക്കാരും സ്വകാര്യ സംരംഭകരും വിദ്യാഭ്യാസ വ്യാപനത്തിന് പ്രാധാന്യം നൽകി സർക്കാരുടമസ്ഥതയിൽ ആദ്യത്തെ കോളെജ് 1866-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായി. അധ്യാപകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി നോർമൽ സ്കൂളുകൾ സ്ഥാപിച്ചു. ഇത് പിന്നീട് ട്രെയിനിങ് കോളെജായി വികസിപ്പിച്ചു. നീതിന്യായ കോടതികൾ സ്ഥാപിക്കപ്പെട്ടപ്പോൾ വക്കീലന്മാരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള സ്കൂൾ സ്ഥാപിതമായി. ഇതാണ് തിരുവനന്തപുരത്തും എറണാകുളത്തും ലോ കോളെജുകൾ സ്ഥാപിക്കുന്നതിനിടയാക്കിയത്. വൈദ്യശാസ്ത്ര രംഗത്ത് ആധുനികവൽക്കരണം നിലവിൽ വന്നപ്പോൾ ജനറൽ ആശുപത്രികൾ സ്ഥാപിക്കപ്പെട്ടു. അവിടങ്ങളിൽ ആരോഗ്യപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി നഴ്സിങ് സ്കൂളുകൾ സ്ഥാപിതമായി. സാങ്കേതികവിദ്യ അഭ്യസിപ്പിക്കുന്നതിനുവേണ്ടി ടെക്നിക്കൽ സ്കൂളുകളും കൃഷിയുടെ ആധുനികവൽക്കരണത്തിനുവേണ്ടി ബേസിക് സ്കൂളുകളും സ്ഥാപിച്ചു.

## ആദ്യ സർവകലാശാല

കേരളത്തിലെ ആദ്യത്തെ സർവകലാശാല 1937-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായി. തിരുവിതാംകൂർ സർവകലാശാല എന്ന് നാമകരണം ചെയ്യപ്പെട്ട പ്രസ്തുത സ്ഥാപനം ദക്ഷിണേന്ത്യയിലെ നാലാമത്തെ സർവകലാശാലയായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1956-ൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ തിരുവിതാംകൂർ സർവകലാശാലയെ സംസ്ഥാനത്തിനൊട്ടാകെ ബാധകമാകുന്ന തരത്തിൽ പുനഃസംഘടിപ്പിക്കേണ്ട ആവശ്യകതയുണ്ടായി. അങ്ങനെയാണ് 1957-ലെ ഇ.എം.എസ്. മന്ത്രിസഭ നിയമനിർമാണത്തിലൂടെ കേരള സർവകലാശാല സ്ഥാപിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള കോഴ്സ് പുനഃസംഘടനയും ഇതോടൊപ്പം നടപ്പാക്കി.

കേരളത്തെ സംബന്ധിച്ചിടത്തോളം സമസ്ത മേഖലകളേയും ബാധിക്കുന്നതും ഏറെ സങ്കീർണ്ണമായതുമായ ഒന്നായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ബ്രിട്ടീഷ് ഭരണപ്രദേശമായിരുന്ന മലബാറിൽ മിഷണറിമാരായിരുന്നാലും സ്വകാര്യ വ്യക്തികളായിരുന്നാലും സർക്കാരുടമസ്ഥതയിലുള്ളതായിരുന്നാലും തിരുക്കൊച്ചി പ്രദേശത്തേക്കാൾ വിദ്യാലയങ്ങളുടെ എണ്ണം താരതമ്യേന കുറവായിരുന്നു. തിരുക്കൊച്ചി പ്രദേശത്താകട്ടെ ആകെയുള്ള സ്കൂളുകളുടെ നാലിൽ മൂന്ന് എണ്ണവും സ്വകാര്യ ഉടമസ്ഥതയിലുള്ളവയായിരുന്നു. അവയിൽ ത്തന്നെ മഹാഭൂരിപക്ഷവും ക്രൈസ്തവ മാനേജ്മെന്റുകളുടെ ഉടമസ്ഥതയിലുമായിരുന്നു. ബാക്കിയുള്ളവയിൽ കൂടുതലും സാമുദായിക സംഘടനകളുടെ ഉടമസ്ഥതയിലുമാണ് സാമൂഹികപരിഷ്കരണ പ്രസ്ഥാനക്കാരെല്ലാംതന്നെ ജാതീയമായ അനാചാരങ്ങൾ ദൂരീകരിക്കുന്നതിനുള്ള ഏറ്റവും ശക്തമായ ആയുധമായി കണ്ടത് ആധുനിക വിദ്യാഭ്യാ

സത്തെയായിരുന്നു. അതിനാൽ ഓരോ സംഘടനയും അവർക്കാവുംവിധം സ്കൂളുകൾ സ്ഥാപിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നു. സർക്കാരിൽനിന്നും സാമ്പത്തികസഹായം ലഭിക്കുമെന്നുള്ളതിനാൽ സ്കൂൾ സ്ഥാപിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ടില്ലാതെതന്നെ അവ നടത്തിക്കൊണ്ടുപോകാൻ സാധിക്കുമായിരുന്നു. ഇത്തരത്തിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സംഘടനകളും മതസ്ഥാപനങ്ങളും വ്യക്തികളും ആധിപത്യം സ്ഥാപിച്ചപ്പോൾ അവയുടെമേൽ സർക്കാർ നിയന്ത്രണമേർപ്പെടുത്താനുള്ള ശ്രമം തിരുവിതാംകൂർ സർക്കാർ നടത്തി. അങ്ങനെയാണ് 1945-ൽ പ്രൈമറി വിദ്യാഭ്യാസ നിയമം (Travancore Primary Education Act) കൊണ്ടുവന്നത്. അതിൻ പ്രകാരം ആറുവയസ്സിനും പത്തു വയസ്സിനുമിടയിൽ പ്രായമുള്ള മുഴുവൻ കുട്ടികളേയും തൊട്ടടുത്തുള്ള വിദ്യാലയത്തിൽ ചേർക്കണം, അങ്ങനെ ചെയ്യാത്ത രക്ഷിതാവിന് രണ്ടു മാസം തടവോ ഇരുപതു രൂപ പിഴയോ ചുമത്താവുന്നതാണ്. ഈ പ്രായപരിധിയിലുള്ള കുട്ടിയെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന തൊഴിൽദാതാവിനും ഇതേ ശിക്ഷ ലഭിക്കും. ഓരോ സ്കൂളിലും ഹാജർ സമിതികൾ രൂപീകരിക്കും. തൊട്ടടുത്തുള്ള വീടുകളിലെ കുട്ടികൾ സ്കൂളിൽ ചേരുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് ഹാജർ കമ്മിറ്റിയാണ്. എല്ലാ പ്രൈമറി അധ്യാപകരുടേയും ശമ്പളം സർക്കാർ നേരിട്ടു നൽകും. മുമ്പേർപ്പെടുത്തിയിരുന്ന ഗ്രാന്റ് സമ്പ്രദായം അവസാനിപ്പിക്കുമെന്നർഥം.

**കേരളത്തെ സംബന്ധിച്ചിടത്തോളം സമസ്ത മേഖലകളേയും ബാധിക്കുന്നതും ഏറെ സങ്കീർണ്ണമായതുമായ ഒന്നായിരുന്നു സ്കൂൾ വിദ്യാഭ്യാസം**

അധ്യാപകർ ഈ നിയമത്തെ സ്വാഗതം ചെയ്തെങ്കിലും മാനേജർമാർ അതിശക്തമായി എതിർത്തു. ഭൂരിപക്ഷം വിദ്യാലയങ്ങളും ക്രൈസ്തവ സഭകൾക്കായതിനാൽ എതിർപ്പിന് നേതൃത്വം കൊടുത്തത് അവരായിരുന്നു. അവർ മദ്രാസ് ഗവർണർക്ക് നിവേദനം നൽകുകയും ഗവർണറുടെ ഇടപെടലിന്റെ ഫലമായി തിരുവിതാംകൂർ സർക്കാരിന് നിയമം നടപ്പാക്കുന്നതിൽ നിന്നും പിൻവാങ്ങേണ്ടതായി വന്നു.

സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് 1949-ൽ തിരുക്കൊച്ചി ഐക്യസംസ്ഥാനം നിലവിൽ വന്നു. ഇതിനെത്തുടർന്ന് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ജനകീയ മന്ത്രിസഭ നിലവിൽ വരികയും ചെയ്തു. പറവൂർ ടി.കെ. നാരായണപിള്ളയുടെ മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ സെക്കൻഡറി സ്കൂളുകളിലെ അധ്യാപകരുടെ ശമ്പളം സർക്കാർ നേരിട്ടുകൊടുക്കുന്നതിനുള്ള നിയമം കൊണ്ടുവന്നു. (Private Secondary School Salary Scheme) ഇതിനേയും ക്രൈസ്തവസഭകൾ ശക്തമായി എതിർത്തു. അപ്പോഴേക്കും നിലവിൽ വന്ന ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്ക് യുക്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള മൗലികാവകാശം ഉണ്ടായിരുന്നു എന്നതാണ് കാരണം. അതിനാൽ കേന്ദ്രസർക്കാർ ഇടപെടുകയും മേൽപ്പറഞ്ഞ പരിഷ്കാരം നടപ്പാക്കാൻ കഴിയാതെ വരികയും ചെയ്തു. എന്നാൽ ആ മന്ത്രിസഭ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയുള്ള നിയമം നടപ്പാക്കി. എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പ്രതിമാസം ആറു രൂപ ഫീസ് കൊടുക്കണമായിരുന്നു. അതിനാൽ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായിരുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. അതായത് സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഭൂരിപക്ഷം ജനങ്ങളുടേയും വരുമാനത്തിൽ മാറ്റം വരാത്തതിനാൽ ഹൈസ്കൂൾ വിദ്യാഭ്യാസം അവർക്ക് അപ്രാപ്യമായി തുടർന്നു.

ഭാഷാസംസ്ഥാന രൂപവൽക്കരണത്തെത്തുടർന്ന് 1956-ൽ കേരളം നിലവിൽ വരികയും തൊട്ടടുത്തവർഷം നടന്ന തിരഞ്ഞെടുപ്പിൽ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യ മന്ത്രിസഭ നിലവിൽ വരികയും ചെയ്തു. മലബാറിലും തിരുക്കൊച്ചി സംസ്ഥാനത്തും വ്യത്യസ്തരൂപത്തിൽ നിലവിലിരുന്ന ഭൂവുടമാബന്ധങ്ങളെയും വിദ്യാഭ്യാസഘടനയേയും സമഗ്രമായി മാറ്റുന്ന സുപ്രധാനമായ നിയമനിർമ്മാണം ആ മന്ത്രിസഭ നടത്തി. കുടിയൊഴിപ്പിക്കൽ നിരോധന നിയമവും കാർഷികബന്ധ നിയമവും ലക്ഷക്കണക്കായ പാട്ടക്കുടിയാന്മാർക്ക് ഗുണകരമാകുന്നതായിരുന്നു. കാർഷികബന്ധനിയമം നടപ്പാക്കാൻ ആ സർക്കാരിനു കഴിഞ്ഞില്ലെങ്കിലും കുടിയൊഴിപ്പിക്കൽ നിരോധനം 1957 ഡിസംബറിൽത്തന്നെ പാസ്സാക്കുകയും കൃഷിക്കാർക്ക് സ്വന്തം കൃഷിഭൂമിയിൽത്തന്നെ തുടർന്നും കൃഷിചെയ്ത് ഉപജീവനം നടത്തുന്നതിനുള്ള അവസരം കിട്ടുകയും ചെയ്തു. അതിനർഥം ഏകദേശം 36 ലക്ഷം പാട്ടക്കുടിയാന്മാർക്ക് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിച്ചുവെന്നാണ്. ഇതിന്റെ പ്രതിഫലനം ആദ്യമുണ്ടായത് വിദ്യാഭ്യാസരംഗത്തായിരുന്നു. പ്രതിമാസം ആറുരൂപ ഫീസ് കൊടുത്തു പഠിക്കാൻ കഴിയുന്ന കുട്ടികളു

ടെ എണ്ണത്തിൽ വൻ വർധനവാണുണ്ടായത്. അതോടൊപ്പംതന്നെ 1958-ൽ എട്ടാം ക്ലാസ്സിലെ ഫീസ് ഒഴിവാക്കുകയും ചെയ്തു. ഇതിന്റെ പ്രതിഫലനം പത്താം ക്ലാസ് പാസ്സാകുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടായ വർധനയിൽ കാണാവുന്നതാണ്.

1959 - 24606, 1960 - 30703, 1961 - 35925, 1962 - 48666 (അവലംബം: ഡി.പി.ഐ. രേഖ) എന്നിങ്ങനെയാണ് പത്താംക്ലാസ് പാസ്സാകുന്നവരുടെ എണ്ണം. വിജയശതമാനം നാല്പതായിരുന്നു. ഇത് പിന്നീട് ഉന്നത വിദ്യാഭ്യാസരംഗത്ത് സമ്മർദമുണ്ടാക്കുകയും അടുത്ത പതിറ്റാണ്ടിൽ കോളെജുകളുടെ എണ്ണത്തിൽ വർധന അനിവാര്യമാക്കുകയും ചെയ്തു. ഇ.എം.എസ്സിന്റെ രണ്ടാം മന്ത്രിസഭ 1967-ൽ നിലവിൽ വന്നപ്പോൾ ഒൻപത്, പത്ത് ക്ലാസ്സുകളിലെ ഫീസും ഒഴിവാക്കി. നിർധനരായ മുഴുവൻപേർക്കും ഹൈസ്കൂൾ വിദ്യാഭ്യാസം ലഭ്യമാകുന്ന പരിഷ്കാരമായിരുന്നു ഇത്.

## 1957ലെ വിദ്യാഭ്യാസ നിയമം

എന്നാൽ പ്രൊഫ.ജോസഫ് മുണ്ടശ്ശേരി നിയമസഭയിൽ അവതരിപ്പിച്ച വിദ്യാഭ്യാസബിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതായിരുന്നു. തിരുവിതാംകൂർ സർക്കാർ 1945-ലും തിരുക്കൊച്ചി സർക്കാർ 1951-ലും



നടപ്പാക്കാൻ ശ്രമിച്ച നിയമങ്ങളുടെ തുടർച്ചയായിരുന്നു അത്. സർക്കാരിൽ നിന്നും ഗ്രാന്റ് വാങ്ങുന്ന മാനേജർമാർ അത് കൃത്യമായി ശമ്പളമിനത്തിൽ അധ്യാപകർക്കു നൽകാതെ കൃത്രിമം കാണിക്കുന്നത് അവസാനിപ്പിക്കുന്നതിനും അധ്യാപകനിയമനത്തിൽ യോഗ്യതാമാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഏകീകരിക്കുന്നതിനും വേണ്ടിയായിരുന്നു നിയമനിർമ്മാണത്തിന് സർക്കാർ മുതിർന്നത്. സർക്കാർ വിദ്യാലയങ്ങളിലെ അധ്യാപകരുടെ നിയമനവും ശമ്പളം നൽകലും വിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടത്തിയിരുന്നത്. എന്നാൽ സർക്കാർ വിദ്യാലയങ്ങളുടെ മൂന്നിരട്ടിയോളം വരുന്ന സ്വകാര്യ വിദ്യാലയങ്ങളിൽ അധ്യാപകരെ നിയമിക്കുന്നത് മാനേജർമാരായിരുന്നു. സർക്കാർ നൽകുന്ന ഗ്രാന്റിൽനിന്നും ശമ്പളവും സ്കൂൾ നടത്തിപ്പിനുള്ള ചെലവും വഹിക്കുന്നതായിരുന്നു പതിവ്. സ്വകാര്യവിദ്യാലയങ്ങളിലെ അധ്യാപകരുടെ ശമ്പളം സർക്കാർ നേരിട്ടുനൽകാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തു. അതിന്റെ മേൽനോട്ടത്തിനായി ജില്ലകൾതോറും വിദ്യാഭ്യാസ ഓഫീസർമാരെ നിയമിച്ചു. അതേവരെയുണ്ടായിരുന്ന സ്കൂൾ ഇൻസ്പെക്ടർമാർക്കു പകരമായിട്ടാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ (ഡി.ഇ.ഒ.) നിയമിച്ചത്. വിദ്യാർഥികളിൽ നിന്നു പിരിക്കുന്ന ഫീസിന്റെ 80 ശതമാനം ഖജനാവിൽ അടയ്ക്കണം. ബാക്കി ഇരുപതു ശതമാനം സ്കൂൾ നടത്തിപ്പിന്റെ ചെലവിലേക്കായി മാനേജർമാർക്ക് വിനിയോഗിക്കാം. ഈ കണക്കുകളും ഡി.ഇ.ഒ. മാർ പരിശോധിക്കുന്നതാണ്.

എന്നാൽ ഈ നിയമത്തിലെ ഏറ്റവും ശ്രദ്ധേയമായ വശം സ്വകാര്യസ്കൂൾ അധ്യാപക നിയമനം പബ്ലിക് സർവീസ് കമ്മിഷന് വിടുമെന്നുള്ളതായിരുന്നു. വിശാലമായ ലക്ഷ്യത്തോടു കൂടിയാണ് സർക്കാർ ഇത്തരത്തിലൊരു നിയമം കൊണ്ടുവന്നത്. സർക്കാർ സ്കൂളുകളിലെ നിയമനം തുടക്കത്തിൽ വിദ്യാഭ്യാസ വകുപ്പും പിന്നീട് പബ്ലിക് സർവീസ് കമ്മിഷനുമാണ് നടത്തിയിരുന്നത്. യോഗ്യതയും കഴിവും നിർണ്ണയിക്കുന്നതിൽ മാത്രമല്ല സാമൂഹിക നീതി ഉറപ്പാക്കുന്നതിനും ഇതുവഴി കഴിഞ്ഞിരുന്നു. തിരുവിതാംകൂർ സർക്കാർ 1935-ൽ തന്നെ സർക്കാർ ഓഫീസുകളിലെ നിയമനാധികാരം പുതിയതായി രൂപവൽക്കരിച്ച പബ്ലിക് സർവീസ് കമ്മിഷന് നൽകിയിരുന്നു. പിന്നാക്ക ജാതിക്കാർക്ക് 35% സംവരണം നിയമനങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇ.എം.എസ്. മന്ത്രിസഭ സംവരണം 50% ആയി വർധിപ്പിച്ചു. യോഗ്യതയും കഴിവുമുള്ള പിന്നാക്കജാതികളിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിന് ഇതവസരമുണ്ടാക്കി. ജാതി-ജന്മി-നാടുവാഴി ഭരണത്തിൻകീഴിൽ പിന്നാക്കജാതിക്കാർക്ക് നിഷേധിക്കപ്പെട്ടിരുന്ന സാമൂഹികനീതി ജനാധിപത്യഭരണത്തിനു കീഴിൽ നടപ്പാക്കാൻ കഴിഞ്ഞു എന്നതായിരുന്നു അതിന്റെ പ്രത്യേകത. ഈ തത്വം സ്വകാര്യ സ്കൂൾ അധ്യാപകനിയമനത്തിലും നടപ്പാക്കാൻ സാധിച്ചാൽ സാമൂഹികനീതി കൂടുതൽ തലത്തിലേക്ക് വ്യാപിപ്പിക്കാനും അധ്യാപകരുടെ നിലവാരത്തിൽ ഏകീകരണം ഉറപ്പാക്കാനും സാധിക്കുമെന്നും സർക്കാർ കണക്കുകൂട്ടി. എന്നാൽ സ്വകാര്യ മാനേജർമാർ ഇതംഗീകരിക്കാൻ



കൂട്ടാക്കിയില്ല. അധ്യാപക സംഘടനകളുടെ സമ്മർദം ശക്തമായതിനാൽ ശമ്പളം സർക്കാർ നേരിട്ടു നൽകുന്നതിനോട് മാനേജർമാർ യോജിച്ചു. എന്നാൽ അധ്യാപക നിയമനം എന്ന അവകാശം വിട്ടുനൽകാൻ അവർ തയാറായില്ല. അതിൽ ഭരണഘടനാപരമായ ഒരു പ്രശ്നവും ചൂണ്ടിക്കാണിക്കപ്പെട്ടു. മത, സാമുദായിക ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള മൗലികാവകാശം ഉള്ളതിനാൽ അധ്യാപകനിയമനത്തിൽ സർക്കാരിന് ഇടപെടാൻ കഴിയുമോയെന്ന നിയമപ്രശ്നമാണ് ഉന്നയിക്കപ്പെട്ടത്. ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ സർക്കാരിന് ഇടപെടാൻ കഴിയില്ലെങ്കിൽ ഭൂരിപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ ഇടപെടുന്നത് വിവേചനപരമാകുമെന്ന പ്രശ്നവും ഉന്നയിക്കപ്പെട്ടു. എന്തായിരുന്നാലും 1957-ലെ വിദ്യാഭ്യാസ നിയമം ഭാഗികമായിട്ടു മാത്രമെ നടപ്പാക്കാൻ കഴിഞ്ഞുള്ളൂ.

സ്കൂൾ-കോളെജ് വിദ്യാഭ്യാസരംഗങ്ങളിൽ ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തുന്നതിനും 1957-ലെ സർക്കാർ തുടക്കം കുറിച്ചു. സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ തുടക്കം രണ്ടു വർഷം ദൈർഘ്യമുള്ള ഇന്റർമീഡിയറ്റ് കോഴ്സായിരുന്നു

## ഘടനാപരമായ വന്ന മാറ്റങ്ങൾ

എന്നാൽ വിദ്യാഭ്യാസനിയമത്തിന്റെ സ്വാധീനം ദീർഘകാല അടിസ്ഥാനത്തിലുള്ളതായിരുന്നു. എയിഡഡ് സ്കൂൾ അധ്യാപകരുടെ ശമ്പളം സർക്കാർ നേരിട്ടു നൽകാൻ തുടങ്ങിയപ്പോൾ അതേ ആവശ്യം എയിഡഡ് കോളെജ് അധ്യാപകരും ഉന്നയിച്ചു. ഒന്നരപ്പതിറ്റാണ്ടിനുശേഷം എയിഡഡ് കോളെജ് അധ്യാപകരുടെ ശമ്പളം സർക്കാർ നേരിട്ടുനൽകാൻ നിർബന്ധിതമായി. അങ്ങനെയാണ് 1972-ൽ ഡയറക്ട് പേയ്മെന്റ് നിയമം നടപ്പാക്കപ്പെട്ടത്. സ്കൂൾ-കോളെജ് അധ്യാപകരുടെ ശമ്പളം സർക്കാർ നേരിട്ടു നൽകാൻ തുടങ്ങിയതോടുകൂടി മാനേജർമാരുടെ ചൂഷണത്തിൽനിന്നും അവർ മോചിതരായി.

സ്കൂൾ-കോളെജ് വിദ്യാഭ്യാസരംഗങ്ങളിൽ ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തുന്നതിനും 1957-ലെ സർക്കാർ തുടക്കം കുറിച്ചു. സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ തുടക്കം രണ്ടു വർഷം ദൈർഘ്യമുള്ള ഇന്റർമീഡിയറ്റ് കോഴ്സായിരുന്നു. കേന്ദ്രസർക്കാർ നിയോഗിച്ച ലക്ഷ്മണസ്വാമി മുതലിയാർ കമ്മിഷൻ ചില ശിപാർശകൾ മുന്നോട്ടുവച്ചു. അതനുസരിച്ച് ഇന്റർമീഡിയറ്റ് കോഴ്സിന്റെ സ്ഥാനത്ത് ഒരു വർഷം ദൈർഘ്യമുള്ള പ്രീയൂണിവേഴ്സിറ്റി കോഴ്സ് നിർദ്ദേശിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ദൈർഘ്യം പതിനൊന്നു വർഷമാക്കി. പ്രിപ്പറേറ്ററി/പ്രീപ്രൊഫഷണൽ കോഴ്സ് എന്ന പേരിൽ സ്കൂളുകളിൽ ഒരു വർഷം അധികം പഠിപ്പിക്കുന്നതിനുള്ള സംവിധാനം ശുപാർശ ചെയ്യപ്പെട്ടു. എന്നാൽ പല സ്കൂളുകളിലും അതിനുള്ള സൗകര്യമില്ലാത്തതിനാൽ ആ പരീക്ഷണം പരാജയപ്പെട്ടു. രണ്ടുവർഷം ദൈർഘ്യമുള്ള ബിരുദ കോഴ്സിനെ മൂന്നുവർഷം ദൈർഘ്യമുള്ളതാക്കി. മൂന്നുവർഷം ദൈർഘ്യമുണ്ടായിരുന്ന ഓണേഴ്സ് കോഴ്സ് നിർത്തലാക്കി. ബിരുദപഠനത്തിനുശേഷം രണ്ടുവർഷം ദൈർഘ്യമുള്ള എം.എ/എം.എസ്സി കോഴ്സ് നടപ്പാക്കാൻ തീരുമാനിച്ചു. പ്രീയൂണിവേഴ്സിറ്റി കോഴ്സ് 1964-65-ൽ രണ്ടുവർഷം ദൈർഘ്യമുള്ള പ്രീഡിഗ്രി കോഴ്സിന് വഴിമാറി. പി.കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരുന്നപ്പോൾ 1978-ൽ പ്രീഡിഗ്രിയുടെ ഫീസ് ഒഴിവാക്കി. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ 1990-ൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടമെന്ന നിലയിൽ ഹയർ സെക്കൻഡറി കോഴ്സ് ആരംഭിച്ചു. സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്ന പ്രീഡിഗ്രി കോഴ്സ് 1997-ൽ നിയമനിർമാണത്തിലൂടെ നിർത്തലാക്കി. ഒന്ന് മുതൽ പന്ത്രണ്ട് ക്ലാസ്സ് വരെ ഇപ്പോൾ കേരളത്തിൽ വിദ്യാഭ്യാസം സൗജന്യമാണ്. ജനിക്കുന്ന മുഴുവൻ പേർക്കും വിദ്യാലയ പ്രവേശനത്തിന് സൗകര്യവും പന്ത്രണ്ടാംക്ലാസ്സുവരെ സൗജന്യവിദ്യാഭ്യാസവുമെന്നത് കേരളത്തിന്റെ പ്രത്യേകതയാണ്. ഇതൊരു ചരിത്രപരമായ പ്രക്രിയയുടെ ഭാഗമായി സംഭവിച്ചതാണ്. കേരളവികസനത്തിന്റെ അടിത്തറ എന്നുപറയുന്നത് വിദ്യാഭ്യാസവ്യാപനമാണ്. ■

# എന്താണ് പുതിയ ഉന്നതവിദ്യാഭ്യാസ നയം ?

**രാജൻ ഗുരുക്കൾ**
**വൈസ്ചെയർമാൻ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ**

ലോക ഉന്നതവിദ്യാഭ്യാസ ഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്താൻ ഉതകുന്ന വിധം പഴയ രീതി പരിഷ്കരിക്കുകയും കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയും ചെയ്യാൻ പര്യാപ്തമായ അധ്യാപന - അധ്യയന രീതികൾ സ്വീകരിക്കുക എന്നതാണ് ഒരു ദശകത്തോളമായി സർക്കാർ പിന്തുടരുന്ന നയം. നാലുവർഷ ബിരുദപദ്ധതി പ്രാവർത്തികമാക്കിയതോടെ അതിനു തുടക്കം കുറിച്ചിരിക്കുന്നു.

## നാലുവർഷ ബിരുദ പദ്ധതി

നാലുവർഷ ബിരുദം പഴയതിനോട് വെറുതെ ഒരുവർഷം കൂട്ടിച്ചേർക്കലല്ല. അടിമുടി പരിവർത്തനത്തിനു വിധേയമാക്കലാണത്. അത് അധ്യാപക കേന്ദ്രീകൃത ഉന്നതവിദ്യാഭ്യാസത്തെ വിദ്യാർഥി കേന്ദ്രീകൃതമാക്കുന്നു. ഉന്നതവിദ്യാഭ്യാസം അന്താരാഷ്ട്രരീതിയുമായി സമരസപ്പെടുത്തുന്ന ആദ്യ പടിയാണത്. അന്യരാജ്യസർവകലാശാലകളിലെ പ്രോഗ്രാമുകളിൽ നമ്മുടെ വിദ്യാർഥികൾക്കു പ്രവേശനം നേടാൻ ഇത് അത്യന്താപേക്ഷിതമാകുന്നു. അന്യരാജ്യ വിദ്യാർഥികളെ ഇങ്ങോട്ടാകർഷിക്കാനും ഈ മാറ്റം കൂടിയേ തീരൂ.

ഏറെക്കാലമായി നമ്മുടെ ഉന്നതവിദ്യാഭ്യാസ രീതി അധ്യാപനത്തേയും കേന്ദ്രീകൃത മൂല്യനിർണ്ണയത്തേയും ആശ്രയിച്ചു പ്രവർത്തിച്ചുപോന്ന ഒന്നായിരുന്നു. അതിനുപകരം അധ്യയനത്തിനും തുടർച്ചയായ മൂല്യനിർണ്ണയത്തിനും പ്രാധാന്യം നൽകുന്നതാണ് പുതിയ രീതി. വിദ്യാർഥികൾ ക്ലാസ്സുമുറികളിലും ലൈബ്രറിയിലും ഇന്റർനെറ്റ് മുഖേനയും തുടർച്ചയായ പഠനത്തിൽ ഏർപ്പെടുന്നു. കോഴ്സുകളും ബന്ധപ്പെട്ട ക്ലാസ്സുകളും ലൈബ്രറിയും ഇന്റർനെറ്റും അസൈൻമെന്റുകളും വഴി ഉദ്ദിഷ്ട പഠനഫലം കൈവരിക്കുന്നു. അവ തൃപ്തികരമായി കൈ





> ഉന്നതവിദ്യാഭ്യാസം മികവുറ്റതാക്കാൻ സർക്കാർ ഇതിനകം അനേകം അപൂർവ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്

വരിക്കാൻ കഴിഞ്ഞോ എന്ന ആത്മപരിശോധനയും നടക്കുന്നു. പിന്നെ സർവകലാശാല നടത്തുന്ന പരീക്ഷയും മൂല്യനിർണ്ണയവും ഉണ്ടായിരിക്കും. ലോകമെങ്ങും ഈ രീതിയാണിന്നു വളരെക്കാലമായി തുടരുന്നത്.

ഇവിടെ മുഖ്യസ്ഥാനത്തു വരുന്നത് കുട്ടികളുടെ പഠനമാണ്. അറിവാർജിക്കാൻ വേണ്ട സാഹചര്യവും സമ്മർദവും സ്ഥാപനത്തിന്റെ പ്രവർത്തനരീതിയുടെ ഭാഗമായിത്തന്നെ ഉണ്ടാവുകയും കുട്ടികളിൽ ഉത്തരവാദിത്ത ബോധവും അഭിരുചിയും ജിജ്ഞാസയും വളരുകയും അവർ പഠനോത്സുകരായിത്തീരുകയും ചെയ്യുന്ന രീതിയാണ് വിദേശരാജ്യങ്ങളിലെ മികവുറ്റ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കാണുന്നത്. അത് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവൽക്കരണം സാദ്ധ്യമാക്കുന്നു.

## അപൂർവ സർക്കാർ പദ്ധതികൾ

ഉന്നതവിദ്യാഭ്യാസം മികവുറ്റതാക്കാൻ സർക്കാർ ഇതിനകം അനേകം അപൂർവ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർച്ചയായി മികവു തെളിയിക്കുന്ന എല്ലാ വിദ്യാർഥികൾക്കും അണ്ടർ ഗ്രാജ്വേറ്റ് തലം തൊട്ട് ബിരുദാനന്തര പഠനം വരെ നൽകുന്ന മെറിറ്റ് കം മീൻസ് സ്കോളർഷിപ് 2009 മുതൽ തുടർന്നുവരുന്നു. ഇത്രയധികം പേർക്കു സ്കോളർഷിപ് ലഭിക്കുന്ന ഒരു പദ്ധതി വേറൊരു സംസ്ഥാനത്തുമില്ല. അതുപോലെ ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള കൈരളി അവാർഡുകൾ കേരളത്തിൽ മാത്രം ഉള്ളവയാണ്.

## കൈരളി ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡുകൾ

ലൈഫ്ടൈം അച്ചീവ്മെന്റ് ഗ്ലോബൽ പ്രൈസ്, നാഷണൽ അവാർഡ്, ഗവേഷണ പുരസ്കാരം, ഗവേഷക പുരസ്കാരം എന്നിങ്ങനെയുള്ള അവാർഡുകൾ കഴിഞ്ഞ മൂന്നു വർഷമായി നൽകിവരുന്നു. ഗവേഷണത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയിട്ടുള്ള പദ്ധതികളാണ്.



## മികവിന്റെ മുപ്പതു കേന്ദ്രങ്ങൾ

മികവുറ്റ ഗവേഷണത്തിനായി പ്രത്യേക കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. ഇതനുസരിച്ച് ഇതിനകം ഇരുപതോളം കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. കേരള സർവകലാശാലാ കാമ്പസിലെ ആസ്ട്രോ ഫിസിക്സ് താണു പത്മനാഭൻ കേന്ദ്രം, കൊച്ചി സർവകലാശാലയിലെ സ്യൂറോ ഡീജനറേഷൻ പഠനകേന്ദ്രം, മഹാത്മാഗാന്ധി സർവകലാശാലയിലെ അന്താരാഷ്ട്ര നാനോടെക്നോളജി പഠനകേന്ദ്രം, ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം, ആനിമൽ സയൻസ് സർവകലാശാലയിലെ വൺ ഹെൽത്ത് പഠനകേന്ദ്രം, കോഴിക്കോട് സ്ഥിതി ചെയ്യുന്ന കേരള മാത്തമാറ്റിക്സ് പഠന കേന്ദ്രം എന്നിവയാണ് ഏതാനും ഉദാഹരണങ്ങൾ.

## എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി

നമ്മുടെ വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും ആത്മവിശ്വാസവും പ്രചോദനവും പകരുന്നതിനായി ആരംഭിച്ച പദ്ധതിയാണ നോബേൽ ലോറേറ്റുകളെ ക്ഷണിച്ചുവരുത്തുന്ന പദ്ധതി. ഇതിനകം പതിനാറോളം നോബേൽ ലോറേറ്റുകളും അതുപോലെ പ്രഗത്ഭരായ മറ്റനേകംപേരും കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ വന്നിട്ടുണ്ട്.

## ബ്രെയിൻ ഗെയിൻ സ്കീം

ബ്രെയിൻ ഡ്രെയിൻ വഴി നമുക്ക് നഷ്ടപ്പെട്ടുപോയവരെ തൽക്കാലത്തേക്ക് കൊണ്ടുവരാനുള്ള ബ്രെയിൻ ഗെയിൻ സ്കീം ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴി നാം നടപ്പാക്കി വരുന്നുണ്ട്. അതുപോലെ നോബേൽ ജേതാക്കളെ ക്ഷണിച്ചുവരുത്തി നമ്മുടെ ഗവേഷകർക്ക്



അവരുമായി ഇടപഴകാനും ആത്മവിശ്വാസം വർധിപ്പിക്കാനും സഹായിക്കുന്ന സ്കോളർ -ഇൻ- റസിഡൻസ് സ്കീമും കൗൺസിൽ വഴി നടത്തിവരുന്നുണ്ട്. ഇതൊക്കെ ഇന്ത്യയിൽ വേറൊരിടത്തും ഇല്ലാത്ത സ്കീമുകളാണ്.

## ചീഫ് മിനിസ്റ്റർ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

ഗവേഷണമേഖലയിൽ ലോകനിലവാരത്തോടൊപ്പമെത്താൻ കേരളത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. എന്നാൽ മലയാളികൾ ഒട്ടും പിന്നിലല്ലതാനും. രാജ്യത്തുമാത്രമല്ല ലോകമെങ്ങുമുള്ള പ്രഗത്ഭ ഗവേഷകരിലെല്ലാം മലയാളികളുണ്ട്. ഏതുവിഷയമെടുത്താലും ഗവേഷകരിൽ മലയാളികളില്ലാതിരിക്കില്ല. ദേശീയ അന്തർദേശീയ തലത്തിലുള്ള മികവുറ്റ ഗവേഷണ പഠനസ്ഥാപനങ്ങളിലെല്ലാം പഠിതാക്കളായും പരിശീലകരായും മലയാളികളെ കാണാം. പല ഗവേഷകസംഘങ്ങളുടെയും തലപ്പത്ത് അവരാണുള്ളത്. നോബേൽ ജേതാക്കൾ നയിക്കുന്ന ടീമുകളിൽ പോലും നിർണ്ണായക പദവികളിൽ മലയാളികളുണ്ട്. ഇൻ ഹൗസ് എക്സലൻസ് നമുക്ക് സാധ്യമാവണം. അതിനായി ചീഫ് മിനിസ്റ്ററുടെ പേരിൽ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു.

## കേരളത്തിൽ പഠിക്കുക പദ്ധതി

ദേശത്തും വിദേശത്തുമുള്ള വിദ്യാർഥികളെ ആകർഷിക്കാൻ കാലിക പ്രധാന അറിവും പ്രയോഗശേഷിയും പകരുന്ന ചെറുതും വലുതുമായ നൂതന പഠന പ്രോഗ്രാമുകൾ ആരംഭിച്ചുകൊണ്ട് നമ്മുടെ സർവകലാശാലകളിലേക്കും കോളേജുകളിലേക്കും വിദേശവിദ്യാർഥികളെ ആകർഷിക്കുന്ന പദ്ധതിയാണിത്. കേരളത്തിൽ പഠിക്കുക എന്ന ആശയം അന്താരാഷ്ട്ര തലത്തിൽ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി നാനാവിഷയ സമന്വയത്തിലൂന്നുന്ന ബിരുദപഠനവും വിഷയാനന്തര ഗവേഷണവും സാർവജനീനമാക്കും. ഇതുവരെ ചുരുക്കം ചില പഠനമേഖലകൾക്കേ അന്താരാഷ്ട്രവിദ്യാർഥികളുടെ ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞിട്ടുള്ളു. അത് നാനാ പഠനമേഖലകളിലേക്ക് വ്യാപിപ്പിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ അന്താരാഷ്ട്രവൽക്കരണത്തിന് ഇനിയും വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത വലിയ സാധ്യതകളുണ്ട് കേരളത്തിൽ. അനുകൂല ഘടകങ്ങൾ പലതുണ്ട്. ഭൂമിശാസ്ത്രപരമായ കിടപ്പും മനോഹരമായ ഭൂപ്രകൃതിയും വിദേശീയർ കൊതിക്കുന്ന കാലാവസ്ഥയും പോലുള്ള പാരിസ്ഥിതിക സവിശേഷതകൾ മാത്രമല്ല കുറഞ്ഞ ചിലവിൽ ആധുനികവും പരമ്പരാഗതവുമായ ചികിത്സാ സൗകര്യവും മികച്ച ജീവൻ സുരക്ഷയും ഉള്ള പ്രദേശമാണ് കേരളം.

കേരളത്തിൽ പഠിക്കുക എന്ന പദ്ധതി വളരെയധികം മുമ്പോട്ടു പോയിരിക്കുന്നു. ഇവിടെ പഠിക്കാനെത്തുന്ന വിദേശ വിദ്യാർഥികളുടെ എണ്ണം ഇരട്ടിയായി വർധിച്ചിട്ടുണ്ട്. ഹ്രസ്വകാല കോഴ്സുകൾ ആവശ്യമുള്ള സഞ്ചാരി വിദ്യാർഥികളെ കേന്ദ്രീകരിച്ചുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. യൂറോപ്യൻ രാജ്യങ്ങളിലും യു.എസ്സ്, യു.കെ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ വിദേശരാജ്യങ്ങളിലും പഠിക്കുന്നവർക്കിടയിൽ ഹ്രസ്വകാല സ്വാശ്രയ കോഴ്സുകൾക്കു വലിയ ഡിമാന്റാണ്. ഗഹനമായ പഠനത്തിനു മുന്നോടിയായോ തൊഴിൽപരമായോ പരിചയപ്പെട്ടിരിക്കേണ്ട പ്രമേയങ്ങളിൽ രണ്ടാഴ്ചയോ ഒരുമാസമോ നീണ്ടുനിൽക്കുന്ന നൂതന കോഴ്സുകളാണവർക്കാവശ്യം. അപരിചിത ചുറ്റുപാടുകൾ, സമൂഹം, സംസ്കൃതി, ജീവിതം

തുടങ്ങിയവയിൽ നേരിട്ടുള്ള അറിവു വേണ്ട സന്ദർഭങ്ങളുണ്ട്. അവരെ നെറ്റ്‌വർക്കിലൂടെ ബന്ധപ്പെടാൻ വേണ്ട സാങ്കേതിക സൗകര്യം സജ്ജീകരിച്ചുകൊണ്ടിരിക്കുകയാണ്.

അടുത്തത് ദീർഘകാല പ്രോഗ്രാമുകൾ ചെയ്യാൻ ആഫ്രിക്കൻ, ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്ന് ഏറെ വിദ്യാർഥികൾ എത്തുന്നുണ്ട്. ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠനത്തിനായി അവർക്ക് വേണ്ട പ്രോഗ്രാമുകൾ ഇവിടെ ധാരാളമാണ്. അത്തരം രാജ്യങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നല്ല നിലയിൽ പുരോഗമിച്ചിരിക്കുന്നു. ആവശ്യമായ വിവരങ്ങൾ നൽകാൻ വേണ്ട പ്രചാരണ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

വിദ്യാർഥികൾ തമ്മിൽ സമ്പർക്കവും സൗഹൃദവും ഉളവാക്കുന്ന അരങ്ങുകളുള്ള സ്ഥാപനങ്ങൾ, ക്രോസ് കൾച്ചറൽ കരിക്കുലം, നല്ല പാർപ്പിടം, ഇഷ്ടമുള്ള ഭക്ഷണം തിരഞ്ഞെടുക്കാനുള്ള സൗകര്യം, ആവശ്യമായ വിവരം തരുന്ന വെബ്സൈറ്റുകൾ, വിദേശസ്ഥാപനങ്ങളിൽ മുൻ പരിചയമുള്ള അധ്യാപകർ, പ്രവൃത്തിപരിചയം നേടാനുള്ള അനുവാദം, ഭിന്നശേഷി സൗഹൃദ കാമ്പസ്സ് തുടങ്ങിയ സംഗതികളാണ് അന്യരാജ്യത്തുനിന്നുള്ള വിദ്യാർഥികളെ ആകർഷിക്കുന്ന ഘടകങ്ങൾ.

## സ്കോളർ കണക്ട്

സ്കോളർ കണക്ട് ആപ്പ് തയാറായിക്കഴിഞ്ഞു. പുറത്തു ഉന്നതവിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ നെറ്റ്‌വർക്കിലൂടെ ബന്ധപ്പെടാൻ സഹായിക്കുന്ന ആപ്പ് ആണിത്. അതുവഴി ഇതിനകം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (കെഎസ്എച്ച്ഇസി) സ്കോളർ കണക്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ആദ്യത്തെ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ്.

കേരള വംശജരായ ആയിരക്കണക്കിന് അക്കാദമിക് വിദഗ്ധരും പ്രൊഫഷണലുകളും ലോകമെമ്പാടുമുള്ള സർവകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നു. എന്നാൽ കേരളത്തിലെ കോളേജുകളുമായും സർവകലാശാലകളുമായും അവരെ ബന്ധിപ്പിക്കുന്നതിന് ശരിയായ സംവിധാനമില്ല. പ്രവാസി പണ്ഡിതരെയും പ്രാദേശിക സ്ഥാപനങ്ങളെയും ഒരുമിച്ച് പ്രവർത്തിക്കാൻ സഹായിക്കുന്ന സുരക്ഷിതവും ഉപയോക്തൃ സൗഹൃദവുമായ മൊബൈൽ, വെബ് പ്ലാറ്റ്ഫോം വഴി സ്കോളർ കണക്ട് ഈ വിടവ് നികത്തുന്നു.

തുല്യ പ്രവേശനമാണ് ഒരു പ്രധാന സവിശേഷത. ഗ്രാമീണ കോളേജുകൾക്കും പ്രമുഖ സർവകലാശാലകൾക്കും പ്രവാസി പണ്ഡിതരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ കഴിയും. ഓൺലൈൻ, നേരിട്ടുള്ള രീതികളിൽ ഗസ്റ്റ് പ്രഭാഷണങ്ങൾ, ഗവേഷണ സഹകരണങ്ങൾ, പാഠ്യപദ്ധതി വികസനം, അറിവ് പങ്കിടൽ എന്നിവ ഇത് പ്രാപ്തമാക്കുന്നു. ഇത് സംസ്ഥാനത്തുടനീളമുള്ള സ്ഥാപനങ്ങൾക്ക് അവസരങ്ങൾ വികസിപ്പിക്കും.



അന്താരാഷ്ട്ര പണ്ഡിതരുമായി വ്യവസ്ഥാപിതമായ ബന്ധം സൃഷ്ടിക്കുന്നതിലൂടെ, സ്കോളർ കണക്ട് അക്കാദമിക് അന്താരാഷ്ട്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഗവേഷണ ദൃശ്യത വർധിപ്പിക്കുകയും വിദേശ വിദ്യാർഥികളെ ആകർഷിക്കുകയും വിദേശത്ത് കേരളത്തിന്റെ അക്കാദമിക് സാന്നിധ്യം വളർത്തുകയും ചെയ്യും. പ്രവാസി സൗഹൃദത്തെ ശാശ്വത പങ്കാളിത്തങ്ങളാക്കി മാറ്റുകയും ഉന്നത വിദ്യാഭ്യാസത്തിനുള്ള ആഗോളതലത്തിൽ ബന്ധപ്പെട്ട ഒരു കേന്ദ്രമായി കേരളത്തെ സ്ഥാപിക്കുകയും ചെയ്യുന്ന മുൻനിര ചുവടുവയ്പാണിത്.

## എന്താണ് ട്രാൻസ്ലേഷണൽ ഗവേഷണം ?

ഗവേഷണഫലം ജനോപകാരപ്രദമായി മാറണം. ഗവേഷണം വഴി സൃഷ്ടിക്കപ്പെടുന്ന വിജ്ഞാനത്തെ നേരിട്ട് പ്രയോഗവും പ്രയോജനവും ഉൽപ്പന്നങ്ങളാക്കി മാറ്റാൻ കഴിയണം. അതാണ് നോളേജ് ട്രാൻസ്ലേഷൻ അഥവാ ജ്ഞാന വിവർത്തനം. സർക്കാർ വലിയ പ്രാധാന്യമാണ് അതിനു നൽകുന്നത്. ട്രാൻസ്ലേഷണൽ ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഓരോ സർവകലാശാലക്കും 20 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകളും ഇങ്കുബേഷൻ സെന്ററുകളും പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുകയാണ്. ഗവേഷണം സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്കും പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനും സഹായകമാവണം. ചില സർവകലാശാലകൾ ഈ വഴിയിലൂടെ ജനോപകാരപ്രദമായ ധാരാളം ഉൽപ്പന്നങ്ങൾ കണ്ടുപിടിച്ചു നിർമ്മിച്ചുകൊണ്ടിരിക്കുന്നു.■

# കേരളത്തിന്റെ ആഗോള കുടുംബം



**ഡോ. ആസാദ് മൂപ്പൻ**
**സ്ഥാപക ചെയർമാൻ, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ**

ഉയർന്ന മാനവവികസനം, കരുത്തുറ്റ ക്ഷേമപദ്ധതികൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണം എന്നിവയുടെ സവിശേഷമായ സംയോജനത്താൽ കേരളത്തിന്റെ വികസനഗാഥ വളരെക്കാലമായി ഇന്ത്യയിലും ലോകമെമ്പാടും പ്രശംസിക്കപ്പെടുന്നു. ഇതിനെ പലപ്പോഴും 'കേരള മോഡൽ' എന്നും വിളിക്കപ്പെടുന്നു. ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ എന്നിവയോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത നിർണ്ണായകമാണെങ്കിലും, ഈ മാതൃകയുടെ ഏറ്റവും പ്രധാനപ്പെട്ടതും എന്നാൽ പലപ്പോഴും അർഹമായ നിലയിൽ അംഗീകരിക്കപ്പെടാതെ പോകുന്നതുമായ ഘടകങ്ങളിലൊന്നാണ് കേരളത്തിൽ നിന്നുള്ള പ്രവാസി സമൂഹം. നാട് വിട്ടുനിൽക്കുമ്പോഴും കേരളത്തോട് മനസ്സ് ചേർത്തുവയ്ക്കുകയും, അതിന്റെ പുരോഗതിക്കായി എന്നും പ്രയത്നിക്കുകയും ചെയ്യുന്നവരാണ് പ്രവാസികൾ.

കേരളത്തിൽ നിന്നുള്ള പ്രവാസികൾ, പ്രത്യേകിച്ച് ഗൾഫ്, യൂറോപ്പ്, വടക്കേ അമേരിക്ക എന്നിവിടങ്ങളിലെ ആളുകൾ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ അതുല്യമായ പങ്കു വഹിക്കുന്നവരാണ്. പ്രവാസി കേരളീയർ (എൻ.ആർ.കെ) നാട്ടിലേക്ക് അയക്കുന്ന പണം കേരളത്തിന്റെ ജിഡിപിയുടെ വലിയൊരു ശതമാനം വരും. ഇത് നാടിന് സാമ്പത്തിക സ്ഥിരത നൽകുക മാത്രമല്ല, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം എന്നിവയിൽ നിക്ഷേപം സാധ്യമാക്കുകയും ചെയ്യുന്നു. ഈ സാമ്പത്തിക സ്രോതസ്സ് കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കാനും ഗുണനിലവാരമുള്ള



**കേരളത്തിലെ പ്രവാസികൾ വിദേശത്ത് താമസിക്കുന്ന ഒരു സമൂഹം മാത്രമല്ല, അവർ കേരളത്തിന്റെ മുന്നേറ്റത്തിൽ അവിഭാജ്യ ഘടകമാണ്. സംസ്ഥാനത്തിന്റെ വികസനം, ക്ഷേമം, ഭരണ നേട്ടങ്ങൾ എന്നിവ നിലനിർത്തുന്ന ഒരു ജീവിതരേഖയാണത്**

വിദ്യാഭ്യാസം നേടാനും ആധുനിക ആരോഗ്യ പരിരക്ഷ നേടാനും അതുവഴി സമൂഹത്തിന്റെ ഉന്നമനത്തിനും ദാരിദ്ര്യം കുറയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്. കേരള മാതൃകയുടെ ഉദാഹരണങ്ങളായ സംരംഭങ്ങൾ നിലനിർത്താനും, ക്ഷേമകേന്ദ്രീകൃതമായ കേരളത്തിന്റെ സാമ്പത്തിക ചട്ടക്കൂടിന്റെ നട്ടെല്ലാവാനും പ്രവാസികൾ നൽകുന്ന ഈ സംഭാവനകൾ സഹായകമാകുന്നു.

സാമ്പത്തിക നിക്ഷേപത്തിനപ്പുറം, പ്രവാസികൾക്ക് ആഴത്തിലുള്ള സാമൂഹിക സ്വാധീനവും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ജീവിതനിലവാരത്തിൽ നിന്ന് നാട്ടിലെ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനൊപ്പം, ആഗോള മലയാളി സ്വത്വം സൃഷ്ടിക്കുന്ന ഇടപെടലുകൾ അന്തർദേശീയ തലത്തിൽ കേരളത്തിന്റെ സാന്നിധ്യം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. വിദേശത്ത് കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യങ്ങൾ, പാചകരീതികൾ, കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന സാംസ്കാരിക അംബാസഡർമാരായി പ്രവാസികൾ പ്രവർത്തിക്കുന്നു. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളിലായാലും കോവിഡ്-19 മഹാമാരി പോലുള്ള പൊതുജനാരോഗ്യ അടിയന്തരാവസ്ഥകളിലായാലും മാനുഷിക ശ്രമങ്ങളിൽ അവരുടെ ഇടപെടൽ കേരളത്തിന്റെ ഐക്യദാർഢ്യം, സഹാനുഭൂതി, സാമൂഹിക സേവനം എന്നിവയടങ്ങുന്ന മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ പ്രവാസികൾ വഹിച്ച പങ്ക് നിസ്തുലമാണ്.

കേരളത്തിന്റെ മെഡിക്കൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കാണ് പ്രവാസികളും, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ പോലുള്ള സ്ഥാപനങ്ങളും വഹിക്കുന്നത്. ഈ ഇടപെടലുകളിലൂടെ ആരോഗ്യ സംരക്ഷണരംഗം പരിവർത്തനത്തിന്റെ മേഖലയിൽ മുന്നേറുകയാണ്. നൂതന ആശുപത്രി സൗകര്യങ്ങളെ പിന്തുണയ്ക്കുന്നത് മുതൽ നഗര, ഗ്രാമപ്രദേശങ്ങളിൽ പ്രത്യേക പരിചരണത്തിനുള്ള പ്രവേശനം സാധ്യമാക്കുന്നതുവരെയുള്ള, ഈ സംയുക്ത ശ്രമങ്ങൾ കേരളത്തിലെ പൗരന്മാർക്ക് ഉയർന്ന നിലവാരമുള്ള ആരോഗ്യ പരിരക്ഷ നൽകുന്നത് തുടരുമെന്ന് ഉറപ്പാക്കുന്നതിനൊപ്പം, ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയായി വർത്തിക്കുകയും ചെയ്യുന്നു.

പ്രവാസികളുമായുള്ള ഈ നിർണ്ണായക ബന്ധം കേരള സർക്കാർ അംഗീകരിക്കുകയും, ആഗോള പൗരന്മാരെ പിന്തുണയ്ക്കുന്നതിനായി നയങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. പ്രവാസി ക്ഷേമനിധി, നോർക്ക-റൂട്ട്സ് തുടങ്ങിയ ഉദ്യമങ്ങൾ എൻ.ആർ.കെയുടെ സേവനങ്ങൾ കാര്യക്ഷമമാക്കാനും നൈപുണ്യവും വിജ്ഞാന കൈമാറ്റവും പ്രോത്സാഹിപ്പിക്കാനും നിക്ഷേ





കേരളത്തിന്റെ മെഡിക്കൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കാണ് പ്രവാസികളും, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ പോലുള്ള സ്ഥാപനങ്ങളും വഹിക്കുന്നത്.

പത്തിനും സംരംഭകത്വത്തിനും വഴികൾ തുറക്കാനും ലക്ഷ്യമിടുന്നു. ഈ ശ്രമങ്ങൾ പ്രവാസികളുടെ ഇടപഴകൽ വർധിപ്പിക്കുക മാത്രമല്ല, അവരുടെ സംഭാവനകൾ കേരളത്തിന്റെ ക്ഷേമ സംവിധാനങ്ങളും വികസന ലക്ഷ്യങ്ങളും നിലനിർത്തുന്നതിന് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

ഭാവിയിലേക്ക് നോക്കുമ്പോൾ, പ്രവാസികളും സംസ്ഥാനവും ചേർന്നുള്ള നീക്കങ്ങൾ കൂടുതൽ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നു. മടങ്ങിയെത്തുന്ന പ്രൊഫഷണലുകളും സംരംഭകരും സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, ബിസിനസ്സ് എന്നീ മേഖലകളിൽ ആഗോള വൈദഗ്ധ്യം കൊണ്ടുവരികയും പ്രാദേശിക വ്യവസായങ്ങളെ സമ്പന്നമാക്കുകയും പുതുമകൾ വളർത്തുകയും ചെയ്യുന്നു. ആഗോള മലയാളികളുടെ ഈ വിശാലമായ ശൃംഖല പ്രയോജനപ്പെടുത്തുന്നതിലൂടെ കേരളത്തിന് വിജ്ഞാന കൈമാറ്റം ത്വരിതപ്പെടുത്താനും നിക്ഷേപം ആകർഷിക്കാനും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളെ കൂടുതൽ ശക്തിപ്പെടുത്താനും കഴിയും.

പ്രവാസികളും സംസ്ഥാനവും തമ്മിലുള്ള തുടർച്ചയായ സഹകരണം സാമൂഹിക സമത്വം, സമഗ്രമായ വളർച്ച, സുസ്ഥിര വികസനം എന്നിവയോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് കേരള മാതൃക ചലനാത്മകമായി വികസിക്കുന്നുവെന്ന് ഉറപ്പാക്കും.

ചുരുക്കത്തിൽ, കേരളത്തിലെ പ്രവാസികൾ വിദേശത്ത് താമസിക്കുന്ന ഒരു സമൂഹം മാത്രമല്ല, അവർ കേരളത്തിന്റെ മുന്നേറ്റത്തിൽ അവിഭാജ്യ ഘടകമാണ്. സംസ്ഥാനത്തിന്റെ വികസനം, ക്ഷേമം, ഭരണ നേട്ടങ്ങൾ എന്നിവ നിലനിർത്തുന്ന ഒരു ജീവിതരേഖയാണത്. അവരുടെ സംഭാവനകളും ആസ്റ്റർ പോലുള്ള സ്ഥാപനങ്ങളുടെ സജീവമായ പങ്കും ഒരു ആഗോള കുടുംബത്തിന് പുരോഗമനപരവും ഊർജസ്വലവും സാമൂഹികബോധമുള്ളതുമായ ഒരു സമൂഹത്തിന്റെ അടിത്തറയെ എങ്ങനെ ശക്തിപ്പെടുത്താം എന്നതിന് ഉദാഹരണമാണ്. കേരളം നവീകരണം തുടരുകയും വളരുകയും ചെയ്യുമ്പോൾ, വരും തലമുറകളെ ഉൾക്കൊള്ളുന്ന വികസനത്തിന്റെ തിളക്കമാർന്ന ഉദാഹരണമായി കേരള മോഡൽ തുടരുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട്, പ്രവാസി സമൂഹത്തെയും സുപ്രധാന പങ്കാളികളാക്കി മുന്നോട്ടുള്ള പ്രയാണം തുടരാം.



> പ്രവാസികേരളീയരുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം.

# പ്രവാസത്തിന് കരുതൽ

**സി.എസ്.അഖിൽ**
പ്രോഗ്രാം & റിസർച്ച് ലീഡ്, ലോകകേരള സഭ സെക്രട്ടറിയറ്റ്

2024-ലെ ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകളനുസരിച്ച് ആകെ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം 30.4 കോടിയാണ്. ഇത് ലോകജനസംഖ്യയുടെ 3.7% വരും. 1990-ൽ ഉണ്ടായിരുന്ന 15.4 കോടി എന്ന കണക്കുമായി താരതമ്യം ചെയ്യുമ്പോൾ, ഈ സംഖ്യ ഏകദേശം ഇരട്ടിയായി വർധിച്ചിട്ടുണ്ട്. കുടിയേറ്റക്കാർ പ്രധാനമായും എത്തിച്ചേരുന്ന മേഖലകളിൽ യൂറോപ്പ് (9.4 കോടി), വടക്കൻ അമേരിക്ക (6.1 കോടി), വടക്കൻ ആഫ്രിക്കയും പശ്ചിമേഷ്യയും (5.4 കോടി) എന്നിവ മുൻപന്തിയിലാണ്. എന്നാൽ, അവിടങ്ങളിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ, ഓഷ്യാനിയ (21%), വടക്കൻ അമേരിക്ക (16%), യൂറോപ്പ് (13%) എന്നിവിടങ്ങളിലാണ് കുടിയേറ്റക്കാരുടെ ഏറ്റവും ഉയർന്ന വിഹിതം കാണുന്നത്. രാജ്യങ്ങൾ പരിഗണിക്കുമ്പോൾ, അമേരിക്കൻ ഐക്യനാടുകളാണ് ഏറ്റവും കൂടുതൽ കുടിയേറ്റക്കാരുള്ള രാജ്യം (5.24 കോടി), തൊട്ടുപിന്നാലെ ജർമ്മനി (1.68 കോടി), സൗദിഅറേബ്യ (1.37 കോടി), യുണൈറ്റഡ് കിങ്ഡം (1.18 കോടി), ഫ്രാൻസ് (92 ലക്ഷം) എന്നിവയും പ്രധാന ലക്ഷ്യസ്ഥാനങ്ങളാണ്.

മലയാളിപ്രവാസത്തിന്റെ ഏറ്റവും വിശ്വസനീയമായ കണക്കുകൾ കേരള മൈഗ്രേഷൻ സർവേ വഴിയാണ് ലഭ്യമാകുന്നത്. കേരള മൈഗ്രേഷൻ സർവെ 2023 പ്രകാരം, കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം ഏകദേശം 2.2 ദശലക്ഷം ആയി കണക്കാക്കപ്പെടുന്നു.

കേരളത്തിന്റെ കുടിയേറ്റ ചിത്രം അതിവേഗം




മാറിക്കൊണ്ടിരിക്കുകയാണ്. ജിസിസി രാജ്യങ്ങളിലേക്ക് കുടിയേറുന്നവരുടെ എണ്ണത്തിൽ ദീർഘകാലമായി മുന്നിൽനിൽക്കുന്ന ഒരു മേഖലയായി കേരളം അറിയപ്പെട്ടിരുന്നുവെങ്കിലും, ഇപ്പോൾ ലക്ഷ്യസ്ഥാനങ്ങളിലും കുടിയേറ്റത്തിന്റെ സ്വഭാവത്തിലും വൈവിധ്യവൽക്കരണം സംഭവിക്കുന്നു. കേരള മൈഗ്രേഷൻ സർവെ 2023 സൂചിപ്പിക്കുന്നത്, ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം 2018-ലെ 89.2% -ൽനിന്ന് 2023-ൽ 80.5% ആയി കുറഞ്ഞു എന്നാണ്.

## പ്രവാസി വകുപ്പ് രാജ്യത്താദ്യം

പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സംസ്ഥാനതലനയങ്ങൾ ആരംഭിക്കുന്നതിനുള്ള ഈ ശ്രമത്തിന് നേതൃത്വം നൽകി



നോർക്ക റൂട്ട്സിനു പുറമേ നാലുസ്ഥാപനങ്ങൾ കൂടി നോർക്ക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. 2009-ൽ സ്ഥാപിതമായ നോർക്ക വെൽഫെയർ ബോർഡ്, പ്രവാസി പെൻഷൻ സ്കീം പോലുള്ള ക്ഷേമപരിപാടികൾ കൈകാര്യം ചെയ്യുന്നു.

കൊണ്ട്, 1996-ൽ കേരളം നോൺ-റെസിഡന്റ് കേരളൈറ്റ്സ് അഫയേഴ്സ് (NORKA) പ്രവാസി കേരളീയകാര്യ വകുപ്പ് ഒരു സർക്കാർ വകുപ്പായി സ്ഥാപിച്ചു. പ്രവാസികളുടെ ക്ഷേമത്തിനായി പദ്ധതികൾ രൂപപ്പെടുത്താനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും വേണ്ടിയാണ് നോർക്ക സ്ഥാപിക്കപ്പെട്ടത്. 2002 ൽ സ്ഥാപിതമായ നോർക്ക വകുപ്പിന്റെ നിർവഹണവിഭാഗമായ നോർക്ക-റൂട്ട്സ്, സംസ്ഥാനതല കുടിയേറ്റ ഭരണതലത്തിലെ അനുകരണീയമായ മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

നോർക്ക റൂട്ട്സിനു പുറമേ നാലുസ്ഥാപനങ്ങൾ കൂടി നോർക്ക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. 2009-ൽ സ്ഥാപിതമായ നോർക്ക വെൽഫെയർ ബോർഡ്, പ്രവാസി പെൻഷൻ സ്കീം പോലുള്ള ക്ഷേമപരിപാടികൾ കൈകാര്യം ചെയ്യുന്നു. ഇത് പ്രവാസികൾക്കും മടങ്ങിയെത്തുന്നവർക്കും സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു. പെൻഷൻ പദ്ധതി മുഖേന പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ മാസംതോറും 3,500 രൂപ പെൻഷൻ ലഭിക്കുന്നു. പ്രവാസി കേരളീയർ (എൻ.ആർ.കെ.കൾ) ഉന്നയിക്കുന്ന പരാതികളും തർക്കങ്ങളും പരിഹരിക്കുന്ന ഒരു അർധ ജുഡീഷ്യൽ സ്ഥാപനമാണ് എൻ.ആർ.ഐ.(കെ) കമ്മീഷൻ. കൂടാതെ, 2017-ൽ നിലവിൽ വന്ന ലോകകേരളസഭ, നയരൂപവൽക്കരണത്തിൽ പ്രവാസികൾക്ക് പങ്കുചേരാനുള്ള ഒരു വേദി ഒരുക്കുന്നു. ലോകകേരളസഭയുടെ സമ്മേളനങ്ങൾ രണ്ടു വർഷത്തിൽ ഒരിക്കൽ സംഘടിപ്പിക്കുന്നു. നിലവിൽ 103 രാജ്യങ്ങളിൽനിന്നും 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രവാസി പ്രതിനിധികൾ സഭയുടെ ഭാഗമാണ്. അതോടൊപ്പം 2019 ൽ സ്ഥാപിതമായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിങ് ലിമിറ്റഡ് (OKIH) പ്രവാസികൾക്ക് കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനപദ്ധതികളിൽ നിക്ഷേപം നടത്താൻ സൗകര്യമൊരുക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ഒൻപതുവർഷംകൊണ്ട് നോർക്കയുടെ പദ്ധതിവിഹിതത്തിൽ അഞ്ചിരട്ടി വർധനവാണ് ഉണ്ടായത്. നോർക്കയുടെ ആദ്യ പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട്സ് ഫോർ റിട്ടേൺ മൈഗ്രന്റ്സ് 2013 മുതൽ നാളിതുവരെ 8900 ൽ പരം സ്ഥാനങ്ങൾ ആരംഭിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ് കാലത്തു തിരികെയെത്തിയ പ്രവാസികൾക്കായി ആരംഭിച്ച പ്രവാസി ഭദ്രത മറ്റൊരു പുനരധിവാസ പദ്ധതിയാണ്. ഇതു കൂടാതെ അടിയന്തരസഹായവും പ്രതിസന്ധിഘട്ടങ്ങളിലുള്ള ഇടപെടലുകളും ഉറപ്പുവരുത്തുന്ന 'സാന്ത്വന' പോലെയുള്ള സമാശ്വാസപരിപാടികൾ, ഐഡന്റിറ്റി ഡോക്യുമെന്റേഷൻ, നോർക്ക കെയർ, പ്രവാസിരക്ഷ ഇൻഷുറൻസ് പദ്ധതികൾ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ, സുതാര്യമായ റിക്രൂട്ട്മെന്റ് വഴി സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്ന പദ്ധതികൾ അടക്കമുള്ള കുടിയേറ്റ സംബന്ധിയായ സേവനങ്ങൾ, വിദേശത്തുള്ള കേരളീയരുമായി സാംസ്കാരികവും വികസനപരവുമായ ബന്ധം നിലനിർത്താൻ സഹായിക്കുന്ന ഡയസ്പോറ എൻഗേജ്മെന്റ് പദ്ധതികൾ എന്നിവയും നോർക്ക വകുപ്പിന്റെ ഭാഗമാണ്. ■





> ആകെ ബജറ്റിന്റെ 21.5 ശതമാനം വരെ ലിംഗനീതിക്കായി നീക്കിവച്ചുകൊണ്ട് ഈ സർക്കാർ ചരിത്രം സൃഷ്ടിച്ചു. 2017-18 മുതൽ എല്ലാ വർഷവും സംസ്ഥാന ബജറ്റിനൊപ്പം വാർഷിക ജെൻഡർ ബജറ്റും അവതരിപ്പിച്ചു വരുന്നു.



# സ്ത്രീപക്ഷ നവകേരളം


**ആർ. പാർവതി ദേവി**
മാധ്യമപ്രവർത്തക, എഴുത്തുകാരി


'സ്ത്രീപക്ഷ നവകേരളം' എന്ന ഏറ്റവും പുരോഗമനപരവും നവ്യവുമായ പ്രഖ്യാപനമാണ് കേരളസർക്കാർ നടത്തിയിരിക്കുന്നത്. ടസാമൂഹികസൂചകങ്ങളിൽ കേരളത്തെ ഇന്ത്യയിലെ പ്രഥമസ്ഥാനത്തെത്തിച്ചതിൽ ലിംഗനീതിയുടെ മേഖലയിലെ ഇടപെടലിന് നിർണായക സ്ഥാനമാണുള്ളത്. മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക്, സ്ത്രീസാക്ഷരത, സ്ത്രീപുരുഷാനുപാതം തുടങ്ങിയ സൂചകങ്ങളിൽ കേരളം വികസിതപാശ്ചാത്യ രാജ്യങ്ങൾക്കൊപ്പമാണ്.

ആകെ ബജറ്റിന്റെ 21.5 ശതമാനം വരെ ലിംഗനീതിക്കായി നീക്കിവച്ചുകൊണ്ട് ഈ സർക്കാർ ചരിത്രം സൃഷ്ട്ടിച്ചു. 2017-18 മുതൽ എല്ലാ വർഷവും സംസ്ഥാന ബജറ്റിനൊപ്പം വാർഷിക ജെൻഡർ ബജറ്റും അവതരിപ്പിച്ചു വരുന്നു. ഓരോവർഷവും തുടർച്ചയായ വർധനവാണ് സ്ത്രീകൾക്കായുള്ള പദ്ധതിവിഹിതത്തിൽ വരുത്തുന്നത്.

ഉന്നതവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളാണ് കേരളത്തിലെ സർവകലാശാലകളിൽ എണ്ണത്തിൽമുന്നിൽ.വിദ്യാർഥിനികൾക്ക് ആർത്തവാവധി അവകാശമാക്കിയ തീരുമാനം ഏറെ പ്രശംസിക്കപെട്ടു. ഹോസ്റ്റൽ സമയം വിദ്യാർഥിനികൾക്ക് സൗകര്യപ്രദമാക്കുവാനും ലൈബ്രറിയും ലാബും പെൺകുട്ടികൾക്ക് സ്വ



തന്ത്രമായി പ്രാപ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

## ലിംഗ തുല്യതയ്ക്കായി

പൊതുവിദ്യാഭ്യാസരംഗത്ത് വളരെ മുമ്പുതന്നെ കേരളം ലിംഗതുല്യത കൈവരിച്ചിരുന്നു. പാഠ്യപദ്ധതിയിൽ ജെൻഡർ വിഷയമായി ഉൾപ്പെടുത്തുകയും യൂണിഫോം ജെൻഡർ ന്യൂട്രൽ ആക്കുകയും ചെയ്തത് വിദ്യാർഥിനികൾ ഉൾപ്പടെയുള്ള വിഭാഗങ്ങളുടെ ആവശ്യപ്രകാരമാണ്. സാക്ഷരതയിലും വിദ്യാഭാസത്തിലും സ്ത്രീകൾ മുന്നിൽ നിൽക്കുന്ന സാഹചര്യം ഉപയോഗപ്പെടുത്തി തൊഴിൽമേഖലയിൽ സ്ത്രീപങ്കാളിത്തം വർധിപ്പിക്കുക യെന്ന ലക്ഷ്യം വളരെ ഗൗരവമായി സർക്കാർ ഏറ്റെടുത്തിരിക്കുന്നു. വിജ്ഞാനകേരളം പദ്ധതിയുടെ മുഖ്യഉപഭോക്താക്കൾ സ്ത്രീകളും പെൺകുട്ടികളുമാണ്. പൊതു, സ്വകാര്യമേഖലയിൽ 20 ലക്ഷം യുവതീയുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുകയാണ് വിജ്ഞാനകേരളം പദ്ധതി വിഭാവനം ചെയ്യുന്നത്. വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം പോലെയുള്ള തൊഴിൽ സാധ്യതകൾ സ്ത്രീകളുടെ പ്രത്യേക സാമൂഹിക സാഹചര്യം കണക്കിലെടുത്ത് ആരംഭിച്ചതാണ്.

## കുടുംബശ്രീ

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം നാൾക്കുനാൾ വളർന്നു പന്തലിക്കുന്നു. 47 ലക്ഷം സ്ത്രീകൾ അംഗങ്ങളായ കുടുംബശ്രീയുടെ ബൈലോ ഭേദഗതി ഈ മേഖല യിലെ നിർണ്ണായക ചുവടുവയ്പ്പാണ്. ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഉള്ളവർക്കും ഇനിമേൽ അംഗങ്ങളാകാം. കലാലയങ്ങളിലേക്കും കുടുംബശ്രീ പടർന്നു പിടിക്കുന്നു. ഓക്സിലറി ഗ്രൂപ്പുകൾ ആരംഭിച്ചത് യുവതികളിൽ സംരംഭകത്വം വളർത്തുന്നതിനാണ്. കേരളത്തിൽ പുതിയതായി ആരംഭിച്ച സ്റ്റാർട്ടപ് മിഷന് കീഴിൽ 4000 ൽ കൂടുതൽ സംരംഭങ്ങൾ ഉള്ളതിൽ 40% സ്ത്രീകളുടേതാണ്.

## വനിതാശിശു വികസന വകുപ്പ്

2017 ൽ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി കേരളസർക്കാർ പ്രത്യേക വകുപ്പ് ആരംഭിച്ചു. വനിതാശിശു വികസന വകുപ്പിന് കീഴിൽ സ്ത്രീകളുടെ സർവതോമുഖമായ വികസനത്തിനുതകുന്ന ഒട്ടനവധി പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ ഒരു പുരുഷാധിപത്യ, മുതലാളിത്ത സമൂഹത്തിൽ പ്രാന്തവത്കരിക്കപ്പെട്ട ജനവിഭാഗം എന്ന നിലയിൽ സ്ത്രീകൾ എല്ലാ മേഖലകളിലും അതിക്രമങ്ങൾ നേരിടുന്നു. ഇവയെ പ്രതിരോധിക്കുക എന്നത് സർക്കാരിന്റെ മുൻഗണനകളിൽപ്പെടുന്നു. അതിജീവിതമാർക്ക് പ്രതീക്ഷയും അഭയവും നൽകുന്നതിന് 'എന്റെ കൂട്', രക്ഷാദൂത്, പടവുകൾ, സഹായഹ

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം നാൾക്കുനാൾ വളർന്നു പന്തലിക്കുന്നു. 47 ലക്ഷം സ്ത്രീകൾ അംഗങ്ങളായ കുടുംബശ്രീയുടെ ബൈലോ ഭേദഗതി ഈ മേഖലയിലെ നിർണ്ണായക ചുവടുവയ്പ്പാണ്.

സ്ത്രം, മംഗല്യ, അഭയകിരണം തുടങ്ങിയ പദ്ധതികൾ നിലവിലുണ്ട്. ഒറ്റയ്ക്ക് യാത്രചെയ്യുന്ന വനിതകൾക്കായി സേഫ് സ്റ്റേ പദ്ധതി, വനിതാമിത്ര കേന്ദ്രങ്ങൾ, തൊഴിലരങ്ങ്, ഷീ പാഡ് പദ്ധതി, ഭാസുര, പരിണയം എന്നിവയും സ്ത്രീകളുടെ ഉന്നമനത്തിന് ആക്കംകൂട്ടുന്നു.

വനിതാവികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗത്തിലെ സ്ത്രീകളെ സാമ്പത്തിക സ്വാശ്രയത്വത്തിലൂടെ ശക്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. 42,469 ഗുണഭോക്താക്കൾക്കായി 658.57 കോടി രൂപ വനിതാ വികസന കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടതാണ് ഈ പ്രവർത്തനങ്ങൾ.

## പോഷ് ആക്ട്

ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് തൊഴിലെടുക്കുന്ന സ്ത്രീകളുടെ ഇരിക്കാനുള്ള അവകാശം സ്ഥാപിക്കാൻ കഴിഞ്ഞതും അധ്യാപികമാർക്ക് സൗകര്യപ്രദമായ ഏത് വസ്ത്രവും ധരിക്കാമെന്ന് ഉത്തരവിറക്കിയതും സവിശേഷ പരാമർശം അർഹിക്കുന്നു. പോഷ് ആക്റ്റ് ഫലപ്രദമാക്കുന്നതിനു ശക്തമായ നടപടികളാണ് വനിതാ ശിശുവികസന വകുപ്പ് സ്വീകരിച്ചത്.





പോലീസ് സേനയിലേക്ക് സ്ത്രീകളുടെ പ്രത്യേക റിക്രൂട്ടിങ് യാഥാർത്ഥ്യമാക്കി. പ്രത്യേക സ്ത്രീ ബറ്റാലിയൻ രൂപീകരിച്ചു. നിർഭയ പദ്ധതിക്കു പുറമേ പോലീസിന്റെ ആഭിമുഖ്യത്തിൽ അപരാജിത ഹെൽപ് ലൈൻ, പോലീസ് സ്റ്റേഷനുകളിലെ വനിതാ ഹെൽപ് ഡെസ്ക്, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്, സൈബർ പോലീസ് സ്റ്റേഷനുകൾ, വിമൻ സെൽഫ് ഡിഫൻസ് ട്രെയിനിങ് എന്നിവയും സജ്ജമാക്കി. സ്നേഹിത ഹെൽപ് ഡെസ്കിലേക്ക് നൂറു കണക്കിന് ഫോൺ കോളുകൾ ആണ് സഹായം അഭ്യർത്ഥിച്ചു വരുന്നത്. ചരിത്രത്തിലാദ്യമായി ഫയർ ആൻഡ് റെസ്ക്യൂ വനിതാ ഓഫീസർമാരെ നിയമിച്ചു.

സാംസ്കാരികരംഗത്തും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് തെളിയിക്കുന്നതാണ് സിനിമനിർമ്മാണത്തിനായി സ്ത്രീകൾക്ക് ഒരു കോടി രൂപ നൽകാനുള്ള തീരുമാനം. ഈ പദ്ധതി പ്രകാരം ഇതുവരെ ഏഴ് സിനിമകൾ സ്ത്രീകൾ സംവിധാനം ചെയ്തു, ഇവയെല്ലാം ദേശീയ, സംസ്ഥാന മത്സരങ്ങളിൽ പുരസ്കൃതമായെന്നതും ശ്രദ്ധേയമാണ്.

ലിംഗനീതി ഉറപ്പാക്കുന്നതിന് സ്ത്രീകളുടെ ശക്തീകരണം മാത്രമല്ല പ്രധാനമെന്ന് സർക്കാർ തിരിച്ചറിയുന്നു സാമൂഹികനീതി വകുപ്പിനു കീഴിൽ എല്ലാ ലിംഗവിഭാഗങ്ങളുടെയും അവകാശ സംരക്ഷണം സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ഇന്ത്യയിൽ ആദ്യമായി ട്രാൻസ് വിഭാഗങ്ങൾക്ക് നയം രൂപവൽക്കരിക്കുകയും ട്രാൻസ്ജൻഡർ ബോർഡ് സ്ഥാപിക്കുകയും ചെയ്തത് കേരളത്തിലാണ്. മഴവില്ല് എന്ന പദ്ധതി ട്രാൻസ് സമൂഹത്തിന്റെ സമഗ്രവികസനം ലക്ഷ്യം വയ്ക്കുന്നു. ക്രൂരമായ അതിക്രമങ്ങൾ നേരിടുന്നവർക്കായി ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ ഈ മേഖലയിൽ നടത്തുന്ന ഇടപെടലുകളിൽ പ്രധാനമാണ്. കൂടാതെ പ്രതിഭ, അനന്യം, യത്നം, സാകല്യം, കരുതൽ, വർണം, സഫലം തുടങ്ങിയ പദ്ധതികളും ഫലപ്രദമായി പ്രവർത്തിക്കുന്നു. വിധവകൾ, ഭിന്നശേഷിക്കാർ, അവിവാഹിത അമ്മമാർ, പട്ടികജാതി/വർഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ തുടങ്ങി സ്ത്രീകളിൽത്തന്നെ കൂടുതൽ വിവേചനവും ചൂഷണവും നേരിടുന്നവർ നിരവധിയാണ്. ഓരോ വിഭാഗത്തെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സമത്വമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനും കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഈ ഇടപെടലുകളെല്ലാം വെളിപ്പെടുത്തുന്നു.■

# കേരളത്തിലെ സാക്ഷരതയുടെ ചരിത്രം

■ ഡോ.എ.ജി.ഒലീന
ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ



ജനകീയവിദ്യാഭ്യാസ മുന്നേറ്റമാണ് ആധുനിക കേരളത്തെ രൂപപ്പെടുത്തിയത്. കേരളവികസനം ഒരു മാതൃകയായി ലോകം അംഗീകരിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് സാക്ഷരതയിൽ കൈവരിച്ച നേട്ടങ്ങൾ പ്രധാനം തന്നെയാണ്. കേവലം സർക്കാർ സംവിധാനങ്ങൾകൊണ്ട് മാത്രമല്ല മറിച്ച് നിസ്വാർഥ സന്നദ്ധസേവന താൽപര്യത്തോടെ ഒരു സമൂഹം ഉയർത്തെഴന്നേറ്റതിന്റെ നേർചിത്രം കൂടിയാണത്. അതിന് നേതൃത്വം നൽകിയതിൽ കേരളത്തിലെ സന്നദ്ധസംഘടനകൾ വഹിച്ച പങ്ക് ചരിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ട്. കാൻഫെഡ്, ഗ്രന്ഥശാല സംഘം, കേരളശാസ്ത്ര സാഹിത്യപരിഷത്ത് മുതലായ സന്നദ്ധസംഘടനകൾ ഈ രംഗത്ത് സവിശേഷ സംഭാവനകൾ നൽകിയവരാണ്.

ഉച്ചനീചത്വങ്ങളുടെ പേരിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഒരുജനതയ്ക്ക് ഉയർത്തെഴുന്നേൽക്കാനുള്ള ആർജവം ലഭിച്ചതിനു പിന്നിൽ നവോത്ഥാനം വഹിച്ച് പങ്ക് വിസ്മരിക്കാവുന്നതല്ല. നവോത്ഥാനനായകർ വിദ്യകൊണ്ട് പ്രബുദ്ധരാകുവാനാണ് നിർദ്ദേശിച്ചത്. ഇതിന്റ തുടർച്ചയെന്നോണമാണ് സന്നദ്ധസംഘടനകളുടെയും സർക്കാരിന്റെയും നേതൃത്വത്തിൽ ജനകീയവിദ്യാഭ്യാസപരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് സാമൂഹിക മാറ്റത്തിന് ദീപം തെളിയിച്ചത്. ഇത് കേരളത്തിന്റെ വികസന രംഗത്ത് പുത്തൻ ദിശാബോധവും ഉണർവും പ്രദാനം ചെയ്തു. അധികാരവികേന്ദ്രീകരണം, സ്ത്രീശക്തീകരണം, ജനാധിപത്യപ്രക്രിയകൾ എന്നിവയ്ക്ക് അടിത്തറ പാകുക കൂടി ചെയ്തു.

## കേരളത്തിലെ സാക്ഷരതാ പ്രസ്ഥാനം

കേരളത്തെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുകയായിരുന്നു ഒറ്റയ്ക്കും കൂട്ടായ്മയോടെയും നടത്തിയ നിരക്ഷരതാനിർമ്മാർജന പ്രവർത്തനങ്ങൾ. വായിച്ചു വളരുന്ന ഒരു സമൂഹത്തിനായി രൂപം നൽകിയ ഗ്രന്ഥശാലസംഘം ഒരു പഠനസമൂഹത്തെ വിഭാവനം ചെയ്യുകയും അതിനായി പ്രയത്നിക്കുകയും ചെയ്തു. ഗ്രന്ഥശാലകളോട് ചേർന്ന് നിശാപാഠശാലകൾ രൂപംകൊണ്ടു. എഴുപതുകളിലെ കേരളത്തിന്റെ യുവത്വം ഇതിന് നേതൃത്വം നൽകി. സാക്ഷരതാപരിപാടികൾക്കായി നവസാക്ഷരഗ്രന്ഥങ്ങൾക്കും അടിസ്ഥാന പാഠാവലികൾക്കും രൂപംനൽകി. 1975 ലെ ക്രൂപ്സ്ക്കായാ സാക്ഷരത അവാർഡ് നേടി കേരള ഗ്രന്ഥശാലസംഘം രാജ്യത്തിന് മാതൃകയായി.

കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) എന്ന സന്നദ്ധ സംഘടനയാണ് ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ സാക്ഷരതാ സമീപനം പരീക്ഷിച്ചത്. കണ്ണൂർ ജില്ലയിലെ ഏഴോം എന്ന ഗ്രാമത്തിലായിരുന്നു ചരിത്രപരമായ സാക്ഷരതാ ക്യാമ്പയിൻ വിജയം കണ്ടത്. 1986 ൽ ഏഴോം ഗ്രാമം സമ്പൂർണ്ണസാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചു. ഈ സംരംഭത്തിന്റെ സ്മരണ വിളിച്ചോതിക്കൊണ്ട് അവിടെ കാൻഫെഡ് ഭവൻ സ്ഥാപിതമായി. അനൗപചാരികവിദ്യാഭ്യാസ പ്രചരണത്തിന് ബഹുമുഖ പരിപാടികൾ



> **കേരളത്തെ സമ്പൂർണ്ണസാക്ഷരത സംസ്ഥാനമാക്കി മാറ്റിയ പദ്ധതിയെ അക്ഷരകേരളം സമ്പൂർണ്ണ സാക്ഷരതാപരിപാടി എന്നാണ് വിശേഷിപ്പിച്ചത്.**

ആവിഷ്കരിച്ച് നടപ്പിലാക്കി. വിവിധതരം സാക്ഷരതാഗ്രന്ഥങ്ങൾ, നാനാവിഷയങ്ങൾ സംബന്ധിച്ച് പാഠാവലികൾ, വീഡിയോകൾ, നവസാക്ഷരർക്കു വേണ്ടി ആഴ്ചപ്പതിപ്പുകൾ, മാസികകൾ എന്നിവ പ്രസിദ്ധീകരിച്ചു. ഒരു ബഹുജനപ്രസ്ഥാനം എന്ന നിലയിൽ നിരക്ഷരതയ്ക്കെതിരെ സംസ്ഥാന വ്യാപകമായി വിവിധ പരിപാടികൾക്ക് രൂപം നൽകി. അതിൽ പ്രധാനം 1978- ൽ കേരളത്തിന്റെ വടക്കേയറ്റത്തെ വോർക്കാടി ഗ്രാമം മുതൽ തെക്കേയറ്റത്തെ പാറശ്ശാല വരെ നടത്തിയ ഗ്രാമഗ്രാമാന്തരം സമ്പർക്ക പ്രചരണ ജാഥയായിരുന്നു. അനൗപചാരിക വിദ്യാഭ്യാസ സന്ദേശം കേരളത്തിലെ ഗ്രാമങ്ങളിൽ എത്തിക്കുന്നതിൽ അത് വലിയ പങ്കു വഹിച്ചു.

## അക്ഷരനഗരിയും ജില്ലയും

മഹാത്മാഗാന്ധി സർവകലാശാലയിലെ എൻ.എസ്.എസ് വിഭാഗത്തിന്റെയും കോട്ടയം നഗരസഭയുടെയും സന്നദ്ധസംഘടനകളുടെയും ജനപ്രതിനിധികളുടെയും കൂട്ടായ്മയായിരുന്നു കോട്ടയം സമ്പൂർണ്ണസാക്ഷരതാപരിപാടി. കോട്ടയം നഗരത്തെ 100 ദിവസം കൊണ്ട് 100% സാക്ഷരത കൈവരിക്കുക എന്നതായിരുന്നു ലക്ഷ്യം. People Education Literacy Campaign Kottayam (PELCK) എന്നാണ് പരിപാടി അറിയപ്പെട്ടത്. ആറ് മുതൽ 60 വയസ്സ് വരെ പ്രായപരിധിയിൽപ്പെട്ട 2209 നിരക്ഷരരെ സാക്ഷരരാക്കിക്കൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്. അക്ഷരനഗരിയായി കോട്ടയം രാജ്യത്തിന് മാതൃകയായി.

സാമാന്യജനങ്ങളുടെ ഇടയിൽ ശാസ്ത്രബോധം സാധ്യമാക്കുന്നതിന് പരിശ്രമിച്ചു മുന്നേറിയ സാംസ്കാരിക സംഘടനയാണ് ശാസ്ത്രസാഹിത്യപരിഷത്ത്. എറണാകുളം സമ്പൂർണ്ണ സാക്ഷരതായജ്ഞം സംഘടിപ്പിച്ചുകൊണ്ട് സാക്ഷരതാരംഗത്ത് പുതിയൊരു അധ്യായം കുറിച്ചു. 'വെളിച്ചമേ നയിച്ചാലും' എന്ന മുദ്രാവാക്യത്തോടെ നടത്തിയ ക്യാമ്പയിൻ ഈ രംഗത്ത് പുത്തൻ മാതൃകകൾ സംഭാവന ചെയ്തു. സർവെയിലൂടെ കണ്ടെത്തിയ 1,69,036 നിരക്ഷരരിൽ അധികവും ദരിദ്രരായ തൊഴിലാളികളും മുക്കുവരും മുസ്ലിം സ്ത്രീകളും ഗിരിജനങ്ങളുമായിരുന്നു. 23,000 സന്നദ്ധപ്രവർത്തകരെ പരിശീലകരായിക്കൊണ്ടുവരാവാൻ അവർക്ക് കഴിഞ്ഞു. ഇതിനായി 18,572 സാക്ഷരതാകേന്ദ്രങ്ങൾ ആരംഭിച്ചു. സംഘാടനം, പ്രചാരണം, പഠനപ്രവർത്തനങ്ങൾ, ജനകീയ കൂട്ടായ്മകൾ എന്നിവയിലൂടെ കേരളം ഇന്നുവരെ കാണാത്ത മാതൃകകൾ ഇത് പ്രദാനം ചെയ്തു. 1990 ഫെബ്രുവരി നാലിന് 91% സാക്ഷരത നേടി എറണാകുളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ജില്ലയായി പ്രഖ്യാപിച്ചു. പ്രധാനമന്ത്രി വി.പി.സിങ്ങ്, മുഖ്യമന്ത്രി ഇ.കെ. നായനാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. അതോടെ രാജ്യത്തെ ആദ്യ സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ലയായി എറണാകുളം മാറി.

## അക്ഷരകേരളം സമ്പൂർണ്ണ സാക്ഷരതാപരിപാടി

കേരളത്തെ സമ്പൂർണ്ണസാക്ഷരതാസംസ്ഥാനമാക്കി മാറ്റിയ പദ്ധതിയെ അക്ഷരകേരളം സമ്പൂർണ്ണ സാക്ഷരതാപരിപാടി എന്നാണ് വിശേഷിപ്പിച്ചത്. സാക്ഷരതാപരിപാടി നടപ്പിലാക്കാൻ രജിസ്റ്റർ ചെയ്യപ്പെട്ട കേരള സാക്ഷരതാസമിതിയാണ് ഇത് നിർവഹിച്ചത്. സർക്കാർ സംവിധാനവും സന്നദ്ധസംഘടനകളും പ്രാദേശിക ഭരണകൂടങ്ങളും കൈകോർത്തതിന്റെ വിജയഗാഥയാണ് 'അക്ഷരകേരളം' സമ്പൂർണ്ണ സാക്ഷരതാപരിപാടി. സർക്കാരിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളെയും ഇത്രയധികം സന്നദ്ധപ്രവർത്തകരെയും അണിനിരത്തി സംഘടിപ്പിച്ച ഒരു ബഹുജനവിദ്യാഭ്യാസ പരിപാടി രാജ്യത്ത് ആദ്യമായിരുന്നു. ഇതിലൂടെ കേരളം ഒരു പുത്തൻ പ്രചാരണ മാതൃക സൃഷ്ടിക്കുകയും ചെയ്തു. സംഘടനാരൂപത്തിലും പ്രവർത്തന ശൈലിയിലും സർക്കാർ സഹായത്തോടെയുള്ള ജനകീയപദ്ധതിയായിരുന്നു ഇത്.

സംസ്ഥാന വ്യാപകമായ സാക്ഷരതാ സർവെയോടുകൂടി 1990 ഏപ്രിൽ 8-ന് പദ്ധതി ആരംഭിച്ചു. 45 ലക്ഷം വീടുകൾ ഒരൊറ്റ ദിവസം കൊണ്ട് സർവെ ചെയ്തത് ഒരു മഹായജ്ഞം തന്നെയായിരുന്നു. സമർപ്പണബോധമുള്ള അഞ്ചുലക്ഷം യുവതീയുവാക്കൾ ഇതിൽ സഹകരിച്ചു. ഈ ഏകദിനസർവെയുടെ വിജയം സാക്ഷരരിലും നിരക്ഷരരിലും വലിയ ആവേശമുണർത്തി. പരിശീലകരായി പ്രവർത്തിച്ച സന്നദ്ധപ്രവർത്തകരുടെയും (Instructors) മുഖ്യപരിശീലകരുടെയും (Master Trainers) വിദഗ്ധരുടെയും (Resource Persons) പ്രമുഖ വിദഗ്ധരുടെയും (Key Resource Persons) എണ്ണത്തിന്റെ വ്യാപ്തിയിൽ ഈ പദ്ധതി ഒരു മഹാമനുഷ്യയജ്ഞം തന്നെയായിരുന്നു.

പത്ത് പഠിതാക്കൾക്ക് ഒരു പ്രവർത്തകൻ, 25-30 പ്രവർത്തകർക്ക് ഒരു മുഖ്യപരിശീലകൻ, 25-30 മുഖ്യപരിശീലകർക്ക് ഒരു വിദഗ്ധൻ, 25-30 വിദഗ്ധർക്ക് ഒരു പ്രമുഖ വിദഗ്ധൻ എന്നതായിരുന്നു ശരിയായ കണക്ക്. പ്രമുഖവിദഗ്ധർ, വിദഗ്ധർ, മുഖ്യപരിശീലകർ, പ്രവർത്തകർ എന്നിവരെ സംസ്ഥാനം, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലാണ് പരിശീലിപ്പിച്ചത്. പരിശീലനം നേടിയ പ്രവർത്തകർ 2.3 ലക്ഷം ആയിരുന്നു. ഇതിനുപുറമേയായിരുന്ന 30,000 മുഖ്യപരിശീലകരും 3000 വിദഗ്ധരും 200 പ്രമുഖവിദഗ്ധരും. പ്രവർത്തകർക്കോ പരിശീലകർക്കോ വിദഗ്ധർക്കോ യാതൊരു പ്രതിഫലവും ഉണ്ടായിരുന്നില്ല. രാജ്യസേവന പരമായ കടമയായി അവർ ഈ ജോലി നിർവ്വഹിച്ചു.

പദ്ധതിയുടെ വകയായി പഠിതാക്കൾക്കും പരിശീലകർക്കും അടിസ്ഥാന പാഠാവലികളും കൈപ്പുസ്തകങ്ങളും നൽകിയിരുന്നു. സ്ലേറ്റ്, പെൻസിൽ, നോട്ടുബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ അതതു പ്രദേശത്തെ പൊതുജനങ്ങൾ സംഘടിപ്പിച്ച് സൗജന്യമായി വിതരണം ചെയ്തു. കാഴ്ചക്കുറവുള്ള പഠിതാക്കൾക്ക് പ്രാദേശിക ഭരണസ്ഥാപനങ്ങൾ കണ്ണടകൾ നൽകി. അനുകൂലസാഹചര്യങ്ങൾ ഒരുക്കാൻ വേണ്ടിവന്ന ചെലവുകളുടെ ഭൂരിഭാഗവും പൊതുജനങ്ങളുടെ സംഭാവനകളിലൂടെയാണ് ലഭ്യമായത്.

## ചേലക്കോടൻ അയിഷുമ്മയുടെ പ്രഖ്യാപനം

സർവെ വഴി കണ്ടെത്തിയ 18,92,217 നിരക്ഷരരിൽ (6-60 പ്രായപരിധി), 14,35,763 ആളുകളെ 1,48,576 സാക്ഷരതാകേന്ദ്രങ്ങളിലായി പ്രവേശിപ്പിച്ചു. ഇതിൽ അധികപങ്കം പിന്നാക്കവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു.
അവരിൽ 63.57% സ്ത്രീകളും. 1990 ജൂൺ 1 ന് നടന്ന ഉദ്ഘാടനം പ്രകാശത്തിന്റെ ഉത്സവം ആയിരുന്നു. നിശ്ചിത സമയത്ത് സാക്ഷരതാകേന്ദ്രങ്ങളിൽ ദീപം തെളിഞ്ഞു. ഒപ്പം പ്രത്യേക സാക്ഷരതാ ഗാനാലാപനവും നടന്നു. തുടർന്ന് പഠനംനടന്നു. അവസാന വിലയിരുത്തലിൽ 12.22 ലക്ഷം പേർ വിജയികളായി. കേരളസാക്ഷരത 93.58 ആയി. 1991 ഏപ്രിൽ 18 ന് കോഴിക്കോട് മാനാഞ്ചിറ മൈതാനത്ത് ജനലക്ഷങ്ങളെ സാക്ഷിനിർത്തി മലപ്പുറം ജില്ലയിലെ മുതിർന്ന പഠിതാവ് ചേലക്കോടൻ അയിഷുമ്മ കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചു. ഇന്ത്യയിലെ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിധ്യത്തിലായിരുന്നു ഈ ചരിത്രപ്രഖ്യാപനം നടത്തിയത്. ഭീഷ്മ സാഹ്നി, മുൽക്‌രാജ് ആനന്ദ്, ഒ.എൻ.വി കുറുപ്പ്, കടമ്മനിട്ട രാമകൃഷ്ണൻ, വൈക്കം മുഹമ്മദ്ബഷീർ, എം.ടി.വാസുദേവൻ നായർ, എം.എ.ബേബി, വി.കെ.മാധവൻകുട്ടി, പി.എൻ. പണിക്കർ, സുഗതകുമാരി, തെങ്ങമം



ബാലകൃഷ്ണൻ തുടങ്ങിയ പ്രമുഖർ ഈ പരിപാടിയിൽ പങ്കെടുത്തു. അതോടെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണസാക്ഷരത കൈവരിച്ച സംസ്ഥാനമായി കേരളം.

അനൗപചാരിക വിദ്യാഭ്യാസത്തിന് നേതൃത്വം നൽകുന്ന നിരവധി പ്രാദേശിക സന്നദ്ധസംഘടനകൾ നിലവിലുണ്ടായിരുന്നു. തിരുവനന്തപുരത്ത് വെള്ളനാട് പ്രവർത്തിക്കുന്ന 'മിത്രനികേതൻ' ഒരു പ്രമുഖസ്ഥാപനമാണ്. ജീവിതവൃത്തിയോടൊപ്പം പഠനം എന്ന അനൗപചാരിക വിദ്യാഭ്യാസ കാഴ്ചപ്പാട് വച്ച്പുലർത്തുന്ന ഒരു വിദ്യാഭ്യാസ ഗവേഷണ സ്ഥാപനം എന്നതിലുപരി അനൗപചാരികവിദ്യാഭ്യാസത്തിനും സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഡെയ്ൽവ്യൂ, പുനലാൽ ധാരാളം പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ അധിവസിക്കുന്നിടത്ത് സാക്ഷരതാപ്രവർത്തനം നടത്തുന്ന സംഘടനയാണ്. നവസാക്ഷരർക്ക് തൊഴിൽ പരിശീലനവും നൽകി വരുന്നു. 1982 മുതൽ വയോജന വിദ്യാഭ്യാസ പരിപാടികൾ തുടരുന്ന സ്ഥാപനമാണ് ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റി, കൊല്ലം.



കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇതിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. തൃശ്ശൂർ വെൽഫെയർ അസോസിയേഷൻ, ലാബക്ക് ലിറ്ററസി സെന്റർ, കരുനാഗപ്പള്ളി എന്നിവ നവസാക്ഷര ഗ്രന്ഥങ്ങൾ പോലും തയാറാക്കി പഠനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഗ്രാമങ്ങളിലെ ആർട്സ് ക്ലബ്ബുകൾ, മഹിളാസമാജങ്ങൾ, സാമൂഹികസമുദായികസംഘടനകൾ, രാഷ്ട്രീയപാർട്ടികളിലെ ബഹുജനസംഘടനകൾ തുടങ്ങി നിരവധി സംഘടനകൾ കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിന് നേതൃത്വം നൽകിയിട്ടുണ്ട്.

## തുടർവിദ്യാഭ്യാസപരിപാടി

സമ്പൂർണ്ണസാക്ഷരതയ്ക്കും തുടർസാക്ഷരതാപ്രവർത്തനങ്ങൾക്കും ശേഷം കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ കേരളത്തിൽ ആരംഭിച്ച നൂതന അനൗപചാരികവിദ്യാഭ്യാസ പദ്ധതിയാണ് തുടർവിദ്യാഭ്യാസ പരിപാടി (Continuing education program). കേരള സാക്ഷരതാ സമിതിയെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയായി പുനസംഘടിപ്പിച്ചു. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമായതിനാൽ 14 ജില്ലകളേയും കേന്ദ്രസർക്കാർ പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു. സാക്ഷരതാപരിപാടി (Literacy Programme), തുല്യതാ പരിപാടി (Equivalency Programme), വരുമാനവർധകപരിപാടി (Income Generating Program), ജീവിതഗുണമേന്മ വർധകപരിപാടി (Quality of Life Improvement Programme), വ്യക്തിഗത താൽപര്യപോഷണപരിപാടി (Individual Interesting Promotion Programme) എന്നിവയായിരുന്നു പ്രധാന പദ്ധതികൾ.

പഞ്ചായത്തിരാജ് നഗരപാലികാനിയമം കേരളത്തിൽ നടപ്പിലാക്കുന്ന സാഹചര്യത്തിലായിരുന്നു പദ്ധതി ആരംഭിച്ചത്. അതിനാൽ ദേശീയ സാക്ഷരതാമിഷൻ അനുവദിച്ച 3500 വിദ്യാകേന്ദ്രങ്ങളും (Continuing Education Centres), 500 വികസന വിദ്യാകേന്ദ്രങ്ങളും (Nodel Continuing Education Centres), കേരളത്തിലെ ത്രിതല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും അതിന്റെ ചുമതലക്കാരായി സന്നദ്ധപ്രവർത്തകരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിയോഗിക്കുകയും ചെയ്തു. 1998 ഒക്ടോബർ 2ന് കേരളത്തിൽ തുടർ വിദ്യാഭ്യാസപദ്ധതിക്ക് തുടക്കം കുറിച്ചു. 2002 ൽ ഇന്ത്യയിൽ ആദ്യമായി സംസ്ഥാനസാക്ഷരതാമിഷൻ നാലാംതരം തുല്യതാവിദ്യാഭ്യാസം നവസാക്ഷരർക്കായി ആരംഭിച്ചു. ഏഴാംതരം, പത്താംതരം, ഹയർ സെക്കൻഡറി തുല്യതാപഠനത്തിലൂടെ ലക്ഷക്കണക്കിന് ജനങ്ങളെ തുടർപഠനത്തിൽ എത്തിക്കാൻ കഴിഞ്ഞു. വിദ്യാകേന്ദ്രങ്ങളിലൂടെ നടന്ന തൊഴിൽപരിശീലനപരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, കലാസാംസ്കാരിക, പരിസ്ഥിതിപരിപാടികളിൽ ലക്ഷക്കണക്കിന് ജനങ്ങൾ പങ്കാളികളായി.

2009 ൽ ഇന്ത്യയിൽ തുടർവിദ്യാഭ്യാസപദ്ധതി കേന്ദ്രസർക്കാർ അവസാനിപ്പിക്കുകയുണ്ടായി. എന്നാൽ കേരളത്തിൽ സംസ്ഥാനസർക്കാർ തുടർവിദ്യാഭ്യാസപദ്ധതി ഏറ്റെടുക്കുകയും പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ തുല്യതാവിദ്യാഭ്യാസം മികച്ച രീതിയിൽ സംഘടിപ്പിക്കുകയും ചെയ്തു. അതോടൊപ്പം സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിന് പ്രാധാന്യം നൽകുന്നതിനായി നിരവധി നൂതനപദ്ധതികൾ സംസ്ഥാന സാക്ഷരതാമിഷൻ ആവിഷ്കരിച്ചു. സമഗ്ര (ആദിവാസി സാക്ഷരതാ പരിപാടി), സമന്വയ (ട്രാൻസ്ജെൻഡർ വിദ്യാഭ്യാസം), ചങ്ങാതി (ഇതരസംസ്ഥാനതൊഴിലാളി വിദ്യാഭ്യാസം), പരിസ്ഥിതി സാക്ഷരത, ഭരണഘടന സാക്ഷരത, ജയിൽജ്യോതി (ജയിൽസാക്ഷരത), സമം (സ്ത്രീ വിദ്യാഭ്യാസം), പൗരദ്ധ്വനി (സാമൂഹ്യവിദ്യാഭ്യാസം), ഇ-മുറ്റം (ഡിജിറ്റൽസാക്ഷരത), അക്ഷരസാഗരം (തീരദേശ സാക്ഷരതാ പരിപാടി), സ്മാർട്ട് (കമ്പ്യൂട്ടർ സാക്ഷരത), ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (ഉല്ലാസ്), പച്ചമലയാളം, അച്ചീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് (ഭാഷ കോഴ്സുകൾ), ദീപ്തി (ബ്രയിൽ സാക്ഷരത പരിപാടി), മുന്നേറ്റം (പട്ടികവർഗസ്ത്രീ വിദ്യാഭ്യാസം), ഒപ്പം (ആദിവാസി സാക്ഷരത), കൂടെ (വയോജന വിദ്യാഭ്യാസം), അക്ഷരശ്രീ (തിരുവനന്തപുരം കോർപ്പറേഷൻ), പത്താമുദയം (കണ്ണൂർ ജില്ലാപഞ്ചായത്ത്) തുടങ്ങി നൂതനപദ്ധതികൾ നടപ്പിലാക്കി സാമൂഹിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന സംസ്ഥാന സാക്ഷരതാമിഷൻ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ചേർന്ന് പഠിതാക്കളുടെ ഉപരിപഠനം കൂടി ഉറപ്പുവരുത്തുകയാണ്. ■

# വ്യവസായ സൗഹൃദകേരളം

**എസ്. ഹരികിഷോർ** ഐ എ എസ്
മുൻ ഡയറക്ടർ, വ്യവസായ വകുപ്പ്

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക മുന്നേറ്റം തുടങ്ങി ഒട്ടേറെ മേഖലകളിൽ എക്കാലത്തും മാതൃകയായ സംസ്ഥാനമാണ് കേരളം. ഇന്ന് ഈ മേഖലകൾക്കൊപ്പം നിരവധി അംഗീകാരങ്ങളുമായി തിളങ്ങിനിൽക്കുകയാണ് വ്യവസായമേഖലയും. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ നമ്മെ രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിച്ചു. 'ഇൻവെസ്റ്റർ ഫ്രണ്ട്‌ലി നയങ്ങൾ, ഏകജാലക സംവിധാനം, ഐ.ടി. അടിസ്ഥാനസൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ എന്നിവ സംസ്ഥാനത്തെ നിക്ഷേപകർക്ക് കൂടുതൽ ആകർഷകമാക്കി. പുതുമുഖ വ്യവസായികൾക്കായി സ്റ്റാർട്ട്അപ് മിഷൻ, യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ, പരിസ്ഥിതി സൗഹൃദ പദ്ധതികൾ എന്നിവയും കേരളത്തെ വ്യവസായസൗഹൃദമായി മാറ്റുന്നതിൽ വലിയ പങ്കുവഹിച്ചു. 'വ്യവസായ സൗഹൃദ കേരളം' നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും തൊഴിൽ സൃഷ്ടിക്കുകയും സാമൂഹിക പുരോഗതിക്ക് വഴിതെളിക്കുകയും ചെയ്തു. വ്യവസായ സൗഹൃദ റാങ്കിങ്ങിൽ 28 ൽ നിന്ന് 15-ാം സ്ഥാനത്തേക്കും ഇപ്പോൾ ഒന്നാം സ്ഥാനത്തേക്കും കേരളം കുതിച്ചിരിക്കുന്നു.

സംസ്ഥാനത്ത് വ്യവസായസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റം, ഘടനാ മാറ്റം, ആക്ടിവിറ്റി മാറ്റം, പട്ടയം എന്നിവയുടെ നടപടിക്രമം ലളിതമാക്കി.

സംസ്ഥാനം വ്യവസായനയം രൂപീകരിച്ചു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് അനുമതി നേടിയെടുത്തു. ടാസ്ക്ഫോഴ്സ് രൂപവൽക്കരിച്ച് നിർമ്മാണം അതിവേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 10,000 കോടിയിലധികം രൂപയുടെ നിക്ഷേപവും ലക്ഷത്തിലധികം തൊഴിലും ഇതുവഴി സൃഷ്ടിക്കപ്പെടും. സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനും വ്യവസായ പുരസ്കാരങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി കൂട്ടുന്നതിനായുള്ള കയറ്റുമതി പ്രോത്സാഹന നയവും പ്രസിദ്ധീകരിച്ചു. കൂടാതെ ഇ.എസ്.ജി (പരിസ്ഥിതി, സാമൂഹിക, ഭരണ) നയം, ലോജിസ്റ്റിക്സ് നയം, ഗ്രാഫീൻ നയം എന്നിവയുടെ കരട് തയാറാക്കി.

ലോകത്തിന് മുന്നിൽ ബ്രാൻഡായി മാറിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലോകോത്തര കമ്പനികളുടെ പ്രതിനിധികൾ ഉൾപ്പെടെ 5000 പേർ പങ്കെടുത്തു. 450-ൽ പരം താൽപര്യപത്രങ്ങളിലൂടെ 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ താൽപര്യപത്രം





**ലോകത്തിന് മുന്നിൽ കേരളം ഒരു ബ്രാൻഡായി മാറിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലോകോത്തര കമ്പനികളുടെ പ്രതിനിധികൾ ഉൾപ്പെടെ 5000 പേർ പങ്കെടുത്തു.**

ഒപ്പുവച്ച നിക്ഷേപ പദ്ധതികളിൽ ഇതിനകം 31,429.15 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇവയുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ 40,439 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുക. ഐ.കെ.ജി.എസിൽ നിക്ഷേപ വാഗ്ദാനം ലഭിച്ച 20.28 ശതമാനം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

വേൾഡ് എക്കണോമിക് ഫോറം വാർഷിക സമ്മിറ്റിലും ഇത്തവണ കേരളം പങ്കെടുത്തു. ഇന്ത്യയിലെ ആദ്യ ഇന്റർനാഷണൽ ജെൻ എ.ഐ കോൺക്ലേവും ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസും കേരളത്തിൽ സംഘടിപ്പിച്ചു.

## സംരംഭക വർഷം പദ്ധതി

വ്യവസായവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ സംരംഭകവർഷം പദ്ധതിക്ക് ചരിത്രത്തിലാദ്യമായി ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത യോഗത്തിൽ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് ആയി തിരഞ്ഞെടുക്കപ്പെട്ട ഈ പദ്ധതിയിലൂടെ 3,53,133 സംരംഭങ്ങൾ ആരംഭിച്ചു. 22,688.47 കോടി രൂപയുടെ നിക്ഷേപവും 7,49,712 തൊഴിലും കേരളത്തിലുണ്ടായി. 1,12,497 (31.86%) വനിതാസംരംഭകരും 41 ട്രാൻസ്ജെൻഡർമാരും പദ്ധതിയുടെ ഭാഗമായത് ശ്രദ്ധേയമാണ്. പബ്ലിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ' നൽകുന്ന 'ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' എന്ന അംഗീകാരം സംരംഭകവർഷം പദ്ധതിക്ക് ലഭിച്ചു. 82 വർഷത്തെ സംഘടനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഇന്ത്യൻ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നത്.

1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്താൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് മിഷൻ 1000. 260 എം എസ് എം ഇകളെ ഇതിനായി തിരഞ്ഞെടുത്തു.

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ

ഇക്കാലയളവിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെ പി പി എൽ) കേരളത്തിന്റെ അഭിമാനമായി മാറി. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബായി കേരളത്തെ മാറ്റുന്നതിന് 1050 കോടിയുടെ കേരള റബ്ബർ ലിമിറ്റഡ് എന്ന പുതിയ സ്ഥാപനം ആരംഭിച്ചു. കയറുൽപ്പന്നങ്ങളുടെ വിപണനത്തിന് വാൾമാർട്ടുമായി കേരള കയർ കോർപ്പറേഷൻ ധാരണയിലെത്തി. ഇന്ത്യയിൽ ഒരു പൊതുമേഖലാസ്ഥാപനം വാൾമാർട്ടുമായി കരാറിലെത്തുന്നത് ആദ്യമായാണ്. ആദ്യമായി മധ്യേഷ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ആരംഭിച്ചു. കയർഫെഡ് അമൃതസർ സുവർണ ക്ഷേത്രത്തിലേക്ക് നൂൽ കയറ്റി അയച്ചു. കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) രൂപവൽക്കരിച്ച് പ്രവർത്തനമാരംഭിച്ചു.

**കെ.സി.സി.പി ലിമിറ്റഡ്** : 2015-16 മുതൽ നഷ്ടത്തിലായിരുന്ന സ്ഥാപനം ഈ സർക്കാർ വന്നതിനു ശേഷം വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ തുടർച്ചയായി പ്രവർത്തന ലാഭത്തിലാണ്.

സിഡ്കോ 15 വർഷങ്ങൾക്ക് ശേഷം തുടർച്ചയായ രണ്ടു വർഷവും 200 കോടി രൂപ വിറ്റുവരവും പ്രവർത്തനലാഭവും കൈവരിച്ചു.

ചരിത്രത്തിൽത്തന്നെ കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനം കൈവരിച്ച ഏറ്റവും മികച്ച ലാഭം കെ.എം.എം.എൽ കൈവരിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. ഒരു സാമ്പത്തിക വർഷം 1000 കോടിയിലധികം രൂപയുടെ വിറ്റുവരവെന്ന നേട്ടവും

കെഎംഎംഎൽ നേടിയെടുത്തു. സ്വന്തമായി കണ്ടെത്തിയ സാങ്കേതിക വിദ്യയിലൂടെ അയൺ ഓക്സൈഡിൽ നിന്ന് ഇരുമ്പ് വേർതിരിച്ചെടു ക്കാൻ ഈ സാമ്പത്തിക വർഷം കെ.എം.എം.എലി-ന് സാധിച്ചു.

> സംസ്ഥാന സർക്കാരിന്റെ മറ്റൊരു ഫ്ളാഗ്ഷിപ് പദ്ധതിയായ സ്വകാര്യ വ്യവസായ പാർക്കുകൾ കേരളത്തിൽ പുതിയ തരംഗം സൃഷ്ടിക്കുകയാണ്.

18 വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഫോം മാറ്റിംഗ്സ് ലിമിറ്റഡ് കമ്പനി ലാഭം രേഖപ്പെടുത്തി. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പഠിക്കുന്നതിനായി മിസോറാമിൽ നിന്നെത്തിയ എം എൽ എമാരുടെ സംഘം ഒക്ടോബർ 23 ന് വ്യവസായ മന്ത്രിയുടെ ഓഫീസ് സന്ദർശിച്ചു.

## തരംഗമായി വ്യവസായ പാർക്കുകൾ

മറ്റൊരു ഫ്ളാഗ്ഷിപ് പദ്ധതിയായ സ്വകാര്യ വ്യവസായ പാർക്കുകൾ പുതിയ തരംഗം സൃഷ്ടിക്കുകയാണ്. 38 പാർക്കുകൾക്ക് നിർമ്മാണ അനുമതി ലഭിച്ചു. ആറ് പാർക്കുകൾ പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഓരോ പാർക്കിനും മൂന്ന് കോടി രൂപ വരെ സാമ്പത്തിക സഹായം സർക്കാർ ലഭ്യമാക്കുന്നുണ്ട്.

ആലപ്പുഴ പുന്നപ്ര, തൃശ്ശൂർ പുഴയ്ക്കൽപാടം ഫേസ് - 2 എന്നീ ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ ഉദ്ഘാടനം നടത്തി. തൃശ്ശൂർ വരവൂർ വ്യവസായ വികസന പ്ലോട്ടിൽ 28 സംരംഭകർക്ക് അലോട്ട്മെന്റ് നടത്തി. രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി-ടു മൂവ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് ഐടി/ഐടിഇഎസ് വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു. അലോട്ട്മെന്റിന്റെ 90% പൂർത്തിയായി. കിൻഫ്ര സ്പൈസസ് പാർക്ക് ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി, 2023 ഒക്ടോബർ 14-ന് പാർക്ക് ഉദ്ഘാടനം ചെയ്തു. കാക്കനാട് ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തിയായി. ഐടി/ഐടിഇഎസ് വ്യവസായത്തിനായി തിരുവനന്തപുരത്ത് സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിക്കുന്നു. 600 കോടി നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതി അടുത്ത വർഷം പൂർത്തിയാകും.

ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്നുള്ള ക്യാമ്പസ് വ്യവസായ പാർക്കുകൾ പദ്ധതിയിൽ 80ലധികം കോളേജുകൾ താൽപര്യം പ്രകടിപ്പിച്ചു. ആറ് ക്യാമ്പസുകൾക്ക് അംഗീകാരം നൽകി.

## കിൻഫ്ര

ഗ്രഫീൻ പാർക്കിനായി 10 ഏക്കറോളം സ്ഥലവും 60,000 ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലവും ഒറ്റപ്പാലം കിൻഫ്ര ഡിഫൻസ് പാർക്കിൽ നീക്കിവച്ചു. അലോട്ട്മെന്റിനുള്ള നിർദ്ദേശവും അപേക്ഷയും സമർപ്പിച്ചു. 94.85 കോടി രൂപയുടെ ഗ്രഫീൻ അറോറ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന ഗ്രഫീൻ ഉൾപ്പെടെയുള്ള അഡ്വാൻസ്ഡ് മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി. ഗ്രഫീൻ പ്രൊഡക്ഷൻ ഫെസിലിറ്റി സെന്റർ പ്രഖ്യാപിച്ച് ഒരു വർഷത്തിനുള്ളിൽ, നാല് നിലകളിലായി 60,000 ചതുരശ്ര അടി വിസ്തീർണത്തിൽ നിർമ്മിച്ച അത്യാധുനിക കെട്ടിടം പദ്ധതി നിർവഹണ ഏജൻസിയായ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് കൈമാറി.

481 ഏക്കറിൽ 1200 ഓളം കോടി മുതൽ മുടക്കിൽ കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് പദ്ധതി ഏറ്റെടുത്തു. 230 ഓളം ഏക്കർ ഭൂമി ഇതിനോടകംതന്നെ 35 കമ്പനികൾ നിക്ഷേപകർക്ക് നൽകി. ഉദ്ഘാടനത്തിന് മുൻപ് തന്നെ പ്രവർത്തനം ആരംഭിച്ചു. 10,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതാണ് പദ്ധതി. ബിപിസിഎലിന്റെ നിർദിഷ്ട പോളിപ്രൊപ്പിലീൻ യൂണിറ്റും ഉടൻ ആരംഭിക്കും. കണ്ണൂരിൽ ലാൻഡ് ബാങ്ക് രൂപവൽക്കരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ 1054 ഏക്കർ ഭൂമി കണ്ടെത്തി, അവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മട്ടന്നൂരിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് വിപുലീക



രിക്കുന്നതിന്റെ ഭാഗമായി കീഴല്ലൂർ വില്ലേജുക ളിൽ 45.96 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തു. പട്ടാന്നൂർ, കിഴല്ലൂർ-വെള്ളാപറമ്പ് വില്ലേജുകളി ലായി 500 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറു ന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ട ത്തിലാണ്. അഞ്ചരക്കണ്ടി-പനയത്താംപറമ്പ്, പടുവിലായി, കീഴല്ലൂർ വില്ലേജുകളിലായി 500 ഏക്കർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

66 ഏക്കറിൽ കാക്കനാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ നിർമ്മിക്കുന്നു. ഇതി നോടകംതന്നെ ഏഴ് യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചു. 11230 ഓളം തൊഴിലവസരങ്ങളും 820 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷി ക്കുന്നു. കേരളത്തിലെ ആദ്യത്തെ ആധുനിക സ്പെയ്സസ് പാർക്കായ കിൻഫ്ര സ്പെയ്സസ് പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചു.

## കെൽട്രോൺ


2023-24 സാമ്പത്തിക വർഷത്തിൽ കെൽ ട്രോൺ റെക്കോർഡ് വിറ്റുവരവായ 643.66 കോടി രൂപയും 42.52 കോടി രൂപയുടെ പ്രവർ ത്തന ലാഭവും നേടി. ചന്ദ്രയാൻ 3 ദൗത്യത്തിൽ KMML, TCC, SIFL, KELTRON, SIDCO എന്നീ സ്ഥാപനങ്ങൾ പങ്കാളികളായി. ആദിത്യ L1 മിഷനിലും ഭാഗമായി. പുതിയ മൂന്ന് ഓർഡറു കൾ കൂടി കെൽട്രോണിന് ലഭിച്ചു. വിശാഖപ ട്ടണം നേവൽ സയൻസ് & ടെക്നോളജിക്കൽ ലബോറട്ടറിയിൽ നിന്നും ഫ്ളൈറ്റ് ഇൻ എയർ




മെക്കാനിസം മൊഡ്യൂൾ നിർമ്മിക്കുന്നതിനും ഇന്ത്യയിൽ ആദ്യമായി തദ്ദേശീയമായി വിക സിപ്പിക്കുന്ന, NPOL രൂപകൽപ്പന നിർവഹിച്ച ടോർപ്പിഡോ പവർ ആംപ്ലിഫയർ നിർമ്മിക്കുന്ന തിനും ഇന്ത്യയിൽ Autonomous Underwater Vessel നിർമ്മിക്കുന്നതിൽ പങ്കാളിയാകുന്നതി നായി റെക്സി മറൈൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും, ബോ ആൻഡ് ഫ്ളാങ്ക് അറേ നിർമ്മി ക്കുന്നതിനും ഉള്ള ഓർഡറുകളാണ് ലഭിച്ചത്. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റ ഡിൽ ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസി റ്റർ നിർമ്മാണ ഫാക്ടറി ആരംഭിച്ചു.

നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക്കൽ മേഖ ലയിലെ പ്രമുഖ സ്ഥാപനമായ എൽടോർക്ക് ഇലക്ട്രിക്, ഹൈഡ്രോളിക്, ആക്ച്വേറ്ററുക ളുടെ രൂപകൽപ്പനയും ഇലക്ട്രോ-ഹൈഡ്രോ ളിക് നിർമ്മാണത്തിനുമായി സംയുക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കെൽ ട്രോണുമായി കരാർ ഒപ്പിട്ടു. L&Tയെ മത്സരാധി ഷ്ഠിത ടെൻഡറിൽ പരാജയപ്പെടുത്തി നാഗ്പൂർ കോർപ്പറേഷന്റെ 197 കോടി രൂപയുടെ ഓർഡർ കെൽട്രോൺ നേടിയെടുത്തു.

ഇന്ത്യയിലുടനീളം എഫ്.സി.ഐ ഉടമസ്ഥതയി ലുള്ള 561 ഡിപ്പോകളിലും സി.സി.ടി.വി ക്യാമ റകളുടെ സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിങ്ങ്, കമ്മീഷനിങ്ങ് & ഓപ്പറേഷൻസ് എന്നീ പ്രവർ ത്തനങ്ങൾക്കായി ഫുഡ് കോർപ്പറേഷൻ ഓഫ്




ഇന്ത്യയിൽ നിന്നുള്ള 168 കോടി രൂപയുടെ ഓർഡർ കെൽട്രോൺ കരസ്ഥമാക്കി.

## കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി

പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണ മ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊ ള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് 3806 കോടി രൂപ ചെലവ് വരുന്ന പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായി. പദ്ധതിക്കാ വശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതി ന്റെ ആകെ ചെലവ് 1844 കോടി രൂപയാണ്. ഇതിൽ 1489 കോടി രൂപ കേരള സർക്കാർ ചെലവഴിച്ചു. പുതുശ്ശേരിയിലും കണ്ണമ്പ്രയിലുമാ യി 1350 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. മാനുഫാക്ചറിങ്ങ് മേഖലയിലെ പ്രവർത്ത നങ്ങൾക്ക് ഉത്തേജനം നൽകുന്നതിനുള്ള പദ്ധതികളാണ് കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്കായി ആസൂത്രണം ചെയ്തിട്ടു ള്ളത്. വ്യവസായ ഇടനാഴി സാക്ഷാത്ക്കരിക്ക പ്പെടുന്നതോടെ പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. ■



# നവകേരളത്തിന്റെ പുതുവഴികൾ

**ഡോ.കെ.രവിരാമൻ**
സംസ്ഥാന ആസൂത്രണ ബോർഡ് വിദഗ്ധ അംഗം

2016ൽ അധികാരത്തിൽ വന്ന സർക്കാർ നവകേരളം എന്ന ആശയം അവതരിപ്പിക്കുകയും വികസനപ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി നാലു മിഷനുകൾ ആരംഭിക്കുകയും ചെയ്തു. പഴയ കേരളത്തെ പുനഃസൃഷ്ടിക്കുകയല്ല പുതിയ കേരളത്തെ നിർമ്മിക്കുകയാണ് നവകേരളം എന്നതുകൊണ്ട് ഉദ്ദേശിച്ചത്. ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം എന്നിവയാണ് നാലു മിഷനുകൾ.

ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്തുന്നതിനുള്ള കൈത്താങ്ങും നൽകുന്ന സമ്പൂർണ്ണ ഭവന പദ്ധതിയാണ് ലൈഫ് മിഷൻ. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക, ജീവിതശൈലീരോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, ആരോഗ്യസ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ എന്നിവ കോർത്തിണക്കിക്കൊണ്ടുള്ളതാണ് ആർദ്രം മിഷൻ. പഠനബോധന പ്രക്രിയയെ ശക്തിപ്പെടുത്തിയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ളതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കേരളത്തിന്റെ വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം വർധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ളതാണ് ഹരിത കേരളം മിഷൻ. സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ച ഓഖി, നിപ, പ്രളയം, കോവിഡ് എന്നീ ദുരിതങ്ങൾ ഉണ്ടായപ്പോഴും നവകേരള മിഷനിലൂടെ ശക്തിപ്പെടുത്തിയ സാമൂഹിക അടിത്തറയാണ് തളരാതെ പിടിച്ചുനിർത്തിയത്.

വികസനത്തിന്റെ പുതുവഴികൾ തേടുമ്പോഴും കേരളം ആശയപരമായി ചേർത്തുപിടിക്കുന്നതാണ് നവോത്ഥാനമൂല്യങ്ങൾ. മിഷണറി പ്രവർത്തനവും ശ്രീനാരായണഗുരു, അയ്യങ്കാളി, വൈകുണ്ഡസ്വാമി, പൊയ്കയിൽ അപ്പച്ചൻ, വക്കം മൗലവി എന്നിവരുടെ ആശയങ്ങളും ഇന്നും കേരളം ഉയർത്തിപ്പിടിക്കുന്നുണ്ട്. ഇത്തരം നവോത്ഥാനമൂല്യങ്ങൾ സ്വാംശീകരിച്ചുകൊണ്ടാണ് 1957- ൽ ഇഎംഎസ് മന്ത്രിസഭ അധികാരത്തിൽ വരുന്നത്. ആധുനിക കേരളത്തിന്റെ അടിത്തറ പാകുന്നത് ആ സർക്കാരാണ്.

ഏകദേശം ഒരു പതിറ്റാണ്ടായി സംസ്ഥാന സർക്കാർ എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടാണ് പ്രവർത്തിച്ചത്. മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങ



> **വികസനത്തിന്റെ പുതുവഴികൾ തേടുമ്പോഴും കേരളം ആശയപരമായി ചേർത്തുപിടിക്കുന്നതാണ് നവോത്ഥാനമൂല്യങ്ങൾ.**



ളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നു. 2023-24 ൽ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിവാങ്ങാൻ 127.6 കോടി ധനസഹായം കൊടുക്കുകയും 3,340 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയും ചെയ്തു. പട്ടികജാതി -പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറികൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിവയും നൽകിവരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിൽ വരുന്നവരുടെ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിച്ചുകൊണ്ടാണ് ഭരണം നടത്തുന്നത്. ഇതിനുള്ള ഉദാഹരണമാണ് ലൈഫ് പദ്ധതി, പുനർഗേഹം പദ്ധതി, ക്ഷേമപെൻഷൻ തുടങ്ങിയവ. ലൈഫ് മിഷന് കീഴിൽ 2024 ആഗസ്റ്റ് 31 വരെ മാത്രം 4.08 ലക്ഷം വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

## മെച്ചപ്പെട്ട ചികിത്സാസംവിധാനം

കേരളത്തിന്റെ ആരോഗ്യരംഗവും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ്. വികസിത രാജ്യങ്ങളുമായിപ്പോലും താരതമ്യംചെയ്യാൻ കഴിയുന്നത്ര മികച്ച ചികിത്സാസംവിധാനമാണ് കേരളത്തിലുള്ളത്. ഇവിടുത്തെ ജനനസമയത്തെ പ്രതീക്ഷിക്കുന്ന ആയുർദൈർഘ്യം 75 വർഷമാണ്, ദേശീയ ശരാശരിയാവട്ടെ 70 വർഷവും. രാജ്യത്തെ മികച്ച ആരോഗ്യ സൂചകങ്ങളും കേരളത്തിനുണ്ട്. മാതൃമരണനിരക്ക് വെറും 19 ആണ്.
ശിശുമരണനിരക്ക് ഒറ്റ അക്കമുള്ള ഏക വലിയ സംസ്ഥാനം കേരളമാണ്; ഇവിടുത്തെ നിരക്ക് 5 ഉം ആണ്, ദേശീയ ശരാശരി 25 ഉം ആണ്.

സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 649 എണ്ണവും (ഏകദേശം 78%) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ (FHCs) വൈകുന്നേരം 6 മണി വരെ ഔട്ട്പേഷ്യന്റ് സേവനങ്ങൾ, ലാബ് സൗകര്യങ്ങൾ, ജീവിതശൈലീരോഗ ക്ലിനിക്കുകൾ, സമഗ്ര മാനസികാരോഗ്യ ചികിത്സയുള്ള സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി എന്നിവ ലഭ്യമാകുന്നു. 76 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. 2017-18 നും 2022-23 നും ഇടയിൽ 17 ജില്ലാ/ജനറൽ ആശുപത്രികളിൽ 14 എണ്ണത്തിലെയും, 43 താലൂക്ക് ആശുപത്രികളിൽ 15 എണ്ണത്തിലെയും, എല്ലാ 8 മെഡിക്കൽ കോളേജുകളിലെയും ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ നവീകരിച്ച് കൂടുതൽരോഗീസൗഹൃദമാക്കി.കൂടാതെ, സംസ്ഥാനത്തിന്റെ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി, ഇപ്പോൾ 25.9 ദശലക്ഷത്തിലധികം ആളുകളുടെ ഇലക്ട്രോണിക് ആരോഗ്യരേഖകളുള്ള രാജ്യത്തെ ഏറ്റവും വലിയ ഡിജിറ്റൽ ആരോഗ്യ ഡേറ്റാബേസായി മാറി.

## പൊതുവിദ്യാലയങ്ങൾ മാറി

പൊതുവിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങൾ പുനരുദ്ധരിച്ചും പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾവരുത്തിയും എല്ലാവർക്കും കേരളസർക്കാർ നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നു. സ്മാർട്ട് ക്ലാസ് മുറികൾ, വിക്ടേഴ്സ് ചാനൽ, നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവയിൽ പരിശീലനം, ഡിജിറ്റൽ പഠന സാമഗ്രികൾ എന്നിവ



എല്ലാ സർക്കാർ സ്കൂളുകളിലും കൊണ്ടുവരാനുള്ള ശ്രമത്തിലാണ് സർക്കാർ. കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പ്രൊജക്റ്റിന്റെ ഭാഗമായി 2016 നും 2019 നും ഇടയിൽ, 4,752 സെക്കൻഡറി സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള 45,000 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റി. 2016 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി അടക്കമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി 5000 കോടി രൂപക്ക് മുകളിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായിട്ടാണ് നിരവധി അംഗീകാരങ്ങൾ കേരള വിദ്യാഭ്യാസമേഖലയെ തേടിവന്നത്.

ഉന്നത വിദ്യാഭ്യാസമേഖലയുടെ നിലവാരം വർധിപ്പിക്കുന്നതിനായി സർക്കാർ വിവിധപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർന്നതിന്റെ തെളിവാണ് സ്കൂളുകളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ എണ്ണം വർധിച്ചതും, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദേശ വിദ്യാർഥികളുടെ എണ്ണം വർധിച്ചതും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വളർച്ചയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ സ്വകാര്യ സർവകലാശാല ബിൽ പാസാക്കുകയും, സ്വകാര്യ സർവകലാശാലയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസരംഗത്തെ പുരോഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമ്പദ്ഘടനയാക്കാനാണ് ശ്രമം.

ഉന്നത വിദ്യാഭ്യാസമേഖലയോടൊപ്പം തന്നെ, വ്യവസായങ്ങൾ, ടൂറിസം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലൂടനീളം കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ കേരള സർക്കാർ ഒരുങ്ങുകയാണ്. ഇതിനുള്ള ഉദാഹരമാണ് സംസ്ഥാനസർക്കാർ ആരംഭിക്കാൻ ലക്ഷ്യമിടുന്ന 50 സ്വകാര്യ വ്യവസായ പാർക്കുകൾ. അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ സാധ്യതകളും ഉൽപ്പാദനശേഷിയും വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സ്വകാര്യവ്യവസായ പാർക്കുകൾ ആരംഭിക്കുക.

## വ്യവസായക്കുതിപ്പ്

നവകേരളത്തിന്റെ പുതുവഴിയിലെ വലിയ മാറ്റങ്ങളിൽ ഒന്നാണ് വ്യവസായ രംഗത്തുണ്ടായ കുതിപ്പ്. സർക്കാരിന്റെ വ്യവസായ സൗഹൃദ നയമാണ് കേരളത്തെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ഇൻഡക്സിൽ ഒന്നാമത് എത്തിച്ചത്. എം.എസ്.എം.ഇ കളുടെ കാര്യത്തിലും കേരളം മാതൃകയാണ്. സംസ്ഥാനത്ത് ആരംഭിച്ച മൂന്ന് ലക്ഷത്തിലധികം സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളിൽ മൂന്നിലൊന്നും സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതാണ്.

ഐ.ടി മേഖലയിലെ മുന്നേറ്റം കേരളത്തിന്റെ സാമൂഹിക, സാമ്പത്തികമേഖലയിലെ മുന്നേറ്റം കൂടിയാണ്. 2016-17ൽ



ഐ.ടി മേഖലയിലെ മുന്നേറ്റം കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലയിലെ മുന്നേറ്റം കൂടിയാണ്.

85 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ് സ്പേസ് ഉണ്ടായിരുന്ന തിരുവനന്തപുരത്തെ ടെക്നോപാർക്ക് നിലവിൽ 127.20 ലക്ഷം ചതുരശ്ര അടിയാണുള്ളത്. 370 കമ്പനികളും 51,860 ജീവനക്കാരും എന്നത് 490 കമ്പനികളും 75,000 ജീവനക്കാരുമായി വർധിച്ചു. ഐ.ടി കയറ്റുമതിയിലും ഗണ്യമായ വർധനവ് ഉണ്ടായി. 2016-17 ലെ 5000 കോടി രൂപയിൽ നിന്നും 2024-25 ആയപ്പോഴേക്കും 13,255 കോടി രൂപയിലേക്ക് എത്തി.

പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നതിന് ബജറ്റിനു പുറത്തുനിന്നും വിഭവങ്ങൾ കണ്ടെത്തുന്ന കിഫ്ബിയുടെ സാധ്യതകൾ സർക്കാർ നല്ലതുപോലെ ഉപയോഗപ്പെടുത്തി. ആരോഗ്യം, വിദ്യാഭ്യാസം, റോഡുകൾ, ഗതാഗതം, ജലസേ

ചനം, ശുദ്ധജല വിതരണം, വൈദ്യുതി, തുറമുഖങ്ങൾ, ഡ്രെയിനേജ് തുടങ്ങിയ രംഗങ്ങളിൽ 86,170.24 കോടി രൂപയുടെ 1103 വിവിധ അടിസ്ഥാനസൗകര്യ വികസനപദ്ധതികളും ഭൂമി ഏറ്റെടുക്കൽ പദ്ധതികളും 2024 ആഗസ്റ്റ് വരെ മാത്രം കിഫ്ബി മുഖേന നടപ്പിലാക്കിയിട്ടുണ്ട്.



## സ്ത്രീമുന്നേറ്റം

സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക മുന്നേറ്റം ഏറെ ശക്തമായ സംസ്ഥാനമാണ് കേരളം. ഇതിനുള്ള പ്രധാന കാരണം സ്ത്രീകൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസവും തുല്യതയും ആണ്. സ്ത്രീകൾ സാമ്പത്തിക പര്യാപ്തത നേടുന്നതിനുവേണ്ടി ആരംഭിച്ച കുടുംബശ്രീയിൽ മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളും 48 ലക്ഷം അംഗങ്ങളും ഉണ്ട്. ലോകത്തിനുതന്നെ മാതൃകയായ ഇത് ആഗോളതലത്തിൽത്തന്നെ ഏറ്റവും വലിയ ഒരു സ്ത്രീശാക്തീകരണ പ്രസ്ഥാനമാണ്. ആരോഗ്യവും സുരക്ഷിതത്വവും ആത്മവിശ്വാസവും ഉള്ള സ്ത്രീസമൂഹത്തെ വാർത്തെടുക്കാൻ ജൻഡർ ബഡ്ജറ്റിങ് പോലെയുള്ള നിരവധി സ്ത്രീപക്ഷ സമീപനങ്ങളും സംസ്ഥാനസർക്കാർ നടപ്പിലാക്കുന്നുണ്ട്.

**കേരളത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം ടൂറിസത്തിന്റെ പങ്ക് വളരെ വലുതാണ്.**

കേരളവികസനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനം. സംസ്ഥാനം അധികാരം മാത്രമല്ല വിഭവങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. സംസ്ഥാന ബജറ്റിന്റെ 25 ശതമാനത്തിലധികം അവയ്ക്ക് അനുവദിക്കുന്നുണ്ട്. കേന്ദ്രഫണ്ടുകളും അനുബന്ധ പദ്ധതികളും ഉൾപ്പെടുത്തുമ്പോൾ പ്രാദേശികതലത്തിലെ യഥാർഥ വിനിയോഗം ഏകദേശം 40 ശതമാനത്തോളം വരും.

സേവനങ്ങൾ ഉപഭോക്തൃസൗഹൃദമാക്കുക എന്നതും വളരെ പ്രധാനപ്പെട്ടതായിരുന്നു. സർക്കാർ സേവനങ്ങൾ സാധാരണക്കാരിലേക്ക് കാലതാമസമില്ലാതെ എത്തിക്കുന്നതിനൊപ്പം സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നു. സർട്ടിഫിക്കറ്റുകളും സേവനങ്ങളും ലഭ്യമാക്കാൻ കെ-സ്മാർട്ട്, ഇ- സേവനം തുടങ്ങിയ വെബ്സൈറ്റുകളിലൂടെ സൗകര്യം ഒരുക്കിയിരിക്കുന്നു. റവന്യൂവകുപ്പ് നിരവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കിയിരിക്കുകയാണിപ്പോൾ. ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം'.

കേരളത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം ടൂറിസത്തിന്റെ പങ്ക് വളരെ വലുതാണ്. ടൂറിസം മേഖലയിലെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമിട്ട സർക്കാർ ഉത്തരവാദിത്വ ടൂറിസം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നവകേരള നിർമ്മിതിയുടെ മറ്റൊരു പ്രധാന ലക്ഷ്യമായിരുന്ന മാലിന്യമുക്ത നവകേരളം. ഈ ലക്ഷ്യത്തിലേക്ക് കേരളത്തെ നയിച്ചതിൽ പ്രധാന പങ്കുവഹിച്ച സംഘടനയാണ് ഹരിതകർമ്മസേന. മാലിന്യസംസ്കരണം ലക്ഷ്യമിട്ട് ഹരിതകർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ മേൽനോട്ടത്തിലുമാണ് മുന്നോട്ടുപോകുന്നത്.

കേരളത്തിന്റെ സാമ്പത്തികരംഗവും ഉയിർത്തെഴുന്നേറ്റുകൊണ്ടിരിക്കുകയാണ്. കേന്ദ്രവിഹിതത്തിൽ പെട്ടെന്നുണ്ടായ കുറവു കാരണം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിരുന്നു. എന്നാൽ, സാമ്പത്തികരംഗത്തെ പ്രധാന പ്രശ്നമായിരുന്ന കടം കുറയ്ക്കാനും നികുതി വരുമാനവും നികുതിയേതരവരുമാനവും ഉയർത്താനും കേരളസർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നൈപുണിവികസനത്തിനും, കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും മറ്റ് സാമൂഹിക, സാംസ്കാരിക, സാമ്പത്തിക രംഗത്തെ വളർച്ചക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഇത് കേരളത്തിന്റെ നിലവിലുള്ള മുന്നേറ്റം നിലനിർത്തുന്നതിനും അതുവഴി വിവിധ മേഖലകളിൽ വളർച്ച കൊണ്ടുവരുന്നതിനും ഒരേ സമയം സാമൂഹികസുരക്ഷ കൈവിടാതെ തന്നെ ശാസ്ത്രീയമായും ജനാധിപത്യപരമായും സമ്പദ്വ്യവസ്ഥയെ മാറ്റുന്നതിനും സുസ്ഥിര വികസനം കൊണ്ടുവരുന്നതിനും സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ■

# പൊതുവിതരണ സമ്പ്രദായം നാൾവഴികൾ

**ഡോ. ജിനു സഖറിയ ഉമ്മൻ**
ചെയർപേഴ്സൺ, സംസ്ഥാന ഭക്ഷ്യ കമ്മിഷൻ

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ ചരിത്രം എന്നത് സംസ്ഥാനത്തിന്റെ ചരിത്രത്തിലെ നിർണ്ണായകമായൊരു അധ്യായമാണ്. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഉത്ഭവം രണ്ടാം ലോക മഹായുദ്ധകാലത്താണ്. അന്ന് രൂക്ഷമായ ഭക്ഷ്യക്ഷാമം അനുഭവിച്ച പ്രദേശങ്ങളാണ് ഇന്നത്തെ കേരള സംസ്ഥാനത്തിൽ ഉൾപ്പെട്ട തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളും മലബാർ ജില്ലയും. 1942-ൽ ഭക്ഷ്യക്ഷാമം രൂക്ഷമായപ്പോൾ മലബാറിൽ കർഷക സംഘടനകൾ ഉൽപ്പാദന, ഉപഭോക്തൃ സഹകരണ സംഘങ്ങൾ (Producers and Consumers Co-operatives (PCC)) രൂപീകരിച്ച് ജന്മിമാരുടെ ഗോഡൗണുകളിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യധാന്യം ബലമായി പിടിച്ചെടുത്ത് പിസിസി കളിലൂടെ പാവപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്തു. കേരളത്തിലെ ആദ്യത്തെ സൗജന്യറേഷൻ വിതരണമായി കണക്കാക്കപ്പെടുന്നത് ഈ സംഭവമാണ്. ഇതേ സമയം തിരു-കൊച്ചി പ്രദേശത്ത് പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിലെ കയർ വ്യവസായ തൊഴിലാളികളുടെ നേതൃത്വത്തിൽ 1942-ൽ നടന്ന ഒരു വലിയ സമരത്തിന്റെ പ്രധാന മുദ്രാവാക്യം തന്നെ റേഷൻ ലഭിക്കണം എന്നതായിരുന്നു. ഇതിന്റെയെല്ലാം ഫലമായി 1943-ൽ തിരുവിതാംകൂറിൽ റേഷനിങ് സമ്പ്രദായം ആരംഭിച്ചു. 1957-ൽ നിലവിൽവന്ന ആദ്യ ഇ.എം.എസ് സർക്കാർ സംസ്ഥാനത്തൊട്ടാകെ റേഷൻ ഷോപ്പുകൾ സ്ഥാപിച്ചുകൊണ്ട് താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്ന സംവിധാനം ആരംഭിക്കുകയും, ഇവയുടെ മേൽനോട്ടം വഹിക്കുന്നതിന് പ്രാദേശിക തലത്തിൽ ഭക്ഷ്യകമ്മിറ്റികൾ രൂപവൽക്കരിക്കുകയും ചെയ്തു. ഇത് 1964 വരെ തുടർന്നുവന്നു.

1964 - ൽ രാജ്യത്ത് ഉടനീളം രൂക്ഷമായ ഭക്ഷ്യക്ഷാമം ഉണ്ടായതിനെ തുടർന്ന് വിവിധ തലങ്ങളിൽ നിന്നുള്ള സമ്മർദങ്ങളുടെ ഫലമായി കേന്ദ്രസർക്കാർ 1965 ലെ അവശ്യസാധന





> 2030 ഓടെ 'വിശപ്പുരഹിത കേരളം' എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുക, ഭക്ഷ്യ ഭദ്രതാ നിയമം 2013 അടിസ്ഥാനമാക്കി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുക, ഗുണഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ശരിയായ നിരക്കിലും അളവിലും പോഷകാഹാര നിലവാരത്തോടെ ലഭ്യമാക്കുക എന്നിവയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

നിയമത്തിന്റെ അടിസ്ഥാനത്തിൽ 1965 ജൂലൈ 1 ന് മിനിമം സ്റ്റാറ്റ്യൂട്ടറി റേഷനിങ് സിസ്റ്റം രാജ്യത്ത് നടപ്പിൽ വരുത്തി. ഇതാണ് ഇന്നത്തെ പൊതുവിതരണ സംവിധാനത്തിന് (Public Distribution System) തുടക്കമിട്ടത്.

## മാവേലി സ്റ്റോറുകളുടെ തുടക്കം

നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിതരണരംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കംകുറിച്ചത് 1980-ലെ സർക്കാരിന്റെ കാലത്താണ്. അന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ മുൻകൈയെടുത്ത് കേരളത്തിൽ സപ്ലൈകോയുടെ കീഴിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുകയും, അതിലൂടെ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്ന പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. തുടർന്നുവന്ന സർക്കാരുകളുടെ കാലത്ത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനവും പൊതുവിതരണ സമ്പ്രദായവും കൂടുതൽ ശാക്തീകരിക്കപ്പെടുകയുണ്ടായി. ഇന്ന് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഈ സംവിധാനം പ്രവർത്തിച്ചുവരുന്നു. ഇതുവഴി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തുവാൻ കഴിയുന്നു. ഇങ്ങനെയുള്ള മാതൃകാപരമായ ഇടപെടലുകളിലൂടെ 1965 മുതൽ ആരംഭിച്ച സ്റ്റാറ്റ്യൂട്ടറി റേഷനിങ് ഫലപ്രദമായി നടപ്പിലാക്കുന്നതിൽ നമ്മുടെ സംസ്ഥാനം രാജ്യത്തിനാകെ മാതൃകയായി നിലകൊള്ളുന്നു.

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013

രാജ്യത്ത് മൂന്ന് ദശാബ്ദക്കാലത്തിലധികമായി തുടർന്നുവന്നിരുന്ന പൊതുവിതരണ സമ്പ്രദായത്തിൽ ഒരു പൊളിച്ചെഴുത്തിന് തുടക്കമിട്ടത് 1997-ൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ (Targeted Public Distribution System - 1205) സമ്പ്രദായത്തി



ലൂടെയാണ്. ഇതുവഴി റേഷൻ ഗുണഭോക്താക്കളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (Below Poverty Line - BPL), ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ (Above Poverty Line - APL) എന്നീ രണ്ട് വിഭാഗങ്ങളായി വേർതിരിച്ചു. ഇതിൽ ബിപിഎൽ വിഭാഗത്തിൽത്തന്നെ തീവ്രമായി ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി, അവരെ പ്രത്യേക വിഭാഗമായി പരിഗണിച്ച് അവരുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനായി അന്ത്യോദയ അന്നയോജന (AAY) പദ്ധതി 2000 ത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. എന്നാൽ രാജ്യത്ത് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ വഴി പൊതുവിതരണരംഗത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിയിട്ടും ജനങ്ങൾക്ക് ഗുണമേന്മയുള്ളതും, പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിൽ സർക്കാരുകൾ പൂർണ്ണമായും വിജയം കണ്ടിട്ടില്ലെന്ന് രാജ്യത്തെ പരമോ





ന്നത നീതിപീഠമുൾപ്പെടെ വിലയിരുത്തിയ പശ്ചാത്തലത്തിലാണ് സുപ്രീംകോടതി രാജ്യത്തെ പൊതുവിതരണ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ്. വാധ്വാ കമ്മിഷനെ നിയമിക്കുന്നത്. കമ്മിഷൻ രാജ്യത്തെ പൊതുവിതരണ സമ്പ്രദായത്തെ കുറിച്ച് വിശദമായി പഠിക്കുകയും, സംവിധാനം ശാക്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും, ഇതിനായി രാജ്യത്ത് നിയമനിർമ്മാണം നടത്തേണ്ടതുണ്ടെന്നും ശിപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ജൂലൈ 5 ന് ഇന്ത്യൻ പാർലമെന്റ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 പാസാക്കുകയുണ്ടായി. 'ഭക്ഷണം ഔദാര്യമല്ല, അവകാശമാണ്'' എന്ന ആശയം നടപ്പിലാക്കാൻ പര്യാപ്തമായ ഈ നിയമത്തിന് പൊതുവിതരണ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

## നിയമം കേരളത്തിൽ

സ്വതന്ത്ര ഇന്ത്യയിൽ നിലവിൽ വന്ന നിയമങ്ങളിൽ തൊഴിലുറപ്പ് നിയമം, വിവരാവകാശ നിയമം ഇവയെപ്പോലെ രാജ്യത്തെ എല്ലാ പൗരൻമാരുടെയും ജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്താൻ പര്യാപ്തമായ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം നഗര ജനസംഖ്യയുടെ 50% വും ഗ്രാമീണ ജനസംഖ്യയുടെ 75% വും ഭക്ഷ്യഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് നഗര ജനസംഖ്യയുടെ 39% വും ഗ്രാമീണ ജനസംഖ്യയുടെ 53% വുമാണ് നിയമത്തിന്റെ പരിധിയിൽ വരുന്നത്.

ഈ നിയമമനുസരിച്ച് അന്ത്യോദയ അന്ന യോജന, മുൻഗണനാവിഭാഗം (Priority House Hood - PHH) എന്നിങ്ങനെ രണ്ട് വിഭാഗമായി ഉപഭോക്താക്കളെ തരംതിരിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് മേൽ വിഭാഗങ്ങളിൽ ഉൾപ്പെടുത്താൻ കഴിയാത്തവരും എന്നാൽ ഭക്ഷ്യ സബ്സിഡിയ്ക്ക് അർഹരായിട്ടുള്ളവരുമായ കുടുംബങ്ങളെ NPS (Non Priority Subsidy) വിഭാഗത്തിൽ ഉൾപ്പെടുത്തി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകിവരുന്നു. കൂടാതെ കോൺവെന്റുകൾ, സന്യാസിമഠങ്ങൾ, ഓർഫനേജുകൾ, ഓൾഡേജ് ഹോം എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി പ്രത്യേകം റേഷൻകാർഡ് (ബ്രൗൺ കാർഡ്) അനുവദിച്ച് സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യം നൽകിവരുന്നുമുണ്ട്. മേൽവിഭാഗങ്ങളിൽ ഒന്നും ഉൾപ്പെടാത്ത കുടുംബങ്ങളെ പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തിയും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ നിലവിൽ കേരളത്തിൽ അഞ്ചുതരം റേഷൻ കാർഡുകൾ നിലവിലുണ്ട്.

രാജ്യത്ത് 2013-ൽ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽവന്നുവെങ്കിലും കേരളത്തിൽ ഇത് നടപ്പിലാക്കുന്നത് 2016-ലാണ്. നിയമം പ്രാബല്യത്തിൽവന്നതിനെ തുടർന്ന് കേരളത്തിലെ ഭക്ഷ്യ പൊതുവിതരണരംഗത്ത് സമഗ്രമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവന്ന നാനൂറോളം സ്വകാര്യ മൊത്ത റേഷൻ വിതരണക്കാരെ പൂർണ്ണമായും ഒഴിവാക്കി NFSA ഗോഡൗണുകൾ സ്ഥാപിക്കുകയും, FCI ൽ നിന്നും NFSA ഗോഡൗണുകളിലേക്കും അവിടെ നിന്ന് ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻകടകളിൽ എത്തിച്ച് വാതിൽപ്പടി വിതരണ സംവിധാനം സർക്കാർ നിയന്ത്രണത്തിൽ നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ഇ-പോസ് മെഷീൻ റേഷൻകടകളിൽ സ്ഥാപിച്ചുകൊണ്ട് ബയോമെട്രിക് സംവിധാനം വഴി കൃത്യമായ റേഷൻ വിതരണം ഉറപ്പുവരുത്തി. ഭക്ഷ്യ ഭദ്രതാനിയമത്തിന്റെ 30-ാം വകുപ്പ് പ്രകാരം അഗമ്യമായ വനമേഖലകളിൽ താമസിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് സഞ്ചരിക്കുന്ന റേഷൻകടയുടെ സേവനം നടപ്പിലാക്കിക്കൊണ്ട് ഭക്ഷ്യവിതരണം ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ കിടപ്പുരോഗികളായ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' പദ്ധതി ആരംഭിച്ചതും പൊതുവിതരണരംഗത്തെ നാഴികക്കല്ലുകളാണ്. കൂടാതെ റേഷൻ കാർഡ് സേവനങ്ങൾ

പൂർണ്ണമായും ഓൺലൈനായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചതും പൊതുവിതരണരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകുന്നതിന് സഹായിച്ചിട്ടുണ്ട്.

## സംസ്ഥാന ഭക്ഷ്യ കമ്മിഷൻ

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കിയതിനെ തുടർന്ന് പൊതുവിതരണ രംഗത്ത് സമഗ്രമായ മാറ്റം ഉണ്ടായതിനോടൊപ്പം തന്നെ ഉപഭോക്താക്കളുടെ പരാതി പരിഹാര സംവിധാനങ്ങൾക്കും കാതലായ മാറ്റം വന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭക്ഷ്യ ഭദ്രതാനിയമത്തിന്റെ 16-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് രൂപവൽക്കൃതമായ സംസ്ഥാന ഭക്ഷ്യ കമ്മിഷൻ. സംസ്ഥാനത്ത് 2019-ൽ രൂപീകരിച്ച കമ്മിഷൻ ഭക്ഷ്യ ഭദ്രതാപദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്തുകയും മേൽനോട്ടം വഹിക്കുകയും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് യഥാസമയം നിർദേശങ്ങൾ/റിപ്പോർട്ടുകൾ എന്നിവ നൽകിവരുന്നുമുണ്ട്. ചെയർപേഴ്സനെ കൂടാതെ അഞ്ച് അംഗങ്ങളും മെമ്പർ സെക്രട്ടറിയും അടങ്ങുന്നതാണ് സംസ്ഥാന ഭക്ഷ്യ കമ്മിഷൻ. കൂടാതെ ഓരോ ജില്ലകളിലുമുള്ള അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെ (ADM) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ (15-30%) വകുപ്പ് പ്രകാരം ജില്ലയിലെ പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇത് കൂടാതെ പരാതികൾ സംസ്ഥാന ഭക്ഷ്യ കമ്മിഷൻ നേരിട്ടും, വെബ്സൈറ്റ്, ഇ-മെയിൽ, ടെലിഫോൺ എന്നിവ വഴിയും നൽകാവുന്നതാണ്. കമ്മിഷന് ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു. കൂടാതെ ഭക്ഷ്യ പൊതുവിതരണരംഗത്ത് കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നിയമത്തിന്റെ 29-ാം വകുപ്പ് പ്രകാരം സംസ്ഥാന/ജില്ല / താലൂക്ക് / റേഷൻകട തലത്തിൽ വിജിലൻസ് സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

ഇന്ന് പൊതുവിതരണ വകുപ്പ് വഴിയുള്ള സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. സ്മാർട്ട് കാർഡുകളുടെ രൂപത്തിൽ കാർഡുടമയുടെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിക്കൊണ്ട് ഇ-റേഷൻ കാർഡുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. അതുപോലെ തന്നെ ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട നിലയിൽ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ (ബാങ്കിങ്, utility payments, CSC സേവനങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, പാചകവാതകം തുടങ്ങിയവ) റേഷൻ കടകൾ കെ-സ്റ്റോറാക്കി മാറ്റുന്ന നടപടികളും അതിവേഗത്തിൽ നടന്നുവരുന്നു. "വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ സഹകരണത്തോടെ കുറഞ്ഞ വിലയ്ക്ക് ഭക്ഷണം നൽകുന്ന 'സുഭിക്ഷ' ഹോട്ടലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഉപഭോക്തൃ സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കാൻ ആരംഭിച്ചിട്ടുള്ള ജില്ലാ മീഡിയേഷൻ സെല്ലുകൾ, പരാതികൾ ഇ-ഫയലിങ് നടത്താനുള്ള സൗകര്യം എന്നിവയും നടപ്പാക്കിവരുന്നു.

ഇന്ന് പൊതുവിതരണ വകുപ്പ് വഴിയുള്ള സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. സ്മാർട്ട് കാർഡുകളുടെ രൂപത്തിൽ കാർഡുടമയുടെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിക്കൊണ്ട് ഇ-റേഷൻ കാർഡുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.



2030 ഓടെ 'വിശപ്പുരഹിത കേരളം' എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുക, ഭക്ഷ്യ ഭദ്രതാ നിയമം 2013 അടിസ്ഥാനമാക്കി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുക, ഗുണഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ശരിയായ നിരക്കിലും അളവിലും പോഷകാഹാര നിലവാരത്തോടെ ലഭ്യമാക്കുക എന്നിവയാണ് സർക്കാർ ലക്ഷ്യമിടുന്നത്. 1943-ൽ തിരുവിതാംകൂർ നാട്ടുരാജ്യത്തെ കർഷകരുടെയും തൊഴിലാളികളുടെയും നിരന്തര സമരങ്ങൾക്കൊടുവിൽ പരിമിതമായി നിലവിൽ വന്ന റേഷനിങ് സമ്പ്രദായം ഇന്ന് കേരളത്തിൽ, സംസ്ഥാനത്തെ ജനങ്ങൾക്കൊട്ടാകെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്ന തരത്തിൽ ശക്തമായി തീർന്നതിനു പിന്നിൽ സാമൂഹിക സമത്വം കൈവരിക്കുന്നതിനുള്ള കേരളജനതയുടെയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് അർഥശങ്കയ്ക്കിടയില്ലാതെ നമുക്ക് പറയാൻ കഴിയും. ■

# സുരക്ഷിത ജീവിതത്തിന്റെ കേരളമാതൃക

**യു.വി.ജോസ് ഐ.എ.എസ് (റിട്ട.)**
മുൻ സിഇഒ, ലൈഫ് മിഷൻ

ജനക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ ഇതര സംസ്ഥാനങ്ങൾക്കും ആഗോളതലത്തിലും കേരളം മാതൃകയായിട്ടുണ്ട്. വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും നേടിയ മുന്നേറ്റങ്ങൾ, സാമൂഹികനീതി ഉറപ്പുവരുത്തിയ നടപടികൾ, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തിയ ഇടപെടലുകൾ ഇതെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനസ്തംഭങ്ങളാണ്. എന്നാൽ ഈ നേട്ടങ്ങളുടെ പശ്ചാത്തലത്തിലും വീടില്ലാത്തവർ, ഭൂമിയില്ലാത്തവർ, കടലാക്രമണഭീഷണിയിൽ കഴിയുന്ന തീരദേശജനത എന്നിവരുടെ ജീവിതം സുരക്ഷിതമാക്കുക കാലാകാലങ്ങളായി ഒരു വെല്ലുവിളിയായിരുന്നു.

ഭൂമി ഇല്ലാതെ ജീവിക്കുന്നവർക്ക് ഭൂമിയും, വീടില്ലാതെ കഴിയുന്നവർക്ക് വീടും നൽകുക- ഇത് സർക്കാരിന്റെ കടമയാണെന്ന് തിരിച്ചറിഞ്ഞാണ് 2016 ൽ അധികാരമേറ്റ സർക്കാർ മുന്നോട്ടുവന്നത്.

ഈ മഹത്തായ ദൗത്യത്തിന്റെ ഭാഗമായി മൂന്ന് വലിയ ഇടപെടലുകളാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. ഭൂമി ഇല്ലാത്തവർക്ക് പട്ടയം വിതരണം, വീടില്ലാത്തവർക്ക് സ്വന്തം വീടുകൾ ഉറപ്പാക്കുന്ന ലൈഫ് മിഷൻ, കടലാക്രമണ ഭീഷണിയിലുള്ള തീരദേശജനങ്ങൾക്ക് സുരക്ഷിതമേഖലകളിൽ പുനരധിവാസം ഒരുക്കുന്ന പുനർഗേഹം പദ്ധതി. ഇവ വെറും ഭരണനടപ





ഭൂമി ഇല്ലാതെ ജീവിക്കുന്നവർക്ക് ഭൂമിയും, വീടില്ലാതെ കഴിയുന്നവർക്ക് വീടും നൽകുക- ഇത് സർക്കാരിന്റെ കടമയാണെന്ന് തിരിച്ചറിഞ്ഞാണ് 2016 ൽ അധികാരമേറ്റ സർക്കാർ മുന്നോട്ടുവന്നത്.

ടികളല്ല, സാമൂഹികനീതിയുടെയും സുരക്ഷിത ജീവിതത്തിന്റെയും അടിത്തറ പാകുന്ന ഇടപെടലുകളാണ്.

## പട്ടയവിതരണം

കേരളത്തിന്റെ സാമൂഹികനീതി ഉറപ്പുവരുത്തിയ ചരിത്രപരമായ ഇടപെടലുകളിൽ ഒന്നാണ് ഭൂമിവിതരണം. 1960-കളിലെ ഭൂപരിഷ്‌കരണ നിയമങ്ങൾ ആയിരക്കണക്കിന് കർഷകരെ സാമൂഹിക അടിമത്തത്തിൽനിന്നും മോചിപ്പിച്ചു. എന്നാൽ, അപ്പോഴും നിരവധി കുടുംബങ്ങൾക്ക് ഭൂമിയുടെ അവകാശം ഉറപ്പാക്കപ്പെടാതെ അവകാശരേഖയ്ക്കായി കാത്തിരിക്കേണ്ടിവന്നു. കുടിയേറ്റത്തൊഴിലാളികളും വ്യവസായമേഖലകളിൽ വർഷങ്ങളായി ജോലി ചെയ്തിരുന്നവരും ആദിവാസിസമൂഹങ്ങളും, സർക്കാർ വക ഭൂമിയിൽ താമസിച്ചിരുന്ന കുടുംബങ്ങളും ഇതിനാൽ സുരക്ഷിതരായിരുന്നില്ല.

ഇത് സർക്കാർ തിരിച്ചറിഞ്ഞു. ഭൂമി ഉടമസ്ഥാവകാശം ഇല്ലാതെ സാമൂഹികനീതി പൂർണ്ണമാകില്ല. അതിനാൽ ഭൂമിയില്ലാത്തവർക്ക് പട്ടയം നൽകൽ സർക്കാരിന്റെ പ്രധാന സാമൂഹിക ദൗത്യമായിമാറി. കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 3,57,898 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 1,77,011 എണ്ണം മുൻസർക്കാരിന്റെ കാലത്തും, 1,80,887 എണ്ണം ഇപ്പോഴത്തെ സർക്കാരിന്റെ കാലത്തും നൽകി. ഇനി 1,42,102 പട്ടയങ്ങൾകൂടി വിതരണം ചെയ്താൽ, മൊത്തം അഞ്ച് ലക്ഷം കുടുംബങ്ങൾക്ക് ഭൂമി ഉടമസ്ഥാവകാശം ഉറപ്പാക്കാൻ സാധിക്കും. കേരളത്തിന്റെ സാമൂഹികസുരക്ഷയുടെ ചരിത്രത്തിലെ വലിയ നേട്ടംകൂടിയാണ് ഇത്.

പട്ടയവിതരണം വേഗത്തിലും സുതാര്യമായും നടത്താൻ സർക്കാർ ആരംഭിച്ച പട്ടയമിഷൻ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി. പഞ്ചായത്തുകളിൽനിന്നും നിയമസഭാ മണ്ഡലങ്ങളിൽ വരെ പൊതുജനപ്രതിനിധികൾ പങ്കെടുത്ത പട്ടയസഭകൾ നടത്തി. അവിടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിട്ടുകേട്ട് പരിഹാരമാർഗങ്ങൾ കണ്ടെത്തി. പട്ടയങ്ങളുടെ വിതരണം സുതാര്യമായി നിരീക്ഷിക്കാൻ പട്ടയ ഡാഷ്ബോർഡ് സജ്ജീകരിച്ചു. നേരിട്ട് ജില്ലാതലത്തിൽ ഓൺലൈൻ പട്ടയ അദാലത്തുകൾ നടത്തി അപേക്ഷകരുടെ പ്രശ്നങ്ങൾ തീർച്ചയായും പരിഹരിക്കപ്പെടുന്നുവെന്ന ആത്മവിശ്വാസം ജനങ്ങൾക്കു നൽകി.

നിരവധി പ്രദേശങ്ങളിലെ ജനങ്ങൾക്ക് വർഷങ്ങളായി കാത്തിരുന്ന പട്ടയം ലഭിച്ചതോടെ വലിയ സാമൂഹികമാറ്റം സംഭവിച്ചു. മലപ്പുറത്തെ കൊടയ്ക്കൽ ടൈൽസ് ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ, കണ്ണൂരിലെ മൊറാഴയിലെ കുടുംബങ്ങൾ, തൃശ്ശൂരിലെ ഒളകര ആദിവാസി കോളനിയിലെ കുടുംബങ്ങൾ, മഞ്ചേരി സത്രം ഭൂമിയിൽ താമസിച്ചിരുന്നവർ. ഇവർക്ക് പതിറ്റാണ്ടുകളുടെ കാത്തിരിപ്പിന് വിരാമമായി. പലരും വിശ്വസിക്കാതെപോയ ഭൂമി അവകാശം, ഇപ്പോൾ അവരുടെ കൈകളിൽ സുരക്ഷിതമായ പട്ടയമായി മാറി.

പട്ടയം വെറും രേഖയല്ല, അത് കുടുംബങ്ങളുടെ ആത്മാഭിമാനത്തിന്റെ പ്രതീകമാണ്. ഭൂമി സ്വന്തമായതോടെ അവർക്ക് ബാങ്ക് വായ്പകൾ ലഭിച്ചു. സർക്കാർ പദ്ധതികളുടെ പ്രയോജനങ്ങൾ അവർക്കും ഉറപ്പായി. സ്ഥിരവിലാസം ലഭിച്ചതോടെ കുട്ടികളുടെ വിദ്യാഭ്യാസം തടസ്സമില്ലാതെ മുന്നോട്ട് പോകാൻ സാധിച്ചു. കുടുംബങ്ങൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ തിരിച്ചെത്താനും സാമ്പത്തികമായി ശക്തരാകാനും കഴിഞ്ഞു. പട്ടയം കൈവന്നപ്പോൾ, അവർക്ക് ഭാവിയുടെ സുരക്ഷിതത്വവും ആത്മവിശ്വാസവും കൂടി കൈവന്നു.

## ലൈഫ് മിഷൻ - വീടില്ലാത്തവർക്ക് സ്വന്തം വീട്

വീടില്ലായ്മ കേരളത്തിൽ വർഷങ്ങളായി നിലനിന്നിരുന്ന വലിയ സാമൂഹിക വെല്ലുവി

ളിയായിരുന്നു. കുടിലുകളിൽ കഴിയേണ്ടിവന്ന കുടുംബങ്ങൾ, വാടകവീടുകളിൽ അനിശ്ചിതത്വത്തോടെ ജീവിച്ചിരുന്നവർ, സ്ത്രീകളും കുട്ടികളും അനുഭവിച്ചിരുന്ന സുരക്ഷിതത്വക്കുറവ്. ഇവയെല്ലാം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് നിരവധി കുടുംബങ്ങളെ അകറ്റിനിർത്തിയിരുന്നു.

2017-ൽ സർക്കാർ ആരംഭിച്ച ലൈഫ് മിഷൻ ഈ പ്രശ്നത്തിന് ചരിത്രപരമായ മറുപടി നൽകി. ഒരു കുടുംബവും വീടില്ലാതെ കഴിയരുതെന്ന പ്രഖ്യാപനവാക്യം സർക്കാരിന്റെ ഇച്ഛാശക്തിയിലൂടെ യാഥാർഥ്യത്തിലേക്ക് നീങ്ങി.

കേരളത്തിന്റെ ഭരണമാതൃക മനുഷ്യകേന്ദ്രിതമാണ്. ഭവനവും ഭൂമിയും മനുഷ്യജീവിതത്തിന്റെ അടിസ്ഥാനാവകാശമാണെന്ന തിരിച്ചറിവിലാണ് സർക്കാരിന്റെ ഇടപെടലുകൾ നടക്കുന്നത്.

പദ്ധതി ആരംഭിച്ചതിന് ശേഷം ലഭിച്ച അപേക്ഷകളുടെ എണ്ണം തന്നെ ഇതിന്റെ ആവശ്യകത തെളിയിച്ചു. 2017 മുതൽ 2025 ആഗസ്റ്റ് 31 വരെ 5,95,536 അപേക്ഷകൾ സർക്കാരിന് ലഭിച്ചു. ഇതിൽ 4,62,412 കുടുംബങ്ങൾക്ക് വീടുകളുടെ ഉടമസ്ഥാവകാശം ഉറപ്പിച്ചു. ശേഷിക്കുന്ന 1,33,124 അപേക്ഷകൾ നടപടിക്രമ ഘട്ടത്തിലാണ്. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി വൻതോതിൽ വിപുലീകരിക്കപ്പെട്ടു. 9,20,260 വീടുകൾ ഉൾപ്പെടുത്തി. വീടിന്റെ സുരക്ഷിതത്വത്തിലേക്ക് ഭവനരഹിതരെ കൊണ്ടുവരാനുള്ള മഹത്തായ പദ്ധതിയായി മിഷൻ മാറി. വീടുകളുടെ മാതൃകകളിൽ കൊണ്ടുവന്ന വൈവിധ്യം പദ്ധതിയെ ജനകീയമാക്കി. സ്വന്തം ഭൂമി ഉള്ളവർക്ക് വ്യക്തിഗത വീടുകൾ നിർമ്മിക്കാൻ സഹായം നൽകി. ഗുണഭോക്താക്കൾ കൂട്ടായ്മയായി നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുത്തി. സർക്കാർ ഭൂമിയിലും സ്വകാര്യഭൂമിയിലും ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകി.

ലൈഫ് മിഷൻ വീടുകൾ നൽകിയതുകൊണ്ട് ഉണ്ടായ മാറ്റം വെറും താമസസൗകര്യത്തിലൊതുങ്ങിയില്ല. വീടിന്റെ ഉടമസ്ഥാവകാശം കുടുംബത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രതീകമായി. സുരക്ഷിതമായ വീടുകൾ കൊണ്ട് ആരോഗ്യസ്ഥിതികൾ മെച്ചപ്പെട്ടു. മഴയും ചൂടും ചെറുത്ത് കഴിയേണ്ട അവസ്ഥ അവസാനിച്ചു. സ്ഥിരവിലാസം ലഭിച്ചതോടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ തടസ്സങ്ങളില്ലാതെ മുന്നേറാൻ സാധിച്ചു. വീടിന്റെ ഉടമസ്ഥാവകാശം സ്ത്രീകൾക്ക് ആത്മവിശ്വാസവും സുരക്ഷിതത്വവും നൽകി. വീട്ടുള്ളവരായതുകൊണ്ട് കുടുംബങ്ങൾ സാമ്പത്തികമായും ശക്തരായി.

പദ്ധതി ജനകീയമായി മാറിയതിനു പിന്നിൽ വലിയ കാരണമായത് ജനപങ്കാളിത്തമാണ്. പഞ്ചായത്ത് മുതൽ നിയമസഭവരെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്നാണ് പദ്ധതി മുന്നോട്ട് കൊണ്ടുപോയത്. ഗ്രാമസഭകളിൽ നിന്നും വീടുകളുടെ രൂപരേഖകൾ അംഗീകരിക്കുന്നതുവരെ ജനങ്ങൾ പങ്കാളികളായിരുന്നു. അവരുടെ ആവശ്യങ്ങളും സ്വപ്നങ്ങളും ഉൾപ്പെടുത്തി വീടുകൾ രൂപകല്പന ചെയ്തതിനാൽ പദ്ധതി ജനങ്ങളുടേതായി മാറി.

ലൈഫ് മിഷൻ ഇന്ന് കേരളത്തിന്റെ ഏറ്റവും വലിയ ജനപങ്കാളിത്ത ഭവന പദ്ധതി മാത്രമല്ല, സർക്കാരിന്റെ ജനകേന്ദ്രീകൃത ഭരണത്തിന്റെ മികച്ച ഉദാഹരണവും കൂടിയാണ്. വീടിന്റെ ഉടമസ്ഥാവകാശം ലഭിച്ചതോടെ ആയിരക്കണക്കിന് കുടുംബങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ തിരിച്ചെത്തി. ദേശീയതലത്തിൽത്തന്നെ മാതൃകയായി മാറിയ ലൈഫ് മിഷൻ, ഭവനരഹിതർക്കുള്ള ഗ്ലോബൽ ബെസ്റ്റ് പ്രാക്ടീസായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

## പുനർഗേഹം - തീരദേശജനങ്ങൾക്ക് സുരക്ഷിത ഭാവി:

കേരളത്തിന്റെ 580 കിലോമീറ്റർ നീളമുള്ള തീരപ്രദേശം വർഷങ്ങളായി കടലാക്രമണ ഭീഷണിയിൽ കഴിയുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സമുദ്രനിരപ്പ് ഉയരുകയും വേലിയേറ്റം ശക്തമാകുകയും ചെയ്തപ്പോൾ തീരദേശജീവിതംതന്നെ അപകടത്തിലായി. വർഷംതോറും വീടുകൾ തകർന്നും കുടുംബങ്ങൾ നിരാലംബരായും മാറുന്ന അവസ്ഥയ്ക്ക് സർക്കാർ സ്ഥിരപരിഹാരം തേടി. അതാണ് പുനർഗേഹം പദ്ധതി.

2019-20 സാമ്പത്തിക വർഷത്തിൽ സർക്കാർ 2,450 കോടി രൂപ ചെലവിൽ പദ്ധതി പ്രഖ്യാപിച്ചു. ഇതിൽ 1,398 കോടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും, 1,052 കോടി വകുപ്പിന്റെ ബജറ്റിൽനിന്നുമാണ് കണ്ടെത്തിയത്. 2019 ഡിസംബർ 26-ന് പുറത്തിറങ്ങിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഭരണാനുമതി നേടിയെടുത്തത്.

പദ്ധതിയുടെ ലക്ഷ്യം വ്യക്തമാണ്. വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 22,174 കുടുംബങ്ങളെ സുരക്ഷിത മേഖലകളിലേക്ക് മാറ്റി പുനരധിവാസം നൽകുക. ഓരോ ഗുണഭോക്താവിനും



പരമാവധി 10ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. സുരക്ഷിതമേഖലയിൽ സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുകൾ പണിയാൻ സഹായം ലഭിക്കും. ഗുണഭോക്തൃ കൂട്ടായ്മകൾക്ക് ഭൂമി കണ്ടെത്തി അപ്പാർട്ട്മെന്റ് നിർമ്മിക്കാനാവും. സർക്കാർ ഭൂമിയിലും ഏറ്റെടുത്ത ഭൂമിയിലും ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകും.

2024 ജനുവരി 5-ന് പുറത്തിറങ്ങിയ ഉത്തരവിലൂടെ മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തി. വേലിയേറ്റരേഖയിൽനിന്ന് 200 മീറ്ററിന് പുറത്തുള്ള സ്വന്തം സ്ഥലമുള്ള 355 ഗുണഭോക്താക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്തി. ഇവർക്കു വീട് നിർമ്മിക്കാൻ നാല് ലക്ഷം രൂപ വീതം അനുവദിച്ചു. പദ്ധതി ആരംഭിച്ചതിനുശേഷം 9,104 കുടുംബങ്ങൾ മാറിത്താമസിക്കാൻ സമ്മതം അറിയിച്ചു. അവയിൽ 4,421 കുടുംബങ്ങൾ സ്വന്തം ഭൂമി കണ്ടെത്തി. 3,835 കുടുംബങ്ങൾ രജിസ്ട്രേഷൻ പൂർത്തിയാക്കി. 2,488 വീടുകൾ പൂർത്തിയായി. 568 കുടുംബങ്ങൾ വീടിന്റെ നിർമ്മാണം തുടങ്ങാനിരിക്കുകയാണ്. 779 വീടുകൾ വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലുണ്ട്. തിരുവനന്തപുരത്തെ കാരോട്, ബീമാപള്ളി, മുട്ടത്തറ, കൊല്ലം ക്യു.എസ്.എസ് കോളനി, മലപ്പുറം പൊന്നാനി എന്നിവിടങ്ങളിലെ ഫ്ലാറ്റ് സമുച്ചയങ്ങൾ ഇതിനകം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. കടകംപള്ളി, വലിയതുറ, മണ്ണമ്പുറം, നിറമരുതൂർ, വെസ്റ്റ്ഹിൽ, കോയിപ്പാടി എന്നിവിടങ്ങളിലെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഇതുവരെ 2,878 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി, 5,361 പേർക്ക് സുരക്ഷിത താമസം ഉറപ്പിച്ചു. ജീവിതകാലം മുഴുവൻ കടലിന്റെ ഭീഷണി നേരിട്ടവർക്കാണ് ഇപ്പോൾ സുരക്ഷിതമായ വീടുകളും സ്ഥിരതയുള്ള ഭാവിയും ലഭിക്കുന്നത്. പുനർഗേഹം പദ്ധതി വെറും വീടുകളല്ല നൽകുന്നത്. പ്രകൃതിക്ഷോഭങ്ങളിൽ നിന്നും തീരദേശജനതയ്ക്ക് സർക്കാർ നൽകുന്ന ഉറപ്പാണ്.

## ആത്മവിശ്വാസത്തോടെ ഭാവിയിലേക്ക്

കേരളത്തിന്റെ ഭരണമാതൃക മനുഷ്യകേന്ദ്രിതമാണ്. ഭവനവും ഭൂമിയും മനുഷ്യജീവിതത്തിന്റെ അടിസ്ഥാനവകാശമാണെന്ന തിരിച്ചറിവിലാണ് സർക്കാരിന്റെ ഇടപെടലുകൾ നടക്കുന്നത്. അഞ്ചുലക്ഷം പട്ടയങ്ങൾ, 4.62 ലക്ഷം വീടുകളുടെ ഉടമസ്ഥാവകാശം, 22,174 തീരദേശകുടുംബങ്ങളുടെ പുനരധിവാസം. ഈ നേട്ടങ്ങൾ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ പ്രവൃത്തികളായി മാറിയെന്നും ജനങ്ങളുടെ ജീവിതത്തിൽ പ്രത്യക്ഷമായ മാറ്റം കൊണ്ടുവന്നെന്നും തെളിയിക്കുന്നു.

2025 നവംബർ 1-ന് സർക്കാർ ലക്ഷ്യമിട്ടിരുന്നത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്നതാണ്. ഈ മഹത്തായ പ്രതിജ്ഞയ്ക്കായി സർക്കാർ നടപടികൾ സംസ്ഥാനത്തെ സാമൂഹികനീതിയുടെ മാതൃകയായി ലോകത്തിനു മുന്നിൽ ഉയർന്നുനിന്നു.

കേരളം ലോകത്തോട് പറയുന്നത് ലളിതമാണ്- സ്വന്തം ഭൂമി, സ്വന്തം വീട്, സുരക്ഷിത ജീവിതം, ഇവയാണ് മനുഷ്യാവകാശങ്ങളുടെ അടിത്തറ. ഇതാണ് കേരളമാതൃക.■



# ജനഹൃദയങ്ങളിലേക്ക് ഒരു യാത്ര

**ഡോ. പ്രമോജ് ശങ്കർ**
ചെയർമാൻ & മാനേജിങ് ഡയറക്ടർ,
കെഎസ്ആർടിസി

കേരളത്തിന്റെ പൊതുഗതാഗത സംവിധാനത്തിന്റെ നട്ടെല്ലായ കെ.എസ്.ആർ.ടി.സി കുതിപ്പിന്റെ പാതയിലാണ്. ജനങ്ങൾക്ക് മികച്ച യാത്രാസൗകര്യം ഒരുക്കുന്നതിനൊപ്പം, സ്ഥാപനത്തെ ലാഭക്ഷമതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടപ്പിലാക്കിയ പദ്ധതികൾ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. ഇതൊരു കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ്.

## ചരിത്രമെഴുതിയ വരുമാനം

കെ.എസ്.ആർ.ടി.സി-യുടെ ചരിത്രത്തിലെ ഏറ്റവും തിളക്കമാർന്ന അധ്യായങ്ങളിലൊന്നാണ് സമീപകാലത്തുണ്ടായ റെക്കോർഡ് വരുമാനനേട്ടം. 2025 സെപ്റ്റംബർ 8-ന്, ഓണം അവധിക്കു ശേഷമുള്ള തിങ്കളാഴ്ച എക്കാലത്തെയും ഉയർന്ന പ്രതിദിന കളക്ഷൻ നേടിക്കൊണ്ട് പുതിയ ചരിത്രംകുറിച്ചു. അന്ന് 4607 ബസുകളിലായി 24.94 ലക്ഷം യാത്രക്കാർ സഞ്ചരിച്ചപ്പോൾ, ടിക്കറ്റ് വരുമാനം മാത്രം 10.19 കോടി രൂപയായി ഉയർന്നു. ടിക്കറ്റിതര വരുമാനംകൂടി ചേർന്നപ്പോൾ ഇത് 11.2 കോടി രൂപയായി വർധിച്ചു. ഇതിനുമുൻപുള്ള ഏറ്റവും ഉയർന്ന റെക്കോർഡ് 2024 ഡിസംബർ 23-ലെ ശബരിമല സീസണിൽ നേടിയ 9.22 കോടി രൂപയായിരുന്നു. കാര്യക്ഷമമായ ഷെഡ്യൂൾ മാനേജ്മെന്റ്, ഡെഡ് കിലോമീറ്റർ കുറയ്ക്കൽ, യാത്രക്കാരുടെ എണ്ണത്തിലുള്ള വർധനവ് എന്നിവയിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്. 2025 ഓഗസ്റ്റ് മാസത്തോടെ കെ.എസ്.ആർ.ടി.സി-യുടെ 93 യൂണിറ്റുകളും പ്രവർത്തന ലാഭത്തിലായി എന്നത് ഈ രംഗത്തെ സുപ്രധാനമായ ഒരു ചുവടുവയ്പാണ്.



**യാത്രക്കാർക്ക് മികച്ച അനുഭവം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി നിരവധി ഡിജിറ്റൽ നവീകരണങ്ങൾ നടപ്പാക്കി**

## നവീകരിച്ച ബസ് ശൃംഖല

യാത്രക്കാർക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുന്നതിനായി ബസുകളുടെ നവീകരണത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി. സർക്കാർ അനുവദിച്ച 170 കോടി രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എ.സി. സ്ലീപ്പർ, എ.സി. സീറ്റർ, പ്രീമിയം സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 350 പുതിയ ബസുകൾ നിരത്തിലിറക്കാൻ പദ്ധതിയിട്ടു. മികച്ച സുരക്ഷാസംവിധാനങ്ങളും യാത്രാസുഖവുമുള്ള ഈ ബി.എസ്-6 ബസുകളിൽ വൈ-ഫൈ, ക്യാമറ തുടങ്ങിയ ആധുനിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതിനകം 143 ബസുകൾ ലഭിച്ചതിൽ 99 എണ്ണം രജിസ്ട്രേഷൻ പൂർത്തിയാക്കി സർവീസ് ആരംഭിച്ചു കഴിഞ്ഞു. പഴയ സൂപ്പർ ക്ലാസ് ബസുകൾ കുറഞ്ഞ ചെലവിൽ നവീകരിച്ച് ആകർഷകമാക്കുന്ന പദ്ധതിയും വിജയകരമായി മുന്നോട്ടുപോകുന്നു.

## സാങ്കേതികവിദ്യയുടെ കൈപിടിച്ച്

കെ.എസ്.ആർ.ടി.സി-യുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാൻ സാങ്കേതികവിദ്യയെ പൂർണ്ണമായി ഉപയോഗപ്പെടുത്തുക എന്നതായിരുന്നു പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ 'കെ.എസ്.ആർ.ടി.സി-ചലോ' ആപ്പ് യാത്രക്കാർക്ക് ബസുകളുടെ തത്സമയ ലൊക്കേഷൻ അറിയാനും ടിക്കറ്റുകൾ ഡിജിറ്റലായി എടുക്കാനും സൗകര്യമൊരുക്കി.

ഓഫീസ് പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനം ഫയൽ നീക്കം വേഗത്തിലാക്കാൻ സഹായിച്ചു. വിദ്യാർഥികളുടെ കൺസഷൻ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചു തുടങ്ങിയത് ഡിപ്പോകളിലെ തിരക്ക് കുറയ്ക്കാനും നടപടിക്രമങ്ങൾ വേഗത്തിലാക്കാനും സഹായിച്ചു. കൂടാതെ, ഇ-സുതാര്യം ഇൻവെന്ററി സോഫ്റ്റ്‌വെയർ, റെന്റ് മാനേജ്മെന്റ് സിസ്റ്റം, ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്താനുള്ള ഫേസ്ആപ്പ്, പരാതിപരിഹാരസംവിധാനം എന്നിവയും ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കി.

## ഡിജിറ്റൽ നവീകരണങ്ങൾ

യാത്രക്കാർക്ക് മികച്ച അനുഭവം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി നിരവധി ഡിജിറ്റൽ നവീകരണങ്ങൾ നടപ്പാക്കി:

- **ട്രാവൽ കാർഡ്:** ഒരു കാർഡിൽ എല്ലാ യാത്രകളും. ബസുകൾ, മെട്രോ, വാട്ടർ മെട്രോ തുടങ്ങിയ പൊതുഗതാഗത സംവിധാനങ്ങൾക്കും ഉപയോഗിക്കാവുന്ന ഏകീകൃത കാർഡ്.
- **ഡിജിറ്റൽ ഡിസ്‌പ്ലേ സംവിധാനം:** പ്രധാന ഡിപ്പോകളിൽ ബസുകളുടെ സമയക്രമം, റൂട്ടുകൾ, അറിയിപ്പുകൾ എന്നിവ തത്സമയം പ്രദർശിപ്പിക്കുന്ന ഡിജിറ്റൽ സ്ക്രീനുകൾ സ്ഥാപിച്ചു.
- **സിസിടിവി ക്യാമറകളും ബ്ലിങ്കർ ലൈറ്റുകളും:** യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എല്ലാ പ്രധാന ഡിപ്പോകളിലും നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## സാങ്കേതികവിദ്യയുടെ കുതിപ്പ്: ഡാറ്റയും നിർമ്മിതബുദ്ധിയും

സാങ്കേതികവിദ്യയെ കേവലം ടിക്കറ്റിങ്ങിനും ട്രാക്കിങ്ങിനും മാത്രമായി ഒതുക്കാതെ, പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും സമന്വയിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

- **നിർമ്മിതബുദ്ധി അധിഷ്ഠിത റൂട്ട് മാനേജ്മെന്റ്:** നിലവിൽ ഷെഡ്യൂളുകൾ തയാറാക്കുന്നതിനുള്ള നിർമ്മിതബുദ്ധി സംവിധാനം വികസിപ്പിക്കാൻ പദ്ധതിയിടുന്നുണ്ട്. യാത്രക്കാരുടെ എണ്ണം, തിരക്കുള്ള സമയം, കാലാവസ്ഥ, പ്രത്യേക ഇവന്റുകൾ




എന്നിവ തത്സമയം വിശകലനം ചെയ്ത് ഏറ്റവും ലാഭകരമായ രീതിയിൽ സർവീസുകൾ ക്രമീകരിക്കാൻ ഈ സംവിധാനം സഹായിക്കും.

- **പ്രെഡിക്റ്റീവ് മെയിന്റനൻസ്:** ബസുകളിലെ സെൻസറുകളിൽ നിന്നുള്ള ഡാറ്റ ഉപയോഗിച്ച്, ഒരു പാർട്സ് എപ്പോൾ കേടാകാൻ സാധ്യതയുണ്ടെന്ന് മുൻകൂട്ടി പ്രവചിക്കുന്ന സംവിധാനം ഏർപ്പെടുത്തും. ഇത് വഴിയിൽ ബസ് കേടാകുന്നത് ഒഴിവാക്കാനും അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് കുറയ്ക്കാനും സാധിക്കും.
- **ഏകീകൃത കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ:** കെ.എസ്.ആർ.ടി.സി-യുടെ എല്ലാ പ്രവർത്തനങ്ങളെയും തത്സമയം നിരീക്ഷിക്കാനും നിയന്ത്രിക്കാനും കഴിയുന്ന അത്യാധുനിക കമാൻഡ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കും.

## ടിക്കറ്റിതര വരുമാനത്തിലെ കുതിപ്പ്

കെ.എസ്.ആർ.ടി.സി-യെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിൽ ടിക്കറ്റിതര വരുമാന മാർഗ്ഗങ്ങൾക്ക് വലിയ പങ്കുണ്ട്.

- **ബജറ്റ് ടൂറിസം സെൽ:** കുറഞ്ഞ ചെലവിൽ വിനോദയാത്രാ പാക്കേജുകൾ ഒരുക്കുന്ന ബജറ്റ് ടൂറിസം സെൽ വൻ വിജയമാണ്. 2025 ജനുവരി 1 മുതൽ സെപ്റ്റംബർ 15 വരെ 25.47 കോടി രൂപ വരുമാനം നേടുകയും, ചെലവുകൾ കഴിഞ്ഞ് 10.92 കോടി രൂപയുടെ ലാഭം സ്വന്തമാക്കുകയും ചെയ്തു. മൂന്നാറിലെയും തിരുവനന്തപുരത്തെയും എറണാകുളത്തെയും ഡബിൾ ഡെക്കർ സർവീസുകൾ വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ആകർഷണങ്ങളായി മാറിയിരിക്കുന്നു. കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലും ഉടൻ തന്നെ ഈ സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- **ഡ്രൈവിങ് സ്കൂളുകൾ:** കുറഞ്ഞ ചെലവിൽ മികച്ച ഡ്രൈവിങ് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കെ.എസ്.ആർ.ടി.സി ഡ്രൈവിങ് സ്കൂളുകൾ ഇതിനകം 1.73 കോടി രൂപയുടെ ലാഭം നേടി.
- **യാത്രാ ഫ്യൂവൽസ്:** കെ.എസ്.ആർ.ടി.സി-യുടെ ഡീസൽ പമ്പുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്ത 'യാത്രാ ഫ്യൂവൽസ്' പദ്ധതി യാത്രക്കാർക്ക് കൂടി കൂടുതൽ ഉപകാരപ്രദമായ പദ്ധതിയായി മാറി.
- **കൊറിയർ & ലോജിസ്റ്റിക്സ്:** വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കൊറിയർ സർവീസ്, 2025 ഓഗസ്റ്റ് വരെ 11.45 കോടി രൂപയുടെ മൊത്ത വരുമാനം നേടിയിട്ടുണ്ട്.
- **സ്ഥലം പാട്ടത്തിന് നൽകൽ:** ഒഴിഞ്ഞുകിടന്ന കടമുറികളും സ്ഥലങ്ങളും ലേലത്തിൽ നൽകിയതിലൂടെ പ്രതിമാസം 32 ലക്ഷത്തോളം രൂപയുടെ അധികവരുമാനം ഉറപ്പാക്കാൻ സാധിച്ചു.

## ടിക്കറ്റിതര വരുമാനം: പുതിയ മേഖലകൾ

സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ടിക്കറ്റിതര വരുമാനമാർഗങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

- **ലോജിസ്റ്റിക്സ് ഹബ്ബുകൾ:** നിലവിലെ കൊറിയർ സർവീസ് വിപുലീകരിച്ച്, പ്രധാന ഡിപ്പോകളെ ലോജിസ്റ്റിക്സ് ഹബ്ബുകളാക്കി മാറ്റും. ഇ-കൊമേഴ്സ് കമ്പനികളുമായി സഹകരിച്ച് അവരുടെ ഉൽപ്പന്നങ്ങൾ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിനുള്ള ഒരു ശൃംഖലയായി കെ.എസ്.ആർ.ടി.സി മാറും.
- **ബസ് പോർട്ടുകൾ:** പ്രധാന ബസ് സ്റ്റേഷനുകളെ കേവലം യാത്രയ്ക്കുള്ള ഒരിടം എന്നതിലുപരി, ഷോപ്പിങ് മാളുകൾ, ഭക്ഷണശാലകൾ, സിനിമാ തിയേറ്ററുകൾ, ഓഫീസുകൾ എന്നിവയെല്ലാമുള്ള ആധുനിക വാണിജ്യ സമുച്ചയങ്ങളാക്കി മാറ്റും. ഇതിനായി പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.
- **വിനോദസഞ്ചാര പാക്കേജുകളുടെ വിപുലീകരണം:** കേരളത്തിന് പുറത്തേക്കും കുറഞ്ഞ ചെലവിലുള്ള വിനോദസഞ്ചാര, തീർത്ഥാടന പാക്കേജുകൾ ആരംഭിക്കും. മറ്റ് സംസ്ഥാന

ങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനു കളുമായി സഹകരിച്ച് ദീർഘദൂരയാത്രകൾ സംഘടിപ്പിക്കും.

## മെച്ചപ്പെട്ട കാര്യക്ഷമത, കുറഞ്ഞ ചെലവ്

സ്ഥാപനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കു ന്നതിലും ശ്രദ്ധേയമായ മുന്നേറ്റം നടത്താ നായി. മെക്കാനിക്കൽ ജീവനക്കാരുടെ മികച്ച പ്രവർത്തനവും സ്പെയർപാർട്സുകളുടെ ലഭ്യതയും ഉറപ്പാക്കിയതോടെ പ്രതിദിനം 900-1000 ബസുകൾ വരെ ഓഫ്-റോഡ് ആയിരു ന്നത് ഇപ്പോൾ ശരാശരി 450 ആയി കുറയ്ക്കാൻ സാധിച്ചു. ഇന്ധനക്ഷമത (KMPL) വർധിപ്പി ക്കുന്നതിനുള്ള പദ്ധതികൾ ഡീസൽ ചെലവ് കുറയ്ക്കുന്നതിൽ നിർണായകമായി. വഴിയിൽ കേടാകുന്ന ബസുകൾ വേഗത്തിൽ നന്നാക്കു ന്നതിനായി രൂപീകരിച്ച റാപ്പിഡ് റെസ്പോൺ സ് ടീം (RRT) സർവീസുകൾ മുടങ്ങുന്നത് ഒഴി വാക്കാൻ സഹായിക്കുന്നു.

## യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ

- **ഫാമിലി വെയിറ്റിങ് റൂമുകൾ:** എല്ലാ പ്രധാന ഡിപ്പോകളിലും സ്ത്രീകൾക്കും കുട്ടികൾക്കും കുടുംബങ്ങൾക്കുമായി ശീതീകരിച്ചതും സുര ക്ഷിതവുമായ വിശ്രമമുറികൾ സ്ഥാപിക്കും.
- **ഡിജിറ്റൽ ക്ലോക്ക് റൂമുകൾ:** യാത്രക്കാരു ടെ ലഗേജുകൾ സുരക്ഷിതമായി സൂക്ഷിക്കു ന്നതിനായി ആധുനിക ഡിജിറ്റൽ ക്ലോക്ക് റൂമുകൾ കൂടുതൽ ഡിപ്പോകളിലേക്ക് വ്യാപി പ്പിക്കും.

## സാമ്പത്തികഭദ്രതയും അംഗീകാരങ്ങളും

വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന വാർഷിക കണക്കുകൾ പൂർത്തിയാക്കി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (C&AG) അംഗീകാരം നേടിയെടുക്കാൻ സാധിച്ചത് സുപ്രധാനമായ നേട്ടമാണ്. ഇത് കെ.എസ്. ആർ.ടി.സി-യുടെ ക്രെഡിറ്റ് റേറ്റിങ് 'D' കാ റ്റഗറിയിൽ നിന്ന് 'BB (Stable)' ആയി ഉയർ ത്താൻ സഹായിച്ചു. ഇതോടെ ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനുള്ള അവസരം തുറന്നുകിട്ടി.

ഈ പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ ലഭിച്ച അംഗീകാരങ്ങൾ ലഭിച്ചത് പ്രചോദന മേകുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ 'നാഷണൽ പബ്ലിക് ട്രാൻസ്പോർട്ട് എക്സ ലൻസ് അവാർഡ്', 'പിഎസ്‌യു ലീഡർഷിപ്പ് അവാർഡ്' എന്നിവ അതിൽ ചിലതുമാത്രം.

## അപകട-ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും മെഡിക്കൽ സൗകര്യങ്ങളും

ജീവനക്കാരുടെ ക്ഷേമം മുൻനിരയിൽവച്ച്, കെ.എസ്.ആർ.ടി.സി അപകടവും ആരോഗ്യ ഇൻഷുറൻസും ഉൾപ്പെടുന്ന സമഗ്ര പരിരക്ഷാ പദ്ധതികൾ നടപ്പിലാക്കി. അതോടൊപ്പം ജീവനക്കാർക്ക് ഓൺലൈൻ മെഡിക്കൽ കൺസൾട്ടേഷൻ സൗകര്യവും ഒരുക്കി. ഈ സംവിധാനംവഴി ജീവനക്കാർക്ക് അവരുടെ വീടുകളിൽനിന്ന് തന്നെ വിദഗ്ധ ഡോക്ടർമാ രുടെ നിർദേശങ്ങൾ ലഭ്യമാക്കാൻ കഴിയും.

## അടിസ്ഥാനസൗകര്യ വികസനം

കെ.എസ്.ആർ.ടി.സി-യുടെ ഡിപ്പോകളുടെ യും ടെർമിനലുകളുടെയും നിലവാരം ഉയർത്തു ന്നതിനായി 35-ഓളം സിവിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നു. അതോടൊപ്പം, 92 ഡിപ്പോ കൾക്ക് ഹരിത പദവി (Green Certification) ലഭ്യമാക്കാൻ കഴിഞ്ഞു. പരിസ്ഥിതിസൗഹൃദ പദ്ധതികൾ, മഴവെള്ള സംഭരണം, സോളാർ




പാനൽ സ്ഥാപനം എന്നിവയിലൂടെ ഡിപ്പോ കൾ മാതൃകയായി മാറിയിരിക്കുന്നു.

## യാത്രക്കാരോടും ജനങ്ങളോടും നന്ദി

ഒരുമയോടെ, ഒരേ മനസ്സോടെ പ്രവർത്തി ച്ചാൽ നമുക്ക് ഈ പൊതുമേഖലാ സ്ഥാപന ത്തെ വിജയത്തിന്റെ പുതിയ ഉയരങ്ങളിലെ ത്തിക്കാൻ സാധിക്കും. കെ.എസ്.ആർ.ടി. സി-യുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഒപ്പമുണ്ടായിരുന്ന യാത്രക്കാരോടും സർക്കാരി നോടും ജനപ്രതിനിധികൾക്കും എല്ലാ ജീവന ക്കാരോടും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

കേരളത്തിന്റെ സ്വന്തം ആനവണ്ടി അഭിമാന ത്തോടെ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കും, ജന ഹൃദയങ്ങളിലേക്കുള്ള സർവീസ് തുടരും. ■

# കൈറ്റ് പൊതുവിദ്യാഭ്യാസത്തിന്റെ ഡിജിറ്റൽ ചിറക്


കെ.അൻവർ സാദത്ത്
സി.ഇ.ഒ, കൈറ്റ്


കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ സാങ്കേതികമായി നവീകരിക്കുന്നതിനും ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നിർണ്ണായക പങ്ക് വഹിക്കുന്നു. 2000-01 ൽ ഐ.ടി.@സ്കൂൾ പദ്ധതിയായി ആരംഭിച്ച യാത്ര ഹൈടെക് സ്കൂൾ പദ്ധതി, സ്വതന്ത്ര സോഫ്റ്റ്‌വെയർ, ലിറ്റിൽ കൈറ്റ്സ്, സ്കൂൾ വിക്കി, എഐ



പഠനം, റോബോട്ടിക്സ്, എവിജിസി, സമഗ്ര പ്ലസ്, സഹിതം, സമ്പൂർണ പ്ലസ്, കൈറ്റ് വിക്ടേഴ്സ് തുടങ്ങിയ പദ്ധതികളിലൂടെ കൈറ്റ് ഇന്ന് വിപുലീകരിച്ചിരിക്കുകയാണ്.

## ഹൈടെക് സ്കൂൾ പദ്ധതികൾ

കേരളത്തിലെ 4,752 ഹൈസ്കൂളുകളും ഹയർസെക്കൻഡറി സ്കൂളുകളും ഹൈടെക് സംവിധാനങ്ങളോടെ നവീകരിച്ചു. 45,000-ത്തിലധികം ക്ലാസ് മുറികൾ ഡിജിറ്റൽ സംവിധാനങ്ങളോടെ സജ്ജമായി. രണ്ട് ലക്ഷത്തിലധികം ലാപ്ടോപ്പുകൾ, 70,000 പ്രൊജക്റ്ററുകൾ തുടങ്ങി 4.5 ലക്ഷം ഐസിടി ഉപകരണങ്ങൾ ഇതിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കൈറ്റ് വിന്യസിച്ചു. പ്രൈമറി-അപ്പർ പ്രൈമറി വിഭാഗങ്ങളിലെ 11,000 ത്തിലധികം സ്കൂളുകളിൽ സജ്ജമാക്കിയ ഹൈടെക് ലാബുകൾ സാങ്കേതിക വിദ്യാധിഷ്ഠിത പഠനം ആകർഷകവും സംവേദനാത്മകവുമാക്കി. 1.8 ലക്ഷത്തിലധികം അധ്യാപകർക്ക് പ്രത്യേക കൈറ്റ് പരിശീലനവും നൽകി.

## സ്വതന്ത്ര സോഫ്റ്റ്‌വെയർ

കേരളം പൊതുവിദ്യാഭ്യാസത്തിൽ പൂർണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന രാജ്യത്തെ ഏക മാതൃകയാണ്. കൈറ്റിന്റെ പുതിയ ഓപറേറ്റിങ് സിസ്റ്റം സ്യൂട്ടായ കൈറ്റ് ജി.എൻ.യു ലിനക്സ് 22.04 ഇന്ന് മൂന്ന് ലക്ഷത്തിലധികം കമ്പ്യൂട്ടറുകളിൽ പ്രവർത്തിക്കുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചതുകൊണ്ട് മാത്രം അക്കാദമിക നേട്ടത്തിനപ്പുറം 3,000 കോടി രൂപയുടെ ലാഭം സംസ്ഥാനത്തിന് കൈവന്നു. ഇതിൽ എഐ, മെഷീൻ ലേണിങ്, കമ്പ്യൂട്ടർ വിഷൻ എന്നിവയ്ക്ക് അനുയോജ്യമായ വിദ്യാഭ്യാസ ആപ്ലിക്കേഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. സാൽസ്ബെർഗ് യൂണിവേഴ്സിറ്റിയുടെ ജിയോജിബ്ര, കൊളാറോഡോ യൂണിവേഴ്സിറ്റിയുടെ ഫെറ്റ്, എംഐടിയുടെ സ്ക്രാച്ച് തുടങ്ങി നൂറിലധികം അന്താരാഷ്ട്ര പ്രസിദ്ധമായ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നമ്മുടെ സ്കൂളുകളിൽ ഉപയോഗിക്കാനായി കൈറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

## ലിറ്റിൽ കൈറ്റ്സ്

അടുത്ത തലമുറയെ സാങ്കേതികമായി വളർത്തുക എന്ന ലക്ഷ്യത്തോടെ കൈറ്റ് നടപ്പാക്കുന്ന പദ്ധതിയാണ് ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകൾ. കേരളത്തിലെ



> കേരളത്തിലെ 4,752 ഹൈസ്കൂളുകളും ഹയർസെക്കൻഡറി സ്കൂളുകളും ഹൈടെക് സംവിധാനങ്ങളോടെ നവീകരിച്ചു. 45,000-ത്തിലധികം ക്ലാസ് മുറികൾ ഡിജിറ്റൽ സംവിധാനങ്ങളോടെ സജ്ജമായി.

2200 ൽ അധികം സ്കൂളുകളിൽ ഇതിന് യൂണിറ്റുകളുണ്ട്, 1.8 ലക്ഷത്തിലധികം വിദ്യാർഥികൾ ഓരോ വർഷവും ഇതിൽ അംഗങ്ങളാണ്. ഈ കുട്ടികൾക്ക് 2023-24 അധ്യയനവർഷം 9000-ത്തോളം റോബോട്ടിക് കിറ്റുകളിലൂടെ എഐ, ഐഒടി തുടങ്ങിയ സാങ്കേതിക മേഖലകളിൽ പരിശീലനം നൽകി. നിലവിൽ 29,000 റോബോട്ടിക് കിറ്റുകൾ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2025-26 അധ്യയന വർഷം മുതൽ രാജ്യത്താദ്യമായി പത്താം ക്ലാസിൽ റോബോട്ടിക്സ് പഠനം മുഴുവൻ കുട്ടികൾക്കും ഏർപ്പെടുത്തിയ സംസ്ഥാനമായി കേരളം. ലിറ്റിൽകൈറ്റ്സ് പദ്ധതി യൂണിസെഫിന്റെ ഉൾപ്പെടെ രാജ്യാന്തര പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്.

## സമഗ്ര പ്ലസും സഹിതവും

വിദ്യാഭ്യാസ ഉള്ളടക്ക വിതരണത്തിനായി കൈറ്റ് വികസിപ്പിച്ചെടുത്ത പ്രധാന പോർട്ടലാണ് 'സമഗ്ര പ്ലസ്'. ഈ പോർട്ടലിൽ പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ, ഓഡിയോ ഫയലുകൾ, ഇന്ററാക്ടീവ് ആപ്ലിക്കേഷനുകൾ, വർക്ക്ഷീറ്റുകൾ എന്നിവ ഉൾപ്പെടെ പതിനായിരക്കണക്കിന് അധിക ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാണ്. അധ്യാപകർക്ക് ക്ലാസ്റൂം വിനിമയത്തിന് പാഠാസൂത്രണം നടത്തുന്നതോടൊപ്പം കുട്ടികളുടെ സ്വയം പഠനത്തിനും വിലയിരുത്തലിനും സഹായിക്കുന്ന 'പഠനമുറി' (Learning Room) സംവിധാനം ഇതിന്റെ ഒരു പ്രധാന സവിശേഷതയാണ്. ഭാഷാ വിഷയങ്ങൾക്കായി പോഡ്കാസ്റ്റ് സംവിധാനവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധ്യാപകർ ഹൈടെക് ക്ലാസ്മുറികളിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കുന്നത് സമഗ്ര പ്ലസിലെ ഉള്ളടക്കം ഉപയോഗിച്ചാണ്.

സഹിതം എന്ന പദ്ധതി മെന്ററിങ് വഴി കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമാണ്. ഇത് കുട്ടികളെക്കുറിച്ചുള്ള അക്കാദമിക്-സാമൂഹിക വിവരങ്ങൾ വിശകലനം ചെയ്ത് അവരെ മനസ്സിലാക്കി അതിനനുസരിച്ച് അധിക പിന്തുണ നൽകാനും അധ്യാപകരെ സഹായിക്കുന്നു. രക്ഷിതാക്കൾക്കും സഹിതം പോർട്ടൽ വഴി അവരുടെ കുട്ടികളുടെ വിവരങ്ങളറിയാം.



## അക്കാദമിക് മോണിറ്ററിങ്

വിദ്യാഭ്യാസ വകുപ്പിന്റെ വ്യത്യസ്ത തലത്തിലുള്ള ഓഫീസർമാർക്ക് സ്കൂളുകളിലെ അക്കാദമിക നിലവാരം പരിശോധിക്കാൻ സമഗ്രപ്ലസ് പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വിദ്യാർഥികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി കൈറ്റ് വികസിപ്പിച്ചെടുത്ത മറ്റൊരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സമ്പൂർണ പ്ലസ്. ഇതിലൂടെ രക്ഷിതാക്കൾക്ക് കുട്ടികളുടെ അക്കാദമിക് പ്രകടനം, ഹാജർനില, പഠ്യേതര പ്രവർത്തനങ്ങൾ എന്നിവ മനസ്സിലാക്കാൻ സാധിക്കുന്നു. ഇതിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും തമ്മിൽ ആശയവിനിമയം നടത്താനുള്ള സൗകര്യവുമുണ്ട്.

15,369 സ്കൂളുകളിലെ 43.61 ലക്ഷം വിദ്യാർഥികൾക്ക് ഇത് സഹായകമാണ്. സ്കൂളുകളെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്ന കൈറ്റിന്റെ പോർട്ടലാണ് 'സമേതം.'



## സ്കൂൾവിക്കി

2009ൽ ആരംഭിച്ച സ്കൂൾവിക്കി വിദ്യാലയങ്ങളുടെ വിവരങ്ങൾ പങ്കിടുന്ന ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് പ്രാദേശിക ഭാഷയിലെ ഏറ്റവും വലിയ വിജ്ഞാനകോശമാണ്. 1.92 ലക്ഷം ലേഖനങ്ങളും 81306 ഉപയോക്താക്കളും നിലവിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറായ വിക്കിമീഡിയാ പ്ലാറ്റ്ഫോമിൽ തയാറാക്കിയ സ്കൂൾവിക്കിക്കുണ്ട്. വിക്കിപീഡിയ മാതൃകയിൽ പങ്കാളിത്ത സ്വഭാവത്തോടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്കൂൾവിക്കിയിൽ 2016 മുതലുള്ള കലോത്സവ രചന-ചിത്ര ഇനങ്ങൾ കായികോത്സവ ചിത്രങ്ങൾ എന്ന് തുടങ്ങി ലക്ഷക്കണക്കിന് ചിത്രങ്ങളും രേഖകളും നിലവിൽ ലഭ്യമാണ്.

## കൈറ്റ് വിക്ടേഴ്സ് ചാനൽ

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ ഉള്ളടക്കങ്ങളുടെ പ്രധാന ഉറവിടങ്ങളിലൊന്നാണ് 2006 മുതൽ പ്രവർത്തനമാരംഭിച്ച കൈറ്റ് വിക്ടേഴ്സ് ചാനൽ. ഇത് 24 മണിക്കൂറും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ചാനലാണ്. കോവിഡ് കാലത്തെ 'ഫസ്റ്റ് ബെൽ' ഡിജിറ്റൽ ക്ലാസുകൾ, ഹരിത വിദ്യാലയം റിയാലിറ്റിഷോ, ഗ്രേറ്റ് ടീച്ചേഴ്സ് തുടങ്ങി നിരവധി പരിപാടികൾ കൈറ്റ് വിക്ടേഴ്സിനുണ്ട്. കൈറ്റ് വിക്ടേഴ്സിന്റെ യൂട്യൂബ് ചാനലിന് മാത്രം ഇന്ന് 32.6 ലക്ഷം വരിക്കാരുണ്ട്. വെബ്ബിലും 'KITE VICTERS' എന്ന മൊബൈൽ ആപ്പിലും ഈ ചാനൽ ലഭ്യമാണ്.

## നൂതന സാങ്കേതികവിദ്യകൾ

വിദ്യാഭ്യാസമേഖലയിൽ നൂതന സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), റോബോട്ടിക്സ് എന്നിവ സംയോജിപ്പിക്കുന്നതിൽ കൈറ്റ് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 80,000 അധ്യാപകർക്ക് എഐ-യുടെ സാധ്യതകളെക്കുറിച്ച് പരിശീലനം നൽകി. ഇതിൽ 'പ്രോംപ്റ്റ് എഞ്ചിനീയറിങ്', 'ഇമേജ് ജനറേഷൻ', 'മെഷീൻ ലേണിങ്', 'മൂല്യനിർണയം' തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകി. ഇതിനു പുറമെ 2024 - ൽ ഏഴാം ക്ലാസിലും 2025- ൽ 8, 9, 10 ക്ലാസുകളിലും നിർമിതബുദ്ധി ഐസിടി പഠനത്തിന്റെ ഭാഗമാക്കി. ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്, കോമിക്സ് (എവിജിസി) എന്നിവ ഉൾപ്പെടുന്ന പുതിയ ഐസിടി പാഠ്യപദ്ധതിയും 2025- ൽ കൈറ്റ് പുറത്തിറക്കി. ഇത് വിദ്യാർഥികളെ ഡിജിറ്റൽ ഉള്ളടക്കം നിർമ്മിക്കാൻ പരിശീലിപ്പിക്കുന്നു.

## ഡിജിറ്റൽ സാക്ഷരത

വ്യാജവാർത്തകളെയും തെറ്റായ വിവരങ്ങളെയും തിരിച്ചറിയാൻ കുട്ടികളെ പരിശീലിപ്പിക്കുന്ന 'സത്യമേവ ജയതേ' എന്ന പദ്ധതിയും കൈറ്റ് നടപ്പാക്കി. ഇതിന്റെ ഭാഗമായി 19.72 ലക്ഷം കുട്ടികൾക്ക് ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകി. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, 5, 7 ക്ലാസുകളിലെ പുതിയ ഐ.സി.ടി. പാഠപുസ്തകങ്ങളിൽ വ്യാജവാർത്തകൾ കണ്ടെത്താനുള്ള അധ്യായങ്ങൾ ഉൾപ്പെടുത്തി. നാല് ലക്ഷം രക്ഷിതാക്കൾക്ക് 'അമ്മ അറിയാൻ, 'സൈബർസുരക്ഷ' പദ്ധതിയിലൂടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ കുട്ടികൾ പരിശീലനം നൽകി.

ഈ പ്രവർത്തനങ്ങളിലൂടെ കൈറ്റ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഐടി അധിഷ്ഠിതമായ വലിയ മാറ്റമാണ് കൊണ്ടുവന്നത്. ഹൈടെക് ക്ലാസ് മുറികൾ, ഡിജിറ്റൽ കണ്ടന്റ് പ്ലാറ്റ്ഫോമുകൾ, നൂതന സാങ്കേതിക പരിശീലനങ്ങൾ എന്നിവയിലൂടെ ഐടി പഠനവും മറ്റു വിഷയങ്ങൾ ഐടി ഉപയോഗിച്ച് പഠിക്കുന്നതും കൂടുതൽ കാര്യക്ഷമവും രസകരവുമാക്കി. ചുരുക്കത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ സാങ്കേതികവിദ്യകളെ ശക്തമായ അക്കാദമിക് ചട്ടക്കൂടിനകത്ത് പ്രതിഷ്ഠിച്ചുകൊണ്ട് മുന്നേറുകയാണ് കേരളത്തിന്റെ സ്വന്തം കൈറ്റ്.

## പ്രയോജനപ്പെടുന്ന ചില വെബ്സൈറ്റുകൾ

1. www.kite.kerala.gov.in
2. www.victers.kite.kerala.gov.in
3. www.schoolwiki.in
4. www.samethem.kite.kerala.gov.in
5. www.samagra.kite.kerala.gov.in ■



> **ഉൽപ്പാദന വികസനത്തിന്റെ കാര്യത്തിൽ പിന്നിലാവുമ്പോഴും മനുഷ്യ വികസനവുമായി നേരിട്ട് ബന്ധമുള്ള ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കേരളം ഏറെ നാളുകളായി മുൻപന്തിയിലാണ്**

# വികസന മുന്നേറ്റത്തിന്റെ അനുപമ കേരളപാഠങ്ങൾ



**സന്തോഷ് ടി വർഗീസ്**
അസി. പ്രൊഫസർ, സാമ്പത്തികശാസ്ത്രം,
മഹാരാജാസ് കോളേജ്, എറണാകുളം

കേരളത്തിലെ ശിശുമരണനിരക്ക് വൻശക്തി രാജ്യമായ അമേരിക്കയിലെ നിരക്കിനേക്കാൾ (5.4) മെച്ചപ്പെട്ട നില (5.0) കൈവരിച്ചതായി 2025-ലെ സാമ്പിൾ രജിസ്ട്രേഷൻ സർവെ കണ്ടെത്തിയിരിക്കുകയാണ്. കേരളത്തിന്റെ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കഴിഞ്ഞ അൻപത് വർഷങ്ങളായി ഇത്തരം സൂചകങ്ങളുമായി ബന്ധപ്പെട്ട് അത്ഭുതമുളവാക്കുന്ന കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ മറുവശത്ത് പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ താരതമ്യം നടത്തിയാൽ ഇത്തരമൊരു മുന്നേറ്റം കാണാനും കഴിയില്ല. ഉൽപ്പാദന വികസനത്തിന്റെ കാര്യത്തിൽ പിന്നിലാവുമ്പോഴും മനുഷ്യ വികസനവുമായി നേരിട്ട് ബന്ധമുള്ള ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കേരളം ഏറെ നാളുകളായി മുൻപന്തിയിലാണ്. 1960-കളുടെ അവസാന വർഷങ്ങളിലാണ് ഈ വൈരുദ്ധ്യം പ്രകടമാകുന്നതും സാമ്പത്തികശാസ്ത്രജ്ഞരുടെ ശ്രദ്ധ ഇതിലേക്ക് തിരിയുന്നതും. സാമ്പത്തിക വികസനത്തിലെ സവിശേഷ സമസ്യ എന്ന നിലയിൽ വിശദമായ പഠനങ്ങളാണ് ഇതിനെ തുടർന്ന് ഉണ്ടായത്.

ഗൗരവമായ അന്വേഷണങ്ങളും പഠനങ്ങളും ആരംഭിക്കുന്നത് 1970-കളുടെ തുടക്കത്തിലാണ്. രണ്ടാം വികസന ദശാബ്ദമായി 1970-80-നെ യുഎൻ പൊതുസഭ പ്രഖ്യാപിച്ചതിനെ തുടർന്ന് ലോകത്ത് നടപ്പാക്കിയ വികസനതന്ത്രങ്ങളെ സംബന്ധിച്ച വിലയിരുത്തലുകൾ ആവശ്യമായി വന്നു. യുഎന്നിന് കീഴിൽ പ്രവർത്തിച്ചിരുന്ന വികസനാസൂത്രണ സമിതിയെയാണ് അതിനായി ചുമതലപ്പെടുത്തിയത്. നോബൽ ജേതാവും വിഖ്യാത ഡച്ച് സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ.ജാൻ ടിൻബെർജനായിരുന്നു സമിതിയെ നയിച്ചിരുന്നത്. പ്രൊഫ.കെ.എൻ.രാജും സമിതിയിൽ അംഗമായിരുന്നു. അതിൻപ്രകാരമാണ് യുഎന്നിന് പുറത്തുള്ള ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികസന പ്രശ്നങ്ങളെ കുറി

ച്ചുള്ള പഠനങ്ങൾ ആരംഭിച്ചത്. പ്രൊഫ.രാജ് മുന്നോട്ടുവച്ച നിർദേശം അംഗീകരിക്കപ്പെടുകയും തുടർന്ന് നടന്ന പഠനത്തിന്റെ കണ്ടെത്തലുകൾ 1975-ൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു (പോവർട്ടി, അൺഎംപ്ലോയ്മെന്റ് ആൻഡ് ഡെവലപ്മെന്റ് പോളിസി: എ കേസ് സ്റ്റഡി ഓഫ് സെലക്റ്റഡ് ഇഷ്യൂസ് വിത്ത് റഫറൻസ് ടു കേരള). തിരുവനന്തപുരത്തുള്ള വികസന പഠനകേന്ദ്രത്തിന്റെ നേതൃത്വത്തിലായിരുന്നു പഠനം നടന്നത്. വികസന പഠനകേന്ദ്രത്തിന്റെ അന്നത്തെ ഡയറക്ടർ ആയിരുന്ന പി.ജി.കെ.പണിക്കരുടെ അഭിപ്രായത്തിൽ നയസമീപനങ്ങളുടെ വിവിധ തരത്തിലുള്ള



പ്രഭാവവും സ്വാധീനവും എങ്ങനെയാണ് ഉൽപാദന വിതരണത്തിലെ നീതിയും (ഡിസ്ട്രിബ്യൂട്ടീവ് ജസ്റ്റിസ്) വികസനവും മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിച്ചതെന്ന് മനസ്സിലാക്കേണ്ടതുണ്ടെന്നായിരുന്നു.

മുൻപന്തിയിൽ നിൽക്കുന്ന വിവിധ രാജ്യങ്ങൾക്കൊപ്പം താരതമ്യം ചെയ്യാൻ കഴിയുന്ന നിലയിൽ കേരളത്തിന്റെ വികസനസൂചികയും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെട്ടത് എങ്ങനെയെന്ന് സൂക്ഷ്മമായി മനസ്സിലാക്കുമ്പോൾ കേരളം മുന്നോട്ട് വെച്ച വികസനതന്ത്രത്തിന്റെ അടിസ്ഥാന പ്രമാണം എന്തെന്ന് തിരിച്ചറിയാൻ കഴിയും.

ആരോഗ്യരംഗത്തെ ചില സൂചകങ്ങളുടെ അടിസ്ഥാനത്തിൽ (മരണനിരക്ക്, ആയുർദൈർഘ്യം എന്നിവ) നോക്കുമ്പോൾ വികസിത രാജ്യങ്ങളുടെ നിലയ്ക്ക് ഒപ്പമാണ് കേരളത്തിന്റെ സാഹചര്യമെന്ന് പഠനം നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ലോകത്തിലെ വിവിധ രാജ്യങ്ങൾക്കൊപ്പം കേരളത്തിന്റെ വികസനനേട്ടങ്ങൾ ആദ്യമായി അപഗ്രഥിക്കുകയും താരതമ്യം ചെയ്യുകയും ചെയ്തത് വാഷിംഗ്ടൺ സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന മോറീസ് ഡേവിഡ് മോറീസ് 1979 പ്രസിദ്ധീകരിച്ച 'മെഷറിങ് ദി കൺഡീഷൻ ഓഫ് ദി വേൾഡ്സ് പൂവർ' എന്ന പഠനമായിരുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ജീവിതസൂചികയുടെ ഭൗതികഗുണനിലവാരം (ഫിസിക്കൽ ക്വാളിറ്റി ഓഫ് ലൈഫ് ഇൻഡക്സ് പി.ക്യു.എൽ.ഐ) പഠനവിധേയമാക്കിയപ്പോൾ മറ്റ് രാജ്യങ്ങൾക്കൊപ്പം കേരളത്തെ കൂടി താരതമ്യം ചെയ്യുകയായിരുന്നു. രാജ്യങ്ങൾക്കൊപ്പം പരിഗണിക്കാൻ കഴിയുന്ന തരത്തിൽ ജീവിതസൂചിക മെച്ചപ്പെടുത്തിയ പ്രാദേശിക ഭൂമിക എന്ന നിലയിൽ കേരളത്തിന്റെ സൂചിക സവിശേഷമായി കണക്കുകൂട്ടി വിശകലനം നടത്തുകയായിരുന്നു. പി.ക്യു.എൽ.ഐ 68 ഉള്ള ഉയർന്ന മധ്യവർഗ രാജ്യങ്ങളുടെ (പ്രതിശീർഷ വരുമാനം 1047 യു.എസ് ഡോളർ) അതേ നില കൈവരിക്കാൻ കേവലം 126 യു.എസ് ഡോളർ മാത്രം പ്രതിശീർഷ വരുമാനമുണ്ടായിരുന്ന കേരളത്തിന് 1970-കളുടെ തുടക്കത്തിൽ തന്നെ കഴിഞ്ഞിരുന്നുവെന്നാണ് പ്രൊഫ.മോറീസ് കണ്ടെത്തിയത്.

## കേരളത്തിന്റെ മുന്നേറ്റം: പശ്ചാത്തലം

ഐക്യകേരളത്തിന്റെ രൂപീകരണത്തിനും ജനാധിപത്യ സർക്കാരുകൾ പുരോഗമന വികസന പരിപാടികൾ നടപ്പാക്കി തുടങ്ങുന്നതിനും വളരെ മുമ്പുതന്നെ കേരളക്കരയിൽ വിശേഷിച്ച് തിരുവിതാംകൂർ-കൊച്ചി മേഖലകളിൽ ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ മുന്നേറ്റം നേടിയിരുന്നു എന്ന വിലയിരുത്തൽ പല പഠനങ്ങളിലും കാണാൻ കഴിയുന്നുണ്ട്. കേരളം ആർജിച്ച വികസന നേട്ടങ്ങൾ ആ മുന്നേറ്റത്തിന്റെ കേവലതുടർച്ച മാത്രമാണ് എന്ന പ്രചാരണവും നിലനിൽക്കുന്നു. എന്നാൽ വസ്തുതകൾ വ്യക്തമാക്കുന്നത് മറ്റൊരു ചിത്രമാണ്.

മുൻപന്തിയിൽ നിൽക്കുന്ന വിവിധ രാജ്യങ്ങൾക്കൊപ്പം താരതമ്യം ചെയ്യാൻ കഴിയുന്ന നിലയിൽ കേരളത്തിന്റെ വികസനസൂചികയും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെട്ടത് എങ്ങനെയെന്ന് സൂക്ഷ്മമായി മനസ്സിലാക്കുമ്പോൾ കേരളം മുന്നോട്ട് വെച്ച വികസനതന്ത്രത്തിന്റെ അടിസ്ഥാന പ്രമാണം എന്തെന്ന് തിരിച്ചറിയാൻ കഴിയും. സിഡിഎസ് നടത്തിയ ആദ്യ സമഗ്രപഠനത്തിന്റെ ആമുഖം എഴുതിയ പ്രൊഫ:

കെ.എൻ.രാജ് ആദ്യ വരികളിൽ തന്നെ വ്യക്തമാക്കുന്നുണ്ടെങ്കിലും ഉൾക്കാഴ്ചയോടെ അത് തിരിച്ചറിയുന്നതിൽ വീഴ്ച സംഭവിക്കുകയായിരുന്നു. 'സാധാരണ ജനതയുടെ അടിസ്ഥാന ജീവിത ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ പുനർവിതരണ നയങ്ങൾ' നടപ്പാക്കിയതാണ് കേരളത്തിന്റെ നേട്ടത്തിന് കാരണമായ 'വികസനതന്ത്രം' എന്ന് സംശയരഹിതമായി അടിവരയിട്ട് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേരളത്തിന്റെ വികസനാനുഭവത്തിൽനിന്ന് പകർത്തുവാൻ കഴിയുന്ന നിഗമനമാണത്. ലോകത്തിലെ പല പ്രദേശങ്ങളിലും ഇത്തരം ഒരു തന്ത്രം നടപ്പിലാക്കി ജീവിതനിലവാരനേട്ടം കൈവരിച്ചിട്ടുണ്ട് എന്ന വസ്തുത വ്യക്തമാക്കുന്നത് കേരളം അക്കാര്യത്തിൽ സംഭാവന ചെയ്ത അനുപമമാതൃകയുടെ സ്വീകാര്യതയാണ്.

കേരളത്തിന്റെ വികസനപാതയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടാതെ പോയ ചില വസ്തുതകൾ പരിഗണിക്കുമ്പോൾ ഈ അനുപമമാതൃകയുടെ സവിശേഷതകൾ വ്യക്തമാകും.

പട്ടിക ഒന്നിൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള 1951-ലെ ആദ്യ സെൻസസ് കണക്കുകൾ 1911-ലെ സാക്ഷരതാനിരക്കുമായി താരതമ്യം ചെയ്യുകയാണ്. ഏതാണ്ട് എല്ലാ പഠനങ്ങളും അഖിലേന്ത്യാനിരക്കുമായി താരതമ്യം ചെയ്താണ് നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുള്ളത്. ഇന്ത്യയുടെ തെക്ക്, വടക്ക് പ്രദേശങ്ങൾ തമ്മിൽ വികസനനേട്ടങ്ങളുടെ കാര്യത്തിൽ വലിയ വ്യത്യാസമുള്ളതിനാൽ യഥാർഥചിത്രം മനസ്സിലാക്കുന്നതിൽ പോരായ്മ സംഭവിക്കും. മലബാർ ജില്ലയോടൊപ്പം തിരുവിതാംകൂറിനോട് ചേർന്നുള്ള മദ്രാസ് പ്രവിശ്യയിലെ തിരുനെൽവേലി ജില്ലയുമായി കൂടി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ വ്യക്തത കൈവരും. സാക്ഷരതാനിരക്കിന്റെ കാര്യത്തിൽ തിരുവിതാംകൂർ (15%) മലബാർ (11.1%) തിരുനൽവേലി (12.41%) പ്രദേശങ്ങൾ തമ്മിലുള്ള അന്തരം വേറിട്ട് അഖിലേന്ത്യാനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യാസത്തെക്കാൾ വളരെ കുറവാണ്. തിരുവിതാംകൂറിലെ സാക്ഷരതയെക്കാൾ 26%-ത്തിന്റെ കുറവ് മാത്രമാണ് മലബാർപ്രദേശത്ത് കാണാൻ കഴിയുന്നുള്ളു. തിരുനെൽവേലിയിലാവട്ടെ 17%-ത്തിന്റെ കുറവും. ചുരുക്കിപ്പറഞ്ഞാൽ 1911-ൽ ഇന്ത്യയുടെ തെക്കൻ പ്രദേശങ്ങളിൽ സാക്ഷരതാനിരക്കിൽ അത്ര വലിയ അന്തരമൊന്നും ഉണ്ടായിരുന്നില്ല.

എന്നാൽ 1951-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സാക്ഷരത 45.83%-മായി വർധിക്കുന്നു. അതുമായി താരതമ്യം ചെയ്യുമ്പോൾ മലബാറിലേത് 33% കുറവാണ് (30.91%). എന്നാൽ ഇന്നത്തെ തലശ്ശേരി,



ഇരിട്ടി താലൂക്കുകളും വയനാട് ജില്ലയിലെ ചില ഭാഗങ്ങളും ഉൾക്കൊള്ളുന്ന പഴയ മലബാർ ജില്ലയിലെ കോട്ടയം താലൂക്കിലും (42.07%), ചിറക്കൽ താലൂക്കിലും (37.35%) കൈവരിച്ച സാക്ഷരത തിരുവിതാംകൂർ-കൊച്ചിയിലെ നിരക്കുമായി കാര്യമായ അന്തരമൊന്നുമില്ല. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ തെക്കും വടക്കുമുള്ള (കോഴിക്കോടിന്) പ്രദേശങ്ങളിലെ സാക്ഷരത ഏതാണ്ട് ഒരേ നിലയിലായിരുന്നുവെന്ന് കാണാൻ കഴിയും. ഏതെങ്കിലും ഒരു പ്രദേശത്ത് മാത്രമായുള്ള സാക്ഷരതാമുന്നേറ്റമല്ല 1951 കാലയളവിൽ കേരളത്തിലുണ്ടായത് എന്നർഥം.

## സ്കൂൾ വിദ്യാഭ്യാസരംഗത്ത് മുന്നേറ്റം

കേരളത്തിലെ സാക്ഷരതാഗുണനിലവാരത്തിന്റെ ചർച്ച ചെയ്യപ്പെടാതെ പോയ വിശദാംശങ്ങൾ പട്ടിക രണ്ടിൽ കാണാവുന്നതാണ്. സാക്ഷരത നേടിയവരിൽ മഹാഭൂരിപക്ഷത്തിനും (93%) കഷ്ടിച്ച് എഴുതാനും വായിക്കാനും കഴിയും എന്നുള്ളത് മാത്രമേ ഉണ്ടായിരുന്നുള്ളൂ. സാക്ഷരതാഗുണനിലവാരം തീരെ ശുഷ്കമായിരുന്നു എന്നർഥം. ഇക്കാര്യത്തിൽ കാര്യമായ പ്രദേശവ്യത്യാസമൊന്നും ഉണ്ടായി



രുന്നുമില്ല. തിരുവിതാംകൂർ-കൊച്ചി, മലബാർ എന്നിവിടങ്ങളിൽ സാക്ഷരതാ ഗുണനിലവാരം ഏതാണ്ട് ഒരേ നിലയിലായിരുന്നു. സ്കൂൾ വിദ്യാഭ്യാസമോ അതിനു മുകളിലോ വിദ്യാഭ്യാസം നേടിയിരുന്നവർ ഏതാണ്ട് 7% മാത്രം. യഥാർത്ഥത്തിൽ ഐക്യകേരളം നേടിയ വികസനനേട്ടത്തിൽ ഏറ്റവും നിർണ്ണായകമായി മാറിയത് ഇക്കാര്യത്തിൽ ഉണ്ടായ അത്ഭുതാവഹമായ കുതിച്ചുചാട്ടമാണ്. 1970 ആകുമ്പോഴേക്കും 6-11 വയസ്സ് പ്രായമുള്ളവരിൽ 100% കുട്ടികളെയും സ്കൂൾ വിദ്യാഭ്യാസത്തിൽ എത്തിക്കാൻ കേരളത്തിന് കഴിഞ്ഞു. 48 ലക്ഷം വിദ്യാർഥികളാണ് 1970-ൽ സ്കൂൾ പഠനത്തിന് എത്തിച്ചേർന്നത്. കേരളത്തിന്റെ സാക്ഷരതാ കുതിപ്പ് തിരുവിതാംകൂർ മേഖലയിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ഉണ്ടായ മുന്നേറ്റത്തിന്റെ കേവല തുടർച്ചയല്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മുഴുവൻ വിഭാഗം വിദ്യാർഥികൾക്കും ഗുണനിലവാരമുള്ള ഔപചാരിക വിദ്യാഭ്യാസം നൽകുവാൻ സംസ്ഥാനരൂപീകരണത്തിന് ശേഷം അധികാരത്തിൽ വന്ന ജനാധിപത്യസർക്കാരുകൾ മുന്നോട്ടുവെച്ച പുരോഗമന നയപരിപാടിയുടെ ഫലമായിട്ടാണ് സാക്ഷരതാ ഗുണനിലവാരത്തിന്റെ കാര്യത്തിൽ രാജ്യത്തിന് തന്നെ മാതൃകയാകുന്ന തരത്തിൽ മുന്നേറ്റം ഉണ്ടായത്. യഥാർഥത്തിൽ അത്തരം ഒരു മുന്നേറ്റമാണ് അന്തർദേശീയ തലത്തിൽ പോലും കേരളത്തിന്റെ വികസന നേട്ടങ്ങൾ ചർച്ചയായി മാറിയതിന് കാരണമായത്.

> ചുരുക്കി പറഞ്ഞാൽ 1970-കളിൽ ലോകനിലവാരത്തിലേക്ക് ആരോഗ്യ, വിദ്യാഭ്യാസരംഗത്തെ നേട്ടത്തിന്റെ ചിറകിലേറി കേരളത്തിന്റെ ഭൗതിക ജീവിത നിലവാരസൂചിക ഉയർന്നതിന്റെ പിന്നിൽ സ്വാതന്ത്ര്യത്തിനു ശേഷമുള്ള 20 വർഷക്കാലത്തെ അത്ഭുതാവഹമായ കുതിച്ചുകയറ്റമാണെന്ന് വ്യക്തമാകുന്നു.

ആരോഗ്യ രംഗത്തെ പ്രധാനപ്പെട്ട സൂചികകളായ ജനന, മരണനിരക്കുകളുടെ കാര്യത്തിലും ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും സമാനചിത്രം തന്നെ കാണാൻ കഴിയും. പട്ടിക രണ്ടും മൂന്നും ജനന മരണ നിരക്കുകളുടെ താരതമ്യമാണ് നൽകിയിരിക്കുന്നത്. 1950-ൽ കേരളത്തിന്റെയും (39.8) രാജ്യത്തിന്റെയും (39.9) ജനനനിരക്ക് ഏതാണ്ട് ഒന്നുതന്നെയായിരുന്നു. മരണനിരക്കിന്റെ കാര്യത്തിൽ ചെറിയൊരു വ്യത്യാസം കാണാൻ കഴിയും. കേരളത്തിലെ നിരക്ക് 22.3-ഉം അഖിലേന്ത്യാ നിരക്ക് 27.4-ഉം എന്ന നിലയിലാണ്. എന്നാൽ 20 വർഷങ്ങൾക്ക് ശേഷം 1970 എത്തുമ്പോൾ ജനനനിരക്കിന്റെ കാര്യത്തിൽ അഖിലേന്ത്യാതലത്തിനേക്കാൾ (36.8) കേരളം (31.6) കുറഞ്ഞ നില കൈവരിക്കുന്നു. മരണനിരക്കിന്റെ കാര്യത്തിൽ കുത്തനെയുള്ള കുറവും കേരളം രേഖപ്പെടുത്തുന്നു (9.2).

സമാനമായ ചിത്രമാണ് ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും കാണാൻ കഴിയുന്നത്.

1950-ൽ പുരുഷ ആയുർദൈർഘ്യം 39.89-ഉം വനിത ആയുർദൈർഘ്യം 42.34-ഉം ആയിരുന്നു. 1971-ൽ ഇത് യഥാക്രമം 60.57, 61.16 എന്ന നിലയിലേക്ക് വർധിച്ചു. 1941-50 കാലയളവിൽ സ്ത്രീ-പുരുഷ ആയുർദൈർഘ്യ വർധനവ് യഥാക്രമം 5.17, 4.63 ഉം 1951-60 കാലയളവിൽ വർധനവ് കുത്തനെ ഉയർന്ന് യഥാക്രമം 9.41, 9.90 വർഷങ്ങളായി മാറി. തൊട്ടടുത്ത ദശകത്തിലും ഏഴുവർഷത്തിനു മുകളിൽ ആയുർദൈർഘ്യം വർധിച്ചു.

ചുരുക്കി പറഞ്ഞാൽ 1970-കളിൽ ലോകനിലവാരത്തിലേക്ക് ആരോഗ്യ, വിദ്യാഭ്യാസരംഗത്തെ നേട്ടത്തിന്റെ ചിറകിലേറി കേരളത്തിന്റെ ഭൗതിക ജീവിത നിലവാരസൂചിക ഉയർന്നതിന്റെ പിന്നിൽ സ്വാതന്ത്ര്യത്തിനു ശേഷമുള്ള 20 വർഷക്കാലത്തെ അത്ഭുതാവഹമായ കുതിച്ചുകയറ്റമാണെന്ന് വ്യക്തമാകുന്നു. ഈ കാലയളവിൽ കാണാൻ കഴിയുന്ന സുപ്രധാനമായ വ്യത്യാസം പ്രൊഫ. കെ.എൻ.രാജ് ശരിയായി നിരീക്ഷിച്ചതു പോലെ സാധാരണ ജനതയുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ എല്ലാ വിഭാഗത്തിനും ഒരേ പോലെ ലഭ്യമാക്കാൻ പുനർവിതരണത്തിൽ ഊന്നിയ വികസനനയങ്ങൾ നടപ്പാക്കി എന്നുള്ളതാണ്.

## കൂലിയിലെ വർധന

കേരള സമ്പദ്‌വ്യവസ്ഥയിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഇരുപത് വർഷക്കാലത്ത് ഉണ്ടായ മറ്റൊരു സുപ്രധാനമായ മാറ്റം കർഷകത്തൊഴിലാളികളുടെ കൂലിനിരക്കിൽ സംഭവിച്ച കുത്തനെയുള്ള വർധനവാണ്. 1956-57 കാലയളവിൽ കൂലിനിരക്കിന്റെ കാര്യത്തിൽ ഗുജറാത്തിനൊപ്പം മൂന്നാം സ്ഥാനമായിരുന്നു കേരളത്തിന് ഉണ്ടായിരുന്നത്. 1961-62 കാലയളവിൽ കൂലിനിരക്ക് ഇന്ത്യയിലെ രണ്ടാമത്തെ ഉയർന്ന നിലയിലേക്ക് എത്തി. 1970-71-ൽ കൂലിനിരക്ക് കുത്തനെ ഉയർന്ന് 489 രൂപയിൽ എത്തിച്ചേർന്നു. മൂന്നാംസ്ഥാനത്തുള്ള പശ്ചിമബംഗാളിലെ നിരക്ക് 298 രൂപ മാത്രമായിരുന്നു. കർഷകത്തൊഴിലാളികളുടെ കൂലിനിരക്കിൽ കേരളത്തിൽ ഉണ്ടായ ഈ കുതിച്ചുകയറ്റം ഉൽപ്പാദന മേഖലകളെ ദോഷകരമായി ബാധിച്ചു എന്ന ചർച്ച നിലനിൽക്കുമ്പോൾ തന്നെ കൂലി വർധനവ് സാധാരണ ജനതയുടെ ജീവിത വ്യവഹാരങ്ങളിൽ സൃഷ്ടിച്ച ബഹുതലമായ പ്രഭാവം അവധാനതയോടെ പഠനവിധേയമാക്കുവാൻ കഴിയാതെ പോയിട്ടുണ്ട്. ആരോഗ്യ,വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങൾ എത്തിപ്പിടിക്കുവാൻ സാധാരണ ജനതയ്ക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനാധാരമായി വർത്തിച്ചിട്ടുള്ളത് ആത്മാഭിമാനത്തോടെ സാമ്പത്തികരംഗത്ത് പ്രവർത്തിക്കാനും പ്രതിഫലദായകമായ തരത്തിൽ പ്രവൃത്തികളിൽ ഏർപ്പെടാനുമുള്ള പൊതു സാമ്പത്തിക സാഹചര്യം കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നതുകൊണ്ടാണ്.

## കേരള വികസനത്തിന്റെ തുടർ സമീപനങ്ങൾ

പുനർവിതരണത്തിൽ ഊന്നിയ നയപരിപാടികൾ നടപ്പിലാക്കിയതിന്റെ ഫലമായി എല്ലാ വിഭാഗം ജനങ്ങൾക്കും അടിസ്ഥാന ജീവിതാവശ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞതിന്റെ തുടർച്ച ഭരണനിർവഹണത്തിലും ക്ഷേമ പ്രവർത്തനങ്ങളിലും കേരളത്തിന് തുടർന്ന് കൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഉൽപ്പാദന വളർച്ചയുടെയും വികസനത്തിന്റെയും നേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ഏതാണ്ട് 67 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ 1600 രൂപ വീതം പ്രതിമാസ പെൻഷൻ നൽകുന്ന ക്ഷേമപദ്ധതിയും,




സർക്കാർ മേഖലയിൽ നടപ്പാക്കിയ ആരോഗ്യരംഗത്തെ മെഡിസെപ്പ് പരിപാടിയും, ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന ഡിജിറ്റൽ സാങ്കേതികവിദ്യയിൽ ഊന്നിയ കെ-സ്മാർട്ട് പദ്ധതിയും, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും, ഉന്നത വിദ്യാഭ്യാസ രംഗത്ത് രാജ്യത്ത് ഉണ്ടാകുന്ന മാറ്റങ്ങളുടെ മുമ്പിൽ നടക്കുന്ന നിലയിൽ നടപ്പാക്കിയ പാഠ്യപദ്ധതി പരിഷ്കരണവും, അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ എല്ലാത്തരം പ്രതികൂല സാഹചര്യങ്ങളെയും തടസ്സങ്ങളെയും ക്രിയാത്മകമായ ഇടപെടലിന്റെ ഫലമായി അതിജീവിച്ച് നേടിയെടുത്ത സമാനതകളില്ലാത്ത മുന്നേറ്റവും. കേരളമാർജിച്ച വികസന നേട്ടങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതാണ് കഴിഞ്ഞ പത്ത് വർഷം നാം കൈവരിച്ച നേട്ടങ്ങൾ. ■

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഭാവിയെ രൂപപ്പെടുത്തുന്ന പദ്ധതികൾ

**അജീതബീഗം ഐ പി എസ്**
റേഞ്ച് ഡിഐജി, തിരുവനന്തപുരം

കാര്യക്ഷമമായ പ്രവർത്തനശൈലിയിലൂടെ രാജ്യത്തെ ഏറ്റവും മികച്ച സേനയായ കേരള പോലീസ് സാമൂഹിക പോലീസിങ്ങിന്റെ പുരോഗമന മാതൃകയാണ് കാഴ്ചവെക്കുന്നത്. ക്രമസമാധാനം നിലനിർത്തുക എന്ന പ്രാഥമിക ഉത്തരവാദിത്വത്തിന് പുറമെ സാമൂഹിക പരിവർത്തനത്തിന്റെ ഏജന്റുമാരാകുന്നതിലേക്ക് സേന ധീരമായ ചുവടുവയ്പുകൾ നടത്തിയിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പ്രോജക്റ്റ്, പ്രോജക്റ്റ് ഹോപ്പ്, സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG/CPG), D-DAD (ഡിജിറ്റൽ ഡി-അഡിക്ഷൻ), വനിതാ സ്വയം പ്രതിരോധ പരിപാടി തുടങ്ങിയ സംരംഭങ്ങളിലൂടെ പൊലീസിങ്ങിനെ ജനകേന്ദ്രീകൃതമായ പുതുവഴികളിലേക്ക് നയിക്കാനായി.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പ്രോജക്റ്റ് വിദ്യാർഥികളിൽ വ്യക്തിത്വം, ധൈര്യം, സഖ്യബോധം, ശാസനം, നേതൃപാടവം, മതനിരപേക്ഷ സമീപനം, സാഹസികത, കായിക മികവ്, സേവനഭാവം എന്നിവ വളർത്തി നല്ല പൗരരാക്കാൻ രൂപകൽപന ചെയ്ത സ്കൂൾ-സമൂഹ അധിഷ്ഠിത പോസിറ്റീവ് പോലീസ് പരിശീലന രീതിയാണ്. ഇതിലൂടെ അവർക്ക് ഇന്ത്യൻ ഭരണഘടനയിലെ മൂല്യങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും നല്ല പൗരരായി സമൂഹത്തിൽ ജീവിക്കാനുമാകും. നിയമവിധേയമായി ജീവിക്കാൻ പ്രാപ്തമാക്കുന്നതിന് പുറമെ സാമൂഹിക ദുർബല വിഭാഗങ്ങളെക്കുറിച്ചുള്ള സഹാനുഭൂതി, സാമൂഹിക ബുദ്ധിമുട്ടുകൾക്കെതിരെയുള്ള പ്രതിരോധശേഷി എന്നിവ വളർത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

SPC കേഡറ്റുകളെ ബോധവൽക്കരണ ക്ലാസ്സുകളും സ്വയംവികസന ശില്പശാലകളും വഴി ശക്തിപ്പെടുത്തുന്നു. റോഡ് സുരക്ഷ, മദ്യപാനം, ലഹരി ഉപയോഗം, പരിസ്ഥിതി സംരക്ഷണം, നിയമം എന്നിവയെ കുറിച്ചുള്ള അവബോധം നൽകി സാമൂഹികപ്രവർത്തനങ്ങളിൽ പങ്കുചേർക്കുന്നു. ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഗതാഗതം, വനം, എക്സൈസ്, പഞ്ചായത്ത് വകുപ്പുകളുടെ സഹായവുമുണ്ട്.





> 15 വർഷം പിന്നിട്ട SPC പദ്ധതി ഇന്ത്യയിലെ സ്കൂൾ തലത്തിൽ ഏറ്റവും വലിയ സാമൂഹികസംരംഭമായി ദേശീയ - അന്താരാഷ്ട്ര അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

രണ്ട് വർഷം നീണ്ട പരിശീലനത്തിലൂടെ SPC കേഡറ്റുകൾ ശാരീരികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നു. വ്യായാമം, പരേഡ്,മാർച്ച്,യോഗ,സാമൂഹികപ്രവർത്തനം എന്നിവയിലൂടെ കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോടുള്ള സാമൂഹിക പ്രതിബദ്ധതയും വളരുന്നു. വൈകാരിക പ്രതിരോധശേഷിയും ധാർമ്മിക ശക്തിയും പ്രോത്സാഹിപ്പിക്കുകയും ലഹരിവസ്തുക്കളുടെ ദുരുപയോഗം, അസഹിഷ്ണുത, അക്രമം തുടങ്ങിയ സാമൂഹിക വെല്ലുവിളികൾക്കെതിരെ നിലകൊള്ളാൻ യുവാക്കളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

15 വർഷം പിന്നിട്ട SPC പദ്ധതി ഇന്ത്യയിലെ സ്കൂൾ തലത്തിൽ ഏറ്റവും വലിയ സാമൂഹിക സംരംഭമായി ദേശീയ - അന്താരാഷ്ട്ര അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. 2018 ജൂലൈ 21-ന് ഹരിയാനയിലെ ഗുരുഗ്രാമിൽ ഇന്ത്യൻ സർക്കാർ ഈ പദ്ധതി രാജ്യവ്യാപകമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. SPCയുടെ മുദ്രാവാക്യം 'We Learn to Serve' എന്നതാണ്. ഇത് കുട്ടികളിൽ പഠനത്തോടും സാമൂഹിക സേവനത്തോടുമുള്ള ഉത്തരവാദിത്വം വളർത്തുന്നു. NCCയുടെ സൈനിക പരിശീലനമനോഭാവത്തിനുമപ്പുറം, SPC യുടെ ലക്ഷ്യം യുവജനങ്ങൾക്ക് നിയമരക്ഷകരുമായി നല്ല ബന്ധം സ്ഥാപിക്കുകയും, അവരെ നാടിന്റെ ആഭ്യന്തര സുരക്ഷയിൽ പങ്കാളികളാക്കുകയും ചെയ്യുക എന്നതാണ്.

SPC സംരംഭത്തെ വേറിട്ടുനിർത്തുന്നത്, ഓരോ കാഡറ്റിനെയും സവിശേഷമായ 'പൊലീസ്' ചട്ടക്കൂടിലൂടെ അടിസ്ഥാന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ മാറ്റിയെടുക്കുന്നു എന്നതിലാണ്. അടിസ്ഥാന മൂല്യങ്ങൾ ഇവയാണ്:

**പോസിറ്റിവിറ്റി:** സൃഷ്ടിപരവും പ്രതീക്ഷ നൽകുന്നതുമായ കാഴ്ചപ്പാട്

**തുറന്ന മനസ്സ്:** ചിന്തയുടെയും അനുഭവത്തിന്റെയും വൈവിധ്യത്തെ സ്വീകരിക്കൽ

**വിശാലഹൃദയം:** പ്രവർത്തനത്തിൽ ഉദാരതയും അനുകമ്പയും

**ഉൾക്കൊള്ളൽ:** സമത്വത്തിനും സാമൂഹിക ഐക്യത്തിനും വേണ്ടി നിലകൊള്ളൽ

**കഴിവ്:** സ്വന്തം കഴിവുകളിൽ ആത്മവിശ്വാസം

**ഫലപ്രാപ്തി:** മാറ്റത്തിനായുള്ള ഫലങ്ങളെ അടിസ്ഥാനമാക്കിയുള്ള, മുൻകൈയെടുക്കുന്ന സമീപനം.

## എസ്പിസിയുടെ പ്രവർത്തനങ്ങൾ

സാമൂഹിക, പാരിസ്ഥിതിക വിഷയങ്ങളിൽ നിരവധി ക്യാമ്പെയിനുകൾക്ക് സജീവമായി നേതൃത്വം നൽകുന്നുണ്ട്.

**മധുരവനം:** വൃക്ഷത്തൈ നടീൽ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാപ്രതിരോധം എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

2023 ജൂൺ 5-ന് കാസർഗോഡ് ജില്ലയിൽ 43 സ്കൂളുകളിൽ മധുരവനം പദ്ധതി നടപ്പിലായി. ഓരോ സ്കൂളിനും 30 മരത്തൈകൾ നൽകി. ഒരു തൈയുടെ പരിപാലനം രണ്ടു വിദ്യാർഥികൾക്ക് എന്ന രീതിയിൽ ചുമതല നൽകി. സാമൂഹ്യവനം, കൃഷി, ഹോർട്ടിക്കൾചർ വകുപ്പുകൾ സഹായം നൽകി. ഇതിൽ മികവ് പുലർത്തിയ ആദ്യ മൂന്ന് സ്കൂളുകൾക്കുള്ള പുരസ്കാരവും 2024 ജൂൺ 10-ന് നൽകി. GHSS കുണ്ടുകുഴി സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**ലഹരിക്കെതിരെ കേരളം** - ലഹരിവസ്തുക്കളുടെ ദുരുപയോഗത്തെക്കുറിച്ച് യുവാക്കളെ ബോധവൽക്കരിക്കുക, ആസക്തി ഇല്ലാതാക്കാനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുക എന്നീ ലക്ഷ്യങ്ങളിലൂന്നിയ പ്രവർത്തനങ്ങൾ.

**ശുഭയാത്ര:** വിദ്യാർഥികളിലും സമൂഹത്തിലും

ഉത്തരവാദിത്വമുള്ള റോഡ് ഉപയോഗം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള റോഡ് സുരക്ഷ ക്യാമ്പെയിൻ.

**സമ്പൂർണ ആരോഗ്യ ഡ്രൈവ്:** ശുചിത്വം, ക്ഷേമം, പ്രതിരോധ ആരോഗ്യ സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ക്യാമ്പെയിൻ.

**കെൽസ നിയമ അവബോധം:** അടിസ്ഥാന നിയമപരമായ അവകാശങ്ങളും പൗര കടമകളും യുവാക്കളെ പരിചയപ്പെടുത്തുന്നതിനായുള്ള ക്യാമ്പെയിൻ.



**കെയർ:** പരിചരണ പിന്തുണ നൽകുക, പുനരധിവാസത്തിൽ പങ്കാളികളാകുക, സഹാനുഭൂതിയോടെയുള്ള ഇടപെടലുകളിലൂടെ ദുർബലരായ ജനങ്ങളെ സഹായിക്കുക എന്നിവ ലക്ഷ്യം.

**പരിസര ശുചിത്വം:** മാലിന്യ നിർമാർജന പ്രവർത്തനങ്ങളിൽ പങ്കാളികളാകുക, വൃത്തിയുള്ളതും സുസ്ഥിരവുമായ ചുറ്റുപാടുകൾക്കായുള്ള പ്രാദേശിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നിവ ലക്ഷ്യം.

നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും SPC ഏറ്റെടുക്കുന്നുണ്ട്.

## സ്വപ്നം പ്രോജക്റ്റ്

കോഴിക്കോട് ജില്ലയിലെ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ SPC കേഡറ്റ് ജോൺസന്റെ കുടുംബവീട് മരം വീണ് തകർന്നു. ഈ ദുരിതകാലത്താണ് SPC കേഡറ്റുകൾ സ്വപ്നം പ്രോജക്റ്റ് ആരംഭിച്ചത്. സുമനസുകളുടെ സഹായം കൊണ്ട് വിവിധ പരിപാടികൾ നടത്തി 8 ലക്ഷം രൂപ സമാഹരിച്ച് വീട് പുനർനിർമ്മിച്ചു. 2023 ഒക്ടോബറിൽ പുതിയ വീടിന്റെ തറക്കല്ലിടൽ നടത്തി. ഈ കഥ സാമൂഹികബോധത്തിന്റെ ശക്തിയും സഹകരണത്തിന്റെ മഹത്വവും തെളിയിക്കുന്നു.

കാസർഗോഡ് ജില്ലയിലെ സെന്റ് ജോൺസ് സ്കൂളിലെ സീനിയർ കേഡറ്റിന്റെ പിതാവ് ഐസക്കിന് കരൾരോഗം മൂലം ജീവൻ അപകടത്തിലായപ്പോൾ അദ്ദേഹത്തിന്റെ 17-കാരനായ മകൻ കരൾ ദാനം നല്കാൻ തയ്യാറായി. ആ കുടുംബത്തിന്റെ ഏക വരുമാന സ്രോതസ്സ് ഐസക്ക് ആയിരിക്കെ ചികിൽസാ സഹായത്തിനായി 35 ലക്ഷം രൂപ SPC സമാഹരിച്ചു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ് ഒരു പരിശീലന പരിപാടി എന്നതിലുപരി, യുവാക്കളുടെ പരിവർത്തനത്തിനായുള്ള ഒരു പ്രസ്ഥാനമാണ്. തലമുറകളെ ബന്ധിപ്പിക്കുക, സഹാനുഭൂതി വളർത്തുക, ജനാധിപത്യത്തെ അടിസ്ഥാനപരമായി ശക്തിപ്പെടുത്തുക എന്നതാണ് അടിസ്ഥാനതത്വം. മൂല്യാധിഷ്ഠിത നേതൃത്വത്തിലൂടെയും യഥാർഥ വിശ്വപൗര പ്രവർത്തനത്തിലൂടെയും, നിയമപാലനത്തിനപ്പുറം അതിന്റെ ആത്മാവിൽ ജീവിക്കുന്ന ഒരു പുതിയ തലമുറ പൗരന്മാരെ SPC വാർത്തെടുക്കുന്നു.

കുട്ടികളുമായി ബന്ധപ്പെട്ട് മറ്റു പ്രവർത്തനങ്ങളിലും പൊലീസ് ഇടപെടുന്നുണ്ട്.

## ഡി-ഡാഡ്- ഡിജിറ്റൽ ഡിഅഡിക്ഷൻ സെന്ററുകൾ (D-DAD)

ഇന്റർനെറ്റ്, ഓൺലൈൻ ഗെയിമിങ് എന്നിവ മൂലം കുട്ടികളിൽ ഉണ്ടാകുന്ന മനോവൈകല്യങ്ങളെ നേരിടാൻ കേരളത്തിൽ ആരംഭിച്ച പദ്ധതിയാണ് D-DAD. കൗൺസലർമാർ, സൈക്കോളജിസ്റ്റുകൾ എന്നീ വിദഗ്ധരുടെ സഹായത്തോടെ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ആറ് നഗരങ്ങളിൽ ആണ് നിലവിൽ പദ്ധതി നടപ്പിലായിട്ടുള്ളത്.

## പ്രോജക്റ്റ് HOPE

2017ൽ ആരംഭിച്ച പ്രോജക്റ്റ് HOPE 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷ പാസാകാത്ത കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകി അവർക്ക് ജീവിത വിജയത്തിന് രണ്ടാമതൊരവസരം നൽകുന്നു. ഈ പദ്ധതി ആദിവാസി, തീരദേശ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. തൊഴിൽ നൈപുണ്യ പോഷണ സെഷനുകൾ, ആത്മവിശ്വാസം വളർത്തൽ, അക്കാദമിക് പിന്തുണ എന്നിവ നൽകുന്നു. 2017-2024 കാലയളവിൽ 7,025 കുട്ടികളെ ഈ പദ്ധതി സഹായിച്ചു. 4,363 പേർ പരീക്ഷ പാസായി (62.11%). ■



> ശാസ്ത്രം, അനുഭവം, ആസൂത്രണം എന്നിവയുടെ മികച്ച സംയോജനത്തിലൂടെ മാത്രമേ അർഥവത്തായ ദുരന്തലഘൂകരണം സാധ്യമാകൂ. ഈ ലക്ഷ്യത്തിലേക്കാണ് 'നമ്മൾ നമുക്കായി'ഒരുമിച്ച് മുന്നേറേണ്ടത്.

# ദുരന്തങ്ങൾ, അതിജീവനം



**ഡോ. ശേഖർ എൽ. കുര്യാക്കോസ്**
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

കേരളം ബഹുവിധ ദുരന്തസാധ്യതകളുള്ള സംസ്ഥാനമാണ്. പ്രകൃതിജന്യവും മനുഷ്യജന്യവുമായ 39 തരം ദുരന്തസാധ്യതകൾ ഇവിടെ കണക്കാക്കപ്പെടുന്നു. 17 പ്രകൃതിജന്യവും 22 മനുഷ്യജന്യവുമാണ്. ഈ സാധ്യതകളുടെ അടിസ്ഥാനത്തിൽ 21 താലൂക്കുകൾ അതീവ ദോഷപൂർണ്ണതയുള്ളവയായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ (KSDMA) നിക്ഷിപ്തമാണ്.

2018-ലെ മഹാപ്രളയം കേരളത്തിൽ വലിയ നാശനഷ്ടങ്ങൾ വിതച്ചെങ്കിലും അതിനുശേഷം സംസ്ഥാനം അതിജീവനത്തിന്റെ അതുല്യമാതൃക സൃഷ്ടിച്ചു. ഈ ദുരന്താനുഭവം നവകേരളം എന്ന ആശയത്തിലുള്ള സർക്കാർ ഇടപെടലുകൾക്ക് തുടക്കംകുറിച്ചു. 2019-20 സാമ്പത്തികവർഷം മുതൽ, പഴയ കേരളത്തെ പുനഃസൃഷ്ടിക്കുകയല്ല, കൂടുതൽ മെച്ചപ്പെട്ട കേരളത്തെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

2019-ലെ വടക്കൻ കേരളത്തിലെ ഉരുൾപൊട്ടലും 2024-ലെ വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടലും വലിയ ദുരന്തങ്ങളായിരുന്നു. എങ്കിലും 2018-ലെ അനുഭവം അടിസ്ഥാനമാക്കി സംസ്ഥാനത്തിന് ഈ ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ സാധിച്ചു. അറബിക്കടലിൽ ഓഖിക്ക് സമാനമായ ചുഴലിക്കാറ്റുകൾ രൂപപ്പെട്ടെങ്കിലും മുന്നറിയിപ്പ് സംവിധാനങ്ങൾ വഴി മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കാൻ കഴിഞ്ഞു.

കോവിഡ് മഹാമാരിയുടെ ആദ്യഘട്ടത്തിൽ



തന്നെ സംസ്ഥാനസർക്കാർ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മുന്നറിയിപ്പ് നൽകുകയും അതിനനുസരിച്ച് കാര്യക്ഷമമായ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾ കേരളമാതൃക എന്നതിലേക്ക് ലോകശ്രദ്ധ ആകർഷിച്ചു. പിന്നീട് നടന്ന കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിലും സംസ്ഥാനത്തിന് മികച്ചനേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. വേനൽക്കാലം, കടലാക്രമണം തുടങ്ങിയ സീസണൽ ദുരന്തങ്ങൾ മെച്ചപ്പെട്ട ആസൂത്രണത്തിലൂടെ കൈകാര്യം ചെയ്യാൻ കഴിഞ്ഞു. തദ്ദേശസ്ഥാപനതലത്തിൽ പ്രാദേശിക Disaster Management Plans തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചതും കേരളം രാജ്യത്തിന് മാതൃകയാകുന്നതിന് വഴിയൊരുക്കി.

ദുരന്തപ്രതികരണത്തിന് പുറമെ, മോക്ക്ഡ്രില്ലുകൾ, പരിശീലനങ്ങൾ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ, SOP പ്രകാരമുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവയും നടപ്പിലാക്കപ്പെട്ടു. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണകേന്ദ്രം വഴി ദുരന്ത അപഗ്രഥനം, വിവരശേഖരണം, മുന്നറിയിപ്പ് നൽകൽ, പ്രതികരണസേനകളുടെ ഏകോപനം, അവബോധപ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നു.

KSDMAയുടെ സാങ്കേതികവിഭാഗം ശാസ്ത്രീയമായ പ്രതിരോധ, പ്രതികരണ പ്രവർത്തനവിശകലന സംവിധാനങ്ങൾ വികസിപ്പിക്കുകയും വിദേശ-സ്വദേശ സർവകലാശാലകളുമായി സഹകരിച്ച് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ദുരന്തപ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനായി അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുന്നു.

## പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

### നമ്മൾ നമുക്കായി - ദുരന്ത ലഘൂകരണം തദ്ദേശതലത്തിൽ

2019-ൽ മുഖ്യമന്ത്രി നൽകിയ പ്രത്യേക നിർദേശത്തെ തുടർന്നാണ് 'നമ്മൾ നമുക്കായി' എന്ന തദ്ദേശതല ദുരന്തലഘൂകരണ പദ്ധതി ആരംഭിച്ചത്. കേന്ദ്രഭരണ സംവിധാനങ്ങളിൽ മാത്രം ആശ്രയിച്ചിരുന്ന ദുരന്തനിവാരണസമീപനത്തിൽ നിന്ന് മാറി, തദ്ദേശസ്ഥാപനങ്ങൾക്കുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ഈ ശ്രമം രാജ്യത്തുതന്നെ മാതൃകയായി മാറി. ദുരന്തസാധ്യതകളെ നേരിടാൻ തദ്ദേശതലത്തിൽതന്നെ ആസൂത്രണം, പ്രതികരണം, പുനർനിർമ്മാണം എന്നിവ ഏകീകരിക്കാനുള്ള ഈ സംരംഭം, കേരളത്തിന്റെ ദുരന്തനിവാരണ ചരിത്രത്തിൽ ഒരുവഴിത്തിരിവായി മാറിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ ദുരന്തസാധ്യത, ദോഷപൂർണ്ണത, അപകടസാധ്യത എന്നിവയുടെ രണ്ടാംഘട്ട അപഗ്രഥനം (Hazard, vulnerability, Risk Assessment) പൂർത്തിയാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് വികസിപ്പിച്ച 'Disaster & Climate Action Tracking (DCAT)' എന്ന സോഫ്റ്റ്‌വെയറിലൂടെ ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ദുരന്തസാധ്യതാ റാങ്കിങ്, കാലാവസ്ഥാവ്യതിയാന വിവരങ്ങൾ എന്നിവ ശേഖരിക്കുകയും ആധികാരികമായ ഡാറ്റാ സജ്ജമാക്കുകയും ചെയ്തു. ദേശീയതലത്തിൽ തന്നെ ഇത്തരത്തിലുള്ള ആദ്യസംരംഭമായി ഇത് മാറിയതോടെ തദ്ദേശതലവികസന പദ്ധതികൾക്ക് കൂടുതൽ ശാസ്ത്രീയമായ ദിശ ലഭിച്ചു.

തദ്ദേശഭരണവകുപ്പ് പ്രസിദ്ധീകരിച്ച 'Risk Informed Master Plan Guidelines' എന്ന വികസന മാർഗരേഖയിൽ അതോറിറ്റിയുടെ സാങ്കേതിക സംഭാവന നിർണ്ണായകമാണ്. അതോറിറ്റി തയ്യാറാക്കിയ തദ്ദേശതല ദുരന്തസാധ്യതാ അപഗ്രഥനം ഈ മാർഗരേഖയുടെ അവിഭാജ്യഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ, തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ ഭൗമശാസ്ത്രപരവും സാമൂഹികപരവുമായ പ്രത്യേകതകൾ പരിഗണിച്ച്, ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നവയായി.

കേന്ദ്രീകൃത സംവിധാനങ്ങളിൽ മാത്രം ആശ്രയിച്ചിരുന്ന ദുരന്തനിവാരണപ്രവർത്തനങ്ങൾ തദ്ദേശതലത്തിൽ എത്തിക്കാൻ ഈ പദ്ധതി നിർണ്ണായകമായി. State Disaster

Response Fund (SDRF), State Disaster Mitigation Fund(SDMF) എന്നിവയിൽ നിന്നുള്ള ധനസഹായം തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഈ കാലയളവിൽ രൂപപ്പെടുത്താൻ കഴിഞ്ഞത്, Kerala model ന്റെ ദൃഢതയും ദീർഘവീക്ഷണവും തെളിയിക്കുന്നു. തദ്ദേശതലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യാനും അതിനായി ആവശ്യമായ സാങ്കേതികപിന്തുണയും ധനസഹായവും ഉറപ്പാക്കാനും 'നമ്മൾ നമുക്കായി' എന്ന പദ്ധതി കേരളത്തിന് വഴികാട്ടിയായി.

> വയനാട് ജില്ലയിലെ ദുരന്തസാധ്യതാ മേഖലയിലെ ഉന്നതികളിലെ ദുരന്തലഘൂകരണ പദ്ധതികൾ 2021ൽ തയ്യാറാക്കി അവിടെയുള്ള ചെറുപ്പക്കാർക്ക് ദുരന്തപ്രതികരണ പരിശീലനം നൽകി.

## ഉന്നതികളുടെ ദുരന്തലഘൂകരണ പദ്ധതികൾ

വയനാട് ജില്ലയിലെ ദുരന്തസാധ്യതാമേഖലയിലെ ഉന്നതികളിലെ ദുരന്തലഘൂകരണ പദ്ധതികൾ 2021ൽ തയ്യാറാക്കി അവിടെയുള്ള ചെറുപ്പക്കാർക്ക് ദുരന്തപ്രതികരണ പരിശീലനം നൽകി. ഈ പദ്ധതിയുടെ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ട് നിലവിൽ ഈ പ്രക്രിയ സംസ്ഥാനത്തെ 6000ത്തോളം വരുന്ന ഉന്നതികളിലേക്ക് വ്യാപിപ്പിക്കുന്ന പദ്ധതി പട്ടികവർഗ വികസന വകുപ്പും എസ്.ഡി.എം.എയും ചേർന്ന് നടത്തിവരുന്നു.

## സാമൂഹികമായ ദുരന്തസാധ്യതാ നിരീക്ഷണ സംവിധാനങ്ങൾ

സാമൂഹികമായ നിരീക്ഷണ സംവിധാനങ്ങൾ അതോറിറ്റി പ്രോത്സാഹിപ്പിക്കുന്നു. വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നടപ്പാക്കുന്ന മഴനിരീക്ഷണ പോർട്ടൽ, കോട്ടയം ജില്ലയിലെ സമൂഹാധിഷ്ഠിത മീനച്ചിൽ മഴ-പുഴ നിരീക്ഷണശൃംഖല, മലപ്പുറം ജില്ലയിലെ സമൂഹാധിഷ്ഠിത മഴ നിരീക്ഷണ ശൃംഖല എന്നിവ മുന്നറിയിപ്പുകളും മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. കുട്ടികൾകൂടി ഉൾപ്പെടുന്ന നല്ല സാമൂഹിക ദുരന്തലഘൂകരണ മാതൃകകൾ ആണ്.

## കാലാവസ്ഥാവ്യതിയാന വിവരം താഴേത്തട്ടുവരെ

ആഗോളതാപനവും അനുബന്ധ കാലാവസ്ഥാവ്യതിയാനവും മൂലമുള്ള ദുരന്തങ്ങൾ കേരളത്തിൽ വർധിച്ചുവരുന്നത് നമുക്ക് അനുഭവമാണ്. കേരളത്തിൽ ദുരന്തനിവാരണരംഗത്ത് 2016 മുതൽ വിപ്ലവകരമായ ചില മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

ഇവയിൽ ഏറ്റവും പ്രധാനം ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണമാണ്. 'നമ്മൾ നമുക്കായി' എന്ന വിപുലമായ പദ്ധതിയിലൂടെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ദുരന്തലഘൂകരണപദ്ധതി തയ്യാറാക്കുകയും കേരളത്തിലെ ഏറ്റവും താഴെത്തട്ടിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിലുള്ള ദുരന്തനിവാരണ ഏകോപനസംവിധാനം എന്ന നിലയിൽ തദ്ദേശസ്ഥാപനങ്ങളിൽ ദുരന്തലഘൂകരണ മേൽനോട്ടക്കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും തദ്ദേശസ്ഥാപനങ്ങളിലെ സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീമുകൾ സജ്ജീകരിക്കുകയും ചെയ്തു. തദ്ദേശതലത്തിൽ ദുരന്തസാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ



ലഭ്യമാക്കുകയും അവ ഉപയോഗപ്പെടുത്തി ദുരന്തലഘൂകരണപദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്ന പ്രവർത്തനം തദ്ദേശഭരണവകുപ്പ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, കില എന്നിവ ഒരുമിച്ച് 2019-20 വർഷങ്ങളിൽ നടത്തിയിരുന്നു. ഈ രീതിയിൽ ദുരന്തനിവാരണം വികേന്ദ്രീകരിച്ചതിന്റെ ആദ്യവിജയം നമ്മൾ കോവിഡ് പ്രതിരോധത്തിൽ നേരിട്ടു കണ്ടതാണ്. രാജ്യത്ത് കേരളത്തിൽ മാത്രമാണ് വികേന്ദ്രീകൃത ദുരന്തലഘൂകരണ ഭരണ-മേൽനോട്ട സംവിധാനം നിലവിലുള്ളത്. കേരളം ആരംഭിച്ച ഈ പ്രക്രിയ ദേശീയതലത്തിൽ ശ്രദ്ധ നേടി എന്നു മാത്രമല്ല, ഈ അനുഭവം ഉൾക്കൊണ്ട് രാജ്യത്താകമാനം ദുരന്തലഘൂകരണം വികേ

ന്ദ്രീകരിക്കാൻ കേന്ദ്രസർക്കാർ നടപടി എടു ത്തുവരികയുമാണ്.

എന്നാൽ ദുരന്തനിവാരണം വികേന്ദ്രീകരിച്ചതുകൊണ്ടുമാത്രം നമുക്ക് ഇനിയുള്ള കാലം ഭൂമിയിൽ ജീവിക്കാൻ സാധിക്കില്ല. അന്താരാഷ്ട്ര കാലാവസ്ഥാ അവലോകന പാനൽ (IPCC) 2021, 2022 വർഷങ്ങളിൽ പുറപ്പെടുവിച്ച റിപ്പോർട്ടുകൾ പ്രകാരം കാലാവസ്ഥാവ്യതിയാനം ഭൂമിയിൽ മനുഷ്യരുടെ ആവാസ സാഹചര്യങ്ങൾ അതിവേഗം ഇല്ലാതാക്കുന്ന തരത്തിലേക്ക മാറിക്കൊണ്ടിരിക്കുകയാണ്. അതിനാലുണ്ടാകുന്ന ദുരന്തസാഹചര്യങ്ങൾ അതിജീവിക്കാൻ താഴേത്തട്ടിൽത്തന്നെ കാലാവസ്ഥാവ്യതിയാന അനുരൂപീകരണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ദുരന്തലഘൂകരണപദ്ധതികൾ കാലാവസ്ഥാവ്യതിയാന സാഹചര്യങ്ങൾകൂടി ഉൾക്കൊള്ളുന്നതും വികസനാസൂത്രണം ദുരന്തസാധ്യതകളും കാലാവസ്ഥാവ്യതിയാന സാഹചര്യങ്ങളും കൂടി പരിഗണിക്കുന്നതും ആകേണ്ടതുണ്ട്.



കാലാവസ്ഥാമാറ്റം തീവ്രമാക്കുന്ന വിവിധ കാർബൺ ബഹിർഗമന സാഹചര്യങ്ങൾക്കനുസരിച്ച് മനുഷ്യർക്ക് അനുഭവപ്പെടുന്ന ദിനാന്തരീക്ഷ ചൂടും മഴയുടെ തീവ്രതയും 2040, 2060, 2099 വർഷങ്ങളിൽ ഏതെല്ലാം തരത്തിൽ മാറും എന്ന അറിവ് ഇന്ന പൊതുവിൽ ലഭ്യമാണ്. എന്നാൽ ഈ മാറ്റങ്ങൾ ഓരോ തദ്ദേശസ്ഥാപനത്തിലും ഏതെല്ലാം തരത്തിൽ അനുഭവപ്പെടുവാൻ സാധ്യതയുണ്ട് എന്നത് രാജ്യത്ത് ആദ്യമായി കേരളം തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കി. രണ്ടു വ്യത്യസ്ത അളവുകളിലുള്ള ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമന സാധ്യതകൾക്ക് അനുസൃതമായ കാലാവസ്ഥാവ്യതിയാന സാഹചര്യം മൂലം 2021-2040, 2041-2060, 2061-2099 എന്ന കാലഘട്ടങ്ങളിൽ താപനിലയിലും മഴയിലും ഉണ്ടാകാവുന്ന വ്യതിയാനം കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും കിലയും ചേർന്ന് തദ്ദേശതലത്തിൽ ലഭ്യമാക്കി (https://lnkd.in/d6aw6Pcj). ഈ വിവരങ്ങൾക്കനുസരിച്ച് അതതു തദ്ദേശസ്ഥാപനങ്ങളുടെ ദുരന്തലഘൂകരണപദ്ധതികളും വികസനപദ്ധതികളും മാറ്റാൻ ആവശ്യമായ പരിശീലനവും നേതൃത്വവും കില നൽകും.

കൂടാതെ, ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ സൂക്ഷ്മമായ കാലാവസ്ഥാവ്യതിയാന അവലോകനം നടത്തി, അവയോടനുബന്ധിച്ച് ദുരന്തസാധ്യതകൾ സൂക്ഷ്മതലത്തിൽ കണ്ടെത്തി, തദ്ദേശതലത്തിൽ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും കിലയും വിപുലമായ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഇത്തരത്തിൽ തദ്ദേശസർക്കാരുകളെ ദീർഘവീക്ഷണത്തോടെ ശാസ്ത്രീയാടിത്തറയിൽ ശാക്തീകരിക്കുകയും അതുവഴി കൂടുതൽ സുരക്ഷിതമായ സംസ്ഥാനമായി മാറുവാനും നിരന്തരം പരിശ്രമിക്കുകയാണ കേരളം.

## ഷെൽറ്ററുകൾ

കേരളത്തിൽ ഒൻപത് തീരദേശ ജില്ലകളിൽ 17 താൽകാലിക പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇവ കൂടാതെ ഇടുക്കി ജില്ലയിൽ ആറ് ഷെൽറ്ററുകളും വയനാട് ജില്ലയിൽ എട്ട് ഷെൽറ്ററുകളും കൂടി സ്ഥാപിച്ചുവരുന്നു.

## മൃഗസംരക്ഷണ ഷെൽറ്ററുകൾ

ദുരന്ത സമയത്ത് മൃഗങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ഇന്ത്യയിലെ ആദ്യത്തെ അഭയകേന്ദ്രം വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ ഒരുങ്ങുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ), വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (ഡിഡിഎംഎ), കോട്ടത്തറ ഗ്രാമപഞ്ചായത്ത്, ഹ്യൂമെയ്ൻ വേൾഡ് ഫോർ അനിമൽസ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെയായിരിക്കും സംരംഭത്തിനു തുടക്കമിടുക. 2026ൽ അഭയകേന്ദ്രം പ്രവർത്തനക്ഷമമാകും. ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തേത് എന്ന നിലയിൽ മൃഗക്ഷേമത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് ഈ പദ്ധതി. പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങളിൽ മൃഗങ്ങളെ മാറ്റിപ്പാർപ്പിക്കാൻ ഒരു പ്രത്യേക സൗകര്യത്തിന്റെ ആവശ്യകത വർധിച്ചുവരുന്ന വയനാട് ജില്ലയിൽ ഇത് തികച്ചും പ്രധാനമാണെന്ന് ഹ്യൂമെയ്ൻ വേൾഡ് ഫോർ അനിമൽസ് ഇന്ത്യ മാനേജർ പ്രവീൺ സുരേഷ് പറഞ്ഞു. ഉടനടിയുള്ള ഭക്ഷണം, വൈദ്യസഹായം എന്നിവ നൽകുന്നതിനോടൊപ്പം സമൂഹത്തിലെ മൃഗക്ഷേമത്തെ പിന്തുണയ്ക്കുന്നതിനുള്ള ഒരു ദീർഘകാല ഉപാധിയായും ഈ അഭയകേന്ദ്രം

പ്രവർത്തിക്കും.

## മുന്നറിയിപ്പിന്റെ 'കവചം'

ദുരന്ത മുന്നറിയിപ്പ് എന്നത് നാല് ഘടകങ്ങൾ ഉൾപ്പെടുന്നതാണ്:

1. ദുരന്തസാധ്യത സംബന്ധിച്ച അറിവ്
2. ദുരന്തകാരണം ആകാവുന്ന പ്രതിഭാസങ്ങളെ സംബന്ധിച്ച് നിരീക്ഷണവും ദൈനംദിന പ്രവചനവും
3. പ്രവചനത്തെ അടിസ്ഥാനപ്പെടുത്തി സമൂഹം സ്വീകരിക്കേണ്ട നടപടികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്
4. പ്രതികരണ സംവിധാനങ്ങൾ

മുന്നറിയിപ്പുകൾ എല്ലാവരിലേക്കും എത്തിക്കുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 'കവചം' (KaWaCHaM Kerala Warnings, Crisis and Hazard Management Sstyem) വികസിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ ആദ്യത്തെ സംയോജിത ക്ലൗഡധിഷ്ഠിത ദുരന്തസാധ്യതാ വിശകലന-മുന്നറിയിപ്പ് സംവിധാനം ആണ് കവചം. ദേശീയ ദുരന്തനിവാരണ അതോറിറ്റി, ലോകബാങ്ക് എന്നിവയുടെ സഹായത്തോടെയാണ് കവചം തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര -സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ദിനാവസ്ഥ, ജലവിഭവവിവരങ്ങൾ, ഭൂകമ്പസാധ്യതകൾ, മറ്റ് അനുബന്ധ വിവരങ്ങൾ, സ്വകാര്യ സംവിധാനങ്ങളിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ എന്നിവ ഏകോപിപ്പിക്കുന്ന സംസ്ഥാന-ജില്ലാ-താലൂക്ക്തല ദുരന്തസാധ്യതാ വിശകലന, പ്രതികരണ മേൽനോട്ട സംവിധാനമാണ് കവചം. ദുരന്തസാധ്യതയുണ്ട് എന്നു കാണുന്ന പ്രദേശത്തെ മൊബൈൽ ഫോണുകളിലേക്കു കേന്ദ്രീകൃതമായി ദുരന്തമുന്നറിയിപ്പുസന്ദേശങ്ങൾ ലഭ്യമാക്കുന്ന കോമൺ അലേർട്ട് പ്രോട്ടോക്കോൾ സംവിധാനം, 126 സ്ഥലങ്ങളിൽ സൈറനുകൾ, സ്ട്രോബ് ലൈറ്റുകൾ എന്നിവ ഈ സംവിധാനത്തിന്റെ ഭാഗമാണ്.

ദുരന്തനിവാരണ അതോറിറ്റിയുടെ സമൂഹമാധ്യമസംവിധാനങ്ങൾ, വെബ്സൈറ്റ്, 1070, 1079, 1077 നമ്പറുകൾ എന്നിവയിൽ നിന്ന് ജനങ്ങൾ അറിയേണ്ട വിവരങ്ങൾ വിശദമായി ദൈനംദിനം നൽകിവരുന്നു. കേരളത്തിലെ മഴ, ചൂട്, ഇടിമിന്നൽ, പ്രളയം, അണക്കെട്ടുകളിലെ ജലനിരപ്പ്, പുഴയിലെ ജലനിരപ്പ്, കടൽസ്ഥിതി, കടലിലെ കാറ്റിന്റെ ശക്തി, ചുഴലിക്കാറ്റ് മുന്നറിയിപ്പ് എന്നിവയും അവയോട് അനുബന്ധിച്ച പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുന്നൊരുക്ക നടപടികളും ഇങ്ങനെ നൽകുന്നുണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ (www.sdma.kerala.gov.in) ദുരന്തസാധ്യതാഭൂപടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒട്ടനവധി ലഘുലേഖകൾ, വീഡിയോകൾ, മാർഗ്ഗനിർദേശങ്ങൾ എന്നിവയും വെബ്സൈറ്റിൽ ഉണ്ട്.

ദുരന്തനിവാരണ അതോറിറ്റിയുടെ സമൂഹമാധ്യമ സംവിധാനങ്ങൾ, വെബ്സൈറ്റ്, 1070, 1079, 1077 നമ്പറുകൾ എന്നിവയിൽ നിന്ന് ജനങ്ങൾ അറിയേണ്ട വിവരങ്ങൾ വിശദമായി ദൈനംദിനം നൽകിവരുന്നു.

എല്ലാ ദുരന്തങ്ങളെയും പറ്റിയുള്ള ലഘുലേഖകൾ ആംഗ്യഭാഷയിലും ബ്രെയിൽ ലിപിയിലും ലഭ്യമാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന എല്ലാ തീവ്രദുരന്തമുന്നറിയിപ്പുകളും ആംഗ്യഭാഷയിലും ലഭ്യമാക്കുന്നുണ്ട്.

## ഡാമുകൾ സംബന്ധിച്ച്

സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിക്കാൻ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ രൂപവത്ക്കരിച്ചിട്ടുള്ള റൂൾ കർവ് മോണിറ്ററിങ് കമ്മിറ്റി ഇതുവരെ 40-ഓളം യോഗങ്ങൾ ചേർന്ന് നദികളിലേയും അണക്കെട്ടുകളിലേയും പ്രളയസാധ്യത പരിഗണിച്ച് സൂക്ഷ്മം ജലനിരപ്പ് ക്രമീകരിച്ചുവരുന്നു.

## പ്രളയസാധ്യതാ ഭൂപടം

കേരളത്തിലെ പ്രളയസാധ്യതാഭൂപടം തയ്യാറാക്കിയില്ല എന്ന വിമർശം മുമ്പ് ഉയർന്നിരുന്നു. കേന്ദ്ര ദുരന്തലഘൂകരണപദ്ധതി 2019 പ്രകാരം പ്രളയസാധ്യതാപ്രദേശങ്ങളുടെ സൂക്ഷ്മഭൂപടങ്ങൾ തയ്യാറാക്കി നൽകേണ്ടത് കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങൾ ആണ്. ഇവ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ ഇത്തരം ഒരു ഭൂപടം കേരളം തന്നെ മുൻകൈ എടുത്ത് തയ്യാറാക്കേണ്ടത് ആവശ്യമായി വന്നു.

ലോക പുനർനിർമ്മാണ കോൺഫെറൻസിനു 2019-ൽ മുഖ്യമന്ത്രി ജനീവ സന്ദർശിച്ചപ്പോൾ യുഎൻഇപിയിൽ പ്രവർത്തിച്ചിരുന്ന ഡോ. മുരളി തുമ്മാരുകുടിയുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ യുഎൻഇപി, യുഎൻ ഗ്രിഡ്, ചിമ ഫൗണ്ടേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ ഇത്തരം പ്രദേശങ്ങളുടെ സൂക്ഷ്മഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് 10-വർഷ പ്രളയാവർത്തനസാധ്യത, 25-വർഷ പ്രളയാവർത്തനസാധ്യത, 50-വർഷ പ്രളയാവർത്തനസാധ്യത, 100-വർഷ



പ്രളയാവർത്തനസാധ്യത, 200-വർഷ പ്രളയാവർത്തനസാധ്യത, 500-വർഷ പ്രളയാവർത്തനസാധ്യത എന്നിവ കണക്കാക്കി അത്തരം പ്രദേശങ്ങൾക്കാണ തയ്യാറാക്കിയിട്ടുള്ളത്. ഓരോ തദ്ദേശസ്ഥാപനത്തിലെയും പ്രളയസാധ്യതാ പ്രദേശം, അതത് പ്രളയസാധ്യതാപ്രദേശത്ത് ഉണ്ടാകാവുന്ന പ്രളയജല ഉയരം എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീവ്ര അളവിലുള്ള ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമന സാധ്യതകൾക്ക് അനുതമായ കാലാവസ്ഥാവ്യതിയാന സാഹചര്യം മൂലം മഴയിൽ ഉണ്ടാകാവുന്ന വ്യതിയാനം പരിഗണിച്ചും ഇതേ ആവർത്തനസാധ്യതകൾക്ക് അനുസരിച്ചുള്ള പ്രളയഭൂപടങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്തുതന്നെ ഇത്തരത്തിൽ ഒരു അവലോകനം നടത്തി പൊതുമധ്യത്തിൽ ഭൂപടങ്ങൾ പ്രസിദ്ധീകരിച്ച ആദ്യസംസ്ഥാനമാണ് കേരളം.

'മോർ റൂം ഫോർ റിവർ' എന്ന പദ്ധതി നടപ്പാക്കാൻ 10-വർഷ പ്രളയാവർത്തന സാധ്യതാ പ്രദേശങ്ങളിൽ ആണ് കേരളം കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഇതിനായി ഈ മേഖലകളിൽ ഉള്ള സ്കൂൾ, ആശുപത്രികൾ എന്നിവയുടെ കണക്കും തയ്യാറാക്കി നല്കിയിട്ടുണ്ട് (https://bit.ly/3Mqwz78). ദുരന്തം മൂലം വന്നടിഞ്ഞ എക്കലും മണ്ണുംമണലും പാഴ് വസ്തുക്കളും മാറ്റാൻ ആവശ്യമായ സാമ്പത്തികസഹായം ജലവിഭവവകുപ്പിനു നൽകി. ആലപ്പുഴയിൽ തോട്ടപ്പള്ളിയിൽ നടത്തിയ മുന്നൊരുക്കം 2021-ൽ പമ്പാനദിയിൽ ഉണ്ടായ പ്രളയം മൂലം കുട്ടനാടും അപ്പർ കുട്ടനാടും തീവ്രമായ അവസ്ഥയിൽ മുങ്ങുന്നതിൽനിന്നു രക്ഷിച്ചു എന്നതും ശ്രദ്ധിക്കപ്പെടാതെ പോയ വസ്തുതയാണ്.

## പ്രളയമുന്നറിയിപ്പ്

ഒരു വകുപ്പ് ശേഖരിക്കുന്ന വിവരങ്ങൾ, ലഭ്യമാക്കുന്ന സാങ്കേതികവിദ്യ എന്നിവ മറ്റൊരു വകുപ്പിനു നൽകുന്ന പതിവ് നമ്മുടെ നാട്ടിൽ പൊതുവെ കാണാറില്ല. എന്നാൽ 'ഒരൊറ്റ സർക്കാർ' എന്ന സമീപനം ഉള്ള ദുരന്തനിവാരണ അതോറിറ്റി ഇത്തരത്തിൽ ലഭ്യമായ കാലാവസ്ഥാവിവരങ്ങൾ ജലവിഭവവകുപ്പിനു നൽകുകയും അവർ അത് പ്രളയമുറിയിപ്പു സാങ്കേതികവിദ്യാവികസനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

ജലവിഭവവകുപ്പു നേതൃത്വം നൽകുന്ന പമ്പ, പെരിയാർ നദികളുടെ പ്രളയമുന്നറിയിപ്പ് സാങ്കേതികവിദ്യാവികസന പ്രവർത്തനത്തിൽ ദുരന്തനിവാരണ അതോറിറ്റി ഗണ്യമായ സാങ്കേതികസംഭാവന നൽകി. നിലവിൽ പെരിയാറിന്റെ പ്രളയമുന്നറിയിപ്പു സാങ്കേതികവിദ്യ ഇപ്പോൾ പൊതുജനങ്ങൾക്കു മുന്നറിയിപ്പു നൽകുന്നതിനുള്ള പരീക്ഷണഘട്ടത്തിൽ ആണ്.

ഡച്ച് സർക്കാരുമായി ചേർന്ന് 2021 നവംബറിലും ഡിസംബറിലും സമഗ്ര ജലവിഭവപരിപാലനം എന്ന വിഷയത്തിൽ മൂന്നു ദിവസത്തെ അന്താരാഷ്ട്ര ശിൽപശാല നടത്തി. 2022 സെപ്റ്റംബറിൽ ജലവിഭവവകുപ്പിലെയും ദുരന്തനിവാരണ അതോറിറ്റിയിലെയും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ജലവിഭവപരിപാലനത്തിൽ ഡച്ച് സർക്കാരുമായി ചേർന്ന് വിദഗ്ധപരിശീലനവും നൽകി.

## സ്കൂൾ സുരക്ഷ

സ്കൂൾ ദുരന്തനിവാരണ പ്ലാനുകൾ എല്ലാ സ്കൂളിലും നടപ്പിലാക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി വികസിപ്പിച്ച 'ഉസ്കൂൾ' ആപ്പ് 2022 ഒക്ടോബർ 13-നു തൃശ്ശൂരിൽ പ്രകാശനം ചെയ്തു. സുരക്ഷാ അവബോധം വളർത്താനും സ്കൂളുകളിലെയും ജീവിക്കുന്ന പ്രദേശത്തെയും ദുരന്തസാധ്യതകൾ മനസിലാക്കി അവ ദൂരീകരിക്കാൻ ഇടപെടാൻ കുട്ടികളെ പ്രാപ്തരാക്കാനുമായി സ്കൂൾ ദുരന്തനിവാരണ ക്ലബുകൾ വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി 2022 ഒക്ടോബർ 11-ന് ആരംഭിച്ചു.

സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള പരിശീലനപരിപാടികൾ എല്ലാ ജില്ലയിലെയും അധ്യാപകർക്കായി നടപ്പിലാക്കിയിട്ടുണ്ട്. ദുരന്തസാക്ഷരത വളർത്താൻ യൂണിസെഫുമായി ചേർന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ അനിമേഷൻ വിഡിയോകൾ നിർമ്മിച്ചു. എൻഎസ്എസ്പോലുള്ള വിഭാഗങ്ങൾക്കുള്ള പരിശീലനങ്ങളും നടത്തിവരുന്നു. യുവാക്കളും വിദ്യാർത്ഥികളും ദുരന്തനിവാരണ, പ്രതികരണ പ്രവർത്തനങ്ങളിൽ അവബോ

ധമുള്ളവരായിത്തീരുക എന്ന ലക്ഷ്യത്തോടെ വിവിധ ദുരന്ത പ്രതികരണ പ്രതിരോധ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ എല്ലാ മാസവും നടത്തുന്നു. ചെറിയ കുട്ടികൾക്കായി 'സതീർഥ്യൻ' എന്നപേരിൽ പാവകളി, കഥ, പാട്ടുകൾ മുതലായവ ഉൾപ്പെടുത്തി ദുരന്ത നിവാരണ സാക്ഷരതാ ക്യാമ്പയിൻ 2020 മുതൽ നടത്തിവരുന്നു. ഇതൊരു തുടർ പദ്ധതിയാണ്. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച സുസ്ഥിര ഫൗണ്ടേഷനുമായി ചേർന്ന് എല്ലാവർഷവും ക്ലൈമറ്റ് ലീഡർ ഷിപ് പ്രോഗ്രാം സ്കൂൾ, കോളേജ് കുട്ടികൾക്കായി നടത്താറുണ്ട്. കാലാവസ്ഥാവ്യതിയാനം എങ്ങനെ നമ്മളെ ബാധിക്കും എന്നത് എല്ലാവരിലേക്കും എത്തിക്കാനാണ് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത്. കുട്ടികൾക്കുള്ള ഓൺലൈൻ കോഴ്സ്പോലുള്ള കൂടുതൽ പ്രവർത്തനങ്ങൾ / പദ്ധതികൾ ദുരന്തനിവാരണ അതോറിറ്റിയുടെയും സ്കോൾ കേരളയുടെയും ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചു. 6.9 ലക്ഷം രൂപ ആയതിനായി സർക്കാർ അനുവദിച്ചു.

**സ്കൂൾ ദുരന്തനിവാരണ പ്ലാനുകൾ എല്ലാ സ്കൂളിലും നടപ്പിലാക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി വികസിപ്പിച്ച 'ഉസ്കൂൾ' ആപ് 2022 ഒക്ടോബർ 13-നു തൃശൂരിൽ പ്രകാശനം ചെയ്തു**

## ഉരുൾപൊട്ടൽ

കണ്ണൂർ ജില്ലയിൽ കണിച്ചാർ ഗ്രാമപഞ്ചായത്തിനെ ഉരുൾപൊട്ടൽ തീവ്രമായി ബാധിച്ചത് പരിഗണിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലിവിങ് ലാബ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു റെസിലിയൻസ് സെന്റർ സ്ഥാപിക്കുവാൻ അനുമതി ആയി. ഗ്രാമപഞ്ചായത്തിനെ ദുരന്ത പ്രതിരോധശേഷി ഉള്ളതും, കാലാവസ്ഥാവ്യതിയാന അതിജീവനശേഷി ഉള്ളതും ആക്കുക എന്നതാണ് ലക്ഷ്യം.

ജിയോളൊജിക്കൽ സർവേ ഓഫ് ഇന്ത്യയുമായി സഹകരിച്ച് കെ.എസ്.ഡി.എം.എ വയനാടിനായി ഉരുൾപൊട്ടൽ പ്രവചന സാങ്കേതിക വിദ്യ പരീക്ഷണ ഘട്ടത്തിൽ ആണ്. ആയതിനായി രണ്ട് സ്ഥാപനങ്ങളും എം.ഒ.യു ഒപ്പിട്ടിട്ടുണ്ട്.

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ കൗൺസിൽ, ഐ.ഐ.റ്റി റൂർക്കീ, കെ.എസ്.ഡി.എം.എ എന്നീ സ്ഥാപനങ്ങൾ ചേർന്ന് കണ്ണൂരിൽ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ഉരുൾപൊട്ടൽ പ്രവചന സാങ്കേതിക വിദ്യ പരീക്ഷണാർത്ഥം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു.

കേരള സർവകലാശാല, മിഷിഗൺ സർവകലാശാല എന്നിവർ ചേർന്ന് ഇടുക്കി ജില്ലയിൽ നടത്തി വരുന്ന ഉരുൾപൊട്ടൽ ഗവേഷണത്തിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യമായ സഹായം ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി 10 മഴമാപിനികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സഹായം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആണ് നൽകിയത്.

ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ കാലമായി പ്രവർത്തിച്ച് വരുന്ന മണ്ണിടിച്ചിൽ പ്രവചന സാങ്കേതിക വിദ്യ മൂന്നാറിൽ അമൃത കൽപിത സർവകലാശാല സ്ഥാപിച്ചിട്ടുള്ളതാണ്. ലഭിക്കുന്ന വിവരം പ്രദേശത്ത് മുന്നറിയിപ്പുകൾ നൽകാനും നടപടികൾ സ്വീകരിക്കുവാനും ഉപയോഗിച്ച് വരുന്നു.



## ഉരുൾപൊട്ടൽ സംബന്ധിച്ച പ്രത്യേക ഇടപെടലുകൾ

1. സംസ്ഥാന ദുരന്തനിവാരണ പ്ലാനിലെ ഖണ്ഡിക 3.21.1 (Landslide risk reduction) പ്രകാരം:

മണ്ണിടിച്ചിൽ സാധ്യത ഭൂപടത്തിലെ 'ഹൈ ഹസാഡ് സോൺ' ൽ വികസനപ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

20 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിൽ മഴ കുഴികൾ നിർമിക്കുന്നത് മണ്ണിടിച്ചിലിന് കരണമായേക്കാവുന്നതുകൊണ്ട് നിരോധിക്കേണ്ടതാണ്.



ഹൈ ഹസാഡ് സോണിൽ സ്ഫോടനം നടത്തി പാറ പൊട്ടിക്കുന്നത് മണ്ണിടിച്ചിലിന് കരണമായേക്കാവുതാണ്. അതിനാൽ ജില്ലാ ദു രന്തനിവാരണ അതോറിറ്റികൾ HSAK (2014) ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ സ്ഫോടനം നടത്തിയുള്ള പാറഖനനത്തിന് അനുമതി നൽ കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മോ ഡറേറ്റ് സോണിൽ, Hazard Susceptibiltiy Assessment, Kerala (2014)ൽ പ്രതിപാദിച്ചി രിക്കുന്നതുപോലെ, ജില്ലാതല ക്രൈസിസ് മാ നേജ്മെന്റ് കമ്മിറ്റിയുടെ അനുമതിയോടുകൂടി മാത്രം ഖനാനുമതി നൽകാവുന്നതാണ്.

രണ്ടു ദിവസം തുടർച്ചയായി മഴ പെയ്യുന്ന അവ സരത്തിൽ ഈ വില്ലേജിൽ സ്ഫോടനം നട ത്തിയുള്ള പാറഖനനം മഴയില്ലാത്ത ദിവസം വരുന്നതുവരെ താത്കാലികമായി നിരോധി ക്കണം. ഇത് മൺസൂൺ കാലം മുഴവൻ പ്രാബ ല്യത്തിലുണ്ടാകും.

2. സംസ്ഥാന ദുരന്തനിവാരണ പ്ലാനിന്റെ ഭാഗമായ, വർഷാവർഷം പുതുക്കുന്ന ഓറഞ്ച് ബുക്കിൽ അതാത് വർഷം വകുപ്പുകൾ വിവിധ ദുരന്ത സാഹചര്യങ്ങൾ ലഘൂകരിക്കുവാൻ നടത്തേണ്ട നടപടികൾ വ്യക്തമായി പ്രതിപാ ദിക്കുന്നുണ്ട്. ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 22 (2) (f) പ്രകാരം ആണ് ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിക്കുന്നത്.

## ദിനാവസ്ഥാ നിരീക്ഷണവും പ്രവചനവും

സംസ്ഥാനത്തെ സവിശേഷ ദുരന്തമായ ഇടിമിന്നൽ സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തി ഇടിമിന്നൽ ആക്ഷൻ പ്ലാൻ പ്രസിദ്ധീകരിച്ച് വിവിധ വകുപ്പുകൾക്കും തദ്ദേ ശസ്ഥാപനങ്ങൾക്കും വേണ്ട അവബോധ പ്രവർത്തനം നടത്തി. കേരളത്തിൽ ഓരോ തദ്ദേശസ്ഥാപനത്തിലും മേഘത്തിൽനിന്നു ഭൂമിയിലേക്കുള്ള എത്ര ഇടിമിന്നൽ ഓരോ മാസവും ഉണ്ടാകുന്നു എന്ന വിവരങ്ങൾകൂടി എർത്ത് നെറ്റ് വർക്സ് എന്ന സ്വകാര്യ ഇടിമി ന്നൽ നിരീക്ഷണ, പ്രവചന കമ്പനിയിൽനിന്നു സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ലഭ്യ മാക്കിയ സേവനത്തിലൂടെ പരിശോധിച്ചാണ് ഈ ആക്ഷൻ പ്ലാൻ തയ്യാറാക്കിയത്. സ്കൈ മെറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് 100 ഓട്ടോ മാറ്റിക് ദിനാവസ്ഥാ നിരീക്ഷണകേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

കേന്ദ്ര കാലാവസ്ഥാവകുപ്പിനോട് 256 ഓട്ടോ മാറ്റിക് ദിനാവസ്ഥാ നിരീക്ഷണകേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കണം എന്ന് 2018-ൽ നിർദേശിച്ചിരുന്നു. ഇതിനായി സ്ഥലവും ദുര ന്തനിവാരണ അതോറിറ്റി ഏറ്റെടുത്തുനൽകി. നിലവിൽ 109 ഓട്ടോമാറ്റിക് ദിനാവസ്ഥാനിരീ ക്ഷണ കേന്ദ്രങ്ങൾ, 30 ഓട്ടേമാറ്റിക് മഴ മാപി നികൾ എന്നിവ പ്രവർത്തിക്കുന്നു.

കേരളത്തിൽ നിരന്തരനിരീക്ഷണത്തിനാ യി ചുരുങ്ങിയത് മൂന്നു ഡോപ്ലാർ റഡാറുകൾ ആവശ്യമുണ്ട്. നിലവിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പി(ഐഎംഡി)നു സ്വന്തമായി റഡാറുള്ള ത് കൊച്ചിയിൽ മാത്രമാണ്. തെക്കൻ കേരളം നിരീക്ഷിക്കാൻ വിഎസ്എസ്സിയുടെ റഡാർ ആണ് ഉപയോഗിക്കുന്നത്. എന്നാൽ ഇത് മഴ ക്കാലത്തു മാത്രമാണ് പ്രയോജനപ്പെടുന്നത്. വടക്കൻ കേരളത്തിൽ ഒരു റഡാർ വേണം എന്ന ആവശ്യം 2013 മുതൽ കേരളം ഉന്നയി ച്ചിട്ടുണ്ട്. തിരുവനന്തപുരത്തും വടക്കൻ കേര ളത്തിലും കൊച്ചി മാതൃകയിൽ ഐഎംഡിക്ക് രണ്ടു റഡാറുകൾ കൂടി ഉണ്ടായാൽ കാലാവ സ്ഥാപ്രവചനത്തിൽ വലിയ മാറ്റം ഉണ്ടാകും. ഇപ്പോൾ ഉണ്ടാകുന്ന അതിസൂക്ഷ്മ മഴ പ്രവചി ക്കാൻ എക്സ്-ബാൻഡ്സ് റഡാറുകൾ സ്ഥാ പിക്കുന്ന സംവിധാനം ഉണ്ടാകണം.

വയനാട് പുൽപ്പള്ളി പഴശ്ശിരാജ കോളേജിൽ ഡോപ്ളർ വെതർ റഡാർ സ്ഥാപിക്കുന്നതിനു ള്ള ധാരണാപത്രം മുഖ്യമന്ത്രി പിണറായി വി

ജയന്റെ സാന്നിധ്യത്തിൽ ബത്തേരി രൂപത, കാലാവസ്ഥാ കേന്ദ്രം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ 2025 ജൂൺ 11ന് ഒപ്പുവച്ചു. കാലാവസ്ഥ നിരീക്ഷണത്തിനായി വടക്കൻ കേരളത്തിൽ ഒരു റഡാർ സ്ഥാപിക്കുക എന്ന 2010 മുതലുള്ള സംസ്ഥാനത്തിന്റെ ആവശ്യമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ബാംഗ്ലൂർ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിൽ തയാറാക്കിയ റഡാർ പുൽപ്പള്ളി പഴശ്ശിരാജ കോളേജിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം കേന്ദ്ര കാലാവസ്ഥാ വകുപ്പ് ആരംഭിക്കും. 100 കി.മി വിസ്തൃതിയിൽ കാലാവസ്ഥാ നിരീക്ഷണം നടത്താവുന്ന X ബാൻഡ് റഡാർ ആണ് സ്ഥാപിക്കുന്നത്. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങൾക്കും റഡാറിന്റെ പ്രയോജനം ലഭിക്കും. മഴമേഘങ്ങളുടെ സവിശേഷ സ്വഭാവം പഠിക്കാനുള്ള സംവിധാനമാണ് ഡോപ്ളർ വെതർ റഡാർ.

## ആശുപത്രി സുരക്ഷ

സംസ്ഥാനത്തെ എല്ലാ (സർക്കാർ, സ്വകാര്യ) കോവിഡ് ആശുപത്രികളിലും ദ്രുത സുരക്ഷാ ഓഡിറ്റ് (ആർഎസ്എ) ആവശ്യമാണെന്നതു പരിഗണിച്ച് കേരളത്തിലെ എല്ലാ ആശുപത്രികളിലെയും കോവിഡ് പ്രത്യേക സൗകര്യങ്ങളുടെ ദ്രുത സുരക്ഷാ ഓഡിറ്റ് നടത്താൻ മാർഗ്ഗരേഖ തയ്യാറാക്കി, ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തി.

ആശുപത്രികളിലെ ഓക്സിജൻ ചോർച്ച തടയുന്നതിനുള്ള സുരക്ഷാ പ്രോട്ടോക്കോളുകളുടെ സമാഹാരം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ എല്ലാ ആശുപത്രികളിലും ഇവ പാലിക്കാൻ നിർദേശിക്കുകയും ചെയ്തു.

## ആപതാ മിത്ര, സിവിൽ ഡിഫൻസ്, സാമൂഹിക സന്നദ്ധസേന

കേരളത്തിലെ ഈ സന്നദ്ധപ്രവർത്തനങ്ങൾ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ 18-ാം രൂപീകരണയോഗത്തിൽ ദേശീയമാതൃകയായി അവതരിപ്പിക്കപ്പെട്ടു.

**ആപതാ മിത്ര**: കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള ആപതാ മിത്ര പദ്ധതി ഉപയോഗിച്ച് 4500 സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കുകയും ഇൻഷുറൻസ്, പ്രതികരണ കിറ്റ് എന്നിവ നല്കുകയും ചെയ്തു. കേരളത്തിലെ എല്ലാ അഗ്നിരക്ഷാ സ്റ്റേഷനുകളും കേന്ദ്രീകരിച്ചാണ് ഇവരെ സംഘടിപ്പിച്ചിട്ടുള്ളത്. ഇത്തരം സന്നദ്ധപ്രവർത്തകർക്ക് അടിസ്ഥാനശിഷണം നൽകാനുള്ള പാഠ്യപദ്ധതി മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സിവിൽ ഡിഫൻസ്**: സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെകൂടി നിരന്തര ശ്രമഫലമായി കേരളം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിക്കുന്നത്. സാധാരണഗതിയിൽ ചില പട്ടണങ്ങളും ജില്ലകളും മാത്രമാണ് ഈ രീതിയിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. അഗ്നിരക്ഷാവകുപ്പിനോടു ചേർന്നാണ് ഈ സംവിധാനം നിലവിൽ വന്നത്. പരിശീലനം സിദ്ധിച്ച 15,000 സന്നദ്ധ പ്രവർത്തകർ 128 ഫയർ സ്റ്റേഷനുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ഇവരുടെ പരിശീലനത്തിന് സാമ്പത്തികസഹായവും സാങ്കേതികസഹായവും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നൽകി വരുന്നു.



**സാമൂഹിക സന്നദ്ധ സേന**: കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തകൻ എന്ന നിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധ സേന പ്രവർത്തിക്കുന്നു. 27-1-2020ൽ, മുഖ്യമന്ത്രിയുടെ നിർദേശം അനുസരിച്ച് ഈ സേന രൂപവത്ക്കരിക്കാനുള്ള വെബ്സൈറ്റ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കി. പൊതുഭരണവകുപ്പിനു കീഴിലാണ് സേനയുടെ പ്രവർത്തനം. ഇതിനായി പ്രത്യേക ഡയറക്ടറേറ്റ് രൂപവത്ക്കരിച്ചു പ്രവർത്തനം നടത്തുന്നു. രാജ്യത്തെ ആദ്യ സന്നദ്ധപ്രവർത്തന ഡയറക്ടറേറ്റ് ആണിത്. ഇവരുടെ പരിശീലനത്തിന് സാമ്പത്തികസഹായവും സാങ്കേതിക സഹായവും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നൽകി വരുന്നു.

ശാസ്ത്രം, അനുഭവം, ആസൂത്രണം എന്നിവയുടെ മികച്ച സംയോജനത്തിലൂടെ മാത്രമേ അർഥവത്തായ ദുരന്തലഘൂകരണം സാധ്യമാകൂ. ഈ ലക്ഷ്യത്തിലേക്കാണ് 'നമ്മൾ നമുക്കായി'ഒരുമിച്ചു മുന്നേറേണ്ടത്. ■

# കേരളത്തെ കോർത്തിണക്കാൻ

■ ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.)
മാനേജിങ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്



സ്വന്തമായി ഇന്റർനെറ്റ് സംവിധാനം ഉള്ള രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. അരികുവൽക്കരിക്കപ്പെട്ടവരിലേക്കാണ് ഈ നൂതന സംവിധാനം ആദ്യം എത്തുക എന്നതാണ് കെ-ഫോൺ പദ്ധതിയുടെ മേന്മ. ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള 14,000 കുടുംബങ്ങളിലാണ് കെ-ഫോൺ ഉപയോഗിച്ചുള്ള ഇന്റർനെറ്റ് കണക്ഷൻ ആദ്യം ലഭ്യമാക്കിയത്. 140 നിയമസഭാമണ്ഡലങ്ങളിലും നൂറുകുടുംബങ്ങളെ വീതം തിരഞ്ഞെടുത്തു. ഈ കുടുംബങ്ങൾക്ക് ദിവസേന 1.5 ജി.ബി ഡാറ്റ 15 എം.ബി.പി.എസ് വേഗത്തിൽ സൗജന്യമായി ലഭ്യമാക്കി. ഇത്തരത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സേവനം ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒന്നൊഴിയാതെ കേരളത്തിലെ എല്ലാ ഗ്രാമാന്തരങ്ങളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുമ്പോഴാണ് കെ-ഫോൺ എന്ന ഉദാത്തമായ ആശയം പൂർണതയിലെത്തുക.

സാധാരണക്കാരന് ഗുണകരമാകുന്ന ഡിജിറ്റൽവൽക്കരണമാണ് കെ-ഫോൺ ലക്ഷ്യമിടുന്നത്. രണ്ട് രീതിയിലാണ് ഇത് സാധ്യമാക്കിയത്.

- സംസ്ഥാന വ്യാപകമായി ഓപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ച് മുപ്പതിനായിരത്തിലധികം വരുന്ന സർക്കാർ ഓഫീസുകളിൽ ഉപയോഗിച്ചു.
- കെ-ഫോൺ അടിസ്ഥാനസൗകര്യം പ്രയോജനപ്പെടുത്തി, സാമ്പത്തികമായി



> 35,000 കിലോമീറ്റർ നീളത്തിൽ ഓപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ചും സംസ്ഥാനത്തൊട്ടാകെ 375 പോയിന്റ് ഓഫ് പ്രസൻസ് നിർമ്മിച്ചുമാണ് കെ-ഫോൺ പദ്ധതി നടപ്പാക്കിയത്.

പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നു.

## പരിമിതികളില്ലാത്ത കണക്ഷൻ

ഡിജിറ്റൽ ഭരണസംവിധാനം ഒരുക്കുന്നതിൽ നിർണായക ചുവടുവയ്പുകൾ നടത്തിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ ഇ-ഗവേണൻസ് ശൃംഖലയുടെ പ്രധാന അടിസ്ഥാനമെന്നത് കേരള സ്റ്റേറ്റ്‌വൈഡ് ഏരിയ നെറ്റ്‌വർക്ക് അഥവാ കെ-സ്വാൻ ആയിരുന്നു. സർക്കാർ അനുവദിച്ചിരുന്ന റൈറ്റ് ഓഫ് വേയ്ക്ക് പകരം സ്വകാര്യ സർവീസ് പ്രൊവൈഡർമാർ നൽകിയിരുന്ന ബാൻഡ്‌വിത്ത് ആണ് ഈ സംവിധാനത്തിനായി ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ, ഇതിലൂടെ 3800 സർക്കാർ ഓഫീസുകളെ മാത്രമേ ബന്ധിപ്പിക്കാൻ സാധിച്ചിരുന്നുള്ളൂ. സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിരുന്ന ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിന് മറ്റ് സർക്കാർ ഓഫീസുകൾ സ്വകാര്യ സർവീസ് പ്രൊവൈഡർമാരിൽ നിന്ന് ഇന്റർനെറ്റ് ബാൻഡ്‌വിത്ത് ലീസിന് എടുത്തുവരികയായിരുന്നു.


കെ-സ്വാനിന്റെ പരിമിതികൾ മനസ്സിലാക്കിയതിനാൽ, എല്ലാ സർക്കാർ ഓഫീസുകളിലും ലഭ്യമാകുന്ന, ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്താൻ കഴിയുന്ന ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കണമെന്ന് സർക്കാർ തീരുമാനിച്ചു. മാത്രമല്ല, ഭാവിയിലെ ബാൻഡ്‌വിത്ത് ആവശ്യങ്ങൾക്കൂടി പരിഹരിക്കാൻ ഉതകുന്ന സംവിധാനം ആവശ്യമാണ്. ഇതിനെല്ലാമുള്ള ഉത്തരമാണ് കെ-ഫോൺ.

സംസ്ഥാന സർക്കാർ രൂപംനൽകിയ കമ്പനിയാണ് കെ-ഫോൺ. കെ.എസ്.ഇ.ബിക്കാണ് ഉടമസ്ഥാവകാശം. പദ്ധതി നടത്തിപ്പിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മുഖ്യപങ്ക് വഹിക്കുന്നു.

## സൗജന്യ കണക്ഷൻ

35,000 കിലോമീറ്റർ നീളത്തിൽ ഓപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ചും സംസ്ഥാനത്തൊട്ടാകെ 375 പോയിന്റ് ഓഫ് പ്രസൻസ് നിർമ്മിച്ചുമാണ് കെ-ഫോൺ പദ്ധതി നടപ്പാക്കിയത്.

സംസ്ഥാനത്തെ നാല് സോണുകളായി തിരിച്ച് ഓരോ മേഖലയിലുമുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡറെ ടെൻഡറിലൂടെ തിരഞ്ഞെടുത്തു. ഈ കമ്പനികൾക്ക് സബ്സിഡി നിരക്കിൽ സർക്കാർ ബാൻഡ്‌വിത്ത് നൽകും. ഇതിന് പകരമായി സർവീസ് പ്രൊവൈഡർമാർ പാവപ്പെട്ടവരുടെ വീടുകളിലേക്ക് സൗജന്യമായി ഇന്റർനെറ്റ് എത്തിക്കും. മാസംതോറും 124 രൂപയാണ് ഇതിനുള്ള വാടകയായി കണക്കാക്കിയിട്ടുള്ളത്. ഈ തുക സർക്കാർ വഹിച്ചുകൊണ്ടാണ് ദരിദ്ര കുടുംബങ്ങളിലേക്ക് സൗജന്യമായി ഇന്റർനെറ്റ് എത്തിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് മാസംതോറും 224 രൂപ നിരക്കിലാണ് ഇന്റർനെറ്റ് ലഭിക്കുക. ഇപ്പോൾ ഡാറ്റ അടിസ്ഥാനമാക്കിയുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾക്കപ്പുറം, ബാൻഡ്‌വിത്ത് കൂടുതലായി ഉപയോഗപ്പെടുത്തുന്ന ആപ്ലിക്കേഷനുകൾക്കാണ് പ്രചാരം. അതിനൂതന സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക് ചെയിൻ, മെഷീൻ ലേണിങ്, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി എന്നിവയാണ് ഇന്നത്തെ ഡിജിറ്റൽ ലോകത്തെ വാർത്തെടുക്കുന്നത്. ബ്രോഡ്ബാൻഡ് ആണ് ഡിജിറ്റൽ ലോകത്തിലെ നട്ടെല്ല്. സംസ്ഥാനത്തിന്റെ ഡിജിറ്റൽ മണ്ഡലത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കാൻ കെ-ഫോണിനാകും. ■



# ഗ്രാമവീഥിയിലെ വഴിവിളക്കുകൾ

**വി.കെ. മധു**
**സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ**

കേരളീയ സമൂഹത്തെ പരിവർത്തനപ്പെടുത്തുന്നതിൽ അനന്യമായ പങ്കാണ് ഗ്രന്ഥശാലകൾ വഹിച്ചിട്ടുള്ളത്. നൂറ്റാണ്ടുകാലത്തോളം നീണ്ടുനിന്ന സാമൂഹിക നവീകരണത്തിന്റെയും സാംസ്കാരിക ഉയിർത്തെഴുന്നേൽപ്പിന്റെയും തുടർച്ചയിലൂടെയാണ് ആധുനിക കേരളം വളർന്നുവന്നത്. നിസ്വാർഥരും ക്രാന്തദർശികളുമായ സാംസ്കാരിക പ്രവർത്തകർ ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയോടെ സ്ഥാപിച്ചതാണ് കേരളത്തിലെ ഗ്രന്ഥശാലകൾ. വ്യക്തമായ സാമൂഹികവീക്ഷണം സൃഷ്ടിച്ച ഉത്തേജനം നാട്ടിൻപുറങ്ങളിൽ പുതിയ ജനകീയ കൂട്ടായ്മകൾക്കും ഗ്രന്ഥശാലകൾക്കും അടിത്തറയൊരുക്കി. 1829ൽ തിരുവനന്തപുരത്ത് സ്വാതിതിരുനാൾ മഹാരാജാവ് സ്ഥാപിച്ച തിരുവനന്തപുരം പബ്ലിക് ലൈബ്രറിയാണ് കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല. കേരളത്തിലെ എന്നല്ല ഇന്ത്യയിലെതന്നെ ആദ്യത്തെ ലൈബ്രറി എന്ന് വിശേഷിപ്പിക്കാവുന്നതാണ് തിരുവനന്തപുരം പബ്ലിക് ലൈബ്രറി.

19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കേരളീയസമൂഹത്തിന്റെ ചിത്രമെന്തായിരുന്നു എന്ന് നമുക്കറിയാം. പ്രാകൃതമായ ചിന്താഗതികളും വിവേചനങ്ങളും ഉച്ചനീചത്വങ്ങളും നിറഞ്ഞാടിയ കേരള ചരിത്രത്തിലെ ഇരുണ്ടകാലം കൂടിയായിരുന്നല്ലോ അത്. ഈ കാലത്താണ് യൗവനത്തിലേക്ക് കാലെടുത്തുവച്ചിട്ടില്ലാത്ത ഒരു ഫ്യൂഡൽ ഭരണാധികാരി ജനകീയ ഗ്രന്ഥശാല എന്ന ആശയം കേരളത്തിൽ ആദ്യമായി ആവിഷ്കരിക്കുന്നത്. സമൂഹത്തിലെ മഹാഭൂരിപക്ഷംപേർക്കും അക്ഷരാഭ്യാസം അപ്രാപ്യമായിരുന്ന കാലഘട്ടത്തിലാണ് ഈ ചരിത്രസംഭവം അരങ്ങേറിയതെന്ന് ഓർക്കണം. ഇതേത്തുടർന്ന് കേരളത്തിലെ പ്രമുഖ നഗരങ്ങളിൽ പബ്ലിക് ലൈബ്രറികൾ രൂപീകരിക്കപ്പെട്ടു. കോട്ടയം (1858), എറണാകുളം (1861), തൃശ്ശൂർ (1873), തലശേരി (1901), കോഴിക്കോട്



> വായനയുടെ പുതിയ മാതൃകകൾ ഇന്ന് ധാരാളമുണ്ട്. ഓരോ വായനശാലയും വായനയെ ഉണർത്താൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

(1924), കണ്ണൂർ (1927) എന്നിവയായിരുന്നു ഇതിൽ പ്രധാനപ്പെട്ടവ.

## ഗ്രന്ഥശാലകളുടെ പിറവി

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി കേരളത്തിന്റെ ഗ്രാമങ്ങളിൽ ജനങ്ങൾ ഗ്രന്ഥശാലകൾ സ്ഥാപിക്കാൻ തുടങ്ങി. കേരളീയ സമൂഹത്തിൽ ദേശീയ പ്രസ്ഥാനം ഉയർന്നുവരുന്ന കാലംകൂടിയായിരുന്നു അത്. സ്വാതന്ത്ര്യസമര പ്രസ്ഥാനം പകർന്നുനൽകിയ പുത്തനുണർവും അതു സൃഷ്ടിച്ച സ്വാതന്ത്ര്യബോധവും സമത്വചിന്തകളും വ്യാപകമായി ഗ്രന്ഥശാലകളുടെ രൂപവൽക്കരണത്തിന് വഴിയൊരുക്കി. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ സവിശേഷമായ മൂന്ന് ചരിത്രഘട്ടങ്ങളിലൂടെയാണ് ഗ്രന്ഥശാലാ പ്രസ്ഥാനം വളർന്നുവന്നത് എന്നു കാണാനാകും. ഐക്യകേരളപ്പിറവി വരെയുള്ള ഏറെ പ്രക്ഷുബ്ധമായ കാലഘട്ടമാണ് ആദ്യത്തേത്. ജാതിഭേദങ്ങൾക്കും മതദ്വേഷങ്ങൾക്കും അവ സൃഷ്ടിച്ച മനുഷ്യവിരുദ്ധമായ സാമൂഹ്യക്രമങ്ങൾക്കുമെതിരേ പുത്തൻ ചിന്താധാരകൾ ഉയർന്നുവരാൻ തുടങ്ങി. സാഹിത്യത്തിലും വായനയിലും വിദ്യാഭ്യാസത്തിലും ക്രമാനുഗതമായ വളർച്ച കണ്ടുതുടങ്ങി. ദേശീയ പ്രസ്ഥാനത്തിന്റെ ആശിർവാദത്തോടെ 1930 കളിൽ മലബാറിൽ വ്യാപകമായി ഗ്രന്ഥശാലകൾ സ്ഥാപിതമായി. കൊച്ചിയിലും തിരുവിതാംകൂറിലും വിഭിന്നമായ സാഹചര്യങ്ങളിലാണ് ഗ്രന്ഥശാലകൾ ഉയർന്നുവന്നത്. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ഗ്രാമീണ ഗ്രന്ഥശാലകളെ കോർത്തിണക്കി ഒരു കേന്ദ്രീകൃത സംഘടന രൂപീകരിക്കാനും കേരളത്തിലെ ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാനുമുള്ള ശ്രമങ്ങളും ഇതേത്തുടർന്ന് ഊർജിതമായി. 1945ൽ അമ്പലപ്പുഴയിൽ പി.കെ.മെമ്മോറിയൽ ഗ്രന്ഥശാലയിൽ 47 ഗ്രന്ഥശാലകൾ പങ്കെടുത്തുകൊണ്ട് പി.എൻ. പണിക്കരുടെ നേതൃത്വത്തിൽ അഖില തിരുവിതാംകൂർ ഗ്രന്ഥശാലാ സമ്മേളനം നടന്നു. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യർ പങ്കെടുത്ത ഈ സമ്മേളനമാണ് ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകസമ്മേളനമായി കണക്കാക്കുന്നത്. എന്നാൽ കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ആദ്യത്തെ സമ്മേളനം ഇതായിരുന്നില്ല. 1926ൽ നെയ്യാറ്റിൻകര ജ്ഞാനപ്രദായിനി ഗ്രന്ഥശാലയിൽ ചേർന്ന ഗ്രന്ഥശാലാ സമ്മേളനമായിരുന്നു സംഘടനാ രൂപീകരണത്തിന്റെ ആദ്യശ്രമമെന്നു പറയാം. ഇതേതുടർന്ന് തിരുവിതാംകൂറിലും തൃശ്ശൂരിലും മലബാറിലും ഏതാനും തുടർശ്രമങ്ങളും നടന്നു. 1937 ജൂൺ 11ന് കോഴിക്കോട് ടൗൺഹാളിൽ ചേർന്ന മലബാർ വായനശാല കോൺഫറൻസിൽ മുന്നൂറിലധികം പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. കെ. കേളപ്പന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കെ.ദാമോധരനെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. ഈ സംഘടന 1943 ഡിസംബറിൽ കേരളം മുഴുവൻ ഉൾക്കൊള്ളുന്ന കേരള ഗ്രന്ഥാലയ സംഘമായി വികസിപ്പിക്കുകയും രജിസ്ട്രേഷൻ നേടുകയും ചെയ്തു. നവോത്ഥാന ആശയങ്ങളുടെയും ദേശീയ പ്രസ്ഥാനം പകർന്നുനൽകിയ ഊർജവും പുരോഗമന കലയും സാഹിത്യവും പുരോഗമന ആശയങ്ങളും വെളിച്ചംവീശിയ ചരിത്രപന്ഥാവിൽ കേരളത്തിലെ ജനകീയ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് അടിത്തറപാകിയത് ഈ സമ്മേളനവും സംഘടനയുമാണ് എന്നുപറയാം.

കേരളത്തിൽ സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെയും ഏറ്റവും ഒടുവിൽ ഡിജിറ്റൽ സാക്ഷരതയുടെയും പാഠശാലകളായിരുന്നല്ലോ ഗ്രന്ഥശാലകൾ.

## ലൈബ്രറി കൗൺസിൽ

കേരളപ്പിറവിക്കു ശേഷം 1958ൽ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസിഡന്റും പി.എൻ.പണിക്കർ സെക്രട്ടറിയുമായി കേരള ഗ്രന്ഥശാലാ സംഘം നിലവിൽവന്നു. ഈ കാലയളവുവരെ



കേരളത്തിൽ ഏകദേശം 3000 ലൈബ്രറികൾ രൂപംകൊണ്ടുകഴിഞ്ഞിരുന്നു. 1977ൽ ഒരു ഉത്തരവിലൂടെ ഗ്രന്ഥശാലാ സംഘം സർക്കാർ ഏറ്റെടുത്തു. തുടർന്നങ്ങോട്ട് കൺട്രോൾ ബോർഡുകളുടെ ഭരണത്തിന്റെയും നഷ്ടപ്പെട്ട ജനാധിപത്യ അവകാശങ്ങൾ പുനഃസ്ഥാപിക്കാനുള്ള സമരങ്ങളുടെയും കാലമായിരുന്നു. കേരളത്തിൽ ഒരു ഗ്രന്ഥശാലാ നിയമം രൂപീകരിക്കുന്നതിന് 57 മുതൽ 87 വരെ മാറിമാറി വന്ന സർക്കാരുകൾ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല. 1989ലാണ് കേരളത്തിന് അനുയോജ്യമായൊരു നിയമം അവതരിപ്പിക്കപ്പെടുന്നത്. ഇന്നത്തെ രൂപത്തിലുള്ള കേരള പബ്ലിക് ലൈബ്രറീസ് ആക്ട് നിയമസഭ ഏകകണ്ഠമായി പാസാക്കി. നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് 1993ൽ തുടങ്ങി 94 ഏപ്രിലിൽ പൂർത്തിയാക്കി. 1994 ഏപ്രിൽ 24ന് കടമ്മനിട്ട രാമകൃഷ്ണൻ പ്രസിഡന്റും ഐ.വി.ദാസ് സെക്രട്ടറിയുമായി ഒന്നാം ലൈബ്രറി കൗൺസിൽ നിലവിൽ വന്നു. ഒന്നാം കൗൺസിൽ നിലവിൽ വരുമ്പോൾ കേരളത്തിൽ അയ്യായിരത്തോളം ലൈബ്രറികളാണ് നിലവിലുണ്ടായിരുന്നത്. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം ജനാധിപത്യം വീണ്ടെടുക്കുകയും അതിന്റെ ജനകീയ അടിത്തറ ശക്തിപ്പെടുത്തി നിയമത്തിന്റെ സുരക്ഷാ വലയത്തിലേക്ക് പ്രവേശിക്കുകയും ചെയ്തതോടുകൂടി ഈ രംഗത്തൊരു നവോന്മേഷം തന്നെ ഉയർന്നുവന്നു. ഗ്രാമീണ ഗ്രന്ഥശാലകളുടെ ചരിത്രത്തിലെ മൂന്നാംഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന സുവർണകാലമാണിത്. ഇന്ന് കേരളത്തിലെ ഗ്രന്ഥശാലകളുടെ എണ്ണം പതിനായിരത്തോടടുക്കുകയാണ്. എണ്ണത്തിലുണ്ടായ വർധനവിനെക്കാൾ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞതായിരുന്നു ഈ കാലഘട്ടത്തിന്റെ പ്രത്യേകത. കേരളത്തിലെ ഗ്രന്ഥശാലകൾക്ക് പുതിയ ചൈതന്യം കൈവന്നുതുടങ്ങി എന്നുതന്നെ പറയാം. കാലോചിതമായി ഗ്രന്ഥശാലകളെ നവീകരിക്കാൻ നിരന്തരമായ ശ്രമങ്ങളാണ് ഉണ്ടായത്. ഈ രംഗത്ത് പുതിയ സാധ്യതകളും മാതൃകകളും മുന്നോട്ടുവയ്ക്കപ്പെട്ടു. ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവ് വായനയെ സ്വാധീനിച്ച മറ്റൊരു ഘടകമാണ്. വായനയെ മാറ്റിമറിക്കുന്ന ഒരു മഹാവിപ്ലവമാണ് ഡിജിറ്റൽ മീഡിയയുടെ രംഗപ്രവേശം. പുസ്തകവിതരണ കേന്ദ്രങ്ങൾ മാത്രമായി ഗ്രന്ഥശാലകൾക്ക് ഇനി മുന്നോട്ടുപോകാനാകില്ല. സമ്പൂർണ വിജ്ഞാന വിനിമയ കേന്ദ്രങ്ങളെന്ന നിലയിലേക്ക് ഗ്രന്ഥശാലകളുടെ മുഖച്ഛായയും പ്രതിച്ഛായയും മാറ്റിയെഴുതപ്പെടേണ്ടതുണ്ട്.

## ഡിജിറ്റൽ വായന

പുതിയ കാലഘട്ടത്തിൽ വായനയുടെ പുതിയ ഇടമാണ് ഡിജിറ്റൽ പ്ലാറ്റ്ഫോം. ഡിജിറ്റൽ യുഗത്തിൽ വായനോപാധികൾ അനവധിയാണ്. പഴയകാലത്തെപ്പോലെ പുസ്തകങ്ങളും ആനുകാലികങ്ങളും തേടി നടക്കേണ്ടതില്ല. ഏറ്റവും വലിയ സൗകര്യം ഡിജിറ്റൽ സാധ്യതകൾ നമുക്കു നൽകുന്നുണ്ട്. ഓൺലൈൻ പുസ്തകങ്ങളും ഇ-ബുക്കുകളും വെബ്സൈറ്റുകളും വായന വളരെ എളുപ്പമാക്കിയിരിക്കുന്നു. സമൂഹമാധ്യമങ്ങളിൽ വരുന്ന കുറിപ്പുകളും മറ്റും എവിടെയും വായന സാധ്യമാക്കുന്നു എന്ന നിലയിലേക്ക് കാലത്തെ എത്തിച്ചിരിക്കുന്നു. സാങ്കേതികവിദ്യകൊണ്ടു സമ്പന്നമായ ഈ കാലഘട്ടത്തിലെ വായനയും അത്തരത്തിൽ വേണം ചർച്ചചെയ്യപ്പെടേണ്ടത്. ഇന്ത്യയിൽ ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾ അതിന്റെ പ്രാരംഭദശയിലാണ്. പ്രസിദ്ധീകരണരംഗത്താണെങ്കിൽ പത്തു ശതമാനത്തിനു മുകളിലേക്കെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. രാജ്യാന്തരമേഖലയിൽ

ഇ-വായനയിൽ വലിയ കുതിച്ചുചാട്ടമുണ്ടായിട്ടുണ്ടെങ്കിലും ഈ ഡിജിറ്റൽ യുഗത്തിലും കൂടുതലാളുകളും അച്ചടിച്ച പുസ്തകങ്ങൾതന്നെ വായിക്കാൻ താത്പര്യപ്പെടുന്നതായി വേൾഡ് ഇക്കണോമിക് ഫോറം 2021ൽ നടത്തിയ പഠന റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഏറ്റവുമധികം ഇ-വായനക്കാരുള്ള ചൈനയിൽപ്പോലും ഇ-വായന 24.4 ശതമാനമായിരിക്കെ അച്ചടിവായന 32 ശതമാനമാണ്. തൊട്ടുപിന്നിലുള്ള അമേരിക്കയിൽ ഇ-വായന 22.7%, അച്ചടിവായന 44.5% എന്നിങ്ങനെയും യു.കെയിൽ ഇ-വായന 20%, അച്ചടിവായന 48.7% എന്നിങ്ങനെയുമാണ് കണക്കുകൾ. ഇന്ത്യയിലാകട്ടെ 24.5% അച്ചടിവായനക്കാരുള്ളപ്പോൾ ഇ-വായനക്കാർ വെറും 5.6 ശതമാനം മാത്രമാണെന്നും പഠനറിപ്പോർട്ട് വ്യക്തമാക്കുന്നു. സമീപകാലങ്ങളിൽ, പ്രത്യേകിച്ച് കോവിഡ് മഹാമാരിക്കുശേഷം ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾക്കു വലിയ ജനപ്രീതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ചെലവു കുറവാണെന്നതും വേഗം കൂടുതലാണെന്നതും ഇ-വായനയുടെ പ്രത്യേകതയാണ്. സ്മാർട് ഫോൺ, ടാബ്, ലാപ്ടോപ്പ്, കിൻഡിൽ തുടങ്ങി സൗകര്യപ്രദമായ മാധ്യമങ്ങളിലൂടെ ആവശ്യമുള്ള വിഭവങ്ങൾ ലോകത്തെവിടെനിന്നും വളരെ വേഗത്തിൽ സംഭരിക്കാനാവുമെന്നത് ഇ-വായനയുടെ പ്രധാന ആകർഷണമാണ്.

**കേരളപ്പിറവിക്കു ശേഷം 1958ൽ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസിഡന്റും പി.എൻ. പണിക്കർ സെക്രട്ടറിയുമായി കേരള ഗ്രന്ഥശാലാ സംഘം നിലവിൽവന്നു.**

## അച്ചടി മാധ്യമങ്ങൾ

പുതിയകാല മാധ്യമങ്ങൾ വായനയ്ക്കായി ഉണ്ടെങ്കിലും പുസ്തകങ്ങളുടെയും അച്ചടിമാധ്യമങ്ങളുടെയും സാധ്യത ഇന്നും വളരെ വിപുലമായിത്തന്നെ തുടരുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 2021-2022ലെ കണക്കുകൾ പ്രകാരം പ്രതിദിനം ശരാശരി 39 കോടിയിലധികം വർത്തമാനപത്രങ്ങളും ആനുകാലികങ്ങളും വിവിധ ഭാഷകളിലായി ഇന്ത്യയിൽ അച്ചടിക്കുന്നുണ്ട്. അച്ചടിച്ചു പുറത്തിറക്കുന്ന വർത്തമാനപത്രങ്ങളുടെ ഇന്ത്യയിലെ സ്വീകാര്യത കാണിക്കുന്നത് വായനക്കാരായ ഒരു സമൂഹത്തിന്റെ ചിത്രംകൂടിയാണ്. ഇന്ത്യൻ റീഡർഷിപ്പ് സർവേയുടെ 2017ലെ റിപ്പോർട്ടു പ്രകാരം, കേരളത്തിലെ 59.31 ശതമാനം ആളുകൾ വർത്തമാനപത്രങ്ങൾ വായിക്കുന്നവരാണ്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 16.55 ശതമാനം മാത്രമാണെന്നതും ശ്രദ്ധേയമാണ്. ഡിജിറ്റൽ മാധ്യമങ്ങളുടെ കുത്തൊഴുക്കുള്ള കാലത്തും വായനയുടെ കാര്യത്തിലുള്ള ഈ കണക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

വർത്തമാനപത്രങ്ങൾ മാത്രമല്ല. അച്ചടിച്ച മറ്റു പ്രസിദ്ധീകരണങ്ങൾക്കും പുസ്തകങ്ങൾക്കും കേരളത്തിൽ, ദേശീയതലത്തിലേതിനെക്കാൾ വായനക്കാരുണ്ട് എന്നത് അവിതർക്കമാണ്. ഈ രംഗത്താണ് നിർണ്ണായകശക്തിയായി കേരളത്തിലെ ഗ്രന്ഥശാലകൾ നിലകൊള്ളുന്നത്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വെളിച്ചം വീശിയ ഗ്രന്ഥശാലകൾ ഡിജിറ്റൽ യുഗത്തിലും അറിവിന്റെയും വിജ്ഞാനത്തിന്റെയും കലവറകളായി മുന്നോട്ടുപോകുന്നത് മലയാളിയുടെ ഉള്ളിൽ ഉറവവറ്റാതെ നിലകൊള്ളുന്ന വായനയോടുള്ള അഭിനിവേശത്തെയാണ് സൂചിപ്പിക്കുന്നത്. മലയാളത്തിലെ വായനാസംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനുള്ള സവിശേഷ അന്തരീക്ഷമൊരുക്കുന്നതിൽ സാംസ്കാരികമായ ഇടപെടൽ എല്ലാക്കാലത്തും ഗ്രന്ഥശാലാ പ്രസ്ഥാനം നടത്തിയിട്ടുണ്ട്. ലൈബ്രറി കൗൺസിൽ പബ്ലിക് എന്ന പേരിൽ രൂപീകരിച്ചിരിക്കുന്ന സോഫ്റ്റ്‌വെയർ പ്രധാന ചുവടുവയ്പ്പാണ്. റീഡിങ് തിയേറ്റർ ആശയത്തെ സാക്ഷാത്കരിച്ച് ഗ്രന്ഥശാലകളിൽ നാടകീയ വായനയ്ക്ക് അരങ്ങുകളൊരുക്കുന്നു. ഏറ്റവും ഒടുവിലിതാ വായനാവസന്തമെന്ന പദ്ധതിയിലൂടെ വായനക്കാരെത്തേടി പുസ്തകങ്ങൾ മൂന്നുലക്ഷം വീടുകളിലേക്ക് സഞ്ചരിക്കുന്നു.

വായനയുടെ പുതിയ മാതൃകകൾ ഇന്ന് ധാരാളമുണ്ട്. ഓരോ വായനശാലയും വായനയെ ഉണർത്താൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. കേവലം വായനാ ഇടങ്ങൾ എന്ന നിലയിലല്ല, അമൂല്യ വിജ്ഞാന ശേഖരത്തിന്റെ നിലവറകളാണ് ഗ്രന്ഥശാലകൾ. നൂതനമായ ആശയങ്ങളുടെ പ്രസരണകേന്ദ്രങ്ങളാണവ. വിവേചനങ്ങളും വിഭജനങ്ങളും വിടപറയുന്ന സ്നേഹത്തിന്റെ പൂക്കൾ വിടരുന്ന പൂന്തോട്ടമാണത്. ഗ്രാമവീഥിയിൽ നിസ്തുലമായ വെളിച്ചം പകരുന്ന വഴിവിളക്കുകളാണവ. ഇരുട്ടിന്റെ മൂടുപടം ധരിച്ച് മനുഷ്യവിരുദ്ധ വിചാരധാരകൾ നിഴലാട്ടം നടത്തുമ്പോൾ വായനയുടെ വെളിച്ചത്തെ വരവേൽക്കാൻ ജാലകങ്ങൾ തുറന്നുവെക്കുകതന്നെ വേണം. കൂരിരുട്ടിനെ കീറിമുറിക്കുന്ന പ്രകാശം ഇടയ്ക്കിടെ മിന്നിത്തെളിയുന്നുണ്ട്. ഒ.എൻ.വി. എഴുതിയതുപോലെ

ഇരുളിന്റെ കൂടാരമാകെ കുലുങ്ങുമാ-
റരിയ പൂഞ്ചിറകുകൾ വീശി
വരുമൊരുഷസ്സിന്റെ തേരുരുൾപ്പാട്ടിന്റെ
ശ്രുതിയൊത്തു പാടുകയാലോ? ■



# സാമൂഹിക-സാമ്പത്തിക വികസന സൂചികകൾ
## പ്രാധാന്യം, രീതിശാസ്ത്രം


ഡോ. ജിജു പി. അലക്സ്
മെമ്പർ, കേരള സംസ്ഥാന ആസൂത്രണ ബോർഡ്


ഒരു രാജ്യമോ സംസ്ഥാനമോ കൈവരിച്ച സാമൂഹിക- സാമ്പത്തിക പുരോഗതി എത്രത്തോളമുണ്ടെന്ന് എങ്ങനെയാണ് നിർണ്ണയിക്കുക? എങ്ങനെയാണ് വിവിധ രാജ്യങ്ങളെയും സംസ്ഥാനങ്ങളെയും ജനസമൂഹങ്ങളേയും വികസനത്തിന്റെ പേരിൽ താരതമ്യം ചെയ്യുക?

ഒരു ജനത സാമൂഹികമായും സാമ്പത്തികമായും പുരോഗതി നേടുക എന്നതിന്റെ അർഥം ഓരോ വ്യക്തിയുടെയും ജീവിത ഗുണനിലവാരം വർധിക്കുകയും സൗഖ്യത്തോടെയും സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാവുകയും ചെയ്യുക എന്നാണല്ലോ. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യപരിചരണം, ഭരണസംവിധാനം, വരുമാനം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെ മികച്ച ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഉന്നതനിലവാരത്തിൽ എത്തുമ്പോഴാണ് വികസനം അർഥവത്താവുകയും സമൂഹം പുരോഗതി പ്രാപിക്കുകയും ചെയ്യുന്നത്. ഓരോരുത്തരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും വിജ്ഞാനം നേടുന്നതിനും കഴിയണം. ചൂഷണരഹിതവും മാനുഷികമൂല്യങ്ങൾക്ക് അങ്ങേയറ്റം വില കൽപ്പിക്കുന്നതുമായ ഒരു സാമൂഹിക വ്യവസ്ഥ സ്ഥാപിക്കുന്നതും വികസനത്തിന്റെ അന്തിമലക്ഷ്യങ്ങളിൽ ഒന്നാണ്. എന്നാൽ ഈ ലക്ഷ്യങ്ങൾ അത്ര അനായാസം കൈവരിക്കാവുന്നവയല്ല! ശാസ്ത്രീയമായ വികസന കാഴ്ചപ്പാടും നയരൂപവൽക്കരണവും ദീർഘദൃഷ്ടിയോടെയുള്ള ആസൂത്രണവും രാഷ്ട്രീയ ഇച്ഛാശക്തിയും ധനവിഭവങ്ങളും ഉണ്ടെങ്കിലേ ഇത് സാധ്യമാകൂ. ഇങ്ങനെ



> ഒരു രാജ്യമോ സംസ്ഥാനമോ സാമൂഹികമായും സാമ്പത്തികമായും വികസിക്കുന്നതിന്റെ പ്രധാനപ്പെട്ട സൂചികകൾ എന്തെല്ലാമാണെന്നും അവ നിർണ്ണയിക്കാൻ നാം പൊതുവേ ഉപയോഗിക്കുന്ന രീതിശാസ്ത്രങ്ങൾ എന്തൊക്കെയാണെന്നും സംക്ഷിപ്തമായി പരിശോധിക്കാനാണ് നാം ഇവിടെ ശ്രമിക്കുന്നത്.

വിഭാവനം ചെയ്യപ്പെടുന്ന വികസനപ്രക്രിയയുടെ പുരോഗതി കണ്ടെത്തുന്നതിന് കൃത്യമായ രീതിശാസ്ത്രവും സൂചികകളുമുണ്ട് (indicators).

ഒരു രാജ്യമോ സംസ്ഥാനമോ സാമൂഹികമായും സാമ്പത്തികമായും വികസിക്കുന്നതിന്റെ പ്രധാനപ്പെട്ട സൂചികകൾ എന്തെല്ലാമാണെന്നും അവ നിർണ്ണയിക്കാൻ നാം പൊതുവേ ഉപയോഗിക്കുന്ന രീതിശാസ്ത്രങ്ങൾ എന്തൊക്കെയാണെന്നും സംക്ഷിപ്തമായി പരിശോധിക്കാനാണ് നാം ഇവിടെ ശ്രമിക്കുന്നത്. വികസനപ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിച്ചോ എന്ന് പരിശോധിക്കുന്നതിനും അവയുടെ പോരായ്മകൾ പരിഹരിക്കുന്നതിനും ഈ അളവുകോലുകൾ ഏറെ ഉപകരിക്കും.

മനുഷ്യരുടെ ജീവിതനിലവാരത്തെയും സമൂഹത്തിന്റെ വികസനത്തെയും സ്വാധീനിക്കുന്ന നിരവധി ഘടകങ്ങൾ സാമൂഹികശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. അവയിൽ മിക്കതും കൃത്യമായി നിർവചിക്കുകയും അളക്കുകയും ചെയ്യാവുന്നതാണ്. ഇതുസംബന്ധിച്ച് നിരവധി ഗവേഷണങ്ങൾ ലോകമെമ്പാടും നടക്കുന്നുണ്ട്. മനുഷ്യസമൂഹത്തിന്റെ വികാസപരിണാമങ്ങളുടെ ദിശയും ലക്ഷ്യവും നിർണ്ണയിക്കാൻ ശ്രമിക്കുന്ന സാമൂഹികശാസ്ത്രപഠനങ്ങളും പ്രത്യയശാസ്ത്രകാഴ്ചപ്പാടുകളും തത്വചിന്താപദ്ധതികളും എക്കാലത്തും സജീവമായി നിലനിന്നിരുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള അറിവ് സമ്പാദിക്കുന്ന മനുഷ്യസമൂഹത്തിന്റെ ഭാവിവളർച്ചയുടെ സാധ്യത തിരിച്ചറിയുന്നതിനും അവയിൽ ക്രിയാത്മകമായി ഇടപെടുന്നതിനും നയരൂപവൽക്കരണത്തിനും നമ്മെ സഹായിക്കും.

ഒരു ജനസമൂഹത്തിന്റെ വികസനത്തിന്റെ തൽസ്ഥിതി അറിയുന്നതിനും വികസനനയങ്ങളുടെയും വികസനപ്രക്രിയയുടെയും കാര്യക്ഷമത നിർണ്ണയിക്കുന്നതിനുമാണ് സാമൂഹിക,സാമ്പത്തിക വികസനസൂചികകൾ ഉപയോഗിക്കുന്നത്. ജനിച്ചുവീഴുന്ന ഒരു കുഞ്ഞിന്റെ ആദ്യദിനം മുതൽ അവൾ ശൈശവദശ പിന്നിടുന്നത് വരെ എത്ര ആരോഗ്യവതിയായി ജീവിക്കാൻ കഴിയുന്നു എന്നത് ആരോഗ്യ സംവിധാനങ്ങളുടെ നേട്ടമാണല്ലോ. മികച്ച ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന ഒരു സമൂഹത്തിൽ ശൈശവദശയിലെ അനാരോഗ്യവും മരണവും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ തീരെ കുറവായിരിക്കും. ആയുർദൈർഘ്യവും വർധിക്കും. അതുപോലെ പോഷകസമൃദ്ധമായ ഭക്ഷണം ഉറപ്പുള്ള സമൂഹങ്ങളിൽ വ്യക്തികളുടെ ആരോഗ്യവും താരതമ്യേന മെച്ചപ്പെട്ടിരിക്കും. നല്ല വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഉറപ്പാക്കിയാൽ മെച്ചപ്പെട്ട തൊഴിലവസരങ്ങളും ഉപജീവനസുരക്ഷയും ലഭ്യമാകും. ഇത്തരത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം, തൊഴിൽ, ജീവിത നിലവാരം എന്നിവയിലെ പുരോഗതി അളക്കുന്നതിലൂടെ, നിലവിലെ വികസനത്തിന്റെ പ്രവണതകൾ എന്തൊക്കെയാണെന്ന് നിരീക്ഷിക്കാനും മികച്ച ഫലങ്ങൾക്കായി പുതിയ വികസനതന്ത്രങ്ങൾ രൂപീകരിക്കാനും നയങ്ങൾ നടപ്പാക്കുന്നതിലെ പോരായ്മകൾ തിരിച്ചറിയാനും പുതിയ നിർവഹണരീതികൾ ആവിഷ്കരിക്കാനും കഴിയും.

ഒരു സമൂഹത്തിന്റെ വികസനപ്രക്രിയയുടെ പുരോഗതി നിർണ്ണയിക്കുന്നത് വിവിധ സാമ്പത്തിക-സാമൂഹിക സൂചികകളുടെ സഹായത്തോടെയാണെന്ന് പറഞ്ഞുവല്ലോ. ഈ സൂചികകൾ ഒറ്റയ്ക്കായും വിവിധ സൂചികകൾ സംയോജിപ്പിച്ച് സംയുക്തസൂചകങ്ങളായും (index) ഉപയോഗിക്കാറുണ്ട്. ഇവ നമുക്ക് കൃത്യമായി കണക്കുകൂട്ടാൻ കഴിയുന്നവയായിരിക്കും. ശരാശരി, ശതമാനം, അനുപാതം, എന്നിങ്ങനെ വിവിധ രീതികളിൽ വികസനസൂചികകൾ കണക്കാക്കാം. രാജ്യത്തിന്റെ പൊതു സമ്പദ്വ്യവസ്ഥയുടെ വളർച്ചയും കാര്യക്ഷമതയും സൂചിപ്പിക്കുന്ന തരത്തിലുള്ള സ്ഥൂലതലസൂചികകളും (macro level) വ്യക്തികളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന സൂക്ഷ്മതല സൂചികകളുമുണ്ട് (micro level).

## പ്രധാനപ്പെട്ട വികസനസൂചികകൾ

ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ മികവ് വ്യക്തമാക്കുന്ന സ്ഥൂലതല സൂചികകൾക്കുദാഹരണമാണ് മൊത്തം ആഭ്യന്തരവരുമാനം (Gross Domestic Product- GDP). ഒരു രാജ്യത്തോ സംസ്ഥാനത്തോ ഒരു നിശ്ചിതകാലയളവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും മൊത്തം മൂല്യത്തെയാണ് ഈ സംഖ്യ സൂചിപ്പിക്കുന്നത്. ഒരു സമ്പദ് വ്യവസ്ഥയുടെ വലിപ്പത്തെയും മുൻവർഷങ്ങളെ അപേക്ഷിച്ച് അത് കൈവരിച്ച വളർച്ചയുടെയും സ്വഭാവം കണക്കാക്കാൻ ഈ സൂചികയാണ് പൊതുവേ ഉപയോഗിക്കുന്നത്. ഉൽപ്പാദനം, സേവനം, പശ്ചാത്തലസൗകര്യവികസനം എന്നിങ്ങനെ വിവിധ മേഖലകളിൽ നടത്തുന്ന സർവെകളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ സമാഹരിച്ചാണ് ജിഡിപി തയ്യാറാക്കുന്നത്.



മറ്റൊരു പ്രധാനപ്പെട്ട സ്ഥൂലതലസൂചികയാണ് മൊത്തം ദേശീയ വരുമാനം (Gross National Income-GNI). ഒരു രാജ്യത്തെ ജനങ്ങളുടെയും സംരംഭങ്ങളുടെയും വിദേശത്തുനിന്ന് ലഭിച്ചതുൾപ്പെടെയുള്ള മൊത്തം വരുമാനത്തെ ജനസംഖ്യ കൊണ്ട് ഭാഗിച്ചാണ് ജിഎൻഐ കണ്ടുപിടിക്കുന്നത്. ഒരു രാജ്യത്തെ പൗരന്മാരുടെ പൊതുവായ സാമ്പത്തികസ്ഥിതിയെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ഈ സൂചിക. ഈ സൂചികയിൽ പക്ഷേ ഒരു പ്രശ്നമുണ്ട്. ഒരുപറ്റം അതിധനികരുടെ വരുമാനത്തിനനുസരിച്ച് ഈ സൂചികയുടെ മൂല്യം ഉയരാം. അങ്ങനെയുള്ള അവസരങ്ങളിൽ ശരാശരി വരുമാനവും പ്രതിശീർഷവരുമാനവും വർധിച്ചതായി തോന്നുമെങ്കിലും രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക അസമത്വത്തിന്റെ സ്വഭാവം വെളിപ്പെടുകയില്ല. അനൗദ്യോഗികമായി ലഭിക്കുന്ന വരുമാനം, നിയമവിധേയമല്ലാത്ത വരുമാനസ്രോതസ്സുകൾ എന്നിവയും ഈ സൂചികയിൽ ഉൾപ്പെടാറില്ല.

രാജ്യത്തെ ജനങ്ങളുടെ വരുമാനത്തിലെ അസമത്വത്തെ സൂചിപ്പിക്കുന്ന ജിനി ഗുണാങ്കം (Gini coefficient) ഒരു പ്രധാനപ്പെട്ട വികസന സൂചികയാണ്. മൊത്തം ജനസംഖ്യയുടെ എത്ര ശതമാനത്തിന് ദേശീയ വരുമാനത്തിന്റെ എത്ര ശതമാനം വിഹിതം ലഭ്യമാണ് എന്ന് കണക്കാക്കിയാണ് ഈ സൂചിക തയ്യാറാക്കുന്നത്. ഇറ്റാലിയൻ സ്റ്റാറ്റിസ്റ്റീഷ്യൻ കൊറാഡോ ജിനി ആണ് ഇത് വികസിപ്പിച്ചത്. പൂജ്യത്തിനും ഒന്നിനുമിടയിലുള്ള ഒരു മൂല്യമാണ് ജിനി ഗുണാങ്കത്തിനുള്ളത്. ഉയർന്ന മൂല്യങ്ങൾ ഉയർന്ന അസമത്വത്തെ സൂചിപ്പിക്കുന്നു. ജിനിഗുണാങ്കം പൂജ്യം ആണെങ്കിൽ എല്ലാവർക്കും ഒരേ വരുമാനം ലഭിക്കുന്നു, അഥവാ രാജ്യത്ത് സമത്വപൂർണ്ണമായ വിധത്തിൽ വരുമാനം വിതരണം ചെയ്യപ്പെടുന്നു എന്നർഥം. ഈ സൂചികയുടെ മൂല്യം ഒന്ന് അഥവാ നൂറുശതമാനം ആണെങ്കിൽ ഒറ്റ വ്യക്തിക്കാണ് മുഴുവൻ വരുമാനവും ലഭിക്കുന്നതെന്നും രാജ്യത്ത് സമ്പൂർണ്ണ അസമത്വം നിലനിൽക്കുന്നുണ്ടെന്നും അർഥമാക്കാം.

രാജ്യത്തെയോ സംസ്ഥാനത്തെയോ തൊഴിൽലഭ്യതയുടെ ചിത്രം വ്യക്തമാക്കി തരുന്ന സൂചികകളാണ് തൊഴിലില്ലായ്മ നിരക്കും തൊഴിൽ പങ്കാളിത്ത നിരക്കും. ഒരു രാജ്യത്തെ അല്ലെങ്കിൽ സംസ്ഥാനത്തെ തൊഴിൽ ക്ഷമതയുള്ള മുഴുവൻ ജനസംഖ്യയുടെ എത്ര ശതമാനം പേർതൊഴിൽ ലഭിക്കാത്തതുമൂലം തൊഴിൽ അന്വേഷിച്ച് നടക്കുന്നുണ്ട് എന്നത് ശതമാനക്കണക്കിൽ രേഖപ്പെടുത്തുന്നതാണ് തൊഴിലില്ലായ്മ നിരക്ക്. ആരോഗ്യമുള്ള സമ്പദ്‌വ്യവസ്ഥകളിൽ തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞിരിക്കും. തൊഴിൽ പങ്കാളിത്ത നിരക്കാകട്ടെ, തൊഴിൽ ചെയ്യുന്ന പ്രായപരിധിയിലെ മുഴുവൻ ജനസംഖ്യയിൽ എത്രപേർ സജീവമായി തൊഴിൽ മേഖലയിലുണ്ട് എന്നതിന്റെ ശതമാനക്കണക്കാണ്. തൊഴിലിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നവരും തൊഴിലന്വേഷിക്കുന്നവരും ചേരുന്നതാണ് ഒരുപ്രദേശത്തെ സജീവമായ തൊഴിൽ സേന. തൊഴിലെടുക്കാൻ പ്രാപ്തരായ ജനങ്ങളുടെ എണ്ണം എത്രയുണ്ടെന്ന് അറിയുന്നതിനും അവരിൽ എത്രപേർക്ക് തൊഴിൽ ലഭ്യമാണെന്നറിയുന്നതിനും ഈ സൂചികകൾ ഉപകരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലെ തൊഴിലവസരങ്ങൾ നിലനിർത്തുന്നതിനുമൊക്കെയുള്ള നയങ്ങളും കർമ്മപദ്ധതികളും ആവിഷ്ക്കരിക്കാം.

ദാരിദ്ര്യനിരക്കാണ് (Poverty Rate) മറ്റൊരു പ്രധാനപ്പെട്ട സൂചിക. സാധാരണയായി ദാരിദ്ര്യത്തിന്റെ തോത് അളക്കുന്നത് ഒരു വ്യക്തിക്ക് അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാനായി ലഭ്യമായ ഏറ്റവും കുറഞ്ഞ വരുമാനമുണ്ടോ എന്ന് പരിശോധിച്ചാണ്. ഒരു നിശ്ചിത തുകയ്ക്ക്

മുകളിൽ വരുമാനം ഉള്ളവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിലായി പരിഗണിക്കുകയാണ് ചെയ്യുന്നത്. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള വരുമാനം ആവശ്യമുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയ്ക്ക് സമാനമായി ലഭിക്കുന്നുണ്ടോ എന്നാണ് ഇവിടെ പരിശോധിക്കുന്നത്. ഇന്ത്യയിൽ ദേശീയ സാമ്പിൾ സർവേ വഴി കുടുംബങ്ങളിൽ നിന്നും ശേഖരിക്കുന്ന ഉപഭോഗചെലവുകളുടെ അടിസ്ഥാനത്തിലാണ് ഒരു കുടുംബം ദാരിദ്ര്യരേഖയ്ക്ക് മുകളിലാണോ താഴെയാണോ എന്ന് നിർണയിക്കുന്നത്. മൊത്തം ജനസംഖ്യയിൽ എത്രപേർ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുണ്ടെന്നുള്ളതിന്റെ ശതമാനക്കണക്കാണ് ദാരിദ്ര്യത്തിന്റെ അളവ്. വ്യക്തികളുടെ ഭക്ഷണം, ആരോഗ്യം, പാർപ്പിടം എന്നിങ്ങനെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവില്ലായ്മയുടെ തോത് അളക്കാൻ ഈ സൂചികയാണ് ഉപയോഗിക്കുന്നത്. വികസനത്തിന്റെ ഏറ്റവും പ്രത്യക്ഷമായ അളവാണ് ദാരിദ്ര്യനിരക്ക്.

ദാരിദ്ര്യത്തിന്റെ വിവിധമാനങ്ങൾ സമഗ്രമായി പരിഗണിക്കുന്ന സൂചകങ്ങളുമുണ്ട്. കുടുംബങ്ങൾ ദരിദ്രമായി തീരുന്നതിന്റെ വിവിധ കാരണങ്ങൾ പരിശോധിക്കുന്ന ഒരു സൂചകമാണ് ബഹുമുഖ ദാരിദ്ര്യസൂചകം (Multi-Dimensional Poverty Index). ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിങ്ങനെ വിവിധ മാനങ്ങളാണ് ഇതിൽ പരിഗണിക്കുന്നത്. ഈ മാനങ്ങളിൽ ഉൾപ്പെട്ട വിവിധ ഘടകങ്ങളിലെ കുറവോ അവയുടെ തകർച്ചയോ മൂലം ദാരിദ്ര്യത്തിലകപ്പെടുന്ന അവസ്ഥ സൂക്ഷ്മമായി മനസ്സിലാക്കാൻ ഈ സൂചകം സഹായിക്കും. പോഷകാഹാരലഭ്യത, ശാരീരിക- മാനസിക ദൗർബല്യങ്ങൾ, വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത, ശുചിത്വസംവിധാനങ്ങളുടെ അഭാവം, ആസ്തികളുടെ അഭാവം, ഊർജലഭ്യതയുടെ പ്രശ്നങ്ങൾ, സാമൂഹികപങ്കാളിത്തത്തിന്റെ കുറവ് എന്നിവയാണ് ഈ മാനങ്ങളിൽ ഉൾപ്പെട്ട ഘടകങ്ങൾ. ഒരു കുടുംബത്തെ ദാരിദ്ര്യത്തിലേക്ക് നയിക്കാവുന്ന ഈ ഘടകങ്ങളുടെ സൂചികകൾ സമന്വയിപ്പിച്ചാണ് ബഹുമുഖ ദാരിദ്ര്യസൂചകം തയ്യാറാക്കുന്നത്. വിശ്രുത സാമ്പത്തികശാസ്ത്രജ്ഞനായ അമർത്യാസെന്നാണ് ദാരിദ്ര്യമെന്നത് വരുമാനത്തിന്റെ അഭാവം മാത്രമല്ല, ദീർഘവും ആരോഗ്യകരവുമായ ജീവിതം നയിക്കാനുള്ള സ്വാതന്ത്ര്യം, വിദ്യാഭ്യാസം, സമൂഹജീവിതത്തിലെ പങ്കാളിത്തം തുടങ്ങിയ അടിസ്ഥാന കഴിവുകളുടെ അഭാവമാണെന്ന സമീപനം അവതരിപ്പിച്ചത്. മേൽസൂചിപ്പിച്ച ഓരോ ക്ലേശഘടകവും എത്രത്തോളമുണ്ടെന്ന് നിർണ്ണയിച്ചാണ് ബഹുമുഖ ദാരിദ്ര്യസൂചകം തയ്യാറാക്കുന്നത്.

ദാരിദ്ര്യത്തിന് കാരണമായ ക്ലേശഘടകങ്ങളുടെ സൂചികകളുടെ മൊത്തം മൂല്യം ഒരു നിശ്ചിത പരിധിക്ക് മുകളിലുള്ളവരെയാണ് ഈ രീതിശാസ്ത്രം ഉപയോഗിച്ച് ദരിദ്രരെന്നു വിളിക്കുന്നത്. ബഹുമുഖദാരിദ്ര്യം അനുഭവിക്കുന്നവരുടെ അനുപാതവും ദാരിദ്ര്യത്തിന് കാരണമാകുന്ന വിവിധ ക്ലേശഘടകങ്ങളുടെ തീവ്രതയും തമ്മിൽ ഗുണിച്ചാണ് ബഹുമുഖ ദാരിദ്ര്യസൂചകം കണക്കാക്കുന്നത്. പൂജ്യം മുതൽ ഒന്ന് വരെയാണ് സൂചകത്തിന്റെ പരിധി. ഉയർന്ന സൂചകം ഉയർന്ന ദാരിദ്ര്യത്തെ സൂചിപ്പിക്കുന്നു. ദാരിദ്ര്യം എന്ന സങ്കീർണ്ണമായ അവസ്ഥയുടെ സ്വഭാവം മനസ്സിലാക്കുന്നതിന് ഈ സൂചകം ഏറെ ഫലപ്രദമാണെന്ന് പറയേണ്ടതില്ലല്ലോ. ദാരിദ്ര്യത്തിന്റെ ക്ലേശഘടകങ്ങൾ കണ്ടെത്തി രൂപം നൽകിയ അതിബൃഹത്തായ പദ്ധതിയാണ് കേരളം നടപ്പാക്കിക്കൊണ്ടിരിക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതി എന്നറിയാമോ?

## സമഗ്ര വികസന സൂചകങ്ങൾ

ജനങ്ങളുടെ സമഗ്രമായ വികസനത്തിന്റെ സൂചികകളും സാമൂഹിക- സാമ്പത്തികസ്ഥിതി വിശകലനം ചെയ്യാൻ ഉപയോഗിക്കാറുണ്ട്. ഐക്യരാഷ്ട്രസംഘടന വികസിപ്പിച്ച മാനവ വികസന സൂചകം (Human Development Index) ഇത്തരത്തിൽ ഒരു രാജ്യത്തെ മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന്റെ കാര്യക്ഷമത അളക്കുന്ന ഒരു സൂചകമാണ്. സുദീർഘവും ആരോഗ്യകരവുമായ ജീവിതം, വിജ്ഞാനസമ്പാദനത്തിനും വിദ്യാഭ്യാസത്തിനുമുള്ള പ്രാപ്യത, ജീവിതനിലവാരം എന്നിവയുടെ സൂചികകൾ സമന്വയിപ്പിച്ചാണ് ഈ സൂചകം കണക്കാക്കുന്നത്. ആരോഗ്യകരമായ ജീവിതത്തിനായി ആയുർദൈർഘ്യവും വിദ്യാഭ്യാസപ്രാപ്യത നിർണ്ണയിക്കാനായി ശരാശരി സ്കൂൾ അധ്യയനത്തിന്റെ കാലയളവും പ്രതീക്ഷിത സ്കൂൾ വിദ്യാഭ്യാസദൈർഘ്യവുമാണ് ഉപയോഗിക്കുന്നത്. ജീവിതനിലവാരം അളക്കാൻ പ്രതിശീർഷവരുമാനമാണ് പരിഗണിക്കുക. ഈ സൂചികകളുടെ ജ്യാമിതീയ ശരാശരിയാണ് (geometric mean) മാനവവികസനസൂചകം. ഈ സൂചകത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെയും സംസ്ഥാനങ്ങളെയുമൊക്കെ താരതമ്യം ചെയ്ത് റാങ്ക് നൽകാറുണ്ട്. മാനവവികസനസൂചകത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ ആകെയുള്ള 196 രാജ്യങ്ങളിൽ 130-മത്തെ റാങ്കാണ് എന്നറിയാമോ? കേരളമാകട്ടെ 2025 ലെ കണക്കുകൾ പ്രകാരം മാനവവികസനസൂചകത്തിൽ രണ്ടാം സ്ഥാനത്തും!

വികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ലിംഗ നീതിസൂചകവും കണ്ടുപിടിക്കാറുണ്ട്. പുരുഷന്മാരുടെ മാത്രം മാനവ വികസനസൂചകവും സ്ത്രീകളുടെ സൂചകവും തമ്മിലുള്ള അനുപാതം കണക്കാക്കിയാണ് ലിംഗനീതി ഉറപ്പാക്കുന്ന

തിൽ ഒരു രാജ്യം എത്രത്തോളം കാര്യക്ഷമമായി പ്രവർത്തിച്ചുവെന്ന് കണ്ടെത്തുന്നത്. ഇവ തമ്മിലുള്ള അനുപാതം ഒന്നാണെങ്കിൽ മാനവ വികസനസൂചകങ്ങളിൽ സ്ത്രീപുരുഷ വ്യത്യാസം പൂർണമായും ഇല്ല എന്നാണ് അർത്ഥം.

ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ ആഗോളമായി അംഗീകരിക്കപ്പെട്ട പതിനേഴ് സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിൽ ഒരു രാജ്യമോ സംസ്ഥാനമോ എത്രത്തോളം വിജയിച്ചു എന്നതിന്റെ അളവുകോലാണ് സുസ്ഥിര വികസന ലക്ഷ്യസൂചകം (Sustainable Development Goal Index). ഐക്യരാഷ്ട്രസംഘടനയുടെ സസ്റ്റൈനബിൾ ഡെവലപ്മെന്റ് സൊല്യൂഷൻസ് നെറ്റ്‌വർക്ക് (എസ്‌ഡിഎസ്എൻ) സുസ്ഥിര വികസന റിപ്പോർട്ടിന്റെ ഭാഗമായി വർഷംതോറും പ്രസിദ്ധീകരിക്കുന്ന ഈ സൂചകം സുസ്ഥിരവികസനം കൈവരിക്കുന്നതിലെ വിടവുകളും വെല്ലുവിളികളും തിരിച്ചറിയാൻ സഹായിക്കുന്നു.




## ഒന്നാമതായി കേരളം

സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഓരോന്നിലും ഉൾപ്പെട്ട വിവിധ സൂചികകൾ സംയോജിപ്പിച്ചാണ് സുസ്ഥിര വികസനലക്ഷ്യ സൂചകം കണക്കാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഐക്യരാഷ്ട്രസംഘടന രാജ്യങ്ങളെ താരതമ്യം ചെയ്യുകയും റാങ്ക് നൽകുകയും ചെയ്യാറുണ്ട്. ആഗോളതലത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സുസ്ഥിരവികസന ലക്ഷ്യപ്രാപ്തി നിർണ്ണയിക്കുന്നത്. രാജ്യങ്ങൾ സ്വന്തം നിലയിലും ചില മാനദണ്ഡങ്ങൾ നിശ്ചയിക്കാറുണ്ട്. ഇന്ത്യയിൽ നീതി ആയോഗ് ആണ് സംസ്ഥാനങ്ങളുടെ സുസ്ഥിരവികസനലക്ഷ്യ സൂചകം തയ്യാറാക്കുന്നത്. സുസ്ഥിരവികസനസൂചകം പ്രസിദ്ധീകരിച്ചു തുടങ്ങിയതു മുതൽ തുടർച്ചയായി നാലു തവണ കേരളത്തിന് ഒന്നാംസ്ഥാനം നിലനിർത്താൻ കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്. ദശാബ്ദങ്ങളായി നാം നടത്തിയ സാമൂഹികവികസന പദ്ധതികളുടെ ഫലമാണ് ഈ നേട്ടം. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ ആഗോള ശ്രദ്ധ നേടുന്നതിന്റെ ഒരു കാരണവും ഇതുതന്നെയാണ്. ചില സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇതിനകം തന്നെ കേരളത്തിന് പൂർണ്ണമായും നേടാൻ കഴിഞ്ഞു എന്നുള്ളതും ഓർക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, ദാരിദ്ര്യ നിർമ്മാർജനം, വിശപ്പുരഹിത സമൂഹം എന്നീ ലക്ഷ്യങ്ങൾ നാം ഏതാണ്ട് പൂർണമായി തന്നെ ആർജിച്ച നേട്ടങ്ങളാണ്. ഈ വർഷം നവംബർ ഒന്നിന് കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുകയാണ്. ഈ സുസ്ഥിരവികസനലക്ഷ്യം കൈവരിക്കുന്ന ആദ്യസംസ്ഥാനമാണ് കേരളം. ലോകത്തു തന്നെ സമാനതകളില്ലാത്ത ഒരു വികസന പരീക്ഷണമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജനം. ആദ്യം സൂചിപ്പിച്ചതുപോലെ, സാമൂഹിക വികസനത്തിന്റെ ദിശയും വേഗവും നിർണ്ണയിക്കുന്നതിന് ഇനിയും നിരവധി സൂചികകളുണ്ട്. ഉൽപാദനം, സേവനം, പശ്ചാത്തലസൗകര്യം, വാർത്താവിനിമയം എന്നിങ്ങനെ എല്ലാ വികസനമേഖലകളുടെയും വളർച്ച സൂചിപ്പിക്കുന്ന സൂചകങ്ങൾ ഉപയോഗിച്ചാണ് സർക്കാരുകളും നയരൂപവൽക്കരണസമിതികളും ഗവേഷണസ്ഥാപനങ്ങളും വിവിധ വികസനപരിപാടികൾക്കു രൂപം നൽകുന്നത്.

കേരളം ചില പ്രധാനപ്പെട്ട വികസന സൂചികകളിൽ രാജ്യത്തിനുതന്നെ മാതൃകയാണ്. കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞമാതൃമരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം, ഉയർന്ന സ്ത്രീ-പുരുഷ അനുപാതം, ഉയർന്ന പ്രാഥമികവിദ്യാഭ്യാസം, ഉയർന്ന സ്കൂൾ പ്രവേശനം, സമ്പൂർണ്ണസാക്ഷരത, ഉയർന്നവാർത്താവിനിമയ സൗകര്യങ്ങളുടെ തീവ്രത, ഇന്റർനെറ്റ് ഉപയോഗതീവ്രത, പ്രതിശീർഷവരുമാനം, ഉയർന്ന വനവിസ്തൃതി എന്നിവ ഇവയിൽ ചിലതുമാത്രമാണ്.

വികസനസൂചികകളുടെ പ്രാധാന്യവും അവ നിർണ്ണയിക്കുന്ന രീതി ശാസ്ത്രവും അവ കണ്ടെത്തുന്നതിനുവേണ്ടി നടക്കുന്ന ഗവേഷണവുമൊക്കെ തികച്ചും രസകരമായ ഒരു പഠനമേഖലയാണ്. മനുഷ്യസമൂഹത്തിന്റെ പുരോഗതി നീതിപൂർവകവും ചൂഷണരഹിതവും പാരിസ്ഥിതികമായി സുസ്ഥിരവുമായിരിക്കണമെന്ന സങ്കൽപത്തിന്റെ അളവുകോലുകളാണ് ഈ വികസനസൂചികകൾ. ഈ സൂചികകൾ ഉപയോഗിച്ചാണ് സാമ്പത്തികപുരോഗതിയും സാമൂഹികസുരക്ഷിതത്വവും സുസ്ഥിരതയും ഉറപ്പുവരുത്തുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ ശ്രമിക്കുന്നത് നമ്മുടെ സമൂഹത്തെക്കുറിച്ചും രാഷ്ട്രീയ- ഭരണസംവിധാനങ്ങളെക്കുറിച്ചും ഭാവിസമൂഹത്തെക്കുറിച്ചും തെളിമയുള്ള ഉൾക്കാഴ്ച നേടാൻ നിങ്ങളെ സഹായിക്കും. ■



> കടൽക്ഷോഭ ഭീഷണിയിൽ ദുരിതമനുഭവിക്കുന്നവരെ സുരക്ഷിത മേഖലകളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി മത്സ്യത്തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിലെ വിപ്ലവകരമായ ചുവടുവയ്പാണ്

# സമഗ്രവികസനത്തിന്റെ തീരദേശം

**ചെൽസാ സിനി വി. ഐ. എ. എസ്**
ഫിഷറീസ് ഡയറക്ടർ

കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിൽ, പ്രത്യകിച്ച് അവരുടെ വിദ്യാഭ്യാസം, ക്ഷേമം, തൊഴിൽ എന്നിവ ഉറപ്പാക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്.

## പുനർഗേഹം

കടൽക്ഷോഭ ഭീഷണിയിൽ ദുരിതമനുഭവിക്കുന്നവരെ സുരക്ഷിത മേഖലകളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി മത്സ്യത്തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിലെ വിപ്ലവകരമായ ചുവടുവയ്പാണ്. 22,174 കുടുംബ



ങ്ങളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഈ ബൃഹദ് പദ്ധതിയിൽ ഇതുവരെ 9,104 കുടുംബങ്ങളാണ് മാറിത്താമസിക്കുന്നതിന് സന്നദ്ധമായിട്ടുള്ളത്. ഇതിൽ 2,528 കുടുംബങ്ങൾ സ്വന്തം ഭവനങ്ങൾ പൂർത്തിയാക്കിയപ്പോൾ 722 കുടുംബങ്ങൾ ഫ്ളാറ്റുകളിലേക്ക് താമസം മാറി. 775 വീടുകളുടെയും 804 ഫ്ളാറ്റുകളുടെയും പണി പുരോഗമിക്കുന്നു. പദ്ധതിക്കായി 2450 കോടി രൂപ വകയിരുത്തുകയും, നാളിതുവരെ 493.41 കോടി രൂപ അനുവദിച്ചതിൽ 449.5 കോടി രൂപ ഇതിനോടകം വിനിയോഗിക്കുകയും ചെയ്തു.

## വിദ്യാഭ്യാസം, തൊഴിൽ

വിദ്യാഭ്യാസ രംഗത്ത്, വിദ്യാതീരം പദ്ധതി മുഖേന ഒരു വലിയ മുന്നേറ്റം തന്നെ സൃഷ്ടിക്കുന്നതിന് സാധിച്ചു. പ്രവേശനപരീക്ഷയ്ക്കുള്ള പരിശീലനസഹായം നൽകുന്നത് വഴി കഴിഞ്ഞ പത്തു വർഷത്തിനിടെ 97 വിദ്യാർഥികൾക്ക് MBBS പ്രവേശനവും, 72 പേർക്ക് BDS, BAMS, BHMS, BVSc തുടങ്ങിയ മറ്റ് മെഡിക്കൽ കോഴ്സുകളിലും പ്രവേശനം സാധ്യമാക്കി. കൂടാതെ, 264 പേർ മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും പ്രവേശനം നേടി. 2024-25 വർഷം പരിശീലനം ലഭിച്ച വിദ്യാർഥികളിൽ 26 പേർ മെഡിക്കൽ, അനുബന്ധ കോഴ്സുകൾക്ക് പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്. മെഡിക്കൽ പ്രവേശനപരീക്ഷയുടെ പരിശീലനത്തിന് 1.25 ലക്ഷം രൂപയും, IT/NIT പ്രവേശനത്തിന് 70,0083 രൂപയും വരെ സാമ്പത്തികസഹായം നൽകുന്നുണ്ട്.

മത്സ്യവിപണനത്തിനുപോകുന്ന വനിതകളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യും ഫിഷറീസ് വകുപ്പും സംയുക്തമായി 2021-22 സാമ്പത്തിക വർഷം ആരംഭിച്ച സമുദ്ര ബസ് സർവീസ് മുഖേന മത്സ്യ വിപണനത്തിലേർപ്പെടുന്ന വനിതകൾക്ക് സൗജന്യയാത്ര ഉറപ്പാക്കി. വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് രണ്ട് ബസ്സുകളും പൂന്തുറ ഡിപ്പോയിൽ നിന്ന് ഒരു ബസ്സുമാണ് ഇതിനായി സർവീസ് നടത്തുന്നത്.

2018-19 സാമ്പത്തിക വർഷം മുതൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതമൊടുക്കിക്കൊണ്ട് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തൊഴിൽ, സാമൂഹികക്ഷേമം എന്നീ മേഖലകളിലും വകുപ്പ് വലിയ ഊന്നൽ നൽകി. തൊഴിൽതീരം പദ്ധതി വഴി യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനവും വായ്പാസഹായവും നൽകി. വനിതാ ശക്തീകരണത്തിന്റെ ഭാഗമായി സാഫ് മുഖേന 607 ചെറുകിട തൊഴിൽ യൂണിറ്റുകളും, 546 JLG യൂണിറ്റുകളും ആരംഭിച്ചു. ഈ യൂണിറ്റുകളുടെ വാർഷിക വരുമാനം 100 കോടിരൂപയിൽ നിന്ന് 136.5 കോടി രൂപയായി ഉയർന്നു. ഒരിക്കൽ നഷ്ടത്തിലായിരുന്ന മത്സ്യഫെഡ് 6.4968 കോടി രൂപ ലാഭവും, അഡാക് 4.3 കോടി രൂപ ലാഭവും നേടി.

2018-19 സാമ്പത്തിക വർഷം മുതൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതമൊടുക്കിക്കൊണ്ട് മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മണ്ണെണ്ണയുടെ ദൗർലഭ്യവും വിലവർധനയും പരിഗണിച്ച്, മണ്ണെണ്ണ എൻജിനുകളെ പെട്രോൾ 16 എഞ്ചിനുകളിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.





ഓഖി ദുരന്തത്തിനു ശേഷം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി പ്ലൈവുഡ് വള്ളങ്ങൾ ഒഴിവാക്കി കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ 520 FRP വള്ളങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. കടൽസുരക്ഷയുടെ ഭാഗമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങളായ ജി.പി.എസ്, ലൈഫ് ബോയെ, എക്കോസൗണ്ടർ, DAT, VHF മറൈൻ റേഡിയോ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കടലിൽ ഉണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ തത്സമയ ആശയവിനിമയം ഉറപ്പാക്കുന്നതിനായി 40,005 രൂപയോളം വില വരുന്ന ട്രാൻസ്പോണ്ടറുകൾ തികച്ചും സൗജന്യമായി യാന ഉടമകൾക്ക് വിതരണം ചെയ്തുവരുന്ന പദ്ധതിയും വിജയകരമായി നടപ്പിലാക്കി വരുന്നു.

## മത്സ്യോൽപ്പാദനത്തിൽ വർധന

കടൽമത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും, സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യലഭ്യതയും വരുമാന വർധനവും ലക്ഷ്യമിട്ട് കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതിയുമായി ബന്ധപെട്ട് 2021-22 സാമ്പത്തിക വർഷം വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു. ഇത് കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 ലോക്കേഷനുകളിലായി കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും പ്രസ്തുത പദ്ധതിയോടനുബന്ധിച്ച മൂന്ന് കോടി രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടും, മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തിയും നടപ്പിലാക്കുന്ന പദ്ധതികളിലൂടെ വകുപ്പ് നടത്തുന്ന കൃത്യമായ ഇടപെടലുകൾമൂലം 2017-18 ൽ 4,83,686 മെട്രിക് ടൺ ആയിരുന്ന സമുദ്രമത്സ്യോൽപ്പാദനം 2024-25 ഓടെ 6,47,253 മെട്രിക് ടൺ ആയി ഉയർന്നു. കൂടാതെ ശാസ്ത്രീയമായ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുക വഴി 2017-18 ൽ 24,198 മെട്രിക് ടൺ ആയിരുന്ന മത്സ്യകൃഷി ഉൽപ്പാദനം നിലവിൽ 41,175 മെട്രിക് ടൺ ആയി ഉയർത്തുന്നതിനും ആകെ ഉൾനാടൻ മത്സ്യോൽപ്പാദനം 1,89,081 മെട്രിക് ടണ്ണിൽ നിന്നും 2,80,187 മെട്രിക് ടണ്ണിലേക്ക് എത്തിക്കുന്നതിനും സാധിച്ചു.

2024 ലോകമത്സ്യബന്ധന ദിനവുമായി ബന്ധപ്പെട്ട് രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേരളത്തെയാണ് തിരഞ്ഞെടുത്തത്. മത്സ്യോൽപ്പാദനത്തിൽ തുടർച്ചയായി രാജ്യത്ത് മികച്ച സ്ഥാനം നിലനിർത്തിയത്, കേന്ദ്രസഹായപദ്ധതികളുടെ നടത്തിപ്പിലും മത്സ്യസമ്പത്ത് സംരക്ഷണത്തിലും പരിപാലനത്തിലും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ, വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും കാണിച്ച മാതൃക എന്നിവയാണ് ഈ അംഗീകാരത്തിന് കണക്കിലെടുത്തത്. ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലം ജില്ലയും തിരഞ്ഞെടുക്കപ്പെട്ടു. ■

# മാലിന്യമുക്ത നവകേരളം

ടി വി അനുപമ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

മാലിന്യത്തിൽ നിന്ന് മോചനത്തിനായി വിവിധ പദ്ധതികളും പരിപാടികളും കോർത്തിണക്കിക്കൊണ്ട് സംസ്ഥാന സർക്കാർ 2023 മെയ് മുതൽ നടപ്പിലാക്കിയ യജ്ഞമാണ് മാലിന്യമുക്ത നവകേരളം. ഇതിന്റെ രണ്ടാംഘട്ടം ജനകീയ യജ്ഞമായി 2024 ഒക്ടോബർ 2 മുതൽ മാർച്ച് 31 വരെയും നടപ്പിലാക്കി. മാലിന്യശേഖരണം, സംഭരണം, സംസ്കരണം എന്നിവയിൽ കേരളത്തിന്റെ ശേഷി വർദ്ധിപ്പിക്കുക മാലിന്യപരിപാലനത്തിൽ ജനപങ്കാളിത്തം വർധിപ്പിക്കുക വിദ്യാലയങ്ങൾ, പൊതു ഇടങ്ങൾ മുതലായവ മാലിന്യമുക്തമാക്കിക്കൊണ്ട് ഹരിതപദവി നേടിയെടുക്കുക മാലിന്യപരിപാലനത്തിൽ വിവിധ വകുപ്പുകളുടെ സംയോജനം സാധ്യമാക്കുക എന്നിവയായിരുന്നു തദ്ദേശ സ്വയംഭരണ വകുപ്പ് നേതൃത്വം നൽകിയ ഈ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.





**രാജ്യത്ത് എല്ലായിടത്തും നഗരങ്ങൾ കേന്ദ്രീകരിച്ച മാത്രമാണ് മാലിന്യ പരിപാലനം കാര്യക്ഷമമായി നടക്കുന്നത് എങ്കിൽ കേരളം നിശ്ചയിച്ച ലക്ഷ്യം 941 ഗ്രാമപഞ്ചായത്തുകൾ 87 മുൻസിപ്പാലിറ്റികൾ 6 കോർപ്പറേഷനുകൾ എന്നിങ്ങനെ കേരളത്തിലെ 1034 തദ്ദേശസ്ഥാപനങ്ങളും മാലിന്യമുക്തമാക്കുക എന്നതായിരുന്നു**

രാജ്യത്ത് എല്ലായിടത്തും നഗരങ്ങൾ കേന്ദ്രീകരിച്ച മാത്രമാണ് മാലിന്യപരിപാലനം കാര്യക്ഷമമായി നടക്കുന്നത് എങ്കിൽ കേരളം നിശ്ചയിച്ച ലക്ഷ്യം 941 ഗ്രാമപഞ്ചായത്തുകൾ 87 മുൻസിപ്പാലിറ്റികൾ 6 കോർപ്പറേഷനുകൾ എന്നിങ്ങനെ കേരളത്തിലെ 1034 തദ്ദേശസ്ഥാപനങ്ങളും മാലിന്യമുക്തമാക്കുക എന്നതായിരുന്നു. സമ്പൂർണ്ണമായി മാലിന്യമുക്തമാക്കണമെങ്കിൽ ജൈവ, അജൈവ ദ്രവ മാലിന്യങ്ങൾ പൂർണ്ണമായി കൈകാര്യം ചെയ്യേണ്ടതുണ്ട് എന്നതിനാൽ ആദ്യഘട്ടത്തിൽ പ്രധാനമായും അജൈവമാലിന്യം കൈകാര്യം ചെയ്യൽ ഹരിത പദവി നേടിയെടുക്കൽ നിയമനടപടി സ്വീകരിക്കൽ എന്നിവയെ അടിസ്ഥാനമാക്കി 13 മാനദണ്ഡങ്ങൾ തയാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്ഥാപനങ്ങളെ വിലയിരുത്തിയത്. അങ്ങനെ ആകെ 1034 തദ്ദേശസ്ഥാപനങ്ങളിൽ 1021 മാലിന്യമുക്തമായി പ്രഖ്യാപിച്ച 2025 ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരത്ത് കനകക്കുന്നിൽ തദ്ദേശ സ്വയംഭരണവകുപ്പ് നടത്തിയ 'വൃത്തി കോൺക്ലേവ്'ഈ പ്രഖ്യാപനം കൊണ്ടും മാലിന്യ പരിപാലനരംഗത്തെ വിദഗ്ധരുടെയും ജനങ്ങളുടെയും പങ്കാളിത്തംകൊണ്ടും പുതിയ ആശയങ്ങളുടെ പേരിലും ശ്രദ്ധേയമായി.

മാലിന്യ പരിപാലനരംഗത്തെ ഈ നേട്ടങ്ങളിലേക്കുള്ള യാത്ര ക്ലേശകരമായിരുന്നു. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നത് മാത്രമായിരുന്നില്ല വെല്ലുവിളി. ജനങ്ങളുടെ മനോഭാവം മാറ്റിയെടുക്കുക എന്ന ഏറെ ശ്രമകരമായ ദൗത്യം കൂടി ഇതിനൊപ്പം ഏറ്റെടുക്കേണ്ടതായി വന്നു. വലിച്ചെറിയാതിരിക്കുക, കൃത്യമായി





**2024 മെയ് മാസത്തിൽ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ ആണ് ഇക്കാലയളവിലെ മറ്റൊരു സുപ്രധാന കാൽവയ്പ്.**

സംസ്കരിക്കുക, മാലിന്യ സംസ്കരണ പദ്ധതികളോടുള്ള എതിർപ്പ് കുറയ്ക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നിരവധി പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്.

മാലിന്യ പരിപാലനത്തിൽ സമ്പൂർണ്ണത അവകാശപ്പെടാൻ ആവില്ലെങ്കിലും ഇക്കാലയളവിൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങളും പ്രത്യേക നേട്ടങ്ങളും ഊന്നിപ്പറയേണ്ടതുണ്ട്. ഒന്ന് അജൈവമാലിന്യം ശേഖരിക്കുന്നതിൽ പ്രത്യേകിച്ച് ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് വാതിൽപ്പടി ശേഖരണം സാധ്യമാക്കുന്നതിൽ ഉണ്ടായ വലിയ മാറ്റമാണ്. 2023 മാർച്ചിൽ 376 തദ്ദേശസ്ഥാപനങ്ങളിലായി 11.24 ലക്ഷം വീടുകൾ /സ്ഥാപനങ്ങളിൽ നിന്നാണ് ഹരിതമിത്രം ആപ് ഉപയോഗിച്ച് മാലിന്യശേഖരണം നടന്നിരുന്നത് എങ്കിൽ ഇപ്പോഴത് 1019 തദ്ദേശസ്ഥാപനങ്ങളിലായി 90 ലക്ഷം പേരിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചു. ബാക്കി 15 തദ്ദേശസ്ഥാപനങ്ങളും മറ്റ് ഡിജിറ്റൽ ആപ്പുകൾ ഉപയോഗിക്കുന്നു.

ഇക്കാലയളവിലെ മറ്റൊരു ശ്രദ്ധേയമായ നേട്ടം ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവിലുണ്ടായ വർധനവാണ്. എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നുമായി ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സ്വകാര്യ എംപാനൽഡ് ഏജൻസികൾ എന്നിവ ചേർന്ന് നീക്കം ചെയ്തത് 1,52,602 ടൺ മാലിന്യമാണ്. ഇത് കൈകാര്യം ചെയ്യുന്ന അടിസ്ഥാന സൗകര്യങ്ങളായ mini MCF, MCF, RRF എന്നിവയുടെ കപ്പാസിറ്റിയും വലിയ തോതിൽ വർദ്ധിച്ചു.

| | 2023 march | 2025 sep |
|---|---|---|
| mini MCF | 7446 | 20051 |
| MCF | 1160 | 1350 |
| RRF | 87 | 192 |

ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണത്തിലും പ്രവർത്തനത്തിലും ഉണ്ടായ മെച്ചപ്പെടുത്തലും എടുത്തുപറയേണ്ടതാണ്. മാലിന്യശേഖരണവും വേർതിരിവും വർധിച്ചതിൽ ഹരിതകർമ്മ സേനാംഗങ്ങൾ വലിയ പങ്കാണ് ഇക്കാലയളവിൽ വഹിച്ചത്.

ക്യാമ്പയിനിന്റെ മറ്റൊരു പ്രധാന നേട്ടം ഹരിത പദവി ലഭിച്ച സ്ഥാപനങ്ങളുടെ മേഖലയിലാണ്. ഹരിത കേരള മിഷൻ നേതൃത്വം നൽകി തദ്ദേശസ്ഥാപനങ്ങൾ വഴിയാണ് ഹരിതപദവി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. വിദ്യാലയങ്ങൾ, കലാലയം, ഓഫീസുകൾ ടൗണുകൾ, മാർക്കറ്റുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ,

അയൽക്കൂട്ടങ്ങൾ എന്നിവയ്ക്കാണ് ഹരിത പദവി നൽകിയത്. ഓരോ സ്ഥാപനത്തിനും/ സ്ഥലത്തിനും യോജ്യമായ മാനദണ്ഡങ്ങൾ തയാറാക്കി റേറ്റ് ചെയ്താണ് പദവി സമ്മാനിച്ചത്.

1 ഹരിതടൗൺ
2 മാർക്കറ്റ്
3 അയൽക്കൂട്ടങ്ങൾ
4 വിദ്യാലയങ്ങൾ
5 കലാലയങ്ങൾ
6 സ്ഥാപനങ്ങൾ
7 ടൂറിസം കേന്ദ്രം

2024 മെയ് മാസത്തിൽ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ വരുത്തിയ ഭേദഗതികളാണ് ഇക്കാലയളവിലെ മറ്റൊരു സുപ്രധാന കാൽവയ്പ്. മാലിന്യവുമായി ബന്ധപ്പെട്ട പൗരന്മാരുടെ ഉത്തരവാദിത്വങ്ങളും നിയമലംഘനങ്ങളും നിയമത്തിന്റെ ഭാഗമാക്കി മാറ്റുകയും നിയമലംഘനങ്ങളിൽ നടപടി സ്വീകരിക്കുകയും വഴി 11,12,51,371 രൂപ ഫൈൻ ഇനത്തിൽ പിടിച്ചെടുക്കുകയുണ്ടായി. 9846700800 എന്ന സിംഗിൾ വാട്സ്ആപ്പ് നമ്പർ വഴിയുള്ള റിപ്പോർട്ടിംഗ് 25% ഫൈൻ തുക റിപ്പോർട്ട് ചെയ്ത വ്യക്തിക്ക് റിവാർഡ് ആയി നൽകൽ മുതലായവയും നിയമലംഘനങ്ങൾ കുറയ്ക്കുന്നതിലും പൊതുസ്ഥലങ്ങൾ കൂടുതൽ വൃത്തിയാക്കി സൂക്ഷിക്കുന്നതിലും നിർണായക പങ്കുവഹിച്ചു.

മറ്റു വകുപ്പുകളുമായി സംയോജിച്ചുള്ള പ്രവർത്തനങ്ങൾ ഇക്കാലയളവിലെ മറ്റൊരു നാഴികക്കല്ലാണ്. വിവിധ വകുപ്പുകൾക്കു കീഴിലുള്ള സ്ഥാപനങ്ങളിലെ മാലിന്യപരിപാലനം അവരുടെ ഒരു മുഖ്യ അജണ്ടയായി മാറ്റുന്നതിലും ഗ്യാപ് അനലൈസിസ് നടത്തുന്നതിലും LSGDക്ക് കീഴിലുള്ള വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റും ശുചിത്വമിഷനും വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. ഒപ്പം 24 മാലിന്യക്കൂനകൾ biocleaning നടത്തി വീണ്ടെടുക്കുകയും നിരവധി തദ്ദേശസ്ഥാപനങ്ങളിൽ പുതിയ ജൈവമാലിന്യ സംസ്കരണോപാദികൾ സ്ഥാപിക്കുകയുമുണ്ടായി. കൊച്ചി നഗരത്തിൽ BPCL നടപ്പാക്കുന്ന compressed Bio Gas Plant (CBG) പ്രതിദിനം 150 ടൺ മാലിന്യം കൈകാര്യം ചെയ്ത് ബയോഗ്യാസ്, വളം എന്നിവ ഉൽപ്പാദിപ്പിക്കും. ഇവിടെ പ്രവർത്തി ഏതാണ്ട് പൂർത്തിയാവുകയും trial run ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് നഗരത്തിലെ CBG plant നായി കരാറിലേർപ്പെട്ട് കഴിഞ്ഞു. കൊല്ലം നഗരത്തിൽ feasibility study നടന്നുകൊണ്ടിരിക്കുന്നു.



ഇതോടൊപ്പം ജനുവരി മാസം മുതൽ നടപ്പിലാക്കിയ litter free campaign വഴി പൊതുജന പങ്കാളിത്തത്തോടെ നിരവധി പൊതുസ്ഥലങ്ങൾ വൃത്തിയാക്കുകയും ബിൻ, ബോട്ടിൽ, ബൂത്ത് എന്നിവ സ്ഥാപിക്കുകയും വലിച്ചെറിയലിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

ഇവയിൽ ഒതുങ്ങി നിൽക്കുന്നില്ല മാലിന്യമുക്ത നവകേരളം. ക്യാമ്പയിനിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഇനിയും ഏറെ മുന്നേറാനുണ്ട്. സമ്പൂർണ്ണവും സുസ്ഥിരവുമായ മാലിന്യപരിപാലന പ്രവർത്തനങ്ങൾ എന്ന തിരിച്ചറിവോടെ ഒരു ദർശനം കൂടി രൂപീകരിച്ചു പ്രകാശനം ചെയ്തു കൊണ്ടാണ് സർക്കാർ മുന്നോട്ട് നീങ്ങുന്നത്.■

# സ്ഥിതിവിവര കണക്കുകളുടെ കഥ പറയുമ്പോൾ

**ജി.എസ്. രജത്ത്**
ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്



'Without data you are just another person with an opinion'

പ്രശസ്ത അമേരിക്കൻ സാമ്പത്തിക വിദഗ്ധനും സ്റ്റാറ്റിസ്റ്റിഷ്യനുമായിരുന്ന ഡബ്ല്യു. എഡ്വേർഡ്സ് ഡമ്മിംഗ് ഒരിക്കൽ ഇങ്ങനെ അഭിപ്രായപ്പെട്ടു- സ്ഥിതി വിവരക്കണക്കുകളുടെ സാധുതയില്ലാതെ നിങ്ങൾ പറയുന്ന കാര്യങ്ങളെ ആരും മുഖവിലയ്ക്കെടുക്കണമെന്നില്ല. അത് ചിലപ്പോൾ കേവലം ഒരു അഭിപ്രായമായി മാത്രം പരിഗണിക്കപ്പെട്ടേക്കാം. അദ്ദേഹത്തിന്റെ വാക്കുകളെ നമുക്ക് ഈ വിധത്തിൽ മനസ്സിലാക്കാം ദൈനംദിന ജീവിതത്തിൽ ഡാറ്റയുടെ പ്രാധാന്യം അത്രത്തോളമുണ്ട്.

പുതിയ കാലത്ത് ലോകത്തെ ചടുലമായി ചലിപ്പിക്കുന്ന ഇന്ധനം ഏതാണെന്ന് ചോദിച്ചാൽ ഡാറ്റ ആണെന്ന് നിസ്സംശയം പറയാം. കൂട്ടുകാരെ, ഒരു പ്രദേശത്തിന്റെ ഭരണപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഡാറ്റയുടെ അല്ലെങ്കിൽ സ്ഥിതിവിവരക്കണക്കുകളുടെ പ്രാധാന്യം എത്രത്തോളമാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? രാജ്യപുരോഗതിയിൽ നമ്മുടെ ഔദ്യോഗിക സ്ഥിതിക്കണക്ക് സംവിധാനങ്ങൾ ഏതു വിധത്തിലാണ് സംഭാവന ചെയ്തുകൊണ്ടിരിക്കുന്നത് എന്നറിയേണ്ടേ?



> **സുസ്ഥിരവികസനം എന്നത് സമത്വത്തിന്റെയും പുരോഗതിയുടെയും ആധുനികമായ ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ലോകവ്യാപകമായി ഉരുത്തിരിഞ്ഞു വന്ന വികസന കാഴ്ച്ചപ്പാടാണ്.**

## കഥ പറയുന്ന കണക്കുകൾ

ഓരോ സ്ഥിതിവിവരക്കണക്കിനും ഓരോ കഥ പറയാനുണ്ടാവും. അത് ഒരു സംഖ്യയായി നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുമ്പോൾ ഒപ്പം കുറേ വസ്തുതകൾ കൂടി തെളിഞ്ഞുവരുന്നു. അത് നമ്മുടെ ജനങ്ങളെപ്പറ്റി ആകാം, നാടിന്റെ പശ്ചാത്തല സൗകര്യങ്ങളെപ്പറ്റി ആകാം, സമ്പത്ത് വ്യവസ്ഥയുടെ വിവിധ മേഖലകളെപ്പറ്റി ആകാം. ഒരു ഉദാഹരണം എടുക്കാം.

ഇന്ത്യയിലെ സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുജനാരോഗ്യരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഏറെ കേട്ടു പരിചയിച്ചിട്ടുള്ള സംഗതിയാണിത്. നാം എങ്ങനെയാണ് ഈ വസ്തുത സ്ഥാപിക്കുന്നത്? മറ്റുള്ളവർ നമ്മുടെ കേരളത്തെ ചൂണ്ടിക്കാട്ടി ഇതേ കാര്യംതന്നെ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? ഇവിടെയാണ് നേരത്തെ പറഞ്ഞ സ്ഥിതിവിവരക്കണക്കുകൾ കഥകൾ പറഞ്ഞുതുടങ്ങുന്നത്. ഒരു പ്രദേശത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ സമഗ്രമായി അപഗ്രഥിക്കുന്നതിന് അന്തർദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള, സാധാരണയായി ഉപയോഗിക്കുന്ന സൂചകങ്ങൾ നമുക്കൊന്ന് പരിശോധിക്കാം. ചുവടെ ചേർത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

| Indicator | Kerala | India |
|---|---|---|
| Birth Rate (2022-23) | 12.3 | 18.4 |
| Total Fertility Rate (2022-23) | 1.5 | 1.9 |
| Sex Ratio at Birth (2022-23) | 971 | 911 |
| Maternal Mortality Ratio (2021-23) | 30 | 88 |
| Life Expectancy | 75.1 | 70.3 |

ഈ സൂചകങ്ങൾ എല്ലാം ചേർന്നുതരുന്ന കേരളത്തിന്റെ പൊതുജനാരോഗ്യത്തിന്റെ സമഗ്രമായ ഒരു ചിത്രം ഉണ്ട്. അത് ദേശീയതലത്തിൽ താരതമ്യം ചെയ്യുമ്പോൾ, അന്തർദേശീയ തലത്തിൽ വികസിത രാഷ്ട്രങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നമുക്ക് സംശയം ഒന്നുമില്ലാതെ പറയാം കേരളം നമ്പർ വൺ ആണ്.

ഇനിയാണ് നാം ഈ സൂചകങ്ങളിലേക്ക് എത്തിച്ചേർന്നത് ഏതു വിധത്തിൽ ആണെന്ന് ചിന്തിച്ചു തുടങ്ങേണ്ടത്. അതിന് നമുക്ക് സമഗ്രമായ ഒരു വിവരശേഖരണ സംവിധാനം ഉണ്ടാകണം. ശാസ്ത്രീയമായ വിശകലന പദ്ധതി ഉണ്ടാകണം. സമയബന്ധിതമായി കൃത്യതയോടെ ഈ സൂചകങ്ങൾ തയാറാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. ഒരു രാജ്യത്തിന്റെ ഔദ്യോഗിക സ്ഥിതിവിവരകണക്ക് സംവിധാനം ഈ ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത്. രാജ്യത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടുന്ന നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിന് ആവശ്യമായ സ്ഥിതിവിവരകണക്കുകൾ തയാറാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ പ്രാഥമിക കർത്തവ്യം.

## കേരളത്തിന്റെ ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് സംവിധാനം- ചരിത്ര വഴികളിൽ

ഇന്ത്യയുടെ ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് സംവിധാനം പഴക്കമുള്ളതും കെട്ടുറപ്പുള്ളതുമാണ്. ഈ സംവിധാനത്തിന്റെ ഏകോപനം സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ (Ministry of Statistics and Programme implementation) മന്ത്രാലയമാണ് നിർവഹിക്കുന്നത്. ഇതിന് കീഴിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് രാജ്യത്തെ സ്ഥിതിവിവരകണക്കുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. നാം എല്ലാവരും പ്രശാന്ത ചന്ദ്ര മഹാലനോബിസിനെക്കുറിച്ചു കേട്ടിരിക്കും. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായാണ് അദ്ദേഹം അറിയപ്പെടുന്നത്.

സ്റ്റാറ്റിസ്റ്റിക്സ് എന്ന പദം പൊതുവേ രണ്ട് അർത്ഥത്തിൽ പ്രയോഗിച്ചു കാണാറുണ്ട്. ഒന്ന് ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു ശാസ്ത്ര ശാഖ എന്ന അർത്ഥത്തിലും മറ്റൊന്ന് ഇതുവരെ നാം സൂചിപ്പിച്ച സ്ഥിതിവിവരകണക്കുകൾ എന്ന അർത്ഥത്തിലും. രണ്ടാമത്തെ രീതിയിലാണ് നാം സ്ഥിതിവിവരക്കണക്ക് സംവിധാനത്തെ കൂടുതലായും സമീപിക്കേണ്ടത്. ആധുനിക 'സ്ഥിതിവിവരക്കണക്ക് സംവിധാനത്തിന് ശാസ്ത്രീയമായ അടിത്തറ പാകിയത് പി സി മഹലനോബിസാണ്. ശാസ്ത്രീയമായ സ്ഥിതിവിവരക്കണക്ക് ശേഖരണ അപഗ്രഥന രീതികൾ അദ്ദേഹം നമ്മുടെ സംവിധാനത്തിന്റെ ഭാഗമാക്കി. അതിനായി ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI) പോലുള്ള സ്ഥാപനങ്ങളും നാഷണൽ സാമ്പിൾ സർവേ (NSS) പോലുള്ള വിവരശേഖരണ പദ്ധതികളും അദ്ദേഹം വിഭാവനം ചെയ്തു.

ഇന്ത്യയിൽ സ്ഥിതിവിവരക്കണക്ക് സംവിധാനം രൂപപ്പെട്ടുവന്നതിനോടൊപ്പം തന്നെ കേരളത്തിലും ഈ രംഗത്ത് പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലോകമൊട്ടാകെ കടുത്ത ഭക്ഷ്യക്ഷാമം നേരിടുകയുണ്ടായി. ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കൂട്ടുന്നതിനോടൊപ്പം ഇവയുടെ ശേഖരണ വിതരണ പ്രക്രിയയും സുതാര്യവും കാര്യക്ഷമവും ആക്കേണ്ടത് ആവശ്യമായി വന്നു. അതിന് സഹായകമാവുന്ന തരത്തിൽ കാർഷിക രംഗത്തെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുക എന്നത് ഓരോ പ്രദേശത്തെയും ഭരണകൂടത്തിന് മുന്നിലുള്ള ആവശ്യകതയായി തീർന്നു. അതിലേക്കായി 1949 ൽ അന്നത്തെ തിരുവിതാംകൂർ സർവകലാശാലയുടെ ഗവേഷണ വിഭാഗത്തിന് കീഴിൽ ഇപ്രൂവ്മെന്റ് ഓഫ് അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് (Improvement of Agriculture Statistics) എന്ന വിവരശേഖരണസംവിധാനം പ്രവർത്തനമാരംഭിച്ചു. 1951ൽ തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്നപ്പോൾ ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് രൂപീകൃതമായി. കാർഷിക മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക എന്നത് തന്നെയായിരുന്നു ലക്ഷ്യം. തുടർന്ന് 1954 ൽ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആയി പുനസംഘടിപ്പിച്ചു. ഇതിനിടെ 1958ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് സ്റ്റഡീസ് സ്ഥാപിതമായി. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയുടെ വിവിധ ആവശ്യങ്ങൾ പഠിക്കുക സർക്കാരിന് മാർഗനിർദ്ദേശങ്ങൾ നൽകുക എന്നുള്ളതായിരുന്നു സ്ഥാപനത്തിന്റെ ലക്ഷ്യം. 1963ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് സ്റ്റഡീസും ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സും സംയോജിപ്പിച്ച് ബ്യൂറോ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് രൂപീകൃതമായി. 1980ൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (Dept. of Economics and Statistics) എന്ന് പുനർനാമകരണം ചെയ്യുകയും ഇന്ന് കാണുന്ന ഘടനയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ഇന്ന് ഡയറക്ടറേറ്റ്, 14 ജില്ലാ ഓഫീസുകൾ, 62 താലൂക്ക് ഓഫീസുകൾ, ഒപ്പം നാൽപതിലധികം പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ എന്നിവയെല്ലാം ചേർന്ന് ശക്തമായ ഘടനയോട് കൂടി കേരളത്തിലെ മുഴുവൻ സ്ഥിതിവിവര കണക്ക് സംവിധാനത്തെയും പ്രതിനിധാനം ചെയ്യുന്നു.

## കേരളത്തിന്റെ ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു?

നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെ നോഡൽ ഏജൻസിയായാണ് വകുപ്പ് ഇന്ന് പ്രവർത്തിക്കുന്നത്. നമ്മുടെ രാജ്യത്തെ സുശക്തമായ സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങളിൽ ഒന്നാണ് കേരളത്തിന്റേത്. മുൻപ് പറഞ്ഞതുപോലെ കേരളത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, വ്യവസായം തുടങ്ങി എല്ലാ മേഖലകളെയും പറ്റിയുള്ള വിവരങ്ങൾ വകുപ്പ് ശേഖരിക്കുന്നു. പൊതുജനങ്ങൾക്കും സർക്കാരിനും ലഭ്യമാക്കുന്നു. എങ്ങനെയാണ് ഇതൊക്കെ സാധ്യമാകുന്നത്? ഇതിനായി വകുപ്പ് വിവിധ തരം സർവേകൾ സംഘടിപ്പിക്കുന്നു, വിശകലനം ചെയ്യുന്നു. ഫീൽഡ് തലം മുതൽ ഡയറക്ടറേറ്റ് തലം വരെ ധാരാളം ഉദ്യോഗസ്ഥർ ഈ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

## സംസ്ഥാന വരുമാനവും മറ്റ് സ്ഥിതിവിവരക്കണക്കുകളും

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും വളർച്ചയെയും മനസ്സിലാക്കുന്നതിൽ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സൂചികയാണ് സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം (Gross State Domestic Product). സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും അപഗ്രഥിച്ചുകൊണ്ട് തയ്യാറാക്കുന്നതാണ് മൊത്ത ആഭ്യന്തര ഉൽപ്പാദനം . സമ്പദ് വ്യവസ്ഥയെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ പ്രധാന മേഖലകളായും പിന്നീട് ഉപമേഖലകളായും തിരിച്ച് നിരവധി സർവേകളിലൂടെയും മറ്റും ലഭിക്കുന്ന നൂറുകണക്കിന് സ്ഥിതിവിവരക്കണക്കുകളെയും സൂചകങ്ങളെയും വിശകലനം ചെയ്തുകൊണ്ടാണ് ഇത് തയ്യാറാക്കുന്നത്. ഇത്തരത്തിൽ ഓരോ സംസ്ഥാനങ്ങളുടെയും ആഭ്യന്തര ഉൽപാദന കണക്കുകൾ സംയോജിപ്പിച്ച് ദേശീയ തലത്തിൽ രാജ്യത്തിന്റെ മൊത്ത ഉൽപ്പാദനം കണക്കാക്കുന്നു. ഇതോടൊപ്പം സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക്, ആളോഹരി വരുമാനം , ജില്ലാതല ഉൽപ്പാദനം തുടങ്ങിയ സൂചകങ്ങളും

കണക്കാക്കുന്നു. വകുപ്പ് തയ്യാറാക്കുന്ന സ്ഥിതി വിവര കണക്കുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് സംസ്ഥാന വരുമാനവുമായി ബന്ധപ്പെട്ട കണക്കുകൾ തന്നെ.

ഇതുകൂടാതെ വകുപ്പ് ശേഖരിച്ച് തയ്യാറാക്കുന്ന പ്രധാനപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ഏതൊക്കെയാണെന്ന് നോക്കാം.

> **നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെ നോഡൽ ഏജൻസിയായാണ് വകുപ്പ് ഇന്ന് പ്രവർത്തിക്കുന്നത്. നമ്മുടെ രാജ്യത്തെ സുശക്തമായ സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങളിൽ ഒന്നാണ് കേരളത്തിന്റേത്.**

- ജനസംഖ്യയും ജനസംഖ്യാവളർച്ചയും സംബന്ധിച്ച സൂചകങ്ങൾ തരുന്ന വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്. ജനന മരണ വിവരങ്ങളെ സംബന്ധിച്ച കൃത്യമായ കണക്കുകളും സൂചകങ്ങളും
- കാർഷിക മേഖലയിലെ സ്ഥിതിവിവരക്കണക്കുകൾ
- വ്യവസായിക മേഖലയിലെ ആധികാരിക വിവരങ്ങളുടെ സ്രോതസായ വാർഷിക വ്യവസായ സർവേ (ASI), വ്യവസായ ഉൽപ്പാദന സൂചിക (IIP)
- സാമൂഹിക സാമ്പത്തിക രംഗത്തെ അടിസ്ഥാന വിവരങ്ങൾ നൽകുന്ന ദേശീയ സാമ്പിൾ സർവേ റിപ്പോർട്ടുകൾ
- ജീവിതനിലവാരം സൂചികയായി പരിഗണിക്കുന്ന ഉപഭോക്ത വില സൂചികയും (Consumer Price Index) മറ്റ് വില വിശകലന റിപ്പോർട്ടുകളും
- തൊഴിൽ, പാർപ്പിടം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച ആധികാരിക വിവരങ്ങൾ കൂടാതെ സംസ്ഥാനത്തിന്റെ നയ രൂപീകരണത്തിന് ആവശ്യമായ വരുന്ന കാലിക വിഷയങ്ങളെ അധികരിച്ചുകൊണ്ട് അനേകം റിപ്പോർട്ടുകൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചു വരുന്നു.

## കേരളവും സുസ്ഥിരവികസനവും

സുസ്ഥിരവികസനം എന്നത് സമത്വത്തിന്റെയും പുരോഗതിയുടെയും ആധുനികമായ ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ലോക വ്യാപകമായി ഉരുത്തിരിഞ്ഞുവന്ന വികസന കാഴ്ചപ്പാടാണ്. കേവലമായ ഒരു വികസന പദ്ധതി എന്നതിനപ്പുറം മനുഷ്യനോടൊപ്പം പരിസ്ഥിതിയെയും കണക്കിലെടുത്തുകൊണ്ട് ഭാവിതലമുറയെക്കൂടി ലക്ഷ്യം വച്ചുകൊണ്ടുള്ള പുരോഗതിയുടെ യാത്രയാണ്. കേരളം സുസ്ഥിരവികസനത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാത്രമല്ല അന്തർദേശീയ സമൂഹത്തിനാകെ മാതൃകയായി മാറിയിരിക്കുകയാണ്. ദേശീയതലത്തിൽ നീതി ആയോഗ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന സുസ്ഥിരവികസന സൂചികയിൽ (2023-24) കേരളം തുടർച്ചയായ നാലാം വർഷവും രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. കേരളം ഈ നേട്ടത്തിലേക്ക് എത്തിയത് നിരവധിയായ കാരണങ്ങൾ കൊണ്ടാണ്. സുസ്ഥിരമായ ഭരണ നയങ്ങൾ, അവ പ്രാവർത്തികമാക്കാൻ ഉതകുന്ന പദ്ധതികൾ തുടങ്ങി നമ്മുടെ സമൂഹത്തിലെ പൊതുജനാവബോധം പോലും അതിൽപ്പെടുന്നു. അതോടൊപ്പം നമ്മുടെ സാമൂഹിക സാമ്പത്തിക അവസ്ഥകളെ കൃത്യമായി പ്രതിഫലിപ്പിക്കുന്ന കണക്കുകളുടെ ലഭ്യതയും ഒരു കാരണമാണ്. അത് സാധ്യമാവുന്നതാകട്ടെ കേരളത്തിൽ സുശക്തമായ സ്ഥിതി വിവരക്കണക്ക് സംവിധാനം നിലവിലുള്ളതുകൊണ്ടുകൂടിയാണ്. ഏതൊക്കെ സൂചകങ്ങളാണ് നമുക്ക് അഭിമാനകരമായി ഉയർത്തിക്കാണിക്കാനുള്ളത് എന്ന് നോക്കൂ.

ബഹുമാനദാരിദ്ര്യാനുപാതം (Multi Dimensional Poverty Index) ഏറ്റവും കുറഞ്ഞത് കേരളത്തിലാണ്. കേവലം 0.55 %

മാതൃമരണ നിരക്ക് (Maternal Mortality Ratio) ഒരുലക്ഷം പ്രസവങ്ങളിൽ 30 എന്നതാണ് നമ്മുടെ കണക്ക്. ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപിത ലക്ഷ്യം 70 ആണെന്ന് ഓർക്കണം.

ശിശുമരണ നിരക്ക് (Infant Mortality Rate) ആയിരം പ്രസവങ്ങളിൽ 5 എന്നതാണ് നമ്മുടെ കണക്ക്. വികസിത രാജ്യമായ അമേരിക്കയുടെ IMR 5.61 ആയിരിക്കെയാണ് നമ്മൾ ഈ നേട്ടം കൈവരിച്ചത്

മാനവ വികസനസൂചികയിൽ (Human Development Index) ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം


ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിന്.

ഇങ്ങനെ കണക്കുകൾ, സൂചകങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഓരോന്നും സൂചിപ്പിക്കുന്നത് നാം നേടിയ നേട്ടങ്ങളും ഒപ്പം നാം മുന്നേറുന്ന പുതിയ വികസന വഴികളുമാണ്. അതോടൊപ്പം പിൻപറ്റി നിൽക്കുന്ന കഥകൾ പറയുന്ന സ്ഥിതിവിവരക്കണക്കുകളും. ■

## വിജ്ഞാനകേരളം

# ലോകം കേരളത്തിനെ പിന്തുടരുന്നു

■ ജി. എസ്. പ്രദീപ്



അസാമാന്യമാം വിധം മൗലികമായ നേട്ടങ്ങൾ കൊണ്ടും സമാനതകൾ ഇല്ലാത്ത പ്രതിഭകളെക്കൊണ്ടും സമ്പന്നമാണ് നമ്മുടെ കേരളം. സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെട്ടിരുന്നവർക്കും ദരിദ്രർക്കും സ്ത്രീകൾക്കും ഒക്കെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഇരുണ്ട ചരിത്രമുള്ള ഒരു നാട് ലോകത്തിന്റെ വിജ്ഞാനകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടതായി മാറിയത് നിരന്തരമായ സാമൂഹിക ഇടപെടലുകളിലൂടെ ആയിരുന്നു.

1914 ൽ പഞ്ചമി എന്ന ദളിത് പെൺകുട്ടി പ്രവേശിച്ചു എന്ന കാരണത്താൽ ചുട്ടെരിക്കപ്പെട്ട ഒരു ബെഞ്ചിന്റെയും സ്കൂളിന്റെയും ചരിത്രമുണ്ട് കേരളത്തിന്. എന്നാൽ ഇന്ന് ഊരൂട്ടമ്പലം എന്ന സ്ഥലത്തെ ആ പൊതുവിദ്യാലയത്തിന് പഞ്ചമിയുടെയും അയ്യങ്കാളിയുടെയും പേരുകളാണുള്ളത്. നിരവധി വൈജ്ഞാനിക നക്ഷത്രങ്ങളെ സൃഷ്ടിക്കുവാൻ ഉതകുന്ന ഒരു വിദ്യാലയമായി അത് മാറിക്കഴിഞ്ഞു.



> **എന്താണ് അറിവ് എന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ ലോക പ്രശസ്തരായ വിജ്ഞാന ശാസ്ത്രജ്ഞർ അവതരിപ്പിച്ചിട്ടുണ്ട്. തെത്സുകോ കുറയോനഗി ടോട്ടോചാനിലൂടെ ആവിഷ്കരിച്ച വിജ്ഞാന സമവാക്യങ്ങളും പാവ്‌ലോ ഫ്രയറിന്റെ മർദ്ദിതരുടെ ബോധനശാസ്ത്രം പോലുള്ള വീക്ഷണങ്ങളും ഒക്കെ വളരെ പ്രധാനപ്പെട്ടവയാണ്.**

ഇനി പുതിയ കാലത്തിലെ ഒരു കഥ കൂടി കേൾക്കാം. അമേരിക്കയിലെ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി) ലോകത്തിലെ എണ്ണം പറഞ്ഞ സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രമാണ്. ആധുനിക ലോകത്തിൽ ഡിജിറ്റൽ സാങ്കേതികത അത്ഭുതകരമായ നേട്ടങ്ങൾ വഴി മനുഷ്യരാശിയെ മുഴുവൻ വിസ്മയിപ്പിക്കുന്നു. പുതിയ കാലത്തിനും വരുന്ന തലമുറയ്ക്കും വലിയ വിജയങ്ങൾ നേടാൻ പ്രാപ്തരാകണമെങ്കിൽ ആധുനിക ഡിജിറ്റൽ സഹായങ്ങൾ അനിവാര്യമാണ്. യന്ത്രങ്ങൾ കൊണ്ട് യന്ത്രങ്ങളെ സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സൂപ്പർ ഫാബ് ലാബിൽ നടക്കുക. എംഐടിയുടെ സഹായത്തോടെ അമേരിക്കയ്ക്ക് പുറത്ത് ലോകത്തിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ഒരുങ്ങിയത് നമ്മുടെ കേരളത്തിലാണ്. എം ഐ ടി ഡയറക്ടറും ലോക പ്രശസ്ത സാങ്കേതിക ശാസ്ത്രജ്ഞനുമായ നീൽ ഗർഷൻ ഷീൽഡ് പറഞ്ഞത് 'ലോകം കേരളത്തിനെ പിന്തുടരാൻ തയ്യാറാകുന്നു' എന്നാണ്. ചുട്ടെരിക്കപ്പെട്ട പഞ്ചമിയുടെ ബെഞ്ചിനും ആർക്കും മുന്നിൽ തലയുയർത്തി നിൽക്കുവാൻ ഭാവി മലയാളിയെ പ്രാപ്തമാക്കുന്ന ആധുനിക വിദ്യാഭ്യാസ സംവിധാനത്തിനും ഇടയിൽ വലിയ ശ്രമങ്ങളുടെ ചരിത്രമാണുള്ളത്.

## ഫസ്റ്റ് ബെൽ

ക്രിസ്തുവിന് മുൻപുള്ള മൂന്നാം സഹസ്രാബ്ദത്തിൽ ചൈനയിലെ യാങ്ഷാവോ സംസ്കാരത്തിൽ മണ്ണുകൊണ്ട് നിർമ്മിക്കപ്പെട്ട മണികൾ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു. അവയായിരുന്നത്രേ മനുഷ്യരാശിയുടെ ചരിത്രത്തിലെ ആദ്യത്തെ മണികൾ. എന്നാൽ ഫസ്റ്റ് ബെൽ എന്ത് അല്ലെങ്കിൽ എവിടെ എന്ന ചോദ്യത്തിന് വർത്തമാനകാല ലോകത്തിന് ഒരു ഉത്തരമേയുള്ളൂ. കോവിഡ് മഹാമാരി മനുഷ്യസമൂഹത്തെ ഒന്നാകെ പൂട്ടിയിട്ടപ്പോൾ ലോകത്തിലെ വിവിധ രാജ്യങ്ങളിലെ വിദ്യാർഥികൾ അറിവിന് അവധി കൊടുക്കാൻ നിർബന്ധിതരായപ്പോൾ കേരളം എടുത്തത് മറിച്ചൊരു തീരുമാനമാണ്. 2020 ജൂൺ ഒന്നിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പദ്ധതിയാണ് ഫസ്റ്റ് ബെൽ. പ്രൈമറി വിദ്യാർഥികൾക്ക് വീട്ടിലിരുന്നുതന്നെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സർഗാത്മകമായ രീതികളിൽ അറിവ് പകർന്നുകൊടുത്തുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ചരട് പൊട്ടാതെ സൂക്ഷിച്ചു അന്ന് കേരളം.

മണിമുഴക്കുന്നതിന്റെ ശബ്ദം മറ്റൊരു തരത്തിലും നമുക്ക് അഭിമാനം പകർന്നുതന്നിട്ടുണ്ട്. അത് നടന്നത് 2019 മെയ് 17 നാണ്. ലോക വാണിജ്യകേന്ദ്രങ്ങളിൽ ഏറ്റവും പ്രമുഖമായ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഒരു ചരിത്രം പിറന്നത്. വാണിജ്യ പ്രഖ്യാപനങ്ങളുടെ ആചാരമണിയായ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലെ കസ്റ്റമറി ബെൽ മുഴക്കിയത് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. ഈ നേട്ടം കൈവരിക്കുന്ന ഇന്ത്യൻ ചരിത്രത്തിലെ ആദ്യ മുഖ്യമന്ത്രിയായി അന്ന് ശ്രീ. പിണറായി വിജയൻ മാറുകയായിരുന്നു.

എന്താണ് അറിവ് എന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ ലോകപ്രശസ്തരായ വിജ്ഞാനശാസ്ത്രജ്ഞർ അവതരിപ്പിച്ചിട്ടുണ്ട്. തെത്സുകോ കുറയോനഗി ടോട്ടോചാനിലൂടെ ആവിഷ്കരിച്ച വിജ്ഞാനസമവാക്യങ്ങളും പാവ്‌ലോ ഫ്രയറിന്റെ മർദ്ദിതരുടെ ബോധനശാസ്ത്രം (Pedagogy of the Oppressed) പോലുള്ള വീക്ഷണങ്ങളും ഒക്കെ വളരെ പ്രധാനപ്പെട്ടവയാണ്. എന്നാൽ ഈ വിഷയത്തെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ ഏറെക്കുറെ സമഗ്രമായ നിർവചനം നടത്തിയത് ശ്രീനാരായണ ഗുരുവാണ്. അറിവ് എന്ന അദ്ദേഹത്തിന്റെ കവിത കൂടുതൽ വായിക്കപ്പെടേണ്ടതാണ്.

ഉയർന്ന ശിരസ്സുമായി ലോകവിജ്ഞാന മാതൃകകൾ സൃഷ്ടിക്കുന്ന ഉൾക്കരുത്തുമായി അറിവിന്റെ അത്ഭുതദ്വീപുകളിലേക്ക് നടന്നടുക്കുന്ന നമ്മുടെ നാടിനെക്കുറിച്ച് നമുക്ക് അഭിമാനിക്കാം, ആഹ്ലാദിക്കാം. ■

# മുന്നേനടക്കുന്ന സിനിമാലോകം

കമൽ
സംവിധായകൻ

എല്ലാ കലാരൂപങ്ങളോടും എന്നപോലെ പുരോഗമന സർക്കാരുകൾ എക്കാലത്തും സിനിമയോട് വളരെ താൽപര്യപൂർവ്വമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 1969 ൽ ദേശീയ ചലച്ചിത്ര അവാർഡ് മാതൃകയിൽ കേരളസർക്കാരും ചലച്ചിത്രങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തണമെന്ന തീരുമാനം എടുക്കുന്നത് അന്നത്തെ ഇ.എം.എസ് മന്ത്രിസഭയാണ്. പിന്നീട് പുരോഗമന സർക്കാരുകൾ ഭരിച്ചപ്പോഴൊക്കെ വിവാദങ്ങൾ താരതമ്യേന കുറവായിട്ടുള്ള, ഏറ്റവും സുതാര്യമായ ജൂറിയുടെ മേൽനോട്ടത്തിൽ മികച്ച സിനിമകൾക്കും കലാകാരർക്കും പുരസ്കാരങ്ങൾ നൽകുകയുണ്ടായിട്ടുണ്ട്.

മലയാളസിനിമ മദിരാശിയിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവന്നതിൽ ചിത്രാഞ്ജലി സ്റ്റുഡിയോയുടേയും KSFDC യുടേയും പങ്ക് വളരെ വലുതാണ്. തിരുവനന്തപുരത്തും കോഴിക്കോടും തൃശ്ശൂരും കൈരളി / ശ്രീ തീയറ്ററുകൾ സ്ഥാപിച്ച് സിനിമാവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ മാറിമാറി വന്ന സർക്കാരുകൾക്ക് വലിയ പങ്കുണ്ടായിരുന്നുവെങ്കിലും, ദീർഘവീക്ഷണത്തോടെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ കലാപരമായ മികച്ച സിനിമകളുടെ നിർമ്മാണത്തിന് പ്രോത്സാഹനവും സബ്സിഡിയും നൽകുന്നത് പുരോഗമന സർക്കാരുകളുടെ കാലത്ത് തന്നെയാണ്. പിന്നീട് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പ്രവർത്തനം മന്ദീഭവിച്ച കാലഘട്ടത്തിലാണ് ഒന്നാം പിണറായി സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനും, തിയറ്ററുകൾ ആധുനീകവൽക്കരിക്കുന്നതിനും, പലയിടങ്ങളിലും പുതിയ തിയറ്ററുകൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുന്നത്. 200 കോടി രൂപ മുതൽമുടക്കി ചിത്രാഞ്ജലിയെ ലോകോത്തര നിലവാരത്തിലുള്ള സ്റ്റുഡിയോ കോംപ്ലക്സ് ആക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഏതാണ്ട് അന്തിമഘട്ടത്തിലാണ്.

## ചലച്ചിത്രമേളകളുടെ തുടക്കം

അതുപോലെ ഏറ്റവും ശ്രദ്ധേയമായ ഒരു തീരുമാനമാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരംഭിച്ച, ഇപ്പോഴും അഭിമാനകരമായി തുടരുന്ന വനിതകൾക്കും





**മലയാള സിനിമ അതിന്റെ ആഗോള വളർച്ചയുടെ കാലഘട്ടത്തിൽ, അതിന് മൊത്തം ഉണർവ് നൽകിക്കൊണ്ട് സർക്കാർ കൂടെയുണ്ട് എന്നത് ചലച്ചിത്രപ്രവർത്തകർക്ക് ആകെ സന്തോഷം പകരുന്ന ഒരു കാര്യമാണ്.**

SC /STവിഭാഗക്കാർക്കും സിനിമയുണ്ടാക്കാൻ സാമ്പത്തികസഹായം നൽകി അവരെ ചേർത്ത് നിർത്തുക എന്നത്. ഈ വിഭാഗങ്ങളിലെ നവാഗത സംവിധായകർക്ക് ഒന്നരക്കോടി രൂപ വീതം നൽകി, വർഷത്തിൽ നാല് സിനിമകളാണ് KSFDC നിർമ്മിക്കുന്നത്. അവയൊക്കെ തന്നെ കലാപരമായി മികച്ചുനിൽക്കുന്നവയും, അന്തർദേശീയ ചലച്ചിത്രമേളകളിൽ അടക്കം പ്രദർശിപ്പിച്ച് ശ്രദ്ധനേടുന്നു എന്നതും അഭിമാനകരമാണ്. സിനിമ വ്യവസായമെന്നതിലുപരി കലാമാധ്യമമാണെന്ന ബോധ്യത്തിൽ നിന്നാണ് ആവിഷ്കാരത്തിന്റെയും ആസ്വാദനത്തിന്റെയും ഏറ്റവും ഉദാത്തമായ മാതൃകയായി കേരളത്തിൽ ചലച്ചിത്രമേളയും (IFFK) ഒപ്പം സംസ്ഥാന ചലച്ചിത്ര അക്കാദമിയും ആരംഭിക്കുന്നത്. ടി.കെ.രാമകൃഷ്ണൻ സാംസ്ക്കാരിക വകുപ്പ് മന്ത്രിയായിരിക്കുമ്പോൾ 1998-ൽ ഇ.കെ നായനാർ മന്ത്രിസഭയുടെ കാലത്താണ് രാജ്യത്ത് തന്നെ ആദ്യമായി, കേരളത്തിൽ ചലച്ചിത്ര അക്കാദമി സ്ഥാപിതമാകുന്നത്. വിഖ്യാത ചലച്ചിത്രകാരൻ ഷാജി എൻ. കരുൺ ആയിരുന്നു അക്കാദമിയുടെ ആദ്യത്തെ ചെയർമാൻ. IFFK എന്ന പേരിൽ ചലച്ചിത്രമേള KSFDC ഒന്നു രണ്ട് തവണ സംഘടിപ്പിച്ചിരുന്നുവെങ്കിലും, ഇന്ന് കാണുന്ന മാതൃകയിൽ ചലച്ചിത്രമേളകൾ ആരംഭിക്കുന്നത് അക്കാദമി രൂപീകൃതമായ ശേഷമാണ്.

ഈ വർഷം മുപ്പതാമത് ചലച്ചിത്രമേളയിൽ എത്തിനിൽക്കുമ്പോൾ, ഏഷ്യയിലെ തന്നെ ഏറ്റവും പ്രസിദ്ധമായ മേളകളിൽ ഒന്നായി IFFK മാറിക്കഴിഞ്ഞു. വലിയ ജനപങ്കാളിത്തം കൊണ്ടും ലോകോത്തര സിനിമകളുടെ പ്രദർശനം കൊണ്ടും IFFK യ്ക്ക് ലോക സിനിമാഭൂപടത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുമുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുക എന്ന ആശയത്തിലാണ് ആഫ്രോ-ഏഷ്യൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള സിനിമകൾക്ക് മാത്രമായി IFFK യിൽ മത്സരവിഭാഗം ഏർപ്പെടുത്തുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ജീവിതം പറയുന്ന അത്തരം സിനിമകളുടെ സ്വാധീനം പൊതുമണ്ഡലത്തിലും യുവാക്കളേയും ഒരു തലമുറയെ തന്നെയും ഏറെ പ്രചോദിപ്പിച്ചിട്ടുണ്ട് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്, മാറിവരുന്ന ഭാവുകത്വവുമായി ഇന്ന് മലയാള സിനിമ ലോകം മുഴുവൻ ശ്രദ്ധ നേടുന്നത്. ഇപ്പോൾ മലയാള സിനിമയിൽ നിറഞ്ഞുനിൽക്കുന്ന യുവതലമുറയിലെ നല്ലൊരു പങ്കും IFFKയിൽ നിന്ന് സിനിമ കണ്ട് പ്രചോദനം ഉൾക്കൊണ്ട് ഈ രംഗത്തേക്ക് കടന്നുവന്നവരാണ്.

2018ലെ പ്രളയകാലത്തും 2020ലെ മഹാമാരിക്കാലത്തും ഡെലിഗേറ്റുകളുടെ സഹകരണത്തോടെ IFFK മുടങ്ങാതെ നടത്താൻ കഴിഞ്ഞു എന്നത് നന്ദിയോടെ ഓർക്കുന്നു. ജനങ്ങളുടെ സാധാരണജീവിതവും സാംസ്കാരിക മേഖലയും സ്തംഭിക്കരുതെന്ന മുഖ്യമന്ത്രിയുടെ ഉറച്ച തീരുമാനവും കരുതലും തന്നെയാണ് കാരണം. കലാകാരർക്ക് സാമ്പത്തിക സഹായം നൽകി കോവിഡ് കാലത്ത് ആത്മവിശ്വാസത്തോടെ പിടിച്ചുനിൽക്കാൻ കരുത്തുനൽകിയതും ആ കരുതൽ തന്നെയാണ്. തിരുവനന്തപുരത്ത് മാത്രം നടത്തിയിരുന്ന മേള, കോവിഡ് പ്രോട്ടോകോൾ മാനിച്ച് നാലിടങ്ങളിലായി നടത്താൻ തീരുമാനിക്കുകയും, പങ്കെടുക്കുന്ന എല്ലാ ഡെലിഗേറ്റുകളെയും നിർബന്ധമായി ടെസ്റ്റ് നടത്തിയ ശേഷം മാത്രം തിയറ്ററിൽ പ്രവേശിപ്പിക്കുകയും ചെയ്യാൻ ആരോഗ്യ വകുപ്പിന്റെ കൂടെ സഹകരണത്തോടെ അതാതിടത്ത് സൗകര്യം ഒരുക്കുകയും ചെയ്തു.

IFFK യുടെ തുടർച്ചയായി തന്നെയാണ് പ്രാദേശിക ചലച്ചിത്ര മേളകളും (റീജിയണൽ IFFK), ഗ്രാമങ്ങൾ തോറുമുള്ള ചലച്ചിത്ര പ്രദർശനങ്ങളും ((touring talkies)ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്നത്. അതിലൂടെ കേരളത്തിൽ അങ്ങോളമിങ്ങോളം സാധാരണ ജനങ്ങൾക്കും വിദ്യാർഥികൾക്കും അന്താരാഷ്ട്ര സിനിമകൾ കാണാനുള്ള അവസരമൊരുക്കി. ഫിലിം സൊസൈറ്റികൾക്ക് അക്കാദമി ധനസഹായം നൽകുകയും touring talkies ന്റെ




പ്രവർത്തനം ഈ കാലയളവിൽ കൂടുതൽ മെച്ചപ്പെടുത്തുകയുമുണ്ടായി. ഫിലിം സൊസൈറ്റികളുടെ സഹകരണത്തോടെ സെമിനാറുകളും വിദ്യാർഥികൾക്ക് സിനിമാ പഠനക്യാമ്പുകളും ഇപ്പോഴും തുടർന്നുവരുന്നു.

2017 ൽ കിൻഫ്രാ പാർക്കിൽ സത്യൻ സ്മാരകം എന്ന പേരിൽ അക്കാദമിക്ക് സ്വന്തമായി ഒരു ആസ്ഥാന മന്ദിരവും preview തീയറ്റർ അടക്കം എല്ലാ സൗകര്യങ്ങളോടും കൂടെ Cifra ഇന്റർനാഷണൽ റിസർച്ച് സെന്ററും സ്ഥാപിച്ചു. മലയാള സിനിമകളുടെയും ഇതര ഇന്ത്യൻ ഭാഷകളിലെയും വിദേശത്തെയും ക്ലാസിക് സിനിമകളുടെയും വിപുലമായ ഒരു ശേഖരവും ലൈബ്രറിയും അക്കാദമിയിലുണ്ട്. കൂടാതെ ക്ലാസിക് സിനിമകളുടെ റെസ്റ്റോറേഷനും മ്യൂസിയവും Cifra യിൽ പ്രവർത്തിക്കുന്നു. ഈ കാലയളവിൽ സിനിമയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് അമ്പതിലധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ഫെല്ലോഷിപ്പുകൾ നൽകുകയുമുണ്ടായി.

> 2017 ൽ കിൻഫ്രാ പാർക്കിൽ സത്യൻ സ്മാരകം എന്ന പേരിൽ അക്കാദമിക്ക് സ്വന്തമായി ഒരു ആസ്ഥാന മന്ദിരവും preview തീയറ്റർ അടക്കം എല്ലാ സൗകര്യങ്ങളോടും കൂടെ Cifra ഇന്റർനാഷണൽ റിസർച്ച് സെന്ററും സ്ഥാപിച്ചു.

## സിനിമ കോൺക്ലേവ്

മേഖലയിലുണ്ടായ ചില സംഭവങ്ങൾ മലയാളസിനിമയെ ആകെ പിടിച്ചുലച്ച കാലഘട്ടത്തിൽ സർക്കാർ വളരെ ജാഗ്രതയോടെ ഇടപെടുകയും തുടർന്ന് ജസ്റ്റിസ് ഹേമയുടെ നേതൃത്വത്തിൽ ചലച്ചിത്ര രംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുമുണ്ടായി. ആ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ചലച്ചിത്ര നയം രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും കഴിഞ്ഞ ആഗസ്റ്റ് 1, 2 തിയ്യതികളിൽ വിപുലമായ ഒരു സിനിമാ കോൺക്ലേവ് സംഘടിപ്പിക്കുകയുമുണ്ടായി. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമടക്കം പ്രതിനിധികൾ, മലയാള ചലച്ചിത്രപ്രവർത്തകരോടൊപ്പം ആ കോൺക്ലേവിൽ പങ്കെടുത്തു. അതിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് സമഗ്രമായ ഒരു ചലച്ചിത്രനയമാവും സർക്കാർ പ്രഖ്യാപിക്കുക.

മലയാള സിനിമ അതിന്റെ ആഗോള വളർച്ചയുടെ കാലഘട്ടത്തിൽ, അതിന് മൊത്തം ഉണർവ് നൽകിക്കൊണ്ട് സർക്കാർ കൂടെയുണ്ട് എന്നത് ചലച്ചിത്ര പ്രവർത്തകർക്ക് ആകെ സന്തോഷം പകരുന്ന ഒരു കാര്യമാണ്. എന്റർടെയ്ൻമെന്റ് മാധ്യമങ്ങളും സാമൂഹികമാധ്യമങ്ങളും യുവാക്കൾക്കിടയിൽ അത്രമാത്രം സ്വാധീനം ചെലുത്തുന്ന ഈ കാലത്ത്, ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെ വാളോങ്ങുമ്പോൾ, പ്രൊപഗാണ്ട സിനിമകളും വികലമായ ചരിത്രനിർമ്മിതികളുമായി ഇന്ത്യയിലെ സിനിമകളിൽ മറ്റൊരു ആഖ്യാനം സൃഷ്ടിക്കുന്ന അവസരത്തിലും മലയാള സിനിമ അതിനുവഴങ്ങാതെ സ്വതന്ത്രമായും അതിന്റെ സ്വത്വം നിലനിർത്തിയും മുന്നോട്ടുപോകുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. ■



**എല്ലാ കായിക മേഖലയിൽ നിന്നുമായി 600-ലധികം പേർക്ക് സംസ്ഥാന സർക്കാർ തൊഴിൽ നൽകി**




# കായികകേരളം കുതിപ്പിന്റെ ട്രാക്കിൽ

ഐ എം വിജയൻ

ഈ ഒൻപത് വർഷ കാലയളവിൽ സംസ്ഥാനത്ത് കായികരംഗത്ത് വലിയ രീതിയിലുള്ള മാറ്റമാണ് ഉണ്ടായത്. ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തും പോയിട്ടുള്ള വ്യക്തിയാണ് ഞാൻ. പക്ഷെ കേരളത്തിൽ മാത്രമാണ് കായികമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഇത്രയധികം ജോലി നൽകിയ സർക്കാരുള്ളത്. വേറെ ഒരു സംസ്ഥാനത്തും എനിക്ക് ഇത്തരത്തിൽ കായികതാരങ്ങൾക്ക് പ്രാധാന്യം നൽകുന്നത് കാണാൻ കഴിഞ്ഞിട്ടില്ല. ഫുട്ബോളിൽനിന്ന് മാത്രമല്ല, എല്ലാ കായിക മേഖലയിൽ നിന്നുമായി 600-ലധികം പേർക്ക് സംസ്ഥാന സർക്കാർ തൊഴിൽ നൽകി.

മുൻകാലങ്ങളിൽ ഫുട്ബോളിൽ സന്തോഷ് ട്രോഫി വിജയിച്ചാലും ജോലി ലഭിക്കാൻ വലിയ ബുദ്ധിമുട്ടുള്ള സാഹചര്യമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ഈ സർക്കാർ വന്നതിന് ശേഷം സന്തോഷ് ട്രോഫി വിജയിക്കുന്ന ടീം അംഗങ്ങളായ കായികതാരങ്ങൾക്കെല്ലാം ജോലി ലഭിക്കാൻ തുടങ്ങി. ഫുട്ബോൾ താരങ്ങളെ സംബന്ധിച്ച് ഇതൊരു വലിയൊരു നേട്ടമാണ്. മുൻ കാലങ്ങളിൽ ഇന്ത്യൻ ക്യാമ്പ്, മുൻനിര ക്ലബ്ബുകളായ മോഹൻ ബഗാൻ, ഈസ്റ്റ് ബംഗാൾ എന്നിവയുടെ ക്യാമ്പുകൾ ബ്രേക്ക്



ചെയ്താണ് കായികതാരങ്ങൾ അവരുടെ സംസ്ഥാനത്തിനായി സന്തോഷ് ട്രോഫി കളിക്കാനായെത്തിയിരുന്നത്. എന്നാൽ ഇന്ന് പ്രൊഫഷണൽ താരങ്ങളേക്കാൾ യുവതാരങ്ങൾക്കാണ് ടൂർണമെന്റിൽ പ്രാധാന്യം നൽകുന്നത്. യുവതാരങ്ങൾക്ക് മികച്ച അവസരങ്ങളാണ് ഇതിലൂടെ ലഭിക്കുന്നത്. സന്തോഷ് ട്രോഫി കേരളം ജയിച്ചാൽ ഇന്ന് ആ ടീമിലുള്ള താരങ്ങൾക്ക് തീർച്ചയായും ജോലി ലഭിക്കും. നല്ലൊരു ജീവിതം കെട്ടിപ്പടുക്കാനും സർക്കാർ ജോലി ലഭിക്കാനും ആഗ്രഹിക്കുന്ന കായികതാരങ്ങളെ സംബന്ധിച്ച് ഇത് വലിയ കാര്യം തന്നെയാണ്.

ഐ എസ് എൽ വന്നതോടെ ഇന്ത്യയിൽ ഫുട്ബോൾ ഉണ്ടെന്ന് മറ്റു രാജ്യങ്ങൾ മനസിലാക്കി. ആദ്യം ഇന്ത്യയിൽ ഫുട്ബോളോ, ലീഗ് അടിസ്ഥാനത്തിലുള്ള മത്സരങ്ങളോ ഉണ്ടെന്നുള്ള കാര്യം മറ്റ് രാജ്യങ്ങൾക്ക് അറിയില്ലായിരുന്നു. നമ്മൾ ടെലിവിഷനിൽ മാത്രം കണ്ട റോബർട്ടോ കാർലോസിനെ പോലുള്ള ലോകോത്തര താരങ്ങൾ ഇന്ത്യയിൽ വന്ന് നമ്മുടെ താരങ്ങൾക്കൊപ്പവും എതിരായും കളിക്കാൻ അവസരം തുറന്നത് ഇന്ത്യൻ സൂപ്പർ ലീഗിലൂടെയാണ്. ഇത് കേരള ഫുട്ബോളിൽ ഒരുപാട് മാറ്റങ്ങൾക്ക് വഴിവെച്ചു. കുറെ താരങ്ങൾ ഇന്ന് ഐ ഐസ് എൽ, ഐ ലീഗ് പോലുള്ള ടൂർണമെന്റ് കളിക്കുന്നു. ഇതിലൂടെ ഒരുപാട് മികച്ച താരങ്ങളാണ് കേരളത്തിൽ നിന്നുണ്ടായത്. നിലവിൽ ഐ ലീഗും ഐ എസ് എല്ലും കളിക്കുന്ന താരങ്ങളെ മാറ്റിനിർത്തി യുവതാരങ്ങൾക്ക് സന്തോഷ് ട്രോഫിയിൽ അവസരം നൽകുന്നതുവഴി കോളേജിൽ പഠിക്കുന്ന വിദ്യാർഥികൾക്കും മികച്ച അവസരം ലഭിക്കുകയാണ്.

## കായികതാരങ്ങളുടെ പേരിൽ സ്റ്റേഡിയങ്ങൾ

അടുത്തകാലത്ത് വന്ന മികച്ച തീരുമാനങ്ങളിൽ ഒന്നാണ് പഴയ കായികതാരങ്ങളുടെ പേരിൽ ഓരോ ജില്ലയിലും നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ. ജീവിച്ചിരിക്കുന്നതും മൺമറഞ്ഞതുമായ കായികതാരങ്ങളുടെ പേരിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ സ്റ്റേഡിയങ്ങളാണ് നിർമിച്ചത്. ഇന്ത്യയിൽ മറ്റൊരു സർക്കാരും ഇത്തരത്തിൽ ജില്ലാ അടിസ്ഥാനത്തിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നില്ല. മികച്ച സൗകര്യങ്ങൾ ഉൾപ്പെടുത്തിയ വലിയ സ്റ്റേഡിയങ്ങളും സ്പോർട്സ് കോംപ്ലക്സുകളുമാണ് സർക്കാർ സംസ്ഥാനമൊട്ടാകെ നിർമ്മിക്കുന്നത്. എല്ലാ കായികതാരങ്ങൾക്കും അഭിമാനിക്കാവുന്ന വലിയൊരു നേട്ടമായാണ് ഈ കാലയളവിൽ കായികരംഗത്തു വന്ന ഈ വികസനപ്രവർത്തനങ്ങളെ കാണുന്നത്. എന്റെ പേരിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നു എന്നത് അഭിമാനമുള്ള കാര്യമാണ്. എന്നെ സംബന്ധിച്ച് ഞാൻ മരിച്ചാലും തൃശ്ശൂർ ലാലൂരിൽ എന്റെ പേരിലുള്ള ഐ എം വിജയൻ സ്റ്റേഡിയം അവിടെ നിലനിൽക്കും. എന്റെ കുടുംബാംഗങ്ങൾക്കായാലും എന്നെ സ്നേഹിക്കുന്ന ജനങ്ങൾക്കായാലും ഇത് വലിയ സന്തോഷമുള്ള കാര്യമാണ്. വേറെ ഒരു സർക്കാരും കൊണ്ടുവരാത്ത രീതിയിലുള്ള മാറ്റങ്ങളാണ് ഇതെല്ലാം.

കായികരംഗത്തിന് വലിയ രീതിയിൽ മുൻതൂക്കം നൽകുന്ന സർക്കാരാണ് നമ്മുടേത്. കായികരംഗത്തെ, പ്രത്യേകിച്ച് ഫുട്ബോളിനെ, നന്നായി അറിയുന്ന വ്യക്തിയാണ് കായികവകുപ്പ് മന്ത്രി വി.അബ്ദുറഹിമാൻ. അസാധ്യമെന്ന് കരുതിയ കാര്യമാണ് മെസ്സിയേയും അർജന്റീനൻ ഫുട്ബോൾ ടീമിനേയും കേരളത്തിലേക്ക് കൊണ്ടുവരിക എന്നത്. ഇതിനായി സർക്കാർ ഏറ്റെടുത്ത പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വലിയൊരു തുക കണ്ടെത്തിയാണ് അർജന്റീന പോലൊരു ടീമിനെ കേരളത്തിൽ കളിക്കുന്നതിനായി കൊണ്ടുവരുന്നത്. ലോകകപ്പ് കളിക്കുന്ന ഓസ്ട്രേലിയ പോലൊരു ടീമിനെയാകും അർജന്റീനയ്ക്ക് എതിരായി കളിക്കുന്നതിന് സർക്കാർ കേരളത്തിലെത്തിക്കുന്നത്. ഇത് ചെറിയ കാര്യമല്ല. ഇത്തരത്തിലുള്ള ലോകോത്തര ടീമുകളെ

കേരളത്തിൽ കളിക്കുന്നതിനായി സർക്കാർ കൊണ്ടുവരുന്നത് നമ്മുടെ വളർന്നുവരുന്ന തലമുറയ്ക്ക് പ്രചോദനമാകും. നിലവിലുള്ള സർക്കാർ അത് ഭംഗിയായി നടപ്പിലാക്കുന്നുണ്ട്.

പുതുതലമുറയെ കായികരംഗത്തേക്ക് ആകർഷിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ വലിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. കായികമേഖലയുടെ എല്ലാ സ്പന്ദനങ്ങളും അറിയുന്ന യു.ഷറഫലിയെയാണ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി സർക്കാർ നിയമിച്ചത്. സ്പോർട്സ് അറിയുന്ന ഒരാളാണ് ആ സ്ഥാനത്ത് ഇരിക്കുന്നതെങ്കിൽ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കാണുന്നതിനും ഇടപെടുന്നതിനും സാധിക്കും. കായികതാരങ്ങളെ സംബന്ധിച്ച് ഇത് ആശ്വാസകരമാണ്.

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന സർക്കാർ നയം കായികരംഗത്ത് ഒരുപാട് മാറ്റങ്ങളാണ് കൊണ്ടുവന്നത്. സർക്കാർ സംവിധാനങ്ങളുടേയും സ്പോർട്സ് കൗൺസിലിന്റേയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ഗ്രൗണ്ടുകൾ നന്നാക്കുകയും കോച്ചിങ്ങ് ക്യാമ്പുകൾ വഴി കുട്ടികൾ അടക്കമുള്ള കായികതാരങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഫുട്ബോൾ മാത്രമല്ല അത്‌ലറ്റിക്സ് അടക്കമുള്ള എല്ലാ കായിക ഇനങ്ങൾക്കും പ്രാധാന്യം നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

കേരളത്തിൽ ഇന്നുള്ള ടർഫ് ഗ്രൗണ്ട് വഴിയുള്ള ഫുട്ബോൾ സംസ്കാരം ഗ്രാസ് റൂട്ട് ലെവലിൽ പുറംരാജ്യങ്ങളിലേതിന് സമാനമായി കുട്ടികൾക്ക് ഗുണം ചെയ്യുന്നുണ്ട്. പ്രൊഫഷണൽ താരങ്ങൾക്ക് കളിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്രൗണ്ടുകൾ ഇന്ന് കേരളത്തിലുണ്ട്. സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ അതിനെ നന്നായി പരിപാലിക്കുന്നുമുണ്ട്.

അർജന്റീന ലോകകപ്പ് വിജയിച്ച സമയത്ത് മുഖ്യമന്ത്രിയോടൊപ്പം ഡൽഹിയിൽ പരിപാടിയിൽ പങ്കെടുക്കാൻ പോയപ്പോൾ എത്തിയത് അർജന്റീനയുടെ അംബാസിഡറായിരുന്നു. കാരണം മറ്റൊരു സ്ഥലത്തും കിട്ടാത്ത പിന്തുണയാണ് കേരളത്തിൽ അർജന്റീന, ബ്രസീൽ, പോർച്ചുഗൽ തുടങ്ങി എല്ലാ ടീമുകൾക്കും ലഭിച്ചിരുന്നത്. ഇത്രയും വലിയ കട്ടൗട്ടുകൾ മെസ്സി, റൊണാൾഡോ, നെയ്മർ തുടങ്ങിയ താരങ്ങൾക്ക് വച്ചിട്ടുള്ള വേറൊരു രാജ്യമില്ല. അത് മനസിലാക്കിയാണ് അവർ മുഖ്യമന്ത്രിക്കും കേരളത്തിനും നന്ദി പറയാനായി ആ ചടങ്ങിനെത്തിയത്. വളരേ കുറച്ചുപേർ മാത്രം പങ്കെടുത്ത ആ ചടങ്ങിന് ഫുട്ബോൾ രംഗത്തുനിന്ന് എന്നെ ക്ഷണിച്ചതും അർജന്റീനയുടെ ജഴ്സി ഏറ്റുവാങ്ങാൻ വേദിയിലേക്ക് വിളിച്ചതും എന്നെ സംബന്ധിച്ച് വലിയ അഭിമാനമുള്ള കാര്യമാണ്.





ഞാൻ എല്ലാ മത്സരങ്ങളും കാണാൻ പോകുന്ന വ്യക്തിയാണ്. ഇതുവരെ ആറ് ലോകകപ്പ് മത്സരങ്ങൾ കണ്ടു. പക്ഷെ ഇത്രയധികം കട്ടൗട്ടും ആരവങ്ങളും നിറഞ്ഞ കേരളത്തിലേതുപോലുള്ള ഫുട്ബോൾ സംസ്കാരം മറ്റെങ്ങും കാണാൻ സാധിച്ചിട്ടില്ല. ഫുട്ബോൾ ലഹരിയാക്കിയ ജനങ്ങളാണ് കേരളത്തിലുള്ളത്.

വിരമിക്കുന്നതിന്റെ തലേ ദിവസമാണ് എനിക്ക് ഡെപ്യൂട്ടി കമാൻഡോ ആയി സ്ഥാനക്കയറ്റം നൽകുന്നത്. എന്റെ വിദ്യാഭ്യാസ യോഗ്യതയേക്കാൾ ഒരുപാട് ഉയർന്ന സ്ഥാനമാണ് ഡെപ്യൂട്ടി കമാൻഡോ എന്നത്. എന്നെപ്പോലൊരാൾക്ക് ഡെപ്യൂട്ടി കമാൻഡോ ആയി റിട്ടയർ ചെയ്യുക എന്നത് വലിയൊരു കാര്യമാണ്. രാജ്യത്തിനായി വിവിധ മെഡലുകൾ വാരിക്കൂട്ടിയ ഗുസ്തി താരങ്ങൾ ഉൾപ്പെടെയുള്ളവർ ജോലിക്കായും മറ്റും ഡൽഹിയിൽ സമരം ചെയ്യുന്നത് നമ്മൾ കണ്ടിട്ടുള്ളതാണ്. അത്തരമൊരു പ്രശ്നവും കായികതാരങ്ങൾക്ക് കേരളത്തിൽ ഉണ്ടായിട്ടില്ല എന്നത് ഏറെ അഭിമാനകരമാണ്. ■



# പുരസ്കാരത്തിളക്കം

1. നീതി ആയോഗിന്റെ ആരോഗ്യസൂചിക യിൽ തുടർച്ചയായി ഒന്നാമത്

2. 2018 മുതൽ തുടർച്ചയായി സുസ്ഥിര വികസന സൂചികയിൽ ഒന്നാമത്.

   സുസ്ഥിരവികസന സൂചികയിൽ ദേശീയ റാങ്കിങ്ങിൽ കേരളം വീണ്ടും ഒന്നാമത്. ആരോഗ്യം, വിദ്യാഭ്യാസം, ലിംഗസമത്വം, അസമത്വ നിർമ്മാർജനം, ഊർജം, വ്യവസായം, പരിസ്ഥിതി, ശുദ്ധജലം തുടങ്ങി 16 വികസനലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി നീതി ആയോഗ് തയ്യാറാക്കുന്ന പട്ടികയിൽ തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്താണ്. 2020-21 ൽ പുറത്തിറക്കിയ സുസ്ഥിരവികസനസൂചികയിൽ 75 പോയിന്റോടെയായിരുന്നു കേരളം ഒന്നാമെത്തിയതെങ്കിൽ പുതിയ വികസന സൂചികയിൽ നാല് പോയിന്റ് കൂടി ഉയർത്തി 79 പോയിന്റോടു കൂടിയാണ് കേരളം ഒന്നാമതെത്തിയത് ദേശീയ ശരാശരിയേക്കാൾ 8 പോയിന്റ് അധികമാണ് കേരളത്തിന്റെ സ്കോർ. മുൻ വർഷത്തേക്കാൾ നാല് പോയിന്റ് വർധിപ്പിക്കാനും കേരളത്തിന് കഴിഞ്ഞു. 2018ൽ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക (SDG Index) ആരംഭിച്ചപ്പോൾ മുതൽ കേരളം ഒന്നാം സ്ഥാനത്താണ്. 2018ൽ സ്കോർ 69 ആയിരുന്നത് ആറുവർഷം കൊണ്ട് പത്ത് പോയിന്റ് ഉയർത്തിയാണ് കേരളം ഒന്നാം സ്ഥാനം നിലനിർത്തിയത് എന്നത്.

3. കുറഞ്ഞ ശിശുമരണ നിരക്ക്: കേരളം വികസിതരാജ്യ നിലവാരത്തിൽ

   മാതൃശിശു ആരോഗ്യ സംരക്ഷണത്തിൽ ആഗോള മാതൃക സൃഷ്ടിച്ച് രാജ്യത്ത് ഏറ്റവും കുറഞ്ഞ ശിശുമരണനിരക്ക് (IMR 5 ) രേഖപ്പെടുത്തി കേരളം. ഏറ്റവും പുതിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് പ്രകാരം, ഇന്ത്യയുടെ ദേശീയ ശരാശരി 25 ആയിരിക്കെ, വികസിത രാജ്യങ്ങൾക്കുപോലും മാതൃകയാക്കാവുന്ന നേട്ടമാണ് കേരളം കൈവരിച്ചത്. അമേരിക്കൻ ഐക്യനാടുകളുടെ ശിശുമരണനിരക്ക് 5.6 ആണെന്നത് ഈ നേട്ടത്തിന് പ്രാധാന്യം വർധിപ്പിക്കുന്നു.

   കൂടുതൽ വിശദമായ റിപ്പോർട്ടുകൾ പ്രകാരം, കേരളത്തിലെ നവജാത ശിശുമരണനിരക്ക് (NMR) 4ൽ താഴെയെത്തി. രാജ്യത്തിന്റെ ശരാശരി 18 ആയിരിക്കെ, ഈ നേട്ടം വികസിത രാജ്യങ്ങളിലെ നിലവാരത്തിന് തുല്യമാണ്.

സംസ്ഥാനത്തെ എല്ലാ പ്രസവാശുപത്രികളുടെയും നിലവാരം ഉയർത്തുന്നതിനായി നടപടികൾ സ്വീകരിക്കുകയും, ഇതിന്റെ ഭാഗമായി 16 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ ഗുണനിലവാര സർട്ടിഫിക്കേഷനും 6 ആശുപത്രികൾക്ക് ദേശീയ 'മുസ്കാൻ' അംഗീകാരവും ലഭിച്ചു. രാജ്യത്ത് ആദ്യമായി മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് നടപ്പാക്കിയതും, ജന്മവൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ സഹായിക്കുന്ന സമഗ്ര ന്യൂബോൺ സ്ക്രീനിങ് പദ്ധതി ആരംഭിച്ചതും മാതൃശിശു ആരോഗ്യ സംരക്ഷണത്തിൽ കേരളം നടത്തിയ സുപ്രധാന ഇടപെടലുകൾ ആണ്.

**രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 2023 പുരസ്കാരം കേരളത്തിന്. തുടർച്ചയായി മൂന്നാം വർഷമാണ് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളം നേടുന്നത്.**

4. 2023ൽ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായും നീതി ആയോഗ് തെരഞ്ഞെടുത്തു.

5. 2021ൽ ദേശീയ ഇ-ഗവേണൻസ് അവാർഡും ഇന്ത്യൻ പൊലീസ് ഫൗണ്ടേഷന്റെ അഴിമതിവിമുക്ത സേവനത്തിനുള്ള പുരസ്കാരവും.

6. പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച മികച്ച ഭരണം നടത്തുന്ന സംസ്ഥാനത്തിന്റെ സൂചികയിൽ ഒന്നാമത്.

7. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ മുന്നിൽ.

8. വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും മികച്ച സംസ്ഥാനം.

9. കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര ആരോഗ്യ മന്ഥൻ പുരസ്കാരം.

10. 2021ൽ കേന്ദ്രത്തിന്റെ വയോശ്രേഷ്ഠ പുരസ്കാരം.

11. 2022ൽ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ അന്താരാഷ്ട്ര പുരസ്കാരം.

12. 2023ലെ ദേശീയ പഞ്ചായത്ത് രാജ് അവാർഡിൽ അഞ്ചെണ്ണം കേരളം നേടി. 2024 ൽ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സദദ് വികാസ് പുരസ്കാരം പെരുമ്പടപ്പ ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ക്ഷമത നിർമ്മാണ സർവോത്തമം സൻസ്ഥാൻ അവാർഡ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (KILA) നേടി.

13. ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ ഒന്നാംസ്ഥാനം.

14. ആരോഗ്യ രംഗത്ത് മികച്ച പ്രകടനം, കൂടുതൽ മികച്ച വാക്സിനേഷൻ ഡ്രൈവിനുള്ള ഹെൽത്ത് ഗിരി പുരസ്കാരം, ഹാപ്പിനെസ് ഇൻഡക്സ് പുരസ്കാരം തുടങ്ങി ഇന്ത്യാ ടുഡേ മാഗസിന്റെ വിവിധ അംഗീകാരങ്ങൾ.

15. ആരോഗ്യസുരക്ഷാ പദ്ധതിക്ക് നാഷണൽ ഹെൽത്ത്കെയർ അവാർഡ്.

16. മാതൃമരണം കുറയ്ക്കുന്നതിനുള്ള ദേശീയ അവാർഡ്.

17. കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര ഉത്കൃഷ്ടാ പുരസ്കാരം തുടർച്ചയായി 3-ാം തവണയും

രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള ഇന്ത്യ സർക്കാരിന്റെ ആരോഗ്യ മന്ഥൻ 2023 പുരസ്കാരം കേരളത്തിന്. തുടർച്ചയായി മൂന്നാം വർഷമാണ് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളം നേടുന്നത്.

സംസ്ഥാനത്തിന്റെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയായ കാസ്പ് ആണ് ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിനുള്ള മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള അവാർഡ് കരസ്ഥമാക്കിയത്.

ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യയോജന (എ.ബി.-പി.എം.ജെ.എ-.വൈ.) പദ്ധതി പ്രകാരം രാജ്യത്ത് 'ഏറ്റവും കൂടുതൽ ചികിത്സ നൽകിയ സംസ്ഥാനം', പദ്ധതി ഗുണഭോക്താക്കളായുള്ള കാഴ്ച പരിമിതർക്കായി പ്രത്യേകം ലഭ്യമാക്കിയ സേവനങ്ങൾക്ക് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്നീ വിഭാഗങ്ങളിൽ കേരളം പുരസ്കാരം നേടി.



18. ക്ഷയരോഗ നിവാരണത്തിൽ ദേശീയ പുരസ്കാരം.

19. ഇ-സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്.

20. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച 'സംരംഭക വർഷം പദ്ധതി' രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ്.

21. ക്രിസിൽ റേറ്റിങ്ങിൽ തിരുവനന്തപുരം ടെക്നോപാർക്കിന് തുടർച്ചയായി എ പ്ലസ് സ്റ്റേബിൾ റാങ്ക്.

22. ഐടി മിഷന്റെ അക്ഷയ പ്രോജക്ടിന് 2023ലെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.

23. കേന്ദ്രത്തിന്റെ യുഡൈസ് പ്ലസ് റിപ്പോർട്ടിൽ ഒന്നാംസ്ഥാനം.

24. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പെർഫോമൻസ് ഗ്രേഡിങ് സൂചികയിൽ (പിജിഐ) തുടർച്ചയായി മൂന്നു വർഷം ഒന്നാംസ്ഥാനം.

25. ലോകത്തിലെ വൃത്തിയുള്ള ബീച്ചുകൾക്ക് അന്താരാഷ്ട്ര അംഗീകാരമായ ബ്ലൂ ഫ്ളാഗ് സർട്ടിഫിക്കേഷൻ കോഴിക്കോട് കാപ്പാട് ബീച്ചിനും കണ്ണൂർ ജില്ലയിലെ ചാൽ ബീച്ചിനും.

26. കേരള പൊലീസ് ഡ്രോൺ ഫോറൻസിക് ലാബിന് ടെക്നോളജി സഭ പുരസ്കാരം.

27. ഫിക്കിയുടെ സ്മാർട്ട് പൊലീസ് പുരസ്കാരം.

28. കേരള സ്റ്റാർട്ടപ്പ് മിഷനെ ലോകത്തിലെ മികച്ച അഞ്ച് ബിസിനസ് ഇൻകുബേറ്ററുകളിലൊന്നായി ലോക ബെഞ്ച്മാർക്ക് പഠനത്തിൽ അംഗീകാരം.

29. മത്സ്യബന്ധന മേഖലയിലെ മികച്ച അർധ സർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു.

30. കേന്ദ്ര ഭവന നഗരമന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയ്നബിൾ ട്രാൻസ്പോർട്ട് സിസ്റ്റം പുരസ്കാരം കൊച്ചിക്ക് ലഭിച്ചു.

31. കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര പുരസ്കാരം.

32. നീതി ആയോഗ് നഗര സുസ്ഥിര വികസന സൂചികയിൽ തിരുവനന്തപുരം, കൊച്ചി എന്നിവ മികച്ച നഗരങ്ങളുടെ പട്ടികയിൽ.

33. ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്ത് മികച്ച രീതിയിൽ ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കി.

34. അഴിമതി വിമുക്ത പൊലീസ് സേവനത്തിൽ ഒന്നാമത്.

35. മികച്ച ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനുള്ള പ്ലാറ്റിനം അവാർഡ് കെ-ഡിസ്കിന്.

36. മികച്ച വെബ്സൈറ്റിനുള്ള ഗോൾഡ് മെഡൽ കോട്ടയം ജില്ലാ ഭരണ ആസ്ഥാനത്തിനും ക്ഷീരശ്രീ പോർട്ടലിനുള്ള സിൽവർ മെഡൽ ക്ഷീരവികസന വകുപ്പിനും.

37. 2025ൽ സംസ്ഥാനത്തെ 10 ആരോഗ്യ കേന്ദ്രങ്ങൾക്കുകൂടി ദേശീയ ഗുണനിലവാര അംഗീകാരം, ഇതോടെ സംസ്ഥാനത്തെ 227 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻക്യുഎഎസ് അംഗികാരവും അഞ്ച് ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ അംഗീകാരവും 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ അംഗീകാരവും.

38. ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് 2025ൽ നീതിന്യായ സംവിധാനത്തിന്റെ മികവിന് കേരളത്തിന് ഒന്നാം റാങ്ക്.

39. ദേശീയ പഞ്ചായത്ത് പുരസ്കാരം തുടർച്ചയായി രണ്ടാം വർഷവും നേടി.

40. പൊതുസുരക്ഷ, ലിംഗസമത്വം, വൈവിധ്യങ്ങളെ അംഗീകരിക്കൽ തുടങ്ങിയ സാമൂഹിക സൂചികകളിൽ രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനം. ഇന്ത്യാ ടുഡേ രാജ്യമെമ്പാടും നടത്തിയ പ്രഥമ പെരുമാറ്റ സർവെയിലാണ് കേരളത്തിന് പുതിയ നേട്ടം.

41. രാജ്യത്തെ മികച്ച മറൈൻ സംസ്ഥാനമായി കേരളം, ജില്ലയായി കൊല്ലം.

42. എൻഎംഡിഎഫ്സിയുടെ ദക്ഷിണേന്ത്യയിലെ മികച്ച ചാലക സംഘടനയ്ക്കുള്ള ദേശീയ അംഗീകാരം തുടർച്ചയായി രണ്ടാംവർഷവും സംസ്ഥാന വനിതാ വികസന കോർപ്പറേഷന്.

43. ധനവകുപ്പിന് കീഴിലെ സ്വതന്ത്ര ഗവേഷണ സ്ഥാപനമായ പിപിആർഐ റിപ്പോർട്ടിലും കേരളത്തിന് മികവ്.

44. നാക് പരിശോധനയിൽ കേരള, എംജി സർവകലാശാലകൾക്ക് രാജ്യ ഉയർന്ന ഡബിൾ പ്ലസ്. കലിക്കറ്റ്, സംസ്കൃത, കൊച്ചി സർവകലാശാലകൾക്ക് എ പ്ലസ്. സംസ്ഥാനത്തെ 269 കോളേജുകൾക്ക് നാക് അംഗീകാരം. 27 കോളേജുകൾക്ക് ഉയർന്ന ഗ്രേഡായ എ ഡബിൾ പ്ലസ്.

**സംസ്ഥാനത്തിന്റെ നഗരവികസന യാത്രയ്ക്ക് കരുത്തേകി 2025-ലെ ദേശീയ ഇ-ഗവേണൻസ് സിൽവർ അവാർഡ് സ്വന്തമാക്കി അമൃത് മിഷൻ.**

45. ക്യൂഎസ് (ക്വാക്കേറേലി സിമണ്ട്സ്) വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ് ഏഷ്യ 2025ൽ കേരള സർവകലാശാലക്കും ടൈംസ് ആഗോള റാങ്കിങ്ങിൽ എം.ജി സർവകലാശാലയ്ക്കും നേട്ടം. ക്യൂഎസ് റാങ്കിങ്ങിൽ കേരള സർവകലാശാലയ്ക്ക് 339-ാം സ്ഥാനം. ദക്ഷിണേഷ്യൻ സർവകലാശാലകളുടെ റാങ്കിങ്ങിൽ 88-ാം സ്ഥാനം.

46. കോഴിക്കോട് നടക്കാവ് ഗവ. വിഎച്ച്എസ്എസ് ഫോർ ഗേൾസ് രാജ്യത്തെ രണ്ടാമത്തെ മികച്ച സർക്കാർ സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു.

47. നഗരഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിൽ ഒന്നാം സ്ഥാനം.

48. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ സൈബർ കുറ്റകൃത്യം തടയുന്നതിൽ ജാഗ്രതപാലിച്ച കേരളാ പൊലീസിന് ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരം.

49. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ രാജ്യത്ത് ഒന്നാമത്.

50. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ്ങിൽ ഒന്നാം സ്ഥാനത്ത്.

51. അമൃത് മിഷന് ദേശീയ ഇ-ഗവേണൻസ് സിൽവർ അവാർഡ്

സംസ്ഥാനത്തിന്റെ നഗരവികസന യാത്രയ്ക്ക് കരുത്തേകി 2025-ലെ ദേശീയ ഇ-ഗവേണൻസ് സിൽവർ അവാർഡ് സ്വന്തമാക്കി അമൃത് മിഷൻ (അടൽ മിഷൻ ഫോർ റിജുവിനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫർമേഷൻ മിഷൻ). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ അമൃത് പ്രോജക്ടുകളുടെ ഓൺലൈൻ നിരീക്ഷണത്തിനും, ജലഗുണനിലവാര പരിശോധനയ്ക്കും വേണ്ടിയുള്ള പ്രോജക്ട് മോണിറ്ററിങ്



ആൻഡ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് സിസ്റ്റത്തിനാണ് പുരസ്കാരം ലഭിച്ചത്. അമൃത് മിഷൻ പ്രവർത്തനങ്ങൾ രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം.

52. ഹീമോഫീലിയ ചികിത്സയിൽ ചരിത്രം കുറിച്ച് കേരളം: രാജ്യത്താദ്യമായി സ്ത്രീക്ക് എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ

അമിത രക്തസ്രാവത്തിന് കാരണമാകുന്ന ഹീമോഫീലിയ രോഗം ബാധിച്ച ഒരു സ്ത്രീക്ക് എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ വിജയകരമായി ലഭ്യമാക്കി ആരോഗ്യ മേഖലയിൽ ചരിത്രം സൃഷ്ടിച്ച് കേരളം. രാജ്യത്ത് ആദ്യമായാണ് ഒരു സ്ത്രീക്ക് ഈ നൂതന ചികിത്സ നൽകുന്നത്.

53. ദേശീയ അംഗീകാരനിറവിൽ ആരോഗ്യമേഖല: എൻ.ക്യു.എ.എസ് നേടി 255 സ്ഥാപനങ്ങൾ

സംസ്ഥാനത്തെ രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം. ആകെ 255 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. ദേശീയ അംഗീകാരം ലഭിച്ചു. എറണാകുളം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിക്കും (89.08 ശതമാനം), കോട്ടയം വൈക്കം താലൂക്ക് ആശുപത്രിക്കും (90.38 ശതമാനം) ആണ് പുതുതായി അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ 8 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 13 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 46 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 163 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 17 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ നിലവിൽ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്. ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയറ്റർ (92 ശതമാനം), ലേബർ റൂം (89 ശതമാനം) എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം വൈക്കം താലൂക്ക് ആശുപത്രിയ്ക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചു.

54. ദേശീയ അംഗീകാരവുമായി ഒക്കൽ വിത്തുല്പാദന കേന്ദ്രം - രാജ്യത്തെ ആദ്യ കാർബൺ സന്തുലിത ഫാം

സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക പ്രവർത്തനങ്ങൾക്ക് പുതിയൊരു ചുവടുവെപ്പായി, രാജ്യത്തെ ആദ്യ കാർബൺ സന്തുലിത ഫാമെന്ന ഔദ്യോഗിക അംഗീകാരം നേടി ഒക്കൽ വിത്തുല്പാദന കേന്ദ്രം (സ്റ്റേറ്റ് സീഡ് ഫാം -എസ്എസ്എഫ്). കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം) കൃഷി വകുപ്പിന്റെ സഹായത്തോടെ നടത്തിയ ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് എറണാകുളം ജില്ലയിലെ ഒക്കലിൽ സ്ഥിതിചെയ്യുന്ന വിത്തുല്പാദന കേന്ദ്രത്തിന് അംഗീകാരം ലഭിച്ചത്.

55. ഒരു ലക്ഷം കോടി രൂപ വാർഷിക ബിസിനസ്സ് നേടിയ ഇന്ത്യയിലെ ആദ്യ ബാങ്കിതര ധനകാര്യ സ്ഥാപനമായി കെഎസ്എഫ്ഇ

കേരളത്തിന്റെ സാമ്പത്തിക രംഗത്ത് സുപ്രധാന സംഭാവനകൾ നൽകിവരുന്ന ബാങ്കിതര ധനകാര്യ സ്ഥാപനമായ (MNBC) കെഎസ്എഫ്ഇ (കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്) ഒരു ലക്ഷം കോടി രൂപ വാർഷിക ബിസിനസ്സ് നേടി ചരിത്രനേട്ടം സ്വന്തമാക്കി. ഇത്തരത്തിലൊരു നേട്ടം കരസ്ഥമാക്കുന്ന ഇന്ത്യയിലെ ആദ്യ ബാങ്കിതര ധനകാര്യ സ്ഥാപനമാണ് കെഎസ്എഫ്ഇ. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പുതുതായി ആയിരം കോടി രൂപയുടെ ചിട്ടി ബിസിനസ്സ് നേടാനായതും നടപ്പുവർഷം പതിനായിരം കോടി രൂപയുടെ സ്വർണ്ണപ്പണയവായ്പ പൂർത്തീകരിച്ചതും കെഎസ്എഫ്ഇയുടെ മികച്ച നേട്ടങ്ങളാണ്.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം 2024-ൽ നടത്തിയ ദേശീയ പഠനനേട്ട (NAS) സർവേയിൽ മികച്ച പ്രകടനം കാഴ്ചവെച്ച് കേരളം.

56. ദേശീയ പഠനനേട്ട സർവേ: വിദ്യാഭ്യാസ മേഖലയിൽ സുപ്രധാന നേട്ടം

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം 2024-ൽ നടത്തിയ ദേശീയ പഠനനേട്ട (NAS) സർവേയിൽ മികച്ച പ്രകടനം കാഴ്ചവെച്ച് കേരളം. സംസ്ഥാനത്തെ മൂന്ന്, ആറ്, ഒമ്പത് ക്ലാസുകളിലെ വിദ്യാർഥികളുടെ പഠനനിലവാരം അളക്കുന്നതിനായി ഭാഷ, ഗണിതം, പരിസരപഠനം (വേൾഡ് എറൗണ്ട് അസ്), ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലാണ് സർവേ നടന്നത്. കേരളത്തിൽ നിന്ന് 1644 സ്കൂളുകളിലെ 46,737 വിദ്യാർഥികൾ പങ്കെടുത്തപ്പോൾ, ദേശീയ തലത്തിൽ 74,000 സ്കൂളുകളിൽ നിന്നായി 21.10 ലക്ഷം കുട്ടികളാണ് സർവേയിൽ പങ്കെടുത്തത്.

57. രാജ്യത്തെ ഏറ്റവും മികച്ച ദേശീയോദ്യാനമായി ഇരവികുളം

ഇന്ത്യയിലെ ഏറ്റവും മികച്ച ദേശീയോദ്യാനമെന്ന നേട്ടം സ്വന്തമാക്കി ഇടുക്കി ജില്ലയിലെ ഇരവികുളം ദേശീയ ഉദ്യാനം. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2020 മുതൽ 2025 വരെ സംരക്ഷിത വനമേഖലകളിൽ നടത്തിയ മാനേജ്മെന്റ് എഫക്ടീവ് ഇവാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് ഈ നേട്ടത്തിന് മൂന്നാർ വന്യജീവി ഡിവിഷനു കീഴിലുള്ള ഇരവികുളം തിരഞ്ഞെടുക്കപ്പെട്ടത്. വരയാടുകളുടെയും നീലക്കുറിഞ്ഞികളുടെയും പേരിൽ പ്രശസ്തമായ ഇരവികുളം ജൈവവൈവിധ്യ സമൃദ്ധിയിൽ സമ്പന്നമായ ദേശീയ ഉദ്യാനമാണ്.

രാജ്യത്തെ 438 സംരക്ഷിത വനമേഖലകളിൽ പലഘട്ടങ്ങളിലായി വിദഗ്ധസമിതി നടത്തിയ പരിശോധനകളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് 92.97 ശതമാനം സ്കോർ നേടി ഇരവികുളം ദേശീയ ഉദ്യാനം ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ, വേൾഡ് കമ്മിഷൻ ഓൺ പ്രൊട്ടക്റ്റഡ് ഏരിയ എന്നിവയുടെ മൂല്യനിർണ്ണയ ചട്ടക്കൂട് അടിസ്ഥാനമാക്കിയാണ് സ്കോർ നിർണയിച്ചത്. 90.63 ശതമാനം സ്കോറോടെ മൂന്നാർ വന്യജീവി ഡിവിഷനിലെ മതികെട്ടാൻചോല നാഷണൽ പാർക്കും 89.84 ശതമാനം സ്കോറോടെ ചിന്നാർ വന്യജീവി സങ്കേതവും മികച്ച സംരക്ഷിത വനമേഖലകളായി ഇരവികുളം ദേശീയോദ്യാനത്തിന്റെ തൊട്ടു പിന്നിലായി പട്ടികയിൽ ഇടം നേടി.

58. മികച്ച സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരം- കൊച്ചി

കൊച്ചി മെട്രോ, വാട്ടർ മെട്രോ, ഇലക്ട്രിക്കൽ ഓട്ടോറിക്ഷ, ട്രെയിൻ, ബസ്, വിമാനം തുടങ്ങി എല്ലാ ഗതാഗത മാർഗ്ഗങ്ങളും ഒരുപോലെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്ന നഗരമാണ് കൊച്ചി. ഏറ്റവും മികച്ച സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരത്തിനായുള്ള പുരസ്കാരം ഇത്തവണയും കൊച്ചിയെ തേടിയെത്തി. ഏറ്റവും സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരം എന്ന വിഭാഗത്തിലാണ് കൊച്ചിക്ക് അർബൺ ട്രാൻസ്പോർട്ടിലെ മികവിനുള്ള പുരസ്കാരം ലഭിച്ചത്. ഗവൺമെന്റ് ഓഫ് ഹൗസിങ് ആൻഡ് അർബൺ അഫയേഴ്സ് നടത്തുന്ന അർബൺ മൊബിലിറ്റി ഇന്ത്യ 2024 ദേശീയ മത്സരത്തിന്റെ ഭാഗമായ ഈ അംഗീകാരം 2021ലും കൊച്ചിക്ക് ലഭിച്ചിരുന്നു. കെ.എം.ആർ.എൽ ആണ് പുരസ്കാരത്തിനായുള്ള എൻട്രി സമർപ്പിച്ചത്. രാജ്യത്താകെയുള്ള നഗര ഗതാഗത, മൊബിലിറ്റി മേഖലയിൽ മികച്ച പരിശീലനങ്ങളും വിജ്ഞാന കൈമാറ്റവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള

വാർഷിക പരിപാടിയുടെ ഭാഗമായാണ് പുരസ്കാരം.

59. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025; രാജ്യത്ത് തൊഴിൽക്ഷമതയിൽ നേട്ടവുമായി കേരളം

രാജ്യത്ത് യുവാക്കൾക്കിടയിലെ തൊഴിൽ ക്ഷമതയിൽ മികച്ച നേട്ടവുമായി കേരളം. പതിനൊന്നാമത് ഗ്ലോബൽ സമ്മിറ്റ് ഓൺ സ്കിൽ ഡെവലപ്മെന്റ് 2024ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025 പ്രകാരം 22നും 25നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ കേരളം രണ്ടാം സ്ഥാനമാണ് കരസ്ഥമാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് 87.47



തൊഴിലവസര നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 26-29 വരെ പ്രായമുള്ള പ്രൊഫഷണലുകൾക്കിടയിൽ 68.82 ശതമാനം തൊഴിൽക്ഷമതയുമായി കേരളം മികവ് തെളിയിക്കുന്നു. കൂടാതെ രാജ്യത്ത് തൊഴിൽമേഖലയിലെ മികവിനെ അടിസ്ഥാനമാക്കിയുള്ള റാങ്കിങ്ങിൽ 71 ശതമാനമെന്ന തൊഴിൽ നിരക്കിലൂടെ കേരളം അഞ്ചാം സ്ഥാനം നേടി. മഹാരാഷ്ട്ര, ഡൽഹി, കർണാടക, ആന്ധ്രാപ്രദേശ് എന്നിവയാണ് മുന്നിലുള്ള സംസ്ഥാനങ്ങൾ. തൊഴിലിനായി സ്ത്രീകൾക്ക് അവസരങ്ങൾ നൽകുന്ന സംസ്ഥാനങ്ങളിൽ മൂന്നാം സ്ഥാനവും കേരളത്തിനാണ്. സംസ്ഥാനത്തെ പ്രൊഫഷണൽ അന്തരീക്ഷവും വർക്ക്സ്പേസ് സൗകര്യങ്ങളും സ്ത്രീസൗഹാർദ്ദപരമാണെന്നത് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

തൊഴിലിന്റെ ഭാഗമായി ഇന്റേൺഷിപ്പ് സംവിധാനം നടപ്പാക്കുന്നതിലും കേരളം മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. കേരളത്തിൽ 96.05 ശതമാനമാണ് ഇന്റേൺഷിപ്പ് ചെയ്യാൻ താൽപര്യമുള്ളവരുടെ നിരക്ക്. ഇംഗ്ലീഷിൽ പ്രാവിണ്യമുള്ള മികച്ച സംസ്ഥാനങ്ങളുടെ പട്ടികയിലും കേരളം ഇടം പിടിച്ചിട്ടുണ്ട്. 52.79% ഇംഗ്ലീഷ് പ്രാവീണ്യം കേരളത്തിനുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ന്യൂമറിക്കൽ ആപ്റ്റിറ്റ്യൂഡിൽ 58.90% കേരളം കൈവരിച്ചിട്ടുണ്ട്. ഡിജിറ്റൽ സ്കിൽസിലും കേരളത്തിന് നേട്ടമുണ്ട്. അസാപ് അടക്കമുള്ള സംവിധാനങ്ങളുടെ പ്രവർത്തനം കേരളത്തിന്റെ ഈ മികവിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

അവസരങ്ങളുടെ കാര്യത്തിൽ കേരളം എംപ്ലോയബിലിറ്റി ലാൻഡ്സ്കേപ്പ് ശക്തിപ്പെടുത്തുന്നത് റിപ്പോർട്ടിൽ പ്രകടമാണ്. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ, കോൺഫറൻസ് ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി തുടങ്ങിയ വിവിധ ഏജൻസികളുമായി സഹകരിച്ച് ടാലന്റ് അസസ്മെന്റ് ഏജൻസിയായ വീബോക്സ് ആണ് ഈ റിപ്പോർട്ട് പുറത്തിറക്കിയിരിക്കുന്നത്. 6.5 ലക്ഷം യുവാക്കളിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിലുള്ളതാണ് റിപ്പോർട്ട്.

60. വയനാട് മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ

മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്. 95 ശതമാനം സ്കോറോടെയാണ് മുസ്കാൻ സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയത്. നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശുസൗഹൃദ സേവനങ്ങൾ ഉറപ്പാക്കുന്നതുമാണ് മുസ്കാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

നേരത്തെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രത്തിന് 96 ശതമാനം സ്കോറോടെ

മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിരുന്നു. ഇതോടെ സംസ്ഥാനത്തെ 2 ആശുപത്രികൾക്കാണ് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചത്. രാജ്യത്ത് ആദ്യമായി മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് സർട്ടിഫിക്കറ്റ് നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സിൽ (എൻക്യുഎഎസ്) ഏറ്റവും ഉയർന്ന സ്കോർ നേടിയ (99) മലപ്പുറം കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തെ അടുത്തിടെ രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി തിരഞ്ഞെടുത്തിരുന്നു.

61. KFi പദ്ധതിക്ക് ദേശീയ അംഗീകാരം

സംസ്ഥാനത്തിന്റെ ഡിജിറ്റൽ സമ്പത്ത് വ്യവസ്ഥയ്ക്ക് കരുത്തേകി നൂതന ഡിജിറ്റൽ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന കേരള സംസ്ഥാന ഐടി മിഷന് ദേശീയ തലത്തിൽ അംഗീകാരം. ഇക്കണോമിക് ടൈംസ് ഡിജിടെക് അവാർഡ് 2025ന് ഐടി മിഷൻ പദ്ധതിയായ KFi പബ്ലിക് വൈഫൈ തിരഞ്ഞെടുക്കപ്പെട്ടു. ഡിജിറ്റൽ ഇനിഷിയേറ്റീവ് ഫോർ ഇൻഷ്വറിങ് റൂറൽ കണക്ടിവിറ്റി കാറ്റഗറിയിലാണ് കേരളത്തിന്റെ പബ്ലിക് വൈഫൈ പദ്ധതിയായ KFi പദ്ധതി അവാർഡിന് അർഹമായത്. ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി. മിഷൻ തുടർച്ചയായി രണ്ടാം തവണയാണ് പുരസ്കാരം നേടുന്നത്. AI അധിഷ്ഠിത ഭരണം, സൈബർ സുരക്ഷ, ഡിജിറ്റൽ പേയ്മെന്റുകൾ, ഇ-ഗവേണൻസ് തുടങ്ങി ഇന്ത്യയുടെ ഡിജിറ്റൽ ആവാസവ്യവസ്ഥയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഡിജിടെക് കോൺക്ലേവ് അവാർഡുകൾ നൽകുന്നത്.

62. പ്രവാസിക്ഷേമ വികസനത്തിലെ മികവ്; നോർക്ക റൂട്ട്സിന് ദേശീയ അംഗീകാരം

ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് വേണ്ടി നോർക്ക റൂട്ട്സ് നടത്തിവരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ദേശീയ അംഗീകാരം. ഭരണം, ധനകാര്യം, സാങ്കേതികവിദ്യ, സാമ്പത്തികം, സാമൂഹിക മേഖല എന്നീ വിവിധ മേഖലകളിലെ മികവിന് ദേശീയ തലത്തിൽ നൽകുന്ന സ്കോച്ച് അവാർഡ് നോർക്ക റൂട്ട്സിനു ലഭിച്ചു. തുടർച്ചയായ രണ്ടാം തവണയാണ് നോർക്കയെത്തേടി സ്കോച്ച് അവാർഡ് എത്തുന്നത്.

സാമൂഹിക നീതിയും ശാക്തീകരണവും വിഭാഗത്തിലെ ഗോൾഡ് കാറ്റഗറിയിലാണ് പുരസ്കാരം. 182 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന പ്രവാസി മലയാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളുടെ മികവാണ് നോർക്കയെ അവാർഡിന് അർഹമാക്കിയത്.

63. ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ടാം വർഷവും ഒന്നാമത്

ഭക്ഷ്യസുരക്ഷാ രംഗത്ത് കേരളം നടത്തിയ മികവുറ്റ പ്രവർത്തനങ്ങൾക്ക് ദേശീയ അംഗീകാരം. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ ഒന്നാമതെത്തി കേരളം. ആദ്യമായി 2023ൽ ഒന്നാം സ്ഥാനം നേടിയ കേരളം ശക്തമായ പ്രവർത്തനങ്ങളിലൂടെ തുടർച്ചയായ രണ്ടാം വർഷവും ഒന്നാം സ്ഥാനം നിലനിർത്തി. ഭക്ഷ്യസുരക്ഷാ പരിശോധനകൾ ശക്തമാക്കിയതുൾപ്പെടെ, ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ നേട്ടത്തിന് കാരണമായത്.

64. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്ന ഇടപെടലുകൾക്ക് അംഗീകാരം

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾക്ക് കേന്ദ്ര അംഗീകാരം. രാജ്യത്തെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി വിവിധതരം സൈബർ കുറ്റകൃത്യങ്ങൾ ഏകോപിപ്പിച്ച് കൈകാര്യം ചെയ്യുന്നതിനായി കേന്ദ്ര- ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനമായ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ (I4C) ആദ്യ സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ച പുരസ്കാരങ്ങളിലാണ് കേരളം നേട്ടം കൈവരിച്ചത്. 'സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങളിൽ സജീവമായ ഇടപെടൽ' എന്ന വിഭാഗത്തിലാണ് കേരളത്തെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.

65. സ്പാർക്ക് റാങ്കിങ്ങിൽ ഒന്നാമത്

ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 2023-24 ലെ സ്പാർക്ക് റാങ്കിങ്ങിൽ കേരളത്തിന്

ഒന്നാം സ്ഥാനം. ഇതോടെ തുടർച്ചയായി ഏഴ് തവണ സ്പാർക്ക് അവാർഡ് നേടുന്ന ഏക സംസ്ഥാനമായി കേരളം മാറി. നഗരങ്ങളിലെ പാവപ്പെട്ടവരുടെ ജീവിതം മെച്ചപ്പെടുത്തുകയും സാമൂഹികമായ ഉൾപ്പെടുത്തൽ സാധ്യമാക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്തതിനാണ് അവാർഡ്. ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. 2018-19 , 2020-21 സാമ്പത്തികവർഷം ഒന്നാം സ്ഥാനവും 2021-22, 2022-23, വർഷങ്ങളിൽ രണ്ടാം സ്ഥാനവും 2019-20, 2017-18 വർഷങ്ങ



ളിൽ മൂന്നാം സ്ഥാനവും കേരളം നേടിയിട്ടുണ്ട്. രാജ്യത്ത് 29 സംസ്ഥാനങ്ങളിലെയും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗരമേഖലയിൽ എൻ.യു.എൽ.എം പദ്ധതി നടപ്പാക്കുന്നുണ്ട്.

66. സ്റ്റാർട്ടപ്പ് വ്യവസായങ്ങളുടെ റാങ്കിങ്ങിൽ രാജ്യത്ത് ഒന്നാമത്

ഇന്ത്യയിലെ സ്റ്റാർട്ടപ്പ് വ്യവസായങ്ങളുടെ റാങ്കിങ് പട്ടികയിൽ കേരളം ഒന്നാമത്. കേന്ദ്ര വാണിജ്യമന്ത്രാലയവും സ്റ്റാർട്ടപ്പ് ഇന്ത്യയും സംയുക്തമായി ഏർപ്പെടുത്തിയ ദേശീയ റാങ്കിങ്ങിലാണ് കേരളം 'ബെസ്റ്റ് പെർഫോർമർ' പുരസ്കാരം സ്വന്തമാക്കിയത്. കഴിഞ്ഞ മൂന്ന് പതിപ്പുകളിലും ടോപ് പെർഫോർമറായിരുന്ന കേരളം ആദ്യമായാണ് ഏറ്റവും ഉയർന്ന സ്ഥാനമായ 'ബെസ്റ്റ് പെർഫോർമർ' സ്വന്തമാക്കുന്നത്. ഗുജറാത്ത്, കർണാടക എന്നിവയാണ് 'ബെസ്റ്റ് പെർഫോമർ' പട്ടികയിലുള്ള മറ്റ സംസ്ഥാനങ്ങൾ. തമിഴ്നാട്, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര, ഒഡിഷ, തെലങ്കാന എന്നിവ തൊട്ടടുത്തുള്ള 'ടോപ് പെർഫോമർ' നിരയിൽ ഇടംപിടിച്ചു. സ്റ്റാർട്ടപ്പുകൾ, വിദ്യാർഥികൾ, വനിതാസംരംഭകർ എന്നിവർക്ക് നൽകിവരുന്ന പിന്തുണ, സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരമൊരുക്കുന്ന 'ഇഗ്നൈറ്റ് കാലിക്കറ്റ്' പോലുള്ള പരിപാടികൾ, ഗ്രാമീണമേഖലകളിൽ മാറ്റം കൊണ്ടുവരാൻ ശ്രമിക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള പ്രോത്സാഹനം എന്നിവയാണ് പുരസ്കാരം നേടാൻ കേരളത്തെ സഹായിച്ചത്. 2022-ൽ കേന്ദ്രം നിർദേശിച്ച ഏഴ് പരിഷ്കരണമേഖലകളിലും കേരളം ഒന്നാമതെത്തി.

67. ആയുഷ് മേഖലയിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സേവനം

ആയുഷ് ഒ.പി. വിഭാഗത്തിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സേവനം നൽകുന്നത് കേരളത്തിലാണെന്ന് നീതി ആയോഗിന്റെ അവലോകന റിപ്പോർട്ട്. നീതി ആയോഗ് പ്രതിനിധി സംഘം ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകൾ സന്ദർശിച്ച് സ്ഥിതി വിലയിരുത്തിയാണ് ആയുഷ് മേഖലയിലെ പ്രവർത്തന മികവിനെപ്പറ്റി ദേശീയതല അവലോകനം നടത്തിയത്.

68. റെയിൽ യാത്രക്കാർക്ക് സുരക്ഷിത ഭക്ഷണമൊരുക്കി കേരളം; ഈറ്റ് റൈറ്റ് സ്റ്റേഷൻ അംഗീകാരത്തിൽ കേരളം നമ്പർ 1

യാത്രക്കാർക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (FSSAI) നേതൃത്വത്തിലുള്ള ഈറ്റ് റൈറ്റ് ഇന്ത്യ മൂവ്മെന്റിന് കീഴിലുള്ള സംരംഭങ്ങളിലൊന്നായ ഈറ്റ് റൈറ്റ് റയിൽവേ സ്റ്റേഷൻ പദ്ധതിയിൽ കേരളത്തിലെ 21 സ്റ്റേഷനുകൾക്ക് അംഗീകാരം. പരപ്പനങ്ങാടി, ചാലക്കുടി, തലശേരി, കണ്ണൂർ, പാലക്കാട് ജംഗ്ഷൻ, ചെങ്ങന്നൂർ, ഷൊർണൂർ ജംഗ്ഷൻ, തിരൂർ, വടകര, ചങ്ങനാശേരി, ആലപ്പുഴ, വർക്കല, കരുനാഗപ്പള്ളി, അങ്കമാലി, ആലുവ, തിരുവല്ല, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം റയിൽവേ സ്റ്റേഷനുകൾക്കാണ് ഈറ്റ് റൈറ്റ് സ്റ്റേഷൻ അംഗീകാരം ലഭിച്ചത്. രാജ്യത്ത് 114 റയിൽവേ സ്റ്റേഷനുകൾക്കാണ് ഈറ്റ് റൈറ്റ് സ്റ്റേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചത്. അവയിൽ ഏറ്റവും കൂടുതൽ അംഗീകാരം ലഭിച്ചത് കേരളത്തിനാണ്.



# ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് 2025

## നമ്മളറിയുക നമ്മളെങ്ങനെ നമ്മളായെന്ന്



കേരളത്തിന്റെ നവോത്ഥാന,
സാമൂഹിക പരിഷ്ക്കരണ,
വികസന ക്ഷേമ പ്രവർത്തനങ്ങളുടെ
ചരിത്രവും വർത്തമാനവും
ഉൾക്കൊള്ളുന്ന വിജ്ഞാനയാത്ര
ചീഫ് മിനിസ്റ്റേഴ്സ്
മെഗാ ക്വിസിലേക്ക്
**സ്വാഗതം!**

| സ്കൂൾ വിഭാഗം (ക്ലാസ് 8-12) | കോളേജ് വിഭാഗം |
|---|---|
| ഒന്നാം സമ്മാനം ₹5,00,000 | ഒന്നാം സമ്മാനം ₹3,00,000 |
| രണ്ടാം സമ്മാനം ₹3,00,000 | രണ്ടാം സമ്മാനം ₹2,00,000 |
| മൂന്നാം സമ്മാനം ₹2,00,000 | മൂന്നാം സമ്മാനം ₹1,00,000 |

**സർട്ടിഫിക്കറ്റുകളും മെമന്റോയും അടക്കം നിരവധി ആകർഷക സമ്മാനങ്ങൾ**

**കൂടുതൽ വിവരങ്ങൾക്ക്**
www.prd.kerala.gov.in

ഇൻഫർമേഷൻ പബ്ലിക്കേഷൻസ് വകുപ്പ്
കേരളസർക്കാർ



Printed and Published by T V Subhash IAS, Director, Information Public Relations Department on
behalf of Government of Kerala and Printed at Government Press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Copies: 12,000